നമുക്കിടയിലൊരു പുഴയുണ്ട്



IMuST
One
Multimedia Course
6
Colourful Careers
•Graphic Designer Pro
•Web Designer Pro
•CG & Post Production Pro
•Animator Pro •VFX Pro
•Interactive Multimedia Pro
Brand new computers with
1 GB RAM and Graphics card
Specialised faculty from
Image, Chennai
Guest lecture on Art
& Theory of Animation
Special Classes on
Visual Design & Anatomy
OSCAR AWARD
WINNERS IN
ADVISORY BOARD
KSFE
LOAN AVAILABLE
100%
PLACEMENT RECORD
Image
TM
KOCHI: Landmark Enclave, S.A. Road, Valanjambalam. Ph: 2357117, 2357562

SACRED HEART COLLEGE
THEVARA

MAGAZINE - 2005

PH : 2663813,
FAX : 91-484 - 2663813; e-mail : shoffice@sancharnet.in
website : www.shcollege.ac.in

Namukkidayiloru Puzhayund
(English, Malayalam, Hindi, Sanskrit & Arabic)
Sacred Heart College Magazine 2005

Chairman of the Editorial Board	:	Fr. A.J. Saviance C.M.I.
Editor	:	Jinto Thomas, Vadakkemundaniyil
Editorial Board	:	Joseph Varghese, Jaison Jose, Prasanth K.P.
Staff Editors	:	Prof. T.T. Joseph (Dept. of English) Prof. K.G. Narayanan (Dept. of Malayalam) Dr. Kuriakose Alexander (Dept. of Hindi)
Layout & Design	:	Jinto (II B.A.), Prasanth (II B.A.), Ajeethan (II BSc.) Assistance - Subash N.B.
Cover Painting	:	Prasanth K.P.
Sketches	:	Jesline, Prasanth, Jinto, Saigal, Vipin
Photos	:	Sudhith & Jinto
Courtesy for Title	:	Vinayak Nirmal
Pages	:	200
Printed at	:	Chithira Printers, Ayyappankavu, Cochin - 18
Special Thanks to	:	Prof. P.M. Sebastian & Prof. Thomas Thiruthanathy (Dept. of English), Mr. Joseph John.

സമർപ്പണം

ജീവിതത്തിൽ അർത്ഥം നഷ്ടപ്പെടുന്നവർക്ക്
ലക്ഷ്യബോധം ഇല്ലാത്തവർക്ക്
വഴി തെറ്റിയവർക്ക്
യൗവനത്തിന്റെ പ്രസരിപ്പിൽ വിവേകത്തിന്റെ
ശബ്ദത്തിന് ചെവി കൊടുക്കാത്തവർക്ക്
എങ്ങോട്ട് എന്നു ചോദിപ്പിക്കുമാറുള്ള
ജീവിതഗതിക്കടിപ്പെട്ടവർക്ക്.

ഉള്ളടക്കം

Editorial Section

11 

നമുക്കിടയിലൊരു പുഴയുണ്ട്

15 അഭിമുഖം
17 പരിസ്ഥിതി
25 പ്രതികരണം

31

വിദ്യാർത്ഥികൾ നടത്തിയ പഠനകുറിപ്പുകളും സർവ്വേ ഫലങ്ങളും

47 

വിദ്യാർത്ഥികളുടെ സർഗ രചനകൾ

കഥ, കവിത, ലേഖനം

117

അറിവേകുന്ന വായന

127

ക്യാമ്പസിലെ താരങ്ങൾ

135

പടിയിറങ്ങിയവർ
ക്യാമ്പസിനെ
സ്മരിക്കുന്നു.

145

പതിനാല് ജില്ലകളിലെയും
നാട്ടുഭാഷയുടെ
അപൂർവ്വ ശേഖരം

153

മൂന്നാമത്തെ
ക്യാമ്പസ് നോവൽ

കോളജിലെ
15 വിദ്യാർത്ഥികളുടെ
കൂട്ടായ സംരംഭം

175

തേവരയും കോളജും
ചരിത്രത്തിലൂടെ

Memo From God !

To : You
Date : Today
From : The Boss
Subject : Life.

I am God.

Today, I will be handling all of your problems.
Please remember that I do need your help.

If life happens a situation to you that you cannot handle, do not attempt to resolve it. Kindly put it in the SFGTD (something for God to do) BOX. It will be addressed in My name, NOT YOURS.

Once the matter is placed into the box, do not hold on to it.

If you find yourself stuck in traffic, don't despair. There are people in this world for whom driving is an unheard of privilege.

Should you have a bad day at work, think of the man who has been out of work for years.

Should you despair over a relationship gone bad, think of the person who has never known what it is like to love and be loved in return.

Should you grieve the passing of another weekend, think of the woman in dire straits, working twelve hours a day, seven days a week, to feed her children.

If you have a problem to handle at home or college, remember that I am handling all of then every day.

If you have a 'hard nut to crack' (I know you have many), remember that I put up with them all the time, loving them, and remember that you too are one of them.

Should you find yourself at a loss and pondering what life is all about, asking what my purpose is, be thankful. There are those who didn't live long enough to get the opportunity.

തിരിച്ചറിവ്
അനന്തമജ്ഞാതമവർണ്ണനീയം

നമുക്കിടയിലൊഴുകുന്ന പുഴ നമ്മുടെ ചിന്തയും പ്രവൃത്തിയും ഭാവവൃതിയാനങ്ങളും ഒക്കെ നിറഞ്ഞതാണ്. പുഴ ഒഴുകി മാറുംപോലെ എല്ലാറ്റിനും മാറ്റമുണ്ട്. നമുക്കും നമ്മുടെ സംസ്ക്കാരത്തിനും മാറ്റം വന്നേക്കാം. പക്ഷേ, അത് ജീർണ്ണതയിലേക്കോ വൈകല്യത്തിലേക്കോ ആയിരിക്കരുതല്ലോ. നമുക്കിടയിലെ ഈ പുഴയെ, നമ്മുടെ ജീവിതത്തോട് തന്നെ ഉപമിച്ചാലോ! ഇതിനായി നടത്തിയ അനന്തമായ സത്യാന്വേഷണം ഈ മാഗസിനെ കൊണ്ടെത്തിച്ചത്, അവർണ്ണനീയമായ തിരിച്ചറിവുകളുടെ പറുദീസയിലാണ്.

അനശ്വരമായ കാലത്തിന്റെ അഴിമുഖത്ത് ഒഴുകിയെത്തി കലരുന്ന സംസ്കൃതിയാണ് ഓരോ പുഴയും. ഏത് ജനപദത്തിനും ഒരു നദിയുടെ കഥയുണ്ടാവും പറയാൻ. കാലത്തിന്റെ പുഴയോരങ്ങളിൽ സംസ്കാരങ്ങൾ പുഷ്പിച്ചപ്പോൾ ഇരുണ്ട യുഗങ്ങളിൽ വെളിച്ചം വീണു. അടഞ്ഞ ഹൃദയങ്ങൾ തുറന്ന് തളിർത്തു. ഗംഗയും, നൈലും, സിന്ധുവും, യൂഫ്രട്ടീസും, നിളയും ചരിത്രത്തിൽ കേവലം ജലരാശികൾ മാത്രമല്ല, മാനവസംസ്കാരത്തിന്റെ ജനനികൾ കൂടിയാണ്. പുഴയൊഴുകി, വന്യമായും ശാന്തമായും. മനുഷ്യജന്മവും കാലാനുഗതമായ പരിഷ്ക്കാരങ്ങളോടെ അതിനെ പിന്തുടർന്നു. പുഴയുടെ, ജീവിതത്തിന്റെ, ഈ പ്രവാഹത്തിന് കോട്ടം വന്നിരിക്കുന്നുവോ !

"No one can step twice into the same river" എന്നാണ് ഗ്രീക്കു തത്വചിന്തകർ പുഴയെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. ഒഴുകുന്ന പുഴയിൽ ഓരോ നിമിഷവും പുതിയ ജലം വന്നുചേരുന്നു. ചലിക്കുന്ന പുഴ! ജീവിതവുമങ്ങനെയാണ്. നമുക്കു മുന്നിലെത്തിച്ചേരുന്ന അവസരങ്ങൾ, ദുഃഖം, സന്തോഷം ഇവയൊക്കെ പോയ്മറയും. പുതിയ നിമിഷങ്ങളാണു നമുക്കെന്നുമുള്ളത്. ജീവിതം പുഴപോലെ മുന്നോട്ട് നീങ്ങുകയും, ഓരോ നിമിഷത്തെയും ഭൂതകാലമാക്കുകയും, ആ കാലത്തിൽനിന്ന് ശാരീരികമായി നമ്മെ അകറ്റുകയും ചെയ്യുന്നു.

പുഴ നമ്മെ രണ്ടു കരകളിലാക്കുന്നു. അവിടെയൊരേകം പാലിക്കുന്നുണ്ടെങ്കിലും പരസ്പരം തൊടുന്നുണ്ട്. ലിയനാർഡോ ഡാവിഞ്ചി പറഞ്ഞിട്ടുള്ളതുപോലെ, പുഴകളിൽ നമ്മളാവും തൊടുന്നത് വിട്ടുപോയതിന്റെ അവസാനത്തെ അംശത്തെയാണ്. വരാൻ പോകുന്നതിന്റെ ആദ്യാംശത്തെയും. അതാണ് വർത്തമാനം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പുഴയുടെ ആദി മുതലേയുള്ള തുടർച്ച, പഴമയിൽനിന്ന് പുതുമയിലേക്കുള്ള രൂപമാറ്റം കൂടിയാണ്. അതൊരു വളർച്ചയാണ്. പുഴ കാലത്തിനനുഗതമായി മാറുമ്പോൾ നാമെവിടെയാണ്?

സ്വത്വത്തിന്റെ സ്വപ്നവും പേറി, കാലത്തിന്റെ ഗതിയറിഞ്ഞ്, നേരിന്റെ നെറിവ് രുചിച്ച്, സ്പർദ്ധയും യുദ്ധവും ഊഷരമാക്കിയ ഏകാന്തതയുടെ സാമൂഹ്യദർശനവും, സ്നേഹം വറ്റിയ കൺകോണുകളും കടന്ന് ആ പുഴ ഒഴുകുന്നു. മനുഷ്യഹൃദയങ്ങളിൽ അരുവി വറ്റുന്നതു നാമറിയുന്നുണ്ടോ?

അരുവി വറ്റാത്ത ഭൂമി കേരളത്തിലിനിയുമുണ്ട്. നാം ജീവിതത്തിൽ കണ്ടുമുട്ടുന്ന വ്യക്തിപരിവേഷങ്ങളുള്ള പച്ചത്തുരുത്തുകളെ മറക്കാതിരിക്കാം. സംസ്കൃതിയായ ഒരു പുഴയാണ് നമുക്കു മദ്ധ്യേ.

പുഴയൊഴുകും നാടിന്റെ സ്പന്ദനമറിയാൻ വെമ്പുന്ന കലാലയത്തിന്റെ മാസികയ്ക്കു വേറെന്തു പേരുവേണം; 'നമുക്കിടയിലൊരു പുഴയുണ്ട്.' എന്നിൽനിന്നും കരകയറുന്ന നന്മയുടെ ആത്മാവായ പുഴ! വിചിന്തനങ്ങൾക്കു വഴി തുറക്കുന്ന ആത്മാവ്.

ഈ ആത്മാവിന്റെ സത്ത അന്യായമായി അപഹരിക്കുന്നത് പെരിയാറ്റിലെ മണൽക്കൊള്ളയേക്കാൾ ആപൽക്കരമാണ്. അത് വനമേഖലകളെ തരിശുഭൂമിയാക്കുന്നതിലും ഭയാനകമാണ്. വിനാശകാരിയായ മറ്റൊരു വിപത്തിനെക്കു

റിച്ചും മാഗസിനിൽ പ്രതിപാദിച്ചിട്ടുണ്ട് -തണ്ണീർമുക്കത്തെ ക്യാൻസർ വില്ലേജ്. അവിടുത്തെ ജനങ്ങളെ എന്നപോലെ, സ്ലോബൽ വില്ലേജിനെ തന്നെ കാർന്നുതിന്നുന്ന ക്യാൻസറാണ് ഈ അപഹരണം.

നദീസംരക്ഷണത്തിലെ പാകപിഴകൾ പ്രതികാത്മകമായും വസ്തുനിഷ്ഠമായും വിലയിരുത്തുമ്പോൾ, മനുഷ്യ സംസ്കാരത്തിനു വന്നുഭവിച്ചിരിക്കുന്ന വിള്ളലുകളും ചുഴികളുമാണവയെന്നു തിരിച്ചറിയാനാവും. ജലസ്രോതസ്സുക ളായി മാത്രമല്ല പുഴ ഒഴുകുന്നത്. ധാതുക്കളും ലവണങ്ങളും തുടങ്ങിയ പോഷകഘടകങ്ങൾ പുഴ കടലിലെത്തിക്കുന്നു. അവിടെ, ഭക്ഷ്യശൃംഖലയിൽ ഏറ്റവും താഴെയുള്ള കടൽജീവികളുടെ നിലനില്പിനതാവശ്യമാണുതാനും. പുഴ ജീവവാഹി നിയാണ്. ഇരുകരകളുടേയും പച്ചപ്പിനെ കാത്തുസൂക്ഷിക്കുന്ന പുഴ നമുക്കിടയിലൊഴുകുന്ന ജീവിതമാണ്. ഇരുകരകളി ലുള്ള നമ്മെ ഒരുപോലെ വളർത്തുന്ന സംസ്കാരമാണത്.

പുഴയുടെ മജ്ജയും മാംസവും എന്നു വിശേഷിപ്പിക്കപ്പെടുന്ന മണൽ ഇന്നും അനധികൃതമായി ഖനനം ചെയ്യ പ്പെടുന്നു. മനുഷ്യരുടെ സ്വാർത്ഥതയ്ക്ക് ഒരു സംസ്കാരത്തെ എത്രത്തോളം കാർന്നുതിന്നാനാവുമെന്നതിന്റെ ഉദാഹ രണം! നമുക്കിടയിലെ പുഴയിൽ, ഒരു തരത്തിൽ നമ്മുടെ ജീവിതം തന്നെയാകുന്ന പുഴയിൽ, ദൈവം കനിഞ്ഞു നൽകിയ മാനുഷികമൂല്യങ്ങൾ സ്വാർത്ഥതയ്ക്കുവേണ്ടി ബലി കഴിക്കണമോ?

ഇന്റർനെറ്റുവഴി ലോകവിവരങ്ങൾ കൈവിടിയിലൊതുക്കിക്കൊണ്ടിരിക്കുന്ന യൗവനങ്ങൾ ഇന്ന് നിത്യകാഴ്ച യാണ്. ചെലവുകുറഞ്ഞ ആശയവിനിമയത്തിന്റെ പുതിയ ആവിഷ്ക്കാരമായ ഇ-മെയിൽ മനുഷ്യസംസ്കാരത്തിനു തന്നെ ഒരു നൂതനഭാവം ചാർത്തിയിരിക്കുകയാണ്. എന്നാൽ സൈബർസെക്സും ഭീകരവാദവും ഒക്കെ ഇതുവഴിത ന്നെയാണ് കടന്നുവരുന്നതെന്നറിയുമ്പോൾ, നിയന്ത്രിക്കാനാവാത്ത കുത്തൊഴുക്കിൽപ്പെട്ട സംസ്ക്കാരവും, അതിൽ തെല്ലും ശ്രദ്ധയില്ലാത്ത യന്ത്രവൽകൃത സമൂഹവും പുഴയോരത്തെ ചോദ്യചിഹ്നങ്ങളാകുകയാണ്.

ന്യൂക്ലിയർ എനർജിയും, സ്പേസ് റിസർച്ചും, കമ്പ്യൂട്ടറൈസേഷനും ഒക്കെ മനുഷ്യപുരോഗതിക്കായി മാത്രം ഇന്നുപയോഗിക്കാൻ ആരും തയ്യാറല്ല. സയൻസും, ടെക്നോളജിയും സ്വാർത്ഥതയ്ക്കരികപ്പെടാതിരിക്കണമെങ്കിൽ മാനു ഷികചിന്ത സ്നേഹമായി,- ദയയായി, ആദരവായി, നീതിയായി, വിവേകമായി ഒഴുകണം.

വർത്തമാനകാലയാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ, ഇന്നലകളെ ഭദ്രമായുള്ള പഠനത്തിലൂടെ, നാളെയിലേക്കുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. കലാലയത്തിൽ ഉറങ്ങിക്കിടക്കേണ്ടവരല്ല നാം. ഇന്നുണരുക. കലാലയജീവിതത്തിനപ്പു റമുള്ള ലോകത്തെയും തിരിച്ചറിയാതെ തരമില്ല. നമുക്കിടയിലെ പുഴയെ നാം കാണണം. നമ്മുടെ മനം കുളിർപ്പിച്ച് , ജീവൽസംസ്കാരം വളർത്താൻ സഹായിക്കുന്ന സാഹചര്യങ്ങളെ നാം തിരിച്ചറിയണം. നമ്മുടെ ഉള്ളിലെ നന്മകൾ, ആദർശ ങ്ങൾ, ക്രിയാത്മകഭാവങ്ങൾ ഒക്കെ അരുവിയായി ഒഴുകണം. അതു നമുക്കിടയിലെത്തട്ടെ, സമൂഹത്തിലേക്കൊഴുകട്ടെ, അതിന്റെ തീരങ്ങളിൽ പച്ചപ്പുള്ള കൂറ്റൻമരങ്ങളും വളരണം. അവയിൽ പക്ഷികൾ കൂടുകെട്ടും. അവ തണലേകും. ഫല മേകും. ജീവനുള്ള സംസ്കാരത്തെ പുഷ്ടിപ്പെടുത്തും.

ഭൂതകാലത്തിലേക്ക് ഒരു തിരിച്ചുപോക്കുമാത്രം നടത്തി പഴഞ്ചരാകാനാവുമോ. നമുക്കിടയിലെ പുഴയിലുണരുന്ന അനുഭവങ്ങളെ പുഴയുടെ പൊരിമ കൊണ്ട് സമൃദ്ധമാക്കാൻ ഹൃദയം വെമ്പുന്നു. ഞങ്ങൾക്കിത് തിരിച്ചുപോക്കല്ല, തിരിച്ച റിവാണ്! പുഴയുടെ കാര്യത്തിൽ സംഭവിക്കുന്നു എന്നുപറഞ്ഞതൊക്കെ, നമ്മുടെ ജീവിതത്തിൽ മൂല്യശോഷണമായി, സംസ്ക്കാരിക അധഃപതനമായി ഒക്കെ കടന്നു വരാം. നമുക്കിടയിലെ പുഴയെക്കുറിച്ചുള്ള തിരിച്ചറിവിന്റെ പകൃത്തിലേക്ക് വിനയത്തോടെ, കരുതലോടെ നടന്നടുക്കുന്ന ഞങ്ങളോടൊപ്പം ചേർന്നോളൂ. വായനക്കാരേ സ്വാഗതം!

ഞങ്ങളുടെ തിരിച്ചറിവ് പൂർണ്ണമല്ലെന്നറിയാം. അത് അനന്തമാണ്. ഇനിയും അജ്ഞാതങ്ങളായ സത്യങ്ങളെ തേടി ഞങ്ങൾ യാത്ര തുടരുന്നു. തൃപ്തരാവാതെ, തളരാതെ. അവർണ്ണനീയമായ ആവേശാനുഭൂതികളോടെ, മുന്നോട്ട്!

ഇന്നത്തെക്കുന്ന സൗഹൃദവും, പരസ്പരതയും, ധാർമ്മികവാഹിനിയായ മനുഷ്യത്വവും ഊട്ടിയുറപ്പിക്കപ്പെടട്ടെ. പ്രസം ഗവും സ്വപ്നാലോകങ്ങളും മാത്രം നമ്മെ ആ നിലയിലെത്തിക്കില്ല. പ്രവർത്തിക്കാം. നീരുറവകളെ മണ്ണുപൊത്തി അടയ്ക്ക രുതേ! അവ ഒഴുകട്ടെ. അരുവിയായി, പുഴയായി, ഒരു സംസ്കൃതിയായി, മനുഷ്യജീവിതത്തിന് ഒരുപമയായി.

Let's Boast at the Corridors

"Trifles make perfection
But perfection is not a trifle".
The correctitude of the magazine committee and their corroboration with an undying spirit did it all.!

ക്രിയാത്മകതയുടെ പരിമളവുമായും, ഔത്സുക്യത്തിന്റെ നൈരന്തര്യവും, കാര്യകാരണങ്ങളുടെ ഭാവനാസമൃദ്ധിയും തൊട്ടാരുമിക്കുന്ന ഒരു വേദിയായിരിക്കണം മാഗസിനെന്ന നിർബന്ധം ഞങ്ങൾക്കുണ്ടായിരുന്നു. അതായത്, കുളിരേകുന്ന ഭൂതകാലവും, അറിവേകുന്ന വർത്തമാനവും, ഇനിയുമുണരേണ്ട ഭാവിയും സമന്വയിക്കുന്ന യുവചേതനകളുടെ വിളനിലം.

"ഞങ്ങളൊന്നു ശബ്ദിക്കട്ടെ" എന്നു പറഞ്ഞ ക്യാന്വസ് വീണ്ടും പറയുന്നു, ഞങ്ങളോടൊത്തു ശബ്ദിക്കൂ." തങ്ങളോടൊത്തു പ്രവൃത്തനനിരതമാകാനും കൂടി സമൂഹത്തെ ക്ഷണിക്കുന്ന ക്യാന്വസിന്റെ മനസിലൊന്നേയുള്ളൂ. വിദ്യയേകുന്ന ഗുരുജനങ്ങളുടെയും, തണലേകുന്ന മാതാപിതാക്കളുടെയും സ്വപ്നങ്ങളെ സജീവിതത്തിലെ സ്വപ്നങ്ങളോട് ഇഴ ചേർക്കുക. സ്വപ്നങ്ങളിൽ ഉറങ്ങിക്കിടക്കാതെ, ലോകത്തെ മാറിമറിക്കുന്ന വിപ്ലവകരമായ സാങ്കേതികവിദ്യകളുടെ നല്ല സാദ്ധ്യതകളെ, കഴിവനുസരിച്ച് ഓരോരുത്തരും സ്വായത്തമാക്കേണ്ടതുണ്ട് എന്നതും മറക്കരുതല്ലോ.

കേരള കലാലയങ്ങളിൽ കല നശിച്ചിട്ടില്ല, സാഹിത്യത്തിനു തുരുമ്പു പിടിച്ചിട്ടില്ല എന്നൊക്കെ ലോകത്തോടു വിളിച്ചു പറയണമെന്നുതോന്നി ഞങ്ങൾക്ക്. വരകളിലും മറ്റു രചനകളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ശ്രദ്ധേയമാക്കിക്കൊണ്ട്, ലേ ഔട്ടും ഡിസൈനിംഗും പ്രഫെഷനൽ ആളുകളുടെ കൈകളിലേക്കു മാത്രമായി ചുരുങ്ങാതെ കേരളത്തിലെ ആദ്യ ക്യാന്വസ് മാഗസിനാണ് ഇത് എന്നതിൽ ഞങ്ങൾക്ക് കൃതാർത്ഥതയുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുമുള്ള സജീവസാന്നിദ്ധ്യം കൊണ്ടാണ് കേരളക്യാന്വസുകളിലെ 'നോവും നിലാവും' ഒരിയെടുത്ത ക്യാന്വസ് നോവൽ പൂർത്തിയാക്കിയത്. എല്ലാറ്റിനുമപരി, ക്യാന്വസോന്നാകെ സഹകരിച്ചു വിജയമാക്കിയ നാട്ടുനിഴലുകൾ, തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള പതിന്നാലു ജില്ലകളിലെയും നാട്ടുഭാഷകളുടെ അപൂർവ്വ ശേഖരമാണ്.

മനുഷ്യത്വത്തിനും ചിന്താപരമായ സഹിഷ്ണുതയ്ക്കും വേണ്ടി, യുക്തിക്കും ആശയസാഹസികതയ്ക്കും വേണ്ടി, സത്യാന്വേഷണത്തിലൂടെ കൂടുതൽ ഔന്നത്യം തേടിയുള്ള മനുഷ്യരാശിയുടെ പ്രയാണത്തിന്റെ പ്രതീകമാണ് ഈ മാഗസിൻ. സാമൂഹ്യ ഇടപെടലുകളിലെ വെടിയൊച്ചയുടെ ശബ്ദം മുഴങ്ങുന്ന ലേഖനങ്ങളാണ് പൂവാളിമല, മംഗളവനം, പെരിയാർ, ആഗോളവൽക്കരണം തുടങ്ങിയവയെക്കുറിച്ചുള്ളവ. പരിസ്ഥിതിയുടെ പരിതസ്ഥിതിയെക്കുറിച്ചും അവ കഥപറയുമ്പോൾ, ക്രൂരതയുടെ മൂടുപടത്തെയും എന്നാൽ ഒറ്റപ്പെട്ട തുരുത്തുകളെപ്പോലെ ആശ്വാസമായെത്തുന്ന നന്മയുടെ നാമ്പുകളെയും കണ്ടെത്തുന്ന ലേഖനങ്ങളുമുണ്ട്.

തിരിച്ചറിവിന്റെ ലോകം മുന്നിൽ തുറക്കുന്നവയാണ് ക്യാന്വസ്മനസിനെ വിലയിരുത്താനും കേരളമനസ്സാക്ഷിയെ തൊട്ടറിയാനും ശ്രമിക്കുന്ന മറ്റ് അന്വേഷണക്കുറിപ്പുകളും ലേഖനങ്ങളും. ശാസ്ത്രം, മതം, വ്യവസായം, വികസനം, അധിനിവേശം, പരിസ്ഥിതി, വിദ്യാഭ്യാസം, സ്ത്രീചിന്ത, സാമൂഹ്യധാർമ്മികബോധ്യങ്ങൾ ഇങ്ങനെ പോകുന്നു മാഗസിനിലെ രചനാ വിശേഷങ്ങൾ. ഏതെങ്കിലുംമൊരു തരത്തിൽ ഇവ നമുക്ക് വിചിന്തനത്തിനും ഒരു തിരിച്ചുനടവിനും ഇടയാക്കട്ടെ. ഇതിലെ മിക്കവാറും കഥകളും അർത്ഥസമൃദ്ധമാണ്, ജീവിതഗന്ധിയാണ്. ചുരുക്കം ചില കവിതകൾ പ്രതീക്ഷയ്ക്കൊത്തുയർന്നിട്ടുണ്ട്. ലേഖനങ്ങൾ ഉന്നതനിലവാരമുള്ളവയാണ് എന്ന അവകാശവാദത്തിനു പ്രസക്തിയില്ല. അത്ര പരിചിതമല്ലാത്ത ഒരു കലയെ ശ്രമകരമായി പൂർത്തിക്കാക്കുകയായിരുന്നു പലരും. അതിൽ തന്നെ അതിന്റെ മഹത്വവും കുറവുകളും.

സർഗ്ഗാത്മകതയുടെ കെട്ടഴിച്ച് തങ്ങളെത്തന്നെ ധന്യരാക്കിയിരിക്കുന്ന എന്റെ പ്രിയസുഹൃത്തുക്കൾക്ക് അഭിനന്ദനങ്ങൾ. വിദ്യാർത്ഥികൾ എന്ന ചട്ടക്കൂടിന്റെ (വിദ്യ അർത്ഥിക്കുന്നവരെ ആരാണ് ചട്ടക്കൂടിനുള്ളിലാക്കിയത്?) ഉള്ളിൽ നിന്ന് പരിമിതമായി സംവദിക്കുക മാത്രമാണ് നിങ്ങൾ ചെയ്തിരിക്കുന്നത്. അവേശത്തോടെ, എന്നാൽ വിവേകത്തോടെയും, പ്രതീക്ഷകളോടെയും, പക്വതയോടെയും നിങ്ങൾ സഹകരിച്ചു. ഉടഞ്ഞതിനെ വാർക്കാനും,

ഉടയാത്തതിനെ കാക്കാനും നിങ്ങൾ കാണിച്ച വീര്യം പ്രശംസനീയം ! അതെത്രമാത്രം വിജയം കാണുമെന്ന് വായനക്കാർ തീരുമാനിക്കട്ടെ. ചിന്തിക്കാൻ, ഹൃദയങ്ങളെ മനസ്സിലാക്കാൻ, സംവാദം രൂപപ്പെടുത്താനും കലയുമാക്കാൻ, നൂതന സംരംഭങ്ങൾ വഴി യുവമനസ്സുകളുടെ താളത്തിനു മിഴിവേകാനും വഴികാട്ടിയാകാനും സാധിക്കുന്ന കലാലയം ഒരിക്കലും ഒരു 'ഉട്ടോപ്യൻ' സ്വപ്നമല്ല.

ക്യാമ്പസ് യുവത്വമേ, എല്ലാ കണ്ണുകളും നിങ്ങളിലേക്കു തിരിയുന്നു. നിങ്ങൾക്ക് പ്രത്യാശയുടെ തിരി കൊളുത്താനാവും. പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കാനാകും. നിങ്ങളുടെ ത്യാഗമനോഭാവവും, ശുഷ്കാന്തിയും, ധൈര്യവും പലതും നേടിയെടുക്കും. ഭൂതകാലത്തിന്റെ ഓർമ്മക്കുറിപ്പിൽ കിടന്നു മയങ്ങാതെ, അതിൽ നിന്ന് ഊറ്റം കൊണ്ട് ക്യാമ്പസിനു ജീവൻ തിരിച്ചുകൊണ്ടുവരണ്ടേ? നമ്മുടെ ക്യാമ്പസും, അതിന്റെ ചരിത്രവും, ഓർമ്മകളും സൃഷ്ടിക്കുന്നത് നാമാണ്. നമ്മുടെ സ്വാർത്ഥതയിൽ നിന്നു പുറത്തിറങ്ങി പങ്കുവയ്ക്കുവാൻ നമുക്കാകണം. ക്യാമ്പസ് ജീവിക്കട്ടെ. കൈവിടാത്ത സനാതനമൂല്യങ്ങൾ തുണയാകട്ടെ.

വിദ്യാഭ്യാസ ചഷകങ്ങളിൽ കിടന്നു മത്തുപിടിക്കാതെ, യാഥാർത്ഥ്യവാദം മനസ്സിലേറ്റി പ്രവൃത്തിസജ്ജമായത്തെ ആകർഷകങ്ങളായ ശ്രമണപഥത്തിലെത്തിക്കേണ്ടത് കലാലയയുവത്വമാണ്. കലാലയങ്ങളിൽ യുവത്വത്തിനു മംഗല്യം ചാർത്താം. നന്മയും, സ്നേഹവും, സമാധാനവും, നീതിയും, സമത്വവും കൊണ്ട്.

'ഉട്ടോപ്യൻ' സംസ്ക്കാരത്തിനിടയിൽ പ്രസക്തിയില്ല. പ്രവൃത്തികൊണ്ട് അവബോധം സൃഷ്ടിക്കണം. കാര്യകാരണയുക്തമായ മനനത്തിൽ നിന്നുടലെടുക്കുന്ന സ്വയാവബോധത്തിനു മാത്രമേ കലാലയത്തെ കരകയറ്റാനാവൂ. സ്വമനസ്സുമുറ്റിയെടുത്ത രചനകൾ, ഈ മാഗസിനിൽ അതിനു ശ്രമിച്ചിട്ടുണ്ടെന്നത് തികച്ചും ആശ്വാസകരമാണ്.

തേവര സേക്രഡ് ഹാർട്ട് കോളേജ് അറുപതു സംവത്സരങ്ങൾ പിന്നിടുമ്പോൾ, ഈ മാഗസിന്റെ പണിപ്പുരയിൽ ആവേശം പകർന്ന ഒരുപിടി കാര്യങ്ങളുണ്ട്:

"സ്വന്തം ദൗത്യബോധത്തിൽ ഉറച്ച വിശ്വാസമുള്ള ഒരു പറ്റം ചെറുപ്പക്കാർ വിചാരിച്ചാൽ ചരിത്രത്തിന്റെ ഗതിതന്നെ മാറിമറിക്കാൻ സാധിക്കും" എന്ന് ഗാന്ധിജി പറഞ്ഞത്. "ആത്മാർത്ഥതയും, അർപ്പണബോധവും, ആവേശവുമുള്ള ഒരു പിടി ചെറുപ്പക്കാരെ എനിക്കു തരൂ. ഞാനീ ലോകത്തെ മാറിമറിക്കാം" എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. പിന്നെ, "വഴി എന്നൊന്നില്ല. നടക്കുമ്പോൾ തെളിയുന്നതാണു വഴി" എന്ന ഉറുദു പഴമൊഴി.

And the undying spirit of the magazine committee !

മനുഷ്യപുരോഗതിക്ക് അനുകൂലമായിരിക്കണം ഈ മാഗസിൻ എന്നതുകൊണ്ടാണ് ശാസ്ത്രീയതയിലും, യുക്തി ചിന്തയിലും, മാനവികതയിലും, സാമൂഹികസേവനത്തിലും, സ്വാതന്ത്ര്യബോധത്തിലും ഒക്കെ ക്യാമ്പസിന്റേതായ വീക്ഷണങ്ങൾ ഇതിൽ നിറഞ്ഞു വയ്ക്കുന്നത്. ഉയർന്ന സാങ്കേതികവിദ്യയോടും, ബഹുരാഷ്ട്രമുതലാളിത്തത്തോടും, ഉപഭോഗസംസ്ക്കാരത്തോടും, മാറ്റുരയ്ക്കുന്ന ഭൗതിക സമൂഹമാണല്ലോ നമുക്കു ചുറ്റും.

The impeccable nature of this unassuming progenie, the magazine, is unalloyed to stand up to our very dream of futuristic contemplations. It was a long journey of surmounting. The editorial board is indebted to those thirty stalwarts, the members of the magazine committee, for their best cooperation.

എഡിറ്റർ
ജിന്റോ തോമസ്
കാഞ്ഞങ്ങാട്

അഭിമുഖം

തയ്യാറാക്കിയത് : അജീതൻ , ജിന്റോ, ജോസഫ്, സുധിത്ത്

ഫോട്ടോ : സുധിത്ത്

"ഞാനൊരു പ്രഭാഷണ തൊഴിലാളിയല്ല"

ഫോട്ടോ : സുധിത്ത്

ആകർഷകങ്ങളായ വ്യക്തിത്വങ്ങളെ കലാലയം എന്നും ഏറ്റുപിടിച്ചിട്ടേയുള്ളൂ. തട്ടുതകർപ്പൻ പ്രകടനങ്ങളെ നെഞ്ചിലേറ്റി പുതുമയ്ക്കുവേണ്ടി പരതി നടക്കുന്നവരാണ് യുവജനങ്ങൾ. സാങ്കേതികവിദ്യയുടെ നൂതനഭാവങ്ങൾ പള്ളികൊള്ളുന്ന യുവമനസ്സുകൾ, നാളെയെ എങ്ങനെ പണമാക്കി മാറ്റാം എന്ന ചിന്തയിൽ കുരുങ്ങിക്കിടക്കുകയാണെന്നു തീർത്തു പറയാനാവുമോ? വലിയ ഉഷ്ണമില്ലാത്ത ഒരു സായാഹ്നം. കേരളത്തിലെ സാംസ്കാരിക നായകരിലൊരാളായി നാം എന്നും കണ്ടുമുട്ടുന്ന സാമൂഹ്യപ്രവർത്തകൻ, തന്റെ പതിവുനടത്തം കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തി. ഞങ്ങൾ കാത്തു നില്ക്കുകയായിരുന്നു.

അതിവിപുലമായ ശിഷ്യസമ്പത്തും അനുഭവസമ്പത്തുമുള്ള ഒരദ്ധ്യാപകശ്രേഷ്ഠൻ എന്ന നിലയിൽ ഇന്നത്തെ വിദ്യാഭ്യാസരംഗത്തെക്കുറിച്ച് താങ്കൾ സന്തുഷ്ടനാണോ? എന്തുകൊണ്ട്?

''സന്തുഷ്ടനാണോ'' എന്നത് അപ്രസക്തമാണ്. ഏതൊരു രംഗത്തെന്നപോലെയും വിദ്യാഭ്യാസരംഗത്തും മാറ്റങ്ങൾ ഉണ്ടാകും. പിന്നെ, വിവരസാങ്കേതികവിദ്യയും, കാലാനുഗതം എന്ന് പറയപ്പെടുന്ന വിദ്യാഭ്യാസരീതികളും ഇന്നിന്റെ അഭിരുചിയാണ്. പഴയ തലമുറയിലെ ഞങ്ങളുടെ അഭിരുചിയല്ല. ജീവിതത്തെക്കുറിച്ചുള്ള ലക്ഷ്യബോധവും, ലോകഗതിയെക്കുറിച്ചൊരു സ്വപ്നവും മനസ്സിലേറ്റി നടക്കാൻ വിദ്യാർത്ഥികൾക്കാവണം. ഞാൻ സ്വപ്നം കണ്ട ലോകത്ത് തുല്യതയും, സമാധാനവുമുണ്ടായിരുന്നു. അതൊന്നേ നഷ്ടപ്പെട്ടു പോയി. മനുഷ്യത്വമില്ലാത്ത ലോകമാണിത്. പൊതു ജീവിതത്തിൽ സുരക്ഷിതത്വം പോലും ഉറപ്പാക്കാൻ അദ്ധ്വസ്തവിദ്യരായ മലയാളികൾക്കാവുന്നില്ല.

അദ്ധ്യാപനരംഗത്തെന്നപോലെ പ്രഭാഷണരംഗത്തും അത്യന്തം ആദർശാത്മകമായ ഒരു വ്യക്തിത്വം പുലർത്തുവാൻ അങ്ങേയ്ക്ക് സാധിക്കുന്നുണ്ട്. അതിനെക്കുറിച്ച് താങ്കൾക്ക് എന്താണ് പറയാനുള്ളത്?

എന്റെ പതിനെട്ടാം വയസിലാണ് ഞാൻ (1947) അദ്ധ്യാപനം ആരംഭിച്ചത്. പിന്നീടും പഠനം തുടർന്നു. 1955ൽ കോളജ് ലെക്ചറർ ആയി. സ്കൂളിൽ പഠിപ്പിച്ചിരുന്നപ്പോൾ പ്രിൻസിപ്പാളിനെ കുത്താൻ നടന്നിരുന്ന ഒരു വിദ്യാർത്ഥിയുണ്ടായിരുന്നു. അവന്റെ ക്ലാസിലേക്ക് അദ്ധ്യാപകരാരും പോകത്തുമില്ല. ഞാനാ

ഫോട്ടോ : സുധീഷ്

വെല്ലുവിളി ഏറ്റെടുത്തു. ഫലമോ, അന്നു മുതൽ ഏറ്റം സമ്മതനായ ഒരദ്ധ്യാപകനായിരിക്കാൻ സാധിച്ചു. സ്നേഹം, അതു കൊണ്ടാരെയും, ജയിക്കാനാവും.

പിന്നെ, പ്രഭാഷണമെന്നത് എനിക്കൊരു തൊഴിലല്ല. ഞാൻ വിശ്വസിക്കുന്നതേ പ്രസംഗിക്കാറുള്ളൂ.

പ്രഫെഷണലിസത്തിന് അമിതപ്രാധാന്യം കല്പിക്കപ്പെടുന്ന ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന് മൂല്യപരമായ പിൻബലം നഷ്ടപ്പെടുന്നതായി അങ്ങ് കരുതുന്നുണ്ടോ?

ഇന്ന് പണം പരമമായ മൂല്യമാകുമ്പോൾ ധാർമ്മികമൂല്യങ്ങൾക്ക് പരിക്ഷീണം വരുന്നു.

എന്തെന്നും മനുഷ്യന്റെ പക്ഷത്തുനിന്നു ചിന്തിക്കാറുള്ള സാനുമാസ്റ്റർക്ക് ഇന്നത്തെ ശാസ്ത്രസാങ്കേതികരംഗത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ഇവയൊക്കെ മനുഷ്യപ്രയത്നം ലഘൂകരിക്കുന്നെങ്കിൽ നന്ന്. പക്ഷേ, മനുഷ്യസമത്വവും, തുല്യവേതനസംസ്ക്കാരവും എവിടെ? എന്നാണ് പാവപ്പെട്ടവന് മുണ്ടു മുറുക്കിയുടുക്കുന്നതു നിർത്താനാവുക? പട്ടിണിക്കാരനെ കരകയറ്റാനൊരു (സാങ്കേതിക) വിദ്യയുണ്ടോ?

മാധ്യമങ്ങൾ ഇന്ന് അവയുടെ യഥാർത്ഥ ധർമ്മം നിർവഹിക്കുന്നുണ്ടെന്ന് താങ്കൾ വിചാരിക്കുന്നുണ്ടോ?

മാദ്ധ്യമങ്ങൾ അതിരു കടക്കുന്നു എന്നു വേണം പറയാൻ. അവ വിചാരിച്ചാൽ നമ്മുടെ വിചാരങ്ങളെ വളർത്താനും വളച്ചൊടിക്കാനും ആകും. നിരർത്ഥകമായ ഭ്രമങ്ങളെയും ചപലവാസനകളെയും വളർത്തുകയാണ് മാദ്ധ്യമങ്ങൾ. ഇവയൊക്കെ സാംസ്ക്കാരികാധപതനത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുകയാണ്.

മലയാളിയുടെ പാരിസ്ഥിതികബോധം തൃപ്തികരമാണോ?

മലയാളിക്ക് ലക്ഷ്യോന്മുഖമായ പാരിസ്ഥിതികബോധമില്ല. ബോധവത്ക്കരണത്തിന്റെ അഭാവമാണ് ഇതിലൊക്കെ നിഴലിച്ചു കാണുന്നത്. വികസനത്തിലേക്കു കുതിക്കുന്ന കൊച്ചി ലോകത്തിൽവെച്ചു തന്നെ ഏറ്റം മലിനീകൃതമായ സ്ഥലങ്ങളിലൊന്നായിത്തീർന്നിരിക്കുന്നു. ഇൻഡ്രസ്ട്രിയൽ ഏരിയയും റസിഡൻഷ്യൽ ഏരിയയും വേർതിരിച്ച് നഗരങ്ങളെ കെട്ടിപ്പടുക്കാത്തതാണ് ഇതിന് മുഖ്യ കാരണം.

മലയാള സാഹിത്യത്തിന്റെ ഗതിവിഗതികളെക്കുറിച്ച് ഏറ്റവും ആധികാരമായി സംസാരിക്കാൻ കഴിവുള്ള സാനുമാസ്റ്റർക്ക് പുതിയ എഴുത്തുകാരെക്കുറിച്ച് പൊതുവായ ധാരണയെന്താണ്?

എഴുത്ത് എന്നത് സബ്ജക്ടീവ് ആണ്. എനിക്കിഷ്ടപ്പെടാത്തതും പണത്തിനായി മാത്രം എഴുതുന്നവരുമായ എഴുത്തുകാരുണ്ട്. പേരെടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല.

മലയാള സാഹിത്യത്തിന് ഇന്ത്യൻ സാഹിത്യത്തിലും ലോകസാഹിത്യത്തിലുമുള്ള സ്ഥാനത്തെ ഒന്നടയാളപ്പെടുത്താമോ?

ആ സ്ഥാനം അടയാളപ്പെടുത്താൻ മാത്രമുള്ള വളക്കൂറ് മലയാളമണ്ണിൽ ഉണ്ടായിട്ടില്ല.

ഇന്നത്തെ അവാർഡുകൾ?

നേടിയവനെയല്ല നഷ്ടപ്പെടുന്നവനെയാണ് ആദരിക്കേണ്ടത്. അതുകൊണ്ടുതന്നെ അവാർഡു മാനദണ്ഡങ്ങൾ മാറ്റപ്പെടണം.

സാനുമാസ്റ്റർ ഏറ്റവുമധികം സന്തോഷിപ്പിക്കുകയും ദു:ഖിപ്പിക്കുകയും ചെയ്തവേളകൾ വായനക്കാർക്കുവേണ്ടി ഒന്നു പങ്കുവയ്ക്കാമോ?

പ്രത്യേകം ചൂണ്ടിക്കാണിക്കാൻ അങ്ങനെയൊന്നില്ല. പക്ഷേ, ഒത്തിരി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടുതാനും. സ്നേഹം, അതു വളരെ അനുഭവിച്ചിട്ടുള്ള ആളാണു ഞാൻ. പക്ഷേ, കാര്യസാദ്ധ്യത്തിനായി ഒരു വ്യക്തി ഞങ്ങളുടെ സ്നേഹബന്ധത്തെ ബലി കഴിച്ചപ്പോൾ എന്റെ ഹൃദയം നൊന്തു. ഞാനിന്നും സുഹൃദ്ബന്ധങ്ങളെ കാത്തുസൂക്ഷിക്കുന്നുണ്ട്. ഇന്നത്തെ വിദ്യാർത്ഥിസമൂഹത്തിൽ കാണാനാവാത്ത ഒന്നാണിത്.

ചങ്ങമ്പുഴയുടെ "സ്പന്ദിക്കുന്ന അസ്ഥിമാടം"വും, "മനസ്വിനി"യും ഇഷ്ടപ്പെടുന്ന സാനുമാഷ്, താൻ വലിയൊരു കലാസ്വാദകനാണെന്നു ഞങ്ങളോടു പറഞ്ഞു. കാഴ്ച കുറഞ്ഞു വരുന്നെങ്കിലും ഇംഗ്ലീഷിലെയും മലയാളത്തിലെയും ക്ലാസ്സിക്കുകൾ രണ്ടാമതും വായിക്കാൻ തുടങ്ങിയിരിക്കുകയാണദ്ദേഹം. കലാസ്വാദകനെങ്കിലും പാടാനറിയില്ല. "എനിക്കൊരു പാട്ടുപാടാൻ കഴിഞ്ഞിരുന്നെങ്കിൽ! "അദ്ദേഹം ചിരിച്ചു കൊണ്ടു പരിഭവിച്ചു.

വീട്ടിൽ നിന്നിറങ്ങുമ്പോൾ അദ്ദേഹം പറഞ്ഞു, "കുട്ടികളേ, നിങ്ങൾ കാര്യക്ഷമത നേടണം. പഠനത്തിലും ജീവിതത്തിലും ലോകത്തിനായി എന്തു സംഭാവനയാണ് നിങ്ങൾക്കു ചെയ്യാനാവുകയെന്നു വച്ചാൽ അത് ഏറ്റവും നന്നായി തന്നെ ആവണം."

കുറ്റാൻസർ വില്ലേജ് മംഗളവനം പെരിയാർ	തയ്യാറാക്കിയത് : എഡിറ്റോറിയൽ ബോർഡ്
പരിസ്ഥിതി പ്രശ്നങ്ങൾ	

കുറ്റാൻസർ

ഞങ്ങൾക്കും ഒരു വേദനയായി...

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, വാരനാട് പഞ്ചായത്തുകളിലെ ജനജീവിതത്തിന് ഒടുക്കം സംഭവിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ ഞെട്ടലോടെയാണ് ഞങ്ങളറിഞ്ഞത്. നമുക്കിടയിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന പുഴയുടെ മാനുഷികഭാവങ്ങൾ ഞങ്ങളെ അവിടേക്കെത്തിച്ചു.

ജീവിതത്തിന്റെ ദുർഗതി വിവരിക്കാനാവാത്തവിധം ഞങ്ങളവിടെ കണ്ടു. ക്യാമറയുടെ ഉപയോഗം വേണ്ടെന്നു വച്ചത് തന്നെ, മനസ്സിന്റെ ഉള്ളിൽ പതിഞ്ഞ ജീവിതവേദനകളെ അവിടെത്തന്നെ സൂക്ഷിക്കാനാണ്.

മനുഷ്യാവകാശങ്ങൾ മരണപ്പെടുന്ന ഭീതിദമായ കാഴ്ച കണ്ട് വിറങ്ങലിച്ചുപോയ ഞങ്ങൾക്കു മുന്നിലേക്ക് അവിചാരിതമായാണ്, ചേർത്തല എൻ.എസ്.എസ്. കോളേജിലെ ശ്രീകുമാർ സാർ കടന്നു വന്നത്. അദ്ദേഹം വിവരിച്ച കദനകഥകൾ ഞങ്ങളിൽ പ്രകമ്പനങ്ങൾ സൃഷ്ടിച്ചു. മാന്യരുടെ മനസിൽ പള്ളികൊള്ളുന്ന അനുകമ്പയോ, ആദർശങ്ങളോ ഞങ്ങൾ ആ പ്രദേശങ്ങളിൽ കണ്ടില്ല. ശ്രീകുമാർ സാറിനൊപ്പം ഞങ്ങളും കൂടി.

ജീവിതത്തിന്റെ സുഖം ആസ്വദിക്കാൻ വെമ്പുന്ന യുവതത്തെ ചെറുതായെങ്കിലും 'കുലുക്കുവാൻ' ഈ ചെറിയ കാൽവെയ്പ് സഹായിക്കട്ടെ. ഇങ്ങനെയും ഒരു ലോകമുണ്ടെന്നുള്ള വിചാരത്തിൽ ജീവിക്കാൻ ഇതുകാരണമാകും. ഞങ്ങൾക്കുറപ്പുണ്ട്.

എഡിറ്റർ

അർബുദത്തിനു കീഴടങ്ങിയവർ

അരുൺഘോഷ് നാട്ടിൽ എവർക്കും പ്രിയപ്പെട്ടവനായിരുന്നു. നല്ല ഭാവിയുണ്ടായിരുന്ന ചെറുപ്പക്കാരൻ. കച്ചവടക്കാരനായ സുഗുണന്റേയും കയർതൊഴിലാളിയായ പ്രഭാവതിയുടേയും മൂന്നുമക്കളിൽ രണ്ടാമൻ. പഠനത്തിൽ അതിസമർത്ഥനായ അരുണായിരുന്നു കുടുംബത്തിന്റെ സ്വപ്നവും പ്രതീക്ഷയും. ഫിസിക്സിൽ ബിരുദം നേടിയശേഷം, ആര്യാട് ടീച്ചർ എജ്യുക്കേഷൻ സെന്ററിൽ നിന്നും ബി.എഡും പാസായി. ഒരു അദ്ധ്യാപകനാവാനുള്ള മോഹത്തിലായിരുന്നു അരുൺ. അതിനിടയിലാണ്, അണപ്പല്ലിനുമുകളിലായി ചെറിയൊരു കറുത്തപാടിന്റെ രൂപത്തിൽ മരണം വന്ന് അരുണിനെ തട്ടിയെടുത്തത്. വേദനയോ രക്തസ്രാവമോ ഇല്ലാതെ വന്ന അസുഖത്തിൽ അരുണിന് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല. ദന്തഡോക്ടറെ കാണിച്ചപ്പോൾ മറുകായിരിക്കും എന്നു സംശയിച്ചു. പക്ഷെ ബയോപ്സിക്കുശേഷം അസുഖം വ്യക്തമായി. 'മാലിഗ്നന്റ് മെലനോമ' എന്ന രോഗം. സാധാരണക്കാരന്റെ ഭാഷയിൽ ക്യാൻസർ. മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിൽ സർജറി നടത്തിയപ്പോൾ മുതൽ നടുവിനും വശങ്ങൾക്കും അസഹ്യമായ വേദന തുടങ്ങി. പ്രധാനമന്ത്രിയുടേയും സർക്കാരിന്റേയും ദുരിതാശ്വാസനിധിയിൽ നിന്നു ചികിത്സാസഹായത്തിനപേക്ഷിച്ചു. പ്രതീക്ഷയോടെ കാത്തിരുന്ന അരുണിനെ മരണം വന്നു കീഴടക്കി. 2002 ജനുവരി മൂന്നാം തീയതി അരുൺഘോഷ് ഈ ലോകത്തോട് വിടപറഞ്ഞു.

ചാത്തങ്കരിവെളി ഗോപിനാഥൻ എന്ന ഗൃഹനാഥന്റെ ദുരിതകഥ സങ്കൽപങ്ങൾക്ക് അപ്പുറമാണ്. ഗോപിനാഥന്റെ പിതാവ് കൊച്ചുപാപ്പിയും മൂത്തമകൻ ഇരുപത്തിരണ്ടുകാരനായ ഇബ്സനും അർബുദ രോഗികളായിരുന്നു. കോട്ടയം മെഡിക്കിൽ കോളജിലായിരുന്നു ചികിത്സ. രോഗം മൂർഛിച്ചപ്പോൾ, ഗോപിനാഥന്റെ വീട്ടിൽ ഒരേ മുറിയിൽ മരണത്തെ മുഖാമുഖം കണ്ട് കൊച്ചുപാപ്പായും ഇബ്സനും കിടന്നു. ആദ്യം ഇബ്സൻ യാത്രപറഞ്ഞു. തൊട്ടടുത്ത ദിവസം കൊച്ചുപാപ്പിയും മരിച്ചു. ഗോപിനാഥന്റെ ഭാര്യ മഹിളാമണി ഇപ്പോൾ അർബുദ രോഗ ചികിത്സയിലാണ്.

സബിത, വിജയപ്പൻ-സത് ദമ്പതികളുടെ ഏകമകൾ. കൊക്കോതമംഗലം ആന്റണീസ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥിനി. ഈ മിടുക്കി, നൃത്തയിനങ്ങളിലെ സജീവസാന്നിദ്ധ്യവും നൃത്തമത്സരങ്ങളിലെ വിജയിയും ആയിരുന്നു. വലതുകാൽമുട്ടിനുമുകളിലായി വന്ന വേദന, ഡാൻസ് പരിശീലനം മൂലമാണെന്ന നിഗമനത്തിൽ കുറെനാൾ ചികിത്സിയ്ക്കാതിരുന്നെങ്കിലും, വേദന അസഹ്യമായപ്പോൾ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എക്സ്-റേ, ബയോപ്സി റിപ്പോർട്ടുകൾ സബിതയെ ഒരു അർബുദ രോഗിയാക്കി. കിടപ്പാടം പണയപ്പെടുത്തി ചികിത്സിച്ചെങ്കിലും സബിതയെ രക്ഷിയ്ക്കാനായില്ല. വെറും പതിനാലുവയസിനുള്ളിൽ അവൾക്ക് ഈ ലോകത്തോട് വിടപറയേണ്ടിവന്നു.

തണ്ണീർമുക്കം പഞ്ചായത്ത് 18- ാം വാർഡിൽ കരീക്കളം വീട്ടിൽ ചാക്കോ ഉലഹന്നാന്റെ ഭാര്യ ലില്ലിക്കുട്ടി, അമ്പതാം വയസ്സിൽ ഈ ലോകത്തോട് വിടപറഞ്ഞു. പ്രായപൂർത്തിയാകാത്ത മൂന്നുമക്കളെ ഈ ലോകത്തിൽ വിട്ടിട്ട് അവർ പോയി.

5-ാം മട്ടമ്മയിൽ ക്ഷേമാസണ്ണി, കോട്ടയം ഇ.എസ്. ഐ. ഹോസ്പിറ്റലിലെ ഫാർമസിസ്റ്റായിരുന്നു. ആലപ്പുഴ മെഡിക്കൽ കോളജിലെയും എറണാകുളം പി.വി.എസ്സ്. ഹോസ്പിറ്റലിലേയും ചികിത്സകൾക്ക് ക്ഷേമയുടെ ജീവനും പിടിച്ചു നിർത്താൻ സാധിച്ചില്ല. ഭർത്താവിനേയും രണ്ടു പിഞ്ചുകുഞ്ഞുങ്ങളേയും തനിച്ചാക്കി 28-ാമത്തെ വയസിൽ ക്ഷേമ യാത്രയായി.

സബിനിലാൽ, മംഗളാലയം വീട്ടിൽ രമേഷിന്റേയും ഇന്ദിരയുടേയും ഏകമകൻ. രക്താർബുദത്തിനുള്ള ചികത്സകൾ ഒന്നും ഫലിച്ചില്ല. ഒന്നാം വയസിൽ തന്നെ ലോകത്തോട് പിടപറഞ്ഞു.

ഇത്തരത്തിൽ 100ൽപരം ജീവനാണ് ഇവിടെ പൊലിഞ്ഞത്. മാലിന്യങ്ങൾ വിഷലിപ്തമാക്കിയ ഈ മണ്ണിലും, ഒഴുക്കുമുറിഞ്ഞ തോടുകളിലും, കറുപ്പ് കലർന്ന വെള്ളത്തിലും രോഗം പതിയിരിക്കുന്നു. ശേഷിക്കുന്ന ജീവാത്മാക്കളെ തേടി അർബുദത്തിന്റെ അണുക്കൾ അലയുകയാണ്.....

ജീവിച്ചിരിക്കുന്ന വേദനകൾ...

സൂര്യമോൾ വീടിന്റെ വരാന്തയിൽ ഇരുന്ന് വേദനയോടെ നോക്കുകയാണ്. പത്താംക്ലാസ്സിൽ 520 മാർക്ക് വാങ്ങി നാടിന്റെ മുഴുവൻ പ്രതീക്ഷ തോളിലേറ്റിയ ഇവൾ, ഇന്ന് ഭാവിയുടെ നേരെ തുറിച്ചുനോക്കുന്നു, വിധി സമ്മാനിച്ച ശ്വാസകോശ അർബുദത്തിന്റെ വേദനയും പേറി. ആലപ്പുഴ കൊക്കോതമംഗലം കുന്നുമ്മൽത്തറ രവീന്ദ്രന്റേയും സുശീലയുടേയും ഇളയമകൾ. ഇവളിന്നീ നാടിന്റെ മുഴുവൻ വേദനയാണ്. ശ്വാസകോശാർബുദത്തിന്റെ പിടിയിലമർന്നിട്ട് 12 വർഷം കഴിഞ്ഞു.

കട്ടച്ചിറ, വാരനാട്, മണവേലി പ്രദേശങ്ങൾ ഇന്ന് ദുരന്തത്തിന്റെ മരവിപ്പിലാണ്. പതിനാലുവർഷം മുമ്പ് കൊക്കോതമംഗലം വടക്കേ ച്ചിറ അനീഷ് എന്ന നാലരവയസുകാരൻ രക്താർബുദം ബാധിച്ചു മരിച്ചപ്പോൾ ആരും ഈ ദുരന്തത്തിന്റെ പകർച്ച അറിഞ്ഞിരുന്നില്ല. ഈ പ്രദേശത്ത് 2000 നും 2005 നും മധ്യേ കാൻസർ രോഗബാധിതരായി മരിച്ചവരുടെ എണ്ണം 100ൽ കൂടുതലാണെന്നത് ഈ നാടിന്റെയും നാട്ടാരുടേയും ദുരവസ്ഥ വെളിവാക്കുന്നു.

ഒഴുക്കു നിശ്ചലമായ തോടിന്റെ കരയിലെ കൊച്ചുവീട് തകർച്ചയിലാണ്. ഈർച്ചപ്പൊടി കച്ചവടക്കാരനായ രവീന്ദ്രന് സ്ഥിരവരുമാനം ഇല്ല. ഭാര്യ സുശീലയും രണ്ടു പെൺമക്കളുമൊത്ത് കഴിയുന്ന രവീന്ദ്രന്റെ ജീവിതത്തിന്റെ ഒഴുക്കിന് തടസം നേരിട്ടു തുടങ്ങിയത് സൂര്യമോളുടെ അസുഖം കണ്ടെത്തിയതു മുതലാണ്. "ആറാം വയസ്സിൽ മോളുടെ കാലിന് ചെറിയൊരു ബലക്ഷയം വന്നപ്പോൾ ആശുപത്രിയിൽ കൊണ്ടു പോയി അവിടെ വച്ചാണ് കാൻസർ കണ്ടുപിടിച്ചത്" - അമ്മയുടെ വാക്കുകൾ.

"എന്തുചെയ്യണമെന്നറിയില്ല. ഇനി കടംതരാൻ ആരും ബാക്കിയില്ല. എത്രകഷ്ടപ്പെട്ടായാലും എനിക്കെന്റെ മോളെ വേണം. ആദ്യമൊന്നും രോഗത്തെപ്പറ്റി അവളറിഞ്ഞിരുന്നില്ല. മുതിർപ്പോൾ അവളും അറിഞ്ഞു." മനസിൽ വീങ്ങുന്ന വേദനയോടെ, രവീന്ദ്രൻ മകളും വീട്ടുകാരും അറിയാതെ തേങ്ങിപ്പോയി.

ചികിത്സയുടെ നീണ്ട 12വർഷങ്ങൾ. റേഡിയേഷൻ 18 എണ്ണം നടത്തി. ചികിത്സയ്ക്കായി ലക്ഷങ്ങൾ ചെലവഴിച്ചു.....കടം പെരുകി. മൂത്തമകളുടെ പഠിപ്പ് നിർത്തി. തകരുന്ന വീട് ഉത്തരമില്ലാത്ത ചോദ്യമായി. എത്ര ബുദ്ധിമുട്ടിയിട്ടായാലും

തന്റെ മകളെ രക്ഷിച്ചെടുക്കുമെന്ന് രവീന്ദ്രൻ.....

"ഉടനെ തിരുവനന്തപുരത്തേയ്ക്ക് കൊണ്ടുപോയാൽ രക്ഷപ്പെടുമെന്ന് ഡോക്ടർമാർ പറഞ്ഞിരുന്നു. നിസ്സഹായനായി, കൈയ്യിൽ വണ്ടിക്കൂലിപോലുമില്ലാതെ നിന്നു കരയുന്ന എന്നെക്കണ്ട് കോട്ടയത്തെ മധു ഡോക്ടർ ചികിത്സതുടങ്ങി. "പ്രാർത്ഥിച്ചോ," എന്നദ്ദേഹം എന്നോട് പറഞ്ഞു. അദ്ദേഹത്തിന്റെ ചികിത്സയും, ഞങ്ങളുടെ പ്രാർത്ഥനയും, മോളുടെ ധൈര്യവും ഇവിടംവരെയെത്തിച്ചു. ഇനി....." മുഴുമിപ്പിക്കാനാകാതെ രവീന്ദ്രന്റെ വാക്കുകൾ ഇടറി.

"ആലപ്പുഴ മെഡിക്കൽ കോളജിൽ ആയിരുന്നു ആദ്യം കാണിച്ചത്. ക്യാൻസർ വന്നാൽ മരിച്ചു പോകും എന്നാണല്ലോ. പേടിയുണ്ടോ എന്ന് ഡോക്ടർ ചോദിച്ചു. ഞാൻ ഒന്നും മിണ്ടിയില്ല. അതു കഴിഞ്ഞിട്ടിപ്പോൾ 14 വർഷങ്ങളായി. ചെറിയ ശ്വാസം മുട്ടലും വിഷമവുമൊക്കെ ഉണ്ടാവാറുണ്ടെങ്കിലും വേറെ കുഴപ്പങ്ങളൊന്നുമില്ല." തണ്ണീർമുക്കം ചെള്ളച്ചവീട്ടിൽ നളിനി മനസുതുറക്കുന്നു..... നളിനിക്ക് ഗർഭാശയ കാൻസറാണ്.

"എന്റെ അസുഖം കണ്ടുപിടിച്ചിട്ട് വർഷം 4 ആയി. ഗർഭാശയം നീക്കം ചെയ്തു. എനിയ്ക്കൊട്ടും പേടിയില്ല. ചികിത്സാചെലവിന്റെ കാര്യം ഓർക്കുമ്പോൾ മാത്രമാണ് ചെറിയ വേദന". തണ്ണീർമുക്കം റാട്ടം വീട്ടിൽ 60 വയസ്സുകാരിയായ ചന്ദ്രമതിയുടെ വാക്കുകൾ.

ക്യാൻസറിന്റെ കാരണങ്ങൾ

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം പഞ്ചായത്തിലെ കട്ടച്ചിറ, വാരനാട്, മണവേലി തുടങ്ങിയ പ്രദേശങ്ങൾ ഈ ഭൂമുഖത്തുനിന്ന് തന്നെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന അവസ്ഥ സംജാതമായിട്ടും, അംഗീകൃതസർക്കാർ ഏജൻസികളൊന്നും ഈ വിപത്തിനെ ഗൗരവമായി അംഗീകരിച്ചിട്ടില്ല.

പരിസരമലിനീകരണം വർദ്ധിച്ചു വരുന്നതാണ് ഈ അവസ്ഥയ്ക്ക് കാരണമെന്ന് ചേർത്തല എൻ.എസ്.എസ്. കോളജിലെ ശ്രീകുമാർ സാർ ചൂണ്ടിക്കാണിക്കുന്നു. കോളജിലെ തന്നെ രസതന്ത്രവിഭാഗത്തിന്റെ കീഴിലുള്ള "ഇൻവയേൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് സ്റ്റഡീസ്" നടത്തിയ പരീക്ഷണങ്ങളും ഇതുതന്നെ ശരിവയ്ക്കുന്നു.

"കമ്പനിയുടെ അടുത്തുള്ള പുത്തൻതോട്ടിലെ വെള്ളം കറുത്തു കുറുകിയ നിലയിലാണ്. ഭയങ്കര നാറ്റവും ഇവിടെ ജലത്തിനുണ്ട്. **കമ്പനിയിൽ നിന്ന്** അഴുക്കുവെള്ളം പുറത്തേയ്ക്ക് ഒഴുക്കുന്ന ദിവസങ്ങളിൽ കായലിൽ കുളിച്ചാൽ ശരീരം മുഴുവൻ ചൊറിഞ്ഞു തടിക്കും." വേമ്പനാട്ടുകായലിനു സമീപം താമസിക്കുന്ന മഹീന്ദ്രൻ പറയുന്നു. വാരനാടുള്ള ഒരു വ്യവസായ സ്ഥാപനത്തിൽ നിന്നുള്ള മാലിന്യങ്ങളെക്കുറിച്ചാണ് മഹീന്ദ്രൻ ഇവിടെ പറയുന്നത്.

ഈ കമ്പനിയെപ്പറ്റിയുള്ള പരാതികൾ അന്വേഷിച്ച നിയമസഭാസമിതി റിപ്പോർട്ടും നാട്ടുകാരുടെ വാദത്തെ പിന്തുണക്കുന്നു. കമ്പനിയിൽനിന്നുള്ള ജലം - വായു മലിനീകരണം, പരിസരവാസികളിൽ അർബുദത്തിന്റെ വിത്തുകൾ പാകുന്നതിന് കാരണമാകുന്നതായി അവരുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. കുട്ടനാടൻ പാടശേഖരങ്ങളിൽ പ്രയോഗിക്കുന്ന കീടനാശിനികൾ തണ്ണീർമുക്കം ബണ്ടിൽ ഒഴുകി അടിയുന്നതും, കയർനിർമ്മാണത്തിന്റെ അസംസ്കൃതവസ്തുവായ തൊണ്ട്, വെള്ളത്തിൽ അഴുകാനിടുന്നതു മൂലം ഒഴുക്ക് നിലയ്ക്കുന്നതിന്റെ ഫലമായി ഓക്സിജന്റെ അളവ് കുറയുന്നതും, ഇവടെ ജലമലിനീകരണം ഉയർന്ന തോതിലാക്കുന്നു. മാത്രമല്ല കയർവ്യവസായത്തിൽ കളർ ചേർക്കുന്നതിനുപയോഗിക്കുന്ന ഡൈ, ഉപയോഗശേഷം കായലിൽ നിക്ഷേപിക്കുന്നതും മലിനീകരണം രൂക്ഷമാക്കുന്നു.

ചേർത്തല കോളജിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രോഗ്രാം ഓഫീസർ ശ്രീകുമാർ സാറിന്റെ വായിൽ നിന്ന് ലഭിച്ച വിവരങ്ങൾ വെച്ചിൽ ഒരു ചെറുതായി.

പച്ചക്കുന്നുകൾ പാടങ്ങൾ
പതഞ്ഞൊഴുകുമാറുകൾ
വെളിച്ചം, കുളിർക്കാറ്റെന്തു
വേറെ വേണമെനിക്കിനി ?
(ജി. ശങ്കരക്കുറുപ്പ്)

!



മംഗളവനം എന്ന കണ്ടൽക്കാട്

കൊച്ചിനഗരത്തിന്റെ വായുമലിനീകരണത്തിന് ഒരാശ്വാസവും, നഗരത്തിന്റെ ശ്വാസകോശവുമായി നഗരമദ്ധ്യത്തിൽ പ്രകൃത്യാ വളർന്നുവരുന്ന 3.44 ഹെക്ടർ ചതുപ്പുനിലത്തെ കണ്ടൽ വൃക്ഷശേഖരമാണ് മംഗളവനം. 1984 മുതൽ കേരളവനംവകുപ്പിന്റെ മേൽനോട്ടത്തിലുള്ള ഈ പ്രദേശം, സംരക്ഷിതവനമേഖലയും വിശ്വപ്രസിദ്ധപക്ഷിസങ്കേതവുമാണ്. ദേശാടനപക്ഷികളുടെ സംരക്ഷണത്തിനായി ഒരു പക്ഷിസങ്കേതമായി കേരളസർക്കാർ മംഗളവനത്തെ പ്രഖ്യാപിച്ചത് 2004ലാണ്.

കായലിൽനിന്ന് വേലിയേറ്റസമയത്ത് ഉപ്പുവെള്ളം കയറിവരുന്നതിനാലും ഉപ്പുകലർന്ന മണ്ണിൽ വളരുവാൻ കഴിവുള്ളതിനാലുമാണ് കണ്ടലുകൾ ഈ പ്രദേശത്ത് തഴച്ചുവളരുന്നത്. ഒരുകാലത്ത് 7400 ഹെക്ടർ കേരളതീരത്ത് വ്യാപിച്ചുകിടന്നിരുന്ന കണ്ടൽകാടുകൾ മംഗളവനം പോലെ വിരലിലെണ്ണാവുന്ന പ്രദേശങ്ങളിലായ് ഇന്ന് ചുരുങ്ങിപോയി. ഉപ്പുവെള്ളത്തിൽ നിന്ന് ഉപ്പ കറ്റി ശുദ്ധജലം ഉപയോഗിക്കുവാൻ കണ്ടൽവൃക്ഷങ്ങൾക്കു കഴിവുണ്ട്.

പക്ഷികളും, ഞണ്ടുകളും, ആമകളും, കക്കകളും, ചെമ്മീനും, വിവിധയിനം മത്സ്യങ്ങളും ഒട്ടനവധി ജീവികളും കണ്ടലുകളുടെ അടിത്തട്ടിൽ സുലഭമാണ്.ഷഡ്പദങ്ങളും, പ്രാണികളും, ഉരഗങ്ങളും മംഗളവനത്തിലുണ്ട്. സുരക്ഷിതത്വവും, ഭക്ഷണസാഹചര്യങ്ങളും, കാലാവസ്ഥയും അനുഗുണമായതിനാൽ ദേശാടനപക്ഷികളുടെ പറുദീസയാണ് മംഗളവനപ്രദേശം. ഹിമാലയ, ആസ്ത്രേലിയ, സൈബീരിയ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ഇരുപത്തി അഞ്ചിലധികം ഇനം ദേശാടനപക്ഷികളും, കൊക്കുകളും വർഷംതോറുമെത്തി ഇവിടെ കൂടുകെട്ടി താമസിച്ച്, കുഞ്ഞുങ്ങളുമായി തിരികെ പറന്നുപോകുന്നത് പതിവാണ്.

എന്നാൽ ഇന്നുയർന്നുവരുന്ന കെട്ടിടസമുച്ചയങ്ങൾ, ആയിരക്കണക്കിനു കിലോമീറ്റർ താണ്ടിവരുന്ന ദേശാടനപക്ഷികളുടെ സഞ്ചാരപഥത്തിലാണ്. കൊച്ചിനഗരത്തിലെ ഈ പച്ചത്തുരുത്ത് വംശനാശം നേരിടുന്ന ദേശാടനപക്ഷികൾക്കും, കണ്ടലുകൾക്കും, ഒട്ടനവധി ജീവജാലങ്ങൾക്കും ആവാസകേന്ദ്രമാണ്. നിരവധി മത്സ്യജനുസുകളും, ചെമ്മീനുകളും പ്രജനനത്തിനായി മംഗളവനത്തിന്റെ അടിത്തട്ട് പ്രയോജനപ്പെടുത്തുന്നുണ്ട്. ഇവയ്ക്കായ് ഭക്ഷണമൊരുക്കുവാൻ ഡസൻകണക്കിന് ആൽഗകളാണ് കണ്ടൽവൃക്ഷങ്ങളുടെ വേരുകളിൽ പറ്റിപ്പിടിച്ച് ജീവിക്കുന്നത്.

പരിസ്ഥിതിയുടെ പരിതസ്ഥിതി കണ്ട് വശംകെടാതെ, അന്വേഷണത്വരയോടെ ഇറങ്ങിത്തിരിച്ചതായിരുന്നു എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ. സൂവോളജിയിലെയും ബോട്ടണിയിലെയും സുഹൃത്തുക്കൾ ഒപ്പം കൂടി. ഞങ്ങൾക്ക് വഴികാട്ടാനായി ജോയ് സാറും ഡോമിനിക് സാറും കൂടെയുള്ളത് ഏറെ ആശ്വാസം. കൊച്ചിയുടെ ശ്വാസകോശമെന്നു വിശേഷിപ്പിക്കപ്പെടുന്ന മംഗളവനത്തെക്കുറിച്ചുള്ള ചില പരിഭവങ്ങളാണ് തുടർന്നുള്ളത്.

മാഗസിൻ പ്രവർത്തകർ മംഗളവനത്തിൽ

മംഗളവനം നഷ്ടമായാൽ കൊച്ചിക്കെന്ത് ?

ഡോ. സി.എം. ജോയിയുടെ വീക്ഷണം - തയ്യാറാക്കിയത് : മാധവൻ കെ.

നഗരത്തിൽ നിന്നും മഹാനഗരത്തിലേക്കാണ് കൊച്ചിയുടെ വളർച്ച. മിനിറ്റുകളുടെ വ്യത്യാസത്തിലാണ് കൊച്ചിയിൽ പുതിയ അംബരചുംബികൾ പിറക്കുന്നത്. ലക്ഷക്കണക്കിനു ജനങ്ങളാണ് നഗരഹൃദയത്തിലെ ഫ്ളാറ്റുകളിലേക്ക് രാത്രി ചേക്കേറുന്നത്. നഗരവികസനത്തിനായി പുതുപദ്ധതികൾ ധാരാളമായി ആവിഷ്കരിക്കപ്പെടുന്നു. ഈ പട്ടികയിൽ പേരു ചേർത്ത ഏറ്റവും പുതിയ ആശയമാണ് ഇക്കോ ടൗൺഷിപ്. എന്നാൽ ജന്തുജാലങ്ങൾക്ക് ആശ്രയമരുളുന്ന മംഗളവനം എന്ന കണ്ടൽവനപ്രദേശത്തിന്റെ സ്വാഭാവികതയെ ഈ പദ്ധതി പ്രതികൂലമായി ബാധിക്കുമെന്നത് സൗകര്യപൂർവ്വം വിസ്മരിക്കപ്പെടുകയാണ്. കൊച്ചിയിൽ അവശേഷിക്കുന്ന ഏക പച്ചത്തുരുത്താണ് മംഗളവനം. ഹരിതകത്തിന്റെ അവസാനതുള്ളിയും വറ്റിപ്പോകുമെന്ന അവസ്ഥയിലെത്തിനിൽക്കുമ്പോൾ ഇതിനെ

മേനകാഗാന്ധി മംഗളവനം സന്ദർശിച്ചപ്പോൾ
(ഫൊട്ടോ കടപ്പാട് : മെനാമെ)

ക്കുറിച്ചുള്ള ഡോ. സി.എം. ജോയിയുടെ വീക്ഷണങ്ങൾ ശ്രദ്ധേയമാകുന്നു. നാം ശ്രദ്ധിക്കേണ്ടതാകുന്നു.

ജനസംഖ്യാനുപാതികമായി കൊച്ചിയിൽ അവശ്യംവേണ്ട മരങ്ങൾ ഇന്നില്ല. വായു മലിനീകരണം മൂലം ശ്വാസകോശസംബന്ധമായ രോഗങ്ങളാൽ വീർപ്പുമുട്ടുന്ന കൊച്ചിയിലെ ജനങ്ങൾക്ക് പ്രാണവായു നൽകുന്ന കണ്ടൽവൃക്ഷങ്ങൾ ഈ ചതുപ്രദേശത്ത് വളരാവുന്ന എകതരം മരങ്ങളാണ്. കൊച്ചിക്ക് അനുഗുണമായ കണ്ടൽവനശേഖരം നഷ്ടമായാൽ, വേറൊന്ന് ഉണ്ടാക്കുവാൻ സ്ഥലവും പശ്ചാത്തലവും കൊച്ചിയിൽ ശേഷിക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. മംഗളവനമേഖലയ്ക്ക് ഒരു പ്രശ്നവും ഉണ്ടാകില്ലെന്നും പദ്ധതിയുടെ പേരുതന്നെ ഇക്കോ ടൗൺഷിപ്പാണെന്നും കൊട്ടിഘോഷിച്ചുകൊണ്ടാണ് പുതിയ വികസന പദ്ധതിയുമായി സർക്കാർ മുന്നോട്ടുവരുന്നത്. കായലുകളിലും നദികളിലും മലവും, മാലിന്യവും, പ്ലാസ്റ്റിക്കും തള്ളി സർക്കാർ നടപ്പാക്കിയ ഇക്കോടൂറിസവും, വനങ്ങളിലെ ഇക്കോ മരം മുറിക്കലും, മലമുകളിലെ ഇക്കോ വികസനവും, ജലത്തിനടിയിലാകുന്ന വനമേഖലയ്ക്ക് പകരം വനം വച്ചുപിടിപ്പിക്കാമെന്ന വാഗ്ദാനവുമായി നടപ്പാക്കിയ ഇക്കോ അണക്കെട്ടുകളും, ഇക്കോ കായൽ ടൂറിസവും മറ്റും കേരളത്തിലെ നദികൾക്കും കായലുകൾക്കും, വനമേഖലകൾക്കും, കുന്നുകൾക്കും വരുത്തിത്തീർത്ത നഷ്ടം കുറച്ചൊന്നുമല്ല.

നഗരമധ്യത്തിൽ ഇക്കോ ടൗൺഷിപ് വന്നാൽ, അത് ഗതാഗതക്കുരുക്ക് രൂക്ഷമാക്കുകയും വായുമലിനീകരണം വർധിപ്പിക്കുകയും ചെയ്യും. ഇപ്പോൾതന്നെ നഗരവാസികളുടെ കുടിവെള്ള ആവശ്യത്തിന്റെ അൻപതുശതമാനംപോലും നിർവ്വഹിക്കുവാൻ വാട്ടർ അതോറിറ്റിക്ക് ആകുന്നില്ല. നഗരത്തിൽ ഇനിയും പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനു പകരം, കുടിവെള്ളം ധാരാളമായി ലഭ്യമാകുന്ന പ്രദേശത്തേയ്ക്ക് ഇക്കോ ടൗൺഷിപ് മാറ്റുകയാണ് വേണ്ടത്. വേണ്ടത്ര ഖരമാലിന്യസംസ്കരണസംവിധാനങ്ങൾ ഉണ്ടെങ്കേണ്ടതും അത്യാവശ്യമാണ്. ടൗൺഷിപ്, നഗരമധ്യത്തിൽ കായലിനോട് ചേർന്ന് പണിതീർത്താൽ ഖരമാലിന്യനിക്ഷേപം കായലിലാകും. ഇത് മത്സ്യരോഗങ്ങൾക്കും മലിനീകരണത്തിനും വഴിവയ്ക്കും. "മംഗളവനം കൊച്ചിനഗരത്തിന്റെ തിലകക്കുറിയാണ്, പ്രാണവായുവാണ്, ജീവന്റെ തുടിപ്പാണ്. മംഗളവനം നഷ്ടമായാൽ കൊച്ചിക്കെന്തു സംഭവിക്കുമെന്നിനിയുമേറെ പറയണോ," എന്നാണ് ഡോ. സി.എം. ജോയി ചോദിക്കുന്നത്.

വികസനത്തിന്റെ പേരുപറഞ്ഞ് അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത നഗരത്തിൽ ജനങ്ങൾക്ക് കൂടുതൽ ദുരിതം സൃഷ്ടിക്കരുതെന്നാണ് ബോട്ടണി അധ്യാപകൻ ഡോ. ജോയിയുടെ ശക്തമായ അഭിപ്രായം.

Madhavan K.
Palakkad
M.A. English

ശ്രീ. കല്ലേൻ പൊക്കുടൻ മംഗള വനത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററിയുടെ ' സ്വിച്ച് ഓൺ' കർമ്മം നിർവ്വഹിക്കുന്നു.

ശ്രീ കല്ലേൻ പൊക്കുടനൊപ്പം മംഗളവനത്തിൽ

പരിസ്ഥിതിസംരക്ഷണത്തിൽ തേവരകോ ളേജ് മാതൃകയായിട്ട് അധികം നാളായിട്ടില്ല. കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ് പ്ലാസ്റ്റി ക്കിനെതിരെ ഇവിടുത്തെ വിദ്യാർത്ഥികൾ മുന്നിട്ടി റങ്ങിയത്. സ്വന്തം ജീവിതം കരുപിടിപ്പിക്കാൻ ധൃതി പിടിച്ചോടിനടക്കുന്നതിനിടയിൽ നാം ജീവിക്കുന്ന ചുറ്റുപാടിനെകുറിച്ചും നമുക്കു ജീവനേകുന്ന പ്രകൃ തിയെക്കുറിച്ചും ക്യാമ്പസുകളിൽ കൂടുതൽ ബോധ്യത ഉളവാക്കേണ്ടത് അത്യാവശ്യമാണ്. ഉശി രുള്ള ഈ തലമുറയ്ക്ക് പ്രകൃതിയെ സംരക്ഷിക്കു ന്നതിൽ വലിയ പങ്കു വഹിക്കാനാകും. ഇപ്പോൾ നമുക്കു മുമ്പിലുള്ളത് കൊച്ചിയുടെ സ്വന്തം മംഗ ളവനമാണ്.

ഉറക്കംതൂങ്ങി മരങ്ങളും കണ്ടൽച്ചെടികളും കൊച്ചിക്കനുഗ്രഹമായി ഇവിടെ വളരുന്നു. പക്ഷേ, അതിവേഗം മുന്നേറുന്ന നഗരവത്കരണം മംഗള വനത്തെ ഭീഷണിയുടെ നിഴലിലാക്കിയിരിക്കുക യാണ്. കൊച്ചിക്കായലിലെ മലിനീകരണം മൂലം മംഗളവനത്തിൽ കാണപ്പെട്ടിരുന്ന പലയിനം ചെമ്മീ നുകളും മൽസ്യങ്ങളും ഇല്ലാതായിരിക്കുകയാണ്. ദേശാടനത്തിനെത്തിയിരുന്ന ചിലയിനം പക്ഷിക ളുടെ പ്രത്യുല്പാദനപ്രക്രിയയെ ഉത്തേജിപ്പിക്കുന്ന തരം മൽസ്യങ്ങളെ ഇപ്പോൾ കാണാനില്ലത്രെ.

മുൻപുണ്ടായിരുന്ന പ്രതാപം മംഗളവന ത്തിനു നഷ്ടമാവുകയാണ്. കായൽമലിനീകര ണവും കൂടുകൂട്ടാനുള്ള ചുള്ളിക്കമ്പുകളുടെ ദൗർലഭ്യവും ദേശാടനപക്ഷികളെ മംഗളവനത്തിൽ നിന്നകറ്റുകയാണ്. കായലുമായി ബന്ധമുള്ള തോടാണ് മംഗളവനത്തെ സമ്പുഷ്ടമാക്കിയിരു ന്നത്. ഈ തോടും നികന്നുതുടങ്ങി. മണ്ണൊലിപ്പു തടയുന്ന കണ്ടലിനു വംശനാശം സംഭവിച്ചുതുട ങ്ങിയതാണിതിനു കാരണം. വെള്ളക്കൊക്ക്, മരം മൂടി, മാടത്ത, തത്ത, നീർക്കാക്ക, പകലൂണ്ണാൻ മുത ലായവയും മറ്റനേകം ദേശാടനപക്ഷികളും മംഗള വനത്തിന്റെ സൗഹൃദം നുകരാനെത്തിയിരുന്നു. കഴിഞ്ഞവർഷം ചുരുക്കം ഇനം പക്ഷികളേ ഇവി ടെയെത്തിയുള്ളൂ എന്നാണറിയാൻ കഴിഞ്ഞത്.

പ്രമുഖപരിസ്ഥിതിപ്രവർത്തകനായ കല്ലേൻ പൊക്കുടൻ കണ്ടൽക്കാടുകൾക്കുവേണ്ടി മുന്നിട്ടി റങ്ങിയിട്ടുള്ളവരിൽ ഒരാളാണ്.

പരിസ്ഥിതി സന്തുലനം നിലനിർത്തുന്ന ആവാസവ്യവസ്ഥകൾക്ക് അനുകൂലമായി ജീവി ക്കാൻ മനുഷ്യനെ പ്രാപ്തനാക്കാൻ അദ്ദേഹം എന്തിനും തയ്യാറാണ്. പാരിസ്ഥിതികദുരന്തങ്ങൾ തടയാൻ ഒരുപരിധിവരെ കണ്ടലിനാവുമെന്നറിഞ്ഞു കൊണ്ടാണ് അദ്ദേഹം ഈ ചെടിയെ സ്നേഹിച്ചു തുടങ്ങിയത്. പക്ഷികളും മനുഷ്യരുമടങ്ങുന്ന സർവ്വ ജീവജാലങ്ങൾക്കും കൊച്ചി ഒരു സംരക്ഷണവേ ദിയായി തുടരണമെങ്കിൽ, മംഗളവനസംരക്ഷണം ഉറപ്പുവരുത്താൻ, 'ശ്രീ. പൊക്കുടൻ കണ്ടലിനോ ടൊപ്പം' എന്നതുപോലെ കൊച്ചിക്കാരും ശബ്ദമു യർത്തിയേ തീരൂ. അതിനായി ക്യാമ്പസുകളും ഉണ രണം. നമുക്ക് ജീവിക്കാനുള്ള കൊച്ചിയാണിത് !

തേവര കോളജിലെ വിദ്യാർത്ഥികൾ, ബോട്ടണി വിഭാഗത്തിലെ അദ്ധ്യാപകരുടേയും പ്രിൻസിപ്പ ലിന്റെയും നേതൃത്വത്തിൽ കൊച്ചിയിലെ കണ്ടൽവന പ്രദേശങ്ങളിൽ സംരക്ഷിക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ച് കഴിഞ്ഞു. (ഡോമിനിക് സാറിന് പ്രത്യേക അഭിനന്ദനങ്ങൾ!)

Dr. C.M. Joy
Dept. of Botany

മംഗളവനത്തിലെ ചതുപ്പുനിലം

ഫോട്ടോ : ജിന്റോ

കായലും കണ്ടലും പിന്നെ കൊടതിയും

(മംഗളവനത്തിന് 'ഇക്കോ' എന്ന പ്രകൃതി പരിവേഷം)

താൽക്കാലികലാഭം മാത്രം മുന്നിൽ കണ്ടു കൊണ്ട് വികസനപരിപാടികൾ നടപ്പിലാക്കുകയാണ് വികസനകുതുകികൾ. അതിനായ് പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്ത് പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെ തകരാറിലാക്കുന്ന പ്രവണത ഏതു വിധേനയും തടഞ്ഞേ മതിയാകൂ. കെട്ടിടസമുച്ചയങ്ങൾ അടുക്കിവച്ച്, മാനംമുട്ടെ അന്തരീക്ഷതാപമുയർത്തുകയും, വാഹനബാഹുല്യത്താൽ ശുദ്ധവായുവിനെ അനുമാക്കുകയും ചെയ്യുന്ന കൊച്ചിനഗരത്തിന്റെ ശ്വാസകോശമായ മംഗളവനത്തിന്റെ നിലനിൽപ്പിന് ഭീഷണിയുയർന്നിട്ട് നാളുകളായി.

പ്രകൃതിയുടെ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്വം പരിസ്ഥിതി പ്രവർത്തകർക്കു മാത്രമല്ല "കാനനകൊച്ചി" എന്നാരും കൊച്ചിയെക്കുറിച്ചു പറയില്ലെങ്കിലും കണ്ടൽവനം എന്നാൽ നിത്യഹരിതവനം എന്നുതന്നെയാണർത്ഥമാക്കുക. കൊച്ചിക്കായലിനോടു ചേർന്നുകിടക്കുന്ന ചതുപ്പുനിലമണ് മംഗളവനത്തിനുള്ളത്. കേരളഹൈക്കോടതിയുടെ തൊട്ടുപുറകിലെ ഈ ചതുപ്പുനിലത്ത്, കണ്ടൽചെടികൾ തായ്‌വേരുകൾ താഴ്ത്തി അനേകം ചെറുമീനുകൾക്കും പക്ഷികൾക്കും ആവാസസ്ഥലമാകുകയാണ്. കൊച്ചിയിൽ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കു കാരണമാകുന്ന ഈ പ്രകൃതിസമ്പത്തിന്റെ മൂല്യത്തെ സംരക്ഷിക്കാനാവാത്ത അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

സംസ്ഥാന ഭവനനിർമാണബോർഡിന്റെ പദ്ധതിയായ ഇക്കോ ടൗൺഷിപ്പ്, മംഗളവനത്തിലെ ആവാസവ്യവസ്ഥയ്ക്ക് തീർച്ചായായും ദോഷം വരുത്തിവയ്ക്കും. വികസനമാണ് ലക്ഷ്യമെങ്കിൽ അത് എന്തുകൊണ്ട് കൊച്ചിയുടെ പ്രാന്തപ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചുകൂടാ. കണ്ടലിനു കോടാലി വയ്ക്കണമെന്ന നിർബന്ധത്തെ തുരത്തിയേ മതിയാകൂ. ഇപ്പോൾതന്നെ കണ്ടൽമരങ്ങൾ വംശനാശഭീഷണി നേരിടുന്നുണ്ട്. കേരളതീരങ്ങളിൽ കുറച്ചു സ്ഥലങ്ങളിൽ മാത്രമായി കണ്ടൽക്കാടുകൾ ചുരുങ്ങിത്തുടങ്ങിയിരിക്കുന്നു. മംഗളവനം അവയിലൊന്നാണ്.

ഹൈക്കോടതിയിലെത്തുന്ന വാഹനങ്ങളുടെ പാർക്കിങ്ങിനായി മംഗളവനത്തിന്റെ ഒരുഭാഗവും സമീപപ്രദേശവും ഉപയോഗിക്കാൻ കരുക്കൾ നീങ്ങിത്തുടങ്ങിയത് ജനമറിയാൻ വൈകിയത് തങ്ങളുടെ വിജയമായിട്ടാണ് ഈ വികസന ലോബികൾ കണ്ടത്. എതിർപ്പുകൂടിയപ്പോൾ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടു. അങ്ങനെയാണ് 'ഇക്കോ ടൗൺഷിപ്പ്' എന്ന പദം പ്രയോഗത്തിൽ വരുന്നത്. ഇത് ആ പദത്തിൽ മാത്രം ഒതുങ്ങുകയും കായലിൽ നിന്നകലുന്ന മംഗളവനത്തിലെ മരങ്ങൾ ക്രമേണ ഉണങ്ങിപ്പോവുകയും ചെയ്യും. ഈ കണ്ടൽക്കാടിനെ ബുദ്ധിപരമായി ഇല്ലാതാക്കാൻ ചിലർ കണ്ടെത്തിയ അതിബുദ്ധിക്കെതിരേ നാട്ടുകാർ രംഗത്തിറങ്ങിയത് ആശ്വാസകരം തന്നെ.

ഹോട്ടലുകളും, വ്യാപാരസമുച്ചയങ്ങളും ഇവിടെ ഉയർന്നാൽ മംഗളവനത്തിന്റെ ഗതിയെന്തെന്ന് പ്രത്യേകം പറയേണ്ടതില്ല. അതിന് പ്രകൃതിപരിവേഷം കൊടുക്കാൻ 'ഇക്കോ' എന്നൊരു വാക്കിനായേക്കാം. എന്നാലിന്നതിൽ ഒളിഞ്ഞിരിക്കുന്ന ഇക്കോ ഇല്ലായ്മയെ ജനം തിരിച്ചറിഞ്ഞിരിക്കുന്നു. പഴയ പ്രതാപമില്ലാത്ത മംഗളവനത്തെ ഇനിയും വികൃതമാക്കാൻ വിട്ടുകൊടുക്കരുത്.

പെരിയാർ കേരളത്തിന്റെ ജീവനാഡി

Dr. C.M. Joy

'പർവ്വതനിരയുടെ പനിനീരൊ'ന്ന് കവി വിശേഷിപ്പിച്ച പെരിയാറാണ് കേരളത്തലെ ഏറ്റവും നീളം കൂടിയ നദി. പശ്ചിമഘട്ടത്തിലെ ശിവഗിരി മല, മൂന്നാർ, ദേവികുളം എന്നീ മൂന്നു വ്യത്യസ്തസ്ഥലങ്ങളിൽ നിന്നുത്ഭവിക്കുന്ന പെരിയാറിന് കേരളത്തിൽ 244 കിലോമീറ്റർ നീളമുണ്ട്. ഇരുപത്തൊന്ന് പോഷകനദികളാണ് പെരിയാറിനുള്ളത്.

നദിയിൽ പല സ്ഥലങ്ങളിലായി പതിമൂന്നു തൂരുത്തുകളും പതിന്നാലു വിനോദസഞ്ചാരകേന്ദ്രങ്ങളുമുണ്ട്. കേരളത്തിലെ പതിനൊന്നു ജലവൈദ്യുത പദ്ധതികളിൽ ആറെണ്ണവുമുള്ള ഇവിടെ പതിനഞ്ച് അണക്കെട്ടുകളും ആയിരക്കണക്കിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഉണ്ട്. പെരിയാറ്റിന്റെ 5284 ചതുരശ്ര കിലോമീറ്റർ വൃഷ്ടിപ്രദേശം കേരളത്തിലും, 114 ചതുരശ്ര കിലോമീറ്റർ വൃഷ്ടിപ്രദേശം തമിഴ്നാട്ടിലുമാണ്.

പെരിയാറ്റിന്റെ പ്രഭവത്തിന് മാറ്റേകുന്നതിന് കാരണമായത് കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുതപദ്ധതിയായ ഇടുക്കി പെരിയാറ്റിലുയർന്നതാണ്. തീരത്ത്, നാല്പത്തേഴു തദ്ദേശസ്വയംഭരണപ്രദേശങ്ങളുള്ള പെരിയാറ്റിനെ, മുപ്പത്തിമൂന്ന് ലക്ഷം പേരാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. കൊച്ചിനഗരത്തിന്റെ കുടിവെള്ളസ്രോതസ്സും പെരിയാർ തന്നെയാണ്.

പെരിയാർ മരിക്കുന്നുവോ?

മാനവരാശിയുടെ വിപ്ലവകരമായ പരിണാമഘട്ടങ്ങളിലെല്ലാം നദികൾ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. വിശ്വവിഖ്യാതങ്ങളായ നദീതടസംസ്കാരങ്ങൾ ഇതിന് ഉദാഹരണമായി ചൂണ്ടിക്കാട്ടുവാൻ നമ്മുടെ മുന്നിലുണ്ട്. എന്നാൽ ഈ അത്യാധുനിക യുഗത്തിൽ നമ്മുടെ യാത്ര എങ്ങോട്ടാണ്? (പ്രകൃതിയുടെ വരദാനങ്ങളായ വനങ്ങളെയും നദികളെയും ഭ്രാന്തമായ ആവേശത്തോടെ മനുഷ്യർ ഇല്ലായ്മ ചെയ്യുന്നു). സംസ്കാരങ്ങളുടെ കലവറയായ നദീതടം നശിപ്പിക്കപ്പെടുമ്പോൾ അവിടുള്ള സംസ്കാരത്തിനു തന്നെയാണ് മങ്ങലേൽക്കുന്നത്. മലീമസമാക്കപ്പെടുന്ന പെരിയാർ മരിക്കുകയാണ്. ഒപ്പം മലയാളി മനസിലെ ജലകണികകളും. നദിയുടെ മജ്ജയും മാംസവുമാണ് മണൽ. പക്ഷേ ഖനനം പെരിയാറ്റിനെ വികൃതമാക്കിയിരിക്കുന്നു.

നദീസംരക്ഷണഫണ്ട് ഏതുവഴി ഒഴുകുന്നു എന്നത് അന്വേഷിക്കാൻ ആരുമില്ലാത്ത ആ അവസ്ഥയാണിന്ന്. പെരിയാർ തീരത്തെ പഞ്ചായത്തുകളും സ്വകാര്യവ്യക്തികളും തങ്ങളുടെ അഴുക്കുചാലുകൾ നദിയിലേക്കു തുറന്നുവച്ചിരിക്കുകയാണ്. ഖരമാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നതും ഇവിടെത്തന്നെ. വ്യവസായശാലകളും മലിനജലം നദിയിലേക്ക് ഒഴുക്കാൻ തുടങ്ങിയതോടെ, പെരിയാറ് മത്സ്യക്കുരുതിക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നിരിക്കുകയാണ്.

ഏലൂർ-എടയാർ വ്യവസായമേഖലയിൽ ഏതോ ഫാക്ടറിയിൽനിന്ന് മാലിന്യങ്ങൾ നദിയിലേക്ക് ഒഴുക്കിയതുമൂലം നദിയിൽ ഇറങ്ങുന്നവരുടെ ദേഹം ചൊറിഞ്ഞുതടിക്കുന്നു എന്ന പരാതി ഈയിടെയാണ് ഉയർന്നുവന്നത്. ജലവാഹനങ്ങളുടെ അടിത്തട്ടുപോലും ദ്രവിപ്പിക്കാൻ ശേഷിയുള്ളതാണ് ഈ ഖരമാലിന്യം എന്നാണ് പറയപ്പെടുന്നത്.

ശ്രീമതി സാറാ ജോസഫും ഒരു അവാർഡും

ലോകത്തെ നോക്കാനും അറിയാനും ആണ് ഭാഷ എന്നു വിശ്വസിക്കുന്ന വ്യക്തിയാണ് സാറാ ടീച്ചർ. നമ്മുടെ പ്രവൃത്തികൾ അഥവാ, സംസ്ക്കാരം തന്നെ ഒരു കലാവസ്തുവായോ, ഒരു സാഹിത്യകൃതിയായോ ഒരു സാഹിത്യസിദ്ധാന്തമായോ മാത്രം ചുരുങ്ങുന്നതല്ലോ. ഈ ആശയത്തെ മുറുകെപിടിച്ച്, ക്യാമ്പസുകളിൽ വളർന്നുവരുന്ന സാഹിത്യപ്രതിഭകൾക്ക് പ്രചോദനമായിത്തീർന്നിരിക്കുകയാണ് അവർ. എന്താണവർ ചെയ്തത്? 'ആലാഹയുടെ പെൺമക്കൾ 'എന്ന കൃതിക്ക് ലഭിച്ച കേരള സാഹിത്യ അക്കാദമി അവാർഡ് നിരസിച്ചു, അത്രതന്നെ (ഉദ്ദേശ്യശുദ്ധിയെ ആരെങ്കിലും ചോദ്യം ചെയ്തോ? ആവോ!).

അതിനു കാരണമോ, ഒരു സാഹിത്യകൃതി അതിലേക്കുതന്നെ ചുരുങ്ങാതെ അതിന്റെ പ്രതിഫലനം സ്വജീവിതത്തിലും വേണമെന്നുള്ള ടീച്ചറുടെ നിർബന്ധം തന്നെ. 'ആലാഹയുടെ പെൺമക്കളിലു'ള്ളത് പ്രാന്തവല്ക്കരിക്കപ്പെട്ട ഒരു ജനതയും കഷ്ടതകളും ദുരന്തങ്ങളുമൊക്കെയാണ്. ഇങ്ങനെയൊരു പ്രമേയം സാഹിത്യകൃതിയിൽ സംഭവിക്കുമ്പോൾ, അതിനെ സമ്മാനിക്കുകയും ഒരു സാഹിത്യകൃതി എന്ന നിലയിൽ അവാർഡ് നൽകി ആദരിക്കുകയും ചെയ്യുന്ന ഗവൺമെന്റ്, യഥാർത്ഥജീവിതത്തിൽ അതിനെ തോക്കുകൊണ്ടു നേരിടുന്നത് തനിക്ക് തീരെ അംഗീകരിക്കാനാവുന്നില്ല എന്നാണ് സാറാ ജോസഫ് പറഞ്ഞത്.

ആദിവാസികളോടു കാണിച്ച അനീതി, കേരളത്തിൽ നാളിതുവരെ ഉണ്ടാകാത്തതാണ്. ഇതിനെതിരെയുള്ള സമരത്തിന്റെ ഭാഗമായാണ് അവർ ഈ ബഹുമതി നിരസിച്ചത്. ആദിവാസികൾക്ക് നീതി ലഭിച്ചാൽ, അവകാശപ്പെട്ട ഭൂമി തിരിച്ചുകിട്ടുന്ന അവസരമുണ്ടായാൽ ഈ അവാർഡ് താൻ ഏറ്റുവാങ്ങുകതന്നെ ചെയ്യുമെന്ന് അവർ പറഞ്ഞത്, ഒരു സാഹിത്യകാരിക്ക് അല്ലെങ്കിൽ ഒരു സാമൂഹ്യപ്രവർത്തകയ്ക്ക് യോജിച്ചതുതന്നെ.

മലയാളിക്കഭിമാനിക്കാൻ, മലയാളത്തിൽ നിരവധി കലാസാംസ്ക്കാരിക നായകരുണ്ട്. അവരെല്ലാം സാഹിത്യത്തിന്റെയും എഴുത്തിന്റേയും ലോകത്തേക്കുമാത്രം ചുരുങ്ങാതെ, തങ്ങൾ പറയുകയും എഴുതുകയും ചെയ്യുന്നതിനെ ജീവിതത്തിൽ പ്രാവർത്തികമാക്കുക കൂടി ചെയ്താൽ മലയാളനാടു ധന്യമാകും. സാനുമാസ്റ്റർ, സക്കറിയ, മാധവിക്കുട്ടി, അഴീക്കോട്, ചുള്ളിക്കാട്, എം.ടി., വിജയൻ മാഷ്... ആ നിര നീളുന്നതേയുള്ളൂ. എഴുത്തിലും പ്രസംഗത്തിലും ഒളിത്താവളം കണ്ടെത്താതെ, മലയാളിമനസ്സിനുണർവേകാൻ ഈ പ്രതിഭാനിരയ്ക്കു കഴിയട്ടെ. ഇത്തരം തരംഗങ്ങൾ ക്യാമ്പസും ഏറ്റുപിടിക്കുമെന്നതിൽ സംശയമില്ല.

ഒക്ടോബർ മാസത്തിൽ നദീസംരക്ഷണദിനത്തിൽ പോലും പെരിയാറിന്റെ മജ്ജയും മാംസവുമായ മണൽ കൊള്ളയടിക്കപ്പെട്ടു. പ്രതിദിനം അമ്പതിനായിരം ടൺ മണൽ പെരിയാറ്റിൽ നിന്ന് എടുത്തു മാറ്റപ്പെടുമ്പോൾ വെറും പതിനാറായിരം ടൺ മണൽ മാത്രമാണ് ഇങ്ങോട്ട് ഒഴുകിയെത്തുന്നത്. അങ്ങനെ നദിയുടെ അടിത്തട്ട് താഴ്ന്നു പോയിരിക്കുന്നു. നദിയിലെ ഇത്തരം കുഴികൾ മൂലം നിരന്തരമുണ്ടായിരുന്ന ഒഴുക്കും നഷ്ടപ്പെട്ടിരിക്കുകയാണ്.

ചലിക്കുന്നതും, ജീവിക്കുന്നതുമായ സംസ്കാരത്തിന്റെ പ്രതീകമായിരുന്ന പുഴ, വിറങ്ങലിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്കാരത്തിലേക്കാണിന്ന് വിരൽ ചൂണ്ടുന്നത് എന്ന്, ഭീതിയോടെ തന്നെ തിരിച്ചറിയേണ്ട സമയമായി.

വ്യവസായങ്ങൾക്ക്, പൊതുമാലിന്യസംസ്കരണത്തിന് പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. മലിനീകരണത്തിന് പരിഹാരം കണ്ടെത്താനാവാത്തത് സാങ്കേതികവിദഗ്ദ്ധരുടെ അഭാവവും ആത്മാർത്ഥതയില്ലായ്മയും മൂലമാണ്. മണൽവാരൽ നിയന്ത്രിക്കാനുള്ള നടപടികൾ പോലും വർഷങ്ങളായിട്ട് പാതിവഴിയിൽ കുടുങ്ങിക്കിടക്കുകയാണ്.

അറവുശാലാവശിഷ്ടങ്ങളും, ആഘോഷങ്ങളിലെ പ്ലാസ്റ്റിക്കും, പൊളിച്ചുകളയുന്ന കെട്ടിടാവശിഷ്ടങ്ങളും ഒക്കെ പെരിയാറ്റിൽ ഇടം കണ്ടെത്തുന്നുവെന്ന സത്യവും മലയാളിക്കു പുത്തരിയല്ല. ഇതൊക്കെ തടയുന്നതിന് ആരാണ് എതിരു നിൽക്കുന്നത്? പണം പിടുങ്ങുന്ന ലോബികളോ, അതോ സർക്കാരു തന്നെയോ? ഇനിയുമത്ര സമരങ്ങൾ നടത്തിയാലാണിതിനെല്ലാം അറുതി വരിക!

അപകടകരമായ ഈ പോക്ക് സ്വന്തം അസ്തിത്വത്തിൽ, മനുഷ്യർ സ്വയമേവ കുത്തിയിറക്കുന്ന മൂർച്ചയേറിയ വാളാണെന്ന തിരിച്ചറിവ് നേടിക്കൊണ്ട്, നാടിന്റെ പ്രതീക്ഷയായ ക്യാമ്പസ് യുവത്വങ്ങൾ പ്രതികരിച്ചും പ്രവർത്തിച്ചും മാതൃക കാട്ടേണ്ടിയിരിക്കുന്നു. നാം അനുഭവിക്കുന്ന 'സുഖങ്ങൾ' പരിപാലിച്ച് പ്രകാശം കെടാതെ, വരും തലമുറയ്ക്കു കൈമാറാൻ നാം ബാദ്ധ്യസ്ഥരാണ് എന്ന തിരിച്ചറിവ് നമ്മെ അതിനു സഹായിക്കും.

ഫൈനൽ എഡിറ്റ്

പരിസ്ഥിതി :

പരിസ്ഥിതി ദിനങ്ങൾക്ക് നാമെന്തു നല്കി ?

Anil V.M.
I BSc Comp. App.

രാഷ്ട്രീയധർമ്മവും പത്രധർമ്മവും

പത്രമാദ്ധ്യമങ്ങൾ പ്രതികരിക്കുന്നു

പ്രശസ്ത പത്രപ്രവർത്തകനായ ശ്രീ. കെ.എം. റോയ് രാഷ്ട്രീയ പാർട്ടികളേയും, പത്രമാദ്ധ്യമങ്ങളേയും കുറിച്ച് നടത്തിയ പ്രസ്ഥാവനയെപ്പറ്റി, കൊച്ചിയിലെ വിവിധ പത്രങ്ങൾ മാഗസിൻ പ്രവർത്തകരോട് പങ്കുവെച്ചത്.

"കൊച്ചു കൊച്ചു കാര്യങ്ങളെച്ചൊല്ലിയുള്ള തർക്കത്തിനു വേണ്ടി ഭരണപ്രതിപക്ഷത്തുള്ള പാർട്ടികൾ അവരുടെ മുഴുവൻ സമയവും പത്രമാദ്ധ്യമങ്ങൾ അതിന്റെ മുഴുവൻ സംവിധാനങ്ങളും പാഴാക്കിക്കളയുന്നു."
(കെ.എം. റോയി)

മലയാള മനോരമ

"ജനശ്രദ്ധ ആകർഷിക്കുന്ന ചില കാര്യങ്ങൾക്കായി സ്ഥലവും സമയവും ചെലവാക്കാറുണ്ടെങ്കിലും രാഷ്ട്രീയകക്ഷികളോ മാദ്ധ്യമങ്ങളോ പൂർണ്ണമായി ഇവയ്ക്കു പിന്നാലെ പായുന്നുവെന്ന പരാമർശം അത്രകണ്ട് ശരിയല്ല.

ജനങ്ങളുടെ പൊതു ആവശ്യങ്ങൾക്കും വികസനപരിപാടികൾക്കും രാഷ്ട്രീയപാർട്ടികളും മാദ്ധ്യമങ്ങളും അർഹിക്കുന്ന പരിഗണന നൽകി, ജനമനസുകളെ സ്വാധീനിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

ചെറുകാര്യങ്ങൾക്കു പിന്നാലെ പായുന്ന രാഷ്ട്രീയകക്ഷികളും മാദ്ധ്യമങ്ങളും ഇല്ലെന്നല്ല, പക്ഷെ അവയുടെ സമൂഹത്തിലെ സ്ഥാനവും അതുപോലെ തന്നെ ചെറുതാണ്."

റോമി മാത്യൂ
ചീഫ് റിപ്പോർട്ടർ
മലയാള മനോരമ, കൊച്ചി

ദേശാഭിമാനി

" നിസ്സാരകാര്യങ്ങളെക്കുറിച്ചുള്ള തർക്കങ്ങളിൽ മാദ്ധ്യമങ്ങൾ മുഴുകുന്നു എന്ന അഭിപ്രായത്തിൽ വസ്തുതയില്ല. ചിലർക്ക് നിസ്സാരമെന്നു തോന്നുന്നത് എല്ലാവർക്കും അങ്ങനെയാകണമെന്നില്ലല്ലോ. സമൂഹത്തെ പ്രതിഫലിപ്പിക്കാൻ മാദ്ധ്യമങ്ങൾക്കു കഴിയുന്നുണ്ട്, പോരായ്മകൾ ഉണ്ടെങ്കിലും."

പി. ജയനാഥ്
ന്യൂസ് എഡിറ്റർ
ദേശാഭിമാനി, കൊച്ചി

ദീപിക

'' നാടിന്റെ വികസനത്തിനുവേണ്ടിയുള്ള കാര്യങ്ങൾക്കായിരിക്കണം ചർച്ചയിൽ പ്രാമുഖ്യം കൊടുക്കേണ്ടത്. പാർട്ടിതാല്പര്യങ്ങളേക്കാളും സ്വാർത്ഥ താല്പര്യങ്ങളേക്കാളും നാടിന്റെ വികസനം ലക്ഷ്യമായിരിക്കണം. സഭയിലെ ചോദ്യങ്ങൾക്കുപോലും വിലകൽപ്പിക്കുന്ന ഇന്നത്തെ രാഷ്ട്രീയത്തിന്റെ മുഖച്ഛായ മാറി. രാഷ്ട്രസേവനം ലക്ഷ്യമാക്കുന്ന ജനനേതാക്കൾ നാടിന്റെ ആവശ്യമാണ്. പത്രമാദ്ധ്യമങ്ങളും, നേതാക്കളുടെ പ്രസ്താവനകൾക്ക് പ്രാധാന്യം കൊടുക്കാതെ, നാടിന്റെ നന്മയും വികസനവും ലക്ഷ്യമാക്കിയുള്ള കാര്യങ്ങൾക്ക് പ്രാമുഖ്യം കൊടുത്ത് പത്രധർമ്മം നിർവ്വഹിക്കുക.''

ഫാ. ജോൺ പുതുവ
മാനേജർ, ദീപിക, കൊച്ചി

മാതൃഭൂമി

''ഇത് നൂറു ശതമാനം ശരിയാണ് - കൊച്ചുകൊച്ചു കാര്യങ്ങൾ മാത്രമല്ല, കൊച്ചുകൊച്ചു പാർട്ടികളെയും. പത്രമാദ്ധ്യമങ്ങൾ ഇത് തിരിച്ചറിയേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. ജനാധിപത്യത്തിന്റെ പേരിൽ നടക്കുന്ന വെറും തോന്ന്യാസങ്ങളാണ് ഇവ. ഒരാൾക്ക് ആവശ്യമുള്ള കാര്യങ്ങൾ പത്രമാദ്ധ്യമങ്ങൾ ശ്രദ്ധിക്കുന്നില്ല. വിദേശപത്രങ്ങളുടെ സ്ഥിതി നേരെ മറിച്ചാണ്. പത്രങ്ങൾ അവിടെ ഒരു വ്യക്തിയുടെ ആവശ്യങ്ങളുടെ പക്ഷത്താണ്. ഉദാഹരണത്തിന്, പൊതുജനാരോഗ്യം, ഭക്ഷണസാധനങ്ങൾ, ഔഷധങ്ങൾ, യാത്രാസുരക്ഷ, അന്തരീക്ഷമലിനീകരണസംവിധാനം തുടങ്ങിയ കാര്യങ്ങളിൽ പത്രങ്ങൾ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. ഇത്രയും കാര്യങ്ങളിൽ നിയമലംഘകർക്കെതിരെ മുഖം നോക്കാതെയാണ് നടപടി. അവിടെ പത്രങ്ങളാണ് പൊതുജനത്തിന്റെ കാവൽഭടൻമാർ.''

ഷഹീദ്
ബ്യൂറോ ചീഫ്
മാതൃഭൂമി, കൊച്ചി

ഇൻഡ്യൻ എക്സ്പ്രസ്

''ശ്രീ. കെ.എം. റോയിയുടെ അഭിപ്രായത്തോട് യോജിക്കുന്നു. ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ കൈകാര്യം ചെയ്യാതെ സ്വന്തം നേട്ടത്തിന് വേണ്ടി പോരാടുകയാണ് രാഷ്ട്രീയക്കാർ. അതുപോലെ പത്രങ്ങളും അവരുടെ വിലയേറിയ സമയവും, സംവിധാനങ്ങളും പാഴാക്കുന്നു. ഇതിനെതിരെ ജനങ്ങൾ തന്നെ പ്രതികരിക്കണം. രാഷ്ട്രീയം ഒരു പരിധിവരെ വായനക്കാരെ സ്വാധീനിക്കുന്നുണ്ട് എന്ന വസ്തുത മറക്കാൻ കഴിയില്ല. പക്ഷേ, ഏതുതരം രാഷ്ട്രീയ വാർത്തകളാണ് പത്രങ്ങൾ പ്രസിദ്ധീകരിക്കേണ്ടത് എന്ന് പത്രങ്ങൾ ചിന്തിക്കേണ്ട സമയമായിരിക്കുന്നു.''

ബൈജു ആര്യാട്
ബ്യൂറോ ഇൻ - ചാർജ്
ന്യൂ ഇൻഡ്യൻ എക്സ്പ്രസ, കൊച്ചി

മലയാളം വാരിക

''കെ.എം. റോയിയുടെ നിരീക്ഷണത്തോടു പരിപൂർണ്ണമായും യോജിക്കുന്നു. കുടിവെള്ളക്ഷാമം, തൊഴിലില്ലായ്മ, പട്ടിണി തുടങ്ങി സമൂഹത്തെ ബാധിക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ ഇനിയും

നമുക്കു കഴിഞ്ഞിട്ടില്ല. അഖിലേന്ത്യാ പ്രാധാന്യം പോലുമില്ലാത്ത നമ്മുടെ തീരെ ചെറിയ നേതാക്കൾ നടത്തുന്ന തുച്ഛമായ തർക്കങ്ങൾക്കു വലിയ പ്രാധാന്യം നല്കി മാദ്ധ്യമങ്ങളും, അതു ശ്രദ്ധിച്ച് ജനങ്ങളും ആയുസു പാഴാക്കുന്നു. പട്ടിണിയും ദാരിദ്ര്യവും തുടച്ചുമാറ്റി ശാരീരികാരോഗ്യവും മാനസികാരോഗ്യവുമുള്ള ഒരു ജനതയെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങളിലാണ് യഥാർത്ഥത്തിൽ നമ്മൾ വ്യാപൃതരാകേണ്ടത്. ദൗർഭാഗ്യവശാൽ, അങ്ങനെയല്ല കാര്യങ്ങൾ കടന്നുപോകുന്നത്.''

എം. വി. ബെന്നി
അസിസ്റ്റന്റ് എഡിറ്റർ
മലയാളം വാരിക, കൊച്ചി

കേരളകൗമുദി

''പത്രങ്ങളും ടെലിവിഷനുമെല്ലാം സമൂഹത്തിലെ മുഖംമൂടികളാണ്. കേരളത്തിന്റെ ശരിയായ അവസ്ഥയെ മൂടിവച്ചുകൊണ്ടാണ് ഇവ പ്രവർത്തിക്കുന്നത്. ഇതിനുകാരണം പാവപ്പെട്ടവന്റെ അവസ്ഥയെ മനസിലാക്കാത്തവർ മാദ്ധ്യമങ്ങളിൽ പ്രവർത്തിക്കുന്നതാണ്. അതുപോലെ നിയമസഭയിലും മറ്റും പാവപ്പെട്ടവന്റെ ക്ഷേമത്തിനുവേണ്ടിയുള്ള നിയമനിർമ്മാണത്തിനു പകരം അതിന്റെ നടത്തിപ്പിന്റെ നൂലാമാലകൾക്കു പുറകെയുള്ള ആരോപണ പ്രത്യാരോപണങ്ങളുടെ അഞ്ചുകൊല്ലത്തെ നിഷ്ഫല യുദ്ധമാണ്. 'പൊളിറ്റിക്സ് എന്ത്?' എന്ന ചോദ്യത്തിന് ഇന്നത്തെ ഉത്തരം ചെന്നെത്തുന്നത് വ്യക്തികൾ കേന്ദ്രീകൃതമായ രാഷ്ട്രീയ പാർട്ടികളുടെ നിലവാരമില്ലാത്ത വിഴുപ്പലക്കുകളിലാണ്. ഇത് കാലത്തിന്റെ സ്വാധീനമാണ്. കാരണം, കേരളമിന്ന് അഹങ്കാരികളുടേയും, ദുർനടപ്പുകാരുടേയും, സംസ്ക്കാരശൂന്യരുടേയും വാസസ്ഥലമായി മാറിക്കൊണ്ടിരിക്കുന്നു. നാലുപേർ കൂടുന്നിടത്ത് ആത്മഹത്യയും അഞ്ചുപേർ കൂടുന്നിടത്ത് ഹൃദയാഘാതവും ഉണ്ടാകുന്ന ഒരു സ്ഥലത്ത്, മനുഷ്യാവകാശത്തിന്റെ മൂറവിളിയും, നീതിബോധവും, പൗരാവകാശവും ഉൾക്കൊള്ളുന്ന യഥാർത്ഥ പൊളിറ്റിക്സിന് സ്ഥാനമില്ല. ഇവിടെ ശ്രദ്ധിക്കപ്പെടുന്നത് വിലകുറഞ്ഞ കൊച്ചുകൊച്ചു കാര്യങ്ങളാണ്. ഇങ്ങനെയൊരു സമൂഹത്തിൽ മാദ്ധ്യമങ്ങൾക്കു മാത്രമായി ഒന്നും ചെയ്യാൻ സാധിയ്ക്കില്ല.''

എം. ഹരികുമാർ
ബ്യൂറോ ചീഫ്
കേരള കൗമുദി, കൊച്ചി

വായനക്കാരിൽ നിന്ന്

''കെ.എം. റോയിയുടെ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുക സാദ്ധ്യമല്ലെങ്കിലും 75 ശതമാനം യോജിപ്പുണ്ട്. കാരണം, ഇന്ന് എല്ലാ പാർട്ടികളും അവരുടെ ഏറെ സമയവും ആരോപണങ്ങളിലും പ്രത്യാരോപണങ്ങളിലും മുഴുകുമ്പോൾ ഒപ്പം തങ്ങൾക്കെന്തു ലഭിക്കുമെന്ന കാര്യത്തിലാണ് ശ്രദ്ധവെയ്ക്കുന്നത്. രാഷ്ട്ര നന്മയ്ക്കും ജനനന്മയ്ക്കും വേണ്ടി പ്രവർത്തിക്കുവാൻ വളരെക്കുറച്ചു സമയം കണ്ടെത്തുന്നവരാണ് ഇന്ന് രാഷ്ട്രീയക്കാരിൽ ഏറെയുമെന്നു ചുരുക്കം. പത്രമാദ്ധ്യമങ്ങൾ തങ്ങളുടെ നിലനില്പിന് ഈ രാഷ്ട്രീയപാർട്ടികളെ പ്രീണിപ്പിക്കാൻ ശ്രമിക്കുകയാണിന്ന്. ജനങ്ങളുടെ മൃദുലവികാരങ്ങളെ തട്ടിയുണർത്തിയും തൃപ്തിപ്പെടുത്തിയുമാണ് ഇന്ന് ഏറെ മാദ്ധ്യമങ്ങളും തങ്ങളുടെ വിതരണം വർദ്ധിപ്പിക്കുന്നത്. ഈ സത്യം കണ്ടില്ലെന്നു നടിക്കുവാൻ ഒരു സാധാരണ പൗരന്റെ നിഷ്പക്ഷചിത്തയിൽ സാദ്ധ്യമല്ല.''

വി.എം. തോമസ്
കോളേജു വിദ്യാർത്ഥികളുടെ മാതാപിതാക്കളിലൊരാൾ

ഫൈനൽ എഡിറ്റ്

പത്രങ്ങൾ : നമുക്ക് വേണ്ടതെല്ലാം തരുന്നു.
നമുക്ക് 'ആവശ്യമുള്ളത്' എന്ത് ?

രാഷ്ട്രീയ പാർട്ടികൾ: ഇന്നത്തെ മലയാളികൾ ജീവിക്കുന്നില്ല, ചിന്തിക്കുന്നുമില്ല, സംഘടിക്കുന്നതേയുള്ളൂ.

നീലക്കുറിഞ്ഞി പൂക്കുന്ന നാട്ടിൽ

തയ്യാറാക്കിയത്: മഹേഷ് ॥ ബോട്ടണി, ഗീതാ പോൾ । സുവോളജി

ഒക്ടോബർ മാസത്തിലാണ് ബോട്ടണി - സുവോളജി വിഭാഗത്തിലെ മാസ്റ്റർ കണ്ടിറ്റിയം ഗങ്ങൾ കോളേജിലെ പ്രിഗ്രോസ് നേച്ചർ ക്ലബ്ബിനോടൊപ്പം ഇരവികുളം നാഷണൽ പാർക്കിലേക്ക് പഠനയാത്രയ്ക്കായി പോയത്. ഇടുക്കി ജില്ലയിലെ ഹൈറേഞ്ചിൽ Western Ghats ന്റെ തെക്കു മുടിയിലാണ് പാർക്ക് സ്ഥിതിചെയ്യുന്നത്. 97 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പാർക്കിൽ 2000 മീറ്റർ ഉയരത്തിലുള്ള Shola Grass Land Ecosystem ഉൾപ്പെടുന്നു.

വടക്ക് തമിഴ്നാടിന്റെ Indira Gandhi Wildlife Sanctury യും തെക്ക് തേയില തോട്ടവും പാർക്കിന്റെ അതിർത്തി പങ്കിടുന്നു. അടുത്ത പട്ടണവും തേയില വ്യവസായ കേന്ദ്രവുമായ മൂന്നാർ, പാർക്കിന് പതിമൂന്നു കിലോമീറ്റർ തെക്കുമാറിയാണ്. ഉത്തുംഗമല നിരകളുടെ സൗകുമാര്യം, പച്ചപുൽമേടുകൾ ആകർഷകമായ-നീലഗിരി താറിന്റെ സ്വൈരവിഹാരം, ഇവ ഓരോ സന്ദർശകരെ പാർക്കിന്റെ ടൂറിസം ഭൂപടത്തിലെ രാജകീയ സ്ഥാനത്ത് ആകർഷിക്കുന്നവയാണ്.

ചരിത്രം

കുടിയേറ്റ കാലത്ത്, ഹൈറേഞ്ച് മേഖലയിൽ പ്രിസർവേഷൻ അസോസിയേഷൻ, മുൻപത്തെ കണ്ണൻദേവൻ ഹിൽസ് പ്രഡ്യൂസ് കമ്പനിക്കു വേണ്ടി ഈ പ്രദേശം മൃഗസംരക്ഷണ കേന്ദ്രമായി പരിഗണിച്ചിരുന്നു. മൃഗങ്ങളെ അനധികൃതമായി വേട്ടയാടുന്നതിൽ അതിസമർത്ഥരായ മുതുവൻമാരെ മൃഗ നിരീക്ഷണത്തിനായി നിയമിക്കുകയും ചെയ്തു. 1971 ൽ ഈ പ്രദേശം കേരള ഗവൺമെന്റ് ഏറ്റെടുക്കുകയും 1975ൽ ഇതൊരു വന്യ മൃഗസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇതിന്റെ യഥാർത്ഥ പരിഗണിതി മുൻനിർത്തിക്കൊണ്ടായിരുന്നു 1978ൽ ഇതൊരു നാഷണൽ പാർക്കായി ഉയർത്തപ്പെട്ടു.

ഭൂപ്രകൃതിയും കാലാവസ്ഥയും

വിശാലമായ പുൽമേടുകളിൽ ഇടകലർന്ന ഹരിതാഭമായ കുറ്റിച്ചെടികൾ നിറഞ്ഞുനിൽക്കുകയാണ് ചെറുകുന്നുകളിലും മലകളിലും കൊടും തണുപ്പുകാലങ്ങളിൽ ചിലപ്പോൾ താപനില 0°C നും താഴെയാവാറുണ്ടത്രേ.

ജന്തു -ജന്തു വിവരങ്ങൾ

'നീലഗിരി താറി'നെ ഏറ്റവും കൂടുതലായി സംരക്ഷിക്കുന്ന മേഖലയാണ് ഇത്. 'ഹിമാലയൻ താർ' ഇതിന്റെ സമാനമായ വർഗ്ഗമാണ്. 'സാഡിൽ ബാക്ക്' എന്നറിയപ്പെടുന്ന പൂർണ്ണ വളർച്ചയെത്തിയ ആൺ താർ പെൺ താറിനേക്കാൾ വലുതും ഇരുണ്ടതുമാണ്. കൂടാതെ മുതുകിൽ കുതിര ജീനിയുടെതു പോലെ വെള്ള നിറത്തിലുള്ള പാടുമുണ്ട്. ഇതിന്റെ പ്രജനനകാലം ജനുവരി ഫെബ്രുവരി മാസങ്ങളാണ്. പാർക്കിൽ ഇവയുടെ എണ്ണം 700 ആണ്.

Nilgiri Tahr

[Nilgiri Marten, Small clawed otter, Ruddy Mangoose, dusky striped squirrel, Elephants etcetera are also found]. We also made a visit to chinnar wildlife sanctury which has the largest number of reptilian in Kerala. Muggar crocodile, Grizzled criant squirrel, elephants, tigers, leopard, gaur, deer, common langer, Nilgiri tahr etcetera are found there].

ഇവിടെ ഏകദേശം നൂറ്റി ഇരുപത് തരം പക്ഷികളും [black & orange fly catcher, Nilgiri Pipit, Nilgiri wood piagon etcetera] നൂറോളം അപൂർവ്വതരം ചിത്രശലഭങ്ങളും ഉള്ളതായി കണക്കാക്കപ്പെടുന്നു. നീലക്കുറിഞ്ഞി പൂക്കുന്ന ഈ നാട്ടിൽ എത്തുന്നതു തന്നെ ഭാഗ്യമാണ്. പന്ത്രണ്ട് വർഷത്തിലൊരിക്കലാണ് കണ്ണഞ്ചിപ്പിക്കുന്ന ഈ നീലക്കുറിഞ്ഞി പൂക്കുക. ഇനി 2006 ലാണ് നീലക്കുറിഞ്ഞി പൂക്കുന്നത്.

ഒരു യാത്ര

പച്ചപുതച്ചു കിടക്കുന്ന രമണീയമായ ഭൂപ്രദേശം, കറുത്തിരുണ്ട കരിയിൽകൂടി വളഞ്ഞുപുളഞ്ഞൊഴുകുന്ന കാരപ്പാറ നീരൊഴുക്കിന്റെ മനോഹാരിത, കേരളത്തെയും തമിഴ്നാടിനെയും വേർതിരിക്കുന്ന മാമ്പാറയുടെ അപാരത - നെല്ലിയാമ്പതി വനമേഖലയുടെ ആത്മാവ് തേടിയുള്ള യാത്രയ്ക്കിടയിൽ തേവര എസ്.എച്ച്. കോളജിലെ ടൂറിസം ക്ലബ്ബ് വിദ്യാർത്ഥികൾക്ക് ഈ വിസ്മയക്കാഴ്ചകൾ പുത്തൻ അനുഭവമായിരുന്നു. എന്നാൽ നാഗരികതയുടെ കണ്ണഞ്ചിപ്പിക്കുന്ന വേഗതയിൽനിന്നു വനാന്തരങ്ങളുടെ നിഗൂഢതയിലേക്കുള്ള ഈ യാത്രയ്ക്ക് ഒരു സാധാരണ ടൂർ എന്ന തിലുപരി മറ്റൊരു ലക്ഷ്യമുണ്ടായിരുന്നു. നെല്ലിയാമ്പതി കാടുകളിൽ ദുരിതപൂർണമായ ജീവിതം നയിക്കുന്ന ആദിവാസി കുടുംബങ്ങളെ അറിയുക, അവർക്കു തങ്ങളാൽ കഴിയുംവിധം സാന്ത്വനമേകുക.

ഓറഞ്ചും തേനും കുന്തിരിക്കവും കുടൊരുക്കിയ തോട്ടങ്ങൾ പിന്നിട്ട് ഇവർ കടന്നുചെന്നതു മലയ കുടുംബങ്ങളുടെ ഹൃദയത്തിലേക്കാണ്. മലയാളവും തമിഴും ഇടകലർന്ന ഭാഷയിൽ സംസാരിക്കുന്ന ഈ കുടുംബങ്ങളെ, തുടക്കത്തിൽ നഗരത്തിന്റെ ഭാഷ തെല്ല് അലോസരപ്പെടുത്തിയെങ്കിലും പെട്ടെന്നുതന്നെ ഇവർ വിദ്യാർത്ഥികളുമായി അടുത്തു. പിന്നെ ആട്ടവും പാട്ടുമൊക്കെയായി വിദ്യാർത്ഥികളുടെ മനം കവർന്നു.

നൂറ്റൻപതോളം ആദിവാസികുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖയിലേക്കാണു ടൂറിസം ക്ലബ് അംഗങ്ങൾ കടന്നുചെന്നത്. ഇവിടെയുള്ള ഭൂരിഭാഗം ആദിവാസികളും സ്ഥിരം തൊഴിലോ വരുമാനമോ ഇല്ലാത്തവരാണ്. വളരെ ചെറിയൊരു ശതമാനം പേർ മാത്രം റ്റീ എസ്റ്റേറ്റുകളിലും മറ്റും ജോലി നോക്കുന്നു. നെല്ലിയാമ്പതിയുടെ ഓരോ സ്പന്ദനവും മനഃപാഠമാക്കിയ ഇവർ വിദ്യാർത്ഥികളോടൊപ്പം ചേർന്നപ്പോൾ പിന്നീടുള്ള ഓരോ നിമിഷവും ഏറെ രസകരമായി. സീതാർകുണ്ട് എന്നുപേരുള്ള ഒരു പ്രദേശത്തെത്തിയപ്പോൾ സ്ഥലപ്പേരിന്റെ ഐതിഹ്യം ഇവർ വിവരിച്ചുകൊടുത്തു. വനവാസകാലത്ത് സീതാദേവി ഇവിടെ വന്നു കുളിച്ചതിനാലാണത്രെ ഇവിടം സീതാർകുണ്ട് എന്നറിയപ്പെടുന്നത്.

വനത്തിന്റെ ചിലപ്രദേശങ്ങളിൽ അട്ടയുണ്ട്. 'മനുഷ്യരക്തം കുടിച്ചുവീർക്കുന്ന അട്ട.' ഈ മുന്നറിയിപ്പുണ്ടായിരുന്നതിനാൽ നെഞ്ചത്തു കൈവച്ചുപ്രാർത്ഥിച്ചാണു പലരും മുന്നോട്ടു നടന്നത്. ദുഷിച്ച രക്തമുള്ളവരെ മാത്രമേ അട്ട കടിക്കുള്ളൂ എന്ന് ആദിവാസികൾ പറഞ്ഞപ്പോൾ നെഞ്ചുവിരിച്ചു മുന്നോട്ടുനടന്ന ചില പരാക്രമികൾക്കു ധാരാളം ചോര നഷ്ടപ്പെട്ടു. എന്നാൽ, കേശവൻപാറയും തേന്മലയുമൊക്കെ കണ്ണിനു വിരുന്നായപ്പോൾ വേദനയും ആശങ്കയുമെല്ലാം ആതിഥേയർക്കു വെള്ളച്ചാട്ടം വഴി ഒലിച്ചുപോയി.

ആദിവാസികളോടൊത്തുള്ള നൃത്തവും പാട്ടുമാണു തങ്ങളെ ഏറെ ആഹ്ലാദിപ്പിച്ചതെന്നു വിദ്യാർത്ഥികൾ പറയുന്നു. "ദോ..ദോ...ചിന്നാ ത്തേരെ..." പാട്ടിന്റെ താളത്തിനൊത്തു കാടിന്റെ മക്കൾ ചുവടുവച്ചപ്പോൾ ചില ബ്രേക്ക് ഡാൻസർമാർക്ക് അടങ്ങിയിരിക്കാനായില്ല. അവരും ഒപ്പംകൂടി. ഈ പാട്ടിന്റെ അർഥം വിശകലനം ചെയ്യുവാൻ ശ്രമിച്ചു പരാജയപ്പെട്ടപ്പോൾ ചില സാഹിത്യസുഹൃത്തുക്കൾ നിമിഷകവിതയുടെ കെട്ടഴിച്ചു. "പരശുരാമൻ മഴുവെറിഞ്ഞു നടുവൊടിഞ്ഞ കേരളം" തുടങ്ങിയ ഭയങ്കരരചനകൾ പുറത്തുവന്നു തുടങ്ങിയപ്പോൾ ആദിവാസികൾ ആട്ടം മതിയാക്കി ശ്രദ്ധിച്ചു. കയ്യടിച്ചും (കൂവിയും) പ്രോൽസാഹിപ്പിക്കുകയും ചെയ്തു.

ജീവിതയാത്രയ്ക്കിടയിൽ വീണുകിട്ടിയ ഈ നിമിഷങ്ങൾ, ഈ കുടുംബങ്ങൾക്കു ജീവിതകാലം മുഴുവൻ ഓർത്തുവയ്ക്കാനുള്ള സ്നേഹനിമാനങ്ങളായിരുന്നു. വിദ്യാർത്ഥികൾക്ക് അമൂല്യനിധിയും. വിടപറയുന്നതിനു മുമ്പ്, കയ്യിൽ കരുതിയിരുന്ന അരിയും വസ്ത്രങ്ങളും വിദ്യാർത്ഥികൾ ഇവർക്കു നൽകിയപ്പോൾ അവർ കുറച്ചു പഴങ്ങൾ സംഘടിപ്പിച്ചു നൽകി. സ്നേഹത്തിന്റെ മധുരം കലർന്ന കാട്ടുപഴങ്ങൾ.

Sajith Varma
III B.A. Copy Editor

Tessmol Vithayathil
II BSc Maths

Silpa P.S.
II BSc Maths

ഐക്കഫ് സംഗമം : ആവേശത്തോടെ

ഐക്കഫിന്റെ ഈ വർഷത്തെ അഖിലേന്ത്യാ വനിതാകൺവെൻഷൻ അഹമ്മദാബാദിലെ സെന്റ് സേവ്യേഴ്സ് കോളേജിൽ വച്ചുനടന്നു. അഞ്ഞൂറോളം പേർ പങ്കെടുത്ത ഈ കൺവെൻഷനിൽ, തേവര കോളേജിൽ നിന്ന് ഞങ്ങൾ രണ്ടുപേരടക്കം കേരളത്തിൽനിന്ന് ഇരുപതു പേരുണ്ടായിരുന്നു.

ഹൃദ്യമായ സ്വീകരണത്തിനുശേഷം ഞങ്ങളെ ഗ്രൂപ്പുകളായി തിരിച്ചു. ഈ ഗ്രൂപ്പുകളുടെ സവിശേഷത, ഓരോന്നും ഓരോ കൊച്ചു ഭാരതമെന്നതായിരുന്നു. വിവിധഭാഷകൾ, വസ്ത്രധാരണം, സംസ്ക്കാരം തുടങ്ങിയവ ഞങ്ങൾക്ക് ഏറെ കൗതുകത്തിനു വക യായി. 'എന്റെ ഭാരതം' എന്നോർത്ത് ഞങ്ങൾ അഭിമാനിച്ച നിമിഷങ്ങളായിരുന്നു അവ.

ആദ്യദിനം തന്നെ ഞങ്ങളെ ആവേശം കൊള്ളിക്കുന്നതായിരുന്നു. പരേഡിനുശേഷം ഭാരതകലകൾ ഓരോന്നായി ഗ്രൗണ്ടിൽ പ്രത്യക്ഷപ്പെട്ടത്, വൈവിധ്യത്തിന്റെ മഹനീയത വിളിച്ചറിയിക്കുന്നതായിരുന്നു.

കൗമാരത്തിന്റെയും യുവത്വത്തിന്റെയും ചവിട്ടുപടികൾ കയറുന്ന ഞങ്ങൾക്കേവർക്കും വളരെ പ്രയോജനകരമായിരുന്നു കലാലയയാഥാർത്ഥ്യങ്ങൾ, വ്യക്തിപരമായ വിഷമതകൾ, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, നിയമവും അവകാശവും, സ്ത്രീനേതൃത്വവാസന തുടങ്ങിയ കുറെയേറെ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ.

ഓരോന്നും ഞങ്ങൾക്ക് പുത്തൻ അനുഭവങ്ങളും വേറിട്ട അറിവുകളുമായിരുന്നു. സ്ത്രീവാദമെന്നതിനെ സ്ത്രീയുടെ സ്വയാവബോധമെന്നതാക്കി മാറ്റേണ്ട തെന്നെന്ന് ഞങ്ങൾ മനസ്സിലാക്കി. സ്ത്രീവ്യക്തിത്വം മാനിക്കപ്പെട്ടാലേ, ഒരു ഉപഭോഗവസ്തു എന്നതിന പുറത്തേക്ക് സമൂഹം അവളെ കാണൂ. അതിനായി സ്ത്രീകൾ തന്നെ മുന്നിട്ടിറങ്ങണമെന്നു ഞങ്ങൾ മനസ്സിലാക്കി.

സ്വയാവബോധം, നിശ്ശബ്ദതയിൽ നിന്ന് ഒത്തൊരുമയിലേക്ക് , സ്ത്രീവാദത്തിൽ നിന്ന് മനുഷ്യമുക്തിയിലേക്ക് തുടങ്ങിയ വിഷയങ്ങളിൽ ചർച്ചയും മറ്റും പുരോഗമിച്ചപ്പോൾ, ഞങ്ങൾ സ്വയം ശക്തരാവുകയായിരുന്നു. ഇനിയങ്ങോട്ടു ജീവിച്ചുതീർക്കേണ്ട കാല ത്തിനുവേണ്ടിയത്രയും ശക്തിസ്രോതസ്സ് ഉൾക്കൊണ്ട ഞങ്ങൾക്കു മുമ്പിലുള്ളത് തഴയപ്പെട്ടവരുടെ രോദനങ്ങളും, സമൂഹജീവിയായി രിക്കെ എന്തിനും ഒന്നിച്ചുപ്രവർത്തിക്കേണ്ടുന്നതിന്റെ ആവശ്യകതയും, ചിന്താശക്തിയേറിയ മനസ്സും, ഒരുപിടി ആത്മവിശ്വാസവുമൊ ക്കെയാണ്.

അവസാനദിവസത്തെ (നാലാംദിനം) കലാപരിപാടികൾക്ക്, സാരിയുടുത്ത് അണിഞ്ഞൊരുങ്ങിയ കേരളത്തെ അസൂയ കൊണ്ടു പൊതിഞ്ഞ ക്യാമ്പംഗങ്ങളെ പിരിഞ്ഞ് ഞങ്ങൾ തിരിച്ചുപോന്നത്, വേർപാടിന്റെ വിഷമത്തോടെയായിരുന്നു. ഒപ്പം, ഉപയോഗയു ക്തമായ ഒരു സംഗമത്തെയോർത്തുള്ള ആഹ്ലാദത്തിമർപ്പും.

ഒരു റിപ്പബ്ലിക് ദിനക്യാമ്പ് അവരുടെ സ്വപ്നദിനങ്ങളായത്....

അജീഷ്, ശ്രീജിത്ത്, അനീഷ് എന്നിവരാണ് 2005 ലെ റിപബ്ലിക് ദിനക്യാമ്പിൽ പങ്കെടുക്കാൻ, തേവരകോളേജിലെ എൻ.സി. സി. യിൽ നിന്നും പോയത്. തങ്ങളുടെ സ്വപ്നഭാഗ്യമായി ഇതിനെ അവർ കരുതുന്നു. രണ്ടര ദിവസത്തെ യാത്രയ്ക്കുശേഷം, മാതൃരാജ്യ ത്തിന്റെ തലസ്ഥാനത്തെത്തിയ ഈ മൂന്നുയുവാക്കൾ മതിമറന്നു നിന്നുപോയത്രെ.

"കേരളമെന്ന പേരുകേട്ടാൽ തിളയ്ക്കണം
ചോര ഞരമ്പുകളിൽ
ഭാരതമെന്നു കേട്ടാലഭിമാനപൂരിതമാകണമന്തരംഗം"

എന്ന വെലോപ്പള്ളിയുടെ വരികൾ, സിരകളിലോടുന്ന രക്തത്തെ ആവേശം കൊള്ളിച്ച നിമിഷങ്ങളായിരുന്നു അതെന്ന്, ന്യൂഡൽഹിയുടെ വിരിമാറിലെ സൗഹൃദം നുകർന്ന് തിരിച്ചെത്തിയ അവർ പറഞ്ഞു.

എതാനും വർഷങ്ങൾക്കുള്ളിൽ ഭാരതാംബയുടെ സുരക്ഷാകവചങ്ങളേതിയേക്കാവുന്ന കേഡറ്റുകൾ, വിവിധസംസ്ഥാനങ്ങ ളിൽ നിന്നെത്തി ഓരം ചേർന്നുനിന്നപ്പോൾ, ഉള്ളിലുയർന്ന അനുഭൂതി പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നുവെന്നാണവർ പറയുന്നത്.

ബ്രിട്ടൻ, നേപ്പാൾ, സിങ്കപ്പൂർ, ശ്രീലങ്ക, വിയറ്റ്നാം, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള കേഡറ്റ്സുമായി ഇടപഴകാൻ അവർക്ക് അവസരം ലഭിച്ചു. 'അഖിലഭാരത ഷിപ് മോഡലിംഗി'ൽ, തേവരയിലെ അജീഷും സെന്റ് ആൽബർട്ട്സ് കോളജിലെ അനീഷും അടങ്ങിയ രണ്ടംഗ ടീം, ഈയിനത്തിലാദ്യമായി കേരളത്തിന് സ്വർണ്ണം നേടിക്കൊടുത്തു എന്നത് മറക്കാനാവാത്തതാണ്.

ഭാരതത്തിന്റെ സംസ്ക്കാരികവും കലാപരവുമായ വിഭവങ്ങൾ ആവോളം നുകർന്നതിനുശേഷമാണ് മൂവരും കേരളത്തിലേക്കു തിരിച്ചത്.

വിദ്യാർത്ഥികൾ നടത്തിയ പഠനക്കുറിപ്പുകളും സർവ്വേ ഫലങ്ങളും



അന്വേഷണം

കേരകർഷകർ ശ്രദ്ധിക്കുക...

ലേഖനം

Krishna kumar
II BSc. Physics

ആലപ്പുഴ സ്വദേശിയാണ് ലേഖകൻ. കേരളത്തിന്റെ ജീവൽസ്പന്ദനങ്ങളെ കൂട്ടിച്ചേർത്തു കെട്ടാനുപയുക്തമായിരുന്ന കയറിന്, അതേ സ്പന്ദനങ്ങളുടെ അന്ത്യശ്രുതിന് വഴികാട്ടിയാക്കുന്നുവോ? ഈ ലഘു അന്വേഷണപഠനത്തിൽ, ലേഖകൻ സമർത്ഥമായ പോം വഴികളും നൽകുന്നു എന്നതു ശ്രദ്ധേയം.

ഫിലിപ്പീൻസിനും ഇന്തോനേഷ്യയ്ക്കും പിന്നിലായി ലോകത്ത് നാളികേരം ഉല്പാദിപ്പിക്കുന്നതിൽ മൂന്നാം സ്ഥാനത്താണ് നമ്മുടെ രാഷ്ട്രം. അതിൽ പകുതിയോളവും കേരളത്തിന്റെ സംഭാവനയാണ്. ഈ കണക്കിൽ നിന്നുതന്നെ ലോക കയർ വ്യവസായമേഖലയിൽ കേരളത്തിന്റെ സ്ഥാനം അദ്വിതീയമാണെന്ന് കാണാം. നമ്മുടെ സംസ്ഥാനത്തിന്റെ പേരുതന്നെ കേരങ്ങളുടെ സമൃദ്ധിയെ കുറിക്കുന്നു. 5.87ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി നൽകുന്ന ഈ പരമ്പരാഗത ചെറുകിടവ്യവസായം കേരളത്തിന്റെ 10 തീരദേശജില്ലകളിലായി 250 ഗ്രാമങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ബൃഹത്തായ ശൃംഖലയാണ്.

സമൃദ്ധിയുടെ നാളുകൾ

സുലഭവും ചിലവു കുറഞ്ഞതുമായ അസംസ്കൃതവസ്തു, കുറഞ്ഞ മുതൽമുടക്ക്, തൊഴിലാളികളുടെ ലഭ്യത എന്നിവ ഈ വ്യവസായത്തിന് കേരളമണ്ണിൽ ശക്തമായ അടിത്തറ നൽകി. തീരദേശഗ്രാമങ്ങളുടെ സ്വാശ്രയത്വവും സ്വയം പര്യാപ്തതയും സ്ത്രീശാക്തീകരണവും കയർവ്യവസായത്തിന്റെ ഉപോല്പന്നങ്ങളായി മാറി.

വർഷത്തിൽ 50 നും 200നുമിടക്ക് പ്രവൃത്തി ദിനങ്ങൾ നൽകാൻ കഴിയുന്ന കയർമേഖല, സാധാരണ ജനങ്ങളുടെ പട്ടിണിക്ക് ഒരു പരിധിയോളം അറുതി വരുത്തി. ലോകവിപണിയിൽ കേരളത്തിന് മികച്ചൊരു സ്ഥാനം നൽകാനും അതു വഴി രാഷ്ട്രത്തിന്റെ വിദേശനാണ്യശേഖരം കൂട്ടാനും കയർവ്യവസായത്തിന് കഴിഞ്ഞു എന്നത് പ്രസ്താവ്യം തന്നെ.

ആകാശം മേഘാവൃതമാകുന്നു.

എന്നാൽ, ഇന്ന് സ്ഥിതി യാകെ മാറിയിരിക്കുന്നു. തദ്ദേശീയ ചെറുകിട ഫാക്ടറികളിൽ കയറും കയറുല്പന്നങ്ങളും കെട്ടിക്കിട ക്കുന്നു. വിദേശകമ്പോളത്തിൽ നമ്മുടെ ഉല്പന്നങ്ങൾക്കുണ്ടായി രുന്ന ഡിമാന്റ് കുറഞ്ഞു. ആനുപാ തികമായി ആഭ്യന്തരവിപണിയിൽ ചലനമുണ്ടാക്കാനും നമുക്കാവുന്നി ല്ല. ചൈനീസ് നിർമ്മിത കൃത്രിമനാ രുകൾ കയറിന്റെ സ്ഥാനം തട്ടിയെ ടുക്കുന്നു. കയറ്റുപാ, വിലകുറഞ്ഞ മിനുസമുള്ള പ്ലാസ്റ്റിക് പായകൾക്ക് വഴിമാറുന്നു.

വേണ്ടത്ര തൊണ്ടുകൾ അഴുക്കാൻ കിട്ടാത്തതു കാരണം തമിഴ്നാട്ടിൽ നിന്നും തൊണ്ട് ഇറ ക്കുമതി ചെയ്യേണ്ട ഗതികേടിലേക്ക് 'കേരം തിങ്ങും കേരളനാട്' എത്തി യിരിക്കുന്നു. ചരക്കുവർദ്ധനവ് കൂനി ന്മേൽകുരുവായിത്തീരുന്നു. തൊണ്ണൂറുകളിൽ നടപ്പിലാക്കിയ ആഗോളീകരണത്തിന്റെ ഭാഗമായി, നാം തുറന്നിട്ട വാതായനങ്ങളിലൂടെ ശ്രീലങ്ക പോലുള്ള രാജ്യങ്ങളിലെ മികച്ച കയറുല്പന്നങ്ങൾ കടന്നു വന്ന് നമ്മുടെ വിപണി പിടിച്ചെടു ക്കുന്നു.

വിദേശരാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥ ഉണർന്നത് അവരുടെ അഭി രുചികളെ മാറ്റിമറിച്ചിരിക്കുന്നു. വില കുറഞ്ഞ കയറുല്പന്നങ്ങളേക്കാൾ, കൃത്രിമമായ, വിലകൂടിയ ആഡം ബര വസ്തുക്കളോടാണ് അവർക്ക് താൽപര്യം. ഇത് കമ്പോളത്തിന്റെ ഡിമാന്റിനെ പ്രതികൂലമായി ബാധി ക്കുന്നു. പുത്തൻപ്രവണതകളെ ഫല പ്രദമായി നേരിടാനാവാതെ കൂഴങ്ങു കയാണ് നമ്മുടെ കയർവ്യവസായം.

ഈ വ്യവസായമാന്ദ്യം, തീര ദേശങ്ങളെ പട്ടിണിയുടെ വറുതിയി ലാക്കുകയാണ്. സാമ്പത്തികസമതു ലനം ഇല്ലാത്തതുമൂലം, തീരപ്രദേശം സാമൂഹ്യവിരുദ്ധ, ദേശവിരുദ്ധപ്ര വർത്തനങ്ങളുടെ കേന്ദ്രമായി മാറുന്നു. തൊഴിലില്ലായ്മ വർദ്ധിക്കു ന്നു. രാഷ്ട്രീയമുതലെടുപ്പിനു വേണ്ടിയുള്ള അനാവശ്യതൊഴിലാ ളിസമരങ്ങൾ പ്രശ്നത്തെ രൂക്ഷമാ ക്കുന്നു. സ്വയം തീർത്ത കയറിൽ കെട്ടിത്തൂങ്ങി ജീവനൊടുക്കേണ്ട ഗതികേടിലേക്ക് അവർ എത്തുക യാണ് അവസാനം.

അടിവേരുകൾ തേടുമ്പോൾ

പരമ്പരാഗതമായ ഈ വ്യവ സായത്തിൽ നാം ഇന്നും പഴഞ്ചൻ സാങ്കേതികവിദ്യയാണുപയോഗിക്കു ന്നത്. മികച്ച നൂതനവിദ്യകൾ മുമ്പി ലുള്ളപ്പോഴും യാഥാസ്ഥിതികമന സ്സുമായി നിൽക്കാനേ നമുക്കാവു ന്നുള്ളൂ. തൊഴിലില്ലായ്മ സൃഷ്ടി ക്കാത്ത ട്രിഡിൽറാട്ടുകൾ സ്ത്രീക ളുടെ ഓട്ടം കുറയ്ക്കാൻ സഹായി ക്കുമെങ്കിലും ഇത് വേണ്ടവിധം പ്രയോജനപ്പെടുത്താൻ നാം തയ്യാ റാകുന്നില്ല. ലഘുയന്ത്രങ്ങൾ പോലും ഉപയോഗിക്കാൻ വിമുഖത കാട്ടുന്ന നാം ഉല്പാദനക്ഷമതയും ഗുണനിലവാരവും എങ്ങനെ ഉയർത്താനാണ്?

കയർമേഖലയ്ക്ക് താങ്ങാ നാവാത്തതിലുമധികം തൊഴലാളി കൾ ഈ മേഖലയിൽ പ്രവർത്തിക്കു ന്നുണ്ടെന്നാണ് കണക്കുകൾ സൂചി പ്പിക്കുന്നത്. തന്മൂലം ഓരോ തൊഴി ലാളിക്കും കിട്ടേണ്ട ശരാശരി കൂലി താഴുന്നു. സാമ്പത്തികസ്വാരസ്യ ങ്ങൾ സൃഷ്ടിക്കാൻ ഇതു കാരണ മായി. കൂടുതലുള്ള ഈ തൊഴിലാ ളികളെ പുതിയ തൊഴിൽമേഖല യിൽ നിയമിക്കാൻ സർക്കാർ തയ്യാ റാവണം. മാറിമാറിവരുന്ന സർക്കാ രുകൾ സ്വീകരിക്കുന്ന വികലനയ ങ്ങൾ കാര്യങ്ങൾ വഷളാക്കാനേ സഹായിക്കുന്നുള്ളൂ.

മറ്റൊരു പ്രധാനകാരണം, കേരളത്തിലുല്പാദിപ്പിക്കപ്പെടുന്ന പകുതി തേങ്ങകളുടെ പോലും തൊണ്ടുകൾ ഈ വ്യവസായമേഖ ലയിൽ അസംസ്കൃതവസ്തു വായി വരുന്നില്ല. മറ്റു വിറകുകളുടെ ദൗർലഭ്യം, തൊണ്ടിനെ വിറകാ യിട്ടുപയോഗിക്കാൻ പ്രേരണ നൽകി. അസംസ്കൃതവസ്തുവിന്റെ ദൗർലഭ്യത്തിനും വിലക്കയറ്റത്തിനും ഇത് കാരണമായി. തൊണ്ട് ശേഖ രിച്ച് ഫാക്ടറികളിൽ എത്തിക്കാ നുള്ള ഒരു കേന്ദ്രീകൃതസംവിധാനം ഇന്ന് കേരളത്തിലില്ലാത്തത് പ്രശ്നം ഗുരുതരമാക്കുന്നു.

അനന്തസാധ്യതകളുള്ള ഒരു വ്യവസായമാണെങ്കിലും ഈ മേഖലയിലെ നൂതനസാങ്കേതികവി ദ്യകളെകുറിച്ച് ഗവേഷണം നടത്തു ന്നതിനുള്ള ഒരു മികച്ച സ്ഥാപനം നമുക്കില്ല. നിലവിലുള്ള ഗവേഷണ കേന്ദ്രത്തിലാകട്ടെ പുതിയ സംരംഭ ങ്ങൾ കണ്ടെത്താനുള്ള പരിശ്രമം നടക്കുന്നില്ലതാനും. വ്യവസായത്തെ സമൂലം പരിഷ്ക്കരിക്കാനുള്ള ശ്രമ ങ്ങൾക്ക് ഇത് വിഘാതമാകുന്നു.

കയർ കൊണ്ടുള്ള വൈവി ദ്ധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിച്ച് ലോകവിപണിയിലെത്തിക്കാൻ നമു ക്കാവുന്നില്ല. ഇതിനിടയിലാണ് ട്രാൻസ്പോർട്ട് ബസുകളുടെ സീറ്റ്, ബോഡി മുതലായവയുടെ നിർമ്മാണം പരീക്ഷണാടിസ്ഥാന ത്തിൽ 6 ലക്ഷം രൂപ മുടക്കി നട ത്താൻ തീരുമാനിച്ചിരിക്കുന്നത്. വികേന്ദ്രീകൃതമായി നിലകൊള്ളുന്ന ചെറുകിടഫാക്ടറികളെ, കേന്ദ്രീകൃ തമായ ഒരു സംവിധാനത്തിലൂടെ യോജിപ്പിച്ച്, മാർക്കറ്റിംഗ് സുഗമമാ ക്കാനുള്ള ശ്രമങ്ങളൊന്നും കേരള ത്തിൽ കാണാനാവുന്നില്ല.

രാഷ്ട്രീയപാർട്ടികളുടെ ചട്ടുകങ്ങളായ തൊഴിലാളിസംഘട നകൾ നടത്തുന്ന സമരപ്രഹസന ങ്ങൾ, കയർമേഖലയിൽ അരാജ കത്വം സൃഷ്ടിക്കാൻ മാത്രമേ ഉത കുന്നുള്ളൂ.

അസംസ്കൃത വസ്തുക്ക ളായ തൊണ്ട്, ചായം എന്നിവയുടെ വിലവർദ്ധനവ്, ഉല്പാദനച്ചലവ് കൂടാൻ കാരണമായി. തന്മൂലം, ലോകവിപണിയിൽ നമ്മുടെ ഉൽപ്പന്നങ്ങൾക്ക് താരതമ്യേന വില ക്കൂടുതൽ അനുഭവപ്പെടുന്നു. വില്പനയുടെ തോതിനെ ഇത് കുറ യ്ക്കുന്നു. വിദേശകമ്പോളത്തേ ക്കാളും ആഭ്യന്തരവിപണിയെയാണ് ഇത് ബാധിച്ചത്. ആഗോളീകരണ ത്തിന്റെ ശക്തമായ കുത്തൊഴു ക്കിൽ പിടിച്ചുനിൽക്കാനുള്ള ശേഷി, നമ്മുടെ ഈ ചെറുകിടവ്യവസായി

കൾക്ക് ഇനിയും നേടാനായിട്ടില്ല. വിദേശകമ്പോളത്തിൽ നിന്നുള്ള ഡിമാന്റിന്റെ വ്യതിയാനങ്ങൾക്കനുസരിച്ച് ചലിക്കുന്ന വ്യവസായമായി, കേരളത്തിലെ കയർവ്യവസായം മാറിയിരിക്കുന്നു.

കടങ്കഥയ്ക്ക് ഉത്തരം കാണുമ്പോൾ

വ്യവസായമാന്ദ്യം സംഭവിച്ച സംസ്ഥാനകയർമേഖലയെ കൈപിടിച്ചുയർത്താനുള്ള ഏതാനും ക്രിയാത്മക നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു:

1. വികേന്ദ്രീകൃതമായി നിൽക്കുന്ന എല്ലാ ചെറുകിടഫാക്ടറികളെയും കേന്ദ്രീകൃതമായ ഒരു സംവിധാനത്തിൽ കീഴിൽ കൊണ്ടുവരിക.
2. അസംസ്കൃതവസ്തുവായ തൊണ്ട് ശേഖരിച്ച് വ്യവസായകേന്ദ്രങ്ങളിലെത്തിക്കാനൊരു മികച്ച സംവിധാനം ആരംഭിക്കുക.
3. മികച്ച സാങ്കേതികവിദ്യയോടൊപ്പം ലഘുയന്ത്രവത്കരണവും നടത്തി, ഗുണനിലവാരം വർദ്ധിപ്പിച്ച് കിടയറ്റ ഉല്പന്നങ്ങൾ പുറത്തിറക്കുക.
4. ലാഭകരമല്ലാത്ത തൊണ്ട്കൃഷി കർഷകർ ഉപേക്ഷിക്കുന്നതു തടയാനായി, കർഷകർക്ക് സബ്സിഡി അനുവദിക്കുക.
5. കൂടുതൽ ഉപോല്പന്നങ്ങൾ നിർമ്മിച്ച് വൈവിദ്ധ്യവും ആകർഷകത്വവും വരുത്തുക.
6. സംസ്ഥാനത്തെ എല്ലാ ഫാക്ടറികളെയും ബന്ധിപ്പിച്ച് കൊണ്ട് കേന്ദ്രീകൃതമായ അവസ്ഥയിൽ, ഉല്പന്നങ്ങൾ ശേഖരിച്ച് മാർക്കറ്റിലെത്തിക്കുവാനുള്ള സംവിധാനം നടപ്പിലാക്കുക.
7. മണ്ണൊലിപ്പുതടയാനും കുത്തനെയുള്ള റോഡുകളുടെ സൈഡുകൾ ബലപ്പെടുത്താനും ഇന്ന് നമുക്ക് കയർ ഉപയോഗിക്കാൻ സാധിക്കും. കൂടാതെ നദീതടപ്രോജക്ടുകളിൽ സ്വാഭാവിക കയറിന്റെ ഉപയോഗം വർദ്ധിപ്പിക്കുക.
8. കേരളത്തിൽ വളർന്നുവരുന്ന ടൂറിസം മേഖലയെ മികച്ച വിപണിയായി കരുതി, എല്ലാ ടൂറിസം കേന്ദ്രങ്ങളിലും വിപണനകേന്ദ്രങ്ങൾ തുറക്കുക.
9. ചെറുകിട ഫാക്ടറികളെ സാധാരണ മേഖലയിലാക്കുക. ലാഭവിഹിതം സമൂഹത്തിൽ തുല്യമായി എത്തിക്കാൻ ഇത് സഹായിക്കും.
10. കയറിന് ഭീഷണി ഉയർത്തുന്ന പ്ലാസ്റ്റിക് പോലെയുള്ള പ്രകൃതിവിരുദ്ധ ഉല്പന്നങ്ങൾക്കെതിരായി ജനങ്ങൾക്കിടയിൽ ശക്തമായ ബോധവത്കരണം നടത്തുക.
11. മാതൃകാ കയർ ഫാക്ടറികളും ഗവേഷണകേന്ദ്രങ്ങളും സ്ഥാപിക്കുക.
12. മധ്യസ്ഥരെ ഒഴിവാക്കിക്കൊണ്ടുള്ള വിപണനതന്ത്രങ്ങൾ ആവിഷ്കരിക്കുക.
13. മുതലാളികൾ, ലാഭത്തോടൊപ്പം തൊഴിലാളികളുടെ ക്ഷേമവും നോക്കുക. തൊഴിലാളികൾ സ്വന്തം കടമ യഥാവിധം നിർവ്വഹിച്ചശേഷം മാത്രം അവകാശപ്രഖ്യാപനങ്ങൾ നടത്തുക. ആരോഗ്യകരമായ ഒരു മാനസികാവസ്ഥ, ഈ രണ്ട് ഘടകങ്ങൾക്കിടയിൽ ഉണ്ടാക്കിയെടുക്കുക.

കയറുല്പാദനം ഇന്ത്യയിൽ



ഫൈനൽ എഡിറ്റ്

കേരളീയർക്ക് കേരവൃക്ഷവുമായുള്ള ബന്ധം അഭേദ്യമാണ്. അതിന്നും നല്ലൊരു ശതമാനം ജനങ്ങളുടെ ആത്മതുടിപ്പാണ്. സാങ്കേതികതയുടെ പ്രസരിപ്പ് നികത്തുന്നില്ല. എന്നിലും ഉയരാനാഗ്രഹിക്കുന്ന കേരളീയർക്ക് ഒന്നിലും ഉദാസീനതയരുത്- അത് വെറും കയറായാലും! കേരളം 2003ൽ 325 കോടി രൂപയുടേയും 2004ൽ 473 കോടി രൂപയുടേയും കയറുല്പന്നകയറ്റുമതി നടത്തിയതായി 2005 ജൂലൈയിൽ ഇറങ്ങിയ ഒരു മാസികയിൽ കാണുകയുണ്ടായി. കയർമേഖലയുടെ വികസനത്തിന് കയർബോർഡ് ഈയിടെ 4 കോടിയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നത് ആശാവഹം തന്നെ. കയറിന്റെ നഷ്ടക്കണക്കിനെ

ലേഖനം

Neethu Tresa
II B.A. Copy Editor

വിവര സാങ്കേതികയും മുന്നേറിക്കൊണ്ടിരിക്കുന്നു. മാദ്ധ്യമങ്ങളിലെ വിനോദവും വിജ്ഞാനവും സംയോജിപ്പിക്കുക. പാഠപുസ്തകങ്ങളുടെ അതിർവരമ്പുകൾ മറികടന്ന് വായനയിലൂടെയും സർവ്വവിജ്ഞാനപാരംഗതരാകാം. ഇടപ്പള്ളി സ്വദേശിനിയായ ലേഖിക തീർത്തു പറയുന്നു.

മാദ്ധ്യമങ്ങളും കുടുംബവും

ആധുനികസമൂഹത്തിന്റെ പ്രഥമ പ്രത്യേകതകളിലൊന്നാണ് മാദ്ധ്യമസംസ്ക്കാരം. നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളുടെയും ശൈലികളുടെയും അളവും ആശയകുഴപ്പവുമെല്ലാം മാദ്ധ്യമങ്ങൾ ഏതുനിമിഷവും മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു. സ്വകാര്യസ്വത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയും ജീവിതനിലവാരത്തിൽ വരുന്ന മാറ്റവുമൊക്കെ മാദ്ധ്യമങ്ങളും സാമൂഹികവ്യതിയാനങ്ങളും തമ്മിലുള്ള ബന്ധം മൂലമാണെന്നത് ശ്രദ്ധേയമാണ്. അപകടകരവും ഉപയോഗയുക്തവുമായ സാഹചര്യങ്ങൾ മാദ്ധ്യമങ്ങളുടെ സ്വാധീനത്തിൽ നിന്നുരിത്തിരിയുകയും അതൊരു സംസ്ക്കാരമായി വളരുകയും ചെയ്യുന്നുവെന്നതാണ് ഇവിടെ ചർച്ചാവിഷയം.

മാസ്സ് മീഡിയ സ്വാധീനം ക്യാമ്പുകളിൽ ചെലുത്തുന്ന സമ്മർദ്ദം ചില്ലറയല്ല എന്നത് എടുത്തുപറയേണ്ട ഒന്നാണ്. കമ്പ്യൂട്ടർ ആപ്ലിക്കേഷന് പഠിക്കുന്ന ജസ്റ്റിൻ പറയുന്നത് നോക്കൂ: "ഇന്റർനെറ്റ്, ടെലിവിഷൻ, പത്രം തുടങ്ങിയവയുടെ ബാഹുല്യം അത്യാധുനികലോകത്തിന്റെ ഒഴിച്ചു കൂടാനാവാത്തതായി കഴിഞ്ഞിരിക്കുന്നു. പക്ഷേ, യുവജന ഉപഭോക്താക്കൾ ഇവയെ ശരിയാംവണ്ണം ഉപയോഗിക്കാതിരിക്കുന്നതു കൊണ്ട് ഇതൊരു 'മെസ്സ് മീഡിയ' ആകുകയാണിന്ന്."

എന്തൊക്കെയൊണെങ്കിലും അറിവിന്റെയും, വാർത്തയുടെയും, വിനോദത്തിന്റെയും ലോകത്ത് മാദ്ധ്യമങ്ങൾ സാധിച്ചെടുത്ത വിപ്ലവം മനുഷ്യമനസ്സുകളുടെ വികാസത്തിന് ആക്കം കൂട്ടിയിരിക്കുന്നു. അതിനൊരു മറുവശമുണ്ടെന്നത് എഴുതാതിരിക്കാനാവില്ല. അശ്ലീലതയും, അക്രമവും, താണതരം സിനിമകളും വിവിധ മാദ്ധ്യമങ്ങളിൽ സ്ഥാനവും പ്രഥമസ്ഥാനവും പിടിച്ചടക്കിയപ്പോൾ നശിച്ചത് യുവമനസ്സുകളാണ്. ഊർജ്ജം കിനിയേണ്ട ക്യാമ്പസ്സ് മനസ്സുകൾ അഴുകിത്തുടങ്ങിയാൽ സമൂഹത്തിന്റെ ശിഥിലീകരണം തീർച്ച.

''ഞാൻ ബിസിയാ'' എന്നു പറയുന്ന 'സ്മാർട്ട്' പ്രഖ്യാപനം മുതൽ, ക്ലാസ്സിൽ താമസിച്ചെത്തുന്ന കോളേജുകുമാരന് പുറത്താക്കപ്പെടാതെ എങ്ങനെ ബഞ്ചിലിരിക്കാം എന്നുവരെ 'പാഠങ്ങൾ' പഠിപ്പിക്കുന്ന ടെലിവിഷൻ പരസ്യങ്ങൾ, മനുഷ്യന്റെ ഭോവനാവിലാസത്തെയും ക്രിയാത്മകതയെ കാണിക്കുന്നു. അത് ഏതു തരത്തിലാണ് യുവമനസ്സുകളിലെത്തുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും അതിന്റെ വിജയ പരാജയങ്ങൾ.

വിദ്യാർത്ഥിസമൂഹത്തെ പലതരത്തിലാണ് ടെലിവിഷൻ ഇന്റർനെറ്റ്, പത്രങ്ങൾ, മാസികകൾ മുതലായവ വഴിനടത്തുന്നത്. കൊച്ചിയിലെ ഒരു ബി.ടെക് വിദ്യാർത്ഥിനിയായ അൽക്കയ്ക്കു പറയാനുള്ളതിതാണ്, ''ഞങ്ങളിന്ന് വിവിധ വിഷയങ്ങളുടെ കലവറയാണ്. മാനസികസമ്മർദ്ദവും, പഠനഭാരവും, ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠകളും ഒക്കെയായി ചുമടേറുമ്പോൾ ഒരു നനുത്ത ആശ്വാസമെന്നത് ടെലിവിഷനും മറ്റും നൽകുന്ന വിനോദങ്ങൾ മാത്രം.''

'ദ ഹിന്ദു' ദിനപത്രത്തിനു വേണ്ടി അജീഷ് ജേക്കബ്, തേവര സേക്രഡ് ഹാർട്ട്, സെന്റ് തെരേസാസ് തുടങ്ങിയ കോളജുകളിൽ നടത്തിയ സർവ്വേയനുസരിച്ച്, ടെലിവിഷൻ സി.ഡിയെ പുറംതള്ളുന്ന ഈ ക്യാമ്പസുകൾക്ക് സ്റ്റാർ പരിപാടികളോടാണ് കമ്പം. തീർച്ചയായും യേശുദാസാണ് ആ കൗമാരമനസ്സുകളുടെ സംഗീതരാജാവ്. സോണു നിഗത്തിനാണ് രണ്ടാംസ്ഥാനം. മൈക്കൽ ജാക്സനും റിക്കി മാർട്ടിനുമൊക്കെ മ്യൂസിക് ചാനലുകളിലൂടെ 'സെക്സ്' അതിപ്രസരത്തിനു മുതിരുന്നു എന്നാണവർ പറയുന്നത്. FTV, സ്ത്രീവിരുദ്ധ ചാനലാണെന്നും അത് നിർത്തലാക്കണമെന്നും വാദം. വീട്ടിൽ വ്യക്തിബന്ധങ്ങളിൽ വിടവു സൃഷ്ടിക്കുന്ന ടെലിവിഷൻ ഉറക്കത്തെയും, ഭക്ഷണത്തെയും, പ്രാർത്ഥനയെയും വരെ സ്വാധീനിക്കുന്നുണ്ടെന്നാണ് ഈ ക്യാമ്പസുകളുടെ വിലയിരുത്തൽ. ഇക്കാര്യത്തിലും ക്യാമ്പസിൽ വ്യത്യസ്ത അഭിപ്രായക്കാരുണ്ടെന്നതിനു തെളിവാണ്, തേവര കോളജിലെ അരുൺ യോഷിതിന്റെ വാക്കുകൾ: ''ടെലിവിഷൻ ഒരു വിനോദോപാധി മാത്രമാണ്. ഞങ്ങളതിനടിമപ്പെടാറില്ല.''

കേരളക്യാമ്പസുകൾക്ക് ടി.വി പരിപാടികൾ പ്രധാനമായും വിനോദം നല്കുന്നവ അല്ലെങ്കിൽ വിജ്ഞാനം നല്കുന്നവ ആണ്.

'മാദ്ധ്യമങ്ങൾ ഒരു അനുഗ്രഹം' എന്ന വിഷയത്തെകുറിച്ചുള്ള ഡിബേറ്റിനുവേണ്ടി വിദ്യാർത്ഥികൾ 2003-ൽ ഒരു പഠനം നടത്തുകയുണ്ടായി. ഇടപ്പള്ളി, കീഴ്മാട്, തോട്ടുമുഖം, ചുണങ്ങുംവേലി, ചൂണ്ടി, വാഴക്കുളം, കലൂർ, മരട്, കോന്തുരുത്തി, എറണാകുളം തുടങ്ങിയ പത്തു സ്ഥലങ്ങളിൽ നടത്തിയ പഠനഫലങ്ങളിൽ ചിലതാണ് തുടർന്ന്.

സർവ്വേ ഫലം*

1. നിങ്ങൾ ടെലിവിഷനിൽ അധികവും കാണുന്ന പരിപാടികൾ
   - a. വിനോദപരം - 43%
   - b. വിജ്ഞാനപ്രദം - 25%
   - c. രണ്ടും - 32%
2. വസ്ത്രധാരണത്തിൽ നിങ്ങൾ ടെലിവിഷനെ അനുകരിക്കാറുണ്ടോ?
   - a. ഉണ്ട് - 47%
   - b. ഇല്ല - 24%
   - c. ചിലപ്പോൾ - 29%
3. ടെലിവിഷനിലെ പരസ്യ സ്വാധീനം മാതാപിതാക്കളിൽ സമ്മർദ്ദം ചെലുത്താൻ നിങ്ങളെ പ്രേരിപ്പിക്കാറുണ്ടോ?
   - a ഉണ്ട് - 50%
   - b. ഇല്ല - 16%
   - c.. ചിലപ്പോൾ - 34%
4. ടെലിവിഷൻ നിങ്ങളുടെ ദൈനംദിനം പ്രവർത്തനങ്ങളെ ബാധിക്കാറുണ്ടോ?
   - a. ഉണ്ട് - 49%
   - b. ഇല്ല - 20%
   - c. ചിലപ്പോൾ - 31%

*കടപ്പാട് : (മാഗസിൻ കമ്മറ്റി)

ഫൈനൽ എഡിറ്റ്

വിവരസാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം ഇന്ന് മറ്റുപല ഗുണങ്ങളും ദോഷങ്ങളും ഉളവാക്കാറുണ്ട് എന്നതിനുള്ള തെളിവാണ് മുകളിൽ കാണുന്ന പഠന ഫലം.

അറിവ്

Sujitha Devi K.S.
I Bcom

കേരള സമൂഹം നേരിടുന്ന പ്രതിസന്ധികൾ

കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ ശ്രീ. സക്കറിയക്ക് തേവര സെക്രഡ് ഹാർട്ട് കോളേജിലെ യുവതിയുവാക്കളോടും കൗമാരകുസുമങ്ങളോടും ഒരുതിരി പറയാനുണ്ടായിരുന്നു. ക്യാമ്പസെന്നതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് നമ്മുടെ സംസ്ഥാനവും. കേരളത്തിൽ നടക്കുന്നവയുടെ പ്രതിഫലനങ്ങൾ തന്നെ ക്യാമ്പസിലും കാണുക. കേരളത്തിന്റെ പോക്കുകണ്ടുള്ള വിലാപമല്ലിത്. സക്കറിയയുടെ അർത്ഥവത്തും സത്യസന്ധവുമായ പ്രഭാഷണം, ആലപ്പുഴ സ്വദേശിനി സുജിത, തന്മയത്വത്തോടെ പ്രഭാസരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

സ്വച്ഛവും സ്വതസിദ്ധവുമായ രീതിയിൽ സമൂഹത്തിലെ അനീതിക്കെതിരെ പ്രതികരിക്കുന്ന വാഗ്മിയും സാഹിത്യകാരനുമാണ് ശ്രീ സക്കറിയ. രാഷ്ട്രീയക്കാരുടെ കയ്യാങ്കളിക്കെതിരെ മുഖം നോക്കാതെ, ഉയർന്ന ശിരസ്സോടെ, നിവർന്ന നട്ടെല്ലോടെ അദ്ദേഹം പ്രതികരിക്കാറുണ്ട്. ഈ ചടുലമായ വ്യക്തിത്വം അദ്ദേഹത്തിന് ധാരാളം ബഹുമതികൾ നേടിക്കൊടുത്തിട്ടുണ്ട്, ഒപ്പം വിരോധികളും.

കേരള സമൂഹം നേരിടുന്ന പ്രതിസന്ധികൾ എണ്ണിയാലൊടുങ്ങാത്തതാണ്. അവയെക്കുറിച്ച് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലേക്ക് നമുക്ക് കടന്നു ചെല്ലാം.

കേരളം നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനം 'മലയാളി എന്ന ആളുണ്ടോ?' എന്നതു തന്നെ. ഹിന്ദുക്കൾ, മുസ്ലീംങ്ങൾ, ക്രിസ്ത്യാനികൾ എന്നിവരും, മറ്റ് സംഘടനകളും നിറഞ്ഞു നിൽക്കുന്നതിനാൽ കേരളത്തിൽ, മലയാളിയെ കാണാനാവുന്നില്ലെന്ന് അദ്ദേഹം അഭിപ്രായപെടുന്നു.

മാതൃഭാഷ പഠിപ്പിക്കാൻ മടികാട്ടുന്ന മാതാപിതാക്കളാണ് ഇന്ന് കേരളത്തിലധികവും. മലയാളികൾ മലയാള ഭാഷയെ അവഗണിച്ചുകൊണ്ട്, ആംഗലേയ ഭാഷയ്ക്കും മറ്റ് വിദേശ ഭാഷകൾക്കും പ്രാധാന്യം കൊടുക്കുന്നു. ഇത് മലയാളിയുടെ വിവേക ശൂന്യതയാണ് വ്യക്തമാക്കുന്നത്. കാരണം വിദേശ രാജ്യങ്ങളിൽ സ്വന്തം രാജ്യത്തിന്റേതല്ലാത്ത ഭാഷകളൊന്നും തന്നെ ഉപയോഗിക്കുവാൻ അവർ തയ്യാറല്ല.

കേരളം നേരിടുന്ന മറ്റ് പ്രതിസന്ധികളാണ് കുന്നുകൂടുന്ന മാലിന്യങ്ങളും, കൊതുകും. ചപ്പുചവറുകൾ മൂലം ചീഞ്ഞുനാറുന്ന കൊച്ചിയിലാണ് കൊതുക് കൂടുതലായി കാണപ്പെടുന്നത്. എങ്കിലും ഇതിന്റെ നശീകരണത്തിനായി സർക്കാർ യാതൊന്നും ചെയ്യാത്തത് അദ്ദേഹത്തെ കുപിതനാക്കുന്നു. ഹാസ്യത്തിന്റെ കൈയ്യും പിടിച്ച് അദ്ദേഹം പറയുന്നതിങ്ങനെ, "അൻപതു വർഷം കഴിയുമ്പോൾ, കൊതുകു കടി പെരുകി, കൊതുകുമായി രക്തകൈമാറ്റം നടത്തി, കൊച്ചിക്കാർ തന്നെ കൊതുകുകളായി മാറും," എന്നാണ്.

ട്രാഫിക് നിയമങ്ങൾ പാലിക്കപ്പെടാത്തതും കേരളത്തിന്റെ വലിയ പ്രതിസന്ധി തന്നെയാണെന്ന് ശ്രീ. സക്കറിയ വ്യക്തമാക്കുന്നു. കാരണം ഇത് കേവലം ട്രാഫിക് പ്രശ്നം മാത്രമല്ല. നമ്മുടെ സംസ്ക്കാരത്തിന്റെ കൂടി പ്രശ്നമാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. പാരമ്പര്യവും കച്ചേരി, ഭരതനാട്യം എന്നിവപോലുള്ള കലകളും അടങ്ങുന്നതാണ് സംസ്ക്കാരം എന്ന് നമ്മുടെ രാഷ്ട്രീയ നേതാക്കൻമാർ പറയുമ്പോൾ, ശ്രീ. സക്കറിയ അതിനെ എതിർക്കുന്നു. ക്യൂ പാലിക്കാത്തതും, സ്ത്രീകൾക്ക് രാത്രിയിൽ സഞ്ചാര സ്വാതന്ത്ര്യമില്ലാത്തതും, കൈക്കൂലി കൊടുക്കുന്നതും, കൊടുക്കുവാൻ പ്രേരിപ്പിക്കുന്നതും മലയാളിയുടെ സംസ്കാരശൂന്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. "പ്രതിദിനം മൂവായിരം മുതൽ നാലായിരം പേർ വരെ മരിക്കുന്നു. പക്ഷേ സുനാമി വന്നപ്പോൾ പത്രം കൊട്ടിഘോഷിച്ചു. ഇതാണത്രെ നമ്മുടെ സംസ്കാരം," എന്ന് അദ്ദേഹം പറയുന്നതിൽ നാം ഒട്ടും തന്നെ അത്ഭുതപ്പെടേണ്ടതില്ല.

വേദികളിലെ കലാപ്രകടനമല്ല മലയാളിയുടെ സംസ്ക്കാരം. ജീവിതമാണ് നമ്മുടെ സംസ്ക്കാരം. വ്യക്തിബന്ധങ്ങളിലെ പരിശയാണ് സംസ്ക്കാരം. സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യമായിരിക്കണം, യഥാർത്ഥത്തിൽ സംസ്ക്കാരത്തിന്റെ ആണിക്കല്ല് എന്ന് അദ്ദേഹം നമ്മെ ഓർമ്മപെടുത്തുന്നു.



ശ്രീ. സക്കറിയയ്ക്ക് സ്വാഗതം

മതങ്ങളും മറ്റ് സംഘടനകളും ഐസ്ക്രീം പാർലർ, പ്ലാച്ചിമട പോലുള്ള നിസ്സാര കാര്യങ്ങളിൽ തലയിട്ട് പ്രശ്നങ്ങൾ വഷളാക്കാതെ, അവരുടെ പ്രഭാഷണങ്ങളിലൂടെ എന്തുകൊണ്ട് സ്ത്രീകൾക്ക് സഞ്ചാരസ്വാതന്ത്ര്യം നേടിക്കൊടുക്കുന്നില്ല? മദ്യത്തിന് വിലകുറച്ച് നൽകുന്ന കേരള സർക്കാർ, അനേകം ദരിദ്രരുള്ള നമ്മുടെ നാട്ടിൽ എന്തുകൊണ്ട് മരുന്നിന് വിലകുറച്ച് കൊടുക്കുന്നില്ല ? പ്ലാച്ചിമടയിൽ തടിച്ചുകൂടിയതുപോലെ, എന്തുകൊണ്ട് ഔഷധശാലകൾക്കുമുന്നിൽ രാഷ്ട്രീയക്കാർ തടിച്ചുകൂടുന്നില്ല? മലയാളികൾ ഗഹനമായി ചിന്തിക്കേണ്ടതും ഉത്തരം കണ്ടെത്തേണ്ടതുമായ ചോദ്യങ്ങളാണിതെന്ന് അദ്ദേഹം പറയുന്നു. ഇവയെല്ലാം നമ്മുടെ സംസ്കാരത്തിന്റെ പ്രശ്നമായിട്ടും, കേരളം ഇതിനെ ഒരു നിയമ പ്രശ്നമായി കണക്കാക്കുന്നു.

വീട്ടിനുള്ളിലെ പെരുമാറ്റവും, സമൂഹത്തിലെ പെരുമാറ്റവും മലയാളിയെ സംബന്ധിച്ച് തികച്ചും വ്യത്യസ്തമാണ്. ഇത് സമൂഹത്തിൽ വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. വ്യാജൻമാരായ ചില വ്യക്തികളെ നാം ആത്മാത്മികതയുടെ പ്രതിരൂപമായി കണക്കാക്കുന്നത്, നാമുൾപ്പെടെയുള്ള മലയാളികളുടെ സംസ്ക്കാര ശൂന്യതയെയാണ് കാണിക്കുന്നത് എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. യഥാർത്ഥത്തിൽ ജീവിതം തന്നെയാണ് സംസ്ക്കാരമെന്നും അതിനുശേഷം മാത്രമേ കലയും മറ്റും വരാവൂ എന്നും അദ്ദേഹം വ്യക്തമാക്കുന്നു.

കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന യുവജന സംഘടനകളെല്ലാം തന്നെ രാഷ്ട്രീയത്തിന്റെ വെറും അനുകരണം മാത്രമാണ്. ഈ സംഘടനകൾക്ക് പ്രത്യേകലക്ഷ്യമോ പദ്ധതിയോ ഇല്ല. രാഷ്ട്രനിർമ്മാണം, അതായത് സാമൂഹ്യ നിർമ്മാണമായിരിക്കണം യഥാർത്ഥ രാഷ്ട്രീയം ലക്ഷ്യമാക്കേണ്ടത് എന്ന ഉപദേശമാണ് അദ്ദേഹം നമുക്ക് തരുന്നത്.

മുൻ കാലങ്ങളിലെ രാഷ്ട്രീയത്തിൽ, ഗാന്ധിജിയെ പോലുള്ളവർ രാഷ്ട്രീയത്തെ കണക്കാക്കിയതും നടത്തിക്കൊണ്ട് പോന്നതും ഒരു പ്രസ്ഥാനമായിട്ടാണ്. ആധുനിക രാഷ്ട്രീയം പ്രൊഫഷണൽ പൊളിറ്റിക്സ് ആയി മാറിയിരിക്കുകയാണ്. ഇത് സ്വതന്ത്ര്യസമരകാലത്ത് നിലനിന്നിരുന്നതിന്റെ പിൻതുടർച്ചയോ പാരമ്പര്യമോ അല്ല. ആധുനിക രാഷ്ട്രീയക്കാരുടെ പ്രതിച്ഛായ കൂടുതൽ വഷളാക്കുവാൻ സഹായിക്കുന്നത് മാധ്യമങ്ങളാണ്. ഗാന്ധിജിയെപ്പോലുള്ള നേതാക്കൻമാരാണ് തങ്ങളും എന്ന മിഥ്യാധാരണ മാധ്യമങ്ങളുടെ സഹായത്തോടെ ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുക മാത്രമാണ് രാഷ്ട്രീയ നേതാക്കൻമാർ ചെയ്യുന്നത്. കേരളജനത കരുണാകരനെ "ലീഡർ" എന്ന് വിളിക്കുന്നതും മാതാ അമൃതാനന്ദമയിയെ 'ആദ്ധ്യാത്മികതയുടെ പ്രതിരൂപ'മായി ആരാധിക്കുന്നതും ജനങ്ങളിൽ വളർന്ന മിഥ്യാ ധാരണയ്ക്ക് ഉദാഹരണമാണ്.

സഖറിയ തള്ളിപ്പറയുന്നത് അരാഷ്ട്രീയസംസ്ക്കാരത്തെയാണ് . യഥാർത്ഥ രാഷ്ട്രീയത്തെയല്ല.ഒരു നവോത്ഥാനം നാം ആഗ്രഹിക്കുന്നെങ്കിൽ ഇന്നു നിലനില്ക്കുന്ന രാഷ്ട്രീയത്തെ ചോദ്യം ചെയ്തേ മതിയാവൂ എന്ന നിലപാടിലാണ് സഖറിയ.

മൂന്ന് കോടി ജനങ്ങളടങ്ങുന്ന കേരളത്തെ ഒരു കമ്പനി ആയി കണക്കാക്കുകയാണെങ്കിൽ, ഈ മൂന്നു കോടി ജനങ്ങളാവണം കമ്പനിയുടെ ഡയറക്ടർ ബോർഡ്. ഈ ഡയറക്ടർ ബോർഡ് നിയമിക്കുന്ന ജീവനക്കാരായിരിക്കണം രാഷ്ട്രീയക്കാർ. എന്നാൽ, തങ്ങൾ നിയമിച്ച ജീവനക്കാരാകുന്ന രാഷ്ട്രീയക്കാരുടെ മുന്നിൽ മുട്ടുകുത്തുന്ന ഡയറക്ടർ ബോർഡിനെയാണ് ഇന്ന് നമുക്ക് കാണാനാവുക. തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ വേണ്ടി വന്ന നിക്ഷേപത്തിന്റെ മുതലും പലിശയും കൂട്ടുപലിശയും കണ്ടെടുക്കുന്നതിനൊപ്പം തന്നെ, അടുത്ത തെരഞ്ഞെടുപ്പിൽ തോറ്റാൽ ആ അഞ്ച് വർഷം കൂടി സുഖമായി ജീവിക്കുന്നതിനുള്ള വകയും സമ്പാദിക്കുന്നു. ഇത് കേവലം രാഷ്ട്രീയ തകർച്ചയാണ് വ്യക്തമാക്കുന്നത്.

അദ്ദേഹം തന്റെ കാഴ്ചപ്പാടുകൾ പറഞ്ഞവസാനിപ്പിച്ചത് , നമ്മുടെ സാംസ്ക്കാരിക നായകൻമാർ എങ്ങനെയാവണം എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ആണ്. സമൂഹത്തിൽ നടക്കുന്ന സംഭവങ്ങളെ അപ്പപ്പോൾ തന്നെ, തലച്ചോറുമായും ജീവിതമായും ബന്ധപ്പെടുത്തുന്നവരായിരിക്കണം സാംസ്ക്കാരിക നായകൻമാർ. അതായത്, അന്നന്നുള്ള സംഭവങ്ങളെക്കുറിച്ച് അറിവ് നേടുന്നവരും പ്രശ്നങ്ങളുടെ പരിഹാരത്തിനായി ശ്രമിക്കുകയും ചെയ്യുന്നവരായിരിക്കണം അവർ.

പ്രതിസന്ധികളിൽ തളരുന്ന, തകർന്നു പോകുന്ന കേരളത്തെക്കുറിച്ച് ആധുനികതാമൂഹം ഗഹനമായി ചിന്തിച്ചേ മതിയാകൂ. എന്നാൽ മാത്രമേ സംസ്കാരവും സന്തോഷവും നിറഞ്ഞ കേരളത്തെ രൂപപ്പെടുത്താൻ കഴിയുകയുള്ളൂ. അതിനായി, കൂടുതലായി ചിന്തിക്കാൻ കഴിയുന്നതും ചെയ്യാൻ കഴിയുന്നതും യുവജനങ്ങളായ, നാളെയുടെ പൗരൻമാരാകേണ്ട വിദ്യാർത്ഥികളായ നമുക്കാണ്. നൻമകൾ നിറഞ്ഞ കേരളത്തെ വികസനത്തിന്റെ പാതയിലേക്കെത്തിക്കാൻ നമുക്ക് ശ്രമിക്കാം.

ഫൈനൽ എഡിറ്റ്

ഇനിയെന്തു പറയണം!.

വീണ്ടും ചില മൊബൈൽ ഫോൺ ചിന്തകൾ...

കാംപസുകളിലെ മൊബൈൽ ഫോൺ വിവാദത്തിന്റെ പശ്ചാത്തലത്തിൽ, ഒരു സംഘം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ 2005 ഫെബ്രുവരിയിൽ നടത്തിയ സർവ്വേഫലം. ഉപയോഗമല്ല, ദുരുപയോഗമാണ് ഇവിടെ എതിർക്കപ്പെടുന്നത്. (2005 ഫെബ്രുവരി മുന്ന് മലയാള മനോരമ 'കാംപസ് ലൈനി'ൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.)

പ്രിയപ്പെട്ട മൊബൈൽ ഫോൺ,
ബോറടിയെ ആനന്ദത്തിന്റെ മണിയടികളാക്കി നീ
ആയാസമുള്ള കത്തുകളെ അനായാസ എസ്.എം.എസുകളാക്കി,
പിന്നീട് കമിതാക്കൾക്ക് പ്രിയതോഴനായി,
മാതാപിതാക്കളുടെ വിശ്വസ്തദൂതനായി,
ആപത്ഘട്ടങ്ങളിൽ ഉറ്റസുഹൃത്തായും,
കീശകൾക്ക് അലങ്കാരമായ് നീ തിളങ്ങി.
എന്നിട്ടിപ്പഴോ?

വരിഷ്ക്കാരത്തെ നിറമനസ്സോടെ സ്വീകരിച്ച ഈ ക്യാംപസുകളിൽ നിന്നും നിന്നെ തുരത്തിയോടിക്കാനുള്ള സംഘടിതനീക്കങ്ങൾക്ക് പദ്ധതിയൊരുങ്ങി കഴിഞ്ഞു! എന്നിട്ടും എന്തുകൊണ്ട് പ്രതികരിക്കുന്നില്ല? നീ ഓഫോ അതോ ഔട്ട് ഓഫ് റേഞ്ചോ?

ഈ കോലാഹലങ്ങളെ നീ അവഗണിച്ചാലും ഞങ്ങൾക്ക് നിന്നെ ഉപേക്ഷിക്കാൻ കഴിയില്ലല്ലോ. കാരണം നീയാകുന്നു യുവത്വത്തിന്റെ പരിഭവങ്ങളുടേയും കൊഞ്ചലുകളുടേയും ഇലക്ട്രോണിക്ക് നാദം! നിന്നെയും വഹിച്ചുനടക്കുന്ന നിന്റെ മുതലാളിമാരായ ചെറുപ്പക്കാരുടേയും, നിന്നെ ഉപയോഗിക്കാത്തവരുടേയും, മനസ്സിലിരിപ്പറിയാൻ ഞങ്ങൾ സേക്രഡ് ഹാർട്ട് കോളേജിലെ, ഒരു സംഘം വിദ്യാർത്ഥിവിദ്യാർത്ഥിനികൾ, സർവേക്കായി ഇറങ്ങിത്തിരിച്ചു. സർവേഫലം നിനക്കനുകൂലമായിരുന്നുവെന്ന് സന്തോഷപൂർവ്വം അറിയിച്ചുകൊള്ളട്ടെ.

നഗരത്തിലെ പ്രശസ്തകലാലയങ്ങളായ ഗവൺമെന്റ് ലോ കോളേജ്, സെന്റ് തേരേസാസ്, സേക്രഡ് ഹാർട്ട്, സെന്റ് ആൽബർട്സ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ്, ഭാരത് മാതാ എന്നിവിടങ്ങളിലാണ് നിന്റെ ജനസമ്മതി ഞങ്ങൾ പരീക്ഷിച്ചത്. ക്യാമ്പസുകളിലെ 71% ചെറുപ്പക്കാരും സംശയലേശമന്യേ നിനക്ക് പിന്തുണ പ്രഖ്യാപിച്ചു. ബാക്കി 29% എന്തുകൊണ്ട് നിനക്കെതിരെ എന്നല്ലേ നീയിപ്പോൾ ആലോചിക്കുന്നത് ? പലരും നിന്നെ നന്മകൾക്കുപയോഗപ്പെടുത്തുമ്പോഴും ചിലർ നിന്നെ ചൂഷണം ചെയ്തതോർക്കുന്നില്ലേ? നിന്നിൽ ഘടിപ്പിച്ച ക്യാമറക്കണ്ണുകൾ എത്ര പെൺകുട്ടികളുടെ ജീവിതമാണ് താറുമാറാക്കിയത്. ഇത്തരം സംഭവങ്ങൾക്ക് നീ ഒരു പ്രധാന കാരണമാകുന്നുണ്ടെന്ന് 63% പേരും തലകുലുക്കി സമ്മതിക്കുന്നു. നിന്റെ ദുരുപയോഗം വ്യാപകമാണെന്ന് വിശ്വസിക്കുന്നവർ 61% പേരാണ്.

ഈ ആരോപണങ്ങളെ അടിസ്ഥാനരഹിതമെന്ന് മുദ്രകുത്തി അകറ്റി നിറുത്താൻ നിനക്ക് കഴിയില്ല. കാരണം, സമകാലികയാഥാർത്ഥ്യങ്ങൾ അത് തെളിയിക്കുന്നു. നിന്റെ ഉപയോഗം നിയന്ത്രിക്കാൻ കഴിയാത്തവരുടെ കയ്യിലകപ്പെട്ടതിന്റെ അനന്തരഫലം! പോക്കറ്റുകളിലും ബാഗുകളിലുമിരുന്നു 'കണ്ണും കയ്യും' കാണിക്കുന്ന നിന്നെ, കൊണ്ടുനടക്കുന്നത് 'സ്റ്റേറ്റസ് സിംബലാ'യി 24% പേരും കരുതുന്നു. ബുദ്ധിശക്തിയേയും കലാവാസനകളേയും നിലംപരിശാക്കി, ആഡംബരങ്ങളും പൊങ്ങച്ചവും കൊണ്ട് ക്യാംപസ് ശ്രദ്ധ പിടിച്ചുപറ്റുന്ന ഈ കാലഘട്ടത്തിൽ, ഈ ശതമാനം നന്നെ കുറവാണെന്നാണ് തോന്നുന്നത്.

അന്വേഷണം

ആർഭാടം ക്യാമ്പസിന്റെ റിങ്ട്ടോണായി മാറിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും 67% പേർ സാക്ഷ്യപ്പെടുത്തുന്നത്, തങ്ങളുടെ പ്രതിമാസ സെൽഫോൺ ബില്ലുകൾ 500 രൂപയിൽ താഴെ നിൽക്കുന്നുവെന്നാണ്. 20% പേർക്ക് 500 നും 1000നും മദ്ധ്യേയും, 13% പേർക്ക് 1000ൽ കവിഞ്ഞും ബില്ലുവരുന്നു. നിന്റെ ബില്ലടയ്ക്കാൻ വേണ്ടി മാതാപിതാക്കളുടെ മുന്നിൽ കൈനീട്ടുക എന്ന മാർഗം തന്നെയാണ് 58% പേരും അവലംബിക്കുന്നത്. 12% പേർ മാത്രമാണ് പാർട്ട്-ടൈം ജോലികളിലൂടെ സ്വയം മൊബൈലാകാൻ ശ്രമിക്കുന്നത്.

സുഹൃദ് ബന്ധങ്ങളെ ദൃഢമാക്കുന്നതിൽ നീയൊരു സുപ്രധാന പങ്ക് വഹിക്കുന്നുവെന്ന് 62% പേരും സാക്ഷ്യപ്പെടുത്തുന്നു. നിന്റെ റിങ്ട്ടോണുകളുടെ കിളിനാദവും, നിന്നിലുടെപറക്കുന്ന എസ്.എം.എസുകളും ഒരുപക്ഷെ ചെറുപ്പക്കാരെ കൂടുതലടുപ്പിക്കുന്നുണ്ടാകും. പക്ഷെ, നീ സംസാരിക്കുന്ന എസ്. എം. എസ്., ആശയവിനിമയത്തിന്റെ എല്ലാ മര്യാദകളേയും കാറ്റിൽ പറത്തുന്നു എന്ന് പരാതി ഉയർന്നിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷയുടെ പദഘടന അപ്പാടെ മാറ്റിമറിച്ച നീ, ഒരു അഭിനവ ഷേക്സ്പിയറാവാൻ ശ്രമിക്കുകയാണോ? നിന്റെ നിത്യമായ ഉപയോഗം വന്ധ്യത പോലുള്ള ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെ ക്ഷണിച്ചുവരുത്തുമെന്നുള്ള സത്യം 16% പേരുടെ ഉപയോഗത്തെ സ്വാധീനിച്ചിട്ടുണ്ട്.

എങ്കിലും ഭൂരിഭാഗം കൗമാരക്കാരും മൊബൈൽഫോൺ നിരോധനത്തെ എതിർക്കുന്നുവെന്ന് നിനക്കഭിമാനിക്കാം. പ്രണയപാരവശ്യത്താൽ വീർപ്പുമുട്ടുന്ന കമിതാക്കൾക്ക് ആശ്വാസമായെത്തിയത് കൊണ്ടു തന്നെ നിന്നെ കൈവെടിയാൻ ചെറുപ്പക്കാർ ഒന്നു മടിക്കും. എന്നാൽ പഠനത്തേയും കോളേജ് അച്ചടക്കത്തിനേയും ബാധിക്കുന്ന തരത്തിൽ നീ വാണാൽ, കേളോജുകളിൽ നിന്നും നിന്നെ നാമാവശേഷമാക്കാൻ ഭരണകൂടത്തിനും അധികൃതർക്കും അധികം ബുദ്ധിമുട്ടൊന്നുമില്ല. ജാഗ്രതൈ!

Prepared by

Hariprasad Anju Namitha Sherin Lakshmi Vrinda Saigal Swathy

I. B.A. Copy Editors

ഫൈനൽ എഡിറ്റ്

ഹൃദയത്തോടൊപ്പം മിടിക്കാനൊരു യന്ത്രം! മാനുഷികചാരുത യാന്ത്രികത്വത്തിനു വഴിമാറാതിരുന്നാൽ നന്ന്.

Sean Xavier
Edappally
I Bcom

WITH INTEREST FOR EVER

Men are generally smart and intelligent. They calculate well about their life and are highly adaptive to the varying circumstances. But, when it comes to the choice of a life partner, most go out of business bitterly.

What men usually look for are, girls who appear charming and who hail from a rich family. Men should be aware, that when they tie the knot on such girls, together with them and a whole lot of money, what accompanies is life-long miseries. They must give due importance to her character. This matter has to be narrated more precisely.

The first and foremost phenomenon of which he must be cautious is, 'she must not be a feminist'. They can turn your life into nothing better than hell. They will get you bored with the terms 'freedom and equality' over anything and everything.

Girls who are a little shy, with not too much guts and boldness and with fear for husband will be more loveable. Keep away from girls who moan and quarrel every now and then. Life is not so long, to waste time disputing. Highly intelligent girls are also quite harmful. They will put you in the back seat in every subject. They can also arrest you in all your 'mischief'.

A little bit of knowledge about cooking would always be fine. The minimum requirement is that she must be able to cook some food for you and not vice versa. It is also desirable to have some skills in beautifying the house and not make a mess of it.

It is preferable that she be very silent and quiet in nature. On the contrary, if she uses her communication skills to indulge in gossips, it can invite more trouble. Complete 'no' to big mouths.

Make sure that she does not hail from a family richer than yours. Her costumes and cosmetics won't fit within your budget. So also, she must not be an addict to TV soaps, because, such girls don't find any difference between drama and real life.

Fairness need not be a great deal. But, long and black hair is a must.

Before finalizing your **WIFE**, make sure she complies with all these doctrines. Otherwise, as some say, **WIFE** is going to be Worries Invited For Ever and your life will obviously be in a ?????

"മാനസികനിലയുടെ വിശകലനത്തിൽ ഒന്നിനും അന്തിമമായ ഉത്തരമില്ല."
(Gran Lacan's *Return to Freud*).

WITH INTEREST FOR EVER

Survey 2005

This is no Kidding !

Our College is a mixture of both village and the city. Here is the result of a survey conducted among the students here, who age eighteen and above. What do they prefer most in their future husband or wife?

(The Survey was conducted by the Magazine committee).

	Position	Ladies (%)	Gents (%)
1	Good Job, Salary	5.19	0
2	Beauty	0.54	4.96
3.	Loving	17.48	26.24
4	Highly Educated	4.37	2.12
5	Good Character	72.40	66.66

"If your beauty is lost, nothing is lost.
If your wealth is lost, something is lost.
If your character is lost everything is lost."

ലേഖനം

മലയാളിക്കു മാതൃകയായി ഒരു തമിഴ് കോളനി !

കോളനി എന്നുകേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് കടന്നുവരുക, ചെറിയകുടിലുകൾ തിങ്ങിനിറഞ്ഞ ജനനിബിഡമായ ഒരു പ്രദേശമാണ്. നഗരത്തിന്റെ അഴുക്കുചാലുകളായിട്ടാണ് പൊതുവെ സമൂഹം കോളനികളെ നോക്കികാണുന്നത്. ദുർഗന്ധം വമിക്കുന്ന പാതയോരങ്ങളും ഓടകളും എല്ലാ കോളനികളുടേയും ശാപമാണ്. കുടിവെള്ളമാണെങ്കിൽ അനുയോജ്യമാകണമെന്നില്ല. അഴുക്കുചാലുകളിൽ മുട്ടയിട്ടുവളരുന്ന രോഗാണുക്കളാണ് ചേരിയുടെ അടുത്ത ശത്രു. ഇത്രയും മതി ഒരു കോളനിയുടെ ഏകദേശം രൂപംകിട്ടാൻ. എന്നാൽ കൊച്ചി പറയുന്ന കഥ വ്യത്യസ്തമാണ്. അത്ഭുതപ്പെടേണ്ടതില്ല. അത് വേറെവിടെയുമല്ല. തേവര കോളേജിന്റെ പിൻവശത്തുള്ള കായൽ കടന്ന് അപ്പുറത്തെത്തിയാൽ ദക്ഷിണമേഖല നേവി ആസ്ഥാനം. അതിന് എതിർവശത്ത് തമിഴ് വംശജർ തിങ്ങിപാർക്കുന്ന

സോഷ്യോളജി വിദ്യാർത്ഥികളും എത്നിറോറിയൽ ബോർഡ് അംഗങ്ങളും വാത്തുരുത്തിയിൽ

ഒരു കോളനിയുണ്ട്. 'വാത്തുരുത്തി കോളനി.' വീടുകൾ മിക്കതും മലയാളികളുടേതാണെങ്കിലും താമസക്കാരിൽ എഴുപതുശതമാനവും തമിഴർ തന്നെയാണ്.

കോളനിയുടെ രൂപീകരണത്തെകുറിച്ച് കോളനിവാസിയായ ഒരു മലയാളി പറയുന്നത് ഇങ്ങനെയാണ്. വർഷങ്ങൾക്ക് മുമ്പ്, ഇന്ന് കോളനി സ്ഥിതി ചെയ്യുന്ന സ്ഥലം മുഴുവനും ധനികരായ സേട്ടുമാരുടെ കൈവശമായിരുന്നു. കൊച്ചിൻ പോർട്ടുവക സ്ഥലങ്ങളും ഉണ്ടായിരുന്നു. ഈ സ്ഥലങ്ങളെല്ലാം തന്നെ ഉപയോഗശൂന്യമായ ചതുപ്പുനിലങ്ങളായിരുന്നു. മത്സ്യബന്ധനം നടത്തുവാനായി എത്തിയ അരയവംശജരാണ് ആദ്യമായി ഇവിടെ താമസമുറപ്പിച്ചത്. പിന്നീട് കൊച്ചിയുടെ വളർച്ചയും തൊഴിൽ സാധ്യതകളും ധാരാളം തൊഴിലാളികളെ ഇങ്ങോട്ടാകർഷിച്ചു. നിലങ്ങൾ നികത്തി അവർ സ്ഥിരതാമസമുറപ്പിച്ചു. കൊച്ചിയിലേക്ക് പോയി വരുവാനുള്ള സൗകര്യമായിരിക്കണം ഈ പ്രദേശം തിരഞ്ഞെടുക്കുവാൻ ഇവരെ പ്രേരിപ്പിച്ചത്.

ഇതിനകം, തമിഴ്നാട്ടിലെ തൊഴിൽദാരിദ്ര്യത്തിൽ നിന്നും രക്ഷപ്പെടാൻ തമിഴർ കേരളത്തിലേക്ക് എത്തിതുടങ്ങിയിരുന്നു. അങ്ങനെ വാത്തുരുത്തിയിൽ തമിഴരുടെ ഒരു കോളനി രൂപംകൊള്ളുകയായിരുന്നു. ഇവിടെ പണിക്കുവന്ന തമിഴർക്ക് ഇവിടം സ്വർണ്ണം വിളയുന്ന വീടായി. പക്ഷേ, ഇന്ന് ഈ സ്ഥലത്തെ ഒരു പുറംപോക്കുപോലെയും, ഇവിടെ താമസിക്കുന്നവരെ പുറത്താക്കപ്പെട്ടവരായും ആണ് പരിഷ്കൃതസമൂഹം വീക്ഷിക്കുന്നത്. വാത്തുരുത്തിവാസികളെ ഈ സമീപനം കുറച്ചൊന്നുമല്ല വിഷമിപ്പിക്കുന്നത്.

കൊച്ചിയിൽ ഒരു തമിഴ് കോളനി രൂപം കൊണ്ടത് എങ്ങനെ? അവരെ ഇവിടെത്തന്നെ പിടിച്ചുനിർത്തുന്ന വസ്തുതകൾ ? ഇനിയൊരു തിരിച്ചുപോക്ക് ഉണ്ടാകുമോ? അങ്ങനെ ഉത്തരം തേടുന്ന ഒരുപാട് ചോദ്യങ്ങളുമായാണ് സോഷ്യോളജി വിദ്യാർത്ഥികളും, കോളജ് മാഗസിൻ എഡിറ്റോറിയൽ ബോർഡംഗങ്ങളും കോളനിയിലേക്ക് തിരിച്ചത്. അന്നൊരു ഞായറാഴ്ചയായിരുന്നു. വാത്തുരുത്തിയിൽ എത്തിയ ഞങ്ങളെ കാത്തിരുന്നത്, പ്രതീക്ഷിക്കാത്തതും വ്യത്യസ്ഥവുമായ അനുഭവങ്ങളായിരുന്നു. 'വ്യത്യസ്തമായ ഒരു തമിഴ്കോളനി' എന്നു ഞങ്ങൾ കേട്ടിരുന്നു. ഈ അറിവുകളാണ് ഇവിടെ സന്ദർശിക്കുവാൻ ഞങ്ങളെ പ്രേരിപ്പിച്ചതും.

ഇനി നമുക്ക് കോളനിയുടെ അകത്തളങ്ങളിലൂടെ സഞ്ചരിക്കാം. ഏകദേശം മുന്നൂറ്റിഎൺപത് കുടുബങ്ങൾ ഇവിടെ താമസിക്കുന്നുണ്ട്, എന്നു കേൾക്കുമ്പോൾ നമുക്ക് അത്ഭുതം തോന്നാം. ഇടദിവസങ്ങളിൽ തെരുവിലെ തിരക്കുകണ്ടാൽ, തമിഴ്നാട്ടിലെ ഏതെങ്കിലും ഒരു തെരുവാണെന്നേ നമുക്കുതോന്നു. തമിഴർ തിങ്ങിപാർക്കുന്ന ഒരു കോളനിയായത് കൊണ്ടാണ് സമൂഹം ഇവരെ അകന്ന കോണിൽ നിന്നും വീക്ഷിക്കുന്നത്. സമൂഹത്തിന്റെ ഇത്തരം പ്രവണതകൾ പല കോളനികളെയും സാധാരണ സമൂഹത്തിൽ നിന്നും വേർതിരിച്ചുനിർത്തുന്നു. അങ്ങനെ അവർ വ്യത്യസ്ഥരായി മാറുന്നു. അങ്ങനെ സാമൂഹിക അസമത്വങ്ങളുടെ കറുത്ത അദ്ധ്യായങ്ങളായി ഈ കോളനി മാറുന്നു. അതോടൊപ്പം അവിടെ താമസിക്കുന്ന മനുഷ്യരും.

വാത്തുരുത്തി കോളനിയുടെ ഇടവഴികളിലൂടെ നടക്കുമ്പോൾ ചേരിയുടെ യാതൊരുവിധ അഴുക്കുകളും ഞങ്ങളുടെ കാലുകളിൽ പതിഞ്ഞില്ല. വഴി മനോഹരമായി കോൺക്രീറ്റ് ചെയ്തിരിക്കുന്നു. കോൺക്രീറ്റ് പാതയുടെ വശങ്ങളിൽ തമിഴർ ഒറ്റയ്ക്കും കൂട്ടമായും ഇരുന്ന് സംസാരിക്കുന്നത് കാണാം. ഇത്രയും വൃത്തിയും വെടിപ്പും കോളനിക്ക് ലഭിച്ചത് ഉദ്യോഗസ്ഥരുടേയും കോർപ്പറേഷന്റെയും സഹകരണം കൊണ്ടാണ് എന്നാണ് അവർ പറഞ്ഞത്. കോളനിവാസികളുടെ ശ്രദ്ധയും കോളനിയെ മാലിന്യമുക്തമാക്കുന്നു. കൊച്ചിക്ക് പഠിക്കാൻ ഇനിയുമിവിടെ ഏറെ കാര്യങ്ങളുണ്ട്.

ഇവിടുത്തെ മറ്റ് പ്രത്യേകതകളിൽ ഒന്നാണ് മുട്ടിലാത്ത കുടിവെള്ളം. കോളനി വഴി പോകുന്ന പൈപ്പുകളിൽ ഒരിക്കലും വെള്ളം വറ്റാറില്ല. കൊച്ചിയിലെ പല സ്ഥലങ്ങളിലും ജനങ്ങൾ കുടിവെള്ളത്തിനായി പായുമ്പോൾ വാത്തുരുത്തിക്കാർക്ക് എന്നും ഈ ആവശ്യവസ്തു സുലഭമായി ലഭിക്കുന്നു. ഇതും ഇവിടേക്ക് ജനങ്ങളെ ആകർഷിക്കുന്ന ഒരു പ്രധാന ഘടകമാണെന്ന് ഞങ്ങൾ മനസിലാക്കി. ഇവിടുണ്ടായിരുന്ന കള്ളുഷാപ്പ്, സമരം ചെയ്ത് പൂട്ടിച്ചതും അവർ തന്നെ.

എടുത്തുപറയേണ്ട മറ്റൊരു കാര്യം, വാത്തുരുത്തിക്കാർ ഉയർന്ന ജീവിതനിലവാരം പുലർത്തുന്നു എന്നതാണ്. നല്ല വരുമാനമുള്ള തൊഴിലുകൾ കോളനിക്കാരുടെ ജീവിതം മെച്ചപ്പെടുത്തുന്നു. ജീവിതം ദാരിദ്ര്യത്തിൽ മുങ്ങുന്ന കേരളത്തിൽ, സാധാരണക്കാരായ കോളനിക്കാർ കൂലിവേലചെയ്ത് സുഭിക്ഷമായി കഴി ചെയ്യാനുള്ള മടിയാണ് കേരളത്തെ ദരിദ്രമാക്കുന്നത് എന്ന സത്യം വാത്തുരുത്തി ഞങ്ങൾക്കു പറഞ്ഞുതന്നു. എന്നിട്ടും, തൊഴിലിനായി പോകുന്ന കൂലിപണിക്കാരോട് വെള്ളപൂശിയ നമ്മുടെ സമൂഹത്തിന്റെ സമീപനം പലപ്പോഴും ക്രൂരമാകാറുണ്ട്. സമൂഹത്തിൽ അവരെ അകറ്റിനിർത്തുവാനാണ് ഇന്നും നമ്മൾ ശ്രമിക്കുന്നത്. ഇതിന്റെ പ്രതിഫലനമെന്നോണം, ഇവർ വളരെയധികം ചൂഷണം ചെയ്യപ്പെടുന്നു. ഇത്തരം ചൂഷണത്തിനെതിരെ വളരെ തണുത്ത പ്രതികരണമാണ് പലരിൽനിന്നും ഞങ്ങൾക്ക് ലഭിച്ചത്. എങ്കിലും തങ്ങ

ളുടെ രോഷം പുറത്തുകാണിക്കാൻ പലരും മടിച്ചില്ല. കുറച്ചുനേരത്തെ സംസാരത്തിൽ, അവർ ഞങ്ങളോടത് തുറന്നുപറഞ്ഞു. "ഞങ്ങളും മനുഷ്യരല്ലേ?" എന്നതായിരുന്നു അവരുടെ പരിഭവം. മലയാളിയുടെ മൃതലാളിത്തഭാവം പുറത്തുവരുമ്പോഴാണ്, കഠിനാദ്ധ്വാനിയായ തമിഴനും മനുഷ്യനാണെന്നു മറക്കുന്ന അവസ്ഥകളുണ്ടാകുന്നത്.

ഒന്നു ചിന്തിച്ചുനോക്കൂ കൂലിപണിക്കാരായതുകൊണ്ടാണോ നമ്മളവരെ അകറ്റിനിർത്തുന്നത് ! അതോ അവർ കോളനിവാസികളായതുകൊണ്ടോ? അവിടെ താമസിക്കുന്ന മലയാളികളെ പോലും വിവാഹം കഴിക്കാൻ സാധാരണക്കാരും തയ്യാറല്ല എന്നു മനസ്സിലാക്കുമ്പോൾ എറെ പറയേണ്ടതില്ല.

വാത്തുരുത്തിക്കാർക്ക് വാത്തുരിത്തിയോട്, ആർക്കുമില്ലാത്ത അടുപ്പവും സ്നേഹവുമുണ്ട്. കേരളത്തിലെ മറ്റ് സ്ഥലങ്ങളെക്കാളും തങ്ങൾക്കിഷ്ടം വാത്തുരുത്തി തന്നെയാണെന്നാണ് ഇവിടുത്തെ ചിലർ തമിഴർ ഞങ്ങളോട് പറഞ്ഞത്. എല്ലാ മതങ്ങളും ഒത്തൊരുമയോടെ കഴിയുന്ന ഒരു പ്രദേശമാണ് വാത്തുരുത്തി. എല്ലാ മതങ്ങളുടേയും പ്രതീകങ്ങൾ ഇവിടെ കാണാം. അതുപോലെതന്നെ കലാകായിക പ്രവർത്തനങ്ങൾക്കും ഇവർ മുൻതൂക്കം നൽകുന്നു. ഏതാനും ക്ലബ്ബുകൾ ഇവിടെ പ്രവർത്തിക്കുന്നതായി ഞങ്ങൾ മനസിലാക്കി. സ്ഥലപരിമിതികൾ മൂലം കാര്യമായ പരിപാടികൾ ഇവിടെ നടക്കാറില്ല. ചെറിയ മീറ്റിങ്ങുകളും മറ്റും നടക്കുന്നത് കോളനിയുടെ ഉള്ളിലായി കാണുന്ന ഒരു ചെറിയ പാർക്കിലാണ്. അവിടെ ചെറിയ ചില വിനോദോപാധികളും കാണാൻ കഴിഞ്ഞു.

നാല് അംഗൻവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഏറ്റവും കുറഞ്ഞത്, എഴുത്തും വായനയുമെങ്കിലും അവർ സ്വായത്തമാക്കുവാൻ ശ്രമിക്കുന്നുണ്ട്.

കോളനിയുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വനിതാസംഘങ്ങളും ഇവിടെയുണ്ട്. ഏകദേശം 10 ഗ്രൂപ്പുകളുള്ള അയൽകൂട്ടങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഒരു ഗ്രൂപ്പിൽ ഏകദേശം 20 സ്ത്രീകൾ ഉണ്ടായിരിക്കും.

തൊഴിലാളികൾ തിങ്ങിപാർക്കുന്ന വാത്തുരുത്തിയിൽ, തൊഴിലാളി സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളി ക്ഷേമത്തിനായുള്ള ഈ സംഘടനകൾ തൊഴിലാളികളുടെ കരുത്തും കൂട്ടായ്മയുമാണെന്നാണ് ഇവർ പറയുന്നത്. ഇങ്ങനെ, എല്ലാ അർത്ഥത്തിലും ഒരു തൊഴിലാളി സമൂഹത്തിന് ജീവിതം നൽകുന്ന എല്ലാ ചേരുവകളും ഈ തുരുത്തിൽ ഉണ്ട്. അങ്ങനെ, തൊഴിലാളികൾക്ക് വാത്തുരുത്തി ഒരു തുരുത്തായി മാറി. കേരളത്തിൽ താമസിക്കുമ്പോഴും, തങ്ങളുടെ തനത് സംസ്കാരത്തെ കൈവിടാൻ ഇവിടുത്തെ തമിഴ് കൂടിയേറ്റക്കാർ തയ്യാറല്ല. ഒരു മരണമോ വിവാഹമോ ആകട്ടെ അവർ അവരുടെ ആചാരങ്ങൾ പണ്ടത്തേതുപോലെ പാലിച്ചുപോരുന്നു. ഇങ്ങനത്തെ ചില കാഴ്ചകൾ നമ്മൾ കാണാനിടവന്നാൽ ഇതൊരു തമിഴ്നാടാണെന്ന് തോന്നിപോകും.

അങ്ങനെ, കേരള-തമിഴ് സംസ്കാരങ്ങളുടെ സങ്കരപ്രതീകമായി വാത്തുരുത്തി കോളനി സ്ഥിതിചെയ്യുന്നു. 'പുറത്താക്കപ്പെട്ട സമൂഹ'മെന്ന് മാധ്യമങ്ങൾ പോലും വാത്തുരുത്തിയെ വർണ്ണിക്കുമ്പോൾ ഇതിൽ നിന്നെല്ലാം അവർ അവരുടെ വ്യത്യസ്തത ഉയർത്തിപിടിക്കുന്നു. ഇനിയെങ്കിലും നമ്മൾ ഈ തമിഴ്കോളനിയെ വേർതിരിച്ച് കാണാതിരിക്കട്ടെ. നാനാത്വത്തിൽ ഏകത്വമെന്ന് നമ്മൾ ഊറ്റം കൊള്ളുമ്പോഴും ഇവിടെ തമിഴർ, മലയാളികൾ എന്ന് നമ്മൾ സംസ്കാരത്തെ വേലികെട്ടി തിരിക്കുന്നു. ഈ വേലികെട്ടുകൾ എന്നു തകർക്കുന്നുവോ അന്ന് നമുക്കഭിമാനിക്കാം. നമ്മൾ സാസ്കാരികമായി വളർന്നുവെന്ന്.

തയ്യാറാക്കിയത് :
എഡിറ്റോറിയൽ
ബോർഡംഗങ്ങളോടൊപ്പം

Shibukuttan
I Sociology

Jesline P. Joseph
II Sociology

Mary Sherley
II Sociology



ലേഖനം

ഏതാണ് കൊച്ചി ?

Jaseela K.M
II B.A. Copy Editor

സമൂഹത്തിന്റെ നിഴൽ കണ്ണാടിയെന്ന കലൂർ സ്വദേശിനിയായ ലേഖിക വിശേഷിപ്പിക്കുന്ന യുവജനത — പണത്തെ ഈശ്വരനാക്കിയവരുണ്ട്, തട്ടുതകർപ്പരും പളപളപ്പിൽ മയങ്ങിക്കിടക്കുന്നവരുമുണ്ട്, ലഹരി താണ്ഡവമാടുന്ന അർദ്ധയുവത്വങ്ങളുമുണ്ട്, ക്യാമ്പസ് ഗേറ്റ് കണ്ടിട്ടില്ലാത്തവരുണ്ട്... !

ചെറളായിക്കടവിൽ നിന്ന് പുല്ലുപാലത്തിന്റെ വലത്തേ ഓരം ചേർന്ന് നടന്നാൽ താഷ്കെണ്ടിലെത്താം. അധികം ഒഴുക്കില്ലാതെ മാലിന്യങ്ങൾ വീണു കിടക്കുന്ന തോടിനെ അഭിമുഖീകരിച്ച് ജീർണിച്ച താഷ്കൊണ്ട് എന്ന ഇരുനിലകെട്ടിടം. ഇരുൾ വീണ് തുടങ്ങിയപ്പോൾ, ഹാജിഈസ സ്കൂളിലെ പൂർവ്വ സതീർത്ഥ്യനെ തേടിയാണ് അവിടെ ചെന്നത്. കെട്ടിടത്തിൽ കറണ്ടില്ല. മുറിഞ്ഞു കത്തുന്ന മുട്ടവിളക്കുകൾ അവിടെയൊക്കെ ഇരുളും നിഴലും പരത്തുന്നു. ആണുങ്ങളേക്കാൾ കൂടുതൽ പെണ്ണുങ്ങളും, പെണ്ണുങ്ങളേക്കാൾ കൂടുതൽ കുട്ടികളും, കുട്ടികളേക്കാൾ കൂടുതൽ വളർത്തുമൃഗങ്ങളുമുള്ള മുറികൾ. പരസ്പരം ശ്രദ്ധിക്കാത്ത മനുഷ്യർ. എന്നാലും 'വിദേശിക്കു' നേരെ ചോദ്യചിഹ്നങ്ങളായി നോട്ടങ്ങൾ നീണ്ടു.

"സലാമില്ലേ?" എന്റെ ചോദ്യംഇഷ്ടപ്പെടാത്തപോലെ മറുപടി വന്നു. "ഏത് സലാം"? സലാമിന്റെ ബാപ്പാന്റെ പേര് പറഞ്ഞു. എല്ലാ പേരുകൾക്കുമെവിടെ വിശേഷണത്തിന്റെ തൊങ്ങലുകളുണ്ട്. ആളെപിടികിട്ടി. മുകളിലോട്ട് കയറിച്ചെല്ലാൻ നിർദ്ദേശം വന്നു.

അരണ്ടവെളിച്ചത്തിൽ, ദുർബ്ബലമായ കെട്ടിടത്തിന്റെ അതിദുർബ്ബലമായ കോണിപ്പടികൾ കയറുമ്പോൾ സലാമിന്റെ വാക്കുകളോർത്തു, "നീ വീട്ടിൽ വരേണ്ട, ബാപ്പയുണ്ടാകും". ബാപ്പയും മകനും തമ്മിലുള്ള ബന്ധത്തിന്റെ ഇഴപ്പിരിവുകൾ ആ വാക്കുകളിൽ കൂടിയിരിക്കുന്നുണ്ടായിരുന്നു.
സലാം വീട്ടിലുണ്ടായിരുന്നില്ല. കഴിഞ്ഞ ദിവസം വൈകീട്ട് പോയതാണവൻ എന്ന് മാത്രമേ ഉമ്മക്കറിയൂ.

പിന്നീട് ഞാനറിഞ്ഞു, വമ്പോട്ടാണവന് പണി. വീട് നിലനിർത്താൻ, സ്വയം നിലനിൽക്കാൻ വമ്പോട്ടെന്ന ഓമനപ്പേരിലറിയപ്പെടുന്ന സ്മഗ്ളിങ്ങ്. പുറംകടലിൽ കൊച്ചി തുറമുഖത്തെ ബർത്ത് കാത്തുകിടക്കുന്ന കപ്പലുകളിൽനിന്ന് കസ്റ്റംസുകാരെ വെട്ടിച്ച് നടത്തുന്ന അനധികൃത കച്ചവടം. ചീറിയടിക്കുന്ന തിരമാലകൾക്ക് മേലേ കപ്പലിന്റെ ഉയരത്തോളം ഉയർന്ന് താഴുന്ന വഞ്ചികളിൽ ജീവനും സ്വപ്നങ്ങളും പണയം വച്ച് അന്നം തേടുന്നവർ. മുംബൈയിലും വൻ നഗരങ്ങളിലുമുള്ള കോടികളുടെ അധോലോക സാമ്രാജ്യങ്ങളുമായി സലാമിന് ബന്ധമൊന്നുമില്ല. പക്ഷെ നിയമത്തിന് മുന്നിൽ അവനും കള്ളക്കടത്തുകാരനാണ്.

സലാമൊരു പ്രതീകം മാത്രം. അറബികളും ചൈനാക്കാരും മുതൽ ഇംഗ്ലീഷുകാരൻ വരെ നങ്കൂരമുറപ്പിച്ച പഴയ കൊച്ചിയുടെ കഴിഞ്ഞുപോയ പ്രതാപത്തിന്റെ ഇന്നത്തെ അവശിഷ്ട ജീർണതയുടെ പുതിയ പ്രതീകം. അനാഥത്വത്തിന്റെ അരിഷ്ടത പേറുന്ന ദാരിദ്ര്യത്തിന്റെ ദൈന്യത നിറഞ്ഞ പ്രതിബിംബം.

കൃാമ്പസ്സുകളുടെയും, അടിപൊളികളുടേയും, പളപളപ്പുകളുടേയും ആരവങ്ങൾക്കകലെയാണ് അവരുടെ ലോകം. ആഗ്രഹങ്ങൾക്കപ്പുറമാണ് ജീവിതത്തിന്റെ പരുത്ത യാഥാർത്ഥ്യങ്ങൾ. നാലുനേരവും വയറു നിറക്കുന്ന കൊച്ചിക്കരെയെ അവർക്കറിയില്ല.

തങ്ങളിൽ നിന്നു വിദ്യയുടെ വരദാനം നേടി ഔന്നത്യങ്ങളിലേക്ക് നടന്നുപോയ അപൂർവ്വം പേർ. അവരിൽ ഡോക്ടർമാരും എഞ്ചിനിയർമാരും ശാസ്ത്രജ്ഞന്മാരും പ്രഗത്ഭ അഭിഭാഷകരുമൊക്കെയുണ്ട്. ഹാജി ഈസയുടേയും ടി.ഡിയുടേയും കൽവത്തിയുടേയും സാന്റാക്രൂസിന്റേയും ഒക്കെ പഴമയിൽ നിന്നും പോരായ്മയിൽനിന്നും ജീവിതം കണ്ടെത്തിയവർ.

എന്നാൽ കൊച്ചിക്ക് അതല്ലാത്ത ഒരു യുവത്വമുണ്ട്. ജീവിക്കാൻ വേണ്ടി, കുടുംബനാഥന്മാരോടൊപ്പം ചെറുപ്പത്തിലേ ഫിഷിങ് ഹാർബറിലെത്തിയ ആൺകുട്ടികൾ. പിന്നീടവർ കള്ളക്കടത്തിന്റേയും മയക്കുമരുന്നിന്റേയും ഇരുണ്ട ലോകത്തിലേക്ക് വഴിതെറ്റി ചെന്നുപെട്ടിരിക്കാം. കൊലയ്ക്കും ആത്മഹത്യയ്ക്കുമിടയിലെന്ന പോലെ, പണിശാലകളിലും ചേമ്മീൻ ഷെഡ്ഡുകളിലും ചെന്നെത്തിയ പെൺകുട്ടികൾ. ഇതൊക്കെ കൊച്ചിയുടെ, കണ്ടാലും കാണപ്പെടാതെ പോകുന്ന ഉപശാലാ വൃത്താന്തങ്ങൾ! ഇതിനൊക്കെ ആരോടാണ് ചോദ്യങ്ങൾ ചോദിക്കേണ്ടത്? അറിയില്ല. കൃാമ്പസുകളിലെത്താത്ത സമപ്രായക്കാരുടെ ഒരു യുവത്വം കൊച്ചിക്കുണ്ടെന്ന് ഞാനറിഞ്ഞു. നമുക്കു സിദ്ധിച്ചിട്ടുള്ള ഭാഗ്യവും അവസരവും കൂട്ടിനില്ലാത്ത ആ യുവ ജീവിതങ്ങളെക്കുറിച്ചുള്ള എന്റെ അന്വേഷണം എന്നെ ഒത്തിരി പഠിപ്പിച്ചു. നാമിതറിയുന്നുണ്ടോ?

ഗസൽ ഗായകനായ ഉമ്പായിയെ കണ്ടിരുന്നു. അസ്വസ്ഥവും ദുഃഖപൂർണ്ണവുമായ ഒരു ബാല്യകാലത്തിനുടമയാണ് താനെന്ന് ഉമ്പായി പറയുന്നു. ജീവിത താളമായി തന്റെ മനസ്സിലൂറിയ സംഗീതത്തെ കോരിയെടുക്കാൻ നാട് തന്നെ വിടേണ്ടിവന്നു. വിഷാദത്തിന്റെ ഈണങ്ങൾ തന്റെ ബാല്യകാലത്തിന്റെ സംഭാവനയാണെന്ന് ഉമ്പായി വിശ്വസിക്കുന്നു.

യഥാർത്ഥ യുവത്വമെന്നത് അടിച്ചുപൊളിയുടെ തട്ടുകർപ്പൻ ആഘോഷങ്ങളല്ല. ലഹരി താണ്ഡവമാടുന്ന ഉന്മാദവുമല്ല. ഒരു തരക്കാരെ കാണാൻ മാത്രം ശേഷിയുള്ള വിഭാഗീയരാണ് നിർഭാഗ്യരെ കണ്ടില്ലെന്നു നടിച്ച് യുവത്വം ശോഭനഭാവിയുടെ പാതയിലാണ് എന്നു പറയുന്നത്. കൈകളിൽ അഴുക്കു പുരളുന്ന ഒരു യുവത്വം കൊച്ചിക്കുണ്ടെന്നേ കാര്യം ഏ.സി.റൂമിലിരുന്നാൽ മറക്കാൻ പറ്റുന്ന ഒരു കാര്യം തന്നെ.

യുവത്വം പാഴായിപ്പോകുന്നു എന്ന് വിലപിക്കാനാവില്ല. വഴിതെറ്റുന്ന യുവത്വം എവിടേയുമുണ്ട്. സമൂഹത്തിന്റെ നിഴൽ കണ്ണാടിയാണ് യുവത്വം. സമ്പത്തിന്റെ കേന്ദ്രീകരണവും വരുമാനത്തിന്റെ സമതുലനമില്ലാത്ത വിതരണവുമാണ് മേൽപ്പറഞ്ഞ ദീനതകൾക്ക് കാരണം. ധാരാളിത്വവും അതിനോട് സമൂഹം പുലർത്തുന്ന ആദരവും മറ്റൊരുകാരണമാണ്. മൂല്യങ്ങൾ മാനിക്കപ്പെടാതെ പോകുമ്പോൾ പണം ഈശ്വരനാകുന്നു. സമൂഹത്തിന്റെ കാഴ്ചപ്പാടിൽ വരുന്ന കാതലായമാറ്റങ്ങൾ കൊണ്ടേ ഇതിനറുതിവരൂ.

അരാഷ്ട്രീയരവൽക്കരണം ഇതിന്റെ മറ്റൊരു മുഖമാണ്. എല്ലാ രംഗത്തുമെന്നപോലെ രാഷ്ട്രീയത്തിലും മൂല്യച്യുതിയുണ്ട്. രാഷ്ട്രീയത്തെ തള്ളിപ്പറയുമ്പോൾ പകരം വയ്ക്കപ്പെടുന്നത് വർഗ്ഗീയതയാവാം. ഇത് വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് എന്നതുപോലെയാണ്.

ഫൈനൽ എഡിറ്റ്

ജീവിതത്തിന് നിറം കൊടുക്കാൻ പ്രതീക്ഷകളില്ലാതെ, സ്വപ്നങ്ങളില്ലാതെ, ലക്ഷ്യബോധമില്ലാതെ, ജീവിതം ജീവിച്ചുതീർക്കാൻ വിധിക്കപ്പെട്ട സലാമുമാരുടെ ഇടയിൽ നമ്മെളെത്ര ഭാഗ്യമുള്ളവർ. ഈ ഹതഭാഗ്യരെയോർത്ത് ഒരു കൊച്ചുനെടുവീർപ്പെങ്കിലും നമ്മിൽ നിന്നുണ്ടായെങ്കിൽ !

ആദ്യ ചുംബനം

വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ രചനകൾ

കവിത

പഞ്ചനക്ഷത്രകിരീടം

ഓ ലഞങ്ങൾപോലെയാണോർമ്മക,ളവയെല്ലാം
പലവർണ്ണപ്പൂക്കൾ തിരഞ്ഞിടുന്നു!
എവിടെയോകാലത്തിൻവാടിയിൽ വീണവ
കവിതകളായിന്നുയർത്തിടുന്നു!

ഇവിടെയിതാ തിരുഹൃദയകലാലയം
പവിഴവെളിച്ചത്തിൽ മുങ്ങിനില്പൂ!
അഭിമാനം നിറയുന്നു, വിദ്യാർത്ഥിയായി ഞാൻ
അകലെനിന്നൊന്നിന്നു നോക്കിടട്ടെ....

കഴിവുറ്റ പ്രതികേളിക്കലാകേതാരം
മിഴിവുറ്റതാക്കിയെന്നോർത്തിടുന്നു...
ഇതളുകൾതൊട്ടു വിടർത്തുവാനായൊരാ
കതിരവനിരകളെയോർത്തിടുന്നു....

കലയിലും കായികനിലയിലുമെപ്പോഴും
നിലനിന്ന സാമർത്ഥ്യമോർത്തിടുന്നു...
പഠനത്തിൻ നിലവാരമുന്നതമാക്കിയ
കഠിനമാമധ്വാനമോർത്തിടുന്നു....

ഒരുപോലെതന്നെയാണധ്യാപകാവലി-
യൊരുമിച്ചു ചേരുമനധ്യാപകർ
തികവോടേ, തിറമോടേ സത്കലാമന്ദിരം
പുകളുറ്റതാക്കിയതോർത്തിടുന്നു...

അതിരുകളകലെയായ്, വിദ്യാതലങ്ങളിൽ
അതിദൂരമെത്തിയതോർത്തിടുന്നു...
അനുദിനം കൈവരുമംഗീകാരത്തിന്റെ
അനവദ്യസുധയിന്നുമോർത്തിടുന്നു...

അഴകുറ്റു നില്ക്കവേ പഞ്ചനക്ഷത്രത്തിൻ
മഴവിൽക്കിരീടമണിഞ്ഞതോർപ്പൂ!
മുഴുമതിപോലെയതിനിയും വിളങ്ങട്ടെ
മഴമേഘമധ്യത്തിൽതാരം പോലെ!

ഡോ. ചെറിയാൻ കുനിയന്തോടത്ത്
മാനേജർ
സേക്രഡ് ഹാർട്ട് കോളജ്, തേവര

പ്ലാച്ചിമട :
ഒരു സമരകാഹളം

Riya Baby
I BSc. Maths

ഇടുക്കി സ്വദേശിനിയായ ലേഖിക, വിവേകത്തോടെ തന്നെയാണ് ഇത്തരമൊരു വിവാദവിഷയം കൈകാര്യം ചെയ്തിരിക്കുന്നത്. ന്യായമായ കാരണങ്ങൾ നിരത്തി, ഒരു നാടിന്റെ രോദനത്തിലേക്ക് നമ്മുടെ കണ്ണു തുറപ്പിക്കുന്നു.

മനുഷ്യന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനമാണ് ജലം. പ്രകൃതിയുടെ വരദാനമാണിത്. സമസ്തജീവജാലങ്ങളുടെയും നിലനിൽപ്പിന് നിദാനവുമാണ്. ഒരു മഴയായ് പെയ്തിറങ്ങുന്ന ഈ ജീവാമൃതം അരുവിയായ്, പുഴയായ്, കടലായ്, നമ്മുക്കു ചുറ്റും സമൃദ്ധിയുടെ നിറവേകുന്നു. പുരോഗമനത്തിന്റെ പാതയിലെപ്പോഴോ മനുഷ്യനീ അമൃത വർഷത്തെ ചൂഷണം ചെയ്യാൻ തുടങ്ങി. തന്റെ ജീവന്, നിലനിൽപ്പിന് കാരണഭൂതമയാണ് ജലമെന്ന് പരിഗണിക്കാതെ മനുഷ്യൻ നടത്തിയ ചൂഷണങ്ങൾ പലതും അവന് തന്നെ വിനയായി തീർന്നുകൊണ്ടിരിക്കുന്നു. അമ്ലമഴയും വർണ്ണമഴയും തിരയിളക്കങ്ങളുമെല്ലാം മനുഷ്യന്റെ ഉറക്കംകെടുത്തുന്ന ഭീതിതമായ സ്വപ്നങ്ങളാണ്. മോക്ഷത്തിന്റെ പ്രതീകമായും ദേവികതയുടെ പുണ്യമായും നിറഞ്ഞൊഴുകിയിരുന്ന ഗംഗയിൽ കുമിഞ്ഞുകൂടിയിരുന്ന മാലിന്യങ്ങൾ മനുഷ്യന്റെ തത്വദീഷയില്ലാത്ത പ്രവർത്തനത്തിന് മകുടോദാഹരണമാണ്.

ജലദൗർബല്യം അതിന്റെ ഏറ്റവും മോശമായ അവസ്ഥയിലെത്തിച്ചേർന്നിരിക്കുന്ന കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്നത്. ജലമില്ലെങ്കിൽ ജീവനില്ല എന്ന മുദ്രാവാക്യവുമായി ഒരു ഗ്രാമം മുഴുവൻ ഒരു വൻകിട കുത്തകയുടെ ചൂഷണത്തിനെതിരെ ഉണർന്നെണീറ്റ വാർത്ത അത്യാഹ്ലാദത്തോടെയാണ് ലോകം മുഴുവനുള്ള പരിസ്ഥിതി സ്നേഹികൾ ശ്രവിച്ചത്. അങ്ങനെ സമകാലീന വാർത്ത മാധ്യമങ്ങളിലും നാലുപേർ കൂടുന്നിടത്തു പോലും ചർച്ച ചെയ്യപ്പെടുന്ന സംഭവവും സ്ഥലവുമായി മാറിയിരിക്കുന്നു പ്ലാച്ചിമട.

കേരള സർക്കാരിന്റെ വിദേശനിക്ഷേപ പ്രോത്സാഹന പ്രക്രിയയുടെ

ഫലമായിട്ടാണ് പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിൽ ആഗോളഭീമൻമാരായ കൊക്കോക്കോള കാലുകുത്തുന്നത്. അപ്പോഴൊന്നും പ്ലാച്ചിമട ഖ്യാതി നേടിയിട്ടില്ല. പക്ഷേ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ തുടർച്ചയായുണ്ടായ കാലവർഷ അപര്യാപ്തത നേരിട്ടല്ലാതെ പ്ലാച്ചിമടയ്ക്ക് പ്രശസ്തിയേറി.

കൊക്കോക്കോള ഒരു ബഹുരാഷ്ട്ര കുത്തകയാണ്. ബഹുരാഷ്ട്ര കുത്തകകളുടെ ആത്യന്തിക ലക്ഷ്യത്തെക്കുറിച്ച് ഡിസ്നിയുടെ ചീഫ് എക്സിക്യൂട്ടീവ് മൈക്കിൾ ഈസ്നർ പറയുന്നത് ശ്രദ്ധേയമാണ്. "ഞങ്ങൾക്ക് ചരിത്രം സൃഷ്ടിക്കാനോ കലോപാസന നടത്താനോ പ്രസ്താവനകളിറക്കാനോ യാതൊരു ബാധ്യതകളുമില്ല. പണമുണ്ടാക്കൽ മാത്രമാണ് ഞങ്ങളുടെ ഏക ലക്ഷ്യം." ഈ പ്രസ്താവന സത്യമാണന്ന് കുത്തകകളുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്താൽ മനസ്സിലാക്കാം. ജലമാണ് പണമുണ്ടാക്കാൻ ഏറ്റവും നല്ല മാർഗ്ഗം എന്ന തത്വം മനസ്സിലാക്കി അവർ തങ്ങളുടെ പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രവർത്തിപഥത്തിലെത്തിച്ചു. അതിൽ അവർ വിജയിക്കുകയും ചെയ്തു.

'ഭൂഗർഭജലചൂഷണ'മാണ് പ്ലാച്ചിമടയിൽ കൊക്കോക്കോളയ്ക്കു മേൽ ആരോപിക്കപ്പെട്ടിരുന്ന കുറ്റം. പ്രതിദിനം ഏകദേശം ഏഴര ലക്ഷം ലിറ്റർ വെള്ളമാണ് ഈ ശീതള പാനീയം കുടിച്ചു തീർക്കുന്നത്. കുടിവെള്ളം കുപ്പിയിലാക്കി വിൽക്കുന്ന കമ്പനികളും, സോഡ, ശീതള പാനീയ, മദ്യക്കമ്പനികളും ചേർന്ന് പന്ത്രണ്ട് ജില്ലകളിൽ നിന്ന് പ്രതിവർഷം 8,34,036 ക്യൂബിക് മീറ്റർ ഉപരിതല, ഭൂഗർജ്ജലം ഉപയോഗിക്കുന്നുണ്ടത്രേ. അതിൽ 6,79,476 ക്യൂബിക് മീറ്ററും പാലക്കാട്ടു ജില്ലയിലാണ് ഉപയോഗിക്കപ്പെടുന്നതെന്നാണ് ജലവിഭവ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കണക്കുകൾ പറയുന്നത്.

പെരുമാട്ടി ഉൾപ്പെടെ 31 പഞ്ചായത്തുകളിൽ ഭൂഗർഭജലമെടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള സർക്കാരിന്റെ പുതിയ തീരുമാനം ഫലപ്രാപ്തിയിലെത്തുമെന്നാശിക്കാം. വേനൽക്കാലത്ത് കടുത്ത വരൾച്ചയും കേരളത്തിൽ ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്നതുമായ പാലക്കാട്ടു ജില്ലയിൽ ഈ പ്രഹരം എത്ര കനത്ത ആഘാതമായിരിക്കും ഏൽപ്പിക്കുക എന്നത് പ്രഥമദൃഷ്ട്യാ വ്യക്തമാകുന്നതാണ്.

ഒരു ലിറ്റർ കോളയുണ്ടാക്കുവാൻ അഞ്ച് ലിറ്റർ മുതൽ പത്ത് ലിറ്റർ വരെ വെള്ളം ആവശ്യമാണ്. ശുദ്ധമായ പത്തു ലിറ്റർ കുടിവെള്ളത്തിൽ നിന്നുണ്ടാകുന്നത് ഒരു ലിറ്റർ വിഷമായ കോളയാണ്. ബാക്കിയുള്ള ഒൻപത് ലിറ്റർ പാഴായ് പോകുന്നു. കുടിവെള്ളത്തിൽ നിന്നു പോലും ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശത്താണ് ഇങ്ങനെ ലക്ഷക്കണക്കിന് ലിറ്റർ ജലം ഉപയോഗശൂന്യമാക്കി കളയുന്നത്. ഇതാണ് കൊക്കോക്കോള കമ്പനികൾ ഉയർത്തുന്ന പ്രഥമപ്രധാനമായ പ്രശ്നം.

ഈ ബഹുരാഷ്ട്ര കുത്തക ഉയർത്തുന്ന രണ്ടാമത്തെ പ്രശ്നം, അവിടെ നിന്ന് പുറന്തള്ളപ്പെടുന്ന ഖരമാലിന്യങ്ങളുമായി ബന്ധപ്പെട്ടതാണ്. ഉന്നതതോതിൽ വിഷപദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്ന ഖരമാലിന്യങ്ങൾ, വളമെന്ന വ്യാജ്യേന കോളക്കമ്പനി നാട്ടുകാർക്ക് സൗജന്യമായി വിതരണം ചെയ്തു. നിഷ്കളങ്കരായ ഗ്രാമവാസികൾ കോളക്കമ്പനിയുടെ ഈ കുടിലതന്ത്രം മനസ്സിലാക്കാതെ കൃഷിയിടങ്ങളിൽ അവ പ്രയോഗിച്ചു.

പക്ഷേ, കാലക്രമേണ അവർക്ക് തങ്ങൾ അകപ്പെട്ട ചതിയുടെ ആഴം മനസ്സിലായി. ഈ സൗജന്യവള പ്രയോഗം മൂലം കൃഷിക്ക് ഗുണത്തേക്കാളേറെ ദോഷങ്ങളാണുണ്ടായത്. ഇത് അവരുടെ കൃഷിയിടങ്ങളേയും ശുദ്ധജല സ്രോതസ്സുകളേയും മലിനീകരിച്ചു. വളപ്രയോഗം നടത്തിയ പ്രദേശങ്ങളിലെ ജലം യാതൊരാവശ്യത്തിനും ഉപയോഗിക്കുവാൻ കഴിയാത്ത വിധം മലിനമായിത്തീർന്നു.

പാഴ്ഖരമാലിന്യങ്ങളെക്കുറിച്ച് വ്യാപകമായി പരാതി ഉയർന്നപ്പോൾ ബി.ബി.സി. സംഘം പ്ലാച്ചിമടയിലെത്തുകയും ഈ ഘരമാലിന്യങ്ങൾ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കുകയും തത്ഫലമായി നിക്കൽ, ക്രോമിയം, സിങ്ക്, കറുത്തീയം തുടങ്ങിയ ലോഹപദാർത്ഥങ്ങൾ അനുവദനീയമായ പരിധിയ്ക്കുമേൽ ഉണ്ടെന്ന സത്യം മനസ്സിലാക്കുകയും ചെയ്തു. ഖരമാലിന്യങ്ങളിൽ അടങ്ങിയിട്ടുള്ള ഇത്തരം ലോഹപദാർത്ഥങ്ങൾ ഗർഭമലസൽ, ഗർഭസ്ഥശിശുക്കളുടെ മരണം, അകാലപ്രസവം, മാനസിക രോഗങ്ങൾ, രക്തക്കുറവ്, ഉദരസംബന്ധമായ രോഗങ്ങൾ, കൂടാതെ ക്യാൻസർ, ശ്വാസതടസ്സം, ജനിതക വൈകല്യങ്ങൾ എന്നിവയ്ക്കുകൂടി കാരണമാകുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടു.

ഈ രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടി പ്ലാച്ചിമട ഗ്രാമപഞ്ചായത്ത് മുന്നിട്ടിറങ്ങിയതോടുകൂടിയാണ് ഗ്രാമീണരും കോള കമ്പനികളും തമ്മിലുള്ള ശീതസമരം ആരംഭിച്ചത്. 2002 ഏപ്രിൽ 22-ാം തീയതി ആദിവാസികളുടെ നേതൃത്വത്തിൽ നാട്ടുകാർ സമരമാരംഭിച്ചു.

മയിലമ്മ എന്ന നിരക്ഷരയായ ആദിവാസി സ്ത്രീയാണ് ഈ സമരങ്ങൾക്കെല്ലാം തുടക്കം കുറിച്ചത്. മാസങ്ങൾ നീണ്ടുനിന്ന ഈ സമരത്തിൽ അണിനിരക്കുവാൻ ലോകത്തിന്റെ വിവിധഭാഗത്തു നിന്നും പ്രമുഖനേതാക്കളും പരിസ്ഥിതി സ്നേഹികളും എത്തിച്ചേർന്നു. മേധാപട്കർ, മെഞ്ചുണ്ട സ്വാമി, വന്ദനാശിവ തുടങ്ങിയവർ അവരിൽ പ്രമുഖരാണ്. 1942 ൽ 'കിറ്റ് ഇന്ത്യ' എന്ന മാർഗ്ഗം ഭാരതീയർ സ്വീകരിച്ചതു പോലെ കൊക്കോക്കോള കമ്പനിക്കാരോടും ഇവിടം വിട്ടുപോകാൻ പറയേണ്ട ഒരവസ്ഥ സമരനേതാക്കൾക്കു വന്നുചേർന്നു.

പ്ലാച്ചിമടയിൽ മാത്രമല്ല പാലാക്കാട് ജില്ലയിൽ തന്നെ പുതിശ്ശേരിയിൽ പ്രവർത്തിക്കുന്ന പെപ്സിക്കമ്പനിയിലും ഈ സമരത്തിന്റെ പ്രതിഫലനം അനുഭവപ്പെട്ടു. അടിസ്ഥാനപരമായി ഈ രണ്ടു കമ്പനികളും ഉയർത്തുന്ന പ്രശ്നങ്ങൾ സമാനതയുള്ളതാണ്.

മൂന്നര വർഷം മുമ്പ് പെപ്സി, പുതുശ്ശേരിയിലെ വൈസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചതോടുകൂടിയാണ് ഈ പ്രദേശത്തും വരൾച്ച രൂക്ഷമായത്. പെപ്സി ഫാക്ടറി വന്നപ്പോൾ കിടപ്പാടം നഷ്ടപ്പെട്ടവർ ജോലികിട്ടുമെന്ന് പ്രതീക്ഷിച്ചെങ്കിലും അവർക്കൊടുവിൽ ജോലിയും എന്തിന് കുടിവെള്ളം പോലും ഇല്ലെന്ന അവസ്ഥയാണുണ്ടായത്. മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യംവരെ നിഷേധിക്കപ്പെടുകയാണിവിടെ. 2004 ജനുവരി 21,22,23 തീയതികളിൽ നടന്ന ലോകസമ്മേളനം പ്ലാച്ചിമട പ്രശ്നത്തെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തി.

മൂന്നുവർഷത്തെ സഹനസമരഫലമായി ഈ പ്രശ്നം വളരെയധികം ചർച്ചയ്ക്ക് വിധേയമാകുകയും തത്ഫലമായി കമ്പനിയുടെ ലൈസൻസ് റദ്ദാക്കപ്പെടുകയും ചെയ്തു. എന്നാൽ വീണ്ടും പ്രവർത്തിക്കാനുള്ള അനുമതി കോള കമ്പനികൾക്കു ലഭിച്ചു. പ്രതിദിനം അഞ്ചുലക്ഷം ലിറ്റർ വെള്ളം വരെ ഉപയോഗിച്ചുകൊള്ളാൻ ജസ്റ്റിസുമാരായ എം. രാമചന്ദ്രനും, കെ.പി. ബാലചന്ദ്രനും ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് വിധിച്ചത്, കുടിവെള്ളം ജീവിക്കാനുള്ള അവകാശമാണെന്നും, 1000 അടിയോളം വരെ താഴ്ത്തി വെള്ളം എടുക്കാൻ കഴിവില്ലാത്ത ആദിവാസികൾക്ക് അത് നിഷേധിക്കരുതെന്നും, ജലം അനിയന്ത്രിതമായി ഊറ്റിയെടുക്കാൻ കോളകമ്പനിയ്ക്ക് അവകാശമില്ലെന്നുമുള്ള ഹൈക്കോടതിയുടെ ഏകാംഗബഞ്ചിന്റെ വിധിക്കെതിരായിട്ടാണ്.

ഈ സാഹചര്യത്തിലും കൊക്കോക്കോളയ്ക്ക് ഒപ്പം നിൽക്കുന്നവരും കൊക്കോക്കോളയെ നിശിതമായി വിമർശിക്കുന്നവരും നമ്മുടെയിടയിലുണ്ട്. ഇരുവരുടേയും ന്യായവാദങ്ങൾക്ക് കഴമ്പുണ്ടു താനും.

പൊതുവേ വരൾച്ചാബാധിതപ്രദേശമായ പാലക്കാട് കിണറുകളുടെ ജലവിതാനം താഴ്ന്നു വന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും കമ്പനിക്കുമേൽ അടിച്ചേൽപ്പിക്കുന്നതിലെ ലോജിക് എത്രത്തോളം ശരിയാണ് എന്നതിനെപ്പറ്റി നാം ചിന്തിക്കേണ്ടതാണ്.

വസ്തുനിഷ്ഠമായി പഠിച്ചാൽ, പാലക്കാട്ടുജില്ലയിലെ നിരവധി വെള്ളമൂറ്റു ഫാക്ടറികളിൽ ഒന്നുമാത്രമാണ് കൊക്കോക്കോള. പ്രതിദിനം ഒന്നരലക്ഷം ലിറ്റർ വെള്ളം മുതൽ 10 ലക്ഷം ലിറ്റർ വരെ ഭൂഗർഭജലം ഉപയോഗിക്കുന്ന ഇരുപത്തിയഞ്ചോളം ഫാക്ടറികളുടെ പേര് പരാമർശിക്കപ്പെടുന്നുണ്ട്. വിവിധ ഡിസ്റ്റിലറികൾ, യു.ബി. ഗ്രൂപ്പിന്റേതടക്കമുള്ള ബിയർപ്ലാന്റുകൾ എന്നിവയും അവയിൽപെടും. ഇവയ്ക്കൊന്നിൻമേലും ആരോപിക്കപ്പെടാത്ത ഈ കുറ്റം എന്തേ കൊക്കോക്കോളയിൽ മാത്രം ആരോപിക്കപ്പെടുന്നു എന്നുള്ളത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

മുമ്പൊരിക്കൽ കൊക്കോക്കോള പ്രതിസന്ധിയിലായത് കോളയിലെ വിഷാംശം കണ്ടെത്തിയപ്പോഴായിരുന്നു. കേരളമാകെ കൊക്കോക്കോള വിരുദ്ധതരംഗം അലയടിച്ച് ഉപരോധം സൃഷ്ടിച്ചപ്പോൾ, കൊക്കോക്കോളയിലെ ജീവനക്കാരിൽ ഒരാൾ പോലും ഈ ഉപരോധതരംഗങ്ങളിൽപ്പെട്ടില്ലെന്നതുകൂടാതെ, കമ്പനിയെ പിന്തുണയ്ക്കുകകൂടി ചെയ്തു എന്നതും ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. ഇതിനുകാരണം കമ്പനി നൽകുന്ന മാന്യമായ ശമ്പളവും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളുമായിരുന്നു.

എന്തൊക്കെയായാലും വ്യവസായത്തിനുപറ്റിയ 'ഇൻഡസ്ട്രിയൽ ഫ്രണ്ട്ലി' ആയ ഒരു അന്തരീക്ഷമല്ല നമ്മുടേതെന്ന്, ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ് പ്ലാച്ചിമടസംഭവം. പ്രകൃതിവിഭവചൂഷണം കൂടാതെയുള്ള വ്യവസായവത്കരണം താരതമ്യേന അസാദ്ധ്യമാണെങ്കിലും, പരസ്പരപൂരകങ്ങളായ ഒരു പദ്ധതിയും നയവും നാം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

ആരോഗ്യകരമായ വ്യവസായവത്കരണം നമ്മുടെ സമ്പദ്ഘടനയ്ക്കും വികസനത്തിനും അനിവാര്യമാണ്. തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായ കേരളത്തിൽ, ലക്ഷക്കണക്കിന് അഭ്യസ്തവിദ്യർ തലമുടി മുറിക്കാൻ പോലും സ്വന്തം പോക്കറ്റിൽ പണമില്ലാതെ അലയുമ്പോൾ, പടികയറി വന്ന തൊഴിൽദാതാക്കളെ പടിയിറക്കുന്ന സമീപനം തിരുത്തപ്പെടേണ്ടതാണ്. ഇത് കൂത്തകകമ്പനിക്ക് നമ്മെ പണയം വയ്ക്കണമെന്ന അവകാശപ്പെടലല്ല. ബുദ്ധിപൂർവ്വം നടത്തിയെടുക്കപ്പെടേണ്ട ആവശ്യമാണ്.

ഇത്തരം പ്രശ്നങ്ങളൊന്നും തന്നെ ഈ കമ്പനികൾ പ്രവർത്തിക്കുന്ന മറ്റു രാജ്യങ്ങളിൽ കാണാത്തത് എന്തേ എന്നുള്ളത് ഇപ്പോഴും അത്ഭുതപ്പെടുത്തുന്ന വസ്തുതയാണ്. നമ്മുടെ തലതിരിഞ്ഞ സമീപനവും, കൂത്ത കരാഷ്ട്രീയക്കാരുടെ മടിശ്ശീല വീർപ്പിക്കൽ മനോഭാവവും, ദീർഘ വീക്ഷണമില്ലാത്ത വികസനപദ്ധതികളുമല്ലേ ഇത്തരം പ്രതിസന്ധിയുടെ യഥാർത്ഥ ഉറവിടം എന്നു സംശയിക്കുന്നതിൽ അപാകതയുണ്ടെന്നു തോന്നുന്നില്ല.

ഇതുവരെയുള്ള നിയമയുദ്ധങ്ങളിൽ കമ്പനി നേടിയെടുത്ത വിജയങ്ങൾ അനുസ്മരിക്കപ്പെടേണ്ടതാണ്. കോടതിവിധിയെ നമുക്കു മാനിക്കാം. അന്തിമവിധിവരെ കാത്തിരിക്കാം.

ഫൈനൽ എഡിറ്റ്

ഇത്തരം സമകാലിന പ്രശ്നങ്ങൾ നമ്മുടെ സന്തോഷം കെടുത്തുന്നതെങ്കിൽ നമുക്കവ ആവശ്യമുണ്ടോ?.

Roshan Thomas
Vypin
I Sociology

കവിത

ജാലകം



പ്രത്യാശ തൻ പൊൽകിരണവുമായ് മമ-
ജീവിത ജാലകം മെല്ലെ തുറന്നു ഞാൻ
തേടി മനോജ്ഞമാം വക്രതയിയൂഴിയിൽ
ജാലക ചില്ലുകൾ മെല്ലെ തുറന്നു ഞാൻ.

സുന്ദര സുരഭിലഭൂമിക്കു പകരമായ്
കണ്ടുഞാൻ വിജനമാം ക്ഷോണിയെൻ ദൃഷ്ടിയിൽ
സ്വർഗ്ഗീയ സൗരഭ്യം പരത്തിയാ മാരുതൻ
ഇന്നു പരത്തുന്നു മരണ കൊടുങ്കാറ്റ്.

ഹരിതവർണ്ണാഭയാൽ വിളങ്ങിയാ കാനനം
ദാഹജലത്തിനായ് കേഴും മരുഭൂമി
ചിലകതൻ താളമായ് ഒഴുകിയാ നദിയിന്ന്
കാണുന്നുണങ്ങിയ സമതലഭൂമിയായ്.

കാണുവാനായില്ല ഗ്രീഷ്മകാലത്തിലും
ഒരു നറുപൂവിന്റെ ചെറുവല്ലരിപോലും
കിളിപാടും സുന്ദരസുപ്രഭാതങ്ങളും കാല-
യവനികയ്ക്കുള്ളിലായ് മറയുന്നു.

മഴയുടെ മാന്ത്രികസ്പർശനം പോലുമിന്നന്യമായ് തീരുന്ന പുത്തൻ തലമുറ
വൈവിധ്യമേറിടും സൃഷ്ടിജാലങ്ങളും
ഏതോ കഥയിലെ സങ്കല്പ രംഗമായ്.

ദുര മൂത്ത മാനവൻ തിന്നുതിർക്കുന്നുതൻ
അമ്മയാം പ്രകൃതിതൻ സൃഷ്ടവസ്തുക്കളെ
തേടി മരിചിക സ്വപ്നലോകത്തുപോൽ
യാന്ത്രിക കൂട്ടിലായ് ജീവൻ നയിക്കുന്നു.

ഞാനിന്നു വാഴട്ടെയാരു നശിച്ചാലു-
മെന്നൊരു ചിന്തയാൽ വഴിവിട്ട മാനുജൻ
കിറിമുറിക്കുന്നു ജനനിതൻ നെഞ്ചകം
കോരിക്കുടിക്കുന്നതമ്മതൻ ചോരയും.

ആവതില്ലെൻ കണ്ണുകൾക്കിന്നു നിശ്ചയം
ഭയാനകമായുള്ളി കാഴ്ചകൾ കാണുവാൻ
പ്രത്യാശതൻ മണിദീപവുമായ് തുറ-
ന്നെൻ ജീവജാലകം അടക്കുന്നു ഞാനിതാ.

Article

Malayala Cinema . The reel and real

Vrinda Varma
I B.A. Copy Editor

General Edit

The films brought into India, the world wide situation of a 'Victorian romanticism' without sex and a 'Post Victorian' sex culture without love.

Malayalam films failed to grab headlines at this year's (2005) National film awards. The best we could manage were sheela as the best supporting actress in Akale, Kamal's 'Perumazakkalam as the best film on social issues, special jury mention for Pradeep Nairs 'Oridam' and 'Akale' bagging the best regional film title. A mere four, out of thirty awards.

There are people who staunchly protest that the jury was unfair and that Malayalam cinema has been snubbed. But let us be more realistic. Why would anyone want to ignore Malayalam cinema, when it has such a glorious lineage of great films ? And then, anyone who has seen Madhur Bhandakar's 'Page 3' would readily admit that it certainly deserved all the acclaim that it received.

Examine carefully the films produced in 2005. How many Malayalam films were there which gave the viewers something more than the usual mix of comedy, melodrama, songs and dance? Just how many of them gave us complete healthy entertainment? How many films had a perfect blend of entertainment, information and reality? Very few. There used to be a time in Malayalam Cinema when some classic novels were interpreted as excellent cinemas. Such films like 'Yakshi, 'Chemmeen' etcetera, not only rendered complete justice to the respective novels, but also prompted the viewers to peek into the books.

Nowadays, just a handful of films are made, which do complete justice to their themes. There are even fewer films that are worthy of a second–viewing. 'Perumazakkalam' was a well portrayed, women oriented film on social issues. 'Kazhcha' did the good work of showing life after the Gujrat earth quakes.

'Oridam' had an entirely different, fresh theme. 'Akale' was without doubt a brilliant film. Yet, all these films failed to make people sit up at the national level. Why ? What did actually go wrong?

Where did we falter? One thing is certain. There is great difference between what is perceived as good cinema in kerala, and what makes the grade at the national level. We seem to be stuck in another era and so we need to search for new themes and idioms.

All of us know that there is no dearth of great talents in Malayalam Cinema. But the question is whether we utilize it to the hilt? One major problem in our industry is that we create roles and films for our 'stars' and not for actors. This in itself is a compromise on good cinema. There used to be a time when roles were created first and then the action sought. But today, we create roles for Mammootty and Mohanlal.

Another impending issue is the inertia of our directors and actors to break away from stereo types. Both classes only seem to go with the tide. They are not ready to swim against it. It is not clear whether it is the actors or the directors who are most reluctant. The directors are reluctant to come out of the safety of time-tested formulae. There are only a handful of directors like shyamaprasad, Kamal and Jayaraj, who even show an inclination to break free. The actors too are caught up in image traps. The public is reluctant to accept their heroes in roles other than the usual stereotyped ones.

The public could not accept Dileep in 'Kathavaseshan,' since he is the maestro at pulling of light-hearted, sickly comical roles. People were also critical of sheela's role as the slightly eccentric Margaret in 'Akale,' however well she had depicted the neurosis of the character and breathed life into it.

It is also high time since we shifted our focus from merely making a film, to the technical aspects of film making. Even if we couldn't match the sheer eloquence of Hollywood cinema, we can do enough to prove that we are not short of talents. Certain films like 'Oridam' was clearly lacking technical sophistication.

Malayalam cinema has never been able to spend big bucks on cinema like its counterparts. But even then, we never compromised on quality. Some low-budget films even went on to become runaway successes, 'Aakashadooth' proving a point there. But now, the whole industry has become a slick business. The producers usually aim at reaping huge profits from a low capital. Thus, most often, quality suffers. What the industry must not shy away from is, spending money when there is a need.

Today's films are excessively splashed in grotesque humour, sex, sleaze and violence. Malayalam films too are not far behind in incorporating these. But, why should we opt for such cheap stunts, when the films can be done without them? Many claim that these are the dark realties of life.

But, still a doubt arises. Are these dark realities dealt with, in the right way ? The technique of film makers to fill in the voids, with sick humour and violence will not work, if they need acclaim. It is disheartening to see, that certain directors who had gifted us with excellent cinemas and entertainments, have failed to, in the recent years. What actually went wrong is not clear. But their failures at the box office and lack of critical acclaims have also contributed to the dip in quality of Malayalam Cinema.

Any film without song and dance sequences, comedy and extravagance of actors are termed as bad cinema. What we have to understand is that art films are not made with a view to win awards.

Commonly, it is these films which have better story lines, better acting and better technical sophistication. If we continue giving importance to films of no-story-more-dance sequences, quality is defenitely going to suffer. No one wants to make a film which the public wouldn't see. And thus the genre of directors who make 'different' cinema will defenitely get discouraged, and resign themselves to making the 'masala' movies.

The total wipe out of good production houses from the scene, speaks volumes for itself. There was a time when we went to the movies just because of the banner. Certain production houses like 'Goodnight films' and 'Kokers' left the scene because they could not decipher the interests of the public. The good films they financed and brought forth, bombed at the theatres. Who in their right senses would spend money to see it float away? These production

houses could not decide, whether to support good cinema or to finance those which had nothing in it, but went on to become success. Hence, they slowly left the field.

The Malayalam films, in the race for a national award this year, were found good, but not good enough. We never came close to matching the films from other languages, let alone our own earlier movies. It is embarrassing that Malayalam cinema, which has for decades, proved a point at the national level, could do nothing to tickle the jury this year.

But, we cannot just get away by blaming the fate or the jury. We cannot even comment on the films that grabbed the awards, without seeing them. Whatever excuses we have, what is plain is that Malayalam cinema is not what it used to be. There are definite flaws and drawbacks. The standard has clearly dipped.

This is a damp period for the Malayalam film industry. How we come out of this trying phase remains yet to be seen.

Final Edit

Whether as an industry or sotry, malaylaam films in general have been bearing the axieties and deep desires of each malayalee.

കഥ

Georgekutty
Kottayam
I Msc Zoology

നക്ഷത്രങ്ങളുടെ കൂട്ടുകാരി

"ഛീ എഴുന്നേൽക്കെടീ..."

ഒട്ടും ദയയില്ലാതെ ആക്രോശിക്കുന്ന പോലീസുകാരുടെ ശബ്ദം കേട്ടാണ് കണ്ണുതുറന്നത്. നേരം പുലരുന്നതേയുള്ളൂ... അകലെ എവിടെനിന്നോ കാതിൽ അലയടിക്കുന്ന സുപ്രഭാതം... മുഴങ്ങുന്ന പള്ളിമണികൾ... ക്രമമായി ഉയരുന്ന ബാങ്കു വിളികളും...

രാത്രിയിൽ എപ്പോഴോ പെയ്ത കനത്ത മഴയുടെ ബാക്കിപത്രമെന്നോണം മുറ്റത്ത് അവിടെയും ഇവിടെയും ചെറിയ ചെറിയ വെള്ളക്കെട്ടുകൾ. തണുത്ത കാറ്റ് വീശുന്നുണ്ട്. കുറച്ച് നേരം കൂടി കിടക്കാൻ അനുവദിച്ചിരുന്നെങ്കിൽ... വേണ്ട, ഇനിയും എഴുന്നേറ്റില്ലെങ്കിൽ അടുത്ത പ്രവശ്യം വിളിക്കുന്നത് ലാത്തിയടിയുടെ ഒട്ടും സുഖമില്ലാത്ത വേദനകളായിരിക്കും. ഇവിടെ വന്ന് ഏതാനും ദിവസങ്ങൾക്കകം പഠിച്ച രീതിയാണത്.

സുമതി എഴുന്നേറ്റ് സെല്ലിന്റെ കമ്പിക്കതികിൽ വന്ന് കുത്തിയിരുന്നു. എല്ലാവരും എഴുന്നേറ്റുകഴിഞ്ഞു. പോലീസുകാർ അങ്ങേയറ്റം മുതൽ ഓരോ സെല്ലും തുറന്ന് പ്രഭാതകൃത്യങ്ങൾക്കായി അന്തേവാസികളെ പുറത്തിറക്കുകയാണ്.

കേരളത്തിലെ ഏറ്റവും വലിയ വനിതാ ജയിലാണിത്. ഏതാണ്ട് 250-ഓളം അന്തേവാസികൾ. കൊലക്കുറ്റത്തിനും പിടിച്ചുപറിക്കും തുടങ്ങി, വ്യഭിചാരത്തിനും മോഷണത്തിനുമെല്ലാം പിടിക്കപ്പെട്ടവർ. ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നവർ മുതൽ കേസിന്റെ വിധികാത്തിരിക്കുന്നവർ വരെ. സുമതിയും ഇന്ന് അവരിലൊരാളാണ്.

തന്റെ ശിക്ഷ കഴിയാൻ ഇനി ഏതാനും മണിക്കൂറുകൾ മാത്രമേയുള്ളൂ എന്നോർത്ത് അവൾക്ക് സന്തോഷം അടക്കാനാവുന്നില്ല. വർഷങ്ങളോളം നീണ്ട യാതനകൾ ഔദ്യോഗികമായി നാളെ അവസാനിക്കുകയാണ്.

ആറാം ക്ലാസിൽ പഠിക്കുമ്പോൾ ദുർഗ്ഗുണപരിഹാര പാഠശാലയിൽ എത്തിയതാണ്. പ്രായപൂർത്തിയായപ്പോൾ ഇങ്ങോട്ട് മാറ്റി. പാറിപ്പറന്നു നടക്കേണ്ട കൗമാരവും യൗവ്വനത്തിന്റെ നല്ലൊരു ഭാഗവും ഈ മതിൽക്കെട്ടുകൾക്കുള്ളിൽ ജീവിച്ചു തീർത്തു... ഈയൊരു പകലും രാത്രിയും കൂടി... താൻ സ്വതന്ത്രയാവുകയാണ്. അവൾക്ക് ലോകത്തോടുമുഴുവൻ വിളിച്ചുപറയണമെന്നു തോന്നി.... കമ്പിയഴികൾക്കുള്ളിലൂടെ അവൾ ആകാശത്തേക്കു നോക്കി... മിന്നിത്തെളിയുന്ന നക്ഷത്രങ്ങൾ...

പ്രഭാതകൃത്യങ്ങളും പ്രഭാതഭക്ഷണവും കഴിഞ്ഞു. ഇനി പണിസമയമാണ്. പക്ഷെ അന്ന് ജയിൽ വാർഡൻ എല്ലാവരെയും കാണുവാൻ വരുന്നുണ്ടെന്ന അറിയിപ്പാണ് കിട്ടിയത്. സ്കൂളുകളിലെ അസംബ്ലി പോലെ എല്ലാവരും വരിവരിയായി നിരന്നുനിന്നു. വാർഡൻ എല്ലാവരുടേയും മുമ്പിൽ വന്നു നിന്നു.

"പ്രിയ സഹോദരിമാരേ,

ഇന്ന് നമ്മുടെ ജയിലിനെ സംബന്ധിച്ചിടത്തോളെ ഒരു പ്രധാനപ്പെട്ട ദിവസമാണ്. നമ്മുടെ ജയിലിന്റെ പുതിയ കെട്ടിടം ഇന്നു വൈകുന്നേരം മന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ്. അതുകൊണ്ട് ഇന്ന് എല്ലാവരും നേരത്തെ കുളിച്ച്, നല്ല വസ്ത്രങ്ങൾ ധരിച്ച് മന്ത്രിയെ സ്വീകരിക്കാൻ തയ്യാറായിരിക്കണം. ഇപ്പോൾ എല്ലാവരും നമ്മുടെ പരിസരങ്ങൾ വൃത്തിയാക്കുകയും എല്ലായിടവും അലങ്കരിക്കുകയും ചെയ്യണം".

എല്ലാവരും കൈയ്യടിച്ചു. വാർഡൻ അവരെ പുതിയ കെട്ടിടത്തിന്റെ പരിസരത്തേക്ക് നയിച്ചു. പണികൾ തുടങ്ങി. ചിലർ ചപ്പും ചവറും അടിച്ചുവാരുന്നു. ചിലർ അലങ്കാരപണികൾ നടത്തുന്നു... പണികളെല്ലാം തകൃതിയായി നടന്നു.

ഉച്ചയായപ്പോൾ പ്രധാന പണികളെല്ലാം ഏകദേശം അവസാനിച്ചു. എല്ലാവരും കുളിച്ച് ഭക്ഷണം കഴിച്ചു. എല്ലാവരെയും തിരികെ അവരവരുടെ സെല്ലുകളിലാക്കി വാതിലടച്ചു. ഒരു ഉച്ചമയക്കത്തിനുള്ള തയ്യാറെടുപ്പിലാണ് മിക്കവരും. സുമതിക്കുമാത്രം എന്തോ ഉറങ്ങണമെന്ന് തോന്നിയില്ല. അവൾ ഭിത്തിയിലേക്ക് ചാരിയിരുന്നു. ഓർമ്മകളുടെ ഒരു സാഗരം അവളുടെ മനസ്സിൽ അലയടിച്ചു.

തന്റെ ജന്മം... ആർക്കും വേണ്ടാത്ത ശപിക്കപ്പെട്ട ഒന്ന്... ജാരസന്തതി... തന്റെ ജനനം മുതൽ അമ്മ എത്ര പഴി കേട്ടിരിക്കുന്നു. ഒരുപക്ഷേ അമ്മയ്ക്കുപോലും തന്നെ വേണ്ടായിരുന്നു എന്നു തോന്നിയിട്ടുണ്ടാവുമോ? ഉണ്ടാവും. അതാണല്ലോ, അമ്മ കൈക്കുഞ്ഞായിരുന്ന തന്നെയും കൊണ്ട് ആത്മഹത്യക്ക് ശ്രമിച്ചത്. ദൈവാനുഗ്രഹം കൊണ്ടോ, ആയുസ്സിന്റെ ബലം കൊണ്ടോ, എത്തിപ്പെട്ടത് സിസ്റ്റേഴ്സ് നടത്തുന്ന ഒരു വൃദ്ധമന്ദിരത്തിന്റെ അടുക്കളയിൽ. പിന്നെ അമ്മയ്ക്ക് അവിടെ ജോലിയായി. താൻ സിസ്റ്റേഴ്സിന്റെയും ഒരുപാട് വല്ല്യപ്പന്മാരുടെയും, വല്ല്യമ്മിച്ചിമാരുടെയും കണ്ണിലുണ്ണിയുമായി... നിലത്തുകിടക്കാൻ തനിക്ക് ഇഷ്ടമല്ലായിരുന്നുവത്രേ... മാറിമാറി എല്ലാവരുടേയും തോളിലും മടിയിലുമായി താൻ വളർന്നു. പല്ലില്ലാത്ത മോണ കാട്ടി ചിരിച്ചു. ഇടയ്ക്ക് എടുത്തുകൊണ്ടുനടക്കുന്നവരുടെ വസ്ത്രങ്ങൾ ചീത്തയാക്കി. ചിലപ്പോൾ സിസ്റ്റേഴ്സിന്റേയും.... എന്നിട്ടും അവരാരും തന്നെ നിലത്തുവച്ചില്ല.

സന്തോഷത്തിന്റെ കുറെ നാളുകൾ... അവൾ വളർന്നു. അവളെ അവർ അക്ഷരങ്ങൾ പഠിപ്പിച്ചു. നിലത്തെഴുത്തിനിരുത്തി. നഴ്സറിയിലും, തുടർന്നു സ്കൂളിലും പഠിപ്പിച്ചു. പക്ഷേ, എല്ലാം അവസാനിക്കാൻ ഒരു നിമിഷം മാത്രം മതിയായിരുന്നു. നശിച്ച ആ ദിവസം... ഇന്നും ഓർക്കുമ്പോൾ നെഞ്ചിലെവിയെടോ ഒരു പുകച്ചിൽ. ആറാം ക്ലാസിൽ പഠിക്കുന്ന സമയം... തമാശയായിട്ട് തുടങ്ങിയ ഒരു വാക്കുതർക്കം. "തന്തയില്ലാത്തവൾ." ആ വിളിയിൽ തന്റെ ശക്തിയെല്ലാം ചോർന്നുപോകുന്നതുപോലെ. പിന്നെ ഒട്ടും

ടിച്ചില്ല. അവിടെ ജനാലയിലിരുന്ന ഒരു കുപ്പി അവളുടെ മുഖത്തടിച്ചു. കൊണ്ടത് ഏതോ മർമ്മസ്ഥാനത്ത്. അവൾ പിന്നോട്ട് മറിഞ്ഞുവീണു. അദ്ധ്യാപകരും വിദ്യാർത്ഥികളും ഓടിക്കൂടി. പക്ഷേ, അവൾ പിന്നിട് അനങ്ങിയില്ല. താൻ ഒരു മലയിൽ മരവിച്ചിരുന്നു. ആദ്യം ദുർഗ്ഗുണപരിഹാരപാഠശാലയിൽ. പിന്നിട് ഈ വൻമതിൽകെട്ടിനകത്ത്. വർഷങ്ങൾ കടന്നുപോയിരിക്കുന്നു.

പടക്കത്തിന്റെയും ബാന്റുസെറ്റിന്റെയും ബഹളങ്ങൾക്കു നടുവിൽ വിശിഷ്ടാതിഥി എത്തിച്ചേർന്നു. പുതിയ കെട്ടിടത്തിന്റെ ഉത്ഘാടനസമ്മേളനം ആരംഭിച്ചു. മന്ത്രി സുദീർഘമായ ഒരു പ്രസംഗം തന്നെ നടത്തി. ജയിലിനെക്കുറിച്ച്, സ്ത്രീകളെക്കുറിച്ച്, കുറ്റങ്ങളെക്കുറിച്ച്, അവയുടെ സാഹചര്യങ്ങളെക്കുറിച്ച്.

"ഏറ്റവും സ്നേഹം നിറഞ്ഞ അമ്മമാരെ, പെങ്ങന്മാരെ, 'എവിടെ സ്ത്രീകൾ ആദരിക്കപ്പെടുന്നുവോ, അവിടെ വികസനം സാദ്ധ്യമാകുന്നു' എന്ന് മഹാൻമാരാരോ പറഞ്ഞുവച്ചു. ഇന്നു നമ്മുടെ സമൂഹത്തിൽ പലപ്പോഴും സ്ത്രീകൾ ബഹുമാനിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, അപമാനിക്കപ്പെടുന്നു. അവർ കേവലം പുരുഷന്റെ സുഖത്തിനുള്ള വസ്തുക്കളായി തരംതാണിരിക്കുന്നു. അവർക്കു സ്വന്തമായൊരു വ്യക്തിത്വം പോലും സമൂഹം നിഷേധിക്കുന്നു. അവരുടെ നേരെയുള്ള അക്രമങ്ങളും ഉപദ്രവങ്ങളും ഏറെ വർദ്ധിച്ചിരിക്കുന്നു. അവരെ സംരക്ഷിക്കുവാൻ ആരുമില്ലേ?"

ജനം നിറുത്താതെ കൈയ്യടിച്ചു. "നിങ്ങൾക്കറിയാം സ്ത്രീകൾക്കായുള്ള കേരളത്തിലെ ഏറ്റവും വലിയ ജയിലാണിത്. ഒരു പുതിയ കെട്ടിടം കൂടി ഉത്ഘാടനം ചെയ്യപ്പെടുകയാണിന്ന്. ഉപനിഷത്തും വേദങ്ങളുമൊക്കെ പറയുന്നു. സ്ത്രീ ദേവതയാണെന്ന്. പിന്നെ എങ്ങനെയാണ് അവർ കുറ്റം ചെയ്യുന്നത്. നിങ്ങൾ ചിന്തിക്കണം. സാഹചര്യങ്ങളാണ് ഒരു വ്യക്തിയെ കള്ളനോ കൊലപാതകിയോ ആക്കുന്നത്. അതുകൊണ്ട് നിങ്ങളാരും ചീത്തയല്ല. നല്ലവരാണ്, ദേവതമാരാണ്."

മന്ത്രി പ്രസംഗം നിർത്തി. ശ്രോതാക്കളുടെ ആനന്ദത്തിന് അതിരില്ലായിരുന്നു.

"ഇന്ന് മന്ത്രി സർക്കാർ ഗസ്റ്റ് ഹൗസിൽ താമസിക്കും. നാളെ അന്തേവാസികളുടെ പരാതികൾ നേരിട്ടുകേട്ടശേഷമേ മടങ്ങിപോവുകയുള്ളൂ." സമ്മേളനത്തിന്റെ അവസാനം വാർഡന്റെ പ്രഖ്യാപനം. എല്ലാവരോടുമൊപ്പം സുമതിയും കൈയ്യടിച്ചു സഹകരിച്ചു. മന്ത്രിയെ കാണാൻ ഒരു അവസരമുണ്ടാവുമോ? എന്തെല്ലാം കാര്യങ്ങളാണ് പറയേണ്ടത്? ജയിലിലെ തന്റെ അവസാനദിവസമാണ്. എന്തുവേണമെങ്കിലും പറയാം. കുറെ കാര്യങ്ങളൊക്കെ തുറന്നുപറയണം. ഇവിടെ വരുന്ന സാധുക്കളായ സഹോദരിമാർക്കു വേണ്ടി. സുമതി മനസ്സിൽ കരുതി.

"വാർഡൻ സുമതിയെ അന്വേഷിക്കുന്നു". ആരോ വന്നു പറഞ്ഞു. നാളെ മന്ത്രിയെ കാണുന്ന കാര്യം പറയാനാവുമോ? അവൾ വേഗം വാർഡന്റെ മുറിക്കരികിലെത്തി.

"ഞാൻ അകത്തേക്ക് വരട്ടെ?" വാതിലിൽ മുട്ടിക്കൊണ്ട് ഭവ്യതയോടെ ചോദിച്ചു.
"ആ സുമതിയോ, കയറിവരൂ. നമുക്ക് മന്ത്രി താമസിക്കുന്ന സ്ഥലം വരെ ഒന്നു പോകണം."

"എന്തിനാ സർ, ഈ രാത്രിയിൽ?"

"നാളെ എല്ലാവർക്കും കാണാൻ പറ്റിയില്ലെങ്കിലോ? നമുക്ക് നമ്മുടെ കാര്യങ്ങൾ ഇപ്പോൾ തന്നെ പറയാം." എന്തുകൊണ്ടോ ആ കാരണം അവൾക്ക് അത്ര ബോദ്ധ്യമായില്ല. എങ്കിലും അവൾ ഒന്നും തിരിച്ചുപറഞ്ഞില്ല.

സർക്കാർ ഗസ്റ്റ്ഹൗസ് അവൾ ആദ്യമായി കാണുകയായിരുന്നു. വിശാലമായ വരാന്തകൾ. വാർഡൻ ആരോടൊക്കെയോ സംസാരിക്കുന്നു. മന്ത്രി ഏതു മുറിയിലാണെന്ന് അന്വേഷിക്കുന്നത് കേട്ടു. 101-ാം മുറി- സുമതിയെ വാർഡൻ അവിടേയ്ക്കു പറഞ്ഞുവിട്ടു. വാർഡനും കൂടി കൂടെ വരുമെന്നാണ് വിചാരിച്ചിരുന്നത്. കാര്യങ്ങളെല്ലാം സ്വതന്ത്രമായി പറയണമെങ്കിൽ താൻ ഇല്ലാതാരിക്കുന്നതാണ് നല്ലതെന്നു പറഞ്ഞപ്പോൾ എതിർക്കാൻ തോന്നിയില്ല.

101-ാം മുറി- കതകിൽ മുട്ടി. ഭവ്യതയോടെ അകത്തുകയറി. കയറിച്ചെന്ന മുറിയിൽ ആരെയും കണ്ടില്ല. പിന്നെ ആരാണ് കയറിവരാൻ പറഞ്ഞത്? അവൾ അകത്തെ മുറിയിലേക്ക് നോക്കി. അതാ മന്ത്രി അവിടെയുണ്ട്. അവിടെ ചെല്ലാൻ ആംഗ്യം കാട്ടി വിളിച്ചു. അവൾ ചെന്നു. അല്പസമയം അതുമിതും സംസാരിച്ചു. സംസാരിക്കുന്നതിന് പരസ്പരബന്ധമില്ലാത്തതുപോലെ. ഇയാൾ മദ്യപിച്ചിട്ടുണ്ടാവുമോ? ഇറങ്ങിപ്പോയാലോ?

അവൾ ഒരു തീരുമാനത്തിലെത്തുന്നതിനു മുമ്പ് അയാൾ എഴുന്നേറ്റു, കതകിന്റെ കൊളുത്തിട്ടു. അവൾ കുതറി ഓടാൻ ശ്രമിച്ചു. ഒരു രക്ഷയുമില്ലെന്നു മനസ്സിലായപ്പോൾ മേശപ്പുറത്തിരുന്ന മദ്യക്കുപ്പി അവൾ അയാളുടെ തലയ്ക്കടിച്ചു. പൊട്ടിയ കുപ്പി അയാളുടെ വയറ്റിൽ തുളച്ചുകയറ്റി.

ശരീരം മുഴുവൻ ചോരക്കറയുമായി അവൾ പുറത്തിറങ്ങി. വാർഡന്റെ അടുത്തുചെന്ന് മുട്ടുകുത്തി. അവൾ മുഖംപൊത്തികരഞ്ഞു. പിറ്റേന്ന് നേരം പുലർന്നപ്പോൾ അവൾ പുതിയ മുറിയിലായിരുന്നു. പുതിയതായി പണിതീർത്ത കൊട്ടാരത്തിലെ ആദ്യ ദേവത.

അവൾ പുറത്തേയ്ക്കുനോക്കി- അഴികൾക്കിടയിലൂടെ, അകലെ അവൾ നീലാകാശം കണ്ടില്ല. ആകാശത്ത് അവൾ നക്ഷത്രങ്ങളെക്കണ്ടില്ല. തന്നെ നോക്കി പുഞ്ചിരി തൂവുന്ന നിലാവിനെയും കണ്ടില്ല. എങ്ങും ഇരുട്ട്... ഇരുട്ടുമാത്രം. ●

ഇരുളിനുള്ളിൽ ഇരുളിൽ

ലേഖനം

Harsha Paul
I BSc. Chemistry

ഇടുക്കി സ്വദേശിനിയായ ലേഖിക, ആരോടും കടപ്പാടില്ലാത്ത നഗരത്തിലെത്തിയാൽ ഉണ്ടാകുന്ന അവസ്ഥ പറയുന്നു. സ്വന്തം കലാലയം ആ നഗര മദ്ധ്യത്തിലാണെങ്കിലോ! ഈ ലേഖനം തികഞ്ഞ അപൂർവ്വത പുലർത്തുന്നു. ഒറ്റപ്പെട്ട തുരുത്തുകളെ അവഗണിക്കാതെ തന്നെ.

ജീവിതത്തിന്റെ പടവുകൾ
പവിട്ടിക്കയറുന്ന പടവുകൾ

ശാലീനസുന്ദരമായ, ശാന്തമനോഹരമായ ഗ്രാമാന്തരീക്ഷം. ആ ഗ്രാമഭംഗി ആവോളം നുകർന്നും, ശാന്തമനോഹരിയായ അരുവിയുടെ കുഞ്ഞോളങ്ങളിൽ കുളിച്ചും, സഖികളായ പൂമ്പാറ്റകളോടും കിളികളോടും കളിപറഞ്ഞും ജീവിച്ചിരുന്ന ഒരു കുരുവികുഞ്ഞ്. കാലപ്രയാണത്തിൽ, ശൈശവവും കൗമാരവും പിന്നിട്ട് യൗവനാന്തരീക്ഷത്തിലേക്ക് കാലൂന്നിയ കുരുവിയ്ക്ക്, മലർവനങ്ങളും, പച്ചനെൽപ്പാടങ്ങളും, കിളികൾ കൊഞ്ചിപ്പറക്കുന്ന, ചാടിക്കളിക്കുന്ന കാടുകളും, തുറന്ന ചിരിയാൽ നിഷ്കളങ്കമാനസങ്ങളുടെ ആരവങ്ങളുയിർക്കുന്ന, ആകാശചുംബികളായ രമ്യഹർമ്യങ്ങളാൽ അലംകൃതമായ പട്ടണമനോഹാരിത നുകരാനൊരു മോഹം!

സ്വപ്നങ്ങൾ
വർണമനോഹരമായ കിനാവുകൾ

എല്ലാം നന്മനിറഞ്ഞതെന്നും എല്ലാം സത്യമെന്നും നല്ലതുമാത്രമായിരിക്കുമെന്നും നിനച്ച് ആ നിറമുള്ള കിനാവുകളെ താലോലിച്ചു. ആ മോഹനസ്വപ്നങ്ങൾ യാഥാർത്ഥ്യമായിക്കാണാൻ മോഹിച്ചു, പ്രാർത്ഥിച്ചു.

കണ്ടുമടുത്ത ഗ്രാമത്തോടും ഗ്രാമീണരോടും വിട പറഞ്ഞ് അവൾ നഗരത്തിലേക്ക് പറന്നു. അവൾക്ക് സ്വാഗതമരുളിയത് മഹാനഗരം !ചുറ്റും വിസ്മയക്കാഴ്ചകൾ, രമ്യഹർമ്യങ്ങൾ,ശബ്ദകോലാഹലങ്ങൾ. ആഹാ, മഹാപ്രപഞ്ചം! വിസ്മയ പ്രവാഹം!

പക്ഷേ, പ്രഥമ കമനീയതയ്ക്കുമപ്പുറം കാണുന്നകാഴ്ചകൾ അവൾക്ക് സമ്മാനിച്ചത് ഞെട്ടലിന്റെ മുഴക്കങ്ങളാണ്. കണ്ടതും കൈതൊട്ടതും മോഹിച്ചതുമെല്ലാം വെറും കടലാസ്സുപൂഷ്പങ്ങളോ? രുചിയില്ല, മണമില്ല, ഗുണമില്ല പൂക്കൾക്ക്. കഷ്ടം ! ആർക്കുമാരോടും കടപ്പാടില്ലാത്ത നഗരം. സ്വാർത്ഥത പൂത്തുലയുന്ന നഗരം. ഓടുന്ന നഗരം. ഗുണ്ടകളുടെ വിഹാരവനമായ നഗരം.

ഇവിടെ, ജീവിതം തിരക്കിന്റെ ഭോഗമാണ്. സമയമില്ലാ പല്ലവികളുടെ ആവർത്തനം കാതുകളെ മുഷിപ്പിക്കുന്നു. എല്ലാം കയ്യെത്തിപ്പിടിക്കാനുള്ള വ്യഗ്രതയിൽ സ്വത്വം നഷ്ടമാക്കുന്നവർ. പണക്കാർ പറക്കുന്നു. അതില്ലാത്തവർ പറക്കുന്നതായി ഭാവിക്കുന്നു. പൊങ്ങച്ചക്കൂടാരങ്ങളിൽ നിന്നും ചിറകു ധരിച്ചു പറക്കുന്ന ഈയാംപാറ്റകൾ മറ്റൊരിടത്ത്. സർവ്വവും ഊതിവീർപ്പിച്ച ബലൂണുകൾ. യാഥാർത്ഥ്യത്തിന്റെ ഒരു മുൾമുന മതി അത് പൊട്ടിത്തകരാൻ.

ഇപ്പോഴോർക്കുന്നു - എന്റെ ഗ്രാമമേ നീയെത്ര ധന്യ! വന്ദ്യ!

തിരുഹൃദയ കലാലയം

നന്മയുടെ, ത്യാഗത്തിന്റെ, സ്നേഹത്തിന്റെ ജീവരക്ഷയുടെ അലകളിരമ്പുന്ന മനോഹരമായ കായൽത്തീരത്തെ തിരുഹൃദയകലാലയം. ജീവിതത്തിന്റെ വിവിധ മേഖലകളിൽ വിലസിയ, വിലസുന്ന സുവർണ താരനിരകളുടെ നിധികുംഭം. ജീവിതവീഥികളിൽ പ്രകാശഗോപുരങ്ങളനവധി പിറന്നു വീണതെന്നഭിമാനിക്കുന്ന മഹാ പ്രകാശഗോപുരം. ഈ മണൽത്തരികളെ സ്പർശിച്ച പാദങ്ങളുടെ വിറയലും ഹൃദയത്തിന്റെ വേഗമാർന്നതുടിപ്പുകളും അഭിമാനത്തിന്റെ, ഉത്സാഹത്തിന്റെ സന്തതികളായിരുന്നു. പക്ഷേ ഇന്നിപ്പോൾ, യൂണിഫോമിന്റെ ചട്ടക്കൂടുകളിൽ നിന്നു കലാലയ ജീവിതത്തിന്റെ സുവർണ സ്വപ്നങ്ങളുമായി എത്തുന്നവർക്ക്, പുറമേ നിന്നു നോക്കുമ്പോൾ വിസ്മയമായി അനുഭവപ്പെടുന്ന കലാലയ ജീവിതം സമ്മാനിക്കുന്നത് നിസംഗതമാത്രമാണോ?

ഓരോ നിമിഷങ്ങളിലും കൺമുന്നിലെത്തി മറഞ്ഞുപോകുന്ന മുഖങ്ങളിലെവിടെയോ മുഖംമൂടിയുടെ ജാലവിദ്യകൾ കാണാം. ഉള്ളറിയാതെ, വെറും 'ഹായ് 'കളിലൊതുങ്ങുന്ന സൗഹൃദങ്ങൾ. ഒരു ഐസ്ക്രീമിന്റെ ആയുസ്സുപോലുമില്ലാത്ത പ്രണയബന്ധങ്ങൾ. ഉള്ളിലെ നീറ്റലടക്കി ആൾക്കൂട്ടത്തിലെരാളാകാൻ ശ്രമിക്കുമ്പോഴും ഒറ്റപ്പെട്ടുപോകുന്നവർ. ഇങ്ങനെ ഒരു പാട് ദുരന്ത കാഴ്ചകളുടെ താഴ്വരയായി മാറുന്നുണ്ട് ഇന്നത്തെകലാലയ ജീവിതം. പക്ഷേ എല്ലാവരും എന്നും എപ്പോഴും ഇങ്ങനെതന്നെയാണെന്ന് കരുതുക വയ്യ. ഇതിനിടയിലും ഒറ്റപ്പെട്ട തുരുത്തുകൾ കണ്ടേക്കാം.

ഇന്നീ കാണുന്ന കെട്ടുകാഴ്ചകളെല്ലാം മാറേണ്ടതാണ്, മാറ്റപ്പെടേണ്ടതാണ്. പച്ചയായ ജീവിതയഥാർത്ഥ്യങ്ങൾ നമുക്കു ചുറ്റിലും കാണാം. നാമതിനെ തിരിച്ചറിഞ്ഞ് മനസ്സിലാക്കിയേ തീരൂ. അതുകൊണ്ടുതന്നെ, ഇനിയുമിവിടെ സുസംഘടിത സഹപാഠിക്കൂട്ടമുണരണം. ശക്തമായി തന്നെയുണരണം. അവരീകലാശാലയുടെ കരുത്താകണം. ഒരാൾക്കായി എല്ലാവരും, എല്ലാവർക്കുമായി ഒരാളും ജാഗരൂഗരാകണം. ഒരുമയുടെ മക്കളെന്ന മൂല്യമുൾക്കൊണ്ട് ഉത്സാഹഭരിതരാകണം, നാം. കക്ഷിരാഷ്ട്രീയക്കാരെയെന്തിന് കൂട്ടാക്കണം വിദ്യാർത്ഥി ഐക്യം മുഴക്കുവാൻ? നാമൊന്നിക്കണം. ശക്തരായി ഇന്നിന്റെ അധീശരാകണം. തിരുത്തേണ്ടവ തിരുത്തണം. തിരുത്തിക്കുകയും വേണം.

നാളെകൾ

കലാലയത്തിനൊരു നാളെയുണ്ട്. അതു നാമാണ്. നാമുണരണം. നാളെകൾ നമുക്കുള്ളതാണ്. നാം നാളെകൾക്കും. ഉറച്ച അടിത്തറയിൽ പടുത്തുയർത്തിയ സംസ്കാരത്തിന്റേയും സ്വത്വത്തിന്റേയും നന്മകളെ മുറുകെ പിടിച്ച്, പുരോഗതിയുടെ പാതയിൽ, ജനിച്ചമണ്ണിനെ അതിവേഗം മുന്നേറ്റിയെത്തിക്കണം നാം. അതിനായി നാം നമ്മെ അറിയണം. അലസതയും താൻപോരിമയും അഹംഭാവവും സ്വാർത്ഥതയും കൈവെടിയണം. സ്വസഹോദരന്റെ, സഹോദരിയുടെ, വിശപ്പിനെയും ദാരിദ്ര്യത്തെയുമറിഞ്ഞ് ആഡംബരങ്ങൾ കുറച്ച് സഹായഹസ്തം നീട്ടണം. അതെ, ആ നിശബ്ദ രോദനങ്ങൾ കണ്ട്, കേട്ടറിയണം നാം. അവരേയും കൈകോർത്ത് ഒപ്പം നടത്തണം. പരസ്പര ഉന്നതിക്ക് ഉപകാരികളാകണം നാം.

അങ്ങനെ

ഉള്ളിന്റെ ഉള്ളിൽ ഉയരട്ടെ ശാന്തി മന്ത്രങ്ങൾ നിറയട്ടെ സോദരസ്നേഹം, മായട്ടെ മൂടുപടങ്ങൾ.

ഫൈനൽ എഡിറ്റ്
എന്തൊക്കെയോ പറയാതെ പറയുന്നുവോ!

കവിത

Chitra Mukundan
I BSc. Chemistry

കൊച്ചി

കൊച്ചി കണ്ടവർക്കച്ചി വേണ്ടായെന്ന്
കൊച്ചുനാളിൽ ഞാൻ കേട്ടിരുന്നു
അച്ഛൻ പറഞ്ഞതിനർത്ഥം ഗ്രഹിക്കുവാൻ
അന്നെനിക്കായില്ല തെല്ലും.
സാമൂഹ്യപാഠത്തിൽ പിന്നെ പഠിച്ചുഞാൻ
സാക്ഷാൽ കൊച്ചി മാഹാത്മ്യം
അറബിക്കടലിന്റെ റാണിയെ കാണുവാൻ
അതിയായി മോഹിച്ചുപോയി.....!
മെച്ചമാം ജീവിതമാർഗ്ഗംതേടി ഞാൻ
കൊച്ചിയിൽ തന്നെ വന്നെത്തി.
കപ്പലുണ്ടാക്കുന്ന ശാലയിൽ, നേവിയിൽ
കപ്പലടുക്കും തുറമുഖത്തും
പണിതേടി തേടിയലഞ്ഞു തിരിഞ്ഞു ഞാൻ
പടിവാതിലെല്ലാമടഞ്ഞു...!
പകലന്തിയോളം നടന്നു തളർന്നു ഞാൻ
പാതവക്കിലടിഞ്ഞു....!
ദാഹിച്ചു തൊണ്ടവരണ്ടപ്പോൾ, പൈപ്പിലെ
ടാപ്പിനടുത്തേയ്ക്ക് നീങ്ങി
ദാഹജലത്തിനായ് നീട്ടിയ കൈകളിൽ
വീണതു നുൽപ്പാമ്പുമാത്രം...!
പായുന്ന വാഹനസഞ്ചയം തീർക്കുന്നു
പത്മവ്യൂഹങ്ങൾ ചുറ്റും!
സ്വർണ്ണക്കടയിലും ജൗളിക്കടയിലും
വർണ്ണപ്രപഞ്ചം വിരിഞ്ഞു!
ഓടയിൽനിന്നുമുതിരുന്ന ദുർഗന്ധം,
ഓടിയൊളിക്കുവാൻ തോന്നി...!
മോടിയിൽ വസ്ത്രം ധരിച്ചവർ മാന്യന്മാർ
ജാടകൾ കാട്ടിനടന്നു....!
മേടകളാകാശചുംബികൾ, ജീവിത
തോടയമാടിത്തുടങ്ങി...!
മേയറും കൗൺസിലും മേഞ്ഞുനടക്കുന്ന
മേച്ചിൽപ്പുറമാണു കൊച്ചി....!

An age of physical and Emotional Growth growth

There are 300 million young people in India. This is one third (31.0%) of the country's population. Among this 22% is aged between 10-19 years. The youngsters conceal many doubts. They have confused ideas. Many of them have misconceptions of sexuality and the like. All the educational institutions should organize occassional classes and seminars, to bring in an awareness in them about sexuality, population growth, morality, ethics etcetera.

കവിത

Anjali Ramachandran
Thripunithura
I BSc. Zoology

മരണം

നിശബ്ദതയുടെ തണുത്ത കൈവിരലുകൾ
ഇരുട്ടിലെന്നെ ഭയപ്പെടുത്തുമ്പോൾ
നിന്റെ ശബ്ദമാകുന്ന തിരിനാളത്താൽ
എന്റെ ജീവിതം ശോഭനമാക്കിയാൽ
പാലപൂത്ത വരാന്തയുടെ അന്ത്യത്തിൽ
ഞാൻ എന്റെ സംഗീതം നിനക്കു മാത്രമായ് മൂളാം.
മണ്ണിന്റെ മണമുള്ള എന്റെ കൈവിരലുകൾ
നിന്നെ മാത്രമാണ് തേടുന്നത്.
ഇനിയും ജന്മാന്തരങ്ങൾ കാത്തിരിക്കാം
ജീവന്റെ കത്തിച്ച വിളക്കുമരമായ്
ജീവിതമായ് ഞാൻ നിന്നെ തേടുമ്പോൾ
തിരമാലകളിലെ സംഗീതമായ്
നീ ആർത്തലച്ചുവന്നെന്നെ ചുറ്റിപ്പിടിക്കുകിൽ
മരണമാകുന്ന നിന്റെ അത്യഗാധഗർത്തത്തിലേയ്ക്ക്
ഞാനിറങ്ങിവരുമായിരുന്നു.
ഞാൻ എന്നാൽ നീ തന്നെയാണ്.
എന്നാൽ ഞാൻ മരണവും നീ ജീവിതവുമാണ്
ഞാൻ കറുപ്പും നീ തൂവെള്ളയുമാണ്.
ഞാൻ ഇരുട്ടിലാണ്, നീ പകൽവെളിച്ചത്തിലും.
ഞാൻ മരണത്തിന്റെ ഗസലുകൾ കേൾക്കുന്നു.
എന്റെ കാതിൽ അസാധാരണമായ ഒരു സംഗീത
മല്ലേ കേൾക്കുന്നത് !
ഞാനിതാ താഴ്ന്നുപോകുന്നു, എന്നിലേയ്ക്ക്
നിന്നിലേയ്ക്ക്, ആരിലേയ്ക്കോ.....

in college campus:
Should it be Banned?

NEHA SINGH
Koovappadam
I M.A. English

"We are above 18. What about a mobile ?" The writer from Koovappadam is critical on the use of cellphone in colleges.

"Ours is the time of cordless". This is what one of my teachers said about today's mobile-boom. And yes, I do agree to it. The cell phone-rage is like the fire in forest, which spreads fast and wide. No wonder, today's youth too have their share in this fast spreading mobile rage. Now, the question which arises is whether the youth should be restrained from using cell phone in the college.

Of course, when the college authorities prohibit the use of this "little devil", they have their own reasons, which to a certain extent are logical. But what happens when something is banned? The answer is very simple. The tendency of doing something banned is a thrill for any youth. And when the youth is the target of this ban, the reaction is greater.

The college authorities are well aware that despite cell phones being banned in the college campus, students continue to carry then to the college and use it in every possible way. Then, why make such a law? It is often said that "laws are meant to be broken." But what we forget is that only laws which have weak foundations are broken. So is in the case of the ban of the cell phones in the college campus.

I agree that the use of cell phones do have many disadvantages. But a ban on its use is no solution. What we need is not a ban, but a proper awareness of the use and misuse of the mobile phone. Today, the major crowd of the college is above eighteen. An age, which, as per the laws of our democratic country, entitles one the right to vote for the government one wants, the right to choose a life-partner of one's choice... then why is this age not right to use a cell phone? It is at this point that cell phone awareness becomes a must. There is no doubt, it is the authorities who should create this awareness, just as they create laws.

Final Edit

"Darling, I have an 'Idea'."
"I know, but I say 'Tata'!"

കഥ

Vidhya Lakshmi
Palluruthy
I BSc Physics

മെഴുകുതിരികൾ

അവൾ വരുന്നു. വിദൂരതകൾ താണ്ടി, ഒരു വിളിപ്പാടകലെ നിന്നും അവൾ വരുന്നു. എനിക്കു കേൾക്കാം ആ പദസ്വനം. അതെ. അതവൾ തന്നെ. ഒരു നിമിഷം ഏകാന്തതയുടെ അഗാധതയിലേയ്ക്ക് അയാൾ ഒഴുകിവീണു.

എഴുത്തു നിർത്തി ഉറങ്ങാൻ തുടങ്ങവേ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് ഗ്രേസി ചോദിച്ചു.

"എന്താ ഉറങ്ങുന്നില്ലേ?"

"ഉവ്വ്."

ഉത്തരം നൽകിക്കൊണ്ട് തിടുക്കത്തിലായാൽ തന്റെ ഡയറിയെടുത്ത് മേശവലിപ്പിലൊതുക്കി. നെറ്റിയിലെവിയെടോ വിയർപ്പു പൊടിഞ്ഞിരുന്നു. മുഖത്തു പ്രകടമായ പരിഭ്രമഭാവം ഒരു സുസ്മിതത്തിലൊതുക്കി അയാൾ ഗ്രേസിയെ നോക്കി.

പകപുകയുന്ന മനസിനെ നിയന്ത്രിക്കാനാവാതെ എന്തോ പിറുപിറുത്തുകൊണ്ട് അവൾ ഉറങ്ങാൻ കിടന്നു.

"നാളെയല്ലേ നിങ്ങളുടെ സുഹൃത്തിന്റെ വിവാഹം".

അതെ, എന്ന അർത്ഥത്തിൽ അയാൾ മൂളി.

"എന്താ നീ വരുന്നില്ലേ?"

ചോദിക്കുമ്പോൾ എന്തോ ഒന്ന് മനസിൽ പ്രതീക്ഷിച്ചു. പ്രതീക്ഷ തെറ്റിയില്ല.

"പൊന്നു രുക്കൂനിടത്ത് പുച്ഛയ്ക്കെന്തു കാര്യം, നിങ്ങളുടെ ലോകത്തിൽ ഞാനില്ലല്ലോ?"

മറുപടി നൽകാൻ നാവു തുടിച്ചു. പക്ഷെ ഒന്നും മിണ്ടിയില്ല. മനസിൽ നിന്നും എന്തോ ഒരു ഭാരമൊഴിഞ്ഞ ആശ്വാസം. ദൈവപുത്രനു നന്ദി. വിശാലമായ ഈ ലോകത്തിൽ സ്വതന്ത്രനായി ഒരു ദിവസം. ഗൃഹാതുരത്വം നിറഞ്ഞ ഒരുപാട് ഓർമ്മകളുമൊന്നിച്ച് ഒരു യാത്ര. കാണാൻ കൊതിക്കുന്ന മുഖങ്ങളെ തേടി.

സമയം 12 മണിയോടടുത്തിരിക്കുന്നു. ഉറങ്ങുന്ന ഗ്രേസിയെ അയാൾ നോക്കി. ഇല്ല! ഒരു ഭാര്യയെന്ന നിലയിൽ എന്നിൽ നിന്നൊന്നും സ്വന്തമാക്കാൻ നിനക്കു കഴിയില്ല. എന്റെ കണ്ണുകളിൽ നീയിന്നും യോഗ്യയല്ല. ഒരുപാടു വ്യത്തികെട്ട കോംപ്ലക്സുകൾ കൊണ്ട് ജീവിതം നിറയ്ക്കുന്ന ഒരു തരം കെട്ട ജീവി.

മെത്തയിൽ തല ചായ്ച്ചുറങ്ങുമ്പോൾ അയാളോർത്തു. അങ്ങു ദൂരെ, ആ നാട്ടിൽ എന്റെ ദേവി, അവൾ ഒരുങ്ങുകയാവും. ഇത്രനാൾ കൊതിച്ച ആ ശുഭയാത്രയ്ക്കുവേണ്ടി. കൊഴിഞ്ഞ സുദിനങ്ങളെയോർത്ത് അറിയാതെ ആ മിഴികൾ നനയുന്നുണ്ടോ? ഇല്ല! ആ കണ്ണുകൾ നിറയാൻ ഞാനനുവദിക്കില്ല. അവയെനിക്കു സ്വന്തമാണ്. മനസിൽ തോന്നിയ നൂറു നൂറു പൊട്ടത്തരങ്ങളോർത്ത് അയാൾ മന്ദഹസിച്ചു. അന്യന്റെ ഭാര്യയെക്കുറിച്ച് അസംബന്ധം പറയുന്നുവോ? അയാളുടെ മാറിന്റെ ചൂടേറ്റ് അവൾ ഉറങ്ങുന്നുണ്ടാവും. പിന്നെയെങ്ങനെയാണ് ആ കണ്ണുകൾ തനിക്കു സ്വന്തമാകുന്നത്. ആ കണ്ണുകളിലൂടെ അവൾ കണ്ടിരുന്നത് ഈ ബാഹ്യതയെ മാത്രമായിരുന്നു. ഈ മനസിനെ, ഇല്ല! ഒരിക്കലുമവൾക്കതിനു സാധിച്ചിരുന്നില്ല.

ഡിഗ്രി കോഴ്സിന്റെ ആദ്യദിനത്തിലുണ്ടായ പരിചയം എന്റെ ദൃഷ്ടിയിൽ എന്നും വിടർന്നു നിന്നിരുന്ന ആ പനിനീർപൂവിനെ ഹൃദയത്തിൽ ഞാനെന്നേ വരച്ചുചേർത്തിരുന്നു. പിന്നെയെങ്ങനെ അവളെന്റേതല്ലാതാവും. അവൾ പൂജിച്ചിരുന്ന ദൈവവും, എന്റെ ദൈവവും ഇരുതരക്കാരായിരുന്നതുകൊണ്ടാണോ? ആയിരമിഷ്ടങ്ങളെ ഹൃദയമാകുന്ന

ചെറിനകത്താക്കി ഭദ്രമായി അടച്ചുപൂട്ടി. ആ ചെപ്പ് ഒരിക്കലെങ്കിലും തുറന്നുകാട്ടിയിരുന്നെങ്കിൽ.

ഇല്ല. അതിനുള്ള ധൈര്യം ഈ ക്രിസ്ത്യാനിച്ചെറുക്കനുണ്ടായിരുന്നില്ല. ഒടുവിൽ കോളേജിലെ അവസാനദിവസം ആ പുസ്തകത്തിൽ രണ്ടുവരികൾ. മറുപടി കാത്തില്ല. ഉള്ളിൽ ഭയമായിരുന്നു. അങ്ങുദൂരെ തിളങ്ങിയിരുന്ന നക്ഷത്രത്തെ ഈ ഭൂമിയിലിരുന്ന് ഞാൻ മോഹിക്കുകയായിരുന്നു.

ഒരു തിങ്കളാഴ്ചയാണ് അവളുടെ നാവിൽ നിന്നും ആദ്യമായി എന്റെ നാമം പിറന്നത്. ദൈവത്തിനു നൽകിയ വാക്കുതെറ്റിയില്ല. നേർച്ചയായി നൽകിയത് അൽപത്തെഴുകുതിരികളാണ്.

"മനോജ്, തന്നെയെനിക്കിഷ്ടപ്പെട്ടു. താനൊരു നല്ല സുഹൃത്താണ്."

ആ ശബ്ദം ആയിരം വട്ടമെങ്കിലും ഈ ഹൃദയത്തിൽ പ്രതിധ്വനിച്ചിരുന്നു. ഇന്നു ഓർക്കുന്നു, ഞങ്ങൾക്ക് മെലിഞ്ഞുണങ്ങിയ മുരിങ്ങക്കായ് പോലിരുന്ന ഒരു കണക്കുടീച്ചറുണ്ടായിരുന്നു. കാര്യമില്ലാത്ത എന്തിനോ വേണ്ടി അവരെന്നെ ക്ലാസിനു വെളിയിലാക്കി. പോരാത്തതിന് മുഷിപ്പിക്കുന്ന ഒരു ചോദ്യവും.

"തന്റെ തലയ്ക്കകത്താരാ ?"

കരണത്തടിക്കാനുള്ള ദേഷ്യമുണ്ടായിരുന്നു. ചെയ്തില്ല! ചോദ്യം കേട്ട് വിഡ്ഢിച്ചിരി ചിരിക്കാൻ കുറെ പെൺകുട്ടികളും. കൂട്ടത്തിൽ ഉറക്കെച്ചിരിച്ചത് അവളായിരുന്നു. പോരാത്തതിന് ക്ലാസു കഴിഞ്ഞപ്പോൾ എന്റെയടുത്തെത്തി ഒരു ചോദ്യവും, 'ആരാ തലയ്ക്കകത്ത്.'

ദേഷ്യം കടിച്ചമർത്തിക്കൊണ്ടു പറഞ്ഞു. ഉണ്ടക്കണ്ണുകളും, ചുരുണ്ടു നീണ്ട തലമുടിയും, കട്ടപ്പല്ലുകളുമുള്ള ഒരു ഭീകരസത്വം. ഏതാണ്ട് തന്നെപ്പോലിരിക്കും. ഒരക്ഷരം മിണ്ടാതെ അവളെന്നെ തുറിച്ചുനോക്കി. വീണ്ടുമൊരു മഹാനഷ്ടം. ഒഴിച്ചയോളം ആ കണ്ണുകൾ എന്നെ തേടിയില്ല. ആ നാവിൽ നിന്നും ഒരു വാക്കുപോലും എന്നിൽ പതിഞ്ഞില്ല. ഉടനെ ചെന്ന ആ ദൈവസന്നിധിയിലേയ്ക്ക് ഇത്തവണ അൻപതിനു പകരം നൂറ്.

ഉറക്കം വരുന്നില്ല. അയാൾ എഴുന്നേറ്റ് വാതിൽ തുറന്നു. പുറത്ത് നല്ല നിലാവുണ്ട്. അകലെ പള്ളിമണി കേൾക്കാം. പാതിരാക്കുർബാന കഴിഞ്ഞ് ആളുകൾ പോവുകയാവാം. ഡിസംബർ മഞ്ഞ് കരങ്ങളെ കോരിത്തരിപ്പിക്കുന്നു. പലവീടുകളിലും ക്രിസ്തുമസ് നക്ഷത്രങ്ങൾ പ്രകാശം നാട്ടിനിൽക്കുന്നു. ആ വീട്ടിൽ മാത്രം നക്ഷത്രം പ്രകാശിച്ചില്ല. യേശുദേവന്റെ ജന്മമുഹൂർത്തത്തിനു പ്രതീകമായി ഒരു പുൽക്കൂടൊരുങ്ങിയില്ല.

ക്രിസ്തുമസ്, അങ്ങനെയൊരു സുദിനം തനിക്കുമുണ്ടായിരുന്നു. അഷനും, അമ്മയും ചേച്ചിയോടുമൊത്ത്. സ്നേഹബന്ധങ്ങൾ എത്ര പെട്ടെന്നാണ് അകന്നുപോയത്. അകന്നുപോയതല്ല. അറുത്തുമാറ്റിയതാണ്. ഗ്രേസിയും അവളുടെ വീട്ടുകാരും. നഷ്ടപ്പെട്ടു. ഒക്കെ നഷ്ടപ്പെട്ടു. അയാൾ കണ്ണുകളിറുക്കിയടച്ചു.

ക്ലോക്കിന്റെ പെൻഡുലം ശബ്ദിച്ചു. മണി രണ്ടിനോടടുത്തിരിക്കുന്നു. ശബ്ദമുണ്ടാക്കാതെ അയാൾ ദീപുവിന്റെ കത്തെടുത്തു വായിച്ചു.

"വരണം."

"ഗ്രേസിക്ക് ഇഷ്ടമുണ്ടാവില്ലെന്നറിയാം. എങ്കിലും നീ വരണം. പിന്നെ, മറ്റൊരു കാര്യം കൂടിയുണ്ട്. ഞാൻ ദേവിക്ക് ഇൻവിറ്റേഷൻ അയച്ചിരുന്നു. ഒട്ടും പ്രതീക്ഷിച്ചില്ല. ഇന്നലെ അവൾ വിളിച്ചിരുന്നു. കല്യാണത്തിന് തീർച്ചയായും വരുമെന്ന്."

ആ മുഖത്ത് ഒരു വസന്തം വിടർന്നിരുന്നു. മനസിലയാൾ ഉരുവിട്ടു. വരും അവൾ വരും!

എപ്പോഴാണ് ഉറക്കത്തിലേക്കാണ്ടുപോയതെന്നോർമ്മയില്ല. കണ്ണുതുറന്നപ്പോൾ സമയം 6 മണിയായിരുന്നു. തിടുക്കത്തിൽ എഴുന്നേറ്റ് ദിനചര്യകൾ പൂർത്തിയാക്കി. പാന്റ്സും ഷേർട്ടും രാത്രിതന്നെ അയേൺ ചെയ്തുവച്ചിരുന്നു. പ്രസന്റേഷൻ കവർ മാത്രമേ കൈയ്യിലെടുക്കാനുണ്ടായിരുന്നുള്ളൂ.

ഇറങ്ങുന്നതിനുമുമ്പ് അയാൾ ഗ്രേസിയെ നോക്കി. വിശാലമായ വായ്ക്കകത്തെ പല്ലുകൾ പുറത്തുകാട്ടിക്കൊണ്ട് അവളുടെ മലർന്നുള്ള കിടപ്പു കണ്ടപ്പോൾ അയാൾക്കു പുച്ഛം തോന്നി. അറിയാതെ മനസിലുരുവിട്ടു. 'സ്വർഗതുല്യമായിരുന്ന എന്റെ ജീവിതത്തിലേക്കു കടന്നുവന്ന കട്ടുറുമ്പേ, ഞാൻ നിന്നിൽ നിന്നും വിടവാങ്ങുകയാണ്. ഒരു ദിവസത്തേക്കെങ്കിലും ഞാൻ പോവുന്നു. എന്റെ മാത്രമായ ലോകത്തിലേയ്ക്ക്.' എന്റെ രാജകുമാരിയെത്തേടി. ബാല്യത്തിൽ വായിച്ച ഏതോ ചിത്രകഥയിലെ വാചകം. അയാൾ ഉള്ളിൽച്ചിരിച്ചു.

അപരിചിതങ്ങളായ ഒരുപാടുമുഖങ്ങൾ കൂട്ടിയിട്ടിരിക്കുന്ന കസേരകളിലൊന്നിൽ സ്ഥാനം പിടിച്ചു.

"പയ്യന്റെ ആരായിട്ടുവരും?"

അയാൾ ശബ്ദം കേട്ട ദിക്കിലേക്ക് നോക്കി. തൊട്ടടുത്ത കസേരയിലിരുന്ന വൃദ്ധനാണ്. കണ്ടാൽ ഒരു നാദസ്വരക്കാരന്റെ വടിവ്.

"സുഹൃത്താണ്."

പതിഞ്ഞസ്വരത്തിൽ അയാൾ പറഞ്ഞു.

"എന്തു ചെയ്യുന്നു? "

വീണ്ടുമൊരു ചോദ്യം.

"പ്രൊഫസറാണ്, യൂണിവേഴ്സിറ്റിയിൽ. "

മറുപടി പറഞ്ഞു.

"ഊണു കഴിച്ചോ? "

വൃദ്ധൻ ഉറച്ച ശബ്ദത്തിൽ ചോദിച്ചു.

" ഇല്ല. പിന്നെയിരിക്കാം."

"ഇനിയെപ്പോഴാ? "

"വൈകിട്ട് ."

വൃദ്ധൻ തുറിച്ചുനോക്കിക്കൊണ്ടുപറഞ്ഞു.

"അവിടെ സ്ഥലമുണ്ടല്ലോ?"

മനസ്സില്ലാമനസോടെ അയാൾ ഉണ്ണാനിരുന്നു.

"കല്യാണക്കാര് ഇപ്പോത്തയ്യുള്ളൂ. അവിടെ ക്യാമറ പിടിക്കലാ".

വൃദ്ധന്റെ അധികാരഭാവം കുറേയൊക്കുന്നുണ്ടോ? അയാൾ ചിന്തിച്ചു. ഇല്ല. ഊണു കഴിക്കാൻ വൈകിയാൽ ഒരുപാടു ശാസിക്കാറുണ്ടായിരുന്ന അപ്പച്ചനെ ആ വൃദ്ധനിൽ നിഴലിച്ചുകാണാം. എന്നോമറഞ്ഞ അപ്പച്ചൻ!

"എടാ മനൂ"

ദീപു അടുത്തേയ്ക്കുവന്നു. കൂടെ പെൺകുട്ടിയുമുണ്ടായിരുന്നു.

"നീ എപ്പൊഴാ എത്തിയേ. ഊണു കഴിച്ചോ?"

സന്തോഷം ഉള്ളിലടക്കിക്കൊണ്ട് അയാൾ ചോദിച്ചു.

"ഉവ്വ്, ഇപ്പോക്കഴിച്ചതേയുള്ളൂ".

സന്തോഷഭാവത്തിൽ മനോജ് പറഞ്ഞു.

"പ്രിയാ, ഇതെന്റെ സുഹൃത്ത്, പ്രൊഫസർ മനോജ് മാത്യു."

അയാൾ പെൺകുട്ടിയെ നോക്കി. അവൾ മന്ദഹസിച്ചുകൊണ്ട് അല്പനേരം നിന്നു. പിന്നെ അകത്തേയ്ക്കുപോയി. മനോജ് ചുറ്റും നോക്കിക്കൊണ്ടു ചോദിച്ചു.

"ദേവി വന്നില്ലേ?"

"ഉവ്വ്! പക്ഷേ പെട്ടെന്നുതന്നെ പോയി. ദേവി മാത്രമേ ഉണ്ടായിരുന്നുള്ളൂ. "

മുറിവേറ്റ പക്ഷിയെപ്പോലെ അയാളുടെ മനസു പിടയുന്നത് ദീപുവിന് കാണാമായിരുന്നു.

"അവർ തമ്മിലത്ര രസത്തിലല്ലെന്ന് തോന്നുന്നു. അയാളെകുറിച്ചൊന്നും പറഞ്ഞില്ല. ഞാൻ പറഞ്ഞു. മനു വരുമെന്ന്, പക്ഷെ നിന്നെക്കുറിച്ചൊന്നും...."

പറഞ്ഞതു മുഴുമിക്കാതെ അയാൾ നിർവികാരനായി നിന്നു.

"ദേഷ്യമുണ്ടാവും. ഒരു സുഹൃത്തിനെപോലെ കണ്ടിട്ട് ഒടുവിൽ..."

അന്നെനിക്കവളോടു തോന്നിയ ആയിരമിഷ്ടത്തിൽ ഒരിറ്റെങ്കിലും തിരിച്ചുണ്ടായിരുന്നെങ്കിൽ ഈ ഒരു നിമിഷത്തിലെങ്കിലും അവൾ എനിക്കുവേണ്ടി...
"ഇല്ല! ഞാൻ വെറുമൊരു വിഡ്ഢിയാണ്."
നനഞ്ഞ മിഴികളെ തൂവാലയാൽ മറച്ചുകൊണ്ടയാൾ പറഞ്ഞു.
"എങ്കിലും ഒരു പ്രാർത്ഥനയേയുള്ളൂ. അവൾ സുഖമായിരിക്കണം."
ദീപുവിന്റെ മുഖത്തുനോക്കി പുഞ്ചിരിച്ചുകൊണ്ടയാൾ പറഞ്ഞു.

"വീട്ടിലേയ്ക്കു വരണം, ഭാര്യയുമൊന്നിച്ച്."

"എന്തായാലും എന്റെ ജീവിതത്തിലെ പാകപിഴകൾ നിന്റെ ജീവിതത്തിൽ ദൈവം തിരുത്താതിരിക്കില്ല."

തളർന്ന സ്വരത്തിൽ മനോജ് പറഞ്ഞു.

"സ്വീകരിക്കുമെങ്കിൽ ഇതു നിനക്കു തരാൻ പറഞ്ഞു, ദേവി."

ദീപു തന്റെ കൈയ്യിലിരുന്ന പുസ്തകം അയാൾക്കുനേരെ നീട്ടി.

"ഓ, എന്നോ പൊലിഞ്ഞ ഒരു പ്രേമത്തിന്റെ സാക്ഷി!"

പരിഹാസഭാവത്തിൽ അതും വാങ്ങിക്കൊണ്ട് മനോജ് നടന്നകന്നു. എന്തു പറയണമെന്നറിയാതെ ദീപു അയാളെത്തന്നെ നോക്കിനിന്നു. യാത്രയുടെ ഗതിവേഗം അറിഞ്ഞില്ല. വീട്ടിലെത്തിയപ്പോൾ വേലക്കാരൻ ചെറുക്കൻ ഒരു കത്തുമായി വന്നു.
"കൊച്ചമ്മ തന്നതാണ്."
അയാൾ കത്തു വായിച്ചു.
"ഞാൻ പോവുകയാണ്. ശേഷമുള്ള കാഴ്ച വീട്ടുകാരുടെ തീരുമാനമനുസരിച്ചായിരിക്കും."
വായന നിർത്തി അയാൾ കത്തെടുത്ത് ദൂരെക്കളഞ്ഞു. ഒരു കറുത്ത രാത്രി ഇഴഞ്ഞുനീങ്ങിയ ആശ്വാസത്തോടെ അയാളാ പുസ്തകത്തിന്റെ ആദ്യത്തെ എടുമറിച്ചു. സുപരിചിതങ്ങളായ അക്ഷരങ്ങൾ അവളുടെ കൈപടയാണ്. ആകംക്ഷയോടെ അയാൾ വായിച്ചു.

" വെളിച്ചം നാട്ടാൻ വെമ്പിനിന്നിരുന്ന ആ നൂറു മെഴുകുതിരികളെ ഞാൻ കണ്ടിരുന്നു. പക്ഷെ, തിരികൊളുത്താൻ ഈ കരങ്ങൾക്കു ധൈര്യം പോരായിരുന്നു. ഒടുവിൽ അവയുടെ പക്കലേക്കോടിയെത്തിയപ്പോഴേക്കും അവയോരോന്നിലും ആരോ വെളിച്ചം പകർന്നിരുന്നു."

"ആരോ തെളിച്ച ആ മെഴുകുതിരികൾ പൂർണമായും എരിഞ്ഞടങ്ങാറായിരിക്കുന്നു. ഇപ്പോൾ വികാരവിചാരങ്ങളില്ലാത്ത ഒരു ജീവൻ അവശേഷിക്കുന്നു. എങ്കിലും നൂറുമെഴുകുതിരികളുമായി അവിടെ കാത്തിരിക്കും. മതഭേദങ്ങളില്ലാത്ത, മാനസിക പിരിമുറുക്കങ്ങളില്ലാത്ത, നല്ലവരായ മാലാഖമാർ മാത്രം നിറഞ്ഞ ആ ലോകത്തിൽ."
വായിച്ചതിനുശേഷം ആ വരികളെ മാറോടു ചേർത്തുകൊണ്ടയാൾ പറഞ്ഞു.

●

Beware!

1. The tongue, being in the net place, is most likely to slip!
2. Ask nothing, refuse nothing.

കവിത

നിനക്കുവേണ്ടി

Fazal Rahman
II BSc. Comp. App.

വാതിരാമഴ പെയ്യുമ്പോൾ
കുളിരുന്ന എൻ മനസ്സും
മനസ്സുണർത്തുന്ന
ഇടിമുഴക്കവും
നിന്നെ മാത്രം ഓർക്കുന്നു
എന്തിനെന്നെനിക്കറിയില്ല.
എന്തിനു നീ വെറുതെ...
നിന്റെ സ്വപ്നങ്ങളില്ലാത്ത
സുഖനിദ്രയുണ്ടോ!
എന്റെ ദു:ഖങ്ങളില്ലാത്ത
സുഖനിദ്രയുമുണ്ടോ!
നിന്റെ മൊബൈൽഫോണിലെ
സംഗീതംപോലെ
പുതിയ സ്നേഹവും
പുതിയ കാത്തിരിപ്പും
നീളുകയാണല്ലോ...
ഓർക്കുന്ന രാവുകൾ
നിന്റെ സാന്ത്വനം
എനിക്കു തരുന്നതുപോലെ...
എന്റെ സ്നേഹത്തിന്റെ
പൂതുമയേക്കാൾ
നിന്റെ ജീവിതപുതുമയല്ലേ
നിനക്കിഷ്ടം.
എന്നാലും പ്രേമമേ
എന്നെ നോക്കി
പുഞ്ചിരി തൂകില്ലേ...!

●

ലേഖനം



കലാലയം

Divya V. Pai
II BSc. Comp. App.

നാട്യം കൊണ്ടു തൻമയത്വം നഷ്ടപ്പെടുന്ന ക്യാമ്പസ്. കാപട്യം നുഴഞ്ഞു കയറുന്നുവോ! നന്നുരുത്ത ആശ്വാസകണങ്ങളെ കണ്ടില്ലെന്നു നടിക്കാനുമാവില്ല. സ്വർത്ഥവൽക്കരിക്കപ്പെടുന്ന ക്യാമ്പസിനെക്കുറിച്ചെഴുതുന്ന വരാപ്പുഴ സ്വദേശിനി, ഹൃദയപരമാർത്ഥതയുടെ ഉറവ തേടി പോകുകയാണ്.

കടലാസുപൂക്കളുടെ ഭംഗിയിലും നിറത്തിലും സ്വയം മറന്നു നിൽക്കുന്ന ക്യാമ്പസ്. തലയെടുപ്പുള്ള കെട്ടിടങ്ങൾ, വിശാലമായ നടപ്പാതകൾ. ഈ വഴിയിലൂടെ നടന്നുവരുന്ന എല്ലാവരുടേയും മുഖത്ത് മറ്റെവിടെയും കാണാത്ത ഉത്സാഹം, സന്തോഷം, ആർപ്പുവിളി. എന്തൊക്കെയോ എത്തിപ്പിടിക്കാനുള്ള ആഗ്രഹം. ഇത്തരം നിർവ്വചനാതീതമായ അനേകം ഭാവങ്ങൾ മിന്നിമറയുന്നു. പക്ഷേ, ഭംഗിയുള്ള കടലാസുപൂക്കൾക്ക് സുഗന്ധമേകാനാവില്ലല്ലോ. ആ പൂക്കളെ ആശ്ചര്യപൂർവ്വം ഉയരത്തിലേക്കു നോക്കി നിൽക്കാം, അത്രതന്നെ. സ്വന്തം കാര്യം മാത്രം നോക്കി മേൽപോട്ടു വളരുന്ന ക്യാമ്പസ് യുവത്വങ്ങൾക്കും, സുഗന്ധം നഷ്ടപ്പെട്ടു തുടങ്ങിയ കാര്യം അധികമാരും അറിഞ്ഞുകാണില്ല.

സ്വന്തം കരിയർ മാത്രം ലക്ഷ്യം വച്ച് ആഡംബരജീവിതം നയിക്കുന്ന, ആഗ്രഹശിരോമണികളായ ഇന്നത്തെ വിദ്യാർത്ഥിസുഹൃത്തുക്കളിൽ നല്ലൊരുശതമാനവും തന്നിഷ്ടക്കാരും, സ്വന്തം പ്രോജക്ടിലും ഇന്റേർണലിലും മാത്രം ഒതുങ്ങിക്കൂടുന്നവരും ആണ്. ഒരു സുഹൃത്ത് ഒരു ദിവസം ക്ലാസ്സിൽ വന്നില്ലെങ്കിൽ അന്വേഷിക്കുവാനോ, പിന്നീട് വരാതിരുന്ന ദിവസത്തെ നോട്ടു പോടിച്ചാൽ ഒന്നു സഹായിക്കാനോ തയ്യാറാകാത്ത പുതുതലമുറ. എന്തുകൊണ്ടോ ഇത്ര ചെറിയകാര്യങ്ങളിൽ പോലും വലിയൊരു സ്വാർത്ഥത ഉടലെടുക്കുകയാണ്. അവരോടിതിനെക്കുറിച്ച് സ്നേഹപൂർവ്വം ചോദിച്ചെന്നിരിക്കട്ടെ. ഇപ്പോഴത്തെ കുട്ടികൾക്ക് ഒരു ഉത്തരവാദിത്വവും ഇല്ല. നൽകിയ നോട്ടുബുക്ക് നഷ്ടപ്പെടുത്തിയാൽ പിന്നെ പരീക്ഷയ്ക്ക് താനെങ്ങനെ പഠിക്കും എന്നൊക്കെയുള്ള ഗംഭീരൻ ന്യായങ്ങൾ നിരയായെത്തും. 'ക്ലിക്ക്സ് ' എന്നറിയപ്പെടുന്ന ഗ്രൂപ്പിസം ക്യാമ്പസിന്റെ ഗന്ധം എത്രത്തോളം വിചിത്രമാക്കുന്നു എന്നത് പറയേണ്ടതില്ല. തങ്ങൾ സമൂഹജീവികളാണെന്നോ അതിനാൽതന്നെ പരസ്പരധാരണയില്ലാതെ ജീവിക്കുക അസാദ്ധ്യം എന്ന് മനസ്സിലാക്കുകയോ ചിന്തിക്കുകയോ ഇക്കൂട്ടർ ചെയ്യുന്നില്ലെന്നതാണ് ഇതിനൊക്കെ കാരണം.

സുഹൃദ് ബന്ധങ്ങൾ - ഇതാണ് അന്നും ഇന്നും ക്യാമ്പസിന്റെ ജീവൻ. എന്നാൽ ഇന്ന് ക്യാമ്പസിലെ ബന്ധങ്ങൾ ഒരു പരിധിവരെ അടിപൊളിയും അകമെ പൊള്ളയും ആയിക്കൊണ്ടിരിക്കുകയാണ്. സുഹൃദ്ബന്ധം ഫ്രണ്ട്ഷിപ്പ് ഡേയിൽ ഒരു ബാഡ്ജ് വിലകൊടുത്തു വാങ്ങികെട്ടിയാൽ ഉണ്ടാവുന്നതോ കൈകൾ കോർത്ത് "ഹാപ്പി ഫ്രണ്ട്ഷിപ്പ്ഡേ" പറയുമ്പോൾ ഉണ്ടാകുന്നതോ അല്ല. അതുണ്ടാകുന്നത്, പരസ്പരം സ്നേഹിക്കുന്നവരും മനസ്സിലാക്കുന്നവരുമായ രണ്ടുപേരോ ഒരു കൂട്ടംപേരോ ഉള്ളപ്പോഴാണ്. സുഖദു:ഖങ്ങളുടെയും, പങ്കുവയ്ക്കലിന്റെയും, വിമർശന

ത്തിന്റെയും, തെറ്റുതിരുത്തലിന്റെയും, ഇത്തിരി പിണക്കങ്ങളുടെയും ഒക്കെ മിശ്രിതമാണ് സുഹൃദ്ബന്ധമെന്നത്.

പ്രണയബന്ധങ്ങളെക്കുറിച്ചു പറഞ്ഞാലോ. ഒരു വാലന്റീൻ ഡേയിൽ തുടങ്ങിയാൽ അടുത്ത അതേദിനം വരെപ്പോലും നിലനിൽക്കാത്തത്. അതുകൊണ്ടുതന്നെയാണ് 'അറേഞ്ച്ഡ് പ്രണയം' എന്നത് കൂപ്രസിദ്ധി നേടിയെടുത്തത്. കമിതാക്കൾ അവരുടെ ഗ്ലാമറിനും സ്റ്റാറ്റസിനും ഒക്കെ ചേരുന്ന രീതിയിലുള്ളവരെ, മനസ്സിനിണങ്ങാത്തവരായാലും, കുറച്ചുകാലം കൊണ്ടുനടക്കുന്നു. അത്രതന്നെ. ക്യാമ്പസെന്നാൽ അതിനെന്തൊക്കെയോ അർത്ഥമുണ്ടായിരുന്ന കാലമുണ്ടായിരുന്നു. അതിനു കാമ്പുണ്ടായിരുന്നു. മരത്തണലുകളിൽ ആൺപെൺഭേദമില്ലാതെ സൊറ പറഞ്ഞിരുന്നവരെ കാണാമായിരുന്നു. ജീവിതത്തെ ഗൗരവത്തിൽ കണ്ടിരുന്ന അവരിലേറെയും സുഹൃദ്ബന്ധങ്ങളുടെ നൈർമ്മാല്യത ക്യാമ്പസിനകത്തും പുറത്തും കാത്തുസൂക്ഷിച്ചിരുന്നവരാണ്. അവിടെ തന്നെയാണ് യുവമനസ്സുകളിലെ തത്ത്വചിന്തകളും, കഥയും, കവിതയും, രചനയുടെയും ചിന്തയുടെയും മറ്റു തലങ്ങളുമൊക്കെ ചർച്ച ചെയ്യപ്പെട്ടിരുന്നത്. അതിരില്ലാത്ത മൊബൈൽ സൗഹൃദങ്ങൾ ഹൃദയത്തെ അകറ്റിനിർത്തുകയാണിന്ന്. ദൂരെയായിരിക്കുന്നവരിൽ അടുത്തെന്ന പ്രതീതി കൊടുക്കേണ്ട മൊബൈൽഫോൺ ആ ആവശ്യത്തിനുമപ്പുറം, 'നാം ദൂരെയായിരിക്കുന്നത് നന്ന് ' എന്നു പറയുന്നതുപോലെ.തോന്നിക്കുന്നു ക്യാമ്പസിന്റെ നാഴികക്കല്ലായിരുന്ന ഗുരുശിഷ്യബന്ധങ്ങൾ പോലും ഇപ്പോൾ വളരെയധികം മാറിക്കഴിഞ്ഞിരിക്കുന്നു. എന്താണ് ഈ ബന്ധത്തിന്റെ മഹത്വമെന്നോ പണ്ട് ശിഷ്യൻ ഗുരുവിന് നല്കിയിരുന്ന സ്ഥാനമെന്തെന്നോ ഈ തലമുറയ്ക്കു വലിയ പിടിയില്ല. ലോകം മാറുംപോൽ നമ്മളും മാറണമല്ലോ. അതാവാം കാരണം.

"പണ്ടൊക്കെ വിദ്യാർത്ഥികൾ കളിയാക്കിയിരുന്നെങ്കിലും അവർ ഞങ്ങളെ സ്നേഹിച്ചിരുന്നു, സുഹൃത്തുക്കളെപ്പോലെ. ഇന്നത്തെ വിദ്യാർത്ഥി ഇന്റേർണൽ മാർക്കിനുവേണ്ടി ക്ലാസ്സിൽ പല്ലിളിച്ചുകാട്ടുന്നു. എന്നാൽ പുറത്ത് പൂരത്തിനു കണ്ടഭാവം പോലും കാണിക്കാറില്ല. ഞങ്ങളുടെ ആത്മാർത്ഥതയ്ക്ക് വിലയില്ലാതാകുന്നു എന്ന തോന്നൽ," എന്ന് ചില അദ്ധ്യാപകർ വേദനയോടെ പറയാറുണ്ട്. എന്നാൽ, അദ്ധ്യാപകരിൽ കുറേപ്പേർ എന്തോ കടമ നിർവ്വഹിച്ചു കഴിഞ്ഞ ഭാവത്തിലാണ് ക്ലാസ്സിൽ നിന്നിറങ്ങുന്നതത്രെ. ആത്മാർത്ഥമായി ക്ലാസ്സിനു തയ്യാറായി വരാത്ത അദ്ധ്യാപകരുടെ മുമ്പിൽ ഒരേകലവ്യനോ അർജ്ജുനനോ ആകുക അസാദ്ധ്യമെന്നേ വിദ്യാർത്ഥികൾ പറയൂ. ഇതിനൊക്കെയിടയിൽ നഷ്ടമാകുന്നത് വിലപ്പെട്ട അവസരങ്ങളാണ്. ക്യാമ്പസിലെ സത്യസന്ധരായ വിദ്യാർത്ഥികൾക്കും ആത്മാർത്ഥതയും സ്നേഹവായ്പും ഉള്ള അദ്ധ്യാപകർക്കും മറ്റുള്ളവരുടെ ഇത്തരം പ്രവണതകൾ വിഷമമുണ്ടാക്കുന്നതാണ്.

ഇന്നും നമുക്ക് ക്യാമ്പസുകളുണ്ട്. സിനിമയിലെ നായികാനായകൻമാരുടെ പ്രണയം, അവകാശവാദം, സ്വഭാവം, സംസ്ക്കാരം, വസ്ത്രം, ആവേശം ഇവയൊക്കെ അപ്പാടെ ജീവിതത്തിൽ അനുകരിക്കാൻ തിടുക്കം കാട്ടുന്ന ക്യാമ്പസ്. അരയിൽ ഇറുകിയ ജീൻസും ചുണ്ടിൽ പെയിന്റുമടിച്ചാലേ പരിഷ്ക്കാരിയാകൂ എന്നു വിശ്വസിക്കുന്നവരും ചുരുക്കമല്ല. ലിപ്സ്റ്റിക്കിന്റെ മന:ശാസ്ത്രസമീപനം അറിയാത്തവർ. മനോഹരമായി പുഞ്ചിരിച്ചിരുന്ന മലയാളി പെൺകുട്ടിയിന്ന് 'ഏഷ്യൻ പെയിന്റ് അൾട്ടിമ' സ്മൈൽ മുന്നിൽ പെടുന്ന ആസ്വാദകർക്കു സമ്മാനിക്കുന്നു!

എല്ലാ കലകളുടെയും സംഗമസ്ഥാനമായ കലാലയങ്ങളിൽ കലാകാരൻ എത്രമാത്രം ആരാധിക്കപ്പെടുകയും പ്രോത്സാഹിക്കപ്പെടുകയും ചെയ്തിരുന്നുവോ അത്രതന്നെ ഇന്നവർ അവഗണിക്കപ്പെടുകയാണ്. ചർച്ചകളും, പൊട്ടിച്ചിരികളും, സൗഹൃദം പുതുക്കലും, സംവാദങ്ങളും ഒക്കെ നിറഞ്ഞുനിന്നിരുന്നു. ഒഴിവുവേളകൾ ഇന്ന് അന്യമാകുകയാണ്. എല്ലാവർക്കും തിരക്കാണ്. ജീവിക്കാനുള്ള നെട്ടോട്ടത്തിനിടയിൽ ജീവിക്കാൻ മറക്കുന്ന ക്യാമ്പസ്. എങ്ങോട്ടാണു നാം വിറളി പിടിച്ചോടുന്നത?

ലൈബ്രറി പുസ്തകങ്ങൾ വായിക്കാനാളില്ലാതെ ചിതലരിക്കുന്നു. പുസ്തകപ്പുഴുക്കൾക്കും, ചിന്തകർക്കും ഉള്ളതല്ലേ ലൈബ്രറി എന്നൊരു ചോദ്യവുമാവാം. എം.ബി.ബി.എസും, എഞ്ചിനീയറിംഗും മാത്രമാണ് മാന്യജീവിതത്തിൽ ചവിട്ടുപടികളായുള്ളൂ എന്നു പലരും കരുതുന്നതുകൊണ്ടാകാം ഇത്തരമൊരു ഭാവം.
ഇത്രയൊക്കെ എഴുതിക്കഴിഞ്ഞപ്പോൾ എനിയ്ക്കുമൊരു ശങ്ക, കടലാസുപൂക്കളെപ്പോലെ സുഗന്ധമില്ലാതെ നമ്മുടെ ക്യാമ്പസുകൾ കൊഴിയാൻ നാം ഇനിയും അനുവദിക്കണമൊ?

ഫൈനൽ എഡിറ്റ്

നിങ്ങൾ വായിക്കൂ, വളരൂ, സംവാദങ്ങൾ നടത്തൂ, ജീവിതത്തെ അതിൽ തന്നെ ആസ്വദിക്കൂ, എന്നൊക്കെ പറയുകയും അകന്നിരിക്കുമ്പോൾ 'മിസ് ' ചെയ്യുന്നു എന്ന തോന്നലുളവാക്കുകയും ചെയ്യുന്ന വിദ്യാർത്ഥികളേ, അദ്ധ്യാപകരേ, കൃതാർത്ഥത!

ലേഖനം

ക്യാമ്പസ് എങ്ങോട്ട്?

Prepared by :

Reshmy Antony
III B.A. Copy Editor

ക്യാമ്പസിന്റെ പോക്കിലുള്ള നന്മയുടേയും തിന്മയുടേയും, ആവശ്യത്തിന്റേയും അനാവശ്യത്തിന്റേയും, കണികകൾ കണ്ടെത്താൻ ശ്രമിക്കുകയാണ് ലേഖിക.

കാലത്തിന്റെ കുത്തൊഴുക്കിൽ കലാലയത്തിന്റെ നട്ടെല്ലൊടിക്കുമാറ് കാറും കോളും നിറഞ്ഞ മനസ്സുകളിലേക്ക് വീണ്ടും ചപ്പും ചവറും കുത്തിനിറയ്ക്കപ്പെടുകയാണ്. യുവത്വത്തിന്റെ കരുത്തു കാട്ടേണ്ടതെവിടെയാണ്? ആദ്യം, കലാലയം ഇതിനുത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. വസ്തുനിഷ്ഠമായി കാര്യങ്ങൾ ഗ്രഹിക്കാനും, പ്രതികരണം ആവശ്യമായിടത്തുമാത്രം അതുപയോഗിക്കാനും ക്യാമ്പസ് ഇനിയും പഠിക്കണം.

ലോകത്തു നടക്കുന്ന ഏതു സംഭവത്തോടും പ്രതികരിച്ചിരുന്ന ക്യാമ്പസുകൾ ജീവിതത്തിന്റെ വിവിധതുറകളിൽ പ്രശോഭിച്ച അനേകം പ്രതിഭകളെ സംഭാവന ചെയ്തിട്ടുണ്ട്. സാഹിത്യമോ, സംഗീതമോ, സിനിമയോ, ചിത്രകലയോ എന്തുമാകട്ടെ, തൊട്ടാൽ പൊട്ടുന്ന പ്രായത്തിന്റെ പ്രസരിപ്പുണ്ടായിരുന്നു അന്നത്തെ വിദ്യാർത്ഥികളിൽ.

തത്വശാസ്ത്രവും, മൂല്യബോധവും, ഷേക്സ്പിയറുമൊക്കെ വികാരവിചാരങ്ങളെ ജ്വലിപ്പിച്ചിരുന്ന ക്യാമ്പസുകളുടെ ജീവനെ ഇന്നത്തെ തലമുറ തൊട്ടറിയുന്നില്ല. വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യാഭിനിവേശത്തിന് തടയിടപ്പെട്ടു കഴിഞ്ഞു. ചുടുരക്തമോടുന്ന സിരകൾക്ക് പ്രവർത്തനനിരതമാകാൻ അവസരം വേണം. കർമ്മവൈഭവരാകാൻ വേദിവേണം. തങ്ങളിലെ ശക്തി, പഠനത്തിൽ മാത്രം ചെലവഴിക്കാൻ ഇഷ്ടപ്പെടുന്ന യുവതീയുവാക്കൾ നന്നേ കുറവായിരിക്കുമെന്നതു തന്നെ കാരണം. നാണയത്തിന്റെ ഇരുവശങ്ങളെയും അറിഞ്ഞുജീവിക്കേണ്ടതും ഈ കലുഷിതലോകത്തിൽ ഒരാവശ്യമാണ്.

'പണം കായ്ക്കുന്ന മരങ്ങൾ' സമൃദ്ധമായുള്ള കോഴ്സുകളുടെ പിറകെയുള്ള പ്രവാഹം മൂലം സ്നേഹബന്ധങ്ങൾക്കും നാണയത്തുട്ടിന്റെ വിലപോലും കല്പിക്കാത്ത ക്യാമ്പസ്, സ്വയം പരിമിതികൾ തീർത്തിരിക്കുകയാണ്. ചുരുക്കം ചിലരുടെ ആത്മനിർവൃതിക്കു മാത്രം പാത്രമാകുന്ന രാഷ്ട്രീയത്തെ രക്ഷിച്ച് അതിനു പുതുമുഖപരിവേഷം ചാർത്തേണ്ടതും ക്യാമ്പസ് തന്നെ.

ഏതവസരത്തിൽ പ്രതികരിക്കണം, എന്തിനെയൊക്കെ വളർത്തണം, എങ്ങനെ ജീവിക്കണം, ആരെയൊക്കെ വിശ്വസിക്കണം, പിൻതാങ്ങണം എന്നൊക്കെ ധാർമ്മികതയുടേയും, വസ്തുനിഷ്ഠതയുടേയും വെളിച്ചത്തിൽ ക്യാമ്പസ് ഇനിയും മനസ്സിലാക്കണം.

സ്വയാവബോധത്തിന്റെ പൊൻതൂവൽ മനസ്സിനെ തലോടുമ്പോൾ ഇനിയുള്ള ജീവിതത്തെ വ്യക്തമായി മുന്നിൽകണ്ട് ഇറങ്ങിനടക്കുക, രണ്ടും കല്പിച്ച്.

ആഗോളവത്ക്കരണത്തിന്റെ അതിപ്രസരം മൂലം നമ്മുടെ വിദ്യാഭ്യാസമേഖല അനിയന്ത്രിതമായി കച്ചവടവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ ചിന്താമണ്ഡലത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. മൊബൈൽഫോണും ചെയിനും ഇല്ലെങ്കിൽ അത് നിലവാരക്കുറവാണെന്നു കരുതുന്നവർ ക്യാമ്പസിലുണ്ട്.

തത്വബോധവും, സാമാന്യബോധവും ക്യാമ്പസിൽ അന്യമായിക്കൊണ്ടിരിക്കുമ്പോൾതന്നെ, വളർന്നുവരുന്ന വികലമായ ഭാഷാസംസ്കാരം ക്യാമ്പസ് വ്യക്തിത്വത്തെ കുറച്ചൊന്നുമല്ല പിടിച്ചുലയ്ക്കുന്നത്. രാഷ്ട്രഭാഷയോ മാതൃഭാഷപോലുമോ മെച്ചമായി കൈകാര്യം ചെയ്യാനറിയാത്തവരുടെ നിര നീളുകയാണ്. എന്തിനേറെ പറയണം, മലയാളികളെ ലോകോത്തര കാര്യവിവേശേഷിയുള്ള വ്യക്തികളായിത്തീർക്കുന്നതിൽ വലിയ പങ്കുവഹിക്കുന്ന ഇംഗ്ലീഷുപോലും ഒരു പൊങ്ങച്ച ഭാഷയെന്നതിലേക്ക് കൂപ്പുകുത്തുന്നത്, അബോധതലത്തിൽ യാന്ത്രികമായി നടക്കുന്ന അപകടപരിവർത്തനമാണ്.

അപ്പോൾ, വേണ്ടതെന്താണ്? നാമെവിടെ തുടങ്ങണമെന്നത് നിശ്ചയം ! വിദ്യാർത്ഥികളിൽ ബഹുതല ബുദ്ധിയുള്ളവർ കുറവാണ്. ഭാഷാതലത്തിൽ പ്രാവീണ്യമുള്ളവർക്ക് ബൗദ്ധികതലങ്ങളിൽ പ്രശോഭിക്കാനായെന്നാവില്ല. ഇതൊക്കെ ആദ്യം അദ്ധ്യാപകരും അതോടൊപ്പം മാതാപിതാക്കളും മനസ്സിലാക്കണം. അങ്ങനെയെങ്കിൽ വിദ്യാർത്ഥികളുടെ ഭാവിയെ ചിട്ടപ്പെടുത്താൻ അവർക്കുവലിയ പങ്കുവഹിക്കാനാകും. സുഹൃത്തുകൾക്കും ഇതിലുള്ള പങ്ക് ചെറുതൊന്നുമല്ല. അത് മനസറിയലിന്റെയും പിന്തുണയുടെയും ഒക്കെ ബലവും സത്യസന്ധതയും അനുസരിച്ചിരിക്കും.

ആത്മവിശ്വാസം വഴിക്കുവച്ചു നഷ്ടപ്പെടുന്നതാണ് വിദ്യാർത്ഥികൾ പലകാര്യങ്ങളിൽ നിന്നും പിൻമാറാൻ കാരണം. മേൽപറഞ്ഞ അവികല സിദ്ധാന്തങ്ങൾക്കടിപ്പെടാതിരിക്കാനും, സ്ഥിരതയുള്ള വ്യക്തിത്വത്തിനുടമകളാകാനും ഇന്നു മൂന്നിട്ടിറങ്ങിയാൽ നാളെ നാം പൊങ്ങച്ചക്കാരാണെന്നു ലോകം പറയില്ല.

വ്യക്തമായ ലക്ഷ്യത്തോടെ സ്ഥിരബോധത്തോടെ, ചപലതയ്ക്കടിപ്പെടാത്ത യുവത്വം സമ്മാനിക്കുന്ന ആത്മഹർഷത്തോടെ, ചടുലതയോടെ ജീവിക്കുന്ന ഒരു പുതുതലമുറയെയാണ് ഇന്നാവശ്യം. ആവേശമുണരണം, ഉണർത്തണം. നാളെയെ എങ്ങനെ പണമാക്കി മാറ്റാമെന്നല്ല, നിസ്വാർത്ഥതയ്ക്ക് എത്രത്തോളം വരെ മുന്നേറാം എന്ന ചിന്താഗതി, ജീവിതഗതിക്കുതന്നെ മുതൽക്കൂട്ടായിരിക്കും.

ഫൈനൽ എഡിറ്റ്

'സ്നേഹബന്ധങ്ങളും പണം കായ്ക്കുന്ന മരങ്ങളും' – "നമുക്കിടയിലെ പുഴ"യുടെ തീരങ്ങളിൽ അവ ചേർന്നുവളരുന്നുവെന്നോ !

കവിത

Janesh P.J.
Alappuzha
II B.A.Economics

വിട പറയവേ

ഇന്നു നീ എന്നിലായ് തീർത്തൊരു ശൂന്യത
എന്നുമെൻ ഉള്ളിലെ നൊമ്പര സന്ധ്യയാം
എന്നിലെ ശൂന്യതപടരുന്നു ഇരുളിലും
നിഴലുകൾക്കപ്പുറം തെളിയുന്നു പൊരുൾ
പിരിയുന്ന കിളികളും കരയുന്ന പക്ഷിയും
അകലുന്നു നിൻമുഖം അണയുന്നു വെന്നിലായ്
കൂടുകൾ തീർത്തതിൽ ജീവിതം തുടരവേ
ഇരുളിന്റെ സർപ്പങ്ങൾ ഉടച്ചൊരീ സ്വപ്നങ്ങൾ
നെരിഞ്ഞമീതോടുകൾ നഷ്ടസ്വപ്നങ്ങളായ്
പകർന്നതാം നൊമ്പരമിന്നെന്റെ ഭാഗമായി
നാം വന്നതും ഒന്നുപോൽ നിന്നതു മിന്നിത്താ
എന്നിലും നിന്നിലും ഓർമ്മയായ് മാറുമോ?
ന്നിന്റെ പേരിൽ നാം കടിപിടികൂടിയ
സന്ധ്യകൾക്കിന്നിതാ വന്ധ്യതവന്നു പോയ്.
എകിലും എഴുതും ഞാനിനിയുമേൽ
വിടവുകൾ വെയ്ക്കാതെ,
വിടവുകൾ വന്നാലും പിരിയില്ല നിന്നെ ഞാൻ.

കഥ

Chithra Mukundan
I BSc Chemistry

Be +ve

"കരിനീലകണ്ണുള്ള പെണ്ണേ.....
നിൻെറ കവിളത്തു ഞാനൊന്നു നുള്ളി....."

എഫ്. എം സ്റ്റേഷനിൽ നിന്നുള്ള ഗാനഗന്ധർവ്വന്റെ മധുരിതഗാനം കേട്ടു കൊണ്ടാണ് രാകേഷ് ഉണർന്നത്. അല്പസമയം ആ ഗാനം ആസ്വദിച്ചു കിടന്നു. പെട്ടെന്നാണ് ചുമരിലെ ക്ലോക്കിൽ കണ്ണുകളുടക്കിയത്. സമയം എഴര കഴിഞ്ഞിരിക്കുന്നു. ഇന്ന് പത്ത് മണിയ്ക്കാണ് ഇന്റർവ്യൂ....! സിറ്റിയിലെ ത്താൻ 8 കി.മീ ഉണ്ട്. ഒമ്പതിനുള്ള ബസ്സിൽപ്പോയാലേ സമയത്തിനെത്തുകയുള്ളൂ.....റോഡ് ബ്ലോക്കായാൽ എപ്പോഴെത്തുമെന്ന് പറയാനാവില്ല. അയാൾ പിടഞ്ഞെഴുന്നേറ്റു. ഗാനഗന്ധർവ്വന്റെ ഗാനം അവസാനിച്ചപ്പോഴേയ്ക്കും,

" എന്തൊരു റസ്പോൺസ്. Be + ve"എന്ന പരസ്യവാചകം ഉയർന്നുവന്നു. പിന്നീട് പരസ്യങ്ങളുടെ ഒരു പ്രളമായിരുന്നു.

"ഈ പരസ്യങ്ങളുടെയൊരു കാര്യം..... മനുഷ്യൻെറ ദൗർബല്യങ്ങളെ ചൂഷണം ചെയ്യുന്ന മുതലാളിത്ത സംസ്ക്കാരത്തിന്റെ പുതിയ മുഖങ്ങൾ. അതിന്റെ മായാവലയത്തിൽപ്പെട്ടതു കൊണ്ടാണല്ലോ. പുരോഗമന ചിന്താഗതിക്കാരനായ താനും ഇന്നത്തെ ഇന്റർവ്യൂവിന് പോകാനൊരുങ്ങുന്നത്.....!"

" ആറുമാസം പ്രായമായ കുഞ്ഞിന് അച്ഛനെ ആവശ്യമുണ്ട്..... ആകർഷകമായ ശമ്പളവും ജീവിതസൗകര്യങ്ങളും.....! താല്പര്യമുള്ളവർ ബന്ധപ്പെടുക."

'താല്പര്യമുള്ളവർ ബന്ധപ്പെടുക ..!'

തൊഴിൽ പംക്തിയിൽ ആ പരസ്യം കണ്ടപ്പോൾ ആദ്യമൊന്നമ്പരന്നു പോയി.....

"ഇങ്ങനെയും ഒരുദ്യോഗമോ ... ?"വരനെ ആവശ്യമുണ്ട് വധുവിനെ ആവശ്യമുണ്ട്.... വീട്ടുജോലിയ്ക്കാളെ ആവശ്യമുണ്ട്..... ഫീൽഡ് സ്റ്റാഫിനെയും എക്സിക്യൂട്ടീവുകളെയും ആവശ്യമുണ്ട്... എന്നൊക്കെ പരസ്യം കാണാറുണ്ട്. പലതിനും താനപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നും ഇതുവരെ ശരിയായില്ലെന്നു മാത്രം... എന്നാൽ ഇത്തരമൊരു പരസ്യം ആദ്യമായിട്ടാണു കാണുന്നത്.....! ഒരു പുതുമ തോന്നി.....മനപേക്ഷിച്ചു നോക്കിയാലോ എന്ന് കൂട്ടുകാരോട് പറഞ്ഞപ്പോൾ അവർ കളിയാക്കി....

"നിനക്കു ഭ്രാന്തോ ....ദർത്താവുദ്യോഗം എന്നൊക്കെ കേട്ടിട്ടേയുള്ളൂ.... ഇതെന്തോ തട്ടിപ്പാ..."അവർ പറഞ്ഞു.

അങ്ങനെ നോക്കിയാൽ എല്ലാം തട്ടിപ്പല്ലേ....? എത്ര അപേക്ഷകളയച്ചു. എത്ര ഇന്റർവ്യൂന് ഹാജരായി....? തനിക്കെന്താ പഠിപ്പില്ലേ....? തെറ്റില്ലാത്ത മാർക്കു വാങ്ങി എം.എ പാസ്സായതാണ്. പക്ഷേ മലയാളം എം.എ കാരനെ ആർക്കും വേണ്ട... ചെന്നിടത്തൊക്കെ മുൻപരിചയമുണ്ടോ എന്നാണ് ആദ്യത്തെ ചോദ്യം.. ആരെങ്കിലും ഒരു ജോലിതന്നെങ്കിലല്ലേ മുൻപരിചയമുണ്ടാകൂ ....!

എന്തായാലും വളരെ ആലോചിച്ചശേഷം മനപേക്ഷ അയച്ചു. ഈ പണികിട്ടിയാലെങ്കിലും രക്ഷപ്പെടട്ടേ എന്നുകരുതിയാണ് അപേക്ഷ അയച്ചത്. ഇന്റർവ്യൂനുള്ള കത്തി കണ്ടപ്പോൾ അമ്മ വിശദാംശങ്ങൾ തെരക്കി .....താൻ പറഞ്ഞില്ല.....! അറിഞ്ഞാൽ അമ്മയ്ക്ക് ഇഷ്ടപ്പെടുകയുമില്ല. ഇന്റർവ്യൂ കഴിഞ്ഞ് വന്ന് പറയുന്നതാണ് ബുദ്ധിയെന്നു തോന്നി.....

കിടക്ക മടക്കിവെച്ച് വീടിനു പുറത്തേയ്ക്കിറങ്ങി . ഇറയിൽ തിരുകി വച്ചിരുന്ന തേയ്മാനം വന്ന ബ്രഷെടുത്തു. പേസ്റ്റ് ട്യൂബിൽ നിന്നും പേസ്റ്റ് കിട്ടാൻ അല്പം ബലം പ്രയോഗിക്കേണ്ടി വന്നു.... പല്ലു തേച്ചു ഇറങ്ങിയപ്പോഴാണ് പത്രക്കാരൻ ജോർജ്ജ് വന്നത്..... ബ്രഷു കടിച്ചു പിടിച്ച് പത്രം വാങ്ങി.... ജോർജ്ജും താനും സഹപാഠികളാണ്. ഒന്നു മുതൽ പത്തുവരെ ഒന്നിച്ചുണ്ടായിരുന്നു.

ജോർജ്ജ് പത്തിൽ പഠിക്കുമ്പോഴാണ് അവന്റെ അപ്പൻ മരിച്ചത്. പിന്നെ തുടർന്ന് പഠിക്കാൻ കഴിഞ്ഞില്ല. അപ്പൻ ലോഡിംഗ് തൊഴിലാളിയായിരുന്നു..... അയാളുടെ പണി മോനു കിട്ടി. ഇപ്പോ യൂണിയൻ നേതാവാണ്..... രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായാണ് പത്രവിതരണം നടത്തുന്നത്. ജോർജ്ജ് വിചാരിച്ചാൽ ലോഡിംഗിൽ തനിക്കും ഒരു പണികിട്ടും. പക്ഷേ അഭിമാനം അനുവദിക്കുന്നില്ല. എം.എക്കാരൻ ചുമടു ചുമക്കുകയോ ?. അമ്മയ്ക്കാണ് ഏറ്റവും വലിയ എതിർപ്പ്. അമ്മ അത് തീർത്തു പറയുകയും ചെയ്തു.

"നിന്നെ ഞാൻ കഷ്ടപ്പെട്ടു പഠിപ്പിച്ചത് ചുമടു ചുമക്കാനല്ല...! "

"ഇന്ന് പത്താം തീയതിയാണ്... രണ്ടുമാസത്തെ പൈസ ബാക്കിയുണ്ട്." ജോർജ്ജ് ഓർമ്മിപ്പിച്ചു.

"ടെനെ തന്നേക്കാമെടാ..." രാകേഷ് ചിരിച്ചു കൊണ്ടു മറുപടി പറഞ്ഞു.

ചുവന്ന നിറത്തിലുള്ള ഒരു പുത്തൻ ക്വാളിസ് അപ്പോഴാണ് അതിലൂടെ കടന്നുപോയത്....അതു ശ്രദ്ധിച്ചുകൊണ്ട് ജോർജ്ജ് ചോദിച്ചു.

"അതാരാണെന്ന് മനസ്സിലായോ നിനക്ക്...? നമ്മുടെ പഴയ അലക്സില്ലേ? അലക്സേ.... അവനാ.!"

രാകേഷിന്റെ മുഖത്തെ സംശയദാവം കണ്ട് ജോർജ്ജ് തുടർന്നു.

"എടാ.... നമ്മുടെ ഉണ്ണ്യാൻ അലക്സേ...? നാലാംക്ലാസിൽ വച്ച് പഠിപ്പും നിറുത്തി പോയ...? അവനിപ്പോ വലിയ മുതലാളിയാ..! പഠിപ്പു നിർത്തി ഫോർട്ടുകൊച്ചി ബീച്ചിൽ കപ്പലണ്ടി വിറ്റു നടന്നവനാ...

വന്ന ഒരു മദാമ്മയുടെ കൂടെ ഫ്രാൻസിലേക്കു കടന്നു... മക്കളില്ലാത്ത മദാമ്മ മരിച്ചപ്പോൾ കോടിക്കണക്കിനു രൂപയുടെ സ്വത്തിനവകാശിയായി... കഴിഞ്ഞയാഴ്ച യാത്രേ നാട്ടിലെത്തിയത്. ഇവിടെ എന്തോ ഒരു വലിയ എക്സ്പോർട്ടിംഗ് കമ്പനി തുടങ്ങാനുള്ള പരിപാടിയാണെന്നാ കേട്ടത്... ഭാഗ്യവാൻ, അല്ലാതെന്തു പറയാൻ...?"

ജോർജ്ജ് സ്ഥലം വിട്ടതിനുശേഷവും രാകേഷ് ചിന്തയിലാണ്ടു നിന്നു. അയാളുടെ മനസ്സിൽ പഴയ ഉണ്ണാമൻ അലക്സായിരുന്നു.

"മോനെ... എന്തു നിശ്ശാടാ ഇത് ? നിനക്കു പോകാനുള്ള സമയമായില്ലേ? വേഗം പല്ലുതേച്ചുവാ..."

അടുക്കളയിൽ നിന്നും അമ്മയുടെ ശബ്ദം കേട്ടാണ് ചിന്തയിൽ നിന്നുണർന്നത്. പല്ലുതേച്ചു വന്നപ്പോൾ അമ്മ ആവി പറക്കുന്ന ഒരു ഗ്ലാസ് കട്ടൻ ചായ തന്നു. അത് ഊതിക്കുടിച്ചുകൊണ്ടിരുന്നപ്പോൾ അമ്മ പറഞ്ഞു.

"മോനേ, ആ പശുക്കിടാവിനെ മാറ്റിക്കെട്ടണം. അല്ലെങ്കില് ഇന്നലത്തെപ്പോലെ പാലെല്ലാം അതു കുടിക്കും. അമ്മയ്ക്കു കാലു വയ്യാഞ്ഞിട്ടാ. മോനൊന്നു ചെല്ല്."

രാകേഷ് എണീറ്റ് തൊഴുത്തിലേയ്ക്കു ചെന്നു. പശുക്കിടാവിന്റെ കെട്ടഴിച്ച് പിൻഭാഗത്തുള്ള മാവിൻചോട് ലക്ഷ്യമാക്കി അതിനെ വലിച്ചു. പശുക്കിടാവ് തള്ളപ്പശുവിന്റെ അടുത്ത് ബലം പിടിച്ചുനിൽക്കുകയാണ്. രാകേഷ് പലതവണ അതിനെ വലിച്ചു. അത് പിടി വിടുവിച്ച് ഓടാൻ നോക്കി.

"ഹും! എം.എ. ക്കാരനോടാണോ കളി. നിനക്കും എന്നെ വിലയില്ലെന്നോ. നിന്റെ കുസൃതിത്തിരി കൂടുന്നുണ്ട്. അതെങ്ങനെയാ നിന്നെ അടക്കിനിർത്താൻ നിനക്കച്ഛനില്ലല്ലോ."

രാകേഷിനു മുഴുമിക്കാൻ പ്രയാസം തോന്നി. ഈ പശുക്കിടാവും താനും ഒരുപോലെയാണ്. അച്ഛനാരെന്നറിയാത്തവർ...!

അമ്മയ്ക്കു പതിനേഴര വയസ്സിൽ പറ്റിയ ചതിയുടെ ബാക്കിപത്രമാണ് താൻ. ജന്മം കൊണ്ടുതന്നെ ശപിക്കപ്പെട്ടവൻ. ഇപ്പോൾ ഇരുപത്തിയാറ് വയസ്സായി. അമ്മയ്ക്ക് നാല്പത്തിമൂന്നു കഴിഞ്ഞുകാണും. അമ്മ അന്നും ഇന്നും തനിക്കുവേണ്ടി കഷ്ടപ്പെടുകയാണ്. തന്നെ ഗർഭം ധരിച്ചശേഷം അമ്മ വീടുവിട്ടിറങ്ങി. ഒരാളുടെയും സഹായമില്ലാതെ, ഒരു തയ്യൽമെഷീൻ വാങ്ങി. തയ്ച്ചുകിട്ടുന്ന പണം കൊണ്ട് തന്റെ പഠനചെലവുകളും മറ്റു വീട്ടുചെലവുകളും നടത്തി. കുറച്ചു മിച്ചം പിടിക്കാൻ അമ്മയ്ക്കു കഴിഞ്ഞിരുന്നു... അങ്ങനെയാണ് ഈ വീടുണ്ടാക്കിയത്.

തനിക്കു പതിനെട്ടുവയസ്സുള്ളപ്പോൾ അമ്മയുടെ കാലിന് വാതം ബാധിച്ചു. വലത്തെ കാൽ തളർന്നപോലെയായി. അപ്പോൾ ഒരു പശുവിനെ വാങ്ങി. ആ പശു ഉള്ളതുകൊണ്ട് കഴിഞ്ഞുപോകാം. അമ്മയ്ക്കു തന്നെക്കുറിച്ച് വലിയ പ്രതീക്ഷകളായിരുന്നു.

താൻ പഠിച്ചുപാസ്സായാൽ ഉദ്യോഗം കിട്ടുമെന്നും കുടുംബം രക്ഷപ്പെടുമെന്നും അമ്മ കരുതി. പക്ഷേ ഒന്നും നടന്നില്ല.

ഇതുവരെ അമ്മ ഒന്നിനും ഒരു കുറവും വരുത്തിയിട്ടില്ല. ഒന്നും തന്നെ അറിയിച്ചിട്ടുമില്ല. ഉള്ളതുകൊണ്ടമ്മ ഓണമൊരുക്കി. അച്ഛന്റെയും അമ്മയുടെയും ഒരു സഹോദരിയുടെയും സ്നേഹം തന്നുകൊണ്ടാണ് അമ്മ തന്നെ വളർത്തിയത്.

എങ്കിലും, അച്ഛനെക്കുറിച്ച് തന്റെ മനസ്സിൽ ഒരു സങ്കല്പമുണ്ട്. സിനിമകളിലും മറ്റു മാധ്യമങ്ങളിലും കാണുന്ന നല്ല അച്ഛന്മാരിൽ ഓരോരുത്തരെയും തന്റെ അച്ഛനായി രാകേഷ് കരുതി. പക്ഷേ, എന്നെങ്കിലും അച്ഛൻ വരുമ്പോൾ തനിക്കു കുറച്ചു കണക്കു തീർക്കാനുണ്ട്. അത് അച്ഛനോടുള്ള വിരോധംകൊണ്ടല്ല. അമ്മ കുടിച്ചതർത്ത കണ്ണീരിന്റെയും താൻ പേറേണ്ടിവന്ന പേരുദോഷത്തിന്റെയും ഒരു ചെറിയ കണക്ക്.

കുളിച്ചുവന്നപ്പോഴേക്കും സമയം ഒമ്പതിനോടടുത്തിരുന്നു. അമ്മ ഉണ്ടാക്കിവച്ച ഉപ്പുമാവും ചായയും കഴിച്ചെന്നു വരുത്തി ബസ്സ്റ്റോപ്പലേക്ക് ഓടുകയായിരുന്നു. എന്തോ ഭാഗ്യത്തന് കൃത്യസമയത്തുതന്നെ ബസ്സുകിട്ടി. നല്ല തിരക്ക്. കമ്പിയിൽ തൂങ്ങിനിൽക്കേണ്ടിവന്നു.

"അല്ല ഇതാര്...? രാകേഷാ...?" മുൻസീറ്റിൽ നിന്നുപരിചയമുള്ള ശബ്ദം കേട്ട് രാകേഷ് നോക്കി. കോളേജിൽ ബി.എ യ്ക്ക് തന്റെ ജൂനിയറായിരുന്ന ശ്രീദേവി. രാകേഷ് പരിചയം ഒരു ചെറുചിരിയിലൊതുക്കി.

"ഇപ്പോൾ എന്തുചെയ്യുന്നു രാകേഷ്...? മാര്യേജ് കഴിഞ്ഞോ?" ശ്രീദേവിയുടെ ചോദ്യശരങ്ങളിൽ നിന്നൊഴിഞ്ഞുമാറാൻ രാകേഷ് നന്നെ ബുദ്ധിമുട്ടി.

"ഞാനിപ്പോ മീഡിയാ രംഗത്താ. ദൂരദർശനിൽ വർക്കു ചെയ്യുന്നു. പ്രിയയെ കാണാറുണ്ടോ? പ്രിയയുടെ വിശേഷങ്ങളെല്ലാമറിഞ്ഞു. കഷ്ടമായി."

രാകേഷ് ഒന്നും തിരിച്ചൊന്നും പറഞ്ഞില്ല. തൊട്ടടുത്ത സ്റ്റേഷനിൽത്തന്നെ ശ്രീദേവി ഇറങ്ങിയതുകൊണ്ട് ആ ശല്യം ഒഴിവായി.

എങ്കിലും മനസ്സിൽ ഓർമകളുടെ വേലിയേറ്റമായിരുന്നു. ബി.എ. അവസാനവർഷം പഠിക്കുമ്പോഴാണ് ഒന്നാംവർഷ വിദ്യാർത്ഥിനിയായി വന്ന പ്രിയയെ പരിചയപ്പെട്ടത്. പ്രിയ നന്നായി പാടുമായിരുന്നു. താനെഴുതിയ ഗാനം കോളേജ് ഡേയ്ക്ക് അവൾ മനോഹരമായി പാടി. അതായിരുന്നു തുടക്കം. പ്രിയ അവളുടെ ഇഷ്ടം തന്നെയറിയിച്ചു.

ആദ്യം അതിൽനിന്നും ഒഴിഞ്ഞുമാറാൻ താൻ കഴിവതും ശ്രമിച്ചതാണ്. അവൾ പക്ഷേ പിൻമാറാൻ തയ്യാറായില്ല. പയ്യെ പയ്യെ താനും അവളുടെ സ്നേഹത്തിലേക്ക് വഴുതിവീണു.

പ്രിയയുടെ വീട്ടുകാർ കല്യാണാലോചന നടത്തി. ഒരു തൊഴിലില്ലാത്ത താനെങ്ങനെ. ആ ചെറുപ്രായത്തിൽ വിവാഹം കഴിക്കുകയെന്ന് ചോദിച്ചതാണ്. അതൊന്നും അവർക്കൊരു പ്രശ്നമായിരുന്നില്ല. തന്റെ അച്ഛനെക്കുറിച്ചറിഞ്ഞപ്പോൾ അവർ ഈ ബന്ധമേ ഉപേക്ഷിച്ചു. തന്റെ സ്നേഹം പിടിച്ചുവഞ്ചിയവൾ തന്നെ തള്ളിപ്പറഞ്ഞു. തന്നേക്കാൾ പദവിയും പണക്കാരനുമായ ഒരുത്തനെ അവൾ പെട്ടെന്നുതന്നെ കണ്ടെത്തി. തന്റെ മുന്നിലൂടെ പാട്ടും പാടി നടന്നു.

പലയിടത്തും തന്തയില്ലാത്തവൻ എന്ന ലേബലിൽ കിട്ടിയപ്പോഴും താൻ കരഞ്ഞില്ലായിരുന്നു. പക്ഷേ... ഇത് തന്നെ തകർത്തു കളഞ്ഞു. നാണക്കേടും സഹിക്കവയ്യാതായി. തന്റെ ഹൃദയത്തിൽ കൊണ്ട വിഷയമായി രാകേഷിനു തോന്നി. ആഴ്ചനിറങ്ങുംതോറും വേദന കൂടിവരുന്നു. ആ ചിന്ത മനസിൽനിന്ന് കളിവാക്കാൻ കുറെ പാടുപെട്ടു. കുറെ ദിവസം താനാ വേദന തിന്നു.

ഇറങ്ങേണ്ട സ്റ്റോപ്പിന്റെ പേര് ബസിലെ കണ്ടക്ടർ വിളിച്ചുപറയുന്നത് കേട്ടപ്പോഴാണ് ഓർമയിൽനിന്നും തിരിച്ചുവന്നത്. ആ സ്റ്റോപ്പിൽ ഇറങ്ങി. ഇന്റർവ്യൂ കത്തിലുള്ള അഡ്രസിനെകുറിച്ച് ആദ്യം തന്നെ കണ്ട കടയിൽ ചോദിച്ചു. അവിടുന്ന് പത്തുമിനിറ്റ് നടക്കണമെന്ന് ആ കടക്കാരൻ പറഞ്ഞു.

പണത്തനുവേണ്ടി മാത്രമല്ല താനീ ജോലിയ്ക്കപേക്ഷിച്ചത്. അച്ഛനില്ലാത്ത ഒരു കുഞ്ഞിനും അമ്മയ്ക്കും അത്താണിയാവാൻ കഴിയുകയാണെങ്കിൽ... തന്റെ ജീവിതം കൊണ്ട് ആർക്കെങ്കിലും പ്രയോജനം കിട്ടുകയാണെങ്കിൽ... ആ കുഞ്ഞിനെ സ്വന്തം കുഞ്ഞിനെപ്പോലെതന്നെ താൻ നോക്കും... തന്നെപ്പോലെ മറ്റൊരു രാകേഷ് ഇനിയുണ്ടാവരുത്. അയാളുടെ മനസിൽ നിറയെ ഈ വിചാരങ്ങളായിരുന്നു.

വഴിക്കരികിലുള്ള ഒരു മൂന്നുനില കെട്ടിടത്തിൽ കത്തുപ്രകാരമുള്ള അഡ്രസ് രാകേഷ് കണ്ടു. അകത്തേക്കു കടന്നുചെന്നു. അതൊരു വീടായിരുന്നു. അവിടെ വലിയ തിരക്കും ബഹളവും. എറിയവരും തന്റെ സമപ്രായക്കാർ. തന്നേക്കാൾ വളരെ പ്രായം കുറഞ്ഞവരും മുതിർന്നവരും അക്കൂട്ടത്തിലുണ്ട്. അവരെല്ലാം തന്നെ അച്ഛൻ ജോലിക്കു വന്നതാണത്രേ. രാകേഷിന് ഒരടിയേറ്റതുപോലെ തോന്നി. ഇത്രയുംപേരെ താനൊരിക്കലും ഇവിടെ പ്രതീക്ഷിച്ചിരുന്നില്ല. തന്റെ അവസാനത്തെ പ്രതീക്ഷയും തകരുകയാണോ! ഇതിലും ശുപാർശയും പണസംഭാവനയും സ്വാധീനം ചെലുത്തുമോ...?

വളരെ ആഗ്രഹത്തോടെയും സംതൃപ്തിയോടെയുമാണ് ഈ ജോലി സ്വീകരിക്കാൻ തയ്യാറായത്. അതിൽ അഭിമാനക്കുറവ് ഇനി തോന്നുകയുമില്ല. ഈ ജോലിക്ക് എറ്റവും യോഗ്യൻ എല്ലാംകൊണ്ടും താൻ തന്നെയാണ്. തനിക്കർഹതപ്പെട്ട ഇതെങ്കിലും കിട്ടിയില്ലെങ്കിൽ.... രാകേഷ് തളർന്നിരുന്നു.

"രാകേഷ് " പെട്ടെന്നാണ് പേരു വിളിച്ചത്. അയാൾ എണീറ്റ് ഇന്റർവ്യൂ നടക്കുന്ന മുറിയിലേക്ക് ചെന്നു.

അകത്തുകണ്ട പെൺകുട്ടിയുടെ മുഖം രാകേഷിനെ നടുക്കി. അത് പ്രിയയായിരുന്നു. തന്റെ സ്വന്തമാകേണ്ടിയിരുന്ന കുഞ്ഞതാ അവളുടെ മടിയിലിരിക്കുന്നു. അയാൾ ആ കുഞ്ഞിന്റെ മുഖത്തേക്കു നോക്കി. രാകേഷിനെ കണ്ടതും പ്രിയയുടെ മുഖം ചുവന്നു. അവളുടെ നിറഞ്ഞ കണ്ണുകൾ തന്റെ കണ്ണുകളോട് സംസാരിക്കുന്നത് രാകേഷ് അറിഞ്ഞു. വെറുപ്പോ, വിദ്വേഷമോ, പ്രതികാരചിന്തയോ ആയിരുന്നില്ല അപ്പോൾ അയാളുടെ മനസ്സിൽ...!

രാവിലെ കേട്ട റേഡിയോ പരസ്യവാചകം അയാളുടെ ചെവിയിൽ അപ്പോഴും മുഴങ്ങുന്നുണ്ടായിരുന്നു.

"Be +ve.....Be +ve".....!!"

Ajish Sebastian
Palarivattam
I B.A. Economics

What is Marketing ?

You see a gorgeous girl at a party. You go up to her and say, "I am very rich. Marry me!" That's Direct Marketing...

You're at a party with a group of friends and see a gorgeous girl. One of your friends goes up to her and pointing to you he says, "He's very rich. Marry him." That's Advertising....

You see a gorgeous girl at a party. You go up to her and get her telephone number. The next day you call her and say, "Hi, I'm very rich. Marry me." That's Telemarketing...

You're at a party and see a gorgeous girl. You get up and straighten your tie; you walk up to her and pour her a drink, order food for her and then say, "by the way, I'm very rich. Will you marry me?" That's Public Relations....

You're at a party and see a gorgeous girl. She walks up to you and says, "You are very rich...." That's Brand Recognition....

You see a gorgeous girl at a party. You go up to her and say, "I'm very rich. Marry me." She gives you a nice hard slap on your face. That's Customer Feedback...!

കവിത

Shyma P.S.
Maradu
II B.A.Copy Editor

മൗനം വാചാലം

സ്വപ്നങ്ങൾ കൊണ്ട് ഞാൻ പണിതെടുത്ത വീട്
എപ്പോഴും നിശ്ശബ്ദം.
നൊമ്പരങ്ങൾ അടുക്കിവച്ച എന്റെ ചില്ലലമാരയിൽ
മുറിപ്പാടുകൾ നിറഞ്ഞുകവിഞ്ഞപ്പോൾ
ഉടഞ്ഞുവീണതാ സുന്ദരശില്പം.
അതിലോരോ ചില്ലും എന്നോടായ് സംസാരിച്ചത്
വേദനയുടെ ആത്മസംഘർഷങ്ങൾ മാത്രം
അപൂർവ്വമായ് കാണാം രോഷഭാവത്തിൻ ചാരുതയും.
ഒഴിഞ്ഞ കസേരയിൽ എത്രനേരം
വേണമെങ്കിലും ഇരുന്ന സ്വപ്നം കാണാം.
ഋതുഭേദങ്ങൾ മാറിമാറിവരുന്നതിന്റെ
ലാസ്യഭംഗികൾ നോക്കിയിരിക്കാം.
പിടികിട്ടാത്ത പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച്
ആലോചിച്ചാലോചിച്ച് സമയം പോക്കാം.
ചിന്താമണ്ഡലത്തിൽ ഉരുണ്ടുകൂടുന്ന
വൈവിദ്ധ്യമാർന്ന കൽപ്പനകളെ
താലോലിച്ചുകൊണ്ട് ഉറങ്ങാതിരിക്കാം.
വർണ്ണച്ചെപ്പുകൾ തുറന്ന് ക്യാൻവാസിലെ
ചിത്രങ്ങൾക്ക് നിറം പകരാം.
വാതായനങ്ങൾ തുറന്നുവച്ച്,
മനോമുകുരത്തിൽ തുളുമ്പുന്ന
വ്യഥയും സന്തോഷവും പകർന്നുകഴിഞ്ഞാൽ
പിന്നേയും എന്റെ ഗൃഹം ഏകാന്തതയുടെ
തടവറയിൽ!

കഥ

Jaison Jose
Alappuzha
II B.A. Copy Editor

അവൾ !

വിരസമായ എന്റെ ജീവിതത്തിലേയ്ക്ക് ഒരായിരം വസന്തങ്ങൾ വാരിവിതറിക്കൊണ്ട് പെട്ടെന്നൊരു സുപ്രഭാതത്തിൽ അവൾ കടന്നുവന്നു. തിളക്കമുള്ള അവളുടെ കണ്ണുകൾ എന്റെ സ്വപ്നങ്ങൾക്ക് നിറം പകർന്നു. മന്ദം മന്ദമുള്ള അവളുടെ നടത്തം എന്റെ ഹൃദയം കവർന്നു. കൊടും വേനലിലെ മന്ദമാരുതൻപോലെ അവളുടെ സാമീപ്യം എനിക്ക് ആശ്വാസം പകർന്നു. ആദ്യമൊക്കെ എന്റെയടുത്തുവരുവാൻ അവൾക്ക് മടിയായിരുന്നുവെങ്കിലും സാവധാനം ഞാനുമായി അവൾ അടുത്തു. കുണുങ്ങിക്കുണുങ്ങി അവൾ എന്റെയടുത്തുവന്നു. തമ്മിൽത്തമ്മിൽ നോക്കി വളരെ നേരം ഞങ്ങൾ ഇരിക്കുമായിരുന്നു. എന്റെ ഭക്ഷണം അവളുമായി പകുവയ്ക്കുവാൻ തുടങ്ങി. സാവകാശം എന്റെ ലാളനപോലും അവൾക്കിഷ്ടമായി. ഊണിലും ഉറക്കത്തിലും സുഖത്തിലും ദുഖത്തിലും അവളെന്റെ പ്രിയതോഴിയായി. അവളെക്കാണാത്ത നിമിഷങ്ങൾ യുഗങ്ങളായി എനിക്കു തോന്നിത്തുടങ്ങി. എന്നിരുന്നാലും എന്റെ വീട്ടുകാർക്ക് ഇതൊന്നും ഇഷ്ടമല്ലായിരുന്നു.

പെട്ടെന്നൊരുദിവസം അവൾ അപ്രത്യക്ഷയായി. ദിവസങ്ങൾ കഴിഞ്ഞിട്ടും അവളെ കാണാതെയായി. വസന്തങ്ങൾ സമ്മാനിച്ച അവൾതന്നെ വരൾച്ചയും തന്നു. ഏകാന്തതയുടെ നീണ്ടയാമങ്ങളിൽ വിരഹവേദനയെന്തെന്ന് ഞാനറിഞ്ഞു. അവളുടെ വരവും കാത്ത് നിമിഷങ്ങൾ എണ്ണിയെണ്ണി കഴിച്ചുകൂട്ടി. പെട്ടെന്ന് ഞാൻ ആ വാർത്ത കേട്ടു- അവൾ അമ്മയായി! സുന്ദരികളായ രണ്ടു പൂച്ചക്കുട്ടികളുടെ അമ്മ. ഞാനോർത്തു, ഞാനുമൊരിക്കലമ്മയാകേണ്ടതാണ്.

Article

SCIENCE & RELIGION

Shijin V.A.
I MSc. Aquaculture

" Only the faith aided by reason can withstand modern nuances of rational arguments," says the writer from Alappuzha.

Are religion & Science related? The answer may differ according to the various perspectives of people. This is an attempt to delve deep in to this question.

The Progress of human knowledge has given us ideas on the origin of religion. In the primitive age, life was full of fear and uncertainty. Natural phenomena like flood, rain , thunder etcetera were quite mysterious to the people. They had to undergo immense hardships due to these natural calamities. Consequently, people began to fear such phenomena and felt a sort of awe and respect towards them.

In order to cope with these unknown happenings, the primitive people developed certain beliefs. The different segment of people developed their own beliefs and pattern of expression. Their religion may be defined as the collective practices and beliefs of people regarding things, which were considered sacred. This explains the emergence of different religions in the world.

For several centuries, no one had answers to certain basic questions regarding the creation of the world, origin of life, mystery of death, life after death etcetera. They made experiments and studies to find out answers to them. This is the early stage of science.

These observations would tell us that science is as old as religion. It's history dates back to the dawn of reason on earth.

A rational study gives no importance to the existence of God or celestial beings. According to it the world originated from an unknown power. But religion, emphatically calls this power 'God'.

Religion imports its teaching through spiritual advice, beliefs, rites etcetera. Science does this through experiments, observations, analysis etcetera. Sometimes Science seems to questions certain religious beliefs. Here arises a question : Which is true and how far it is true?

We are thrown into a state of confusion. Because science fails to explain the unknown spirit which is at work in the world. And religion fails to give ample reasons to justify that God is the creator of the world. We are thus given to believe that science and religion oppose each other.

Religion touches the innermost recess of our life, whereas science deals with the activities of mind and body. Science and religion are connected with ultimate questions of people. Everyone, even a scientist is drawn to God. Thus, practical wisdom tells us that ultimately religion and science are not opposed to each other, but are rather complementary.

Only the faith aided by reason can withstand modern nuances of rational arguements. Science does not disapprove religious beliefs or God. It only curbs the saucy elements of any religion.

ലേഖനം

Neethu Das
I BSc. Physics

വിദ്യയുടെ അന്തസത്ത ബലികൊടുക്കപ്പെടുന്നതു കണ്ട് വിലപിക്കുകയാണ് ചെറായി സ്വദേശിനി ലേഖിക. പണത്തോടുമാത്രം പ്രതിബദ്ധതയുള്ള യുവസംസ്കാരത്തെ വളർത്തുന്ന ഇന്നത്തെ സമ്പ്രദായത്തെ എതിർക്കുന്നുണ്ട് അവർ. പരമ്പരാഗതമായ വിദ്യാഭ്യാസരീതിയും അധ്യയനമാദ്ധ്യമവും മാറ്റം കൂടാതെ നിലനിർത്തുക മാത്രമല്ല, മാറിയ ജീവിതസാഹചര്യങ്ങൾക്കനുസൃതമായി അവയെ പരിഷ്കരിക്കുക കൂടി വേണം.

വിദ്യ അഭ്യാസമോ വിദ്യാഭ്യാസമോ?

സമരമുഖത്തെ ആക്രോശങ്ങളും, മാർച്ചുകളും, പൊട്ടിത്തെറിക്കുന്ന ഗ്രനേഡുകളും നിറഞ്ഞ വാർത്തകളുമായി ഓരോ ദിവസവും കടന്നു പോകുന്നു. ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട് എന്തിന് ? അതിന് നാണം കെടുത്തുന്ന ഒരുത്തരവും. "വാണിജ്യവത്കരിക്കപ്പെടുന്ന വിദ്യാഭ്യാസത്തിനെതിരെ." വിദ്യ വാണിജ്യവൽക്കരിക്കപ്പെടുന്നു എന്നു പറയുമ്പോൾ, വിദ്യയുടെ മഹത്വമോതുന്ന ഒരു ഈരടി ഓർത്തുപോകുന്നു.

"വിത്തമെന്തിനു മർത്ത്യനു
വിദ്യ കൈവശമാകുകിൽ "

എന്നതാണത്.

യഥാർത്ഥത്തിൽ ഇന്നു സംഭവിക്കുന്നതോ? ജനിക്കാൻ പോകുന്ന കുഞ്ഞിന് ഇന്റർനാഷണൽ സ്കൂളിൽ അഡ്മിഷനുവേണ്ടി നെട്ടോട്ടമോടുന്ന മാതാപിതാക്കളും, വരിഞ്ഞുമുറുകിയ യൂണീഫോമിനുള്ളിൽ, പുറത്തുവച്ചുകെട്ടിയ 20 കിലോ ചുമടിനുകീഴെ വിദ്യാർത്ഥിയുടെ ആത്മാവിനെ തളച്ചിടുന്ന അധികൃതരുടെ വിളയാട്ടമാണ്.

പാഠ്യപദ്ധതികൾ മാറിമാറി പരീക്ഷിക്കുന്ന ഒരു സർക്കാരും, മാറുന്ന

പാഠ്യപദ്ധതികളുടെ ഗുണദോഷങ്ങൾ വിചിന്തനം ചെയ്യുന്ന വിദ്യാഭ്യാസ വിചക്ഷണന്മാരും, കാലഹരണപ്പെട്ട വയനാശാലകളും, ഇടിഞ്ഞുവീഴാറായ സർക്കാർ വിദ്യാലയങ്ങളും, വിദ്യ നിഷേധിക്കപ്പെട്ട രജനിമാരും ചേർന്നാൽ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഒരു രേഖാചിത്രമായി എന്നു പറയാം. അതുകൊണ്ടുതന്നെ മുൻപ് പറഞ്ഞ പദ്യശകലം,

"വിത്തമുള്ള മർത്യന്റെ
'വിദ്യ' താനിന്നുവിദ്യയും"
എന്ന് മാറ്റിപ്പറയേണ്ടിയിരിക്കുന്നു.

ഒരുകാലത്ത് മേലാളന്മാരുടെ (ജാതീയമേൽക്കോയ്മ) കുത്തകയായിരുന്ന വിദ്യാഭ്യാസരംഗം പ്രക്ഷോഭങ്ങളുടേയും പ്രതിഷേധങ്ങളുടേയും ഫലമായി സാർവ്വത്രികമായി. അങ്ങനെ കൈവന്ന വിദ്യാഭ്യാസരംഗം മുത്തുപോലെ പവിത്രവുമായിരുന്നു.

അന്ന് അദ്ധ്യാപനവും അദ്ധ്യയനവും ഒരു തപസ്യയായിരുന്നു. അദ്ധ്യാപകൻ തന്നിലുള്ള വെളിച്ചം മുഴുവൻ വിദ്യാർത്ഥിയിലേക്ക് പകരാൻ തയ്യാറായപ്പോൾ വിദ്യാർത്ഥി ഈ വെളിച്ചത്തിന്റെ സ്രോതസ്സുകളെ മുഴുവൻ ചൂഷണം ചെയ്യാനും തയ്യാറായിരുന്നു. ഉയർന്ന ചിന്താഗതിയും ഊർജ്ജസ്വലമായ മനസ്സും അതിനനുസരിച്ച വാക്ചാതുരിയും അന്നത്തെ കലാലയങ്ങളെ വേറിട്ടു നിർത്തുന്നു. വിദ്യ അർത്ഥിക്കുന്നവനായിരുന്നു അന്നത്തെ വിദ്യാർത്ഥി എന്നതിനാൽ, അർത്ഥിയെ നിരാശനാക്കേണ്ട അവസ്ഥ നമ്മുടെ കലാലയങ്ങൾക്കുമുണ്ടായിരുന്നില്ല.

എന്നാൽ ഇന്നോ? വിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതവും സൗജന്യവുമായപ്പോൾ സ്വാഭാവികമായും മൂല്യമിടിഞ്ഞു. ഗ്രാന്റുകൾ ലഭിക്കാനുള്ള ഉപാധിമാത്രമായി വിദ്യാഭ്യാസരംഗം തരംതാഴ്ത്തപ്പെട്ടിരിക്കുന്നു. സൗജന്യമായി ലഭിക്കുന്ന എന്തിനെയും സംശയത്തോടെ വീക്ഷിക്കുന്ന മലയാളിയുടെ സ്വഭാവം അവിടെയും തലപൊക്കി. അങ്ങനെയാണവർ ദേശീയാന്തർദേശീയപാഠ്യപദ്ധതികളുടെ മോഹനവാഗ്ദാനങ്ങൾ കണ്ടത്. അങ്ങനെയാണവർ തങ്ങളുടെ മക്കളുടെ ചുമലിൽ പഠനമെന്ന ഭാരവും തലയിൽ ശോഭനഭാവിയെന്ന വാഗ്ദാനവും വച്ചുകൊടുത്തത്. പക്ഷെ, എന്തുകൊണ്ടോ അവർ തിരിച്ചറിഞ്ഞില്ല; തങ്ങളുടെ കുട്ടികളുടെ ക്രിയാത്മകതയുടെ ചുവട്ടിലാണവർ കോടാലി വയ്ക്കുന്നതെന്ന്.

ക്രിയാത്മകതയില്ലാത്തൊരു മനസ്സിന് എങ്ങനെ കറകളഞ്ഞ് സ്നേഹിക്കാനാകും, നിഷ്ക്കളങ്കമായി പുഞ്ചിരിക്കാനാകും, ഉള്ളിന്റെയുള്ളിലെ നന്മ കാണാനാകും? രണ്ടോ മൂന്നോ വയസ്സിൽ, ആംഗലേയത്തെയെന്ന ഇരുമ്പാണിയടിച്ചുകയറ്റി ബോർഡിങ്ങുകളിൽ കൊണ്ടുചെന്നാക്കപ്പെടുന്ന കുട്ടികൾ മനസ്സുമരവിച്ച് പത്തുപതിനഞ്ച് വർഷത്തെ ആ ജയിൽ വാസത്തിനുശേഷം പുറത്തുവരുന്നത്, ഏതുതരത്തിലുള്ള ജീവിയായിട്ടായിരിക്കാം എന്നാലോചിച്ചുനോക്കാവുന്നതല്ലേയുള്ളൂ. വെറുതെയല്ല നമ്മുടെ നാട്ടിൽ വൃദ്ധസദനങ്ങൾ പെരുകുന്നത്.

ഇനി സാധാരണക്കാരന്റെ സിലബസ്സെന്നറിയപ്പെടുന്ന സംസ്ഥാനസിലബസ്സിനെ ഒന്നു തുറിച്ചു നോക്കൂ. അല്പം വിരൂപമായൊരു മുഖം അവിടെയും കാണാം. പാഠ്യഭാഗങ്ങളെ കൂടുതലടുത്തറിയുക എന്ന ലക്ഷ്യത്തോടെ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയ പ്രോജക്ടുകളും സെമിനാറുകളും തീർത്തും കച്ചവടവത്കരിക്കപ്പെട്ടിരിക്കുകയാണിന്ന്.

അവയ്ക്കാവശ്യമായ ചിത്രങ്ങളും പഠനക്കുറിപ്പുകളും കാപ്സ്യൂ

ളുകളായി കടകളിൽ ലഭ്യമായിരിക്കേ ആര് കഷ്ടപ്പെടാനൊരുങ്ങും. 'സി' ക്ലാസ്സ് കടകളിൽപോലും വമ്പൻ മാർക്കറ്റുള്ള ഒരുല്പന്നമായി നമ്മുടെ വിദ്യാഭ്യാസരംഗം മാറിയതിന്റെ ദയനീയരംഗം നമുക്ക് മുന്നിൽ മിഴിച്ചുനിൽക്കുന്നു.

ഇനി ബാക്കിയുള്ളത് പണമുള്ളവന്റെ കേളീരംഗമായി മാറിയ പ്രൊഫഷണൽ വിദ്യാഭ്യാസരംഗവും വിലകുറഞ്ഞ കലാലയങ്ങളുമാണ്. നാടോടുമ്പോൾ നടുവേ ഓടുന്ന മലയാളിക്ക് ഇന്ന് പ്രൊഫഷണൽ വിദ്യാഭ്യാസം എന്നത് ഒരു ലഹരിയാണ്. എസ്.എസ്.എൽ.സി. എന്ന കടമ്പ കഴിയുമ്പോഴേക്കും മക്കളെ എൻട്രൻസ് കോച്ചിങ്ങിന്റേയും ട്യൂഷന്റേയും കാണാക്കയത്തിലേക്ക് വലിച്ചെറിഞ്ഞ്, രണ്ട് വർഷത്തിനുശേഷം ഫലമറിയുന്നതിനെല്ലാം മുമ്പേ തന്ന പണം നിറച്ചപെട്ടികളുമായി സ്വാശ്രയകോളേജുകളിൽ മക്കളുടെ സീറ്റുറപ്പാക്കുന്ന എത്രയോ അച്ഛനമ്മമാരെ നമുക്കറിയാം.

ഒന്നു ചോദിച്ചോട്ടെ, നാലഞ്ചു വർഷത്തിനുശേഷം ഇവർ പഠിച്ചു പുറത്തിറങ്ങുമ്പോൾ ഇവർക്ക് ആരോടാകും പ്രതിബദ്ധത? തങ്ങളൊരു താങ്ങായി നിൽക്കേണ്ട സമൂഹത്തിനോടോ അതോ ചെലവഴിച്ച കോടികളോടോ ? കാശുള്ളവനെ ഏതു വിധേനയും ജയിപ്പിച്ചു ഡോക്ടർമാരാക്കാൻ മത്സരിക്കുന്ന സർവ്വകലാശാലകളുള്ളപ്പോൾ നാമെന്തു ധൈര്യത്തിൽ രോഗികളായി അവരുടെ മുന്നിൽ നിന്നു കൊടുക്കും ?

ഇനി നമ്മുടെ ക്യാമ്പസ്സുകളോ? ഒരുകാലത്ത് ക്യാമ്പസ് സജീവമായിരുന്നു . ഇന്ന് ഒരുതരം നിർജ്ജീവതയിലും. ഒരുപക്ഷെ പ്രൊഫഷണൽ വിദ്യാഭ്യാസതരംഗം തന്നെയാവാം ക്യാമ്പസ്സുകളോടുള്ള അലർജിക്ക് കാരണം.

എന്നാൽ ഈ തരംഗങ്ങൾക്കിടയിലും ക്യാമ്പസിനെ തേടിവരുന്നവരാണ് അതിനെ നിർജ്ജീവതയിൽ നിന്ന് സജീവതയിലേക്ക് നയിക്കുന്നത്. നഗരജീവിതത്തിന്റെ പൊയ്മുഖങ്ങൾക്കിടയിൽ, 'ഹായ്' വിളികൾക്കും 'ബൈ' പറച്ചിലുകൾക്കുമിടയിൽ, നിമിഷനേരത്തേക്ക് എടുത്തണിയുന്ന പുഞ്ചിരികൾക്കിടിയിൽ, നമുക്ക് നമ്മെത്തന്നെ നഷ്ടമാകുന്നുവോ? ഇന്റേണൽ അസ്സെസ്മെന്റുകളുടെയും, പൂടുപിടിച്ച പരീക്ഷകളുടെയും വരിഞ്ഞുമുറുകലിൽ ശ്വാസം കിട്ടാതെ പിടയുകയാണോ കലാലയങ്ങളുടെ ആത്മാവ്.? മൊബൈൽ ഫോൺ കമ്പനികൾ നമ്മുടെ റേഞ്ച് നിശ്ചയിക്കുമ്പോൾ, രാഷ്ട്രീയപാർട്ടികൾ നമ്മെ വച്ച് പാവകളി നടത്തുമ്പോൾ, നാമറിയാതെ ക്യാമ്പസും കച്ചവടം ചെയ്യപ്പെടുന്നു.

വിദ്യാർത്ഥികൾ നാളെയുടെ പൗരരാണെന്ന് എല്ലാവരും പറയാറുണ്ട്. എന്നാൽ അവർ ഇന്നിന്റെകൂടെ പൗരരാണെന്ന് ആരും മനസ്സിലാക്കാത്തതെന്തേ? നമ്മോട് സ്വപ്നം കാണാൻ പറയുന്ന ഒരു രാഷ്ട്രപതി നമുക്കുണ്ട്. എന്നിട്ടും നമ്മുടെ സ്വപ്നങ്ങൾ തച്ചുടയ്ക്കപ്പെടുന്നതെന്തേ? കാശുള്ളവന്റെ അഭ്യാസമായി വിദ്യാഭ്യാസം തരംതാഴ്ത്തപ്പെടുന്നതെന്തുകൊണ്ട് ?

ഉത്തരമില്ലാത്ത ചോദ്യങ്ങൾക്കുമുന്നിൽ വിറങ്ങലിച്ചു നിൽക്കുമ്പോൾ നമുക്ക് ചെയ്യാൻ ഒന്നുണ്ട്. നമ്മുടെ സരസ്വതീക്ഷേത്രങ്ങളിൽ നിന്ന് പകർന്നുകിട്ടുന്ന ദീപനാളങ്ങൾ അണയാതെ സൂക്ഷിക്കുക.

ഫൈനൽ എഡിറ്റ്

വിദ്യയുടെ വിളനിലമായ കേരളത്തിന് പ്രബുദ്ധതയുടെ സ്വരം ആവശ്യമെന്നോ! അതോ അത് അസ്ഥാനത്തോ?

കവിത

Joemon Paul A
Kumbalam
II B.A. Economics

അറിയാതെ.....

അറിയുന്നു നിന്നെ ഞാൻ
അകലെയാണെങ്കിലും
അറിയാതെ നിന്നെ ഞാൻ
എന്നോടു ചേർക്കവേ
ഒരു വാക്കു പറയാതെ ഒരു
നോക്കു കാണാതെ
എങ്ങോ എന്തിനോ പോയ്
മറഞ്ഞു നിൻ മുഖം
എന്നുമെൻ ദു:ഖത്തിൽ നിൻ
മുഖമോമനേ
വെറുതെ എന്നിലായ് ഇഴ
ചേർക്കവേ
അറിഞ്ഞില്ല ഞാൻ
ഒരിക്കലും.....നീ
എന്നിൽ നിന്നെത്രയോ
അകലെയാണെന്ന്.

●

കഥ

Ajesh C.M
Malappuram
I Msc Acquaculture

കടപ്പാട്

ജനാലയിലൂടെ അരിച്ചിറങ്ങിയ വെയിൽനാളം മുഖത്തുതട്ടിയപ്പോൾ അയാൾ തിരിഞ്ഞുകിടന്നു. അയൽപക്കത്തുനിന്നും കുട്ടികളുടെ ശബ്ദം കേൾക്കാം.

അയാൾ പുതപ്പെടുത്ത് മൊത്തം മൂടി. ഉറക്കം സുഖകരമല്ലെന്നു കണ്ടപ്പോൾ മെല്ലെ എഴുന്നേറ്റു. ദേഹം മൊത്തം ഒരു വേദന.

സാരമില്ല.

കുറച്ചുനേരം ആലോചിച്ചുനിന്നശേഷം ജനലിനടുത്തുവച്ചിരുന്ന പത്രമെടുത്ത് മറിച്ചു നോക്കി. അതുമെടുത്തുകൊണ്ട് അയാൾ ചാരുകസേരയിൽ വന്നിരുന്നു.

അടുത്ത പരിപാടി എന്താണ്? ഒരു ഴ്ചത്തേതു മുഴുവൻ അലക്കാനുണ്ട്. പിന്നെ വൃത്തികേടായികിടക്കുന്ന മൂറി അടിച്ചുവാരണം. ഉച്ചയ്ക്ക് കഴിക്കാൻ വല്ലതും ഉണ്ടാക്കണം. ചെയ്യാം, കുറച്ചുകഴിയട്ടെ. ആകെക്കൂടി ഒരു മന്ദത. ഇത് ഇന്നും ഇന്നലെയുമൊന്നും തുടങ്ങിയതല്ലല്ലോ. കളിച്ചുനടക്കേണ്ട പ്രായത്തിൽ അനാഥത്വത്തിന്റെ വേദന അറിഞ്ഞതുമുതൽ തുടങ്ങിയതാണിത്. അലക്ഷ്യമായ ഈ ജീവിതം. ആർക്കുവേണ്ടി? എന്തിനുവേണ്ടി?

കാലം കുറെ ആയെങ്കിലും അങ്ങനെയൊരാൾ അവിടെ ജീവിക്കുന്നുണ്ടോ എന്നുപോലും ആ കോളനിക്കാർക്കറിയില്ലായിരിക്കാം. എതുനേരവും അടഞ്ഞുകിടക്കുന്ന ജനലുകളും വാതിലുകളും.

അയാളുടെ നിലപാടുകൾ തികച്ചും വ്യത്യസ്തരായിരുന്നു. തന്നെ സ്നേഹിക്കാനും തനിക്കു സ്നേഹിക്കാനും ആരും വേണ്ട എന്ന ചിന്താഗതിയായിരുന്നു.

സ്നേഹം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ കടപ്പാടാണെന്ന് അയാൾക്കുതോന്നി. തനിക്കു തരുന്നത് തിരിച്ചുനൽകാൻ തനിക്കാകുകയോ? അറിയില്ല. ആ സ്നേഹം ഒരു കടമായി മനസ്സിൽ കിടക്കും. അതൊരു വേദനയായി തന്നെ കാർന്നു തിന്നും. വേണ്ട, തനിക്കാരും വേണ്ട. ആരോടും കടപ്പാടും വേണ്ട.

അയാൾ മെല്ലെ കണ്ണുകളടച്ചു കിടന്നു.
വാതിലിൽ ഒരു മുട്ടുകേട്ടാണ് കണ്ണു തുറന്നത്. ഒരു വൃദ്ധ. എഴുപതിനോടടുത്ത പ്രായം.
"ഞാനീ മുറ്റമൊക്കെ വൃത്തിയാക്കി തരാം. എന്തെങ്കിലും തന്നാൽ മതി."
ചപ്പുചവറുകൾ മൂടിക്കിടക്കുന്ന മുറ്റം നോക്കി അവർ പറഞ്ഞു.
"ശരി," എന്നുപറഞ്ഞ് അയാൾ വീണ്ടും ചാരുകസേരിയൽ കിടന്നു. പത്തുരൂപ കൊടുത്ത് പറഞ്ഞയക്കുമ്പോൾ അവർ ചോദിച്ചു.
"രണ്ടാഴ്ച കൂടുമ്പോൾ ഞാനിതു വൃത്തിയാക്കിക്കോട്ടെ."
തലയാട്ടുക മാത്രം ചെയ്ത് അയാൾ വാതിലടച്ചു. പിന്നെ അതൊരു പതിവായി. ഒരിക്കലവർ ചോദിച്ചു.
"മോന്റെ പേരെന്താ?"
"വിശ്വം."
വീട്ടുകാരാരുമില്ലെന്നു പറഞ്ഞപ്പോൾ അവരുടെ മുഖഭാവം മാറുന്നതയാൾ ശ്രദ്ധിച്ചു.
അവരുടെ പേര് അമ്മുവമ്മ എന്നാണെന്നും കോളേജിൽ പഠിക്കുന്ന ഒരു പേരക്കുട്ടി മാത്രമേ ഉള്ളുവെന്നും പറഞ്ഞു. പേരക്കുട്ടിക്കായി മാത്രമുള്ള ജീവിതം.
ക്രമേണ അമ്മുമ്മയുടെ വരവ് അയാൾക്കൊരു ആനന്ദമായി. ജീവിതം പതുക്കെ ചിട്ടപ്പെട്ടു തുടങ്ങി. അമ്മുമ്മയുടെ വരവും നോക്കി ഒഴിവുദിവസങ്ങളിൽ അയാൾ കാത്തിരുന്നു.
ഇന്ന് ഓണമാണ്. അമ്മുവമ്മ വരാതിരിക്കില്ല. അയാൾ കടയിൽപോയി നല്ലൊരു മുണ്ടും വേഷ്ടിയും വാങ്ങി. ആദ്യമായാണ് മറ്റൊരാൾക്കുവേണ്ടി എന്തെങ്കിലും വാങ്ങുന്നത്.

അവരെ കാത്തിരുന്ന് അയാൾ പതുക്കെ ഉറക്കത്തിലേക്ക് വഴുതി. വാതിലിൽ മുട്ടുകേട്ടു ചാടിയെഴുന്നേറ്റു വാതിൽ തുറന്നു. പുറത്ത് പതിനേഴോ പതിനെട്ടോ വയസു തോന്നിക്കുന്ന പെൺകുട്ടി.
"ഞാൻ ശോഭ. അമ്മുവമ്മയുടെ....."
അവൾ സ്വയം പരിചയപ്പെടുത്തി. "അമ്മുവമ്മ?" അയാൾ ചോദിച്ചു.
അവളുടെ കണ്ണുകൾ കലങ്ങി.
"കഴിഞ്ഞ ഞായറാഴ്ചയായിരുന്നു. ഡോക്ടർ എത്തിയപ്പോഴേക്കും..." അവൾ വിങ്ങിപ്പൊട്ടി.
ഒരു മിന്നൽ അയാളുടെ ഹൃദയത്തിലൂടെ കടന്നുപോയി. ഒന്നും പറയാനാകാതെ അയാളവിടെ നിന്നു.
"മരിക്കുന്നതിനു മുൻപ് സാറിനെക്കുറിച്ചു പറഞ്ഞിരുന്നു."
ഇത്രയും പറഞ്ഞ് അവൾ മുറ്റമടിക്കാൻ തുടങ്ങി.

ഹൃദയത്തിന്റെ വിങ്ങൽ അയാൾക്കു കേൾക്കാമായിരുന്നു. അമ്മുവമ്മ തനിക്കുതന്ന കറയറ്റ സ്നേഹത്തിനുമുൽപിൽ താൻ കടക്കാരനായിരിക്കുന്നു.

അയാൾ തിരിഞ്ഞ് ആ കവറിലേക്കു നോക്കി. അത് തന്നെ പരിഹസിക്കുന്നതായി അയാൾക്കു തോന്നി.

കഥ

Saigal Prakash
Kaloor
I B.A. Copy Editor

ആത്മകഥ

വെറും ഒന്നേകാൽ മണിക്കൂർ നീണ്ടുനിന്ന ആഹ്ലാദത്തിമർപ്പ്.കാമുകനുമായിള്ള ബൈക്ക് യാത്രക്കിടെ അവൾ മരിച്ചു. മരണത്തെ പുച്ഛിച്ചെന്നവണ്ണം കാമുകനും അവൾക്കുവേണ്ടി മരിച്ചിരുന്നു...
ഇപ്പോൾ അവർ പൂർണ്ണ സ്വതന്ത്രരാണ്..
സുഖകരവും ആനന്ദകരവുമായ അവരുടെ പരലോക വാസത്തിന് വിരാമമെന്ന പോലെയായിരുന്നു അവിശ്വസനീയമായ ആ കാഴ്ച അവളെ ഞെട്ടിച്ചത്. തന്റെ മുൻകാല കാമുകനതാ തന്റെ മുന്നിൽ നിൽക്കുന്നു. അവളെ കണ്ടതും അയാൾ പറഞ്ഞു.
"നീ വഞ്ചകിയാണ്.. എത്രയോ തവണ നീ എന്റേതെന്ന് പറഞ്ഞ് എന്നെ വിശ്വസിപ്പിച്ചു...? നിനക്ക് എന്നോട് തോന്നിയിരുന്ന സ്നേഹം തീയായിരുന്നു. ആ തീയിൽ വെന്താണ് ഞാൻ മരിച്ചതും."
അവളുടെ മനസു നൊന്തു. അവൾ ക്ഷമായാചനമെന്നപോലെ പറഞ്ഞു. "എങ്കിൽ നിങ്ങൾക്കെന്നെയും കൊല്ലാമായിരുന്നില്ലേ...?"
അവൾ വിതുമ്പി.
അവളെ മാറോടു ചേർത്തണച്ച് അവളുടെ പുതിയ (പഴയ) കാമുകൻ ചോദിച്ചു. "നീ എന്നെ വിട്ടുപോകുമോ പ്രിയേ...?"
"ഇല്ല" അവൾ പറഞ്ഞു, "ഞാനെന്നും നിന്റേതു മാത്രമാണ്".

Saigal

ഞങ്ങൾ കേട്ടത്

"ഇന്നലെകൾ ഉണ്ടാകും. നാളെകളും ഉണ്ടാകും.
പക്ഷേ, ഇനിയൊരു ഇന്ന് ഉണ്ടാകുണമെന്നില്ല!"

कविता

Hemlatha
Rajasthan
II Bcom

गधा ओर आदमी

एक दिन की बात
गधे से बोले भगवान -
क्या तुझे आदमी बना दूं ?
पलभर में तेरे अन्दर बुध्दी ला दूं।
तब तू इस दूनिया में बहुत मज़े कर
लेना जिसने दी तुझे सज़ा,
तुम उसे सजा देना।
तब बोल उठा गधा -
हे भगवान, ऐसा जूल्म मत करना,
महंगाई से तो यहां आदमी भूखा मर
रहा हूं।
क्या यही है तेरा मानव, जिस में
मानव के प्रति सम्मान नहीं,
हर किसी को जो दे धोखा, क्या
वह तेरा इंसान नहीं।
मुझे क्या बनना है आदमी,
तू आदमी को गधा बना दे ।
हट जाएगी महंगाई अगर तू
उसे चरना सिख दे ।

Article

The Echo of Nature

Praneetha C.P.
Thoppumpady
I BSc. Botany

The River asks us to face problems in our course of flow.

Human persons as we are, have the powers of reason, imagination and consciousness. Knowingly or unknowingly the nature teaches us many lessons. But how many of us ever take the trouble to consider these.

Doesn't the gradual change of a rough stone into a soft pebble by the rustling of water teaches, us that constant hardwork can convert something impossible to ever so easy deed? Doesn't it imply that the way to change other's mind is with affection and not anger?

The dominating nature of a river to change its course of flow on facing an obstacle, does ask us to face problems in life with courage and not to be disheartened.

The patience of a tree to stand erect, both during the hot midday and a shivering cold night, shows us that life is indeed made up of ups and downs and it all counts on how patiently we overcome the obstacles.

The seasonal changes of climate and the regular arrival of a warm, cosy spring after a bitter cold winter, tells us that bad fortune is always accompanied by luck.

A coconut is hairy and ugly on the outside, but sweet and fleshy on the inside! This warns us not to judge by external appearance...

മതം ഭ്രാന്തോ ? മതഭ്രാന്തോ?

ലേഖനം

Anju Thomas
I B.A. Copy Editor

അങ്കമാലി സ്വദേശിനിയായ ലേഖികയുടെ സംശയം, 'മതം മനുഷ്യനെ മയക്കുന്ന കറുപ്പു' തന്നെയോ എന്നതാണ്. പക്ഷേ, എല്ലാ മതങ്ങളുടെയും കാതലായ പരസ്പരസ്നേഹത്തെ കണ്ടെത്തുന്നുണ്ടിവിടെ. മതത്തെക്കുറിച്ച് മനുഷ്യ മനസ്സിലെ വികലമായ സങ്കല്പങ്ങളാണ് മതഭ്രാന്തിൽ കലാശിക്കുന്നത്.
മതം ഭ്രാന്തല്ല. മതഭ്രാന്താണിവിടെ പ്രശ്നം.

ഈശ്വരനെ തേടിയ മനുഷ്യാത്മാവിന്റെ കണ്ടെത്തലാണ് മതം. അങ്ങനെയെങ്കിൽ മതം ഭ്രാന്തല്ല; 'മതഭ്രാന്താണ്' പ്രശ്നം. ജാതിമതവർഗഭേദമന്യേ ഒരേ ലക്ഷ്യ പ്രാപ്തിക്കുവേണ്ടി ജീവൻ ബലികഴിച്ച അനേകായിരങ്ങളുടെ പിൻഗാമികളെന്ന് അഭിമാനിക്കുന്ന ഭാരതജനതയാണു നാം. ഏതു മതത്തിലെയും, സംസ്കാരത്തിലെയും നന്മയെ സ്വാംശീകരിക്കാൻ പഠിപ്പിക്കുന്ന ഭാരതീയ പൈതൃകത്തിന്റെ പിൻ തലമുറയാണ് മതത്തിന് ഭ്രാന്തമായ അദ്ധ്യായങ്ങൾ തയ്യാറാക്കുന്നത്. മതങ്ങളുടെ കളിത്തൊട്ടിലായിരുന്ന ഭാരതം ഇന്ന് മതഭ്രാന്തിന്റെ പിടിയിലമർന്നിരിക്കുന്നു. ഇന്നത്

വിവിധ രൂപങ്ങളിലാണെന്നേ ഉള്ളു. ഹൈന്ദവമത വിശ്വാസമനുസരിച്ച് സർവസൃഷ്ടിഹേതു ബ്രഹ്മാവാണ്. ആ പരമാത്മാവിലേക്കുള്ള ലയനമാണ് ഹൈന്ദവ ജീവിത സാഫല്യം. ആകാശഭൂമികളേയും അവയ്ക്കിടയിലുള്ള വസ്തുക്കളേയും സൃഷ്ടിച്ചിരിക്കുന്നവർ, അള്ളാഹുവിൽ വിശ്വസിക്കുന്നവർ, സ്വർഗം പ്രാപിക്കും എന്ന് ഇസ്ലാം മതം അനുശാസിക്കുന്നു. ഭൂമിയും, അതിലുള്ള സർവ്വജീവജാലങ്ങളും സൃഷ്ടിച്ച ത്രിതൈക ദൈവത്തിലുള്ള വിശ്വാസം ഏറ്റു പറയുന്നവരാണ് ക്രിസ്ത്യാനികൾ. ഹൈന്ദവന് ആചാര്യന്മാരും, മുസൽമാന് പ്രവാചകന്മാരും, ക്രൈസ്തവന് പുണ്യവാന്മാരും കാലാകാലങ്ങളിൽ പരമശക്തിയിലേക്കുള്ള മാർഗദീപങ്ങളായി വർത്തിച്ചവരാണ്. ചുരുക്കത്തിൽ മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ച് ഈശ്വരന് പേരുകൾ നല്കി, അവരെ മതങ്ങളിൽ കൂടിയിരുത്തി.



പരസ്പരസ്നേഹം - അതാണ് എല്ലാമതങ്ങളുടേയും അന്തഃസത്ത. 'നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിപ്പിൻ', 'നിന്റെ സഹോദരനിൽ ദൈവത്തെ ദർശിപ്പിൻ' എന്നിങ്ങനെ പഠിപ്പിച്ച ക്രിസ്തു വിരൽ ചൂണ്ടുന്നത് സാഹോദര്യത്തിലേയ്ക്കല്ലേ?

'യന്ത്രീമുകളിൽ അള്ളായെ പ്രദർശിക്കുവിൻ' എന്നാണ് വി.ഖുർ ആൻ പ്രബോധനം. ഇതും പരസ്പരസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ആവശ്യകത പറയുന്നു.

'ലോകസമസ്താ സുഖിനോ ഭവന്തു' എന്നു പ്രാർത്ഥിക്കുന്ന ഹൈന്ദവാചാര്യൻമാർ ലോകസമാധാനത്തിനും, പരസ്പരസ്നേഹത്തിനുമുള്ള ആഹ്വാനമല്ലേ നൽകുന്നത്!.

ഇത്തരം പ്രബോധനങ്ങളിൽ അധിഷ്ഠിതമായ മതവിഭാഗങ്ങൾ ഇന്നെവിടെ എത്തിനിൽക്കുന്നു? ലോകരാഷ്ട്രങ്ങളായും, ഹൈന്ദവ രാഷ്ട്രങ്ങളായും മുദ്ര കുത്തുന്ന കാലഘട്ടമാണിത്. മതമൗലികവാദത്തിന്റെയും, വിഘടനവാദത്തിന്റെയും തിക്തഫലങ്ങൾ വളരെയധികം ഏറ്റുവാങ്ങിയ രാഷ്ട്രമാണ് ഇന്ത്യ.

1947 ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രി ഭാരതാംബയുടെ നെഞ്ചിലൂടെ ഒരു വാൾ കടന്നു. ഇസ്ലാം വിശ്വാസികൾക്ക് അവരുടെ രാജ്യം-പാക്കിസ്ഥാൻ. ജന്മശത്രുക്കളെപ്പോലെ ഇന്ന് എല്ലാ രംഗങ്ങളിലും പൊരുതി നിൽക്കുന്ന ഇന്ത്യയും പാകിസ്ഥാനും ഒരമ്മയുടെ മക്കളാണെന്ന സത്യം പോലും വിസ്മരിക്കപ്പെടുന്നു.

ഒരു അയോദ്ധ്യയും, ഒരു ബാലിസ്ഥാനും ഒരു നിലയ്ക്കലും, ഒരു ഗുജറാത്തും, എന്തിനെറെ പറയണം, കൊച്ചു കേരളത്തിലെ കണ്ണൂരും, കാപ്പാടും' സർവമതസാഹോദര്യ'ത്തിന്റെ പുതിയ ദൃഷ്ടാന്തങ്ങളായി കാണണമല്ലോ?.

ജീവനോടെ തീയിലിട്ട് ചുട്ടു കരിക്കപ്പെട്ട ഗ്രഹാം സ്റ്റെയിൻസിന്റെയും രണ്ടു കുരുന്നുകളുടേയും പോരപ്പാടുകൾ പ്രബുദ്ധഭാരതത്തിലെ വീരസന്തതികളുടെ മനസ്സിൽ നിന്നും മാഞ്ഞുപോയോ? അതോ, ആ സംഘം സർവമതസാഹോദര്യത്തിന്റെ മറ്റൊരു പതിപ്പാണോ? ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന ഈ തലമുറയുടെ ഗതികേട്!

ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ മതലഹളകൾ നമുക്ക് സുപരിചിതമാകും. പണ്ട് ഇന്ത്യയിൽ നാടുവാഴികളും, രാജാക്കൻമാരും അത് മുതലെടുത്തിരുന്നുവെങ്കിൽ, ഇന്ന് ജനായത്തഭരണ സമ്പ്രദായത്തിൽ, നമ്മുടെ രാഷ്ട്രനേതാക്കൾ തന്നെ ഇതിനു വഴി മരുന്നിടുന്നു, ചൂക്കാൻ പിടിക്കുന്നു.

സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി, സാധാരണക്കാരായ ജനങ്ങളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തി മുതലെടുക്കുന്ന രാഷ്ട്രീയ കോമരങ്ങൾക്ക് മുന്നിൽ തലകുനിക്കാൻ മാത്രം നാം അധഃപതിച്ചെങ്കിൽ അതാരുടെ തെറ്റ്? മതങ്ങൾ തമ്മിലുള്ള സ്പർദ്ധയേക്കാൾ ദുഃഖകരമായ വസ്തുത, മതത്തിനുള്ളിൽ തന്നെയുള്ള അരാചകത്യമാണ്. വളരുന്തോറും പിളരുകയും, പിളരുന്തോറും തളരുകയും ചെയ്യുക എന്നതായിരിക്കും പല മതങ്ങളുടേയും അവസാനവിധി എന്ന് പറയാതെ വയ്യ.

അധികാരമോഹവും അത്യാർത്തിയും ബാധിച്ച മതനേതാക്കൾ തന്നെ ഇതിന് കാരണമാവുമ്പോൾ യഥാർത്ഥ ഈശ്വരവിശ്വാസികൾ പോലും വഴിതെറ്റിപ്പോവുകയില്ലേ ?. അധികാരമോഹവും ധനഭ്രാന്തും ഒന്നിച്ചു തലയ്ക്കുപിടിച്ചാൽ മാനുഷികമായ എന്തും പിളരുമെന്നും ധാർമ്മികത അവിടെ ചതച്ചരയ്ക്കപ്പെടുമെന്നും ഇന്നത്തെ മലയാളിയോടു പറയേണ്ടതില്ല.

ഈ സ്ഥിതി തുടർന്നാൽ..... ഈശ്വരവിശ്വാസികൾ മരിക്കും..... അവിശ്വാസം ഒരു മതമായി വളരും. ഇതിനെതിരെ പോരാടാനുള്ള ശക്തി ഓരോ വിശ്വാസിയും താൻ വിളിച്ചപേക്ഷിക്കുന്ന ദൈവത്തോട് യാചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

"ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് "എന്നാണല്ലോ ശ്രീ നാരായണ ഗുരുവിന്റെ പ്രബോധനം.

"ഒരൊറ്റമതമുണ്ടുലകിന്നുയരാം പ്രേമമതൊന്നല്ലോ" എന്ന് ഉള്ളൂർ പാടി. മനം മയക്കുന്ന കറുപ്പായും, ഉദരപൂരണസരണിയായും മതം അധഃപതിക്കരുത്. മതവിശ്വാസികൾക്ക്, അതേതു മതമായാലും ഒരേയൊരു തത്വശാസ്ത്രമേയുള്ളൂ.

ഫൈനൽ എഡിറ്റ്

ദൈവം നമുക്കു ജീവൻ തന്നു. അവിടുന്നു നല്കിയത് മതമല്ല, മതഭ്രാന്തുമല്ല. മനുഷ്യജീവനാണ്!

"അടുത്തുനിൽപ്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർക്കരുപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം? "

Poem



Deepthi Jayaprakash
Kadavanthra
II BA Copy Editor

Life in a Ladies' Hostel

Come on, we must hurry,
It's nearing 6 o'clock;
For then, right behind us
The gates they will lock
Barring the world outside
Or keeping the girls inside.
Between the walls confinement
Contentment we must find.
This is the physical barrier
In which we must remain.
The world is full of evil
So we must not complain.
Through the ventilators
And windows at the back
Knocking sounds and evil eyes
What do these people lack?
A genie in a bottle,
Or a bird in a cage?
Are we not also humans
With wishes and dreams to wage?
Society is against us
But still we must excel.
The power of the woman
Should be brought out from its shell.
Nature cannot be blocked out
How high the walls are built.
We always have the moonlit sky
And nature's marvellous quilt.
And inside these walls of confinement
We have our times of joy.
For birthday treats and giggles at night
You need not be a boy.

കഥ

Ajeethan K.
Kozhikode
II BSc Ind. Chemistry

തുലാവർഷ നൽകിയ പ്രതീക്ഷ

തുലാവർഷം തുടങ്ങാറായെന്ന് തോന്നുന്നു. ഇപ്പോഴെ വൈകി. ഇന്നലത്തേതിൽ നിന്നും വ്യത്യസ്തമായി ഇന്നൊരു മഴസാധ്യതയുണ്ട്. ആകെ മൂടികെട്ടി മേഘങ്ങളുടെ വിളയാട്ടമാണ്.

നന്ദനൻ ഷർട്ടിന്റെ മൂന്നാമത്തെ ബട്ടണഴിച്ചു. വിയർത്ത് ഒലിക്കുന്നുണ്ടായിരുന്നു അത്യുഷ്ണം. പ്രകൃതിപോലും അനങ്ങാൻ മടിച്ച്. പക്ഷെ മേഘം മൂടിയതുകൊണ്ടാണ് ഉഷ്ണമെന്നു തോന്നുന്നത്.

കസേരയിൽ ചാഞ്ഞിരുന്ന്, മുറ്റത്തേക്ക് നോക്കിയിരിക്കുകയാണ് നന്ദനൻ. പടിക്കൽ, ആരോ ഇപ്പോൾ വരുമെന്നപോലെ. അതിന്റെ ആകാംക്ഷ മുഖത്ത് വരച്ചു വെച്ചിട്ടുണ്ട്. ഇടിവെട്ട് പതുക്കെ തുടങ്ങിയിരിക്കുന്നു. മിന്നൽ കാണുന്നില്ല. അത്രയ്ക്ക് ദീകരമായ ശബ്ദമായിരുന്നില്ല ഇടിയുടേത്. അതിനാൽ ഭയപ്പാടുമില്ല. അകത്ത് ബൾബിന്റെ പ്രകാശം പെട്ടെന്നണഞ്ഞിരിക്കുന്നു. ഓ... ഈ കാലത്തിന്റെ ആരംഭമായിട്ടാവാം ഈ പ്രകടനം.

പക്ഷെ മിന്നലിന്റെ പാളികൾ പതുക്കെ എത്തിനോക്കാൻ തുടങ്ങിയിരിക്കുന്നു. ഇരുട്ടിനെ കീറിമുറിക്കാൻ അത് ധാരാളം മതി. കാറ്റത്ത് ജനൽപാളികൾ ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ ഗതി കൂടികൂടി വന്നു. ഒപ്പം തന്റെ ഹൃദയമിടിപ്പും. നന്ദനൻ തന്റെ ഇരിപ്പ് തുടർന്നു. ആരെങ്കിലും ഇപ്പോൾ ആഗതമാകും എന്ന പ്രതീക്ഷയിൽ.

ഇന്ന് ആറുമണിക്ക് ടൗൺഹാളിൽ സംഗീതസദസുണ്ട്. സംഘാടകർ ഫ്രീ പാസ് നൽകിയതാണ്. തെലുങ്കാനയിൽ നിന്നും ഏതോ ഒരു പ്രസിദ്ധൻ. ചെറുപ്പക്കാരനാണ്. ആദ്യമായാണ് മലയാളമണ്ണിൽ. പക്ഷെ നന്ദനൻ ഫ്രീപാസ് നിരസിക്കുകയായിരുന്നു.

ആ സംഗീതപ്രേമിയുടെ ജീവിതത്തിൽ അസംഭവ്യമായത് തന്നെ. ഇല്ലാത്ത ഒഴിവുകഴിക്കൾ പറഞ്ഞ് അവിടെനിന്നും മാറി നിന്നു. ആറുമണി കഴിഞ്ഞ് അഞ്ചുമിനിട്ടായി. ഇപ്പോൾ.

കർണ്ണാട്ടിക് മ്യൂസിക്കിന്റെ രാഗാമൃതധാര അങ്ങു ദൂരെ ഴുകിത്തുടങ്ങിയപ്പോൾ ആസ്വാദനത്തിനു നിറപകിട്ടായി. എവരും കൊതിക്കുന്ന ഇടിനാദത്തിന്റെയും, മിന്നലിന്റെ ളിയുടെയും വശ്യസൗന്ദര്യം, നന്ദനൻ ഇവിടെ നുകർന്നുകൊണ്ടിരുന്നു. തനിക്ക് മാത്രമായി രുക്കിയ സംഗീതസദ പോലെ ആ നാദാമൃതയിലൂടെ ശാന്തി നേടാൻ ആഗ്രഹിക്കുന്ന നന്ദനന് ഹിന്ദുസ്ഥാനിരാഗങ്ങൾ ഒരു ദ്രമായിരുന്നു.

താൻസെൻ, മേഘമൽഹാർ പാടി ഇന്ദ്രദേവനെപോലും പ്രസാദിപ്പിച്ചു. പക്ഷെ ആ മഴയുടെ സൗന്ദര്യം ആരും ആസ്വദിച്ചില്ല. മഴയിൽ വർഷിച്ച ജലകണികകൾ പോലും, വശ്യമായ ആ രാഗത്തിന്റെ ഓളങ്ങളിൽ മുങ്ങിപൊങ്ങി അദൃശ്യമായിരുന്നില്ല അവ. തന്ത്രികൾ ആകാശത്തെ വിരിഞ്ഞുകെട്ടി. അതിനുമുകളിൽ താൻസെൻ തന്റെ ശബ്ദം കൊണ്ട് മേഘമർദ്ദനം ആടി വൃഷ്ടി പെയ്യിച്ചു.

നന്ദനൻ ഒന്നു നിവർന്നു. പിന്നെയും പഴയ ഇരിപ്പിലേക്ക് പോയി. ഇരുട്ടിന്റെ കനം കൂടി വന്നു. മേഘങ്ങൾ ആകാശത്ത് പടർന്നുകൊണ്ടിരുന്നു. ജീവിതത്തിൽ താൻ എന്നാണ് ഇത്ര പ്രതീക്ഷയോടെ, ക്ഷമയോടെ ഇരുന്നിട്ടുള്ളത് പക്ഷെ ഇപ്പോൾ എന്തോ തന്നെ പിടിച്ചിരുത്തുന്നു. ഇതിനിടയിൽ പലകാര്യങ്ങൾ മനസ്സിലേക്ക് എത്തിനോക്കുന്നുണ്ടായിരുന്നു. പക്ഷെ ആരോ....? തന്റെ ആ പ്രതീക്ഷ അതിനെയെല്ലാം ഒരു പടി മാറ്റി നിർത്തി. മഴയുടെ ആരംഭം കാണാൻ സാധിച്ചില്ലെങ്കിലും നന്ദനൻ അറിഞ്ഞു. ആദ്യതുള്ളി തന്നെ ഭൂമിയെ സ്പർശിച്ചപ്പോൾ പുറപ്പെട്ട പുതുമണം രാഗസദസ്സുകൾ സുഗന്ധപൂരിതമാക്കാൻ വെയ്ക്കാറുള്ള സൗഗന്ധികങ്ങൾ പോലെ പടർന്നുകയറി.

മിന്നലുകൾ ആകാശത്തെ വെട്ടികീറി. മുഗൾചക്രവർത്തിമാരുടെ സംഗീത ദർബാറുകളിൽ തിളങ്ങുന്ന വിളക്കുകൾ പോലെ.

ഇടിനാദം ശക്തി പ്രാപിച്ചുവന്നു. പക്കമേളക്കാരുടെ ഘടപ്രകടനം പോലെ. കാറ്റിൽ മരങ്ങൾ തമ്മിൽ കൂട്ടി ഉരുമ്മി ശബ്ദിച്ചു.

തന്ത്രികളിൽ ശ്രുതിമീട്ടുംപോലെ. നിശ്ചലമായിരുന്ന പ്രകൃതിയുടെ വികൃതികൾ ഉണർന്നു. മഴയുടെ സീൽക്കാരം കൂടിവന്നു. സംഗീതമഴയായി നന്ദനന്റെ കാതുകളിൽ അത് പതിച്ചു.

അനിർവചനായമായ ആ സൗന്ദര്യം അത്രയ്ക്ക് ആകർഷണീയമായി തോന്നി.

ഹിന്ദുസ്ഥാനിയെക്കാളും, കർണ്ണാട്ടിക്കിനെക്കാളും, പാശ്ചാത്യസ്വരലുകളെക്കാളും, യാതൊരു വേർതിരിവുമില്ലാതെ പ്രകൃതി തരുന്ന ഒരു നവ്യാനുഭവം. എത്തിനെക്കാളും ഒരുപടി മുന്നിൽ നിൽക്കും.

വൈകിവന്ന ഈ അതിഥിയെ നന്ദനൻ സ്വീകരിച്ചു. ഇരുട്ട് കണ്ണുകളെ പതുക്കെ, പതുക്കെ തഴുകുന്നുണ്ടായിരുന്നു. എന്നാലും ആ കുളിർമ നന്ദനനെ ഏകനല്ലാതാക്കി. ●

Poem

Rashmitha K. Jha
Uttar Predesh
I BSc Zoology

THE CHIPKO MOVEMENT

They didn't tell us
What it would be like
Without trees.

Nobody imagined,
That the whispering of leaves
Would grow silent
Or the vibrant jade of spring,
Pale to grey death.

And now we pile,
Rubbish on rubbish,
In this dusty landscape,
Struggling to create
a tree.

But though the shape is right
And the nailed branches
Lean upon the wind
And plastic leaves
Lend colour to the twigs,

We wait in vain,
For the slow unfurling of buds.
And no amount of loving
Can stir our weary tree
to singing. ●

കഥ

Geetha Paul
Cheranelloor
I BSc Zoology

അവൾ എഴുതുകയാണ്, ആദ്യമായ്....

തന്റെ സ്വപ്നങ്ങളുടെ ചിറകിലേറി കലാലയകവാടത്തിലേക്ക് അവൾ നടന്നുനീങ്ങി. കോളേജിന്റെ ഗോവണിപ്പടികൾ ഓരോന്നായി അവൾ പിന്നിട്ടു. നിശബ്ദമായ അവളുടെ മനസ്സിനെ വിഭജിപ്പിച്ചുകൊണ്ട് പുറകിൽ നിന്നും ഒരു വിളി. "ഡീ." ആ വിളിയിൽ അവൾ ഞെട്ടിയുണർന്നു. ഒരിക്കലും എത്തിപ്പെടരുതെ എന്ന് ആഗ്രഹിച്ചിടത്ത് എത്തിപ്പെടൽ പോകുന്നതിന്റെ വിങ്ങലിൽ നിന്നും ഉടലെടുത്ത സ്വപ്നം. തന്റെ ജീവിതം ഇങ്ങനെ ഗതിമാറിയൊഴുകുമെന്ന് അവൾ കരുതിയില്ല. വിധി അങ്ങനെയാടുകയാണോ അവളുടെ ജീവിതം? അവൾ ചിന്തിച്ചുപോയി.

എല്ലാവരുടെയും പൊന്നോമനയായിരുന്ന അവളിൽ പ്രതീക്ഷയുടെ പൂച്ചെണ്ടുകൾ ചെറുപ്പം മുതലേ എല്ലാവരും അർപ്പിച്ചിരുന്നു. വിധിയുടെ വിളയാട്ടമോ.. അതോ കാലത്തിലന്റെ ആവശ്യകതയോ.. അറിയില്ല. അവരുടെ പ്രതീക്ഷക്കൊത്തുയരാൻ അവൾക്ക് കഴിഞ്ഞില്ല. തന്നെ ഉയർത്തിപ്പറഞ്ഞ നാവിൽനിന്നുതന്നെ പരിഹാസപൂർണ്ണമായ വാക്കുകൾ കേട്ടപ്പോൾ അവളുടെ മനം തേങ്ങി. കണ്ണാടിപോലുള്ള അവളുടെ ജീവിതത്തിൽ ഒരു വിള്ളൽ വീണു. ആരുടേയും ദൃഷ്ടിയിൽപെടാതെ ഓടി ഒളിക്കാൻ അവൾ വെമ്പൽകൊണ്ടു. അവൾ പോലുമറിയാതെ കൺപോളകളിൽ നിന്ന് കണ്ണീർ ഇറ്റിറ്റ് വീണു. ഓരോ തുള്ളി കണ്ണുനീരും ഓരോ ചോദ്യങ്ങളായിരുന്നു. തന്നെ ഉയർത്തിപ്പറഞ്ഞവരോട്, അവൾ പോലുമറിയാതെ.

രാത്രിയുടെ ആ നിശബ്ദതയെ തഴുകിതലോടി അവളുടെ മനസ്സിന് കുളിർ പകർന്ന്, കായൽതീരത്ത് നിന്ന് ഒരു തണുത്ത കാറ്റുവീശി. അവൾക്ക് എന്നും ആശ്വാസമായിരുന്ന മഴ, കാറ്റിനെ അനുഗമിച്ചുകൊണ്ട് അവളെ തേടിയെത്തി. ഭൂമി തന്നോടൊപ്പം കരയുന്നതുപോലെ അവൾക്ക് തോന്നി.

അച്ഛന്റെ മുറിയിൽ തെളിഞ്ഞ വെളിച്ചം അവളെ ചിന്തയിൽ നിന്നും ഉണർത്തി. അവൾ വീണ്ടും ഉറങ്ങാനെന്നപോലെ കിടന്നു. കണ്ണ് ചിമ്മാൻപോലും അവർക്ക് ഭയമായിരുന്നു. ഭീതി പെടുത്തുന്ന സ്വപ്നം കണ്ടാലോ. മച്ചിലേക്ക് നോക്കിക്കിടന്ന് അവൾ മയങ്ങി. ദുഃഖവും, പരിഹാസവും, അപകർഷതാബോധവും മറക്കുവാനുള്ള മയക്കം.

കിളികളുടെ കളകളശബ്ദം കേട്ട് അതിരാവിലെ അവൾ ഉണർന്നു. സ്വപ്നങ്ങളെല്ലാം ഉള്ളിലൊതുക്കി വിധിയെ പഴിച്ച് അവൾ കലാലയത്തിലേക്ക് നടന്നു. തന്റെ സ്വപ്നം യാഥാർത്ഥ്യമാകുമോ എന്ന് ഭയപ്പെട്ട് നീങ്ങുമ്പോഴാണ് ഒരു പിൻവിളി കേട്ടത്. അപരിചിതമായ മുഖങ്ങൾ അവളെ ഭീതിയിലാഴ്ത്തി. പേരെന്ത്? നാടെവിടെ തുടങ്ങിയ ചോദ്യങ്ങൾ പരിഹാസത്തിന്റെ മൂർദ്ധന്യതയിൽ കോർത്താണ് അവർ അവൾക്കുനേരെ എറിഞ്ഞത്. എന്നിനും മറുപടിപോലും പറയാൻ കഴിയാതെ വീർപ്പുമുട്ടി നിൽക്കുമ്പോഴാണ് അവരുടെ തീപാറുന്ന അടുത്ത ചോദ്യം.

"നിനക്ക് വല്ല പ്രേമവും ഉണ്ടോ?"

യാതൊരു മര്യാദയുമില്ലാത്ത അവരുടെ ചോദ്യം കേട്ട് അപമാനത്താൽ പുളഞ്ഞുപോയ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. അവരുടെ കൂട്ടത്തിൽ നിന്നൊരാളോട് പ്രേമാഭ്യർത്ഥന നടത്താൻ പറഞ്ഞതാണ് അവളെ വിവശയാക്കിയത്. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ നിന്നും അപ്രതീക്ഷിതമായ പ്രിൻസിപലിന്റെ വരവ് അവളെ ആ കാട്ടാളന്മാരിൽ നിന്നും മോചിതയാക്കി. വീട്ടിൽ തിരിച്ചെത്തിയ അവൾ ആ ദിവസത്തെ അവലോകനം ചെയ്തപ്പോൾ നഷ്ടത്തിന്റെ കണക്കുകൾ മാത്രമാണ് അവളിൽ ശേഷിച്ചത്. ഒരു നിശ്ചയദാർഢ്യം അവളിൽ ഉടലെടുത്തു. ഒഴിഞ്ഞുമാറുന്നോറും ക്യാംപസിലെ ഏതോ ഒരു ശക്തി അവളെ അവിടേക്ക് വലിച്ചടുപ്പിച്ചു. ക്യാംപസിനെ ഇഷ്ടപ്പെടാൻ അവൾ നിർബന്ധിതയായി.

ഡിഗ്രിക്ക് പഠിക്കുന്നു എന്ന് പറയുമ്പോൾ തന്നെ എല്ലാവരുടെയും മുഖത്ത് കാണുന്ന പുച്ഛഭാവം അവൾക്ക് പരിചിതമായി. എല്ലാം നല്ലതിന് എന്ന് അവൾ ആശ്വസിച്ചു. അവളിലെ നന്മയുടെ ഫലമോ എന്തോ അവളെ തെറ്റിരി കൂട്ടുകാർ കാത്തിരുന്നു. അവരുമായുള്ള നിമിഷങ്ങൾ - കായൽത്തീരത്തെ തണുത്ത കാറ്റും, ഐസ്ക്രീം പാർലറിന്റെ ശീതളയും, ഒരുമിച്ചുള്ള സാഹസികമായ ബസ് യാത്രയും അവളുടെ സൗഹൃദത്തിന് മാറ്റ് കൂട്ടി. അവളുടെ ജീവിതത്തിന് അർത്ഥം കൈവരുന്നതുപോലെ അവൾക്ക് തോന്നി. മറ്റുള്ളവരുടെ നല്ല സൗഹൃദങ്ങൾക്ക് അവൾ കാരണമായപ്പോൾ അവളുടെ മനം സന്തോഷത്താൽ പൂരിതമായി.

മനഃപൂർവ്വമല്ലാതെ വരുന്ന കൂട്ടുകാരുടെ പരിഹാസങ്ങൾ അവൾ ചിരിച്ചുകൊണ്ട് തള്ളിക്കളഞ്ഞു. സ്വയം താഴ്ന്നുകൊടുത്തും വിദ്വേഷം കെട്ടിയും അവൾ ഒരു കോമാളിയാവുകയായിരുന്നോ? ആർക്കറിയാം. കോമാളിയായി ആടുമ്പോഴും നീറുന്ന അവളുടെ ഹൃദയം കാണാൻ ആർക്കെങ്കിലും കഴിഞ്ഞോ? തന്നെ അറിയണമെന്ന് അവൾ ആഗ്രഹിച്ചവർ അറിയാതെ എപ്പഴോ അകന്നുപോയി. മോഹങ്ങൾ മാത്രം നൽകിക്കൊണ്ട് മറ്റുപലരും...

സ്വപ്നങ്ങളെല്ലാം ഉള്ളിലൊതുക്കി ഉത്തരവാദിത്വത്തിലേക്ക് ഇറങ്ങിച്ചെന്ന് അവൾ തന്റെ സ്വപ്നങ്ങളിൽ നിന്നും ഓടിയൊളിക്കുകയാണോ? അതോ കീഴടങ്ങാത്ത മനസ്സുമായ് യാത്ര തുടരുകയാണോ? അറിയില്ല. തന്റെ പ്രയാണത്തിനിടയിൽ മനസ്സിന്റെ ദുഃഖത്തെ മറയ്ക്കാൻ അവൾ എഴുതുകയാണ്, ആദ്യമായ്.....

लेखन

Eldoh Thomas
Piravam
II B.A. Copy Editor

बरसात

देर रात हो गई। नींद नहीं आ रही है। मेरा भाई पास बैठकर पाठ पढ रहा है। बारिश पूरे जोर से बरस रही है। ताजे खबरों से जान पडा की बम्बई पूरी तरह डूब गई ओर कई लोग मारे गए। न जाने कितने ओर जानें ये बाढ निगल जाएगी।

बारिश यत्म होना का नाम ही नहीं ले रहा है। घर के पास वाले नदी में भी पानी का स्तर बढ गई है। मगर मेरे 19 वर्षों के परिचय से नहीं लगता कि इससे कोई खतरा है।

बाढ आए ने आए, मगर जब भी उन काली घटाओं से वो जीवन-दायक बूंदे बरसते है, उसके साथ जुडि वो पुरानी ---- यादें सताने लगती है। वो बरसात में खेलना खूदना मस्ती करना - उसका मजा ही कुछ ओर था। वक्त भी कभी कभी क्या खेल खेलती है। मुझे अहसास भी नही हूआ कि इतने बरस यूं ही गुज़र गए।
समय के साथ मनुष्य भी बदल चुका है। उसे अपने बुद्धि-शक्ति पर इतना गॅव हो गया कि वो प्रकृति का मनचाहा घूषण कर रहा है। जंगलों कि सफाई हो रहि है। विनाशकारी शस्त्र बना रहे है, जिसके फल-स्वरूप प्रकृति अपनी संतूलन खो बैठि है। प्राकृतिक आपदाऐं पूरे पृथ्वी को हिला रही है। भैगोलिक तापमान बढ चुकी है। वैज्ञानिक अपने मानुषिक बुद्धि से कुछ अनुमान लगा रहे है। लेकिन उन्हें भी अहसास नहीं कि कल क्या होनेवाला है।

मगर अब ये सब कहने से क्या फायदा। अब बारिश थोडी से रूक गई है। पेड और पत्तों से बारिश कि बूदें टपक रही है। चारों और फिर से शांति छा गई है। बेहतर होगा की सो जाऊँ। सोने से पहले यही प्रार्थना करूंगा की कल का दिन एक नया सवेरा हो - मेरे लिए और सारे दुनिया केलिए ।

കഥ

Devi S. Nair
Vyttila
II Bsc Physics

സുഹൃത്തേ....

.....കലാലയത്തിലെ ഇരുണ്ട ഇടനാഴികളിൽ ഇളം വെയിൽ തട്ടി വീഴുന്ന കുഞ്ഞു കിളിവാതിലുകളിലൂടെ നടന്നു നീങ്ങുമ്പോൾ എന്റെ നിഴലിന്റെ വിരൽത്തുമ്പിൽ ഞാൻ ഒരു വിരൽത്തുമ്പു കൂടി കണ്ടു.

കായലിന്റെ അലകളെയും, മഞ്ഞേറ്റു തളർന്ന പുൽക്കൊടികളെയും തട്ടി തലോടി മരവിച്ച ക്ലാസ്സു മുറിയിലെ ചെറിയ ജനലഴിയിലൂടെ, എന്നെ തഴുകിയെത്തുന്ന ഇളം കാറ്റിൽ നിന്റെ സാമീപ്യം ഞാനറിഞ്ഞു.

സായം സന്ധ്യയിൽ , മനസ്സിലെ ക്യാമ്പസ്സിന്റെ ശബ്ദഘോഷങ്ങൾക്കും മീതെ ആർത്തു ലസിച്ച്, നീണ്ട എട്ടടിപാതയിലെ അതിലും നീണ്ട ടെലിഫോൺ കമ്പികളിൽ മഴത്തുള്ളിക ളാൽ മുത്തുമാല കെട്ടിക്കളിക്കുന്ന മഴയിൽ, ഞാൻ നിന്റെ കുസൃതികൾ ആസ്വദിച്ചു.

കൊഴിഞ്ഞു വീഴുന്ന തൂവലിനെ കണ്ടിട്ടും കാണാതെ, പൂവിന്റെ ഹൃത്തിൽ തുളുമ്പി നിൽക്കുന്ന മണിനീർകണങ്ങളെ അടർത്താതെ, പറയാതെ പെയ്തൊഴിഞ്ഞ മഴയിൽ പരിദ വിച്ച് കാതിൽ വന്നു മൂളുന്ന കാറ്റിൽ, ഞാൻ നിന്റെ പരിദവങ്ങൾ കേട്ടു.

.....അരികിലില്ലെങ്കിലും സുഹൃത്തേ, നീയെന്റെ അരികിലുണ്ട്. ഒരു വെയിൽ നാളമായ്., ഒരിളം കാറ്റായ്, ഒരു മഴത്തുള്ളിയായ്, നീയെന്നെ തട്ടിക്കടക്കുമ്പോൾ അതിൽ നിന്റെ ഇണ ക്കങ്ങളും പിണക്കങ്ങളും ഞാനറിഞ്ഞിരുന്നു.....

Article



Hari Prasad
Thripunithura

"Know thyself."
Then, you will comprehence the 'Other' into your being. This writer from Thripunithura, travels along an important philosophical realm.

The Other

"What is the 'other'? Or who is it?" I was agitated and found myself shouting at the emptiness around me. A question that is so abstract and yet so simple in literary terms. I always had the belief that ideas spring up in my mind only at the eleventh hour. But now, the question loomed large in my mind as though it was a pay back for the simplicity that I attributed to this question for so many days.

"Give me a break," I told myself and decided to go out for a walk. So, I started walking and thought of the temple near my home as an ideal place to relax. The morning air had that rare freshness of dawn. The sun which was just starting to peep its head over our small town. It showered its graceful light casting long shadows of everything that came its way.

I took a deep breath and could feel the fragrance of the morning flowers fill my heart. I, in my childish humour, kept glancing at my sides for anything or anyone that can spark off a hint in my mind on how to narrate the ' Other'. But nothing of that sort happened. After ten minutes, I reached the temple.

There was a 'mandapam' on one side of the temple. It was my favourite seat and I sat there. I have two ways before me, I thought. First, to find out and know for myself what this 'other' is, by a direct search. But, all my efforts in that direction had been in vain. The alternative is, that I negate all that I feel is not 'the other' and in the end arrive at the 'Other.' So, I started thinking of things that cannot possible be the 'Other.'

I meet scores of people everyday. Can they be considered different from the 'Other'? Each one of them is definitely different from me in some way or the other. But still, there are some things which are common to us. But then, the 'Other' should in no way be similar to me. If it is so, then it can only become 'somewhat other' and not 'another'.

I saw a small boy standing awe-struck and excited at the sight of the elephant in the temple. His father was by his side explaining the history of an elephant. "How can even they be different from me?" I said to myself. I know, I get excited at the sight of an elephant even now and make remarks about its looks if not history, to my friends. "But, can you say they are same as you?", a voice asked me from within. "I don't know", I said. I was in utter confusion.

I was walking back home. But I knew that my mind was blank. Suddenly, I heard something crash. I turned around and saw that I had unknowingly stumbled upon an earthen pot and it lay broken into numerous pieces. Luckily, no one was around and I continued my walk as though nothing happened. But, that incident brought some fresh ideas to my mind. I began contemplating on those ideas and I knew, I was on the verge of an answer to my question.

An earthern pot and an earthern lamp seem different to our sight. But when crushed both are nothing but soil to us. And it was the same earlier too. A gold necklace and a golden bangle when melted is nothing but gold. There is no necklace and bangle after melting, but only gold. No two waves in the ocean are the same and we identify each wave as a different one. Or in other words, one different from the 'Other.' But a truly knowledgeable person sees just water and not waves. That person identifies everything that is in the ocean in its true nature, i.e., as water. the 'Other' concept thus does not arise in that person's mind. It is when our vision (not sight) is limited by our own self-imposed pseudo-realities, that we are troubled by the concept of 'the 'Other'. When we identify each human being as different manifestations of the same divinity within us, we no longer treat people around us as 'others'.

So the 'other' is nothing but the creation of a mind which has failed to see the true nature of the object observed.

Final Edit

Philosophers have said, "The 'Other' is my enemy !"

കവിത

Smisha K.S.
Kumbalanghy
I M.A. Economics

ജീവിതം ഒരു നാടകം

കാലത്തിൻ ഭാവവ്യതിയാനങ്ങളാകുമീ
നറുപുഞ്ചിരി തൂകും വസന്തമേ,
ദു:ഖങ്ങൾക്കിടയിലെ സന്തോഷത്താലും
സന്തോഷങ്ങൾക്കിടയിലെ ദു:ഖത്താലും
ജീവിതത്തിൻ പരിമാണം നിജപ്പെട്ടിരിക്കുന്നു.

ജീവിതമെന്നയീ നാടകയരങ്ങിൽ
കരഞ്ഞും ചിരിച്ചും രണ്ടുമല്ലാതെയും
നടിക്കുന്നു നമ്മൾ.

നാടകയരങ്ങിലെ സപ്തസ്വരശ്രുതിമധുമലയ
ഗാനത്തിൻ സമാനമാം
നമ്മൾതൻ പൊട്ടിയമാനസ
വീണാതന്ത്രികളിൽ നിന്നുയരുന്നു
കദനമനോഹരഗാനം.

നാടകഇടവേളയിലെപ്പഴോ
കരിനിഴൽപ്പാട് കണ്ട് നമ്മൾ
പകച്ച്, ഞെട്ടിത്തിരിഞ്ഞ്
വിളറിവെളുത്ത മിഴികളാൽ മിഴിച്ചുനോക്കുമ്പോൾ
രംഗബോധമില്ലാത്ത കലാകാരനെപ്പോലെ
മൃത്യു നമ്മളിലേക്ക് ചുവടുവച്ചടുക്കുന്നു.
കരുത്തുറ്റ കറുത്തകരങ്ങൾ നീട്ടി
നമ്മെ ആലിംഗനത്തിലമർത്തുന്നു.

അതോടെ,
ജീവിതമെന്നയീ നാടകത്തിന്റെ
തിരശ്ശീല താഴ്ന്നുവീഴുന്നു.
ജീവിതമെന്നയീ തിരക്കഥയുടെ
കറുത്ത, വെളുത്ത അദ്ധ്യായം പര്യവസാനിക്കുന്നു.

എങ്കിലും,
നാടകമിവിടെ പൂർണ്ണമാകുന്നില്ല
മറ്റൊരു ലോകത്തിലെ
മായികാവേദിയുടെ
തിരശ്ശീലയപ്പോൾ ഉയരുന്നതേയുള്ളൂ!

Article

How goes the higher education : Role of Christian Managements

Nidhin Sebastian
Palluruthy
IIISc.Ind.Chemistry

India has slightly more than 200 universities with about 800 colleges. This is one of the largest university systems in the world. But this network is not that impressive. Because, the number of students attending colleges is not in proportion to the population. Lack of motivation, availability of colleges nearby, financial inability, unemployment among the educated youth etcetera serve as deterrents to many opting for higher education.

Even in all these circumstances, there's high demand for Christian educational institutions. These institutions were started by the Christian Missionaries for the poorest of the poor and also to bring about a social revolution. Though they try to solve the above problems to an extent, some of the Christian managements have already lost their traditional, unique and pioneering role. The attitude towards profitmaking and quality breeding led those few institutions to opt for elite students only.

Quality and excellence are the two aims of the Christian colleges in India and many prime institutions of higher learning are run by them. The introduction to the 'Directory of church related colleges in India' (1955) says: "The aim and objectives of the institutions encompass a wide spectrum of religious, spiritual, moral, rational, secular and academic concerns including the integrated development of the human person, stress on character formation, women's development, emphasis on the spirit of service and openness to people of all faiths."

लेखन

आतंकवाद

Saritha
Vyttila
II B.A. Copy Editor

आतंकवाद, सब लोगों को परिचित एक शब्द हैं। लेकिन इसका एक वाक्य में वर्णन करना अत्यंत प्रयास हैं। यह एक बहुत वडा अपराध हैं जो अब हमारे देश के विभिन्न जगहों में देखा जा सकता है। इसका शूरुआत इक्कीसवीं सदी में हुआ था ।

यह लोगों को भयभीत करके मर्ज़ी के अनुसार काम करवाना हैं। इसको प्राकृतिक- नियमों के विरुद्ध होने वाले अत्याचार भी कह सकते हैं। पिछले दो शताब्दियों से यह अवस्था बहुत अधिक बुरा और खतरनाक हो गया हैं। आज लोग अपने लक्ष्य की पूर्ति के लिए कोई भी मांग अपनाते है, वो चाहे नियमविरुद्ध क्यों न हो।

इस तरह वे अनेक अपराध करते है जिसमें हत्याकाण्ड अतिक्रमण, विस्फोडन प्रमुख हैं।

आतंकवाद संसार में व्याप्त होने का पहला कदम व्लड ट्रेड सेन्टर में सितंवर 2001 को हुई हमला हैं। इसके बार कई बार ऐसा ही हुआ लेकिन दूसरे जगहों में। आज जब देश के कोने-कोने में लोग हथियारों का आविष्कार करते हैं और अपराध करते जाते हैं तो फिर हमारे देश में, लोगों को शान्ति कैसे मिलेगी ? हमारा देश खतरे से मुक्त कैसे होगा ?

आज-कल आतंकवाद जाति के नाम पर भी अत्याचार शुरू कर दिया है ओर अनेक पुण्यभूमियों पर आक्रमण हो रहा हैं। यह लोग अपने हथियारों को मंदिर-मस्जिद जैसे आराधनालयों में छिपाते हैं।

एक आदमी, डेनटण ने इसका वणन करते हूए कहा, यह आज के जमाने में किए जाने वाला युद्ध हैं। इसमें एक या दो का हाथ नहीं होता बल्कि जगह-जगह लोग झुँड बनाकर, ऐसा काम करते,है ओर हम जैसे साधारण लोगों को पहुंचाते हैं।

इनके द्धारा किए जाने वाले अत्याचारों से अनेक लोग अपने जान से हाथ धो बैठते हैं। अनेक औध्योगिक स्थानों का भी नाश हूआ हैं, बिना किसी वजह के। आज भी ऐसा ही हो रहा हैं।

हमारे देश में आतंकवाद कश्मीर, पंजाव, पश्चिम वंगाल, विहार, आन्द्रप्रदेश, त्रिपुरा जैसे राज्यों में अधिक्तर व्याप्त हैं। हमारे देश ने इसको दूर करने केलिए, रूस, ब्रिटेन जैसे देशों के तरह तैयारियां करते आ रहे है. क्या आप लोगों ने कभी आतंकवाद के कारण, जनसंख्या में हुई कमी को समझा है, महसूस किया हैं ?

वो दिन दूर नहीं जब आंतकवाद जैसे अत्याचार हमारे राष्ट्र से दूर हो जाएंगे। जिस प्रकार दूसरे राष्ट्रों के क्रूरताओं से हमारे देश लडते रहें ओर कठिन प्रयास के द्धारा पाई, स्वतंत्रता का संरक्षण करते रहे हैं वैसे ही इस दुरव्यवस्था को भी एक दिन दूर कर देगें। ●

So also, the Christian colleges have always been torch bearers of quality and pioneers in experimenting with new methods in imparting education. They have in general maintained high standard, thereby attract the cream of student community.

It is a known fact that the Indians, irrespective of religion, prefer Christian Colleges. Because, all believe that these institutions are committed to the work and that the young generation is helped to imbibe values as they pass through the campus of the Christian Colleges. It is generally expected that this service would stand any Indian in good stead, when he enters into the normal stream of life.

ലേഖനം

Jobin Mathew
I BSc. Physics

കണ്ണൂർ സ്വദേശിയായ ലേഖകന്റെ ഹൃദയത്തെ സ്പർശിച്ച മഹദ്വ്യക്തി. ചരിത്രത്തിൽ തന്നെ ഏറ്റവും അപകടം പിടിച്ച കാലഘട്ടത്തിൽ ലോകത്തെ തന്റെ ധാർമ്മികവലയത്തിൽ കാത്തുസൂക്ഷിച്ച അദ്ദേഹത്തെക്കുറിച്ച് എന്തെഴുതിയാലാണ് മതിവരിക.

ജോൺപോൾ രണ്ടാമന് ഹൃദയപൂർവ്വം

നിഷ്ക്കളങ്കമായ പുഞ്ചിരിയും സ്നേഹനിർഭരമായ ഒരു ഹൃദയവും നമുക്കായി പങ്കു വച്ച സമാധാനത്തിന്റെ പതാകവാഹകൻ ജോൺപോൾ രണ്ടാമൻ വിടചൊല്ലിയപ്പോൾ, ലോകം വിതുമ്പി. മതത്തിനും രാഷ്ട്രീയത്തിനുമതീതമായി അരക്ഷിതരെയും, നിഷ്കാഷിതരെയും, ചൂഷണം ചെയ്യപ്പെടുന്നവരെയും സംരക്ഷിക്കുവാൻ അശ്രാന്തം പരിശ്രമിച്ച ചുരുക്കം ചിലരു ക്തികളിലൊരാളായിരുന്നു അദ്ദേഹം.

അധികാരമോഹവും, ധനമോഹവും, സുഖലോലുപതയും ഉന്മത്തമാക്കിയ ഈ യുഗത്തിൽ മനസാക്ഷിയുടെ സ്വരമായിത്തീരാൻ സാധിച്ചു എന്നതാണ് ഈ മഹാത്മാവിന്റെ ഏറ്റവും വലിയ സവിശേഷത. വിവരസാങ്കേതികവിദ്യയുടെയും അഭൂതപൂർവ്വകമായ ശാസ്ത്രപുരോഗതിയുടെ തുമായ ആധുനിക കാലഘട്ടത്തിൽ, കാലത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് കത്തോലിക്കാ സഭയെ അപരാജിതയായി മുന്നോട്ടുനയിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. രാഷ്ട്രവും മതവും പരസ്പരം ആശ്ലേഷിക്കരുതെന്ന സാമാന്യ തത്വം അംഗീകരിക്കുന്നതിനോടൊപ്പം തന്നെ രാഷ്ട്രങ്ങളുടെ അധാർമ്മികമായ നിലപാടുകൾക്കെതിരെ തിരുത്തൽ ശക്തിയായും അദ്ദേഹം വർത്തിച്ചു.

കവിതകൾ

Jisha K.P.
Kumbalam
II B.A. Sociology

വിവാഹം

ഒരു സ്വപ്നത്തിന്റെ അവസാനം
മറ്റൊരു സ്വപ്നത്തിന്റെ ആരംഭമോ?
എന്തുമാകട്ടെ, അവൾ സുമംഗലിയായി.
കൊടുക്കലും വാങ്ങലും,
വാഗ്ദാനങ്ങളും.
കാലിടറി വീണു.
അവൾ മുറിയിൽ കയറി കതകടച്ചു.
താലിച്ചരടിന് വിലയില്ലാതായി.
അവൾ അതിൽ തൂങ്ങിമരിച്ചു.

ലോകം

അവർ, എന്റെ കൈയ്യിൽ നിന്ന്
ചുവന്ന കൊടി പിടിച്ചുവാങ്ങി.
സർട്ടിഫിക്കറ്റുകൾ തലയിൽ
വച്ചുകെട്ടി.
ഭാരം താങ്ങാനാവാതെ ഞാൻ
തലകറങ്ങി വീണു.
ആശുപത്രിക്കിടക്കയിൽ ഞാൻ
തനിച്ച്
ഒഴിഞ്ഞകൂപ്പിയും, സിറിഞ്ചും,
മനംമടുപ്പിക്കുന്ന ഗന്ധവും കൂട്ടിന്.
ഡോക്ടർ വിധിയെഴുതി..
എന്നെ ഇരുണ്ടസെല്ലിലടച്ചു
വെന്ന്
ആരൊക്കെയോ പിറുപിറുക്കുന്നു.

ശീർഷകമില്ലാത്ത കവിത

എന്റെ ജീവിതത്തിന്റെ അവസാനം
മരണമാണെന്ന് ഒരിക്കൽ
തെറ്റിദ്ധരിച്ചിരുന്നു.
ഇന്ന് എന്റെ ജീവിതം അവസാനിക്കുന്നത്,
എന്റെ പ്രണയത്തിന്റെ ആരംഭത്തിലാണ്.

ചതുരംഗം

വാക്കുകൾകൊണ്ടെന്നെ പ്രലോഭിപ്പിച്ചു.
കളത്തിനു മുന്നിലിരുത്തി,
ചലനങ്ങൾ കൊണ്ടൊരു ലോകം.
ഒരൊറ്റ കരു കൊണ്ട് പിടിച്ചു
കെട്ടി.
.....അടയിറവ്.....

കമ്യൂണിസത്തിന്റെ പിള്ളത്തൊട്ടിലാ യിരുന്ന പോളണ്ടിൽ 1920, മെയ് 18നാണ് യുലെക് എന്ന ഗ്രാമപ്രദേശത്തിൽ അറിയപ്പെട്ടിരുന്ന ജോൺപോൾ രണ്ടാമൻ ജനിച്ചത്. കരോൾ വോയ്റ്റീവ എന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ നാമം. കരോൾ - എമിലിയ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായിരുന്നു അദ്ദേഹം. മൂത്തസഹോദരന്റെ പേര് എഡ്മണ്ട് എന്നും സഹോദരിയുടേത് ഓർഗ എന്നുമായിരുന്നു. ജനിച്ച് അധികം നാൾ കഴിയും മുമ്പെ ഓർഗ മരണത്തിനു കീഴടങ്ങി.

കൊച്ചു ലോലക്കിന്റെ ഒൻപതാമത്തെ വയസിൽ തന്റെ മാതാവും ഇഹലോകവാസം വേടിഞ്ഞു. ഭാര്യയുടെ മരണശേഷം ലോലക്കിന്റെ പിതാവ് കരോൾ സീനിയർ ആർമിയിലെ തന്റെ ഉദ്യോഗം രാജിവച്ചു. ലോലക്കിന്റെ മൂത്തസഹോദരൻ എഡ്മണ്ട് 1930ൽ വൈദ്യശാസ്ത്രത്തിൽ ബിരുദം നേടി. 1932ൽ കാർഡിയോളജിസ്റ്റായി ജോലിചെയ്യവെ രോഗബാധനായ എഡ്മണ്ടും മരണപ്പെട്ടു. അങ്ങനെ പിതാവും കരോളും മാത്രമായി. അവസാനം 1941 ഫെബ്രുവരി 18-ാംതീയതി കരോളിനെ തികച്ചും ഏകനാക്കി അദ്ദേഹത്തിന്റെ പിതാവും ഇഹലോകവാസം വെടിഞ്ഞു.

ഉറ്റവർ നഷ്ടപ്പെട്ടതിന്റെ ഏകാന്തതയുടെ ദുഃഖത്തിൽ നിന്നും രക്ഷനേടുന്നതിനായിരിക്കണം യുവാവായ കരോൾ നാടകട്രൂപ്പിൽ അംഗമായത്. അദ്ദേഹം അംഗമായിരുന്ന 'റാപ്സോഡിക് തിയേറ്റർ' കമ്പനിയിലെ പ്രധാന നടൻമാരിൽ ഒരാളായിരുന്നു അദ്ദേഹം. പോളണ്ട്, നാസികളുടെയും തുടർന്ന് കമ്യൂണസത്തിന്റെയും കീഴിലായിരുന്ന കാലഘട്ടങ്ങളിൽ, കരിങ്കൽ മടയിൽ ജോലി ചെയ്തിരുന്ന കഠിനാധ്വാനിയായ കരോളിനെയും ചരിത്രം നമുക്കു കാണിച്ചുതരുന്നുണ്ട്. പാരതന്ത്രത്തിലായിരുന്ന അന്നത്തെ പോളണ്ടിൽ കരോളിന്റെ സുഹൃത്തുക്കളും സഹപാഠികളുമായ പലരും മരണപ്പെടുകയോ കോൺസെൻട്രേഷൻ ക്യാംപുകളിൽ തടവിലാക്കപ്പെടുകയോ ചെയ്തിട്ടുണ്ടായിരുന്നു. തികച്ചും അനിശ്ചിതവും ഇരുൾമൂടിയതുമായ അത്തരമൊരു ജീവിത സാഹചര്യം അദ്ദേഹത്തെ പൗരോഹിത്യ ജീവിതത്തിലേക്കു നയിച്ചു.

നാസികൾ സെമിനാരികളെല്ലാം അടച്ചു പൂട്ടിയിരുന്നതിനാൽ, സോൾവേ കെമിക്കൽ ഫാക്ടറിയിൽ ജോലിചെയ്തുകൊണ്ടിരുന്നപ്പോൾത്തന്നെയാണ് അദ്ദേഹം ദൈവശാസ്ത്ര പഠനം ആരംഭിച്ചത്. 1946 നവംബർ ഒന്നാം തീയതി അദ്ദേഹം ഒരു വൈദികനായി. വൈദികനായശേഷം ഉപരിപഠനത്തിനായി റോമിലേക്കുപോയി. 1948 മുതൽ 1981 വരെ അദ്ദേഹം ക്രാക്കോവ് രൂപതയിൽ ഇടവക വൈദനകനായിരുന്നു. 1956 ജൂലൈ നാലിന് ക്രാക്കോവിലെ സഹായമെത്രാനായ കരോൾ വോയ്റ്റീവ 1962ൽ മെത്രാനായി സ്ഥാനാരോഹണം ചെയ്തു. 1967 മെയ് 29ന് കർദിനാളായി ഉയർത്തപ്പെടുകയും തുടർന്ന് 1978 ഒക്ടോബർ 16ന് ജോൺപോൾ രണ്ടാമൻ എന്ന പേരു സ്വീകരിച്ച് മാർപാപ്പയായി.

അൻപത്തിയെട്ടാമത്തെ വയസിൽ പാപ്പാസ്ഥാനം സ്വീകരിച്ച ജോൺപോൾ രണ്ടാമൻ തന്റെ 26 വർഷത്തെ ഭരണകാലഘട്ടത്തിൽ അന്താരാഷ്ട്രരംഗത്ത് നിർണ്ണായകമായ ഒരു സാന്നിധ്യമായിരുന്നു. മൂന്നുചാന്ദ്രമാസം സഞ്ചരിച്ച പാപ്പായെന്നും, കത്തോലിക്കാസഭ സാധാരണ ജനങ്ങളുടെ പ്രസ്ഥാനങ്ങളിലേക്ക് കടന്നുചെല്ലുവാൻ കാരണഭൂതനായ പാപ്പയെന്നും തുടങ്ങി അദ്ദേഹത്തിനുള്ള വിശേഷതകൾ ഏറെയാണ്.

പോളണ്ടിലും പൂർവ്വയൂറോപ്യൻ രാജ്യങ്ങളിലും കമ്യൂണിസം തകരുന്നതിനും സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിനും ജോൺപോൾ രണ്ടാമൻ മാർപാപ്പ കാരണമായി എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. എങ്കിലും അദ്ദേഹത്തിന്റെ ഈ നിലപാട് രാഷ്ട്രീയ പ്രേരിതമല്ലായിരുന്നു. മറിച്ച്, അനുദവങ്ങളുടെ പശ്ചാത്തലത്തിൽ രൂപപ്പെട്ടതായിരുന്നു. കമ്യൂണിസത്തിന് പകരം വയ്ക്കാനുള്ളത് മുതലാളിത്ത വ്യവസ്ഥിതിയെയല്ലെന്നത് ഒട്ടനവധി അവസരങ്ങളിൽ അദ്ദേഹം തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ കീഴിൽ കത്തോലിക്കാസഭ ഒട്ടനവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ രൂപം കൊടുത്ത പുതിയ തീരുമാനങ്ങളെല്ലാം തന്നെ പ്രയോഗത്തിൽ വരുത്തുന്നതിന് അദ്ദേഹത്തിനു സാധിച്ചു. ഇതര സഭകളുമായും മതവിഭാഗങ്ങളുമായി രമ്യതയിൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം നന്നായി മനസിലാക്കിയിരുന്നു. സമൈക്യമെന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന 'വേൾഡ് കൗൺസിൽ ഓഫ് ചർച്ചസി'ൽ കത്തോലിക്കാ സഭ സജീവ സാന്നിധ്യമായത് ജോൺപോൾ രണ്ടാമന്റെ കാലത്താണ്. മതാന്തരസംവാദങ്ങളെയും സർവ്വമതസമ്മേളനങ്ങളെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. 1986 ഒക്ടോബർ 27ന് ഫ്രാൻസിലെ അസ്സീസിയിൽ പന്ത്രണ്ടു മതങ്ങളുടെ പ്രതിനിധികൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരുമിച്ചു കൂടി ലോകസമാധാനത്തിനായി പ്രാർത്ഥിച്ചത് ഇതിന് ഏറ്റവും നല്ല ദൃഷ്ടാന്തമാണ്.

ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും ഉദാത്തമായ മാതൃകകൂടിയായിരുന്നു ജോൺപോൾ രണ്ടാമൻ. 1981 മെയ് പതിമൂന്നിന് തന്റെ നേരെനിറയൊഴിച്ച മുഹമ്മദ് അലി അഗ്കയോട് ക്ഷമിക്കാനുള്ള സന്നദ്ധത അദ്ദേഹത്തിനുണ്ടായി. അമേരിക്ക, ബ്രിട്ടൻ പോലുള്ള വൻ സ്രാവുകളുടെ അധാർമ്മികമായ നിലപാടുകളെ നിശിതമായി വിമർശിച്ചിട്ടുണ്ട്. യുദ്ധം തടയുന്നതിനായുള്ള അദ്ദേഹത്തിന്റെ ഉദ്യമങ്ങൾ പലപ്പോഴും വിഫലമായിട്ടുണ്ടെങ്കിലും വത്തിക്കാന്റെ നയതന്ത്രപ്രതിനിധികൾ അതൊഴിവാക്കുന്നതിനായി അശ്രാന്ത പരിശ്രമം നടത്തിയിട്ടുണ്ടെന്നുള്ള വസ്തുത ഏറെ ശ്രദ്ധേയമാണ്. .

നവോത്ഥാനകാല സഭയുടെ അംഗീകരിക്കാനാവാത്ത പ്രവർത്തികളായിരുന്നു ഇൻക്വിസിഷനും പണം സ്വീകരിച്ചുകൊണ്ടുള്ള ദണ്ഡവിമോചനവും. അവ തെറ്റാണെന്ന് സമ്മതിക്കുവാനും അവയെപ്രതി മാപ്പു പറയുവാനും അദ്ദേഹം സന്നദ്ധനായി. ക്ലോണിങ്, കാരുണ്യവധം, സ്വവർഗ്ഗരതി തുടങ്ങിയ അസൻമാർഗിക പ്രവണതകളെ അദ്ദേഹവും അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന സഭയും നഖശിഖാന്തം എതിർത്തു.

ഇരുപതാം നൂറാണ്ടിന്റെ അവസാനപകുതിയിൽ ജോൺപോൾ രണ്ടാമനെപ്പോലെ സ്വാധീനം ചെലുത്തിയ മറ്റാരുംതന്നെയില്ല. അക്രമത്തിന്റെയും സ്വാർത്ഥതയുടെയും ലോകത്തിൽ സമാധാനത്തിന്റെ ഒലിവിലകൾ വീശിയ വെള്ളരിപ്രാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് അന്ത്യോപചാരമർപ്പിക്കാനെത്തിയ ലോകനേതാക്കളുടെ നീണ്ടനിരയും അതിന് മാധ്യമങ്ങൾ നല്കിയ പ്രാധാന്യവുമെല്ലാം ഇതിന് ഏറ്റവും വലിയ തെളിവുകളാണ്.



കവിത

ആ വസന്തകാലത്തിനോർമ്മയ്ക്ക്

Anitha C.A.
Elamakkara
II BSc Physics

നീറുമെൻ പ്രാണനെ ഒരു കൊച്ചു-
മയിൽപീലിയായ് തഴുകിയുണർത്തി നീ
വാടിക്കരിഞ്ഞൊരെൻ മൂക സങ്കൽപ-
ങ്ങളിൽ തെളിനീരുറവയായ് പടർന്നിറങ്ങി.

വീണടിയാറായൊരീ ജീവന്റെ ചില്ലയിൽ
പ്രതീക്ഷതൻ പുതുനാമ്പുകൾ വിരിയാൻ വെമ്പവേ,
എന്നും വിജനമായൊരീ ജീവന്റെ താഴ്വരയിലും
കോകിലങ്ങൾ ഈണമീട്ടാൻ തുടങ്ങവേ,
മാമയിലുകൾ പീലിനീർത്തിയാടാൻ ഒരുങ്ങവേ,
ഒരിളം തെന്നലായ് നീ മറയുന്നതെങ്ങോ?

നിന്നാൽ തളിർചൂടിയൊരീ ഹൃത്തടത്തിൽ
തീരാനൊമ്പരമായി നീയലിയുകയാണോ?
നിന്നാലെൻ ആത്മാവിൽ വിരിയിച്ചൊരീ പൂക്കൾ
വാടാതെ സൂക്ഷിക്കാം ഞാനെന്നും നിനക്കായ്.

ആ വസന്തകാലത്തിനോർമ്മയ്ക്കായ് നീ സമ്മാനിച്ച
ഈ മുറിപ്പാടുകൾ തൻ നൊമ്പരം മായ്ക്കു-
വാൻ, ഒരു കൊച്ചുമയിൽപീലിയായ്
വീണ്ടും നീയെന്നരികിലെത്തുന്നതെന്നോ.

ഗണിതകൗതുകം

Suman Babu
Idukky
I B.Sc Maths

ഒരു കുട്ടുകുടുംബത്തിൽ 4 സഹോദരീസഹോദരന്മാർക്കായി 10 മക്കളുണ്ട്. ഊണു കഴിക്കാൻ നേരത്ത് തിന്മേശയ്ക്കരികിലെ കസേരയിൽ ഇരിക്കുന്നതിനെ ചൊല്ലി 10 പേരും എപ്പോഴും തർക്കമാണ്. സീറ്റിന്റെ കുറവല്ല പ്രശ്നം. കസേരകൾ 10 എണ്ണം ഉണ്ട്. അവർക്ക് ഇന്നയിന്ന ഇരിപ്പിടം തന്നെ വേണമെന്ന പിടിവാശിയാണ്. കുട്ടികളുടെ ബഹളം അടങ്ങുന്നില്ലെന്നു ബോധ്യമായപ്പോൾ മുത്തച്ഛൻ ഇടപെട്ടു. റിട്ടേഡ് ഗണിതശാസ്ത്ര പ്രൊഫസ്സറായ അദ്ദേഹമൊരു നിർദ്ദേശം വച്ചു. "ഇന്നുമുതൽ തന്നെ തുടങ്ങാം. നിങ്ങൾ ഓരോ ആളും സീറ്റ് മാറിയിരിക്കുക. ഓരോ ദിവസവും വ്യത്യസ്ത ക്രമങ്ങളിൽ സീറ്റിൽ ഇരിക്കണം. എല്ലാ വ്യത്യസ്ത ക്രമങ്ങളിലും ഇരുന്നു കഴിഞ്ഞാൽ, വീണ്ടും ഒരു ദിവസം ഇന്ന് നിങ്ങൾ ഇരുന്നിരുന്ന ക്രമത്തിൽ തന്നെ എത്തിച്ചേരും. അന്ന് നിങ്ങൾ എന്താവശ്യപ്പെടുന്നുവോ അത് ഞാൻ വാങ്ങിച്ചുതരാം. എന്താ സമ്മതമല്ലേ?" കുട്ടികൾ മുത്തച്ഛന്റെ നിർദ്ദേശം അനുസരിച്ചു. അവർ ഓരോ ദിവസവും വ്യത്യസ്തക്രമങ്ങളിൽ ഇരുന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങി. എത്രദിവസം കഴിഞ്ഞാലാണ് അവർക്ക് മുത്തച്ഛൻ വാഗ്ദാനം ചെയ്ത സമ്മാനങ്ങൾ ലഭിക്കുക?

ഉത്തരം

10 പേർക്ക് 10 സീറ്റുകളിൽ ഇരിക്കാവുന്ന വ്യത്യസ്ത ക്രമങ്ങളുടെ എണ്ണം താഴെ പറയുന്ന പ്രകാരമാണ്
1X2X3X4X5X6X7X8X9X10=3628800
അതായത് 3628800 ദിവസങ്ങൾ (9935 വർഷങ്ങൾ) കഴിഞ്ഞേ മുത്തച്ഛന് വാക്കുപാലിക്കാൻ കഴിയുകയുള്ളൂ!

The Choice

'Modern', but old fashioned, outdated bourgeois, with long sleep and siesta periods, TV and cheap literature, at best engaged in superficial social work, serious study and reading, with little involvement in the society. Individualistic, incapable of silence, recollection and depth, not too orthodox in views, critical, outspoken but closed, with personal well-being and self interest as the highest norm and motivation, resentful of anything that interferes with comfort, minimalistic, member of a narrow group of like-minded, disgruntled individuals who exploit the society. Expensive, demanding, a liability to the society, not loved, but tolerated, like an unwanted guest.

Genuinely modern, inspired by great ideals of self-giving, seriously preparing himself / herself for life, a man / woman of prayer, well informed, empathetically aware of the problems of the contemporary world and of youth and eager to contribute his / her share, hardworking, reliable, responsible to himself / herself and to the society, with a deep sense of belonging, a universal friend, loved, esteemed, intent on doing 'something beautiful for God.' whose life is an inspiration and memory, a blessing.

"നിരന്തരമായ തിരഞ്ഞെടുപ്പുകളുടെ ഒരു ഘോഷയാത്രയാണ് ഈ ജീവിതം."

(Jean Paul Satre).

കവിത

Vidhyalakshmi
Pallurathy
I BSc Physics

അറിയാതെ

അറിയാതറിഞ്ഞു ഞാൻ നിന്നിലെ സ്മേരം, നീ-
യറിയാതെ കണ്ടുഞാൻ മനോജ്ഞമാമാമുഖം.
അനന്തമാം ജീവിതയാത്ര തന്നൊരു കോണി-
ലറിയാതെ പാറി നീയെൻ ചിത്രശലഭമേ..

അറിയാതലിഞ്ഞു ഞാനാ ഗാനസ്മൃതിയിലായ്
ആ രൂപലാവണ്യം താനതിൽ, നിലാ-
വൊളിയും പകിട്ടും നിറഞ്ഞൊരാവാനിലെ
ചിരിതൂകും താരം പോലറിയുന്നു ഞാൻ നിന്നെ.

വെയിലേറ്റു വാടിക്കരിഞ്ഞൊരാമനസിൽ നീ-
യൊരു വർഷഘോഷമായ് പെയ്തിറങ്ങി.
അടയാൻ കൊതിച്ചൊരെൻ തരളമാം മിഴികളെ
തുഹിനത്തുമ്പിനാൽത്തൊട്ടുണർത്തി.
ഇന്നുമറിയാതെ നിന്നുടെ വരവും പ്രതീക്ഷിച്ചു
പടിവാതിൽമുന്നിൽ പതുങ്ങിനില്പു..
അറിയില്ല നിന്നുടെയാർദ്രമാം ഹൃദയത്തി-
ലൊരു പുഷ്പമായ് ഞാൻ വിരിഞ്ഞിരുന്നോ?

അകലെയായ് നിന്നു നീയെൻ നേർക്കു
നോക്കുമ്പോ-
ളറിയാതെയൊഴുകുന്നുവെൻ ബാഷ്പധാര
അലിവോടെ നിൻമൃദുമേനിയെ തഴുകുവാ-
നറിയാതെ വെമ്പുന്നു വികാരങ്ങൾ.

അറിയുന്നുവോ, നീയെന്നിലെ സ്നേഹത്തെ,
നിൻവിയോഗത്താൽ പിടയുമീ മനസിനെ!
എങ്കിലുമറിയാതെ നിന്നാത്മശാന്തിയ്ക്കാ
യെന്നും നമിക്കുന്നു, എൻപ്രിയതാരമേ....

കഥ

Jose Manvettam
Kottayam
MSc Botany

പാരമ്പര്യം നഷ്ടപ്പെടുന്നു

മഴ വീണു തുടങ്ങിയിരുന്നു. ആളുകൾ തിരക്കിട്ട് നീങ്ങുകയാണ്. അവർക്കൊപ്പം ഞാനും. ഞാൻ കൈയ്യിലെ പുസ്തകത്തിലേക്ക് നോക്കി. 'Animal Diversity.'

ഹൊ! പരിണാമ പരിമാണത്തിന്റെ പൂർണ്ണത, ഉയിർക്കൊണ്ട വിജ്ഞാനങ്ങളുടെ കവാടങ്ങൾ.

കർമ്മകാണ്ഡത്തിലെ നിലയില്ലാക്കയത്തിൽ വേണ്ടിവന്നേക്കാവുന്ന, അതിതീവ്രസാധനകളുടെ കാർക്കശ്യബോധവും, ജീവപ്രചോദനങ്ങളുടെ അതിലോലവും, മുറിച്ചു ദൂരെയെറിയാനുമാവാത്തതുമായ പ്രതിപ്രവർത്തനങ്ങൾക്കും, തടയിടാനാവാത്ത ഹൃദയദൗർബ്ബല്യങ്ങളുടെയും മുന്നിൽ ആ കവാടങ്ങൾക്ക് ഞാനെന്നേ താഴിട്ടുകഴിഞ്ഞു.

പിന്നെ, ആകാരഭംഗിയുടെ പിൻവെളിച്ചത്തിൽ അതെന്റെ കൈകകളിൽ ഇരുന്നുവെന്നു മാത്രം.

മഴയുടെ സംഗീതം ഞാനറിഞ്ഞിരുന്നില്ല. സർപ്പയജ്ഞമായ ഭാവിയുടെ ചട്ടക്കൂടുകൾ മെനഞ്ഞുകൂട്ടുകയായിരുന്നു. ഏകാഗ്രതയുടെ മൗനമേഘങ്ങളെ തമ്മിൽ കീറിമുറിച്ചുകൊണ്ട് ആ കൈ എന്റെ നേർക്ക് പാഞ്ഞടുത്തു. അതെന്റെ കൈയ്യിൽ പിടുത്തമിട്ടു.

ഞെട്ടിത്തിരിഞ്ഞ് വെള്ള നിറമാർന്ന ആ അസ്ഥിയിലേക്ക് ഞാൻ നോക്കി. അതിനും മുകളിലുള്ള നേർത്ത ഞരമ്പുകളിലേക്കും. യാചനയുടെ മുഖമുദ്രയോടെ അവൾ കൈനീട്ടി. വിലപിക്കുന്ന നഗരിയിൽവച്ച് ഞാനാ കൈയ്യിൽ ചുംബിച്ചു. അവൾ ഞെട്ടിത്തിരിഞ്ഞപ്പോഴേക്കും ഞാൻ നടന്നകന്നിരുന്നു...

കാലടികൾ ജനനിബിഡമായ ഇടവഴിയിലേക്ക് തിരിഞ്ഞു. തുറന്നിട്ട വാതിലുകൾ മുല്ലപ്പൂഗന്ധം വഹിക്കുന്നത് ഞാനറിഞ്ഞു. സ്വത്വബോധത്തിനുമേൽ മറയിട്ട് നിൽക്കുന്നവരെ ഞാൻ ശ്രദ്ധിച്ചു. കൺമുൻപിലെ സത്യങ്ങളുടെ ഉൾപൊരുളുകൾ തേടി, ആ അന്വേഷണത്തിന്റെ ആസക്തിക്കുമുൻപിൽ മാംസളഭംഗിക്ക് വിലയിട്ട് അവർ നിന്നു.

ഒടുവിൽ ഞാനും അവിടേക്കാനയിക്കപ്പെട്ടു. അവളെ ഞാൻ കണ്ടു. പ്രാലേയശിലകളിൽ ആരോ കൊത്തിയെടുത്ത പ്രതിമപോലെ. പക്ഷെ ഭൂതകാലത്തിന്റെ ശ്മശാനങ്ങളിൽ നിന്ന് തിരിച്ചുവന്നെത്തിയിരിക്കുന്ന അവളുടെ കരങ്ങളിലെ ഉണങ്ങാത്ത വ്രണത്തിന്റെ പ്രാചീനവേദന എനിക്കുവായിക്കാമായിരുന്നു. എന്റെ കണ്ണുകൾ അവളുടെ കൈകളിൽ ഉടക്കി. ആ വെള്ള നിറമാർന്ന അസ്ഥികൾ.., അതിനും മുകളിലുള്ള നേർത്ത ഞരമ്പുകളും. തിരിഞ്ഞുനിൽക്കാതെ ഞാൻ ഇറങ്ങി നടന്നുതുടങ്ങി.

കോൺക്രീറ്റ് ബഞ്ചിലിരിക്കുകയായിരുന്നു ഞാൻ. വിശ്രമവേളയുടെ സാന്ത്വനം തരാതെ, ഏകാന്തതയുടെ ആശീർവാദം തരാതെ, ഇന്നലെയുടെ ചലിക്കുന്ന ചിത്രങ്ങൾ മനസാക്ഷിയുടെ മലിനാകാശത്തിൽ ചലിച്ചുകൊണ്ടിരുന്നു.

ആരോ വിളിച്ചുപറഞ്ഞു, "കെമിസ്ട്രി പ്രാക്ടിക്കൽ."

യാന്ത്രികബോധത്തോടെ ഞാൻ ലാബിലേക്ക് നടന്നു.

എന്റെ നിർവികാരതയുടെ പഠനമേഖലകളിൽ, പരീക്ഷണശാലകളിൽ, വിചാരവേദികളിൽ ആ പെൺകുട്ടിയുടെ രോദനങ്ങൾ കടന്നുവന്ന് എന്നെ നിർവീര്യനാക്കുന്നു. ഇന്നലെകൾ എന്റെ ഉള്ളിൽ, വിഷലിപ്തമായ ഒരു കാരമുള്ള് തറച്ചുവച്ചത് ഞാനറിഞ്ഞു.

ആ ഇടനാഴിയിൽകൂടി ഞാൻ നടന്നു. മധുരതരമായ ശബ്ദത്തിൽ ആരോ ചിരിച്ചത് ഞാൻ ശ്രദ്ധിച്ചു.

മുഖത്തോടമർത്തിപ്പിടിച്ച്, ഹാൻഡ്സെറ്റിലൂടെ അകലെയായിരുന്ന അവനെ അവൾ അരികിലെത്തിച്ചെന്തൊക്കെയോ സംസാരിക്കുകയാണ്.

ഞാൻ കണ്ടു... വെള്ളനിറമാർന്ന ആ അസ്ഥികൾ. അതിനു മുകളിലത്തെ നേർത്ത ഞരമ്പുകളും.

ഭൂതകാലത്തിന്റെ മരച്ചില്ലകളിൽ നിന്ന് ദുർവിധിയുടെ വള്ളികളിലാടി, ഇന്നലെകളുടെ മഴ എന്റെ ഓർമ്മയിൽ പെയ്തുകൊണ്ടിരുന്നു. അവിടേക്ക് ഞാൻ ഓടിയടുത്തു. വിറയാർന്ന എന്റെ ചുണ്ടുകൾ പുലമ്പുന്നുണ്ടായിരുന്നു. നിന്റെ ഉൾത്താപത്തിന്റെ കണ്ണീർത്തടാകങ്ങളിൽനിന്നും നദികൾ പൊട്ടിയൊഴുകി, ബാഷ്പീകരിക്കപ്പെട്ട്, തണുത്തുറഞ്ഞ് നാളകളുടെ മഴയാവരുത്. ദുർവിധികളുടെ ഭാണ്ഡവും പേറി, ജന്മജന്മാന്തരങ്ങളോളം വെള്ളനിറമാർന്ന ഈ അസ്ഥികളുമായി, കണ്ണീർ വഹിക്കുന്ന ഈ ഞരമ്പുകളുമായി, നീ നടന്നകലരുത്.

ഇന്നലെകൾ സമ്മാനിച്ച കരുത്തിന്റെ കരങ്ങൾ, പകച്ചു നിന്ന അവളുടെ കഴുത്തിൽ അമർന്നു. പിടഞ്ഞുവീണ അവളുടെ തുറിച്ചുനിന്ന ആ കണ്ണുകൾ ഞാൻ ശ്രദ്ധിച്ചു. ഈ ബലിയിലൂടെ നാടും തങ്ങളും തേടുന്ന വിമോചനത്തിന്റെ, ശുദ്ധീകരണത്തിന്റെ വിമുക്തിയുടെ സന്തോഷത്തിലായിരുന്നു ഞാൻ.

പുറകിലെവിടെയോ രൂപം കൊണ്ട ഭീകരകോലാഹലം, ഒരുപേ പിടിച്ച ആൾക്കൂട്ടമായ് എന്റെ പുറകിലേക്കടുക്കുന്നത് ഞാനറിഞ്ഞു.

പിന്തിരിഞ്ഞുനോക്കാതെ ഞാനെന്ന ഭ്രാന്തൻ ഓടിത്തുടങ്ങിയിരുന്നു.

ഓടിയ വഴിയിൽ ഞാൻ തിരഞ്ഞു. ഇന്നലെ ഞാൻ കണ്ട പെൺകൂട്ടിയെ. ഇല്ല, വെളുത്ത അസ്ഥികളുള്ള അവളെ ഞാനെങ്ങും കണ്ടില്ല.

ഇന്നലെയിലെ തിരക്കേറിയ ഇടനാഴിയിലൂടെ ഞാൻ ഓടി. അവിടെയും ഞാനവളെ തിരിഞ്ഞു.

അവിടം വിജനമായിരുന്നു. വാതിലുകൾ വളരെ നേരത്തെ തന്നെ അടക്കപ്പെട്ടുകഴിഞ്ഞിരുന്നു. ചുറ്റും വാടിയ മുല്ലപ്പൂവിന്റെ ഗന്ധം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പിന്നിലെ ആരവം അടുത്തുവരുന്നത് ഞാനയറിഞ്ഞു.

പാദങ്ങൾ നഷ്ടപ്പെട്ടവനെപോലെ ഞാൻ നിലംപതിച്ചു. ശിരസ്സു തകർക്കപ്പെട്ടവനായ് ഞാനിത്, മണ്ണിൽ വീണടിഞ്ഞു.

പുറകിലോടിയടുത്തവർ, എനിക്കു മുകളിലൂടെ പാഞ്ഞകലുകയാണ്, ഇടയ്ക്കിടയ്ക്കവർ 'ഭ്രാന്തനെ'ന്ന് ഘോഷിക്കുന്നതും ഞാനറിഞ്ഞു.

പൂത്തുനിന്ന വസന്തങ്ങളിലും, വിറയാർന്നുനിന്ന ശിശിരത്തിലും, കരിമണൽച്ചൂടിലെ തണൽതേടി അവർ ഓടിക്കൊണ്ടേയിരുന്നു.

കഥ

Jery Joseph
Kadavanthra
II B.A. Copy Editor

ഒരു വർഷകാലത്തിന്റെ ഓർമ്മയ്ക്ക്

ജനലഴികൾക്കിടയിലൂടെ മാനത്തേയ്ക്കു നോക്കിയപ്പോൾ കറുത്തിരുണ്ട മേഘക്കൂട്ടങ്ങളെ കണ്ടു. കേട്ടുമറന്ന മുത്തശ്ശിക്കഥയിലെ രാക്ഷസനെ പോലെയുണ്ട്. ഇരുണ്ട് ഇരുണ്ട് അവ പായുകയാണ്. അറിയാതെ തന്നെ എന്റെ മനസ്സും പായുകയായിരുന്നു. പഴയൊരു വർഷകാലത്തേയ്ക്ക്. അന്ന് മഴയെന്നാൽ കുട്ടികളായ ഞങ്ങൾക്കൊക്കെ ആഘോഷമായിരുന്നു. എന്നാൽ, വൈകാതെ തന്നെ ഒരു ദുരന്തത്തിന്റെ ഓർമ്മയായി മാറി ആ മഴക്കാലം. മനസ്സിന്റെ തീരത്തെങ്ങോ എഴുതുകയും കാലമാകുന്ന തിരമാലമായിച്ചുകളഞ്ഞു എന്നു വിശ്വസിക്കുകയും ചെയ്തിരുന്ന ഓർമ്മകൾ അറിയാതെ മടങ്ങിവരികയായി. കയ്പുള്ള സ്മരണകൾ മനസ്സിൽ പതഞ്ഞുയരുകയായിരുന്നു.

അതെ, ആ വർഷകാലത്ത് തന്റെ ജീവിതത്തിനേറ്റ ആഘാതം അന്ന് ഞാൻ മനസ്സിലാക്കിയിരുന്നില്ല. മഴ തകർത്തു പെയ്യുകയായിരുന്നു, കഴിയുന്നത്ര വേഗത്തിൽ ഭൂമിയെ തണുപ്പിക്കണം എന്ന വാശിയോടെ. മുറ്റത്ത് ചെളി കെട്ടികിടന്നിരുന്നു. ഉണ്ണി കാത്തിരിക്കുകയായിരുന്നു, അച്ഛനുവേണ്ടി. അന്ന് പുതിയ കുട കൊണ്ടുവരാനിരിക്കുകയായിരുന്നു അച്ഛൻ. നേരമേറെയായിട്ടും അച്ഛൻ വന്നില്ല. പിറ്റേന്ന് പള്ളിക്കൂടത്തിൽ വച്ച് ആ പൂളമ്പൻ വാസുവിനെ അച്ഛൻ കൊണ്ടുവരുന്ന കുട കാണിക്കണം. അവന്റെ അമ്മാവൻ കൊണ്ടുവന്ന ഫോറിൻകുട ഒന്നു നോക്കാൻ ചോദിച്ചപ്പോൾ എന്തായിരുന്നു ചെക്കന്റെ പത്രാസ്. ചിന്തയിൽ മുഴുകി അങ്ങനെ നിന്നപ്പോഴാണ് കുറെ പേർ വരുന്നത് ഉണ്ണിയുടെ ശ്രദ്ധയിൽപെട്ടത്. അവർ അച്ഛനെ എടുത്തു കൊണ്ടുവരുന്നു. ദേഹമാകെ ചോപ്പു നിറം, ഉണ്ണിക്കൊന്നും മനസിലായില്ല. അമ്മയും മുത്തശ്ശിയും വാവിട്ടുകരയുന്നു. അച്ഛൻ അനങ്ങുന്നില്ല. ഉണ്ണിക്ക് ദേഷ്യമായി. അച്ഛൻ വന്നിട്ട് തന്നെ ഒന്നു നോക്കുന്നുടെയില്ല. കുറച്ചു നേരം അവൻ പിണങ്ങിനിന്നു. പിന്നെ ഒളികണ്ണിട്ട് നോക്കി,

അച്ഛന്റെ കൈയ്യിൽ കുടയുണ്ടോന്ന്.

ഒരു കൈയ്യിൽ അച്ഛൻ എന്തോ മുറുകെ പിടിച്ചിരിക്കുന്നു. ഉണ്ണി പതിയെ ചെന്ന് അതെടുത്തു നോക്കി. മഴവില്ലിന്റെ നിറത്തിലുള്ള ഒരു സുന്ദരൻ കുട. അവന്റെ ഹൃദയം സന്തോഷം കൊണ്ട് തുള്ളിച്ചാടി. ലോകം മുഴുവൻ നേടിയതിന്റെ സന്തോഷവും അഹങ്കാരവും ആ മുഖത്ത് വിളയാടി. അച്ഛനെ ചിതയിലോട്ടെടുത്തപ്പോഴും അവൻ ആ കുട കൈയ്യിലെടുത്തിരുന്നു. തനിക്കും അച്ഛനും ചൂടാൻ. ഏറെ വൈകിയാണ് ഉണ്ണിക്ക് ബോധ്യമായത്. ഏറ്റവും വിലപ്പെട്ടത് നേടി എന്നു കരുതിയ ആ നിമിഷത്തിൽ വിലമതിക്കാനാവാത്ത ഒന്നാണ് തനിക്ക് നഷ്ടപ്പെട്ടതെന്ന്.

സ്നേഹത്തിന്റെ ആ തണൽ തനിക്കു നഷ്ടപ്പെട്ടത് ഇതുപോലൊരു മഴക്കാലത്താണ്. പുറത്ത് പെയ്യുന്ന മഴയേക്കാൾ ശക്തമായ ഒരു മഴ തന്റെ ഹൃദയത്തിൽ പെയ്യുന്നത് അവൻ അറിഞ്ഞു. അറിയാതെ തന്നെ ബാഷ്പബിന്ദുക്കൾ അരിച്ചിറങ്ങുകയായിരുന്നു. ഇനിയും മറക്കാനാവാത്ത ആ ഓർമ്മ മായിച്ചുകളയണം എന്നു കരുതും പോലെ.

Poem

Life so Sacred

Silvia Tovia Silvester
Elamakkara
I Bsc Zoology

O what a wonder is the life you
gave me,
Oh what a blunder am I doing
with it.
I didn't know its value,
I didn't know its beauty and
I didn't know it's a challenge
that I should overcome.
Lord, give me the serenity to
understand,
Everything in the right way,
Shower me with blessings,
Blessings that can enable me to
lead a sacred life,
A life that would gain me the
key to heaven.

കഥ

Namitha
Kadavanthra
II B.A. Copy Editor

സ്നേഹതീരം

കടലിന്റെ ഇരമ്പൽ ചാട്ടവാറിന്റെ ആദവത്തോടെ മുഴങ്ങിയപ്പോൾ ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നതു പോലെ തോന്നി. ചുടു കണ്ണീർ ധാരാധാരയായി ഒഴുകി ഇറങ്ങിയത് ഓർമ്മയുടെ പുസ്തക താളുകൾ മറിച്ചു കൊണ്ടായിരുന്നു.

ചെറായിലെ ഈ വൃദ്ധസദനത്തിൽ എത്തിയിട്ട് ഇന്നേക്ക് ഒരു വർഷം തികഞ്ഞിരിക്കുന്നു. തന്റേതെന്ന് പറയാൻ ഇന്ന് മറിയച്ചേട്ടത്തിക്ക് ഒരു പിടി നന്മവാർന്ന ഓർമകൾ മാത്രമാണുള്ളത്. മധുരമായ ഓർമകളെ അവ മെന്നും താലോലിച്ചിരുന്നു. ധ്യാനത്തിലെന്ന പോലെ കണ്ണുകളടച്ചിരുന്നപ്പോഴും ചാറ്റമഴ പോലെ കടൽവെള്ളം അവരുടെ ദേഹത്ത് വീഴുന്നുണ്ടായിരുന്നു. ഓർമകളുടെ ആഴങ്ങളിലേക്ക് മുങ്ങാംകുഴിയിട്ട് താഴുകയായിരുന്നു മറിയച്ചേടത്തി.

അന്ന് ..... ഒരു ചാറ്റ മഴയിൽ, ഒരു വാഴയില കീഴിൽ, താനും തന്റെ ചാച്ചനും വയൽ വരമ്പത്തുകൂടി തെന്നി നീങ്ങുന്നതും തങ്ങളുടെ മധുവിധുകാലവും, ദൈവത്തിന്റെ സമ്മാനമെന്നപോലെ ഞങ്ങൾക്കു ജനിച്ച ഇരട്ടക്കുട്ടികൾ, ഇമ്മാനുവലും എലിസബത്തും. എല്ലാം..... എല്ലാം അവരുടെ ഓർമയിൽ മിന്നി മറഞ്ഞു.

"ചാച്ചാ ..... ചാച്ചാ ....."

ആരോ തന്റെ ഓർമ്മകളെ തട്ടി ഉണർത്തിയതുപോലെ ഞെട്ടി തിരിച്ച് കരച്ചിൽ കേട്ട ഭാഗത്തേക്ക് നോക്കിയപ്പോൾ മറിയച്ചേട്ടത്തിക്ക് ഒന്ന് മനസ്സിലായി. ഈ സ്നേഹദവനത്തിന് ഒരു ഇരയെകൂടി കിട്ടിയിരിക്കുന്നു.

ഒരു വൃദ്ധന്റെ നേരെ കൈനീട്ടി അലറി കരയുകയാണ് ആ ബാലൻ. ഇരുസ്നേഹത്തിൽ നിന്ന് വലിച്ചു മാറ്റുന്നതു പോലെ, ആ ബാലനെ വൃദ്ധന്റെ അരികിൽ നിന്നും വലിച്ചെടുത്തത് തങ്ങളുടെ ഉംബാലയിൽ കയറുകയാണ് ആ പട്ടണപരിഷ്ക്കാരികൾ. പ്രത്യേകിച്ചൊന്നും നാംദവിക്കാതതുപോലെ മറിയച്ചേടത്തി തിരിഞ്ഞ് വിശാലമായ സാഗരത്തെ അഭിമുഖീകരിച്ചിരിക്കുന്നു.

ദിവസങ്ങൾ കടന്നുപോയി. മൂടികെട്ടിയ ആകാശത്ത് വർഷ ബിന്ദുക്കൾ പെയ്തൊഴിയാൻ കാത്തു നിൽക്കുന്നു. താൻ ഓർമകളുടെ കെട്ടഴിക്കുന്ന തന്റെ പതിവ് വിശ്രമസ്ഥാനത്തെത്തിയപ്പോൾ തനിക്കുമുമ്പ് മറ്റൊരാൾ തന്റെ സ്ഥാനം കൈയ്യേറിയിരിക്കുന്നു. തിരിഞ്ഞുനടക്കാൻ ഭാവിക്കവേ അയാൾ ചെറുതായി പുഞ്ചിരിക്കുന്നതുപോലെ അവർക്കു തോന്നി. തന്നെ അയാൾ ശ്രദ്ധിച്ച സ്ഥിതിക്ക് ഇനി തിരിഞ്ഞുനടക്കുന്നതെങ്ങനെ എന്നുകരുതി അവർ അയാൾക്കു നേരെ പുഞ്ചിരിച്ചുകൊണ്ടു തന്നെ അടുത്തു. അയാളോട് അടുത്തപ്പോൾ ഇതു താൻ എതാനും ദിവസങ്ങൾക്കുമുമ്പ് കണ്ട ആളാണെന്നു അവർക്കു മനസ്സിലായി.

"നമസ്ക്കാരം," പുഞ്ചിരിച്ചുകൊണ് അവർ പറഞ്ഞു.

"നമസ്ക്കാരം, ഞാൻ ഔസേപ്. എന്താ പേര്?"

"മറിയ. പുതിയ ആളാണല്ലേ?"

എന്തെങ്കിലും ചോദിക്കേണ്ടേ എന്ന ഭാവത്തിൽ അവർ ചോദിച്ചു.

"അതെ. വന്നിട്ട് കുറച്ചു ദിവസമേ ആവുന്നൊള്ളൂ."

"അറിയാം. ആരാണാ ബാലൻ?"

"ഏത് ബാലൻ ?"

"അന്ന്...അന്ന് കരഞ്ഞ ആ...ആ ബാലൻ"

"ഓ അതോ, അതെന്റെ കൊച്ചുമോനാ. ഇക്കു...ഇക്കു എന്ന് ഞാൻ വിളിക്കുന്ന പേരാ. ശരിക്കുള്ള പേര്...റി...റിച്ചാർഡ് എന്നോ മറ്റോ ആണ്."

വീട്ടുകാരെകുറിച്ച് പറയുമ്പോൾ അയാൾ ഉത്സാഹഭരിതനാവുന്നത് അവർ ശ്രദ്ധിച്ചു.

"മറിയയുടെ വീട്ടിൽ ആരൊക്കെയുണ്ട്?"

അൽപ്പനേരത്തെ മൗനത്തിനുശേഷം അവർ തുടർന്നു.

"എന്തിനാ ചത്തകൊച്ചിന്റെ ജാതകം നോക്കുന്നെ? ഇപ്പോൾ ഈ സ്നേഹദവനത്തിലുള്ളവരെല്ലാം എന്റെ വീട്ടുകാരാണ്."

"ഞാൻ വേണ്ടപ്പിച്ചെങ്കിൽ മാപ്."

"ഹെ...സാരമില്ല. ഒരു ദീർഘനിശ്വാസത്തോടെ അവർ തുടർന്നു. എനിക്കു രണ്ടു മക്കളാ. ഒരാണും പെണ്ണും, ഇരട്ടകൾ. ഇരുവരും ഇപ്പോൾ കാനഡയിലാ. എന്തോ വലിയ ഉദ്യോഗമാ."

"നിങ്ങളുടേയോ?"

"മകൾ, മരുമകൻ, കൊച്ചുമോൻ പിന്നെ...പിന്നെ...എന്റെ ഭർത്താവ്.."

തങ്ങളുടെ ജന്മസാഫല്യമെന്നു കരുതിയിരുന്നവരെല്ലാം തന്നെ, കൈക്കുമ്പിളിലെ ജലകണങ്ങൾ മാത്രമായിരുന്നുവെന്ന തിരിച്ചറിവ് അവരെ കൂടുതൽ അടുപ്പിക്കുകയായിരുന്നു. സ്നേഹദവനത്തിൽ അവർ ഇരുവരും അവരുടേതായ ഒരുലോകം കെട്ടിപ്പടുത്തി.

ഒരു സായാഹ്നത്തിൽ ഇരുവരും നടക്കാനിറങ്ങിയതായിരുന്നു. തനിക്കു ചുറ്റുമുള്ള

ലോകം കീഴ്മേൽ മറിയുന്നതായി ഔസേപ്പിനു തോന്നി. വഴിയിൽ കാലിടറിയ അയാളെ താങ്ങിപിടിച്ച മറിയയുടെ കണ്ണുകളിൽ ഉടക്കിനിൽക്കെ, അയാൾക്ക് എന്തെന്നില്ലാത്ത അനുഭൂതി തോന്നി.

കാലചക്രം പിന്നോട്ടു തിരിയുകയാണോ? തനിക്ക് ത്രേസ്യാക്കുട്ടിയെ തിരിച്ചുകിട്ടുകയാണോ? ഒരായിരം ചോദ്യങ്ങൾ അയാളുടെ മനസ്സിലൂടെ ഇരച്ചുകയറി.

മറിയയിൽ അയാൾ... അയാൾ കാണുകയായിരുന്നു, തനിക്കു കൈവിട്ടുപോയ തന്റെ....തന്റെ ജീവിതം.

ത്രേസ്യാക്കുട്ടി..

ഒരു നിമിഷം പകച്ചുനിന്ന അവരുടെ കണ്ണുകൾ കഥ പറയുകയായിരുന്നു.

"ചാച്ചാ," പതിഞ്ഞ സ്വരത്തിൽ അവർ മന്ത്രിച്ചു.

കവിത

Femy Augustine
I M.A. Economics

എന്റെ സ്നേഹം

പ്രിയനേ നിനക്കായ്.....
ഞാനിന്നറിയുന്നു ഒരു തേങ്ങലിൻ ഓർമ്മയിൽ
സ്നേഹത്തിന്റെ വേദന.
ഒരു കുളിർതെന്നലായ് നീ എന്നിൽ-
നിന്ന് അകന്നു നിൽക്കുമ്പോഴും
ഇന്നും എൻ മനസ്സിൽ
സ്നേഹത്തിന്റെ കുന്നിക്കുരു കൂട്ടുന്നു നിന
ക്കായ് മാത്രം!
തിരിച്ചു കിട്ടാത്ത സ്നേഹത്തിന്റെ
വിങ്ങലായി ഈ തീരത്ത് ഞാൻ മാത്രം!
ഈ ജീവിതമെന്ന കളിയരങ്ങ്
ആടി തീരുമ്പോഴും
ഈ ലോകത്തിന്റെ മടക്കയാത്രയിലും
ഞാൻ നിന്നെ സ്നേഹിക്കും,
ഇതിലും ഏറെ.

കവിത

Nisha Rawat
Rajasthan
I B.A. Economics

दहेज

आजकल लोग दहज न लेने की
कसमें खातें है।
सोने की अगूँठी के बदले दूध देने
वाली भैंसे मँगवाते है।।
कुछ दिनों के बाद लिखते है आपकी
भैंस टी. बी की बीमार।
कृपा करके रूक टी. वी भिजवा दे।
हमें इससे मुक्त करा दे।
फिर लिखते है, आपकी भैंस फिल्में
देखती है बार - बार।
इसकि लिए भिजवा दें,
एक वी.सी.आर।।
फिर डालते है एक तार
आपकी भैंस छोड चली संसार।
अब करना है इसका अंतिम सस्कार,
भिजवा दे रूपये तीन हजार।।
आखिर वह समय भी आना था।
जब दुल्हन आई उनकी हार।
उसे देखकर दुल्हें को आया बुखार।।
दुल्हन थी रूक आंख से कानी
दुल्हे की जैसे लगती हो नानी ।
मोटी ताजी भी कुछ रोसी
स्वयं लगती भिलि भैंस जैसी ।
अब मेरी एक सलाह है मेरे यार,
जैसे का तैसा, यही है संसार

കഥ

Anjaly Ramachandran
Tripunithura
I BSc Zoology

ആത്മാക്കളുടെ ചിത

അയാളുടെ മുഖത്തിന് നീലനിറമായിരുന്നു. ഞാൻ ആരാധിച്ചിരുന്ന കൃഷ്ണന്റെ മുഖം പോലെ. ആ മുഖത്തേയ്ക്ക് നോക്കുമ്പോൾ എന്റെ ഹൃദയത്തിലേക്ക് ആ നിറം പടർന്നിരുന്നു. എനിക്ക് മഴവില്ലിനെ ഭയമായിരുന്നു. സൂര്യരശ്മികളെ മോഷ്ടിക്കുന്നതുപോലെ അവ എന്റെ നീലനിറത്തേയും കവർന്നെടുക്കുമെന്ന് ഞാൻ ഭയന്നിരുന്നു. അതിനാൽ മഴപെയ്തൊഴിഞ്ഞ ആകാശത്തേയ്ക്ക് ഞാൻ നോക്കാറില്ല. ഞാനാരോടും സംസാരിക്കാതെയായി. ഞാൻ ആൾക്കൂട്ടത്തിൽ നിന്ന് മാറിനിന്നു. ഞാൻ ആരോടെങ്കിലും മനസ്സുതുറന്നാൽ ആ നീലവെളിച്ചം എന്നിൽ നിന്നകന്നുപോകുമെന്ന് ഞാൻ ഭയപ്പെട്ടു. മാധവിക്കുട്ടിയുടെയും പദ്മനാഭന്റെയും കഥകൾ വായിച്ചിരുന്നു. അന്നൊക്കെ. ലൈബ്രറിയുടെ അരണ്ടവെളിച്ചത്തിൽ താമരപൂവിന്റെ സുഗന്ധമുള്ള ആ നിശ്വാസം ഞാനറിഞ്ഞു. ഞാനാദ്യമായി സംസരിച്ചപ്പോൾ, ആ മുഖം അദ്ഭുതമോ ആശ്ചര്യമോ കൊണ്ട് വിളറിവെളുത്തിരുന്നു. ഒരു കൊച്ചുമണ്ണാടിപോലെ കവിളുകൾ തുടുത്തത് ഇന്നും എനിക്കോർമ്മയുണ്ട്.

സെമിത്തേരിയിൽ നല്ല തിരക്കായിരുന്നു. പ്രിയപ്പെട്ടവർക്കായി പ്രാർത്ഥിക്കുവാൻ വരുന്നവരുടെ തിരക്കാണ്. ഞാൻ മാറി നിന്നതെയുള്ളൂ. അവസാനത്തെ നിരയിൽ അധികം പഴക്കമില്ലാതെ കണ്ട കല്ലറയിൽ ദൃഷ്ടിയൂന്നി ഞാൻ നിന്നു. അവിടെ മെഴുകുതിരികൾ ഉരുകുന്നുണ്ട്. എന്നെപോലെ അമ്മയും സഹോദരിയും പ്രാർത്ഥിക്കുകയാണ്.

എന്റെ മോൻ കാത്തുനിന്നു വിഷമിച്ച് ഒടുവിൽ ശാഠ്യം പിടിക്കുവാൻ തുടങ്ങി. ഞാൻ ചോദിച്ചു. "നിനക്ക് പപ്പയെ കാണണോ?" "ഉം." അവൻ ധൃതികൂട്ടി. "എങ്കിൽ മിണ്ടാതെ നിൽക്ക്." "അമ്മേ നമുക്കവരുടെ കൂടെ പോയി നിൽക്കാം." ഒന്നും അറിയാത്ത ആ കൊച്ചു സംസാരം കേട്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. ആ നീലമുഖം ഞാൻ കൈക്കുമ്പിളിലെടുത്തു. പെട്ടെന്ന്, ആ വാക്കുകൾ എന്റെ കാതുകളിൽ അലയടിക്കുംപോലെ എനിക്കനുഭവപ്പെട്ടു.

"കരയരുത്, ജീവിക്കണം. നിന്നെയവർ അംഗീകരിക്കുന്ന ഒരു ദിവസം വരും, കാത്തിരിക്കുക."

ഇപ്പോഴും ഞാൻ കാത്തിരിക്കുന്നുണ്ടോ? ഉത്തരമറിയാത്ത ഒരു സമസ്യയാണത്. എന്നാൽ.....ഞാനൊന്നും ആവശ്യപ്പെട്ടില്ലല്ലോ? ഒന്നും.

മോനെ സ്കൂളിൽ ചേർക്കാൻ പോയപ്പോൾ, 'പേരന്റ്' കോളത്തിൽ എന്റെ പേരാണെഴുതി ഒപ്പിട്ടത്. അവന് മറ്റൊരു പേരന്റില്ലല്ലോ. ഞാൻ "മിസ്സാണോ, മിസിസ്സാണോ" എന്നുചോദിച്ച് പരിഹസിക്കുന്നവർക്കുനേരെ സാധാരണ ഒരു പൊള്ളയായ ചിരിയാണ് സമ്മാനിക്കാറ്. അതാണ് എന്റെ ആകെയുള്ള കൈമുതൽ.

ഞാൻ എന്റെ ബാല്യം മുതൽക്കേ കേട്ടുശീലിച്ച ഇടക്കയും സോപാനഗീതവും ചേർന്ന അഷ്ടപദി, പള്ളിമണിയിൽ മുങ്ങിപ്പോയ ദിവസം ഞാനൊരു ഭാര്യയായി. അതൊരു തെറ്റായി എനിക്കു തോന്നിയില്ല. പാതിവഴിയിൽ പഠനമുപേക്ഷിച്ച് പോകാനൊരുങ്ങിയ ആളോട് "പോകരുത്" എന്ന്

പറഞ്ഞപ്പോൾ ഞാനെന്റെ വാഗ്ദാനവും പാലിച്ചു. അതിന് സാക്ഷികളില്ല. പ്രകൃതിയായിരുന്നു ഏകസാക്ഷി. കാറ്റിന്റെ ചൂളംവിളി നാദസ്വരമായി. മനസ്സിൽ രൊയിരം ദേവന്മാർ പുഷ്പവൃഷ്ടി നടത്തി.

ഞാൻ ദേവാലയങ്ങളിൽ പോകാറില്ല. വല്ലപ്പോഴും വരുന്നത് ഈ സെമിത്തേരിയിൽ മാത്രമാണ്. അതും, മോന് പഴയെ കാണണമെന്ന് പറഞ്ഞ് വാശിപിടിക്കുമ്പോൾ മാത്രമാണ്. ഞങ്ങളുടെ ദേവാലയം... ഇതാണ് പ്രതിഷ്ഠ...? ഒരിക്കൽ ഞാൻ ഗുരുവായൂര് പോയി തൊഴുതുവന്നപ്പോൾ എന്നോടു പറഞ്ഞു. "കൊതയിട്ട കൃഷ്ണൻ നിന്റെ കൂടെയുള്ളപ്പോൾ എന്തിനാ അവിടംവരെ പോയി ബുദ്ധിമുട്ടുന്നത്?" അതിനുശേഷം ഞാൻ ക്ഷേത്രത്തിൽ പോയിട്ടില്ല. എന്റെ ദേവൻ അതാണ്.

മോൻ പിന്നെയും എന്നെ കുലുക്കി വിളിച്ചു. ഓർമ്മകളിൽ നിന്നും വിമുക്തയാകാൻ കുറച്ചു സമയമെടുത്തു. ആ കല്ലറയുടെ മുമ്പിൽ ആരുമില്ല. എല്ലാവരും പൊയ്ക്കഴിഞ്ഞു. ഇനി എനിക്കങ്ങോട്ടു പോകാം. ഞങ്ങൾ നടന്നു. എനിക്കിപ്പോൾ ആ ശബ്ദം കേൾക്കാം. അത് കൂടുതൽ കൂടുതൽ വ്യക്തമായി വരുന്നതുപോലെ എനിക്കുതോന്നി. 'പാറക്കടവിന്റെ' മരിച്ചവരുടെ "പനിനീർപൂക്കളിലെ" വരികളല്ലേ അവ:

"ഈ വൃക്ഷത്തിന്റെ ഒരിലയിൽ നിന്റെ പേരുണ്ട്. കാറ്റായി വന്ന് ഞാനത് കൊഴിച്ച് താഴെയിടട്ടെ."

"വേണ്ട."

"പിന്നെ ?"

"അതിന്റെ തൊട്ടടുത്ത ഒരിലയിൽ നിന്റെ പേരുകൂടി കുറിച്ചിടാൻ ദൈവത്തോട് പറയുക."

"എന്തിന്, ഒന്നിച്ചുകൊഴിയാനോ?"

"അല്ല. ഞാൻ കൊഴിഞ്ഞുവീഴുമ്പോഴും ആ മരച്ചില്ലയിൽ നീയുണ്ടാകണം. ഞാൻ വളമായി മാറി വേരിലൂടെ നിന്നിലേക്ക് തന്നെ എത്തിച്ചേരാം."

നീ എപ്പോഴാണ് എന്നോട് ചേർന്നത്. അറിയില്ല. ഞങ്ങൾ മനസുകൊണ്ട് സംസാരിക്കുകയാണ്. ആത്മാവുകൾ തമ്മിൽ പരിഭവിക്കുകയാണ് ഹൃദയങ്ങൾ തമ്മിൽ വഴക്കടിക്കുകയാണ് നിശ്വാസങ്ങൾ ആനന്ദിക്കുകയാണ്.

ആ നിൽപിൽ ഞാനൊരു വിദ്യാർത്ഥിയായി മാറിയതുപോലെ എനിക്കുതോന്നി. പഴയ ലൈബ്രറിയും, ഇടനാഴികളും, വരാന്തയും എന്റെ ഓർമയിലേക്ക് കടന്നുവന്നു. ആദ്യമായി എന്നെ കരയിച്ച ദിവസവും ആ കുങ്കുമപൊട്ടും ഓർമ വന്നു. ബോധൽവില്ല നിറഞ്ഞ ആ ഉദ്യാനത്തെപറ്റി ഞാനോർത്തു. അതു മറ്റൊരു ജന്മത്തിൽ കൊഴിഞ്ഞുപോയ ഇലകൾ ആണെന്നു ഞാൻ കരുതി. ആ ഗാനം എന്റെ ചെവിയിൽ അലയടിക്കുന്നു.

വീണ്ടും ഞാൻ മനസ്സിനെ നേരെയാക്കി. ആ തണുത്ത കൈവിരലുകൾ എന്നെ സ്പർശിക്കുന്നുണ്ടോ? വീണ്ടുമവ എന്റെ കണ്ണിറൊപ്പിയതാണോ? അന്നത്തെപോലെ. അറിയില്ല. പള്ളിയുടെ പടികൾ ഇറങ്ങിയപ്പോൾ രൊയിരം അട്ടഹാസങ്ങൾ ഞാൻ കേട്ടു. ഈ ലോകം വിഷം തേച്ച അമ്പുകൾ എന്റെ നേർക്ക് തൊടുത്തുവിടുന്നതായി തോന്നി. കരയാതിരിക്കാൻ ഞാൻ സാരികൊണ്ട് മുഖം അമർത്തിത്തുടച്ചു. കൂർത്ത നോട്ടങ്ങൾ എന്നെ പിൻതുടരുന്നതുപോലെ അനുഭവപ്പെട്ടു. ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കണമെന്നുണ്ടായിരുന്നു. പക്ഷെ.....

രാത്രിയിൽ തീരെ ഉറക്കം വന്നില്ല. ഉറങ്ങിക്കിടന്ന മോന്റെ കൺപോളകളിൽ മുഖമുരസി ഞാൻ കിടന്നു. എന്റെ നെഞ്ചിൽ ഒരു വിങ്ങൽ അനുഭവപ്പെട്ടു. ആ കൊച്ചുചുണ്ടുകൾ ഉണങ്ങിയിരിക്കുന്നു. ഞാനവന്റെ ശ്വാസോച്ഛ്വാസം ശ്രദ്ധിച്ചു. വളരെ വേഗത്തിൽ. ചിലപ്പോൾ തീരെ പതുക്കെ. എനിക്കതിനൊപ്പം ശ്വസിക്കാൻ വയ്യ. ശ്വാസം മുട്ടുന്നതുപോലെ തോന്നി. എന്റെ ചുറ്റും ഒരു താമരപൂവിന്റെ സുഗന്ധം നിറഞ്ഞു. ഉറക്കത്തിൽ ധാരാളം സ്വപ്നങ്ങൾ കണ്ടു. സോക്രട്ടീസും, ആദവും തമ്മിൽ തർക്കിക്കുന്ന ഒരു രംഗം മാത്രം ഓർമിക്കുന്നു. അർത്ഥമറിയാത്ത ആ സ്വപ്നവും പേറിക്കൊണ്ട് ഞാൻ രണ്ടുദിവസം തടന്നു. പിന്നെയതു മറന്നു. ചുറ്റും ഇരുട്ടാണ്. ആ അന്ധകാരം എന്നെ ഗ്രസിക്കുന്നുണ്ടോ? ഓടിപ്പോകണമെന്ന് തോന്നിയിട്ടും ഞാനീ തണുത്ത വിരലുകൾക്കിടയിൽ ബന്ധിക്കപ്പെട്ടിരിക്കുകയല്ലേ?

കഴുത്തിലെ മഞ്ഞച്ചരടിൽ കോർത്ത ഒരുവ്യക്തമായ കുരിശുരൂപം എന്റെ കൈകളിൽ തടഞ്ഞുവോ? ഇല്ല. തോന്നലാണ്. ഇപ്പോൾ ഞാൻ ഭൂമിയിലല്ല. എന്റെ കാതുകളിൽ അലയടിക്കുകയാണ്, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും റോസ്മേരിയുടേയും കവിതകൾ. അന്നൊക്കെ രാത്രിയിൽ എന്തെ ചൊല്ലിക്കേൾപ്പിച്ചിരുന്ന അതേ ശബ്ദം.

എന്റെ ചുറ്റും നക്ഷത്രങ്ങളാണ്. എന്റെ കണ്ണുകൾ അടഞ്ഞുപോകുന്നു. ആ പ്രകാശം എന്നെ വലയം ചെയ്യുകയാണ്. ഞാനിപ്പോൾ ഒരു നക്ഷത്രത്തിനരികെയെത്തി. അത് സൗരയൂഥത്തിൽ നിന്ന് പുറന്തള്ളപ്പെട്ടതാണോ?

തനിയെ മാറി നിൽക്കുന്ന ആ നക്ഷത്രം എന്നെ നോക്കി കണ്ണുചിമ്മുന്നു. അത് എന്നെനോക്കി പാടുന്നുണ്ടോ? ആ നക്ഷത്രത്തിന് ചിരിക്കുന്ന കണ്ണുകളുണ്ടോ? ഒന്നു മാത്രം മനസ്സിൽ കുറിച്ചിട്ടു. അതിനു നീലനിറമായിരുന്നു.

●

ലേഖനം

Prof. Mathew Jose
Dept. of Oriental Languages
(Sanskrit)

ഫ്രോയിഡും ഭാരതീയമനഃശാസ്ത്രവും

" सात्विकी राजसी चैव तामसी चेति तां गुणः "
" सात्विकं प्रोकतं आत्मबुद्धि प्रसादात्मजं "
" क्षतात त्रायते इति क्षत्रियः "
" तामसी तु ज्ञानजं विद्धि "
" पाति इति पिता "

മനുഷ്യരുടെ ചിന്താധാരയുടെയും, പ്രവർത്തനരീതികളുടെയും മൂലഘടകങ്ങളായ ഇദ് (തമോഗുണം), ഈഗോ (രാജസീഗുണം), സൂപ്പർ ഈഗോ (സാത്ത്വീഗുണം) ഇവയെ ലേഖകൻ ഫ്രോയിഡിന്റെയും, ഭഗവത് ഗീതയുടെയും വെളിച്ചത്തിൽ നമ്മോടു പങ്കുവയ്ക്കുന്നു.

മനുഷ്യർ ആത്യന്തികമായി, അവരുടെ ചിന്താപദങ്ങളിലെ ചില സന്ധികളിൽ വച്ച് അവരറിയാതെ ഒന്നാകുകയും ഒരുപോലെ ചിന്തിക്കുകയും ചെയ്യുന്നുവെന്നത് പ്രപഞ്ചസത്യമാണ്. മതരാഷ്ട്രീയദർശനങ്ങളിൽ ഇതിന് അനവധി ഉദാഹരണങ്ങളുണ്ടെങ്കിലും, ഫ്രോയിഡിന്റെ മനഃശാസ്ത്രവും ഭാരതീയ തത്ത്വദർശനവും തമ്മിലുള്ള താരതമ്യപഠനമാണ് ഇവിടെ മുഖ്യ വിഷയം.

സൈക്കോ അനാലിസിസിന്റെ ഉപജ്ഞാതാവാണ് സിഗ്മണ്ട് ഫ്രോയിഡ് (1856-1939). അദ്ദേഹത്തിന്റെ ഈ മനോവിശകലനസിദ്ധാന്തത്തിലെ *ഇദ്, ഈഗോ, സൂപ്പർ ഈഗോ* ഇങ്ങനെയുള്ള മനസ്സിന്റെ മൂന്നുതലങ്ങളും, ഭാരതീയ ദർശനസംഹിതകളിലെ തമോ, രജോ, സത്വഗുണങ്ങളും തമ്മിലുള്ള ചിന്താസാദൃശ്യമാണ് ഇവിടെ പരിശോധനയ്ക്കു വിഷയമാകുന്നത്.

മേൽപറഞ്ഞവയുടെ ഏറ്റക്കുറച്ചിലുകളാണ്, മനുഷ്യനെ വിവിധസ്വഭാവങ്ങൾക്കുടമയാക്കുന്നതെന്ന് ഫ്രോയിഡ് തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ പിൻഗാമിയും ഗ്രൂപ്പ് തെറാപ്പിസ്റ്റുമായ എറിക്ക് ബേൺ, ഫ്രോയിഡിയൻ തിയറിയെ ലളിതവത്ക്കരിച്ചു. *ഇദ്* ശിശുഭാവത്തെയും (ജന്മവാസന), *ഈഗോ* പിതൃഭാവത്തെയും (അഹന്ത), *സൂപ്പർ ഈഗോ* പക്വഭാവത്തെയും (സന്മാർഗബോധം) പ്രതിനിധാനം ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

"സാത്ത്വികീ രാജസീ ചൈവ താമസീ ചേതി താം ഗുണ,"

എന്നാണ് ഭഗവത്ഗീതയിൽ മനസിനെ മൂന്നായി തിരിച്ചിരിക്കുന്നത്.

ഫ്രോയിഡിന്റെ സങ്കൽപത്തിൽ *ഇദ്* മനസ്സിന്റെ നിഗൂഢതലമാണ്. മനുഷ്യരുടെ സർഗ്ഗവാസനകളും തലമുറകളിലൂടെ കൈമാറിക്കിട്ടിയ ആദിമവിഹ്വലതകളും ഇവിടെ ഒളിഞ്ഞിരിപ്പുണ്ട്. സി.ജി. യുങ്ങിന്റെ അഭിപ്രായത്തിൽ ആദിമബിംബകൽപ്പനകളെല്ലാം (ആർക്കിടൈപ്പൽ ഇമേജസ്), മിത്തുകളും കഥകളുമായി പുനർജനിക്കുന്നത് ഇവിടെനിന്നാണത്രെ.

തമോഗുണമെന്ന് ഗീതയിൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്ന ഈ ഇരുണ്ടതലം, മനുഷ്യർ അടക്കിവച്ചിട്ടുള്ള വികാരങ്ങൾ, നൈസർഗികമായ ചോദനകൾ എന്നിവയുടെ കേന്ദ്രമാണ്. ഇവിടെ ഒരു വ്യക്തി, ജന്മവാസനകളെ നിയന്ത്രണവിധേയമാക്കാതെ അതേ രീതിയിൽ പ്രകടിപ്പിക്കുന്നു. *"താമസീ തും ജ്ഞാനജം വിദ്ധി."* തമോഗുണം അറിവില്ലായ്മയിൽനിന്നു ജനിക്കുന്നു എന്നാണ് ഗീതാവ്യാഖ്യാനം.

ഈഗോ, മനുഷ്യരുടെ പിതൃഭാവങ്ങളായ സംരക്ഷണം, ശാസന, ആധിപത്യപ്രവണത ഇവയെല്ലാമാണ്. പിതാവിന്റെ മുഖ്യധർമ്മം സംരക്ഷണമാണെന്ന് (*പാതി ഇതി പിതാ*) സംസ്കൃതത്തിൽ വിഗ്രഹാർത്ഥം. "*ക്ഷതാത് ത്രായതേ ഇതി ക്ഷത്രിയ*" - ആപത്തിൽ നിന്ന് സംരക്ഷണം നൽകുന്നവനാണ് ക്ഷത്രിയൻ. ഈഗോ, ഗീതയിലെ ക്ഷാത്രവീര്യമുള്ളതും, സദാപ്രവർത്തനനിരതവുമായ രാജസഗുണത്തിന് ചേരുന്നതാണ്.

ഫ്രോയിഡിന്റെ *സൂപ്പർ ഈഗോ*, എറിക്ക് ബേണിന്റെ അഡൽറ്റ് മനസ്സിന്റെ ബോധതലമാണ്. ഇത് ഗീതയിലെ സാത്ത്വീകഗുണവുമാണ്. "*സാത്ത്വീകം പ്രേക്ഷം ആത്മബുദ്ധി പ്രസാദാത്മജം*" സ്വബുദ്ധിയെ തെളിയിക്കുന്നതും വിവേകവും വിജ്ഞാനവും കൊണ്ട് ഈശ്വരാഭിമുഖ്യം തേടുന്നതുമായ മനുഷ്യപ്രകൃതിയാണത്. ത്യാജ്യഗ്രാഹ്യവിവേചനബുദ്ധിയുള്ള ഈ സാത്ത്വീകഗുണമാണ് എറിക്ക് ബേണിന്റെ പരിപക്വാവസ്ഥ (അഡൽറ്റ്).

ഫ്രോയിഡിനും ഗീതാകാരനും ലഭിച്ച ഈ ത്രിഗുണസങ്കൽപം തികച്ചും മൗലികമൊന്നുമല്ല. കാരണം, പുരാതന സെമറ്റിക്ക്, ആംഗ്ലോ സാക്സൻ മതങ്ങളിലെല്ലാം അന്തർധാരയായി ഈ ത്രിത്വസങ്കൽപ്പമുണ്ട്. ഒരുപക്ഷെ, ജനനമരണങ്ങളും, അതിനിടയിലെ ജീവിതമെന്ന അവസ്ഥയും ചേർന്ന് ത്രിത്വസന്ധിയുടെ അബോധതലത്തിലുള്ള പ്രകാശനരൂപമാകാം ത്രിഗുണസങ്കല്പം. യഹൂദക്രിസ്ത്യൻമതങ്ങളിലെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, ഭരതീയ ദർശനങ്ങളിലെ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ, സ്വർഗ്ഗനരകപാതാളങ്ങൾ ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ഒരേ ആശയത്തിന്റെ ഭിന്നപ്രതിരൂപങ്ങൾ തന്നെയാണ്.

ചുരുക്കത്തിൽ, രാജ്യങ്ങളും ദേശങ്ങളും, വർഗ്ഗീയമോ രാഷ്ട്രീയമോ ആയ കാരണങ്ങളാൽ ധ്രുവീകരിക്കപ്പെട്ട് ഒറ്റപ്പെട്ട തുരുത്തുകളായി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, മാനവസംസ്ക്കാരത്തിന്റെ ഈടുവയ്പിൽ സമദർശനത്തിന്റെ തത്ത്വസംഹിതകളാണുള്ളത് എന്ന് നമുക്കോർത്തിരിക്കാം.

ഫൈനൽ എഡിറ്റ്

ഇദും, ഈഗോയും, സൂപ്പർ ഈഗോയും സന്തുലിതയോടെ മനസ്സിനെ നയിച്ചാൽ ജീവിതം ധന്യം. ഞാനെന്ന ഭാവത്തോട് നമുക്കു വിടപറയാം.

"അഹമെന്നഭാവം
അകതാരിലുണ്ടായാൽ
അടിപതറിവീഴും
അഹംഭാവിയാകും."

പ്രതികരണം

"കേരളത്തിലെ സാഹിത്യകാരൻമാർക്ക് ഹൃദയമുണ്ടായിരുന്നെങ്കിൽ, കാഷ്ടത്തിലെ ഹൃദയഭേദകമായ സംഭവങ്ങളെ ആസ്പദമാക്കി എഴുതിയേനെ."

(അഴീക്കോട് കൈരളി ടി.വി. യോട്)

"മൂവായിരമോ നാലായിരമോ ആൾക്കാർ കേരളത്തിൽ പ്രതിവർഷം മരിക്കുന്നു. പക്ഷേ, സുനാമി വന്നപ്പോൾ പത്രം കൊട്ടിഘോഷിച്ചു. കേരളസംസ്കാരമിതാണ്"

(സഖിയ എസ്. എച്ചിലെ വിദ്യാർത്ഥികളോട്)

Neethu Das
Cheral
I Esc Physics

മൂന്ന് മിനിക്ക

കൊച്ചിക്കായൽ

...ൽക്കുന്ന കായലിൻ പ്രതലത്തിൽ
...കി, ചികിയൊതുക്കിടുമെൻ മുടി,
...ളും തട്ടുമ്പോളവളുടെ പ്രഭവത്തി-
...ലെൻ മനസിലെ ചിന്തകൾ കൂതിക്കയായി.
...കാന്തിമുക്കിടാനഴുക്കുപാൽ അവളിലലിയുമ്പോൾ
...വേളോടു ചേർക്കും ഞാനെൻ പതിവും.
...കായലിൽ കണ്ണുംനട്ട് മിശ്രിത ചിന്തയിലാണ്ട
...യനേകം കൗമാരങ്ങൾക്കാശ്വാസമായവൾ.
...ഴികളിലീറൻ തട്ടിയ നേരത്തുമിക്കായലോ
...രിവേകുമീണം തെറ്റാതെയോതിയും,
...ളിർകാറ്റിന്റെ ചിറകിൽ ഊഞ്ഞാലാട്ടിയും.
...നവിൽ നിന്നോടിയൊളിച്ചിടാൻ കായല്,
...നവിലെതിയുമ്പോൾ കനിയുന്ന കായല്
...ണ്ണോടു കൺനോക്കിയിരുന്നെത്രത്ര

കഥ പറഞ്ഞാലും മതിവരാ തീവും,
നർത്തനം ചെയ്യുന്ന ഹൃദയത്തുടിപ്പുകൾ
ഏറ്റുവാങ്ങിയിട്ടോതിയതെന്തെ നീ!
പച്ചപ്പുൽപ്പായിൽ നിറഞ്ഞ മൈതാനവും
കൽപകവൃക്ഷങ്ങൾ തണലേകും തീരവും
അങ്ങു ദൂരെയതാ ഒരു കപ്പൽ കേന്ദ്രവും
കൊച്ചിക്കായലേ നീ യശസ്സേകി നില്പൂ
തേവരക്കൊരു തൊടുകുറിയായി നീ നിൽപൂ.
കൂവസിൻ മുറ്റത്തു അത്തിക്കളിക്കുന്നു
കലാലയത്തിന്റെ സ്വന്തം കായല്,
ഞങ്ങൾ കാലങ്ങളായി നിൻ ചന്തം നുകരുന്നു
ഏറെ പറയാനുണ്ടിനി, എന്തു പറയണം!

Neethu Das
Cheral
I Bsc Physics

മൂന്ന് മിനിക്കഥകൾ

അലമാര

വീട്ടിൽ പുതിയൊരു അലമാര വാങ്ങി. അതിന്റെ മുകളിലെത്തട്ടിൽ എന്റെയമ്മയുടെ പ്രസവവേദന തള്ളിക്കേറ്റി. അടുത്തതിൽ ഞാൻ കുഞ്ഞായിരിക്കുമ്പോഴുള്ള പ്രതീക്ഷകൾ. പിന്നത്തേതിൽ ഞാൻ മുതിർന്നു വരുമ്പോഴുള്ള ആശങ്കകൾ. ടുവിലത്തേതിൽ മൂന്ന് തുരപ്പാടിലാണ്.

പെൺകുട്ടി

ഞാനുമായിക്കഴിഞ്ഞപ്പോൾ, പുറത്ത് കാത്തുനിൽക്കുന്നവരോട് നഴ്സ് വന്നു പറഞ്ഞതത്രെ - പെൺകുട്ടിയാണ്. പിന്നാൽ സമാനമായി ഒരു പാവക്കുട്ടിയെ നീട്ടി ആരോ പറഞ്ഞു - ഇത് മോൾക്ക്. സ്കൂളിൽ ചേർത്തപ്പോൾ എന്റെ പേരിനു നേരെ എഴുതി - 'ഫീമെയിൽ.' പെണ്ണാണെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങളിൽ ആശിച്ചുപോയി. ആണായിരുന്നെങ്കിൽ!

നിറങ്ങൾ

അവൾക്ക് കറുപ്പിനെ പേടിയായിരുന്നു. ചുവപ്പിനെ സ്നേഹവും. പക്ഷെ, ആ നീലരാത്രികൾ കാഴ്ചവച്ച ചുവപ്പിന്റെ ഭീകരരൂപം അവളെ ഭയപ്പെടുത്തി. അവളുടെ വെളുപ്പിൽ കറ വീണു. മഞ്ഞപത്രങ്ങളിൽ നിറഞ്ഞ പച്ചയായ വാക്കുകൾ അവളെ കാലത്തിന്റെ കറുത്ത തിരശ്ശീലയ്ക്കു പിന്നിലൊളിപ്പിച്ചു.

കവിത

Jinto Thomas
Kanhangad
II B.A. Copy Editor

കൊച്ചിക്കായൽ

നിശ്ചലം നിൽക്കുന്ന കായലിൻ പ്രതലത്തിൽ
നോക്കി, ചീകിയൊതുക്കിടുമെൻ മുടി,
ഓളം തട്ടുമ്പോളവളുടെ പ്രവേത്തി-
ലെൻ മനസിലെ ചിന്തകൾ കൂതിക്കയായി.
കാന്തിമുക്കിടാനഴുക്കുചാൽ അവളിലലിയുമ്പോൾ
അവളോടു പേർക്കും ഞാനെൻ പരിഭവം.
കായലിൽ കണ്ണുംനട്ട് മിശ്രിത ചിന്തയിലാണ്ട
യനേകം കൗമാരങ്ങൾക്കാശ്വാസമായവൾ.
മിഴികളിലീറൻ തട്ടിയ നേരത്തുമിക്കായലോ
മിഴിവേകുമീണം തെറ്റാതെയോതിയും,
കുളിർകാറ്റിന്റെ ചിറകിൽ ഊഞ്ഞാലാട്ടിയും.
കനവിൽ നിന്നോടിയൊളിച്ചിടാൻ കായല്,
കനവിലെരിയുമ്പോൾ കനിയുന്ന കായല്
കണ്ണോടു കൺനോക്കിയിരുന്നെത്രത്ര
കഥ പറഞ്ഞാലും മതിവരാ തീരവും,
നർത്തനം ചെയ്യുന്ന ഹൃദയത്തുടിപ്പുകൾ
ഏറ്റുവാങ്ങിയിട്ടോതിയതെന്തേ നീ!
പച്ചപ്പുൽപ്പരപ്പിൽ നിറഞ്ഞ മൈതാനവും
കൽപകവൃക്ഷങ്ങൾ തണലേകും തീരവും
അങ്ങു ദൂരെയതാ ഒരു കപ്പൽ കേന്ദ്രവും
കൊച്ചിക്കായലേ നീ യശസ്സേകി നില്പു
തേവരക്കൊരു തൊടുകുറിയായി നീ നില്പു.
ക്യാമ്പസിൻ മുറ്റത്തു തത്തിക്കളിക്കുന്നു
കലാലയത്തിന്റെ സ്വന്തം കായല്,
ഞങ്ങൾ കാലങ്ങളായി നിൻ ചന്തം നുകരുന്നു
ഏറെ പറയാനുണ്ടിനി, എന്തു പറയണം!

ലേഖനം

Mrudula
II B.A. Sociology

കാലിക മാറ്റത്തിന്റെ നല്ല ഭാവങ്ങളെ മാത്രമേ സ്വാംശീകരിക്കാവൂ എന്നാണ് മരട് സ്വദേശിനിയായ ലേഖികയ്ക്ക് പറയാനുള്ളത്. ഈ അവസരത്തിൽ, കേരളത്തിന്റെ സമഗ്രശൈലിയെ വിശകലനം ചെയ്ത്, 'നാമെങ്ങോട്ടാണ്' നീങ്ങുന്നത് എന്നറിയാൻ ശ്രമിക്കണമെന്നും അവർ പറഞ്ഞുവയ്ക്കുന്നു.

അന്ധതു പിന്നിട്ട കേരളം :

ക്യാമ്പസും കുറെ മിശ്രിത ചിന്തകളും.

പാടത്തെ പേറിന്റെ മണമില്ലാത്ത, പച്ചപ്പട്ടു വിരിച്ചതുപോലെ നെൽപ്പാടങ്ങൾ ഇല്ലാത്ത, കുയിലിന്റെ നാദം ഇല്ലാത്ത, നാടിന്റെ സ്പന്ദനത്തിൽ കുതിർന്ന നാടൻ കലാരൂപങ്ങൾ ഇല്ലാത്ത കേരളം, ഇന്ന് ജീവിതം മറന്നു തുടങ്ങിയ മട്ടാണ്. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് ഇനിയാരും പറയില്ലേ?. കേരളത്തിന്റെ സമഗ്ര ശൈലിയെ വിശകലനം ചെയ്ത് 'നാമെങ്ങോട്ട്,' എന്നറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മലയാളത്തിന്റെ സത്ത, ക്യാമ്പസുകൾക്കും ഇന്ന് ഏറെക്കുറെ അന്യമായിക്കൊണ്ടിരിക്കുകയാണ്. ക്യാമ്പസിനെ കേരളത്തോടു ചേർത്തു നിർത്തി പരിശോധിച്ചാൽ അതു വ്യക്തമാകും. കേരളത്തിന്റെ ജീവനെക്കുറിച്ചു കഥപറഞ്ഞിരുന്ന നാടൻ കലാരൂപങ്ങൾ, പണത്തിനായ് ചില ഉത്സവപ്പറമ്പുകളിലേക്കും, മത്സരത്തിനായി മാത്രം ചില കലാലയ വേദികളിലേക്കും ചുരുങ്ങിയിരിക്കുകയാണ്.

ഇനി, സാരിയുടുത്ത്, മുണ്ടുമുടുത്ത് മലയാളദിനത്തിലും ഓണത്തിനുമൊക്കെ മലയാളികളാകുന്നവരുമുണ്ട്. അത് കേരളീയ വേഷമാണെന്നതാണു സാരം. ആരു പറഞ്ഞു അതാണ് കേരളീയരുടെ തനതായ വേഷമെന്ന്. അത് കേരളത്തിലേക്ക് ആധുനികമായി മാത്രം കടന്നു വന്നതാണ്. ഈ അത്യാധുനിക യുഗം അത് മറന്നുപോയി. പണ്ട് വസ്ത്രം ധരിക്കാനുള്ള അവകാശത്തിനായി കേരളത്തിൽ സമരം നടത്തിയിട്ടുണ്ട്. ഏറെപ്പറയണോ കേരളീയരുടെ വേഷത്തെക്കുറിച്ച്. വസ്ത്രം കൊണ്ടോ ഭാഷ കൊണ്ടോ മാത്രം നമുക്കു കേരള സംസ്ക്കാര സമ്പന്നരാകാനൊക്കുമോ? ഇല്ല. ഇതിന്റെയെല്ലാം സമന്വയം നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും പ്രതിഫലിക്കുന്നിടത്താണ് കേരളനാട്ടുകാർ യഥാർത്ഥ മലയാളിയാകുന്നത്.

'മലയാളം' എന്ന ഭാഷ തന്നെ രൂപപ്പെട്ടതാണ്. കാലവും സാഹചര്യവും അന്യഭാഷകളിൽ നിന്ന് മലയാളത്തിലേക്കു സംഭാവനകൾ നല്കി. മറ്റുള്ള സംസ്ക്കാരങ്ങളുടെയും ജീവിതരീതികളുടെയും നല്ല ഭാവങ്ങളെ സ്വാംശീകരിച്ചുകൊണ്ടല്ലാതെ ഒരു സംസ്ക്കാരത്തിനും നിലനിൽക്കാനോ വികസിക്കാനോ സാധിക്കില്ല. പഴമയുടെ നിർവൃതിയെ പുതുമകൊണ്ട് ബലപ്പെടുത്തേണ്ടത് ആവശ്യം തന്നെ.

അന്ധതു പിന്നിട്ട കേരളത്തിലിന്ന്' മലയാളം പുതിയ രൂപമെടുത്തിരിക്കുകയാണ്. സംസ്ക്കാരം പുതിയ മാനങ്ങൾ തേടി പോയിരിക്കുകയാണ്. മനസ്സോ? അതു മറക്കാത്തവരാണധികവും എന്നതാശ്വാസകരം തന്നെ. ഹൈന്ദവരും ക്രിസ്ത്യാനിയും മുസൽമാനുമൊക്കെ തോളോടു തോൾ ചേർന്നു നിൽക്കേണ്ടതാണ്.

അക്കാര്യത്തിൽ കേരളം മറ്റുപല സംസ്ഥാനങ്ങളെക്കാളും മുമ്പിലാണ്. പക്ഷേ, വിവിധ രാഷ്ട്രീയക്കാർ മാറിമാറി ഭരിക്കുന്ന കേരളം കൂടിയാണിത്. 'നിങ്ങൾ നടപ്പാക്കിയതിലധികം വികസനസമഗ്രത ഞങ്ങൾ കൈവരിച്ചു' എന്ന ആരോഗ്യപരമായ സമീപനത്തിനുപകരം 'ഞങ്ങൾ ഇത്രയും അനീതികളും വഷളത്തരങ്ങളുമല്ലേ ചെയ്തുകൂട്ടിയുള്ളൂ, കാണട്ടെ നിങ്ങളുടെ ഭരണം' എന്ന മനസ്ഥിതിയിലേക്ക് കൂപ്പുകുത്തുന്ന കേരളത്തെ, വർഷങ്ങളായി നാം കാണുന്നു. നാമും അതിൽ പങ്കാളികളാണെന്നതിൽ സംശയമില്ല.

തേവരകോളജിലെ മുൻചെയർമാനായിരുന്ന ഹൈബി ഈഡൻ, കേരളപ്പിറവിദിനത്തിൽ ആകാശവാണിയോടു പങ്കുവച്ചതിതാണ്: "മത്സരത്തിന്റെ കാലമാണിത്. സൗഹൃദപരമായ കൂട്ടുകെട്ടുകളിലൂടെയാണ് ഏവരും രാഷ്ട്രീയത്തിലേക്കു വരുന്നത്. പക്ഷേ, ഇന്ന് പാർട്ടികൾ മത്സരത്തിൽ മാത്രം ഒതുങ്ങുമ്പോൾ അവയിലംഗങ്ങളായ വിദ്യാർത്ഥികൾ രാജ്യത്തിനുതന്നെ അപകടമായി മാറിയേക്കാം."

ഓരോ വർഷവും, സർക്കാരുകൾ വ്യത്യസ്തരാഷ്ട്രീയപാർട്ടികളുടെ ലേബലിൽ വിരുന്നുവരുന്നു. എന്നിട്ടും കേരളം ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ വികസനവിരോധികളായി തുടരുന്നു. വിവേകികളും അഭ്യസ്തവിദ്യരുമാണ് തങ്ങളെന്നറിയാവുന്ന മലയാളികൾ, അഞ്ചുവർഷം ഭരിച്ചവരെ അടുത്ത അഞ്ചുവർഷം ഭരിക്കാൻ വിടില്ല. വർഷങ്ങളായി ഈ ദയനീയസ്ഥിതി തുടരുന്നു.

അങ്ങനെയെങ്കിൽ രണ്ടു കാരണങ്ങളുണ്ട്. ഒന്നുകിൽ ജനം മറ്റുപലരെയുംകാൾ കബളിപ്പിക്കപ്പെടുന്ന വിഡ്ഢികൾ. അല്ലെങ്കിൽ, ഏതു രാഷ്ട്രീയപാർട്ടിക്കാരന്റെയും കാതലായ സ്വഭാവം ഒന്നുതന്നെ. ഇതിലേതാണു ശരി? അപ്പോഴാണ് മൂന്നാമതൊന്നുകൂടി. എന്തിനേയും എപ്പോഴും എങ്ങനേയും എവിടെയുമെതിർക്കുന്ന മലയാളിയുടെ അന്തസ്സ്!

കുറെ അപശബ്ദങ്ങളുടെ കൂത്തരങ്ങായി കേരളവികസനം മാറിയിട്ട് ദശകങ്ങളായി. ഇതിനെക്കുറിച്ച് ഭൂരിഭാഗം മലയാളികളും ബോധ്യമുള്ളവരാണെന്നതുതന്നെയാണ് ഏറെ ശോചനീയം. മറിച്ചായിരുന്നെങ്കിൽ ഇന്നും കേരളത്തിലെ നല്ലൊരു ശതമാനത്തിന്റെയും പ്രതീക്ഷയായ ചുരുക്കം ചില നല്ല രാഷ്ട്രീയക്കാർക്കും മറ്റും ഈ ദൂഷിച്ച അവസ്ഥയെ മെച്ചപ്പെടുത്താനാകുമായിരുന്നു. ലോകത്തിൽ, മനുഷ്യവിഭവശേഷിയുടേയും കാര്യവിഭവശേഷിയുടേയും കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന മലയാളി, ഈ കഴിവുകൾ പൊതുജീവിതത്തിനെതിരായുള്ള അനീതിക്കും, അതിനെതിരെയുള്ള സമരത്തിനും, കടമ നിർവഹിക്കാനുള്ള അവകാശവാദത്തിനും, തുടർന്നുണ്ടാക്കുന്ന അക്രമങ്ങൾക്കും ഒക്കെയാണ് ഉപയോഗിച്ച് പാഴാക്കുന്നത്.

"കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം...."

ഓണത്തിനു കോരിത്തരിപ്പോടെ നാം പാടും. ഇതിൽനിന്നും എത്രയകലെയാണീ ലോകം. പാവപ്പെട്ടവൻ ഉടുതുണി മുറുക്കിയെടുത്തു വശം കെട്ടിയിരിക്കുന്നു. അക്രമവും അനീതിയും കള്ളത്തരവുമില്ലാത്ത ലോകം ലോകമല്ലെന്നു നാം കരുതുന്നു. നന്മ അങ്ങനെ വിശ്വസിപ്പിക്കുന്നവയാണ് ദൈനംദിനവാർത്ത. നന്മയുണ്ടെന്നു പറയുന്ന നാട്ടിൽ നടമാടുന്ന ഇത്തരം തിന്മകൾ ഇല്ലാതെ തരമില്ല. അവയ്ക്കെതിരെ ശബ്ദമുയർത്തുകയും ഇറങ്ങിപ്പുറപ്പെടുകയും ചെയ്തിട്ടു കാര്യമില്ല എന്നൊക്കെ പറയുന്നവർ നാടിനു ശാപമാണ്.

എല്ലാവരുടെയും കടമ ആരുടേതുമല്ലാതാകുന്നു. എല്ലാവരുടെയും അവകാശം ഓരോരുത്തരുടേതും ആകാറുണ്ടുതാനും. അതാണു മലയാളിമനസ്സ്. ദൈവത്തിന്റെ നാടിനോട് ആർക്കാണു പ്രതിബദ്ധത. ദൈവത്തിനോ? "എന്റെ നാടാണു കേരളം" എന്ന് ഞാനെന്നുപറയുന്നുവോ അന്ന് ഹരിതസമ്പത്ത് ത്രസിച്ചുനിൽക്കുന്ന കൊച്ചുകേരളം പച്ചപിടിച്ചു തുടങ്ങും. ക്യാമ്പസാണ് ഇനിയീലോകത്ത് വിപ്ലവം സൃഷ്ടിക്കേണ്ടത്. മുകളിൽ പറഞ്ഞവനേരെങ്കിൽ വിദ്യാർത്ഥികൾ ഇനിയുമേറെ ഉണരേണ്ടിയിരിക്കുന്നു. കാരണം, പരാജയത്തെ പോരാടി തോല്പിക്കാനുള്ള കരുത്താണ് ഒരു വിദ്യാർത്ഥി വിദ്യാഭ്യാസത്തിലൂടെ നേടേണ്ടത്.

എങ്കിലും, പരാജയങ്ങളില്ലാതെ വിജയങ്ങളില്ലെന്ന അറിവോടെ പ്രവർത്തിക്കണം. നാടൻകഥാരൂപങ്ങൾ എന്നതുപോലെ പഴമയെ മറക്കാതിരിക്കാൻ, എന്നാൽ വ്യർത്ഥസംസ്ക്കാരത്തിനടിപ്പെടാതെ

പുതുമയുടെ ഉൾനാമ്പുകളുൾക്കൊള്ളാൻ, രാഷ്ട്രീയത്തെ രാഷ്ട്രനിർമ്മാണത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ ഒക്കെ നാം അറിവാർജ്ജിക്കണം. കലാലയഭ്യാസങ്ങൾ അതിനാണല്ലോ. അറിവു ക്രിയാത്മകതയിലേക്കും അവിടുന്നത് ചിന്തയിലേക്കും നയിക്കും. ഉത്തമചിന്താബോധമാണ് ഏതൊരു വിദ്യാർത്ഥിയേയും വിജ്ഞാനസ്രോതസ്സാക്കുന്നത്. ഇവയൊക്കെ നമ്മുടെ യുവമനസ്സുകളെ ജ്വലിപ്പിക്കുമ്പോൾ അറിയുക, ഇനിയീ നാടിനാവശ്യം യുവരക്തങ്ങളെയാണ്, ആത്മാർത്ഥതയുടെ പരിവേഷമണിഞ്ഞ യൗവനപ്രതിഭകളെ.

ഫൈനൽ എഡിറ്റ്"

"സേവനക്കാരെല്ലാം ജീവനക്കാരായ
നാളുതൊട്ടീ നാടു നാശമായി."

(കുഞ്ഞുണ്ണി മാഷ്)

ലേഖനം

Joseph Varghese
II B.A. Copy Editor

ആലപ്പുഴ സ്വദേശിയായ ലേഖകൻ നളിനി ജമീല എന്ന ലൈംഗിക തൊഴിലാളിയുടെ ജീവിതകഥയിലൂടെ ഒരു പിടിസത്യങ്ങളെ കണ്ടെത്തുന്നു. പ്രണയത്തെയും ലൈംഗികതയെയും അർത്ഥശുദ്ധമായി വേർപെടുത്താതെ ഇരുളിലേക്ക് നടന്നടുക്കുന്ന മലയാളിയെകുറിച്ച് കൃത്യമായ നിയാണിതു വായിക്കേണ്ടത്!

വികലമായ ലൈംഗികത സ്ത്രൈണതയെ ചോദ്യം ചെയ്യുന്നുവോ!

ലൈംഗികത, പ്രണയം, സ്ത്രൈണത തുടങ്ങി മൂന്നു പ്രധാന വിഷയങ്ങൾ മലയാളിക്ക് ഇന്നും തുറവിയില്ലാത്ത വിഷയങ്ങളാണ്. രതിയെ രഹസ്യമായും പ്രണയത്തെ സ്വകാര്യമായും, സ്ത്രൈണതയെ മൂടിപ്പൊതിഞ്ഞും കൊണ്ടുനടക്കുവാൻ മലയാളി കാണിക്കുന്ന പരാക്രമങ്ങൾ തുറന്ന വായനയ്ക്കു വിധേയമായതാണെങ്കിൽ കൂടിയും, അവയെ രഹസ്യമായും, ധ്വനികളിലൂടെയും വെളിവാക്കാനാണ് മലയാളിക്കിഷ്ടം. മലയാളിയുടെ ഈ കപടതയെ വെല്ലുവിളിച്ചുകൊണ്ട്, നളിനിജമീലയെന്ന പുത്തനെഴുത്തുകാരിയുടെ രംഗപ്രവേശം കോലാഹലങ്ങൾ ഉയർത്തിവിട്ടില്ലെങ്കിൽ അത്ഭുതം.

പ്രതീക്ഷിച്ചപോലെതന്നെ മാധ്യമങ്ങളിലൂടെ ഒളിഞ്ഞും തെളിഞ്ഞും നടന്ന വാദപ്രതിവാദങ്ങൾ സാഹിത്യാന്തരീക്ഷത്തെ ശബ്ദമുഖരിതമാക്കി. ഭാഷയുടേയും പാണ്ഡിത്യത്തിന്റേയും പ്രൗഢിക്കോ, അതോ ജീവിതാനുഭവങ്ങളുടെ തീച്ചൂളയിൽ നിന്നും ഉതിർന്നുവീണ വാക്കുകൾക്കോ കനം കൂടുതൽ എന്ന ചോദ്യം ഏതൊരു സാഹിത്യകുതുകിയേയും ഒരു സന്ദിഗ്ധാവസ്ഥയിലാക്കുന്നു. ഇവിടെ, ലൈംഗികതയുടെ തുറവി മലയാളിയെ അസ്വസ്ഥനാക്കുന്നുണ്ടോ എന്ന ചോദ്യം തന്നെ അസ്ഥാനത്താണ്. കാരണം ഈ കോലാഹലങ്ങളെല്ലാം തെളിയിക്കുന്നത് മലയാളി അസ്വസ്ഥനാണ് എന്നുള്ളതാണ്.

1970 കാലഘട്ടത്തിൽ നിഷ്കളങ്കയായ ഒരു ഗ്രാമീണകന്യക അലംഘനീയമായ സാമൂഹ്യനീതിയുടെ ചവിട്ടേറ്റ് നഗരവേശ്യയായി മാറിയപ്പോൾ, 'ആ കാപാലിക'യിലൂടെ നാടകാചാര്യൻ ശ്രീ. എൻ.എൻ. പിള്ള, കേരളീയ സമൂഹത്തിലെ കപടസദാചാരവാദികളെ വിചാരണ ചെയ്യാൻ ശ്രമിച്ചു. അപ്പോൾ അരങ്ങേറിയ കോലാഹലങ്ങൾ ഇന്നും ആവർത്തിക്കപ്പെടുന്നു.

തന്റെ ജീവിതത്തിലെ സങ്കടകരങ്ങളായ സംഭവങ്ങളെ തുറന്നുപറയാൻ നളിനി തയ്യാറായപ്പോൾ, ആരെയൊക്കെയോ അസന്തുഷ്ടിയും വേവലാതിയും പിടികൂടി. പ്രായോഗികജീവിതത്തിന്റെ നിർദ്ദയമായ പ്രതലത്തിൽനിന്നും പ്രാഥമികവിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ട് വളർന്നുവന്ന നളിനിക്ക്, രതിയെ പ്രാഥമികവും ജൈവപരവുമായ ഒരാവശ്യമായും ജീവിക്കുന്നതിനുള്ള ഒരുപാധിയായും മാത്രമേ കാണാനായുള്ളൂ എന്നത് ഒരപരാധമാണോ? ഇവരെ പാതിവ്രത്യത്തിന്റെ പ്രഭുത്വവും സംസ്കാരത്തിന്റെ മഹത്വവും പഠിപ്പിക്കുവാൻ, ആഗോളവത്കരണവും സെക്സ് ടൂറിസവും വർഗ്ഗവൈരുദ്ധ്യങ്ങളും എടുത്തുവിളമ്പുന്നവരോട് എന്താണ് നാം പറയേണ്ടത്?

മനുഷ്യന്റെ സൃഷ്ടിമുഖമായ ലൈംഗികതയെ ഏതെങ്കിലും ഗുണപരമായ വിതാനങ്ങളിലേക്കു പരിവർത്തനം ചെയ്യാനോ അതിന്റേതായ നിലയ്ക്ക് അനുഭവിച്ചറിയാനോ അനുവദിക്കാതെ, പാപബോധത്തിന്റെ പരികല്പനകളിലേക്കും സാമൂഹ്യനീതിയുടെ നിയന്ത്രണങ്ങളിലേക്കും തള്ളിവിട്ട് ജീവിതത്തിന്റെ സത്തയും സൗന്ദര്യവും കെടുത്തികളയുന്ന, മത-പൗരോഹിത്യ-രാഷ്ട്രീയ-കുടുംബഘടനകൾക്കു നേരെ ശക്തമായ നിലപാടുകൾ സ്വീകരിക്കാത്ത ഒരു മനസുകൾക്കും ഈ ആത്മകഥയ്ക്ക് ഭാഷ്യം ചമയ്ക്കുവാൻ യാതൊരു അവകാശവും ഇല്ല.

ജീവിതത്തിന്റെ തീക്ഷ്ണമായ ഏതോ സന്നിഗ്ധഘട്ടത്തിൽ,

സ്വന്തം ലൈംഗികതയെ അപരനുമുന്നിൽ തുറന്നുകാട്ടാൻ നളിനി പ്രേരിതയായപ്പോൾ, വിചാരണ ചെയ്യപ്പെടേണ്ടിയിരുന്നത് നളിനിയോ അതോ അവരെ അതിലേയ്ക്ക് നയിച്ച സാമൂഹ്യഘടനകളോ എന്ന ചോദ്യത്തിന് വലിയ പ്രസക്തിയുണ്ട്.

പ്രത്യയശാസ്ത്രചർച്ചകളാലും, പ്രതീകാത്മകസമരങ്ങളാലും, എത്രയോ നാളുകളായി മലയാളി ഓരോ പ്രശ്നങ്ങളേയും മനോഹരമായ മോഹനനിദ്രയിൽ അടക്കം ചെയ്തുപോരുന്നു. ക്രിയാരഹിതമായ ഈ മോഹനനിദ്രയിൽനിന്നും വ്യത്യസ്തവും, ക്രിയാത്മകവുമായ ഒരു പ്രവർത്തനപദ്ധതിയാണ് നമുക്കിന്നാവശ്യം.

നൂറുശതമാനം സാക്ഷരത കൈവരിച്ച കേരളത്തിൽ, എന്തുകൊണ്ട് രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് ഒറ്റക്ക് വഴിനടക്കാൻ കഴിയുന്നില്ല എന്ന ചോദ്യത്തിൽ നിന്നും തെന്നിമാറി, ആക്രമിക്കപ്പെടുന്ന സ്ത്രീത്വത്തെകുറിച്ച് കഥയും കവിതകളും എഴുതി ചാരിതാർത്ഥ്യമടയുന്ന, അല്ലെങ്കിൽ അവരോടു സഹതാപം പ്രകടിപ്പിക്കുന്ന മലയാളിമനസാണ്, ഇവിടെ നടക്കുന്ന ഒട്ടുവളരെ അക്രമങ്ങൾക്ക് പിന്നിലും പ്രവർത്തിക്കുന്നത്.

ഒരുപക്ഷെ, മദ്യഷാപ്പുകൾപോലെ ഓരോ വാർഡിലും ചുവന്ന തെരുവുകൾ വേണം ഇതിനൊരു പരിഹാരമായി എന്നാരും തെറ്റിദ്ധരിക്കരുത്. പക്ഷെ ഏതൊരു മനുഷ്യന്റേയും ജൈവപരമായ ഈ വൈകാരികതകൾക്ക് സ്വതന്ത്രമായി, ഭയരഹിതമായി വർത്തിക്കുവാൻ മറ്റെന്തു മാർഗ്ഗമാണുള്ളത് എന്ന ചോദ്യം നമുക്ക് മുൻപിലേക്ക് എറിയുകയാണ് ചുവന്ന തെരുവുകളും അവിടുത്തെ അന്തേവാസികളും.

ഇവിടെയാണ്, മലയാളി കാണാതെ പോകുന്ന പ്രണയാതുരയുടെ നീരുറവകളെ കണ്ടെത്തേ

ണ്ടതിന്റെ ആവശ്യകത ഉയർന്നുവരുന്നത്. ചരിത്രത്താളുകളിലെ മിസ്റ്റിക്കുകളിലെല്ലാം വിരിയുന്ന, പ്രണയത്തിന്റെ പ്രഭാവലയങ്ങളേയും അവയുടെ സഞ്ചാരവഴികളേയും നാം സ്വാംശീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

യേശുവിന്റേയും, ബുദ്ധന്റേയും, ജിദ്ദു വിന്റേയും, മൻസൂറിന്റേയും സഞ്ചാരവഴികളിൽ ഹിംസയുടേയോ വന്യതയുടേയോ നിഴൽപാടുകൾപോലും നമുക്ക് കാണുവാൻ കഴിയില്ല. രോഷത്തിന്റേയും കീഴടക്കലിന്റേയും ആക്രമണത്തിന്റേയും പാത ഇവരിൽനിന്നും വഴിമാറി പോയിരുന്നു. ഒരു കാമുകിക്ക് കാമുകനേയും, കാമുകന് കാമുകിയേയും, കുഞ്ഞിന് അമ്മയേയും പ്രകാശം ചൊരിയുന്ന ഈ മഹാമനീഷകളുടെ മിഴിയിൽനിന്നും ദർശിക്കുവാൻ കഴിയുമായിരുന്നു. വിഭിന്ന വഴികളിലൂടെ മനുഷ്യകുലത്തോട് ഇവർ ആഹ്വാനം ചെയ്തതും ഈ പ്രകാശവലയത്തിലേക്ക് നടന്നടുക്കുവാനായിരുന്നു.

പക്ഷെ, മലയാളി വ്യവസ്ഥാപിതചട്ടക്കൂടുകളിൽ നിന്നും പ്രണയത്തേയും ലൈംഗികതയേയും വേർപെടുത്താതിരിക്കുകയും പ്രകാശത്തിനുപകരം ഇരുളിലേക്ക് നടന്നടുക്കുകയുമാണ് ചെയ്യുന്നത്. നമ്മുടെ മതങ്ങളും, രാഷ്ട്രീയവും ചേർന്ന് പ്രണയത്തെ, ലൈംഗികതയെ, സ്ത്രൈണതയെ ഇരുട്ടിന്റെ മറവിലേക്ക് തള്ളിയിട്ടിരിക്കുന്നു. വിദ്യാസമ്പന്നനായ മലയാളിയെ ഇതുപഠിപ്പിക്കുവാൻ, പ്രാഥമികവിദ്യാഭ്യാസംപോലും നിഷേധിക്കപ്പെട്ട നളിനി ജമീലയെന്ന ലൈംഗികതൊഴിലാളിയും അവരുടെ ആത്മകഥയും വേണ്ടിവന്നു എന്നത്, നാം ഏതർത്ഥത്തിൽ എടുക്കണം?

വികാരങ്ങളൊക്കെ കെട്ടപ്പെട്ട ഒരു സമൂഹത്തിൽനിന്ന്, നാശോൻമുഖമായ വിപ്ലവധ്വനികളെ ഉയരൂ എന്ന സത്യം നാം മനസിലാക്കേണ്ട സമയമായി. പ്രണയമെന്ന മഹത്തായ, നിർമ്മലമായ വികാരത്തെ തുറന്നുവിട്ട്, ചരിത്രത്താളുകളിലെ മിസ്റ്റിക്കുകളുടെ സഞ്ചാരവഴിയിലൂടെ നമുക്കും യാത്ര തുടരാം.

ഫൈനൽ എഡിറ്റ്

വേശ്യയ്ക്കൊരു പുല്ലിംഗമില്ല
എന്നു പറഞ്ഞതാരാണ്?

E.S.A. യുടെ സുവർണ്ണ ജൂബിലി വർഷമാണിത്. തേവര എസ്.എച്ച് കോളജിലെ അനദ്ധ്യാപകരുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി 1955ൽ മെലേസിയൂസ് പാലാട്ടിയച്ചനാണ് "എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫ് അസോസ്സിയേഷൻ" തുടങ്ങി വച്ചത്. ആര നൂറ്റാണ്ടു പിന്നിട്ട E.S.A. യുടെ അനധ്യാപക സംഘടന, കോളജിലെ അദ്ധ്യാപക വിദ്യാർത്ഥീ വിഭാഗങ്ങളുമായി സൗഹാർദ്ദപരമായ ബന്ധം പുലർത്തുന്നത്, അവരുടെ ഈ ജൂബിലിവർഷം വരെ കോളജിന് ഒരു മുതൽക്കൂട്ടായിരിക്കുകയാണ്.

Indu P.
II BSc. Maths

അനുഷ്ഠാനങ്ങളിലൂടെയും കലകളുടേയും ഭാവരൂപത്തിൽ കേരളരൂപത്തിലെ നാടൻകലകളും സാഹിത്യവും എവിടെയെത്തിനിൽക്കുന്നു എന്നതാണ് ഇവിടെ പഠനവിഷയം. 2005ലെ ഇന്റർ-യൂണിവേഴ്സിറ്റി കലോത്സവരൂപത്തിൽ ഭരതനാട്യരൂപത്തിൽ ഒന്നാം സ്ഥാനക്കാരികൂടിയാണ് ഇടപ്പള്ളി സ്വദേശിനിയായ ലേഖിക.

മൗലിക വർണ്ണം വിരിക്കുന്ന നാടോടിക്കലാപാരമ്പര്യം

"മലയാളി വീണ്ടും നാടൻ കലകളെ സ്നേഹിച്ചു തുടങ്ങിയിരിക്കുന്നു."

ഏതൊരു സമൂഹായവും അതിന്റെ പ്രാരംഭദശമുതൽക്ക് ഇന്നോളമുള്ള കാലഘട്ടത്തിൽ തങ്ങളിൽ അങ്കുരിച്ച വികാരവിചാരങ്ങളുടെ യാഥാർത്ഥ്യമായ ചിത്രം അതാതു തലമുറകൾക്കായി നൽകിയിട്ടുണ്ട്. ഈ ആശയങ്ങളുടെയും വികാര വിചാരങ്ങളുടെയും ആവിഷ്കരണോപാധിയാണ് ജനതകളുടെ സർഗശക്തിയായി നിലനിൽക്കുന്ന ഭാഷയും സാഹിത്യവും കലകളും. ഒരു നാടിന്റെ സാമൂഹ്യ ജീവിതത്തിലെ കലർപ്പില്ലാത്ത സ്പന്ദനങ്ങൾ തിരിച്ചറിയണമെങ്കിൽ നാം പ്രാചീനകാലത്തെ അവരുടെ നാടൻ കലകളിലേക്കും സാഹിത്യത്തിലേക്കും കടന്നന്വേക്ഷിക്കണം. അവരുടെ ജീവിതത്തിന് ദീപ്തിയും ചൂടും നൽകിയ സംഭവങ്ങളുടെ അപദാനങ്ങളെ അവരുടെ സങ്കല്പധനിയിൽ വിളഞ്ഞ വൃത്യസ്ത ശൈലിയും താളത്തിലും പാടിപുകഴ്ത്തിയതെങ്ങനെയെന്നു നാം അറിയണം. അവയിൽ മാത്രമേ സ്വതന്ത്രമായ സർഗ്ഗശക്തിയുടെ നിഷ്കളങ്കമായ സൗന്ദര്യം ദൃശ്യമാവുകയുള്ളൂ.

ജീവിതത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ടി, ഭൗതിക പ്രപഞ്ചത്തോട് ഇണങ്ങിയും പിണങ്ങിയും അനുനയം ചെയ്തും അടരാടിയും മനുഷ്യപരമ്പര നടത്തിയ എല്ലാ ക്രിയാകലാപങ്ങളുടെയും ആത്മനിഷ്ഠമായ അനുഭൂതിപരമായ ആവിഷ്കാരമാണ്, പരമ്പരാഗതമായ നാടൻകലകളും സാഹിത്യവും. നാടോടിക്കലകളുടെ പ്രഭവകേന്ദ്രം തന്നെ ഗ്രാമീണ ജീവിതമാണ്.

കേരളീയ കലകളിൽ അനുഷ്ഠാനത്തിന്റെയും ആരാധനയുടെയും അംശങ്ങളാണ് മുഖ്യമായും കാണുന്നത്. കലകളിൽ അഗ്രഗണ്യമല്ലെങ്കിലും 'കാവുകളുടെ കല,' 'കുടുംബങ്ങളുടെ കല' എന്നൊക്കെ അറിയപ്പെടുന്ന തെയ്യത്തെക്കുറിച്ചും നാടൻപാട്ടുകൾ, ഫോക്ലോർ എന്നിവയെക്കുറിച്ചു മാത്രം പ്രതിപാദിക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

തെയ്യം

കേരളത്തിലെ നാടൻ അനുഷ്ഠാനങ്ങളിൽ, ദീർഘമായ പാരമ്പര്യവും ആഹാര്യമനോഹാരിതയും നിറഞ്ഞ ഒന്നാണ് ഉത്തരകേരളത്തിൽ ഇന്നും പ്രചാരത്തിലിരിക്കുന്ന തെയ്യം. ആര്യസംസ്കാരാഗമനത്തിനും അതോടൊപ്പം നിലവിൽ വന്ന ക്ഷേത്ര സമ്പ്രദായങ്ങൾക്കും മുമ്പ് കരകളുടെ മുഖ്യ ആരാധനാ കേന്ദ്രം കാവുകളായിരുന്നു.

തെയ്യം ഒരു കലയും അനുഷ്ഠാനവുമാണ്. കുടുംബ രഞ്ജത്തിലിരിക്കുന്ന തറകളിലും കാവുകളിലും, നിശ്ചിതമായ കാലത്ത് നിശ്ചിത സമുദായത്തിൽപ്പെട്ട അടിയാൻമാരുടെ പങ്കാളിത്തത്തോടു കൂടി നടന്നു വരുന്ന ഗ്രാമീണമായ ഒരനുഷ്ഠാനം. എല്ലാ ഉത്സവങ്ങളേയുമെന്നപോലെയും വിളവെടുപ്പിനും വിളവിറക്കിനും ഇടയ്ക്ക് വരുന്ന ഒരുത്സവമാണിത്.

പരിഷ്കാരസൂര്യൻ അത്യുച്ചത്തിൽ നിൽക്കുന്നുവെന്നവകാശപ്പെടുന്ന ഈ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പോലും, കാവിൽ കൊട്ടിയാടുന്ന മൂർദ്ധന്യമൂർത്തിയായ ഒരു കോലത്തിനു മുമ്പിൽ ഭക്തിഭയനമ്രരായി, വരുംകാല സൗഭാഗ്യത്തിന് കൈനീട്ടി നിൽക്കുന്ന പരിഷ്കാരം നിറഞ്ഞവരെ നാട്ടിൻ പുറങ്ങളിൽ കാണുവാനിന്നും വിഷമിച്ചു. അടിസ്ഥാനപരമായി, ഈ യേവും ഭക്തിയും തന്നെയാണ് തെയ്യത്തിലേക്ക് ഗ്രാമീണരുടെ പൂർണ്ണമായ ശ്രദ്ധ തിരിച്ചു വിടുന്നത്.

തെയ്യം എന്നാൽ ദൈവം എന്നാണർത്ഥം. മൂർത്തികൾ മനുഷ്യരൂപങ്ങളിൽ ആവാഹിക്കപ്പെടുന്നു. കോലം കെട്ടുന്നവർ തെയ്യമായി (ദൈവമായി) പരിണമിക്കുന്നു. സമൂഹത്തിലെ ഒരു വ്യക്തി എന്ന അസ്തിത്വം വിസ്മരിച്ചുള്ള ദൈവമാകൽ ആണ് ഈ അനുഷ്ഠാനത്തിലെ ഏറ്റവും സവിശേഷമായ ഘടകം.

നാടൻപാട്ടുകൾ

ഭാഷയിലും സാഹിത്യത്തിലും പാണ്ഡിത്യവും അഭ്യാസവും വേണ്ടുവോളം നേടാൻ കഴിഞ്ഞിട്ടില്ലാത്തവരും, എന്നാൽ നൈസർഗ്ഗികമായ സൗന്ദര്യബോധം ഉള്ളവരുമായ ജനങ്ങളുടെ, സുന്ദരവും അകൃത്രിമവും താളാത്മകവുമായ ആവിഷ്കരണമാണ് നാടൻപാട്ടുകൾ. നാടൻപാട്ടുകൾക്ക് രാജ്യത്തെ ഭൂപ്രകൃതിയോടും, കാലാവസ്ഥയോടും, ജനതയുടെ സ്വഭാവവിശേഷത്തോടും ആചാരാനുഷ്ഠാനങ്ങളോടും തൊഴിലുകളോടും ഭാഷയുടെ വളർച്ചയോടും ഉറ്റബന്ധമുണ്ട്.

സുന്ദരമായ പ്രകൃതിദൃശ്യങ്ങൾ താരാളമുള്ള പ്രദേശത്തെ വർണ്ണിച്ചുപാടുന്ന പാട്ടുകൾ താരാളമുണ്ടാകും. കൃഷി പ്രധാന ജീവിതമാർഗ്ഗമായുള്ള പ്രദേശത്ത് കൃഷിപ്പാട്ടുകളും, വഞ്ചികൾ താരാളമുള്ള നാട്ടിൽ വഞ്ചിപ്പാട്ടുകളും, മീൻപിടുത്തക്കാരുടെ നാട്ടിൽ അത്തരം പാട്ടുകളും ഉണ്ടാകും. മഴ ആവശ്യത്തിലധികമുള്ള നാടുകളിൽ പേമഴ അവസാനിപ്പിക്കാനുള്ള പാട്ടുകളും, മഴ കുറവുള്ള നാട്ടിൽ മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്ന പാട്ടുകളും ഉണ്ടാകും.

യുദ്ധവീരൻമാരുടെ ഇടയിൽ പടപ്പാട്ടുകളും നായാട്ടുകാരുടെ ഇടയിൽ നായാട്ടുപാട്ടുകളും, ആരാധനാപ്രിയൻമാരുടെ ഇടയിൽ ഭക്തിഗാനങ്ങളും അന്ധവിശ്വാസികളുടെ ഇടയിൽ യക്ഷീപ്രേതകഥാഗാനങ്ങളും, സൗന്ദര്യാരാധകരുടെ ഇടയിൽ സൗന്ദര്യാരാധനാപരമായ പാട്ടുകളും താരതമ്യേന കൂടുതലായുണ്ടാകും.

നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ, പരമ്പരാഗതവും അടിസ്ഥാനപരവുമായ കാർഷികജീവിതസംവിധാനങ്ങൾ കാലഗതിയിൽ ശിഥിലമാകുകയും, നഗരവൽക്കരണവും നാഗരിക ജീവിതവും അവയോടൊപ്പം തലയുയർത്തിയ വൈദേശിക പരിഷ്കാരങ്ങൾ ശ്രദ്ധയും നാടിന്റെ ജീവിതശൈലിയെ മാറ്റുകയും, കാലഘട്ടത്തിന്റെ മുഖമുദ്രയിൽ മുഖമടച്ചു വരുത്തുകയും ചെയ്തതോടുകൂടി, നമ്മുടെ വിലപ്പെട്ട ഗ്രാമീണ കലാപൈതൃകവും പ്രകൃതിസുന്ദരമായ നമ്മുടെ ഗ്രാമീണ സൗഭാഗ്യങ്ങളും നമുക്കു നഷ്ടപ്പെട്ടു.

ദേശീയ സ്വാതന്ത്ര്യപ്രാപ്തിയെ തുടർന്ന് നാം ആരംഭിച്ച വികസനപരിപാടികളും നവോത്ഥാനശ്രമങ്ങളും നമ്മുടെ സാഹിത്യകലാരംഗത്തേയും ഉത്തേജനമുള്ളതാക്കാതിരുന്നില്ല. സർക്കാരിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സാഹിത്യ-സംഗീതനാടക ലളിത കലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ, സർവ്വകലാശാലാ യുവജനോത്സവങ്ങൾ, സംസ്ഥാന യുവജനോത്സവങ്ങൾ എന്നിവ നമ്മുടെ സാംസ്കാരിക രംഗത്തെ ഉണർത്തി സജീവവും ചലനാത്മകവുമാക്കാൻ സഹായിച്ചു.

കലകളിക്കും കലകളിയുടെ മുന്നാടിയായി വർത്തിച്ച കേരളത്തിലെ ഗ്രാമീണകലകൾക്കും, ദേശീയതലത്തിലും രാജ്യാന്തരതലത്തിലും അംഗീകാരവും പ്രശസ്തിയും ലഭിച്ചു. നമ്മുടെ ഗ്രാമീണകലകൾ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കൊള്ളാവുന്ന കലാവിഭവങ്ങളായി മാറി. ചലച്ചിത്രവ്യവസായത്തിന്റെ കണ്ണുകളും നാടൻപാട്ടുകളിലേയ്ക്കും നാടോടി നൃത്തങ്ങളിലേയ്ക്കും തിരിഞ്ഞു. റേഡിയോ-ടെലിവിഷൻ പരിപാടികളിലും ഗ്രാമീണകലകൾക്കു സ്ഥാനം ലഭിച്ചു. ഉണ്ടാകെ സകലവിധത്തിലും കലകളുടെ നേർക്കുണ്ടായ ഉത്സാഹപ്രകർഷം വിദ്യാഭ്യാസമണ്ഡലങ്ങളിലും അക്കാദമിയങ്കണങ്ങളിലും സാഹിത്യകലാരംഗങ്ങളിലും, ഗ്രാമീണകലകളെക്കുറിച്ച് കൗതുകമുളവാക്കി.

ഫോക്‌ലോർ പഠനം

ഫോക്‌ലോർ, അകൃത്രിമവും തുടർച്ചയായുള്ള പരിണാമത്തിന് വിധേയവുമായ, അതിൽനിന്നു ലഭിക്കുന്ന തെളിവുകളിലൂടെയും വസ്തുതകളിലൂടെയും, മനുഷ്യനെക്കുറിച്ചും, അവരുടെ സാമൂഹ്യഘടനയെക്കുറിച്ചും, അതിന്റെ ക്രമാനുഗതമായ പരിണാമത്തെക്കുറിച്ചും പഠിക്കാൻ സാധിക്കുന്നു. നാം കടന്നുപോന്ന വഴിയിലേക്കുള്ള തിരിഞ്ഞുനോട്ടമാണ്, പ്രധാനമായും നാടൻ കലകളുടെ പഠനത്തിലൂടെ സാധ്യമാകുന്നത്.

നാടോടി വിജ്ഞാനീയത്തിന്റെ ഏടുകളിൽ നാം സ്വന്തം സ്വരൂ തേടുകയാണു ചെയ്യുന്നത്. സ്വന്തം പാരമ്പര്യത്തോടുള്ള സ്നേഹം ഫോക്‌ലോർ പഠനത്തെ സഹായിക്കുന്നതു പോലെ, ഫോക്‌ലോർ പഠനം ആ പാരമ്പര്യത്തോടുള്ള കൂറിനെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഇന്ന് ഫോക്‌ലോർ പഠനം പുതിയ ഭാഷയിലേക്കു കടന്നിരിക്കുന്നു. കൈമാറ്റത്തെയും ആശയവിനിമയത്തെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പഠനം. ആ വീക്ഷണത്തിൽ ഫോക്‌ലോർ, ഭാഷയെപ്പോലെ ആശയവിനിമയത്തിനുള്ള ഒരുപാധിയാണ്. ഈ വീക്ഷണത്തിൽ, തെയ്യവും മറ്റും കൂടാതെ തിരുവാതിരകളി, കോലംതുള്ളൽ, വേലകളി, മരയനാട്ടം, മുടിയേറ്റ്, തുള്ളൽ, കുമ്മാട്ടിക്കളി, പടയണി തുടങ്ങിയ ഇരുപതിലധികം കലകൾ കേരളത്തെ പുളകമണിയിച്ചിരുന്നുവെന്ന് അറിയാൻ സാധിച്ചിട്ടുണ്ട്.

ലോകവീക്ഷണം തന്നെ കലകളായി, പാട്ടുകളായി, കലകളായി, മതമായി, മന്ത്രവാദമായി ഒക്കെ ജനജീവിതത്തിൽ നിലനിൽക്കുന്നു. ഇവയുടെ വിശകലനത്തിലൂടെ കേരളജനതയുടെ ലോകവീക്ഷണത്തെ തന്നെ അറിയാൻ സാധിക്കും. ഇവയെ വിശകലനത്തിനു വിധേയമാക്കുന്ന ഏകപഠനമേഖല ഫോക്‌ലോർ ആണ്.

ഫൈനൽ എഡിറ്റ്

കാലം മാറിവരുമ്പോൾ പഴയവ പലതും ഇല്ലാതാവും. പുതിയവ രംഗപ്രവേശം ചെയ്യും. കാലത്തെ അതിജീവിച്ച് കൊണ്ട്, പല കലാരൂപങ്ങളും നമ്മുടെ നാട്ടിൽ ഇന്നും നിലനിൽക്കുന്നുണ്ട്. എന്നത് ആശാവഹം തന്നെ.

آثار المسلمين وحضارة عامة في الهند

[ഇന്ത്യയിലെ മുസ്ലിം സ്മാരകങ്ങൾ]

للهند حضارة وثقافة قديمة في العالم بناء على معلومات خاصة. يبلغ هذه الحضارة إلى خمسة آلاف سنة. أول سكان الهند الدرافديون ثم الأريون. بعد ذلك وصل إلى الهند أجناس أخرى من أقطار شتى في مختلف الزمان مثل الإغريق ومنغول والفرس والعرب والبريطانيا.

حولنا آثار كثيرة تشير إلى ميزة الحضارة الهندية النادرة مثل القصور والهياكل والكنائس والمساجد وغيرها من الأبنية الجميلة القديمة منها برج أشوكا في سارنات وهيكل مهابليبورم ومنارة قطب وتاج محل.

جاء العرب إلى الهند وأسس السلطنة وساس بضع سبعمائة سنوات وخلفوا عدة آثار الإسلام والعلوم في جهات الهند.

أما المسجد الجامع في كاشمير فهو من أعظم الآثار الإسلامية وهو ذو صحن مكشوفة تزينه حديقة جميلة واسعة. هذا المسجد يسع آلافا من المصلين.

وفي دلهي آثار عظيمة للمسلمين منها "قلعة حمراء" و"المسجد الجامع" بدلهي بناهما الملك شاه جهان. المسجد تظهر عظمة في ارتفاعه وضخامة حجمه وروعة بنائه. وهو أعظم مساجد الهند.

"منارة قطب" في دلهي هو الأثر الإسلامي الرائع أسسه سلطان قطب الدين أيبك. هذا البرج يعد من أضخم وأجمل الأبراج الحجرية في العالم.

"تاج محل" مشهور في العالم والمعروف بإحدى عجائب الدنيا بناه أيضا الملك شاه جهان في آجرا تذكارا لزوجته الشابة ممتاز محل. وهو من روائع الفن المعماري كأنه قصيدة نقشت في الرخام. هكذا ترى آثار المسلمين كثيرة في جميع أنحاء الهند.

فللهنود ثقافة ممتزجة تحتوي على أديان وتقاليد مختلفة ولغات عديدة وفنون متنوعة مع ذلك يعيشون في أخوة تامة متحابين ومتعاونين. هذا هو التراث الذي يعتز به الهنود كلهم.

അഞ്ഞൂറ് വർഷത്തോളം പഴക്കമുള്ള ലോകപ്രസിദ്ധമായ പ്രാചീനസംസ്കാരങ്ങൾ ഇന്ത്യയിലുണ്ട്. ഇന്ത്യയിലെ ആദിമവംശജർ ദ്രാവിഡർ ആയിരുന്നു. തുടർന്ന് ആര്യന്മാർ വന്നു. അതിനുശേഷം വ്യത്യസ്തകാലങ്ങളിലായി ഗ്രീക്കുകാർ, മംഗോളിയർ, ഫ്രഞ്ചുകാർ, അറബികൾ, പോർച്ചുഗീസുകാർ തുടങ്ങി മറ്റുവിഭാഗങ്ങളും ഇന്ത്യയിൽ വന്നു.

ഈ ജനവിഭാഗങ്ങൾ പടുത്തുയർത്തിയ മനോഹരമായ കോട്ടകൾ, ക്ഷേത്രങ്ങൾ, ക്രൈസ്തവദേവാലയങ്ങൾ, മുസ്ലിംപള്ളികൾ തുടങ്ങിയവ നമുക്ക് ചുറ്റും പൗരാണിക സ്മാരകങ്ങളായി കാണാം. സാരനാഥിലെ അശോകസ്തംഭം, മഹാബലിപുരത്തെ ക്ഷേത്രം, കുത്തബ്മീനാർ, താജ്മഹൽ തുടങ്ങിയവ അവയിൽപെട്ടതാണ്.

ഇവിടെവന്ന് 700 വർഷത്തോളം ഭരണം നടത്തിയ അറബികൾ ഇസ്ലാമിക ചിഹ്നങ്ങളും, വിജ്ഞാനങ്ങളും അവശേഷിപ്പിച്ചുകൊണ്ടാണ് ഇന്ത്യവിട്ടത്.

വളരെ വിശാലമായ തോട്ടങ്ങളാൽ അലംകൃതമായ കാശ്മീർ ജുമാമസ്ജിദ് ഇതിന് ഉത്തമ ഉദാഹരണമാണ്. ആയിരക്കണക്കിന് ജനങ്ങൾക്ക് പ്രാർത്ഥിക്കാനുള്ള സൗകര്യം ഈ പള്ളിയിലുണ്ട്.

ഷാജഹാൻ ചക്രവർത്തി പണികഴിപ്പിച്ച ചെങ്കോട്ട, ഇന്ത്യയിലെ ഏറ്റവും വലിയ മസ്ജിദായ ഡൽഹി ജുമാമസ്ജിദ് തുടങ്ങിയവ ഡൽഹിയിലെ മഹത്തായ മുസ്ലിം സ്മാരകങ്ങളിൽപെടുന്നു. സുൽത്താൻ ഖുത്ബുദ്ദീൻ അയ്ബക്ക് പണികഴിപ്പിച്ച കുത്തബ്മീനാർ ഇസ്ലാമികസ്തംഭങ്ങളിൽ പ്രാധാന്യമർഹിക്കുന്നു. ഇത് ലോകത്തിലെ മനോഹരമായ ശിലകളാൽ നിർമ്മിതമാണ്.

ലോകാത്ഭുതങ്ങളിൽ ഒന്നായാണ് അറിയപ്പെടുന്ന താജ്മഹൽ അറിയപ്പെടുന്നത്. തന്റെ പ്രിയപത്നി മുംതാസ് മഹലിന്റെ സ്മാരകമായി ഷാജഹാൻ ചക്രവർത്തി പണികഴിപ്പിച്ചതാണിത്. ഇതുപോലെ ധാരാളം സ്മാരകങ്ങൾ ഇന്ത്യയിലുണ്ട്.

വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവരും വിവിധസംസ്കാരങ്ങൾ ഉൾക്കൊള്ളുന്നവരുമായ മതവിഭാഗങ്ങൾ സാഹോദര്യത്തോടും സൗഹാർദ്ദത്തോടും കൂടെ ഭാരതത്തിൽ വസിക്കുന്നു. ഇതാണ് ഇന്ത്യക്കാരെ മുഴുവൻ കോർത്തിണക്കുന്ന കണ്ണി.

Shehnaz K.M.
Nettoor
II B.A. Copy Editor

بسم الله الرحمن الرحيم

قل تعالوا أتل ما حرم ربكم عليكم ألا تشركوا به شيئا وبالوالدين إحسانا ولا تقتلوا أولادكم من إملاق نحن نرزقكم وإياهم ولا تقربوا الفواحش ما ظهر منها وما بطن ولا تقتلوا النفس التي حرم الله إلا بالحق.

Sayed Mohammad Haseem
Kalamassery
II B.Sc Chemistry

بسم الله الرحمن الرحيم

قل لا يستوي الخبيث والطيب ولو أعجبك كثرة الخبيث فاتقوا الله يا أولي الألباب لعلكم تفلحون (المائدة : ١٠٠)

പ്രവാചകൻ ജനങ്ങളോടു പറയുക: നല്ലതും ചീത്തയും ഒരിക്കലും തുല്യമാകുന്നില്ല. ചീത്തയുടെ പെരുപ്പം നിന്നെ എത്രതന്നെ ആകർഷിച്ചാലും ശരി...

Mohaseena Nazar
Mattanchery
II B.Sc Chemistry

Raoulathul Salim Salafi, Imam, Juma Masjid,
Neeara

'Kazhchakkappuram' (Section Title):
Neethu Das
I BSc Physics

ഉരുണ്ട ജീവിതങ്ങൾ

കഥ

Manoj Varghese
Kizhakkambalam
II Economics



തിരമാലകൾ തീരത്തേക്ക് ഒഴുകിയിരുന്നു. ചിലത് അയാളുടെ കാലുകളെ തഴുകി മടങ്ങി. മറ്റു ചിലത് ഓടിയരികിൽ വരാൻ ആഗ്രഹിച്ചുവെങ്കിലും പൊടുന്നനെ ഏതോ പ്രേരണയാൽ പാതിവഴിയിൽ മടങ്ങി.

എന്തിൽ നിന്നോ, ആരിൽനിന്നോ ഒളിച്ചോടുന്ന തിരമാലകൾ! എങ്ങുമെത്തിതീരാത്ത തിരമാലകൾ.

സന്ധ്യയെ കാണുവാനാണം കുനുങ്ങിയോടുന്ന കുഞ്ഞുമാലാഖമാരാണുവോ ഈ തിരമാലകൾ? അയാൾ പുഞ്ചിരിച്ചു.

ആൾക്കൂട്ടവും ആരവങ്ങളും ആഘോഷങ്ങളും നിറഞ്ഞ അന്തരീക്ഷത്തിൽ കായൽ കാറ്റേറ്റ് അയാൾ വെറുതെയിരുന്നു.

തിരകൾക്കുമീതെ പറന്നുയരുന്ന കടൽക്കാക്കകൾ. "താനും അങ്ങനെയായിരുന്നെങ്കിൽ" അയാൾ ആഗ്രഹിച്ചു. തിരമാലകൾ ഉയർന്നു ചാടുന്ന ഡെൽഫിനുകൾ. "താനും അവയെപ്പോലെയായിരുന്നെങ്കിൽ".

തന്റെ മുന്നിൽ കൈനീട്ടിയ ബാലികയുടെ താഴ്ന്ന കണ്ണുകൾ വെറുതെ ആഗ്രഹിച്ചുവോ? "ഇയാളൊരു മനുഷ്യനായിരുന്നുവെങ്കിൽ."

പത്തുരൂപാ അവൾക്ക് നല്കവേ വെട്ടിത്തിളങ്ങുന്ന കണ്ണുകൾ അയാൾ ശ്രദ്ധിച്ചു "കണ്ണുനീരിന് ഇത്രത്തെന്നെ തിളക്കമോ?" അവൾ സൗമ്യമായ് പുഞ്ചിരിച്ച് യാത്രപറഞ്ഞപ്പോൾ, ജീവിതത്തിലാദ്യമായ് പത്തുരൂപയുടെ വില അയാൾ മനസ്സിലാക്കി. അയാൾ വാച്ചിലേക്ക് നോക്കി.

കുറച്ചകലെ, മണലിൽ കൊട്ടാരങ്ങൾ തീർത്തുകൊണ്ടിരുന്ന കുട്ടികൾ.

കൊട്ടാരം കടലിനോടു പറഞ്ഞു. "ഞാൻ നിന്നെ സ്നേഹിക്കുന്നു"

തിരമാലകൾ ആഞ്ഞടിച്ചു. കൊട്ടാരം അലിഞ്ഞുപോയ്.

സ്നേഹിക്കുന്നവരെ വേദനിപ്പിക്കേണ്ടിവരുന്ന കടലിന്റെ വേദന. ജീവിതത്തെ സ്നേഹിക്കാൻ ആരംഭിക്കവേ, ജീവിതത്താൽ സകലതും തട്ടിയെടുക്കപ്പെട്ടവന്റെ നൊമ്പരം പേറുന്ന കൊട്ടാരത്തിന്റെ വേദന. ഏതു വേദനയോടു താൻ പകുചേരണം? ഒന്നിനെയും സ്വീകരിക്കാനോ നിഷേധിക്കാനോ കഴിയാത്ത, ഗതികെട്ട മനുഷ്യമനസ്സിന്റെ വിങ്ങലോടെ അലോഷി എഴുന്നേറ്റ് തിരികെ നടന്നു. ഒരോ ചുവടുവെയ്ക്കുമ്പോഴും ശവക്കുഴിയിലേക്ക് വഴുതിപോകുന്ന അനുഭവം.

വിധിയുടെ ഊരാക്കുടുക്കിൽ ഉടക്കിയിട്ട പടവുമായ് നടന്നു വരുന്ന പയ്യൻ അയാളെ നോക്കി പരിചയഭാവത്തിൽ പുഞ്ചിരിച്ചു. അയാൾ വേഗത്തിൽ നടന്നു. വിയർപ്പുതുള്ളികൾ നിരത്തിൽ ഇറ്റുവീണുകൊണ്ടിരുന്നു. ഇളനീരിന്റെ വില നല്കി അയാൾ നടന്നു.

മുന്നിൽ നീണ്ട വഴിത്താരകൾ.

... .

"സാറിനു തീരെ സുഖമില്ലാത്തിനാലാണ് ഇങ്ങനെയെല്ലാം തോന്നുന്നത് "

"ശരിയാ, വേദനയാ അലോഷി. എങ്കിലും സന്തോഷമാണ്. അലോഷിയെപ്പോലുള്ളവർ വരുമ്പോൾ കൂടുതൽ സന്തോഷം."

"കഴിഞ്ഞ പ്രാവശ്യം ഞാൻ വന്നിരുന്നുവെങ്കിലും, ഒന്നും സംസാരിക്കാനായില്ല, അന്ന് ഒത്തിരിപേർ സാറിനെ കാണാൻ വന്നിരുന്നു."

"അലോഷിക്ക് ഇനി എപ്പോൾ വേണമെങ്കിലും ഇവിടെ വരാം, സാധിക്കുമെങ്കിൽ നമുക്കു സംസാരിക്കാം മറ്റാരും ഇനിയിവിടെ വരില്ല."

"മനസ്സിലായില്ല?"

"ഇതുവരെ ഞാൻ തിരിച്ചു പഴയസ്ഥാനത്തു ചെല്ലുമെന്ന് അവർക്കു പ്രതീക്ഷയുണ്ടായിരുന്നു. ദേ ആർ ഓൾ മൈ സപ്പോർട്ടിനേറ്റ്സ്. എങ്കിലും അലോഷി, നീ വരില്ലേ? "

"ഞാൻ വരും. സാറിന്റെ ഈ ബർത്ഡേക്ക് തിർച്ചയായും."

"എങ്കിൽ അലോഷി 365 ദിവസവും ഇവിടെ വരേണ്ടിവരും."

"നന്നായി സാർ എല്ലാ ദിവസവും ജനിക്കുന്നുണ്ടോ?."

എന്തോ ഒരു വികാരം. എന്ത് അല്ലെങ്കിൽ എവിടെ എന്ന് ചോദിച്ചാൽ ഒന്നുപറയാൻ കഴിയില്ലെങ്കിലും എന്തോ ഒന്ന്. ഒരു മുള്ളായ്, സുഗന്ധമായ്, അത് അനുഭവപ്പെടുന്നു. അല്പങ്ങൾ ഇല്ലെങ്കിലും ആകുലതകൾ എപ്പോഴെന്നെ പെയ്തിറങ്ങാത്ത കാർമേഘാവൃതമായ ആകാശംപോൽ, എരിഞ്ഞുതീരാത്ത അഗ്നികുണ്ഡംപോൽ മനസ്സ്.

സങ്കൽപലോകത്തിലെ ഒരു രാജാവായ്, ഒരു വാണിഭാടിയായ്, പറന്ന് പറന്നുയർന്ന്, എല്ലാം കീഴടക്കി സാമ്രാജ്യങ്ങൾ വെട്ടിപിടിച്ച്..... സുഖമാണ് എന്നാൽ സമയം യഥാർത്ഥ്യങ്ങളിലേക്ക് എടുത്തെറിയുമ്പോൾ, നടുക്കുന്നിവിണയോരു ഭീകരം. ഒന്നുമില്ലാത്തവന്റെ നൊമ്പരം. ആ നൊമ്പരം ആത്മീയമാണ്. ആ നൊമ്പരം ആരാധനയാണ്, എല്ലാത്തിന്റെയും അധിപനായ ഒരു മൂർത്തിയോട്.....''

''ഒരു ഇൻജക്ഷൻ ഉണ്ട്.'' നഴ്സിന്റെ വാക്കുകൾ സംവാദം മുറിച്ചു.

പള്ളിമണിയടിക്കുവോ അമ്മവിളിച്ചു പറയും''മോനു, പള്ളിയിൽ പോ.'' അത് പതിവായിരുന്നു. ഒരിക്കൽ പള്ളിമണിയടിച്ചില്ല. അന്ന് മകനെ വിളിച്ചില്ല. മകനൊട്ടുമെഴുന്നേറ്റുമില്ല. പിന്നീടെല്ലാം പള്ളിമണിയടിച്ചപ്പോൾ ഉണരാനാവാത്തവിധം അവന്റെ മനസ്സ് വരവിച്ചിരിന്നു. പള്ളിമണിയൊച്ച കേൾക്കാതെ അവൻ പള്ളിയിൽ ചെല്ലുന്ന ഒരു ദിനം ദൈവം മറ്റാരേക്കാൾ കാത്തിരിക്കുന്നു. അവനെ ഗാഢനിദ്രയിലാഴ്ത്തി കാത്തിരിക്കുന്നു.....

''സാർ, കണ്ണുകൾ നിറഞ്ഞിരിക്കുന്നുവല്ലോ, ഇൻജക്ഷൻ വല്ലാത്ത വേദനയുണ്ടായിരുന്നോ?''

''ഇൻജക്ഷന് വേദനയില്ലായിരുന്നു അലോഷി, പക്ഷേ അതു തീർത്ത മൗനം വേദനാജനകമാണ്. പള്ളിമണികൾ നിറുത്താതെ അടിക്കുന്നതുപോലെ.....''

''സാറിന്റെ മകൾ ഇനിയും സത്യം മനസ്സിലാക്കിയില്ലല്ലോ എന്നോർക്കുമ്പോ, വളരെ സങ്കടമുണ്ട്.''

''അലോഷി, സത്യം. അത് ഒരു ചത്ത വാക്കുപോലെയോ. സത്യം സ്ഥിരമാണ്. സമയം സഞ്ചരിക്കുവേ സത്യം തെറ്റായ് വ്യാഖ്യാനിക്കപ്പെടും. പക്ഷേ സമയം സത്യത്തിലെത്തിച്ചേരും. സത്യം അംഗീകരിക്കപ്പെടും. വിണ്ടും അവഗണിക്കപ്പെടും.....സമയത്തെപ്പറ്റി പറഞ്ഞപ്പോഴാ ഓർത്തത്, സംസാരിച്ചിരുന്ന് ഏറെ വൈകിയിരിക്കുന്നു. എങ്കിൽ അലോഷി പോയ്ക്കൊള്ളൂ. എന്റെ എല്ലാവിധ ആശംസകളും. പിന്നെ, അനില മിക്കവാറും ഇവിടെ വരാറുണ്ട് നിന്നെപ്പറ്റി അന്വേഷിക്കാറുമുണ്ട്. അവൾ വരുമ്പോൾ ഞാനെന്തു പറയണം, നീ വരുമെന്നോ? അതോ.....''

''ഒന്നും പറയേണ്ട സാർ''

''അതെന്താ?''

''വരുമെന്നു പറഞ്ഞാൽ, അവൾ കാത്തിരിക്കില്ലേ.

വരില്ലെന്നു പറഞ്ഞാൽ അവൾ കരഞ്ഞിരിക്കില്ലേ,

രണ്ടും ഒരുപോലെ വേദനാജനകമാണ്.''

ബസ്സിൽ തിരക്ക് കുറവായിരുന്നു. എങ്കും അപരിചിതമായ മുഖങ്ങൾ, ശബ്ദങ്ങൾ. പാരയോരങ്ങളിലെ ചെറുകുടിലുകൾ അവയ്ക്കുമുന്നിൽ തെളിച്ച നക്ഷത്രങ്ങൾ.....തെങ്ങികരഞ്ഞ്, ബസ്സ് അവസാന ചുരവും കയറവേ ഭൂതകാലത്തിന്റെ വേലിയേറ്റങ്ങൾ.

''നമുക്കുമാത്രം നക്ഷത്രങ്ങളില്ല പുൽക്കുടുമില്ല.''

''നോക്കു മോനു, നമ്മുടെ കൊച്ചുവീട് ഒരു പുൽക്കൂടല്ലേ?''

''അപ്പോ നക്ഷത്രങ്ങൾ?''

''ആകാശത്തിൽ ഒരായിരം നക്ഷത്രങ്ങൾ വിരിഞ്ഞിരിക്കുന്നത് നമ്മുക്കു വേണ്ടിയല്ലേ?''

''അമ്മ വട്ടു പറയുന്നതാ.''

''അല്ലാ കുട്ടാ, ഈ പുൽക്കുടിലിൽ അമ്മക്ക് എന്നും ക്രിസ്തുമസാ, മോനുവാണ് അമ്മയുടെ ഉണ്ണിശോ''.

''ഞാൻ ഉണ്ണിശോയാണെങ്കിൽ അമ്മ ഉണ്ണിശോയുടെ അമ്മയല്ലേ? അപ്പോ, ഉണ്ണിശോയുടെ അപ്പാ ആരാകും?''

''അപ്പാ.....അത്.....അപ്പാ..... നമ്മുടെ ടിപ്പു.''

''ടിപ്പു പട്ടിയല്ലേ? ടിപ്പുവെങ്ങനെയാ ഉണ്ണിശോയുടെ 'അപ്പാ' യാകുന്നത്? ടിപ്പു കുരയ്ക്കുന്നില്ലേ?''

''അപ്പോ, ഉണ്ണിശോയെ കാണാൻ രാജാക്കൻമാർ സമ്മാനങ്ങളുമായ് വരില്ലേ?''

''വരില്ലേ?''

''രാജാക്കൻമാർ വരാറാവുന്നതെയുള്ളൂ.''

''രാജാക്കൻമാർ എങ്ങനെയാണു വരിക?''

''രാജാക്കൻമാർ നാലുകാലിമായിരിക്കും വരിക.''

''അപ്പോ കുതിരപ്പുറത്തായിരിക്കുമല്ലേ?''

''അമ്മയുടെ ഉണ്ണിശോ മിണ്ടാതെ കിടന്ന് വേഗമുറങ്ങിക്കേ.''

....

''മോനു എഴുന്നേൽക്കു.''

''ഇന്നലെ രാജാക്കൻമാർ വരുമെന്നു പറഞ്ഞിട്ട്...?''

''വന്നിരുന്നല്ലോ, മൂന്നുരാജാക്കൻമാർ''

''എന്നിട്ട് എന്തേ എന്നെ വിളിച്ചില്ല''

''വിളി കേൾക്കാത്തവിധം മോനു ഉറങ്ങുകയായിരുന്നു.''

''സമ്മാനങ്ങൾ വല്ലതും തന്നോ?''

''തന്നല്ലോ, മൂന്ന് പൂറിന്റെ നോട്ടുകൾ.''

''അതെന്താ രാജാക്കൻമാർ കാശു തന്നത്?''

''അവർക്ക് കാശു മാത്രമേയുള്ളൂ''

''സാറ്, സ്ഥലായ്ട്ടോ'' കണ്ടക്ടർ വിളിച്ചുപറഞ്ഞു. ബസ്സിറങ്ങിയപ്പോ ഇരുട്ടിയിരുന്നു. ഇടവഴികളും വയൽവരമ്പുകളും താണ്ടി അവസാനം നാല് കവലയിലെത്തിയപ്പോ, മുന്നിൽ തെളിയുന്ന വഴിയാത്രക്കാർക്ക് രാജാക്കൻമാരുടെ രൂപസാദൃശ്യങ്ങളോ? രാജാക്കൻമാരും യാചകരും ഒരേ വഴിയിൽ. യാചകരെ തിരിച്ചറിയാം, രാജാക്കൻമാരെ തിരിച്ചറിയാനാവുന്നില്ലല്ലോ. അയാൾ പുഞ്ചിരിച്ചു.

ചിരിക്കുമ്പോഴും തറച്ചുകയറുന്ന ചെറുദുഃഖങ്ങളുടെ തലോടലായ്... ഓർമ്മകളുടെ ഓളങ്ങൾ തീർക്കുന്ന പട്ടിപുല്ലിന്റെ സ്നേഹപ്രകടനം പറിച്ചുനീക്കവേ അമ്മ ഒരോർമ്മയായ് ഒഴുകിയെത്തുന്നു.

''മോനു തിരിച്ചുവാ.''

''ഇല്ല. നിങ്ങൾ വേശ്യയാ. നിങ്ങളുടെ സ്നേഹത്തിന് പട്ടിപുല്ലിന്റെ വിലയേയുള്ളൂ.''

''പട്ടിപുല്ലിന്റെ സ്നേഹം എന്റെ മോന് എന്നെങ്കിലും മനസ്സിലാകട്ടെ.''

നടന്ന വഴികളിൽ പതിഞ്ഞ കുർത്തകളുകളിൽ തട്ടിവീണപ്പോൾ ചതഞ്ഞ പട്ടിപൂളിന്റെ മുള്ളുകൾ അമർത്തി പിടിച്ച തോർത്തപ്പോൾ അയാൾ വിളിച്ചു. "അമ്മേ!"

കണ്ണീരിൽ കുതിർന്ന മണ്ണിനുമുന്നിൽ അയാളുടെ ഹൃദയം നുറുങ്ങി. തന്റെ കൊച്ചുകുടിൽ അപ്രത്യക്ഷമായിരിക്കുന്നു. അമ്മ മരിച്ചിരിക്കാം. മരണം മാത്രം ആരേയും വെറുക്കുന്നില്ലല്ലോ. അകറ്റിനിർത്തുന്നില്ലല്ലോ. വേശ്യയെ അകറ്റിനിർത്തി സ്വന്തമാക്കിയവർ, വേശ്യാലയവും സ്വന്തമാക്കിയിരിക്കുന്നു. മുള്ളുകളെയ്ത് അമ്മയുടെ ഹൃദയം കീറിയവർ തീർത്ത മുള്ളുവേലികൾ, രക്തദാഹികളായ് അയാളെ തുറിച്ചുനോക്കി.

മുള്ളുവേലിക്കു സമീപം നിൽക്കുന്ന അപരിചിതൻ ആരാണ്? കുഞ്ഞുകുഞ്ഞിന്റെയും ഗോവിന്ദൻനായരുടെയും വീട്ടുകാർ ഒരുപോലെ അസ്വസ്ഥരായ്. ബന്ധങ്ങളുടെ ശേഷിപ്പുരേഖയിൽനിന്നും ഗോവിന്ദൻനായർ നീട്ടിവിളിച്ചു. "കുഞ്ഞുഞ്ഞേ, വാ നമുക്കൊന്ന് നോക്കാം."

അലോഷി റോഡിൽനിന്നുമെഴുന്നേൽക്കാൻ ശ്രമിച്ചു. രക്തമൊലിക്കുന്ന മുറിവുകൾ. അയാൾ റോഡരികിൽ ഇരുകൈയും കുത്തിയിരുന്നു. എന്തിനാണ് ആ മനുഷ്യർ തന്നെ അടിച്ചത്. എന്താണ് താൻ ആ മനുഷ്യരെ തിരിച്ചടിക്കാതിരുന്നത്. ഒരുപക്ഷേ തന്റെ വിശ്വദർശനമാകാം (അഹനാരെന്നു പറയാത്ത അമ്മയുടെ വാശി). സ്വയം വേദനിപ്പിച്ച്, പൊട്ടിയ ചുണ്ടുകൊണ്ട് ചിരിക്കാൻ ശ്രമിക്കവേ അയാൾക്കുതോന്നി "ജീവിതം ഉരുണ്ടതാണ്."

ഭൂമി പരന്നതോ ഉരുണ്ടതോ ആകട്ടെ. എങ്കിലും ജീവിതം ഉരുണ്ടതുതന്നെ. അല്ലെങ്കിൽ ഇനിയൊരിക്കലും തിരിച്ചുവരില്ലെന്നുറപ്പ്, എല്ലാവരെയും പഴിച്ചിറങ്ങിപ്പോയിടത്ത് വീണ്ടും വന്നെത്തുമോ? സ്വന്തമായ് തനിക്കൊടുചേർത്ത പല ശരികളും തിരിഞ്ഞുനോക്കവേ വലിയ തെറ്റുകളായും, പൊറുക്കാനാവാത്തതെന്ന് സമൂഹം ആരോപിച്ചതും, മനസാക്ഷി കുറ്റപ്പെടുത്തിയതുമായ പല തെറ്റുകളും ശരികളുമായ് മാറുന്നോ, ശരികളിലൂടെ സഞ്ചരിച്ച് തെറ്റുകളുടെ കൂറ്റാകൂറ്റിരുട്ടിൽ എത്തിച്ചേർന്നതാൻ, തെറ്റുകളിലൂടെ ഒരുപക്ഷേ ശരിയിലേക്ക് എത്തിച്ചേരാവുന്ന ആ മനുഷ്യരോട് എന്തിനു സഹതപിക്കണം. ആ 'ശരിയും' പിന്നീട് തെറ്റെന്ന് വ്യാഖ്യാനിക്കപ്പെടുമെങ്കിൽ ശരിക്കും തെറ്റിനുമിടയിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന ഒരുവന്റെ ജീവിതം എങ്ങനെ ഉരുണ്ടതല്ലാതാവും?

വേദനകളുടെ കിടക്കയിൽ തളർന്നുറങ്ങിയ തന്നെ തനിച്ചാക്കി താനറിയാതെ, ഒന്നും ഉരിയാടാതെ, ഒരു വേശ്യയെപ്പോലെ കടന്നുപോയ സന്ധ്യ, ഇന്ന് വീണ്ടും ജീവിതത്തിന്റെ ഭാഗമായ് തീരവേ, ഇന്നലെ കാറ്റേറ്റ് കൊഴിഞ്ഞ സ്വപ്നങ്ങളും, കുളിരേറ്റ് വിരിഞ്ഞ പുഷ്പങ്ങളും, നവരസങ്ങളിലൂടെ ആവിഷ്കരിക്കുന്ന ആ വലിയ കലാകാരികൾ രംഗപ്രവേശനത്തിനായ് കാത്തിരിക്കവേ, രാത്രിക്കും പകലിനുമിടയിൽ നിഴലിനും പൊരുളിനുമിടയിൽ ഉഴലുവാൻ വിധിക്കപ്പെട്ടവന്റെ ജീവിതം ഉരുണ്ടതുതന്നെ.

ഒഴുക്കിനെതിരെ നീന്തുകയും, അതിനിടയിൽ എപ്പോഴോ സംഭവിക്കുന്ന ഒരു തളർച്ച, ഭൂതകാലത്തിന്റെ ഭാഗമായ വഴിത്താരകളിലൂടെ സഞ്ചരിക്കുവാനും, അവസാനം അവിടെ കുടിലുകൾ തീർക്കാനാവതെ യാഥാർത്ഥ്യങ്ങളിലേക്ക് മടങ്ങുകയും ചെയ്യുമ്പോൾ, ജീവിതം ഉരുണ്ടതായ് മാറുന്നില്ലേ? ജീവിതം ഉരുണ്ട ഒരു ഗോളമാണെങ്കിൽ അതിന് സ്ഥിരമായൊരു കേന്ദ്രബിന്ദുവുണ്ടോ?

എല്ലാ ബിന്ദുക്കളും, എല്ലാ നിമിഷങ്ങളും കേന്ദ്രബിന്ദുക്കൾ തന്നെ. താൻ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായ് മാറിയിരിക്കുന്നുവോ? എന്റെ സ്വപ്നങ്ങളും കണ്ണുനീരും വിജയങ്ങളും വീഴ്ചകളും എന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദുക്കളാണെങ്കിൽ.....

പുതിയൊരു ശക്തി അയാളുടെ സിരകളിലൂടെ പ്രവഹിക്കുകയായ്. കീറിയെറിയപ്പെട്ട തന്റെ ഷേർട്ട് കുറച്ചകലെ അയാൾ കണ്ടു. അവ കീറിയെറിയപ്പെട്ട തന്റെ ആദർശങ്ങളാണോ? സത്യം, അതല്ലേ സത്യം. ജനനമരണങ്ങൾക്കിടയിൽ സമൂഹം ധരിപ്പിക്കുന്ന, ഒരുവൻ സ്വയം തിരഞ്ഞെടുക്കുന്ന, ഇഷ്ടംപോലെ മാറുന്ന, അവസാനം മരണവേളയിൽ സമൂഹം അടിച്ചേൽപ്പിക്കുന്ന ആ വസ്ത്രം ഇനിയെന്തിന്. ഒക്കം പുരണ്ട ഖദർ ഷേർട്ട് വിപ്ലവം വാഹിക്കുന്നുവോ? ഗാന്ധി, മാർക്സായ് മാറിയിരിക്കുന്നുവോ....? മാർക്സിൽ നിന്നും മനുഷ്യനിലേക്കുള്ള ദൂരം ഷേർട്ടിനും തനിക്കുമിടയിൽ അലോഷി അളക്കാൻ ആഗ്രഹിച്ചു. അയാൾ പതിയെ എഴുന്നേറ്റു. കാലുകൾ വേച്ചുപോകുന്ന ഒരു ശിശുവിനെപ്പോലെ അയാൾ നടന്നു, ആ നാല്കവല വരെ. അയാൾ അവിടെ നിന്നു. എല്ലാവഴികളും അവിടെ അവസാനിക്കുന്നതുപോലെ, എല്ലാവഴികളും അവിടെനിന്നും ആരംഭിക്കുന്നതുപോലെ.....

ചിരിക്കൂ ചിന്തിക്കൂ

ഒരു ദിവസം ഉച്ചയ്ക്ക് നസ്രുദ്ദീൻ മുള്ള വീട്ടുമുറ്റത്ത് എന്തോ പരതുകയായിരുന്നു. ഇതുകണ്ട സുഹൃത്ത് കാര്യമന്വേഷിച്ചു.

"ഒരു നാണയം കാണുന്നില്ല." ഉത്തരം. നാണയം പരതാനായി സുഹൃത്തും കൂടി.

"എവിടെയാ മുള്ളാ നാണയം കളഞ്ഞുപോയത്?"

"അത് ബെഡ്റൂമിലാ."

"പിന്നെന്താ ഇവിടെ പരതുന്നത് ?"

"ഓ അവിടെപ്പറ്റെ ഇരുട്ടാ. ഇവിടാണേൽ ഇഷ്ടംപോലെ വെട്ടമുണ്ടല്ലോന്നു കരുതി."

With best compliments from :

Puthuma

Textiles & Readymades

Thevara Jn., Ph : 2359278

(Authorised Dealer)

Bombay Dyeing & Mafatlal Fabrics

School Uniforms on contract

ransferred to his stories. He was a lover
of the world from a pessimistic view poi
Dryad' etcetera. He spoke of nature
les like 'the Bell' and 'The Nightingale'
nticism and the dawn of Realism. His n
ms from an undogmatic form of

ങ്ങൾ പോലെ തോന്നിക്കുന്നുണ്ട്. ജീവിതത്തിൽ നിന്നും ഈ ഗന്ധർവ്വ
ദ്ധ്യം അണഞ്ഞുപോയപ്പോൾ താനനുഭവിച്ച ശൂന്യതയും ഏകാന്തതയു
ഴവും എഴുത്തുകാരി നമ്മിലേയ്ക്ക് പകരുകയാണിവിടെ. 'പത്മരാജ
രോർമ്മ മാത്രമായി മാറിയ നിമിഷങ്ങളെക്കുറിച്ചും ഇതിൽ പ്രതിപാദിക്കു

Preeni Emilia K.G.
Kacherippady
II BSc Physics

വായനാവിശേഷം

ഇതിഹാസം; ഒ.വി. വിജയന്റെ, പിന്നെ ഖസാക്കിന്റെയും

കരിമ്പനകളിലെ കാറ്റ്

അപൂർണ്ണതയെ വിവരിക്കാനാവും. പൂർണ്ണതയെ എങ്ങനെ വിവരിക്കും? ആശ്ചര്യത്തോടെ നോക്കിനിൽക്കാൻ കഴിഞ്ഞേക്കും. തൊണ്ടയിൽ കുരുങ്ങുന്ന വാക്കുകളും ആത്മാവിനെ നനയ്ക്കുന്ന കണ്ണീരും ഹൃദയത്തിൽ നിറയുന്ന സന്തോഷവും ആണ് അപ്പോൾ ഏതൊരു മനുഷ്യനും ഉണ്ടാവുക. അദ്ദേഹം അവ ആവിഷ്ക്കരിക്കുകയും അത് വായിച്ചവരും ദർശിച്ചവരും അവ അനുഭവിക്കുകയും ചെയ്തു.

കാറ്റ് ചലിപ്പിക്കുന്ന കരിമ്പനകൾ പോലെ.....

'ഒ.വി. വിജയൻ' എന്നീ അക്ഷരങ്ങൾ അദ്ദേഹത്തിന്റെ പേരിനെ കുറിക്കുന്നുവെങ്കിൽ ഈ ലോകത്തെ എല്ലാ അക്ഷരങ്ങളും ചേർത്തു വച്ചാലും നിർവചിക്കാനാവാത്ത പൂർണ്ണത അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്നു.

നാമിഞ്ഞറിയുവതല്പം

അല്പം മാത്രം അറിയുന്നവന്റെ പരാക്രമം. അതാണ് മനുഷ്യജീവിതം എന്ന് അദ്ദേഹത്തിന്റെ സൃഷ്ടികൾ ഓർമ്മിപ്പിക്കുന്നു. മനുഷ്യജന്മത്തിന്റെ കഥാഗതികൾ തിരയുന്ന സന്ദർഭങ്ങളും അനുഭവങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ ഉടനീളം കാണാം.

കണ്ണമ്മയെയും ദേവകിയെയും ഓർമ്മയില്ലേ! "എനിക്ക് ഇഞ്ഞീം രെമ്മയുണ്ട് എന്ന് പറഞ്ഞ ദേവകിയെ!" "അമ്മയ്ക്ക് നെനവില്ലമ്മ? അന്ന് കൊളക്കടവില്? " "എന്ന്, മകളേ? " കണ്ണമ്മ ചോദിച്ചു. "അന്ന് അന്ന് ഒര്പാടന്ന്. അമ്മ കുളിയ്ക്കുമ്പോ നാനതിയേ പറ്റിപ്പറ്റി വന്നിലമ്മാ?"

കണ്ണമ്മ പെട്ടെന്നോർത്തു. അഞ്ചുകൊല്ലവും പത്ത്മാസവും മുമ്പ് അവൾ കുളക്കടവിൽ ഒറയ്ക്ക് കുളിച്ചുനില്ക്കെ, കുളത്തിന്റെ മേടു താണ്ടി ഒരു ശ്മശാനയാത്ര കടന്നുപോവുകയായിരുന്നു.

ഇത്തരം ഓർമ്മകൾ നമ്മെ ആശ്ചര്യപ്പെടുത്താറില്ലേ?

കല്പക വൃക്ഷത്തിന്റെ തൊണ്ടുകൾ

അമ്മയുടെ വയറും ചാരി ആകാശത്ത് നോക്കിയിരുന്നു കല്പകവൃക്ഷത്തിന്റെ തൊണ്ടെണ്ണുന്ന നക്ഷത്രക്കുട്ടൻ.

മൺമണ്ണകളിൽ കഞ്ഞിവിളമ്പുമ്പോൾ തന്റെ മണ്ണകളിൽ നിന്ന് വറ്റ് പിടിച്ചെടുത്ത് "തെക്കൻ ബല്താകട്ടെ" എന്ന് പറഞ്ഞ് കുഞ്ഞുനൂലിന് കൊടുക്കുന്ന ചാത്തുമുത്തു.

'നൊന്തെങ്കിലും മയില് തന്നെ കൊത്തിയല്ലോ' എന്ന് നിറഞ്ഞ മനസോടെ പറയുന്ന കുഞ്ഞാമിന.

ഹൃദയം നിറയ്ക്കുന്ന സന്തോഷം ഈ കുഞ്ഞുങ്ങൾ പകരുന്നു. അവരുടെ സന്തോഷത്തിന് കണ്ണീരിന്റെ നനവ് ഉണ്ടെങ്കിൽകൂടി.

പാഥേയം

"മകനേ!" കണ്ടുണ്ണി മറുവിളി വിളിച്ചു. "അപ്പാ!" രണ്ടുവാക്കുകൾ മാത്രം. രണ്ട് വാക്കുകൾക്കിടയ്ക്കു ദു:ഖത്തിന്റെ മാനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.

"മകനേ നീ എന്തു ചെയ്തു!" "എനിക്കോർമ്മയില്ല." "സാരമില്ല മകനേ ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല." "പാറാവുകാർ ഓർമ്മിക്കുമോ?" "ഇല്ല മകനേ." "അപ്പൻ എന്റെ വേദന ഓർമ്മിക്കുമോ?" ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി. "അപ്പാ എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ." രണ്ടു വാക്കുകൾക്കിടയ്ക്ക് ഈ വിനയമത്രയും. വെള്ളായിയപ്പനെ നമുക്കോർക്കാം. തന്റെ മകനായ കുണ്ടുണ്ണിയെ അവസാനമായി കാണാൻ ചെന്ന വെള്ളായിയപ്പൻ. മകനായി വെള്ളായി കരുതിയ പാഥേയം! അത് നമ്മുടെ ആത്മാവിനെയും ഈറനണിയിച്ചില്ലേ?

തൊണ്ടയിൽ കുരുങ്ങുന്ന ചില വാക്കുകൾ

ഖസാക്കിലൂടെയുള്ള രവിയുടെ യത്ര ഒരു ഇതിഹാസമായി മാറുകയായിരുന്നു. ഖസാക്കിൽ രവി കണ്ടുമുട്ടിയവർ ആ ഇതിഹാസത്തിലെ കഥാപാത്രങ്ങളും. ഖസാക്കെന്ന ഗ്രാമം ദിവ്യമായ ഒരു ഭൂമിയായും മാറി. ആ ഇതിഹാസകഥ നമ്മോടു പറഞ്ഞ ആ മനസ്സും പൂർണ്ണതയിൽ അലിഞ്ഞിരിക്കുന്നു. സാമൂഹികവും രാഷ്ട്രീയവും ഭൗതികവുമായ കാര്യങ്ങളെക്കുറിച്ച് വരയിലൂടെയും, ചെറുകഥകളിലൂടെയും, ലേഖനങ്ങളിലൂടെയും അദ്ദേഹം നമ്മോട് സംസാരിച്ചു. ഏറ്റവും നല്ല കാർട്ടൂണുകളും, രാഷ്ട്രീയലേഖനങ്ങളും, ആ വിരലുകളിൽ നിന്നും പിന്നെ ധിഷണയിൽനിന്നും പിറവി കൊണ്ടു. അടിയന്തിരാവസ്ഥ, യുദ്ധങ്ങൾ തുടങ്ങി ഇന്ത്യാചരിത്രത്തിലെ സുപ്രധാനസംഭവങ്ങൾ അദ്ദേഹത്തിന്റെ എഴുത്തിലൂടെയും വരകളിലൂടെയും പുനരവതരിച്ചു. അവ എല്ലാവരെയും ചിരിപ്പിച്ചു, ചിന്തിപ്പിച്ചു.

നാം മറന്നുപോകുന്ന എന്തോ ഒന്ന് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് ഖസാക്കിന്റെ കഥ അദ്ദേഹം രവിയിലൂടെ പറഞ്ഞത്. നാം നേടുന്ന വിജയത്തിന്റെ സന്തോഷത്തിലും നമ്മെ പിന്തുടരുന്ന ഒരു ഹൃദയവ്യഥ. ആര്? അല്ലെങ്കിൽ എന്തിന്? ഇങ്ങനെ നാം ഓർക്കാനിഷ്ടപ്പെടാത്ത ചോദ്യങ്ങൾ തുടങ്ങി പലതും. പണ്ട് പണ്ട് നടക്കാനിറങ്ങിയ ആ രണ്ട് ജീവബിന്ദുക്കൾ. ഒടുവിൽ പൂ നുള്ളാനെത്തിയ കുട്ടിയോട് അനുജത്തി, നീയെന്നെ മറന്നുവല്ലോ എന്ന് പറയുന്ന ചെമ്പകം.

യുദ്ധങ്ങളും സമരങ്ങളും; അവയുടെ ആദ്യന്തം എന്തെന്ന് അന്വേഷിച്ചു ഉത്തരം കിട്ടാത്ത കുഞ്ഞുണ്ണി ഒടുവിൽ തന്റെ ഗുരു, താൻ മകളെന്നു വിശ്വസിച്ചിരുന്ന കല്യാണി എന്ന കുട്ടിയാണെന്ന് തിരിച്ചറിയുന്നു. ഗുരുസാഗരം ഗുരുവിനെ അന്വേഷിക്കാൻ നമ്മെയും പ്രേരിപ്പിക്കുന്നു. ഗുരുവാകുന്ന സാഗരത്തിൽ നിന്നും കുഞ്ഞുണ്ണിക്ക് ലഭിക്കുന്നതും ഒരു പക്ഷേ ഖസാക്കിൽ നാം ഓർമ്മിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയാണ്. അത് അദ്ദേഹം തന്റെ ജീവിതാനുഭവങ്ങളിൽനിന്ന് കണ്ടെത്തിയതാവാം.

ചിലന്തി

ജീവിതത്തിൽ ചിലന്തിയെ ഭയപ്പെട്ടിരുന്നെങ്കിലും അത് അദ്ദേഹത്തിന്റെ കൃതികളിൽ പലയിടത്തും പ്രതീകങ്ങളായി പ്രത്യക്ഷപ്പെട്ടു. ചിലപ്പോൾ പുനർജന്മത്തിന്റെയും, ചിലപ്പോൾ തങ്ങളുടേതാണ് ലോകം എന്നു വിശ്വസിക്കുന്ന മനുഷ്യരുടേയും.

അദ്ദേഹം സൃഷ്ടിച്ച ബോധിവൃതന്റെ യാത്രകൾ ജീവിതത്തിന്റെ പൊരുൾ തേടിയായിരുന്നു. നമ്മെ ചിരിപ്പിച്ചുകൊണ്ട്, കുഴപ്പിച്ചുകൊണ്ട് ചിന്തിപ്പിക്കുന്ന യാത്രകൾ.

ഇതിഹാസകാരന്റെ കൃതികളിൽ വിളങ്ങുന്നത് പ്രപഞ്ചത്തിന്റെ പൂർണ്ണതയാണ്. അപൂർണ്ണമാകുന്ന മനുഷ്യജന്മത്തിലെ യാത്രയിൽ അത് തീർച്ചയായും വഴികാട്ടിയാകും.

Shehnaz K.M
Nettoor
II B.A. Copy Editor

വായനാവിശേഷം

വിദ്യാഭ്യാസ രംഗം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ

വിദ്യാഭ്യാസത്തിനു നല്കുന്ന പ്രാധാന്യമാണ് ഏതൊരു രാജ്യത്തിന്റെയും പുരോഗതിയുടെ ആദ്യചവിട്ടുപടി. പണ്ഡിതന്മാരും വിദ്യാഭ്യാസവിദഗ്ദ്ധരും ഭരണകർത്താക്കളുമെല്ലാം ഇക്കാര്യത്തിൽ അതീവശ്രദ്ധ ചെലുത്തേണ്ടതാണ്.

'വിദ്യാഭ്യാസപ്രശ്നങ്ങൾ ഇന്നലെ, ഇന്ന്, നാളെ' എന്ന ഗ്രന്ഥത്തിലൂടെ പ്രശസ്ത വിദ്യാഭ്യാസചിന്തകനായ ഡോ. എം.വി. പൈലി നമ്മുടെ വിദ്യാഭ്യാസരംഗം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നു. 1966 മുതൽ 1998 വരെ എഴുതപ്പെട്ടിട്ടുള്ള മുപ്പത്തിയാറ് ലേഖനങ്ങളാണ് അദ്ദേഹം ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

എണ്ണവും വലിപ്പവും കൂടിയിട്ടുണ്ടെങ്കിലും വികസിതരാജ്യങ്ങളിലെ നിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലവാരം വളരെ ശോചനീയമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കേരളത്തിന്റെ ശ്രദ്ധേയമായ ഒരു നേട്ടം ഉയർന്ന സാക്ഷരതാനിരക്കും ആൺപെൺവ്യത്യാസമില്ലാതെയുള്ള പ്രൈമറി വിദ്യാഭ്യാസവുമാണ്.

സ്കൂൾ വിദ്യാഭ്യാസം വൻവ്യവസായമായി മാറിയിരിക്കുന്നു. സർക്കാർ വിദ്യാലയങ്ങളുടെ സൗകര്യക്കുറവ്, നിലവാരമില്ലായ്മ എന്നി പ്രശ്നങ്ങൾ വിദ്യാർത്ഥികളെ ഇവിടങ്ങളിൽ നിന്നകറ്റുന്നു. സ്കൂളുകളുടെ പെരുപ്പം മൂലം മുന്നിയ വിദ്യാലയങ്ങൾ പ്രവേശനം സംഘ വനയുടെ അടിസ്ഥാനത്തിലാക്കി. അദ്ധ്യാപക നിയമനങ്ങളിൽ യോഗ്യത മാനദണ്ഡമാകാതെ പോയി.

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ ഏറ്റവുമധികം കേരളത്തിലാണത്രേ! വിലകുറഞ്ഞ ഉല്പന്നങ്ങൾ പടച്ചുവിടുന്ന വ്യവസായ ശാലകളായി മാറിയിരിക്കുകയാണ് കേരളത്തിലെ കോളേജുകൾ. ഈ അവസ്ഥയ്ക്ക് മാറ്റം വരണം. കേരളത്തിന്റെ വിദ്യാഭ്യാസ നിലവാര തകർച്ചയ്ക്കുള്ള കാരണങ്ങൾ ലേഖകൻ അക്കമിട്ടുനിരത്തുന്നു.

സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവ് കേരളവിദ്യാഭ്യാസരംഗത്തെ ഏറ്റവും വലിയ പ്രശ്നമായി ഡോ.എം.വി. പൈലി ചൂണ്ടിക്കാട്ടുന്നു.

രൂക്ഷമായ മറ്റൊരു പ്രശ്നം ക്യാമ്പസ് രാഷ്ട്രീയമാണെന്നും അദ്ദേഹം തുറന്നുപറയുന്നു. അപക്വമായ രാഷ്ട്രീയപ്രവർത്തനം വ്യക്തിവൈരാഗ്യത്തിനും അക്രമത്തിനും വഴിവയ്ക്കുന്നു. ഇതോടൊപ്പം അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും രാഷ്ട്രീയവും സംഘടനാബാഹുല്യവും തൊഴിൽനിഷേധനിലപാടും ക്യാമ്പസിനെ പിന്നോട്ടുതള്ളുന്നു. സാമ്പത്തികപരാധീനത വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ചയ്ക്ക് ആക്കം കൂട്ടി.

യു.ജി.സി. സ്കീം കേരളത്തിൽ നടപ്പാക്കിയപ്പോൾ പ്രീഡിഗ്രി ബോർഡ് ഒരാവശ്യമായിത്തീർന്നു. ഇ.എം.എസ്സിന്റേയും സി.എച്ചി ന്റേയും കാലംമുതൽ കരുണാകരന്റേയും ടി.എം. ജേക്കബിന്റേയും കാലംവരെ ചർച്ച തുടർന്ന ഒരു വിഷയമാണിതെന്നാണ് ലേഖകൻ പറയുന്നത്. തന്റെ പ്രവർത്തനവും ഈ രംഗത്തുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന ലേഖകൻ പ്രീഡിഗ്രി ബോർഡിന്റെ നേട്ടങ്ങൾ എണ്ണിപ റയുന്നു. പലവിധ വിമർശനങ്ങൾക്കും സമരങ്ങൾക്കും വഴിവെച്ചശേഷമാണ് പ്ലസ്-2 രൂപം കൊണ്ടത്. പ്ലസ്-2 തുടങ്ങിയ കാലഘ ട്ടത്തിൽ സർക്കാർ സ്കൂളുകളുടെ അപര്യാപ്തത കുറച്ച് പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ഭാരതത്തിന്റെ ഉന്നതപാരമ്പര്യത്തിലേയ്ക്ക് ലേഖകൻ നമ്മുടെ ശ്രദ്ധ തിരിച്ചുവിടുന്നുണ്ട്. സ്വാതന്ത്ര്യം കിട്ടിയതോടെ ഭാരതമാകെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിക്കപ്പെട്ടു. ഭാരതത്തിലെ മിക്കവാറും എല്ലാ ഭാഷകളും ശാസ്ത്രസാങ്കേതികവിജ്ഞാനം കൈകാര്യം ചെയ്യുന്ന കാര്യത്തിൽ അവികസിതമായിരുന്നു എന്നതാണ് പരമാർത്ഥം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്ഥാപനം വഴി ഈ സ്ഥിതി ഏറെ യൊക്കെ മാറ്റിയെടുത്തു. എങ്കിലും, ശാസ്ത്രസാങ്കേതികവിഷയം കൈകാര്യം ചെയ്യുവാൻ കഴിവുള്ള പണ്ഡിതരായ എഴുത്തുകാർ മല യാളത്തിൽ ഇന്നും തുലോം ചുരുക്കമാണ്. ശാസ്ത്രസാങ്കേതികവിജ്ഞാനം സാധാരണക്കാരുടെ ജീവിതരീതിയിൽ പ്രതിഫലിപ്പിക്കാൻ കഴിയണം എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ശാസ്ത്രപഠനത്തിന് അനുയോജ്യമായ ഒർജിനൽ വർക്കി ന്റെ അഭാവം മലയാളഭാഷയിൽ ഉള്ളതിനാലുള്ള ബുദ്ധിമുട്ട് ഏറെയാ ണ്. ലോകഭാഷയായി മാറിയ ഇംഗ്ലീഷിന്റെ പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്ന ലേഖകൻ ആ പ്രാധാന്യത്തെ ഉദാഹരണങ്ങളിലൂടെ സമർത്ഥി ക്കുകയും ചെയ്യുന്നുണ്ട്. പ്രത്യേകമായി മലയാളസംരക്ഷണവേദി ഇല്ലെങ്കിലും മലയാളഭാഷ പുരോഗമിക്കുകയാണെന്ന് അദ്ദേഹം വ്യക്ത മാക്കുന്നു.

എവിടെ വിദ്യാഭ്യാസം പുരോഗമിക്കുന്നുവോ അവിടെ സാമ്പത്തികവും സാമൂഹികവുമായ വികസനം സ്വാഭാവികമായും സംഭ വിക്കേണ്ടതാണ്. ജനസംഖ്യാവർദ്ധനവ് തൊഴിലില്ലായ്മയെ രൂക്ഷമാക്കുന്നു. കേരളത്തിൽ സംഭവിച്ചതിതാണ്. പ്രാഥമികവിദ്യാഭ്യാസത്തിൽ നാം ഏറെ മുന്നേറി. പക്ഷേ ബിരുദവും ബിരുദാനന്തരബിരുദവും നേടുന്നവർ തൊഴിലിനു പ്രാപ്തരാകുന്നില്ല. അതിനാൽ നമുക്ക് സാമ്പത്തികവളർച്ച കൈവരിക്കാനാകുന്നില്ല. തൊഴിൽ എന്നാൽ വൈറ്റ് കോളർ ജോലി മാത്രമാണ് എന്ന സ്ഥിതിയാണ്. വൻ കോഴ കൊടുത്തും അത്തരം ജോലി സംഘടിപ്പിക്കുന്നു. 1964ലെ പ്ലാനിംഗ് ബോർഡിന്റെ പഠനറിപ്പോർട്ടിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരം ഗത്തെ തകർച്ച ദീർഘദർശനം ചെയ്തിരുന്നതായി ലേഖകൻ ചൂണ്ടിക്കാട്ടുന്നു. എല്ലാറ്റിനും ഉപരിയായി കക്ഷിരാഷ്ട്രീയത്തിന്റെ പിടിയിലമർന്ന വിദ്യാഭ്യാസരംഗം. കലാശാലകൾ കലാപശാലകളായ അവസ്ഥ.

വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്താൻ പ്രവേശനമാനദണ്ഡങ്ങൾ കർക്കശമാക്കണമെന്നാണ് ലേഖകന്റെ അഭിപ്രായം. ഉന്നതവിദ്യാഭ്യാസത്തിനുള്ള അഭിരുചി തെളിയിച്ചവർക്കുമാത്രമേ പ്രവേശനം നൽകാവൂ. പതിറ്റാണ്ടുകൾക്കുമുമ്പുള്ള ഫീസ് ഘടനയിൽ മാറ്റം വരുത്തണം. അർഹതയുള്ള പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകണം. പരീക്ഷാസമ്പ്രദായത്തിൽ മാറ്റം വരുത്തണം.

മറ്റു സംസ്ഥാനങ്ങളിൽ, കേന്ദ്രസർവ്വകലാശാലകൾ നിന്നിൽ കൂടുതലുള്ളപ്പോൾ കേരളത്തിൽ ഒന്നുപോലുമില്ല. ഉന്നതവിദ്യാഭ്യാസ രംഗത്തെ സേവനം സൗജന്യമായിത്തന്നെ ലഭിക്കണമെന്ന് ശഠിക്കുന്നത് ശരിയല്ല. കഴിവുള്ളവരിൽ നിന്ന് ന്യായമായ ഫീസുവാങ്ങുന്നതിൽ തെറ്റില്ല. സാമ്പത്തികമായി പിന്നിലായ മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം നേടാനുള്ള മാർഗ്ഗം കണ്ടെത്തണം. സർവ്വകലാ ശാല സ്വയം ധനാഗമമാർഗങ്ങൾ തേടണം. മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് മലയാളികളായ വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി പോകുന്ന സ്ഥിതി മാറണം. സ്വാശ്രയസ്ഥാപനങ്ങളുടെ പ്രസക്തി ഈ ഘട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു.

21-ാം നൂറ്റാണ്ടിലേക്ക് കടക്കുമ്പോഴും ഉന്നതവിദ്യാഭ്യാസമേഖലയെ ശക്തമാക്കാൻ പുതിയ നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നേരി ടുക എന്ന ഉദ്ദേശ്യത്തോടെ കാര്യമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസപ്രക്രിയ സങ്കീർണ്ണമായ കർത്തവ്യമാണ്. 2020, 2030 കാല ഘട്ടത്തിൽ വളരെ വ്യത്യസ്തമായ മാറ്റം ലോകത്തുണ്ടാകാം. വെല്ലുവിളികളെ നേരിടാൻ സജ്ജമാകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസപ്രക്രിയ യുടെ ഉള്ളടക്കത്തിന് വ്യത്യാസം ഉണ്ടാകും. നയരേഖകളും മെക്കാനിസവുമൊക്കെ മാറാനിടയുണ്ട്.

തൊഴിൽദാതാക്കളുടേയോ വിദ്യാഭ്യാസസ്ഥാപനങ്ങളുടേയോ മുൻകൈയ്യാൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന നെറ്റ് വർക്ക് ദാവിയിൽ അനിവാര്യമായിത്തീരുമെന്നതിൽ സംശയമില്ല.

Jyothi Ajith Kumar
Elamakkara
II B.A. Copy Editor

HARRY POTTER

J.K. Rowling has done it again. Sending a net-savvy television-crazed generation into a reading spree once again, her sixth book, ' Harry Potter and the Half Blood Prince, released on July 16th this year went on to top the bestseller charts overnight.

So, what is this book all about? This sixth book in the Harry Potter series shows Lord Voldemort, now out in the open, continuing his reign of terror creating chaos not only in the wizarding community but even among Muggles. Harry Potter and his friends have entered the sixth year in Hogwarts. In a series of unexpected events, Harry comes in possession of an old potion textbook of the Half-blood prince and hence starts Harry adventure. Harry has considerably matured from the rage-filled moody boy in the Order of the Phoenix. He is not being kept in the dark any more. He has new responsibilities as the Griffindor Quidditch captain. His realization that nobody is infallible, has made him accept his destiny better. After a disastrous episode with Cho Chang in The fifth book, Harry unexpectedly finds love in an old friend. This makes his life considerably lighter in the otherwise difficult times.

The endless war with Death Eaters has left Dumbledore considerably weakended and he is a frail, tired, injured, old wizard in the sixth book. However, it is he who assists Harry Potter in the numerous journey into the past (through the penseive, of course) and helps him know more about Voldemort's past and his rise in power to become the most feared Death Eater of all times.

The book is found wanting in the streak of brilliant humour and light heartedness that has been a characteristic trait in all the other Potter books. But then, in difficult times as these, it is almost refreshing to find some unapologestic darkness and tension in children's literature. Moreover, the plot is increasingly dark and resolute, leaving little place for fun or humour. It can almost be called an adult's book in terms of the mood, violence, and theme. However, the book definitely cannot be called the best of the series. Because, the book does little else other than giving the reader insights about Voldemort's life. The title is also misleading, as the half-blood prince doesn't make much of a difference to the book, rather than helping Harry make good potions.

But JK Rowling has indeed succeeded in delivering a fantastic tale, mapping out the terms for the final shutdown in the seventh and last book of the series and has her readers on tenterhooks to know more about what will happen to Harry Potter.

An interesting and absorbing read, 'Harry Potter and the Half Blood Prince' is yet another proof of J K Rowling's brilliant imagination and inimitable style.

Joseph Varghese M.
Alappuzha
II B.A. Copy Editor

വായനാവിശേഷം

ഒരു ലൈംഗികതൊഴിലാളി കഥ സമൂഹവും.

തീക്ഷ്ണമായ ജീവിതപ്രതിസന്ധികളിൽ നിന്നും ലൈംഗികതയുടെ വഴിയിൽ എത്തിച്ചേർന്ന നളിനി ജമീലയെന്ന ലൈംഗികത്തൊഴിലാളി തന്റെ ജീവിതത്തെ തുറന്ന വായനയ്ക്കു വിധേയമാക്കുന്ന പുസ്തകമാണ് "ഒരു ലൈംഗികതൊഴിലാളിയുടെ ആത്മകഥ." അതിപുരാതനമെന്നും ശ്രേഷ്ഠമെന്നും ഭദ്രമെന്നും കരുതിയ കേരളീയസമൂഹത്തെ താങ്ങിനിർത്തിയിരുന്ന സദാചാരഗോപുരങ്ങൾ തകർന്നുവീണോ എന്നന്വേഷിച്ചുകൊണ്ടുള്ള വിചാരണകളും വിഴുപ്പലക്കലുകളും ഒന്നിനുപുറകെ ഒന്നായി ഈ പുസ്തകത്തെ പുസ്തകചരിത്രത്തിലെ എണ്ണപ്പെട്ടതാക്കിയിരിക്കുന്നു.

തന്റെ ജീവിതത്തിലെ സന്തോഷകരങ്ങളായ അനുഭവങ്ങളേക്കാളേറെ സങ്കടകരങ്ങളായ സംഭവവികാസങ്ങളെ ധൈഷണികമായ പാണ്ഡിത്യമോ ബുദ്ധിപരമായ സമീപനങ്ങളോ ഇല്ലാതെ തുറന്നുപറയാൻ ഈ സ്ത്രീ തയ്യാറായപ്പോൾ ആരുടെ മനസാണ് അസ്വസ്ഥമായതും അസന്തുഷ്ടി പ്രകടിപ്പിച്ചതും? ഒരുനേരത്തെ അന്നത്തിന് വകയില്ലാതായപ്പോൾ സാഹചര്യങ്ങളുടെ പ്രേരണയാൽ ലൈംഗികത ഒരു തൊഴിലായി സ്വീകരിച്ചതിൽ ആർക്കാണ്,എന്തിനാണിത്ര വേവലാതി? ലൈംഗികത, പ്രണയം, സ്ത്രൈണത തുടങ്ങി മൂന്നു പ്രധാന വിഷയങ്ങൾ ഇനിയും മലയാളി ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. മലയാളികളിൽ ഭൂരിഭാഗവും ഗുരുതരമായ മദ്യപാനത്തിനും മനോരോഗങ്ങൾക്കും ലൈംഗികവൈകൃതങ്ങൾക്കും അടിപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിലേയ്ക്കുള്ള ഒരു സൂചനയാണിത്.

ശിഥിലമായ കുടുംബബന്ധങ്ങളുടെ കണക്കെടുപ്പ് നടത്തുവാനോ അറ്റുപോയ സ്നേഹബന്ധങ്ങളുടെ കാരണമാരായുവാനോ തയ്യാറാകാതിരുന്നവർ ഇപ്പോൾ നളിനിയുൾപ്പെടെ, ജീവിതത്തിന്റെ പുറംപോക്കിലേക്ക് ആട്ടിപ്പായ്ക്കപ്പെട്ടവരുടെ നേരെ ആക്രോശമുയർത്തുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. 'അച്ഛനെ പട്ടംകെട്ടിച്ച അതേ സമൂഹം തന്നെയാണ് മകളുടെ അരക്കെട്ട് അഴിക്കുന്നതും.' ജീവിതത്തിന്റെ തീക്ഷ്ണമായ ഏതോ സന്ദിഗ്ദ്ധാവസ്ഥയിൽ സ്വന്തം ലൈംഗികതയെ അപരനുമുമ്പിൽ തുറന്നുകാട്ടാൻ നളിനി പ്രേരിതയായപ്പോൾ വിചാരണ ചെയ്യപ്പെടേണ്ടിയിരുന്നത് നളിനിയേയോ അതോ അവരെ അതിലേക്ക് നയിച്ച സാമൂഹ്യഘടനകളേയോ എന്ന ചോദ്യം ബുദ്ധിപൂർവ്വം മറച്ച് പാവപ്പെട്ട ലൈംഗികതൊഴിലാളികളെ ഭാഷയുടേയും പാണ്ഡിത്യത്തിന്റേയും പ്രൗഢി കാട്ടി ചോദ്യം ചെയ്യുവാനാണ് പല ഫെമിനിസ്റ്റ് അവതാരങ്ങളും തയ്യാറായത്.

മനുഷ്യന്റെ സൃഷ്ടിമുഖമായ ലൈംഗികതയെ ഏതെങ്കിലും ഗുണപരമായ വിതാനങ്ങളിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെടാനോ അതിന്റെതായ നിലയ്ക്ക് അനുഭവിച്ചറിയാനോ അനുവദിക്കാതെ, പാപബോധത്തിന്റെ തലങ്ങളിലേയ്ക്കും സാമൂഹ്യനീതിയുടെ നിയന്ത്രണങ്ങളിലേയ്ക്കും തള്ളിവിട്ട് ജീവിതത്തിന്റെ സത്തയും സൗന്ദര്യവും കെടുത്തിക്കളയുന്ന മത-പൗരോഹിത്യ-രാഷ്ടീയ-കുടുംബ ഘടനകൾക്കുനേരെ ശക്തമായ നിലപാടുകൾ സ്വീകരിക്കാത്ത മനസുകൾക്ക് നളിനിയുടെ ആത്മകഥയ്ക്ക് ഭാഷ്യം ചമയ്ക്കുവാൻ യാതൊരു അവകാശവും ഇല്ല. പ്രായോഗികജീവിതത്തിന്റെ നിർദ്ദയമായ പ്രതലത്തിൽനിന്നും പ്രാഥമികവിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ട് വളർന്നുവന്ന നളിനിക്ക് രതിയെ പ്രാഥമികവും ജൈവപരവുമായ ഒരാവശ്യമായും ജീവിക്കുന്നതിനുള്ള ഒരുപാധിയായും മാത്രമേ കാണാനായുള്ളൂ എന്നത് വലിയൊരപരാധമായി നമുക്കെങ്ങനെ കാണാനാവും. ഇവരെ പാർശ്വത്യത്തിന്റെ മഹത്വവും സാംസ്കാരികതയുടെ പ്രഭുത്വവും പഠിപ്പിക്കുവാൻ ആഗോളവത്കരണവും സെക്സ്ടൂറിസവും വർഗ്ഗവൈരുദ്ധ്യങ്ങളും എടുത്തുപയോഗിക്കുന്നവരോട് ഒന്നേ പറയാനുള്ളൂ- 'വിശക്കുന്നവനാവശ്യം ഒരുനേരത്തെ ആഹാരം,' പിന്നീടാവട്ടെ 'വിശക്കുന്നതിന്റെ ശാസ്ത്രം.'

മലയാളിക്ക് രതി രഹസ്യമാണ്. പരസ്യമായി സ്ത്രീത്വത്തിനെതിരായി നടക്കുന്ന അതിക്രമങ്ങളെ അപലപിച്ച് സംസാരിക്കുന്നവർ രാത്രിയുടെ രഹസ്യാത്മകതയിൽ സ്ത്രീത്വത്തെ പിച്ചിച്ചീന്തുന്നതിന്റെ മാനക്കേട് മലയാളി ഇന്ന് അഭിമാനത്തിന്റെ കൂടെ ചേർത്തുവയ്ക്കുന്നു.

രോഗാതുരമായ നമ്മുടെ ഇന്നത്തെ സാമൂഹ്യശരീരത്തിൽനിന്നും ഉയിരാർന്നുവന്ന നളിനിജമീലയുടെ ആത്മകഥ, ഗുണപരമായ ചർച്ചയ്ക്കും സത്യസന്ധമായ വിലയിരുത്തലിനും കാരണമാകട്ടെ.

Shyama P.S.
Maradu
II B.A. Copy Editor

വായനാവിശേഷം

വ്യവസായസംരഭകർക്ക് ഒരു മാർഗ്ഗരേഖ

ഉദാരവൽക്കരണം ശക്തിപ്രാപിക്കുകയും വാർത്താവിനിമയരംഗത്ത് അത്ഭുതാവഹമായ പുരോഗതി കൈവരുകയും ചെയ്ത തോടെ ദേശപരിമിതികളൊന്നുമില്ലാതെ പുത്തൻ ബിസിനസ് അവസരങ്ങളുടെ വൻനിരയാണ് സംരംഭകർക്ക് മുന്നിൽ ഇന്ന് തുറന്നുകിട്ടി യിരിക്കുന്നത്. വ്യവസായരംഗത്ത് കൂടുതൽ മൂലധനം ആകർഷിച്ചുകൊണ്ട് ഒരു സാമ്പത്തിക മുന്നേറ്റത്തിനായി കേരളം ഒരുങ്ങുന്നു. ഈ ഘട്ടത്തിൽ, സർക്കാർ ജോലിക്കോ മറ്റ് ഉദ്യോഗങ്ങൾക്കോ വേണ്ടി കാത്തിരിക്കാതെ സ്വന്തം സംരംഭങ്ങളിലൂടെ നേട്ടമുണ്ടാക്കാമെന്ന ആത്മവിശ്വാസവുമായി മുന്നോട്ടുവരികയാണ് കഴിവും സാമർത്ഥ്യവുമുള്ള ഒരു പുത്തൻതലമുറ. എന്നാൽ വ്യവസായരംഗത്തേക്ക് ചുവ ടുവെക്കുമ്പോൾ ഇവർ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ജി. രാമമോഹനൻ നായരുടെ **'എങ്ങനെ ഒരു വ്യവ സായം തുടങ്ങി വിജയിപ്പിക്കാം?'** എന്ന് പുസ്തകം ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയാണ്.

വിപണിയിലെ ആവശ്യകത മനസ്സിലാക്കി അതിന് അനുരൂപമായ ഉൽപന്നം/സേവനം രൂപീകരിച്ച് ഗുണമേന്മയോടെ വിപ ണനം ചെയ്യാൻ പദ്ധതി തയ്യാറാക്കിയാൽ വിജയം ഉറപ്പിക്കാം. ആശയങ്ങളൊന്നും ഉരുത്തിരിഞ്ഞു വരാത്തവർ നല്ല സംരംഭകരല്ല എന്നു പറഞ്ഞുകൂടാ. നിരന്തരമായ അന്വേഷണങ്ങളും സൂക്ഷ്മമായ നിരീക്ഷണവുമാണ് ഒരു നല്ല സംരംഭകന് മാർഗ്ഗനിർദ്ദേശമാകേണ്ടത്.

സ്വന്തം ഉൽപന്നത്തിന്റെ വിപണിയെകുറിച്ചുള്ള അടുത്തറിവ് നേടാനുള്ള മാർഗ്ഗമാണ് വിപണിപഠനം എന്ന മാർക്കറ്റ് റിസർച്ച്. വളരെ ശ്രദ്ധാപൂർവ്വം ഇത് ഓരോ സംരംഭകനും നിർവ്വഹിച്ചിരിക്കണം. ഇതിൽ ഉൽപന്നം എവിടെയാണ് മാർക്കറ്റ് ചെയ്യേണ്ടത്, ഉൽപന്നം/സേവനം, വില, വിതരണം, അഭിവൃദ്ധി എന്നീ ഘടകങ്ങൾ അടങ്ങിയിരിക്കുന്നു.

ആരംഭിക്കേണ്ട വ്യവസായത്തെക്കുറിച്ച് നമുക്കിപ്പോൾ സാധാരണധാരണയായി. ബാങ്കുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നി വയിൽനിന്ന് വായ്പ സംഘടിപ്പിക്കുക എന്നതാണ് അടുത്ത ഘട്ടം. എന്തെന്നാൽ മുഴുവൻ മൂലധനവും സ്വന്തം കൈയ്യിൽനിന്നും മുട ക്കുക ദുഃസാധ്യമാണ്. ഇതിന് അത്യാവശ്യം വേണ്ട ഒരു രേഖയാണ് പ്രോജക്ട് റിപ്പോർട്ട് അഥവാ പദ്ധതി രൂപരേഖ. രജിസ്ട്രേഷൻ, സബ്സി ഡികൾ വ്യവസായമേഖലകളിൽ സ്ഥലമോ കെട്ടിടമോ നേടൽ എന്നിവയ്ക്കും ഇതുവേണ്ടിവരും. എന്താണ് നാം ഉൽപാദിപ്പിക്കുവാൻ പോകുന്നത്, എത്രത്തോളമാണ് നിർമ്മിക്കുന്നത്, എവിടെയാണ് അതിന്റെ മാർക്കറ്റ്, അതിന്റ പ്രോസസ് എങ്ങിനെയാണ്, എവിടെയാണ് ഫാക്ടറി സ്ഥാപിക്കുവാൻ തെരഞ്ഞെടുക്കുന്നത്, യന്ത്രസാമഗ്രികൾ ഏതൊക്ക, അവയുടെ ലഭ്യത, എന്തുവിലയ്ക്ക് അവ നമ്മുടെ ഫാക്ട റിയിൽ എത്തിച്ചേരും, മൂലധനം എത്ര വേണം, അതെങ്ങനെ സമാഹരിക്കും എന്നിങ്ങനെ ധാരാളം വിവരങ്ങൾ ഒരു പ്രോജക്ട് റിപ്പോർട്ടിൽ അടങ്ങിയിരിക്കും.

അടുത്തതായി ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ധനസഹായപദ്ധതികളുള്ളത്, ആ പദ്ധതികൾ ഏതൊക്കെ എന്ന് വിശദമായി അറിയണം. ധനകാര്യസ്ഥാപനങ്ങൾ പലതരത്തിലുള്ള വായ്പകൾ നൽകുന്നുണ്ട്. ഹ്രസ്വകാലവായ്പകൾ, ദീർഘകാലവായ്പകൾ, മാർജിൻ മണിവായ്പ എന്നിങ്ങനെ പലതും. ആകയാൽ പ്രോജക്ട് തയ്യാറാക്കുംമുമ്പുതന്നെ വിവിധ സ്ഥാപനങ്ങളുടെ വായ്പാ പദ്ധതികൾ ഏതെ ല്ലാമാണെന്ന് മനസ്സിലാക്കിവയ്ക്കുന്നത് നല്ലതാണ്. ഇപ്രകാരം എന്തൊക്കെ വായ്പകൾ, എത്രയൊക്കെ, എപ്പോഴൊക്കെ എന്നെല്ലാം മന സ്സിലാക്കി കഴിഞ്ഞാൽ അതനുസരിച്ച് പദ്ധതി വിശദമായി ആസൂത്രണം ചെയ്യാൻ സാധിക്കും.

വിശ്വസ്തത, കഠിനാധ്വാനം, അർപ്പണബുദ്ധി എന്നിവയൊക്കെ ആണല്ലോ ആരും കീഴ്ജീവനക്കാരിൽ പ്രതീക്ഷിക്കുന്ന മുഖ്യ ഗുണങ്ങൾ. ഇവ അടിസ്ഥാനപരമായി ഒരു വ്യക്തിയുടെ മൗലികസ്വഭാവഘടകങ്ങളാവാം. എങ്കിലും മേൽപറഞ്ഞ ഗണത്തിൽപെടുന്നവ രിൽ മിക്കവർക്കും ഒരു ആർജ്ജിതസ്വഭാവമെന്ന നിലയിലെങ്കിലും ഇവ ഉണ്ടാകുമെന്നാണ് ആധുനിക തൊഴിൽ മനഃശാസ്ത്രം പഠിപ്പിക്കു ന്നത്. തൊഴിൽനിയമങ്ങൾ അടിസ്ഥാനപരമായി മാറിക്കൊണ്ടിരിക്കുന്ന സമയമാണല്ലോ ഇത്. റഷ്യൻ വിപ്ലവത്തിന്റെയും സോവിയറ്റ് തൊഴി ലാളി വർഗ്ഗസർവ്വാധിപത്യത്തിന്റെയും മായാവാഗ്ദാനങ്ങളുടെ സ്വാധീനത്തിൽപെട്ട് ജവഹർലാൽ നെഹ്റുവിന്റെ ദർശനങ്ങളുടെ പ്രതി ഫലമെന്നോണം ഉറവായ തൊഴിൽ നിയമങ്ങളുടെ കടയ്ക്കൽ കോടാലി വീണുകഴിഞ്ഞു. കുറെക്കൂടി യാഥാർത്ഥ്യബോധമുള്ള തൊഴി ലാളികളുടെ ആലസ്യത്തെ അനുകൂലിക്കാത്ത നിയമഭേദഗതികൾ വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഓരോ വ്യവസായസംരംഭകനും അതാതു കാലത്തെ തൊഴിൽ നിയമങ്ങൾ വ്യക്തമായി മനസ്സിലാക്കിയിരിക്കണം. പ്രധാനം മാറ്റങ്ങളുടെ ദിശയും.

സാങ്കേതികവിദ്യകളും സർക്കാർ നയങ്ങളും തൊഴിൽ നിയമങ്ങളുമൊക്കെ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് വ്യവസായ മാനേജ്മെന്റ് എന്നത് പൂർവ്വാധികം ശ്രദ്ധ വേണ്ടിവരുന്ന ഒന്നായി മാറിയിരിക്കുകയാണ്. ഒരേ സമയം വിവിധകാര്യങ്ങൾ പരിഗണിക്കാനും വിലയിരുത്താനും തീരുമാനമെടുക്കാനുമുള്ള കഴിവ് വളർത്തിയെടുത്താലേ ഇവിടെ വിജയിക്കൂ. ഒപ്പം മിടുക്കരായ

പരിഗണിക്കാനും വിലയിരുത്താനും തീരുമാനമെടുക്കാനുമുള്ള കഴിവ് വളർത്തിയെടുത്താലേ ഇവിടെ വിജയിക്കൂ. ഒപ്പം മിടുക്കരായ വരെ കൂടെ നിർത്താനും അവരുടെ കഴിവുകളെ പൂർണമായി ഉപയോഗിച്ച് നേട്ടമുണ്ടാക്കാനും കൂടി സാധിക്കണം. വാസ്തവത്തിൽ ചെറുകിടവ്യവസായവും ചെറിയ ബിസിനസും നടത്തുന്നതിനാണ് കൂടുതൽ മാനേജ്മെന്റ് പ്രാഗൽഭ്യം വേണ്ടത്. വൻകിടവ്യവസായങ്ങളിൽ എല്ലാ തലങ്ങളിലും വേണ്ട ആളുകളുണ്ട്. സെയിൽസ്, പ്രൊഡക്ഷൻ, ഫിനാൻസ് & അക്കൗണ്ട്സ് എന്നിങ്ങനെ ഓരോന്നിലും പ്രാഗൽഭ്യം സിദ്ധിച്ചവർ അവരവരുടെ മേഖലകൾ നോക്കിക്കൊള്ളും. ഒരു ചെറുകിടവ്യവസായത്തിന്റെ/സ്ഥാപനത്തിന്റെ ഉടമ രണ്ടു വ്യത്യസ്തരായ ളുകളിൽ ആണ് പ്രവർത്തിക്കേണ്ടത്. ഒന്ന് ഉടമസ്ഥൻ (ഓണർ), രണ്ടാമത് ഭരണകർത്താവ് (മാനേജർ), ആദ്യത്തെ റോളിൽ അയാൾക്ക് ഒരു വ്യവസായസംരംഭകന്റെ (ഓണർപ്രനർ) ഗുണങ്ങൾ ഉണ്ടായിരിക്കണം. പരിശീലനം കൊണ്ട് നേടിയെടുക്കാവുന്നവയാണ് ആ ഗുണങ്ങൾ.

അടുത്തതായി ആശയവിനിമയത്തിൽ എന്തൊക്കെ ശ്രദ്ധിക്കണം? എന്നതാണ്. ഇവിടെ ഓരോവാക്കും ഓരോ സംജ്ഞയും തുടക്കവും ഒടുക്കവും ഒക്കെ ശ്രദ്ധിക്കേണ്ടതാണ്. ആശയം സ്വീകരിക്കുന്ന ആളിന്റെ കഴിവ് കൊടുക്കുന്ന ആൾ നന്നായി മനസ്സിലാക്കിയിരിക്കണം. ഉപയോഗിക്കുന്ന ഭാഷ, പ്രയോഗിക്കുന്ന പദങ്ങൾ, സംജ്ഞകൾ, അലങ്കാരികപ്രയോഗങ്ങൾ മുതലായവ കേൾക്കുന്ന ആൾക്ക് അറിയാവുന്നവയാണെന്നും ഉറപ്പുവരുത്തണം.

നമ്മുടെ ഉൽപന്നവും സേവനവുമൊക്കെ എത്ര മികവുറ്റതാണെങ്കിലും അവയെക്കുറിച്ചുള്ള അറിവ് ജനങ്ങളിലേക്ക് എത്തിക്കേണ്ടതുണ്ട്. ആകയാൽ ഉൽപാദനപ്രക്രിയ പുരോഗമിക്കുന്നതിനോടൊപ്പം ഇതിനായുള്ള ശ്രമങ്ങളും ആരംഭിക്കേണ്ടിയിരിക്കുന്നു. പ്രചാരണപ്രവർത്തനങ്ങൾ ഒന്നുകിൽ നേരിട്ടുനടത്തുകയോ അല്ലാത്തപക്ഷം അതിനായുള്ള വിദഗ്ദ്ധ ഏജൻസികളെ ഏൽപിക്കുകയോ ചെയ്യാം. നമ്മുടെ ഉൽപന്നത്തിന്റെ മുഖ്യസവിശേഷത എടുത്തുകാണിക്കുന്നതാകണം ഇത്. അത് ആകർഷണവും ശ്രദ്ധേയവുമായ വാക്കുകളിലൂടെയും ചിത്രങ്ങളിലൂടെയും പ്രകടിപ്പിക്കണം. എതായാലും അത് ഉൽപന്നത്തിന്റെ നിലവാരത്തിനു നിരക്കുന്നതും ഉപഭോക്താവിന്റെ ശ്രദ്ധയിൽപ്പെടുന്നതുമായിരിക്കണം എന്നതാണ് പ്രധാനം.

ഒരു ബിസിനസ് തകരാനും, അത് പീഡിതവ്യവസായപട്ടികയിലേക്ക് നീങ്ങാനും പലകാരണങ്ങളും ചൂണ്ടിക്കാണിക്കാനാകും. ഉദാഹരണത്തിന്റെയും ആഗോളവിപണിയെയുമാണ് ഇക്കാലത്ത് പലരും പ്രതിക്കൂട്ടിൽ നിർത്താറ്. ശരിതന്നെ, തന്ത്രപൂർവ്വമായൊരു നിലപാടെടുത്തില്ലെങ്കിൽ, കാലാനുസൃതമായി സ്വയം പരിവർത്തനപ്പെടാൻ തയ്യാറായില്ലെങ്കിൽ ഈ മാറിയ സാഹചര്യം ഒരു സംരംഭകനെ വലയ്ക്കുക തന്നെ ചെയ്യും. തർക്കിയ്ക്കു വിധേയമായ പദ്ധതിയുടെ ആശയം രൂപപ്പെട്ടതുമുതൽ നടത്തിപ്പുവരെയുള്ള വിവിധഘട്ടങ്ങൾ സത്യസന്ധമായൊന്നു വിലയിരുത്തിനോക്കണം. വ്യക്തിപരവും തന്ത്രപരവും സാമ്പത്തികവുമൊക്കെയായ നിരവധി കാരണങ്ങൾ കണ്ടെത്താനാകും.

Sandhya Ramakrishnan
Thripunithura
II B.A. Copy Editor

വായനാവിശേഷം

HANS CHRISTIAN ANDERSON

April 2nd 2005. The day marks the two hundredth birth anniversary of one of the most loved children's story tellers of all time: *Hans Christian Anderson*. As the world celebrates the day, let us also step with them into the world of fairies and pixies, the world of magic and enhancement, the world you and I visited as kids, the world of Hans Christian Andersen.

Hans was born on the 2nd of April 1805 in Odense, a Danish city, to very poor parents. The books owned by his cobbler father, 'The Arabian Nights', Holberg's comedies' and the 'Bible' were the initial inspiration for young Hans, which shaped his imagination. He also frequented the local hospital inmates who enriched him with their old folklores, which later served as themes for many of his tales. In this respect, Hans stand between two worlds; the popular old narrative tradition and the modern world with its culture of books and focus of the role of the author.

Hans's life took a decisive turn with his fantastic flight to Copenhagen in 1819 and the social and literary rise that followed. He had aspired to become an actor at the Royal Theatre and thus make his fortune. But he became neither a good actor nor a dancer. He even tried his luck as a playwright in vain. Though he was absorbed into the elitist society of Copenhagen, he endured perpetual suffering and humiliation that followed from leaving one world without having quite been accepted by another. Nevertheless, here he acquired the culture and education associated with the bourgeois circles of the Golden Age. His benefactors provided for his education and other necessities. It was during this time that he wrote his famous poem 'The Dying Child'.

After schooling, Hans spent most of the time travelling in and around Europe, and also writing his first fairy tales. He wrote his stories in Danish, which were later translated into English and other languages. Almost all of Hans's stories contain elements from his own life. In 'The Ugly Duckling' for instance, Hans sees himself as the ugly, lovely, neglected duckling who later becames a beautiful swan. His ideals and beliefs are also transferred to his stories. He was a lover of nature and perceived the modernization of the world from a pessimistic view point as seen in 'The Ice Maiden', 'The Dryad' etcetera. He spoke of nature as "the great measure of value" in tales like 'the Bell' and 'The Nightingale'. Hans thus spans two literary periods: Romanticism and the dawn of Realism. His religious feeling stems from an undogmatic form of Christianity, as an inspiration for the yearning for God, which is portrayed in his 'The Little Mermaid, 'The last Dream of the old oak tree' etcetera.

Hans loved children. He always perceived the world through the clear, innocent eyes of a child and most of the stories he wrote were for children. He was well acquainted with Charles Dickens and both shared a passion for children's literature. Both of them wrote for children, stories based on their own lives. Children used to sit at Hans' feet and listen to him weave stories of magic and enchantment, totally enthralled. Hans cleverly induced in his tales, ironic Copenhagen wit and they were suspended between heart and wit, sensitivity and irony, creating a field of tension as seen in some of his well loved works like 'The Emperors', 'New Clothes', 'Princess and the Pea', 'Tinder Box' etcetera.

Fame and recognition came late to Hans. In 1874, Hans was made 'Konferensrad', a high Danish title, now obsolete. The great man breathed his last on the 4th of August, 1875, leaving behind some of the best works in children's literature, loved by all alike.

Anjali Ramachandran
Thripunithura
I BSc Zoology

മരണമില്ലാത്ത ഗന്ധർവ്വൻ

ജീവിതത്തിലൂടനീളം ഒരു വിളക്കുമരമായിരിക്കുകയും, അതിനുശേഷം ഒരദൃശ്യസാന്നിദ്ധ്യമായി നമ്മിൽ നിറഞ്ഞുനിൽക്കുകയും ചെയ്ത അതുല്യപ്രതിഭയാണ് പത്മരാജൻ. മലയാളത്തിന് നികത്താനാകാത്ത ഒരു നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടിൽ നിന്നുണ്ടായത്. സാഹിത്യരംഗത്തും, ചലച്ചിത്രരംഗത്തും ഒരുപോലെ തിളങ്ങിയ ആ ഗന്ധർവ്വനെ ഇന്നും ഓർക്കുന്ന മലയാളികൾക്കായി ഇതാ അദ്ദേഹത്തിന്റെ സഹധർമ്മിണി തന്നെ രചിച്ച ഒരുപിടി ഓർമ്മകൾ. രാധാലക്ഷ്മി പത്മരാജന്റെ "പത്മരാജൻ എന്റെ ഗന്ധർവ്വൻ" എന്ന് ഓർമ്മപുസ്തകം എന്നും മനസ്സിൽ ഒരു വേദനയായി മാത്രമേ ഇന്ന് ഏവർക്കും ഓർമ്മിക്കുവാൻ കഴിയൂ.

ആദ്യമായി കണ്ടുമുട്ടിയതിനെകുറിച്ച്, പ്രണയതീവ്രതയെകുറിച്ച്, ആർക്കും തകർക്കാനാകാത്ത പത്മരാ
ജൻ എന്ന അതുല്യപ്രതിഭയുടെ മനോധൈര്യത്തെക്കുറിച്ച്, സാഹിത്യകാരനായ ഭർത്താവിനെക്കുറിച്ച്, ചലച്ചി
ത്രത്തെ സ്വപ്നം കണ്ടു നടക്കുകയും ഒടുവിൽ ആ സിനിമാലോകത്തിലെ മുത്തുച്ചിപ്പികളിലൊന്നായി മാറുകയും
ചെയ്ത ആ വെള്ളിനക്ഷത്രത്തെക്കുറിച്ച്, രാധാലക്ഷ്മി വിവരിക്കുന്നു. ഓരോ വാക്കിനും ഓർമ്മയുടെ സുഗന്ധ
മുണ്ട്. വികാരതീവ്രതയുണ്ട്. ആരും അറിയാതെ പോയ പത്മരാജൻ എന്ന മനുഷ്യനെകുറിച്ച്, "പപ്പു" എന്ന്
സ്നേഹപൂർവ്വം താൻ വിളിച്ചിരുന്ന ഭർത്താവിനെക്കുറിച്ച് എല്ലാം തുറന്നെഴുതിയിരിക്കുകയാണ് ഇവിടെ. അവ
രുടെ അക്ഷരങ്ങൾ നമ്മെ സംശയത്തിലാഴ്ത്താം. ഒരുപക്ഷേ ഇവർ ഒരു സാഹിത്യകാരിയാണോ എന്ന് നാം
അത്ഭുതപ്പെട്ടേക്കാം.

എന്നാൽ ആ സ്നേഹസ്മരണയ്ക്കു മുന്നിൽ ഒരു മൺചിരാതുപോലെ എരിയുന്ന ജീവിതമാണ് അവരുടേ
ത്. പത്മരാജന്റെ ഓർമ്മകൾകൊണ്ട് പണികഴിപ്പിച്ച ഒരു സ്വപ്നസൗധത്തിലെ താമസക്കാരിയാണവർ. പത്മരാ
ജനെ ആദ്യം കണ്ടതുമുതൽ അവരുടെ ജീവിതത്തിൽ സംഘർഷങ്ങളേ ഉണ്ടായിട്ടുള്ളൂ. വിവാഹം വളരെയധികം
പ്രയാസങ്ങൾക്കൊടുവിൽ നടന്ന ഒന്നാണ്. എന്നാൽ എവിടെയും ആദ്യകാലത്ത് തഴയപ്പെട്ട പത്മരാജൻ ഒടു
വിൽ വിജയിക്കുന്നത് കണ്ട ഏകസാക്ഷിയും ശ്രീമതി രാധാലക്ഷ്മി തന്നെ. എതിർപ്പുകൾ അദ്ദേഹത്തിന്റെ ജീവി
തത്തിന്റെ ഭാഗം തന്നെയായിരുന്നു. സാഹിത്യരംഗത്തും, സിനിമാരംഗത്തുമെല്ലാം ഇതുതന്നെയായിരുന്നു സ്ഥിതി.
അപവാദശരങ്ങൾ ഏറ്റുനീറുന്ന പത്മരാജനെ കണ്ട രാധാലക്ഷ്മി തന്നെ ഒടുവിൽ ആ അമാനുഷികപ്രതിഭയുടെ
നേട്ടത്തിനു സാക്ഷിയായി. ഒരു സാഹിത്യകാരനെക്കാളും, സിനിമാക്കാരനെക്കാളും ഉപരിയായി പത്മരാജനിലെ
ഭർത്താവിനെയും, കേനെയും, സഹോദരനെയും, അച്ഛനെയുമെല്ലാം നാമിവിടെ കണ്ടുമുട്ടുന്നു.

സിനിമയെ സ്നേഹിച്ച പത്മരാജൻ എന്നും നെഞ്ചിലേറ്റി നടന്നതും ആ ലോകം തന്നെയായിരുന്നു. സാഹി
ത്യത്തോടെന്നും പ്രണയമായിരുന്നു അദ്ദേഹത്തിന്. സാഹിത്യമാണ് (കല) തന്നെ കീഴ്പ്പെടുത്തിയ ഏക ലഹരി
യെന്ന് അദ്ദേഹം പറയുമായിരുന്നു. സിനിമയുടെ സാമ്പത്തികവിജയവും നേട്ടവും അദ്ദേഹത്തെ സ്വാധീനിച്ചിരു
ന്നില്ല. മറിച്ച് നല്ല കഥയ്ക്കാണ് അദ്ദേഹം പ്രാധാന്യം നൽകിയിരുന്നത്. 'പെരുവഴിയമ്പലം', 'ഇന്നലെ', 'നമുക്കു
പാർക്കാൻ മുന്തിരിത്തോപ്പുകൾ' തുടങ്ങിയ ചിത്രങ്ങൾ അവയിൽ ഏതാനും ചിലതു മാത്രം. 'നമുക്കുപാർക്കാൻ
മുന്തിരിത്തോപ്പു'കളുടെ ക്ലൈമാക്സ് തിരുത്തി എഴുതാൻ എത്ര സമ്മർദ്ദം വന്നിട്ടും അദ്ദേഹം ചെയ്തില്ല. ഇതാ
കട്ടെ വൻവിജയമായിരുന്നുതാനും. അതായത് മാനസികമായി ദൃഢതയുള്ള ഒരു മനുഷ്യനായിരുന്നു പത്മരാ
ജൻ. മാത്രമല്ല, മതത്തിൽ അന്ധമായി വിശ്വസിച്ചിരുന്നില്ല. എന്നാൽ ഈശ്വരനെ ആരാധിച്ചിരുന്നു. ലളിതാസഹ
സ്രനാമം വായിക്കുമായിരുന്നു. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ നിന്നു മാറിവന്ന ശീലങ്ങളാണ് ഇതെല്ലാം. 'ഫാന്റ
സി'യെ അത്യധികം ഇഷ്ടപ്പെട്ടിരുന്ന ഒരാളാണ് പത്മരാജൻ. ഈ ആഗ്രഹത്തിന്റെ സഫലീകരണമാണ് "ഞാൻ
ഗന്ധർവ്വൻ" എന്ന സിനിമയുടെ ജനനം. ഇതെല്ലാം രാധാലക്ഷ്മിയുടെ ഓർമ്മക്കുറിപ്പുകളിലെ ഒരേടാണ്.

പോകുന്ന സ്ഥലത്തെല്ലാം കഥാപാത്രങ്ങളെ തേടുന്നത് പത്മരാജന്റെ ഒരു ശീലമായിരുന്നു. ഒരുപക്ഷേ,
മരണം എന്നതും പത്മരാജൻ തേടിയപ്പോൾ കണ്ടുകിട്ടിയ ഒരു കഥാപാത്രമാകാം. അദ്ദേഹത്തിന്റെ ജീവിതത്തെ
ക്കുറിച്ചുള്ളൊരു രേഖാചിത്രം ഇന്ന് നമ്മുടെ മനസ്സിൽ കോറിയിടുവാൻ ഉതകുന്ന രാധാലക്ഷ്മിയുടെ ഈ ഓർമ്മ
ക്കുറിപ്പ് കഥാപാത്രങ്ങളെക്കൊണ്ട് സുലമോണ്. ഇളംകാറ്റും, പുല്ലും, തൊടിയുമെല്ലാം ജീവനുള്ള കഥാപാത്ര
ങ്ങൾ പോലെ തോന്നിക്കുന്നുണ്ട്. ജീവിതത്തിൽ നിന്നും ഈ ഗന്ധർവ്വസാന്നിദ്ധ്യം അണഞ്ഞുപോയപ്പോൾ താന
നുഭവിച്ച ശൂന്യതയും ഏകാന്തതയുടെ ആഴവും എഴുത്തുകാരി നമ്മിലേയ്ക്ക് പകരുകയാണിവിടെ. 'പത്മരാ
ജൻ' ഓരോർമ്മ മാത്രമായി മാറിയ നിമിഷങ്ങളെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ചതിയുടെയും, വഞ്ച
നയുടെയും, കുതികാൽവെട്ടിന്റേയും, നന്ദികേടിന്റേതുമായ ഒരു വശംകൂടി സിനിമയ്ക്കുണ്ട്. ഇത്തരം വഞ്ചന
കൾ തിരിച്ചറിയാൻ കഴിയാത്തതാണ് പത്മരാജന്റെ ദൗർബല്യം എന്നാണ് ശ്രീമതി രാധാലക്ഷ്മി പറയുന്നത്. അവ
സാനകാലത്ത് അദ്ദേഹത്തിന്റെ മനസ്സിനെ വേദനിപ്പിച്ച, വിശ്വസ്തരെന്നു കരുതിയ ധാരാളം ആളുകളെക്കുറിച്ചും
ശ്രീമതി രാധാലക്ഷ്മി ഈ ഓർമ്മക്കുറിപ്പിലൂടെ വെളിപ്പെടുത്തുന്നു. ചെടികൾക്കും, പൂവുകൾക്കുമെല്ലാം മനസി
ലാകുന്ന അദ്ദേഹത്തിന്റെ ഭാഷയിൽ "അവളുടെ സന്ധ്യാനാമം" എന്ന കവിതയെക്കുറിച്ചും അതുണ്ടായ സാഹ
ചര്യത്തെക്കുറിച്ചും നമുക്ക് ഇതിലൂടെ കാണാം.

മരണശേഷവും ഒരു പ്രഹേളികയായി തന്നിൽ നിറഞ്ഞുനിന്ന പത്മരാജനെക്കുറിച്ച് അവർ പറഞ്ഞവസാനി
പ്പിക്കുന്നതിങ്ങനെയാണ്. "വീണ്ടും ഞാനാ ശബ്ദം കേട്ടു. ഇക്കുറി അത് വേറെ ഏതോ ലോകത്തുനിന്നായിരു
ന്നു. ആ ശബ്ദത്തിന്റെ മാസ്മരികതയിൽ ലയിച്ച് ഞാനിരുന്നു. 'ഞാൻ ഗന്ധർവ്വൻ'. ചിത്രശലഭമാകാനും, മേഘ
മാലകളാകാനും, പാവയാകാനും, പറവയാകാനും, മാനാകാനും, മനുഷ്യനാകാനും - നിന്റെ ചുണ്ടിന്റെ മുത്തമാ
കാനും നിമിഷാർദ്ധം പോലും ആവശ്യമില്ലാത്ത ഗഗനചാരി."

അതെ, രാത്രിയുടെ പതിനേഴാമത്തെ കാറ്റും വീശിക്കഴിഞ്ഞു. ഇന്ന് പത്മരാജൻ എന്ന ആ ഗന്ധർവൻ ഈ
ഭൂമിയിലില്ല. ദേവന്മാരുടെ ലോകത്തിലേയ്ക്കുള്ള ആ യാത്രയ്ക്കുമുൻപ് ഭൂമിയിൽ അവശേഷിപ്പിച്ച ഓർമ്മയുടെ
തരികൾ എല്ലാം ചേർത്തുവച്ച് ഒരു സ്വപ്നക്കൂടാരമുണ്ടാക്കാനുള്ള ശ്രമമാണ് "പത്മരാജൻ എന്റെ ഗന്ധർവ്വൻ".

ആസ്വാദകഹൃദയങ്ങളിൽ ഈ ഗന്ധർവ്വന് മരണമില്ല.

താരശോഭ

വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും കണ്ടെത്തിയ താരങ്ങളിൽ ചിലർ

തയ്യാറാക്കിയത് : മാഗസിൻ കമ്മറ്റി

താരങ്ങൾ

ഇന്ദു എന്ന നാട്യപ്രഭ !

ഗണിതശാസ്ത്രം! തെളിയിക്കപ്പെട്ട വസ്തുത. വ്യക്തതയോടെ കൈകാര്യം ചെയ്താൽ പിഴവിനെ അസ്ഥാനത്താക്കുന്ന ശാസ്ത്രം. അതുപോലെ തന്നെ തേവര കോളജിന് മുതൽക്കൂട്ടായി മാറിയിരിക്കുകയാണ് രണ്ടാം വർഷഗണിതശാസ്ത്ര വിദ്യാർത്ഥിനിയായ ഇന്ദു. ഗണിതത്തിലാണ് ഈ സംഭാവന എന്നു കരുതിയാൽ തെറ്റി! ഭരതനാട്യത്തിലും കുച്ചുപ്പുടിയിലും ചുവടുകളോ ഭാവലയങ്ങളോ പിഴയ്ക്കാറില്ല ഈ കൊച്ചു കലാകാരിക്ക്.

ഭാവലയവ്യതിയാനങ്ങൾകൊണ്ട് സദസ്സിനെ പിടിച്ചിരുത്തുന്ന ഇന്ദു, അറിയപ്പെടുന്ന നർത്തകിയാണ്.

നാദസ്വരമുയരുമ്പോൾ ചുവടുവച്ചുതുടങ്ങുന്ന ഇന്ദു തന്റെ നടനപാടവം മുഴുവൻ വദനഭാവങ്ങൾകൊണ്ട് അപൂർവ്വചാരുതയുള്ളതാക്കാറുണ്ട്. ഈ സവിശേഷതയാണ് ശ്രീ ശങ്കര ഡാൻസ് സ്കൂളിന്റെ 'സാക്ക്' (ശ്രീശങ്കര അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ) അംഗീകാരത്തിന് ഇന്ദുവിനെ അർഹയാക്കിയത്. രണ്ടായിരത്തി നാലിൽ ഭരതനാട്യത്തിന് കേന്ദ്രഗവൺമെന്റിന്റെ സ്കോളർഷിപ്പ് നേടിയെടുത്ത ഈ മിടുക്കി രണ്ടായിരത്തിൽ നാടോടിനൃത്തത്തിനും തൊണ്ണൂറ്റി ഒൻപതിൽ കുച്ചുപ്പുടിക്കും സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം നേടിയിരുന്നു.

നാലാം വയസുമുതൽ, കലാമണ്ഡലം ഗോപിനാഥിന്റെ ശിക്ഷണത്തിൽ ഭരതനാട്യപരിശീലനം നടത്തിവരുന്ന ഇന്ദു, ഇടപ്പള്ളി സ്വദേശിനിയാണ്.

ഇരുപതോളം കുട്ടികളെ ഭരതനാട്യം പരിശീലിപ്പിക്കുന്ന ഈ കലാസമ്പന്ന ഗുരുവിന്റെ സ്ഥാപനത്തിലും പഠിപ്പിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

ഒട്ടുമിക്ക കലാസാഹിത്യതലങ്ങളിലും പ്രതിഭ തെളിയിച്ചിട്ടുള്ള മിടുക്കരുടെ ക്യാമ്പസാണ് തേവര. കലയിലുതിരുന്ന താരശോഭ, ക്യാമ്പസിന് ആത്മീയതാളമാകുന്ന പ്രതീക്ഷയിലാണ് കലാസ്നേഹികൾ. ഈ വലിയ കലാകാരിക്ക് തേവര ക്യാമ്പസിന്റെ സർവ്വഭാവുകങ്ങളും.

തുള്ളൽ ത്രയത്തിലെ പാഞ്ചാലിയായി പ്രവീണ

എസ്. എച്ച്. കോളജിലെ തന്നെ പൂർവ്വവിദ്യാർത്ഥിയായ സഹോദരൻ പ്രവീണിനൊപ്പം

"നോക്കടാ നമ്മുടെ മാർഗേ കിടക്കുന്ന
മർക്കടാ നീയങ്ങു മാറിക്കിടാശൊടാ"

ഈ വരികൾ മതി, മലയാളത്തിന്റെ വിഭവശേഷി കൊണ്ട് മലയാളിയെ കൊതിതീരുവോളം രസിപ്പിച്ച കുഞ്ചൻനമ്പ്യാരുടെ ഓർമ്മകൾ ഓടിയെത്താൻ. തുള്ളൽ ചിട്ടപ്പെടുത്തിയ നമ്പ്യാരെ ആരു മറക്കും! തുള്ളൽ മറക്കാത്ത മലയാളികൾ കേരളത്തെ ഇന്നും പുളകമണിയിക്കാറുണ്ട്.

ഈയിടെയാണ് തേവര കോളേജിലെ ഒരു മന്ദാരകുസുമം ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ തന്റെ കലാവൈഭവം മറക്കാനാവാത്ത അനുഭവമാക്കി മാറ്റിയത്. കലാമണ്ഡലം പ്രഭാകരന്റെ മകളായ പ്രവീണയാണ് ഈ ഭാഗ്യകലാകാരി. അച്ഛനും സഹോദരനുമൊപ്പമാണ്, തുള്ളൽ പാരമ്പര്യത്തിലെ നൂതനപരിഷ്കാരമായ തുള്ളൽത്രയം പ്രവീണ അവതരിപ്പിച്ചത്.

ആദ്യമായാണ്, ഈ മൂന്നുതുള്ളൽ ഭേദങ്ങളും ഒന്നിച്ച് ഒരേ കഥയിൽ (കല്യാണസൗഗന്ധികം) പ്രത്യക്ഷപ്പെട്ടത്. ചുവന്ന പട്ടുടുത്ത്, ദേഹത്ത് ഭസ്മം പൂശി, നാഗഫണമുള്ള കിരീടം ധരിച്ച്, ഒറ്റക്കാലിൽ ചിലങ്കയുമായാണ് പ്രവീണ പറയൻ തുള്ളൽ അവതരിപ്പിച്ചത്. ദ്രുതകാലത്തിൽ ചുവടുകൾ വച്ചാടുന്ന ഓട്ടൻതുള്ളലും, കുരുത്തോലയിലുള്ള മെയ്യാഭരണങ്ങളുമായി പതിഞ്ഞ കാലത്തിൽ പാടുന്ന ശീതങ്കൻ തുള്ളലും സഹോദരനും അച്ഛനും ആണ് അരങ്ങേറ്റിയത്. നാട്യശാസ്ത്രപ്രകാരമുള്ള പ്രവേശങ്ങൾ ഉള്ള ഈ ത്രിതാളസമന്വയം, ഏക ആഹാര്യത്തിൽ ഒരിക്കൽക്കൂടി അവതരിക്കപ്പെട്ടു. ഇത്തവണ അത് എറണാകുളം ഫൈൻ ആർട്സ് ഹാളിലായിരുന്നു. ഇന്ദുവിനോടൊപ്പം നൃത്തവേദികൾ പങ്കിട്ടിട്ടുള്ള പ്രവീണയ്ക്ക്, പാഞ്ചാലിയുടെ ഭാവവ്യതിയാനങ്ങളിൽ ജീവിക്കാൻ പ്രയാസപ്പെടേണ്ടിവന്നില്ല.

തുള്ളൽ പരിഷ്കർത്താവായ മലബാർ രാമൻനായരുടെ സഹോദരപുത്രനായ കലാമണ്ഡലം പ്രഭാകരനും മക്കളും, തുള്ളൽത്രയമെന്ന നൂതനപരിഷ്കാരം ആസ്വാദകർക്കൊരു വിരുന്നാക്കി മാറ്റിയിരിക്കുകയാണ്.

തുള്ളൽത്രയം മൂന്നിന് നഗരത്തിൽ

രണ്ടാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥിനിയായ പ്രവീണയ്ക്ക്, പുഷ്ടി പ്രാപിച്ച ഈ കലയിലെ പ്രാവീണ്യം, ജനപ്രീതി സ്വന്തമായുള്ള മറ്റേതു കലയേക്കാളുമധികം സംതൃപ്തി നൽകുന്ന ഒന്നാണത്രെ. ചരിത്രമായി മാറുന്ന തുള്ളൽത്രയത്തെ തേവരയിലെ സഹപാഠികൾ ഹൃദ്യമായിതന്നെ എതിരേൽക്കുന്നു. തങ്ങൾക്കിടയിൽ നിന്നുയരുന്ന നക്ഷത്രത്തിളക്കം തേവര കോളേജിലെ വിദ്യാർത്ഥികൾക്ക് സന്തോഷത്തിനു വക നൽകുന്നതുതന്നെ.

ത്രിതാള വിസ്മയമായി തുള്ളൽത്രയം

GAYATHRI IN GLORIOUS MOOD

Gayathri is First BA Copy Editor student. She won her first prize for light music at the National level, conducted by Sangam Kala Group in association with Hero Honda. It was held at New Delhi. She brought glory to the college and the University by coming second for light music both at the South Zone and National Inter-University Festival held at Varanassi a rare feat lauded by the University's cultural wing.

She has sung for albums namely, *Suroor, Ente Swantham Ninakku, Aathmaavinai, Kripa Sagaram* and *Aanandam*. She won the *Drishya Television Award* for the best female singer of 2004 (Album-*Aathmavinai)*

Gayathri has been quite popular, appearing in various musical programmes of channels: *Sallapam* of Doordarshan, *Gandharva Sangeetham* of Kairali TV, *Sangeetha Sagaram, Autograph* and *Devagaandhar* of Asianet, *Tribute to Muhammed Rafi* of Asianet Plus, *Subharathri, Devamrutham* and *Saandralayam* of Jeevn TV and *Masters* of ACV.

It was her privilege to perform alongwith renowned playback singers, Vanijayaram, Chithra, Sujatha, Unnimenon, Venugopal, Unnikrishnan, Pratap and Afzal.

The pursuits of this pearl of the S.H. does not end here. Lately, her song was recorded for a Tamil Film *June R* under the music direction of Mr. Sharreth, her most favourite Music Director. K.S. Chithra is her favourite singer. She cherishes the memories of each programme as new and gifted experiences. She wants to enjoy singing involving herself in it, rather than taking it as a job.

She started learning Carnatic Music at the age of four. Sri. Kaduthuruthy Chandramohan was her first 'Guru.' Presently she is under Sri. S.K. Subrahmanyam.

What is magical is that she is carried effortlessly amidst all this glory through the most common life of a student. "My parents have always been with me. My friends have been encouraging. They watch my programmes, listen to my songs and make suggestions", says Gayathri.

"മാജിക് ലാൻഡിൽ നിന്നൊരു മാജിക്കൽ താരം"

Aslam O.A.
II B.Com

'ചതിക്കാത്ത ചന്തു,' 'ഗുരുശിഷ്യൻ,' 'കൺകെട്ട്,' ഈ സിനിമകളിലെ മാജിക് ഇഫക്ട് ചെയ്ത് പ്രശസ്തി നേടിക്കഴിഞ്ഞ Abdullah's Magic Land ലെ യുവ പ്രതിഭയാണ്, തേവര കോളജിലെ രണ്ടാം വർഷ ബി.കോം. വിദ്യാർത്ഥിയായ അസ്‌ലം. പ്രൊഫഷണൽ മജിഷ്യനായ അസ്‌ലത്തിന്റെ മാസ്റ്റർ പീസ് 'ലിങ്കിംഗ് റിംഗ്സ്' ആണ്. അഞ്ചാം വയസ്സിൽ ഗുരുവായ ബാഷയെ സാക്ഷി നിർത്തി തന്റെ മാജിക് വണ്ടർ തുടങ്ങിവച്ച അസ്‌ലം, ഇതിനകം നൂറിയമ്പതു സ്റ്റേജുകൾ പിന്നിട്ടു കഴിഞ്ഞു.

സേക്രഡ് ഹാർട്ട് സ്കൂളിൽ പ്ലസ്ടു വിനു പഠിക്കുമ്പോൾ (2001), കോളജിൽ യൂണിയന്റെ ഉത്ഘാടനത്തിന് അസ്‌ലം, മാജിക്കവതരിപ്പിച്ചിരുന്നു. 2005ലെ Students Only (ഫിക്കർ പ്രിന്റ്)യിലും അസ്‌ലം തന്റെ പ്രതിഭ തെളിയിച്ചു. ACV യിൽ അസ്‌ലം രണ്ട് എപ്പിസോഡുകൾ ചെയ്തു കഴിഞ്ഞു.

കണ്ണുകെട്ടി ബൈക്കോടിക്കുക അതും അസ്‌ലത്തിനു നിസ്സാരം. കഴിഞ്ഞ വർഷമാണ് കലൂർ -തമ്മനം-വൈറ്റില റൂട്ടിൽ, ഹവി ട്രാഫിക്കിനിടെ എട്ടുകിലോ മീറ്റർ കണ്ണുകെട്ടി ബൈക്കോടിച്ചത്. നഗരം ശ്വാസമടക്കി നിന്ന നിമിഷങ്ങൾ!!

സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ കോൽക്കളി (1998), ദഫ്മുട്ട് (1999, 2001, 2002) അറവന മുട്ട് (2002), എന്നിവയ്ക്ക് ഒന്നാം സ്ഥാനം നേടിയിട്ടുണ്ട് ഈ മിടുക്കൻ.

ഒ.എം. അബ്ദുള്ളയുടെയും, ബീവിയുടെയും ഏകമകനാണ് അസ്‌ലം. തമ്മനത്തുള്ള തന്റെ വീട്ടിലിരിക്കുമ്പോൾ അസ്‌ലത്തിന് മോഹം- കണ്ണുകെട്ടി കാറോടിക്കണം!

എൽ. കെ. ജി.
വിദ്യാർത്ഥിയായിരുന്നപ്പോൾ

Ajeethan K.
Kozhikode
II BSc. Ind. Chemistry

Reuse, reduce, recycle plastic

"Our Principal, Fr. Saviance was the greatest inspiration behind this revolutionary venture" Ajeethan told about the campaign against plastic, which was launched in the campus recently by the Department of Chemistry.

It was an idea that stemmed out from this youngster. Ajeethan, Nidhin and their friends organized an awareness programme against plastic in the campus. This move, with the motto "Reuse, reduce, recycle plastic" is supported by the management, the department and the studetns in general. Congratulations to Ajeethan and his team. The campus wishes you success in your 'ongoing campaign in action' to free the campus and the locality from the threats raised by plastic.

Ajeethan is also a 'Koodiyattam' artist (a classical art form) from which kathakali is said to have originated. This is a sanskrit skit that tells stories from *Purana*. Painkulam Narayana Chakyar is his guru. Unlike Kathakali, here the actors themselves tell the story. He won first prize in the District & State level Koodiyattam in 2002.

The use of plastic items in day-to-day affairs, is something that needs no special mention. Characteristics of plastic such as light weight, rust -free nature, cost efficiency and usefulness have overshadowed the harmful aspects like non-biodegradable nature causing a lot of concern as a soil pollutatnt.

Disposal and burning not only cause minor problems like chocking of drainage systems and hindering the growth of plants, but also cause severe forms of air and soil pollution, apart from killing animals that inadvertently eat plastic bags.

Stay Young at Sixty !

ON

Dr. T.J. JAMES
DEPARTMENT OF ZOOLOGY

You cling on to your mother's saree at the age of five. Embrace her at ten, start bothering her when thirteen; still more, at eighteen. But you are settled before thirty ! Your wife tells you of your child, your husband, of your beauty. The following years would tell you, that you are growing old, older...! The thought of wrinkling down to helplessness takes the pink away from you.

But there's hope. Dr. T.J. James of the department of Zoology has studied the phenomenon of ageing. The result of his research ended in his invention of drugs to reduce ageing. As a human being, one is entitled to ageing. But Dr. James has his formula for a healthy ageing.

He was awarded Young Scientist Research Project by DST, New Delhi, to investigate the therapeutic use of superoxide dismutase in Hypoxia exposed rats. The findings were in favour of treating train damages, ageing etcetera-through enzyne therapy.

He took his Ph.D from Kurukshethra University, Haryana, in 1992. He bagged the A.V. Tilak Award for the best research paper in the same year. He was invited to present a paper in the International Conference on "Lipofuscin", Tokyo, Japan, in 1995 and was nominated the Chairperson of the Conference. He was one of the two invitees from India.

He was also invited to participate and present paper in the special session of young scientists of DST in the Indian Science Congress held in Chennai in 1999.

He was the Secretary General of ARDSI for three years, and still continues to serve Alzheimers patients in various capacities. He has published more than twentyfive research papers in national and international journals. He has presented papers in more than fifty seminars/conferences, national and international.

This great scientist from Scientist from Sacred Heart College is an inspiration to students of any department. This 'simple' professor of Sacred Heart College, Thevara is from Thanneermukkam, Alappuzha. Let us hope that his medicine help many to stay healthy even at sixty.



ദക്ഷിണേന്ത്യയിൽ ചിലന്തി ഗവേഷണം (അരക്നോളജി വിഭാഗം) നടത്തുന്ന ഏക കോളേജാണ് തേവര. ഡോ. പി.എ. സെബാസ്റ്റ്യന്റെ കീഴിലാണ് ഗവേഷണം മുന്നേറുന്നത്. അഞ്ചുപേർ മാത്രമാണ് ഈ ഗവേഷണസംഘത്തിലുള്ളത് എന്നത് ആശ്ചര്യകരം തന്നെ. ഇന്ത്യയിലുള്ള 1200 ഇനം ചിലന്തികളെ കണ്ടെത്തിക്കഴിഞ്ഞു. ഇനിയും ഏറെ കണ്ടെത്താനുണ്ട്. അതിനുള്ള ശ്രമത്തിലാണിവർ. എം.ജെ. മാത്യു, പ്രൊഫ. സാംസൺ, ഇ. സുധീഷ്, സുനിൽ ജോസ്, എ.വി. സുധീഷ്കുമാർ എന്നിവരടങ്ങിയ ഈ സംഘം കേരളത്തിൽ തന്നെ 420 ഇനം എട്ടുകാലികളെ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 35 എണ്ണം ശാസ്ത്രലോകത്ത് പുതിയതാണ്. വാഗമൺ, അഗസ്ത്യമല, ആര്യങ്കാവ്, പറമ്പിക്കുളം, മൂന്നാർ, കാന്തല്ലൂർ (മന്നവൻ ചോല), നിലമ്പൂർ, മംഗളവനം, വരാപ്പുഴ, കുട്ടനാട് ഇവിടങ്ങളിൽ നിന്നൊക്കെ ഇവർ ചിലന്തികളെ നിരീക്ഷണത്തിന്റെ കൂട്ടിലാക്കിയിട്ടുണ്ട്.

വിദേശവിപണിയിൽ പതിനായിരങ്ങൾ വിലമതിക്കുന്ന കടുവാചിലന്തികളിൽ നാലിനങ്ങളെ കൂട്ടിലാക്കാൻ കഴിഞ്ഞിട്ടുണ്ട് ഇതുവരെ. ചിലന്തികൾ എന്ന കേന്ദ്രവിഷയവുമായി ബന്ധപ്പെട്ട് ചിലന്തികളുടെ സ്വഭാവവിശേഷം, കേരളത്തിൽ അവയുടെ വർഗീകരണം, കുട്ടനാട്ടിലെ നെൽപ്പാടങ്ങളിലെ ചിലന്തി വൈവിധ്യം, ജൈവകീടനിയന്ത്രണം ഒക്കെ ഇതിൽപെടുന്നവയാണ്.

ശാസ്ത്രജ്ഞർ പണ്ടേ തിരിച്ചറിഞ്ഞിട്ടുള്ള ചിലന്തിവലയുടെ ഉറപ്പും ഇലാസ്തികതയും പ്രതീക്ഷയേകുന്നതാണ്. ഇതിൽനിന്നും കൃത്രിമ സിൽക്ക് ഉൽപ്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ അമേരിക്കയിൽ നിലവിലുണ്ട്. വെടിയുണ്ടയേൽക്കാത്ത പടച്ചട്ടകൾ, ശസ്ത്രക്രിയാനൂൽ, കൃത്രിമ രക്തവാഹിനികൾ, പേശികൾ എന്നിവ ഉണ്ടാക്കാൻ ഇത് ഉപകരിക്കും. ചിലന്തിവിഷത്തിൽ നിന്നും ഔഷധങ്ങളുണ്ടാക്കാനുള്ള ശ്രമവും നടന്നുവരുന്നുണ്ട്.

ബെൽജിയത്തിലും ബൾഗേറിയയിലും നടന്ന രാജ്യാന്തര ശാസ്ത്രസമ്മേളനങ്ങളിലുൾപ്പെടെ നിരവധിവേദികളിൽ മുപ്പതിലേറെ പ്രബന്ധങ്ങൾ ഈ ഗവേഷകർ അവതരിപ്പിച്ചിട്ടുണ്ട്.

ഇപ്പോൾ തുറക്കുമ്പോൾ!

Manager
Thevara College

മമ്മൂട്ടിയുടെ അഭിനയവും ഇലക്ഷൻ കലാപവും

ഡോ. ചെറിയാൻ കുന്നിയന്തോടത്ത് സി.എം.ഐ.

ഇന്നത്തെ സൂപ്പർസ്റ്റാർ മമ്മൂട്ടിയും ഞാനും പ്രീഡിഗ്രി പഠനത്തിനായി തേവര കോളജിൽ എത്തിയത് ആയിരത്തിതൊള്ളായിരത്തി അറുപത്തി എട്ടിൽ ആയിരുന്നു. കെ.എ. മുഹമ്മദുകുട്ടി എന്ന പേരിലറിയപ്പെട്ടിരുന്ന മമ്മൂട്ടി, അന്ന് അഭിനയരംഗത്തേക്കു കടന്നുവന്നിരുന്നില്ലെങ്കിലും അഭിനയം മുഖമുദ്രയാക്കിയിരുന്നെന്നു തെളിയിക്കുന്ന ഒരു സംഭവമുണ്ടായി. മലയാള അദ്ധ്യാപകനായിരുന്ന ഫാ. ഡൊമീഷ്യൻ ക്ലാസ്സിൽ ഒരു തമാശ പറഞ്ഞു. എല്ലാവരും ചിരി അവസാനിപ്പിച്ചിട്ടും മുഹമ്മദുകുട്ടി പൊട്ടിച്ചിരി തുടർന്നു. അച്ചനതിഷ്ടപ്പെട്ടില്ല. മുഹമ്മദുകുട്ടിയെ ക്ലാസ്സിൽനിന്നു പുറത്താക്കി.

കുറച്ചുനാൾ പുറത്തൊക്കെ ചുറ്റിനടന്നെങ്കിലും ക്ലാസ്സിൽ കയറാതിരുന്നാൽ ശരിയാകില്ലല്ലോ. മുഹമ്മദുകുട്ടി നേരെ പ്രിൻസിപ്പാളിന്റെ മുറിയിൽ കയറി, ചിരിച്ചതിനാണു തന്നെ പുറത്താക്കിയതെന്നും മേലിൽ നന്നായി പെരുമാറിക്കൊള്ളാമെന്നും പറഞ്ഞ് പൊട്ടിക്കരച്ചിലാരംഭിച്ചു. അഭിനയം വിജയം കണ്ടു. മനസ്സലിഞ്ഞ പ്രിൻസിപ്പാൾ ക്ലാസ്സിൽ കയറാൻ അനുവാദം കൊടുത്തു.

കോളജിൽ ജനറൽ ഇലക്ഷൻ വേണമെന്ന് എൻ. വേണുഗോപാൽ, ഗിൽബർട്ട് ഓസ്റ്റിൻ (ഡോ. ഹെന്റി ഓസ്റ്റിന്റെ മകൻ - മരണമടഞ്ഞു) തുടങ്ങിയവരുടെ നേതൃത്വത്തിൽ മൂന്നിട്ടിറങ്ങിയ വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു. യൂണിയൻ തിരഞ്ഞെടുപ്പ് കലാലയങ്ങളിൽ തുടങ്ങിയിരുന്നില്ല. മാനേജ്മെന്റ് വഴങ്ങാതെ വന്നപ്പോൾ കോളജിൽ കലാപം തുടങ്ങി. കോളജിന്റെ ചിലഭാഗങ്ങൾ തല്ലിത്തകർക്കപ്പെട്ടു. പുറത്തുനിന്നെത്തിയ അക്രമികളും കൂടെയായപ്പോൾ എല്ലാം നിയന്ത്രണാതീതമായി.

ഗേറ്റും വാതിലുകളുമടച്ചപ്പോൾ കുറെപ്പേർ രണ്ടാംനിലയിൽ കൂടുങ്ങി. വലിയ ഒരു ഗോവണി എവിടെനിന്നോ കൊണ്ടുവന്ന് സമരക്കാരായ വിദ്യാർത്ഥികൾ രണ്ടാം നിലയിലേക്കു കയറാനുള്ള ശ്രമമായി. മുകളിലെത്തിയ ഒരു വിദ്യാർത്ഥി കാലുതെറ്റി താഴെ വീണ് ചോര ചിതറി. ഗണിതശാസ്ത്രാദ്ധ്യാപകനായിരുന്ന ഫാ. ഗ്രേഷൻ (ഇന്നത്തെ ബിജ്നോർ രൂപത ബിഷപ്പ്) ആ കുട്ടിയെ മെഡിക്കൽ ട്രസ്റ്റിലെത്തിച്ചു.

എല്ലാം തല്ലിത്തകർത്ത് അക്രമികൾ രക്ഷപെട്ടു. യുദ്ധം കഴിഞ്ഞ പടക്കളം പോലെ തോന്നിച്ചു കോളജങ്കണം. കോളജുപഠനത്തിനുവന്ന എന്നെ സംബന്ധിച്ചിടത്തോളം നേരിട്ടുകണ്ട ആ രംഗങ്ങളെല്ലാം തീർച്ചയായും സംഭീതസ്മരണകളാണ് ഉണർത്തുന്നത്. അഞ്ചുവർഷത്തെ പഠനകാലത്തെ ഓർമ്മകൾക്ക് അക്ഷരങ്ങൾ പകർന്നാൽ ഇനിയുമേറെ എഴുതുവാനുണ്ട്. തൽക്കാലം ഓർമ്മകൾക്കിടെ വിരാമമാകട്ടെ.

Prof. Antony Issac
G.C.D.A. Chairman

"ഓർമ്മകൾക്കൊരാവേശമായ എസ്.എച്ച്."

എം.എ. ഇക്കണോമിക്സിന് 1964-66 കാലഘട്ടത്തിൽ ഞാൻ തേവര സേക്രഡ് ഹാർട്ട് കോളജിൽ പഠിച്ചിരുന്നപ്പോൾ ജെയിംസച്ചനായിരുന്നു പ്രിൻസിപ്പാൾ. അതിനുശേഷമാണ് ശ്രീ കേരളവർമ്മ തമ്പുരാൻ കോളജിന്റെ പ്രിൻസിപ്പാളായത്.

ക്യാമ്പസ് യുവത്വമെന്നാൽ ഡിഗ്രി കാലഘട്ടം മാത്രമാണെന്നാണു വയ്പെങ്കിലും തേവര കോളേജിലെ എന്റെ ജീവിതം ഓർമ്മകൾക്കാവേശമാണിന്നും. സ്പോർട്സിൽ എനിക്കേറെ താല്പര്യമുണ്ടായിരുന്നു. അങ്ങനെയാണ് കോളജ് ഫുട്ബോൾ ടീമിൽ അംഗമായത്. പുസ്തകങ്ങളുടെ നല്ല ശേഖരമുള്ള കോളജ് മറ്റു കോളജുകൾക്കൊരു മാതൃകയാണ്. ഇവിടെ നടത്തിയിരുന്ന സെമിനാറുകൾ ഞങ്ങൾക്കെന്നും പുത്തൻ അറിവിന്റെ വാതായനങ്ങളായിരുന്നു.

എന്നെ ഏറ്റവും ആകർഷിച്ചിരുന്നത് കായൽതീരത്തെ വിസ്തൃതമായ ഗ്രൗണ്ടും ക്യാമ്പസിന്റെ ശാന്ത സുന്ദരമായ അന്തരീക്ഷവുമാണ്. അദ്ധ്യാപകരെകുറിച്ച് ആരെങ്കിലും കുറ്റം പറയുന്നത് ഞാനന്ന് കേട്ടിട്ടില്ല. അത്രയ്ക്ക് അർപ്പണമനസ്ക്കരായിരുന്നു അന്നത്തെ അദ്ധ്യാപകർ.

ഒരഭിഭാഷകനാകാനായിരുന്നു ആഗ്രഹമെങ്കിലും ഞാനൊരദ്ധ്യാപകനായിത്തീർന്നു. പിന്നീട് സെന്റ് പോൾസ് കോളജിൽ ഞാൻ പ്രിൻസിപ്പാളായിരുന്ന പതിനൊന്നു വർഷവും സമരമില്ലായിരുന്നു. ക്യാമ്പസ് രാഷ്ട്രീയം അത്യാവശ്യമാണ്. തങ്ങളെത്തന്നെ തുറന്ന് തങ്ങളിലെ ശക്തിയെ, ആരോഗ്യപരമായി വിനിയോഗിക്കാനവസരം ക്യാമ്പസ് യുവത്വത്തിന് നൽകുകയാണ് രാഷ്ട്രീയം ചെയ്യേണ്ടത്. പക്ഷേ, അത് അക്രമത്തിലേക്കു വഴിതെളിക്കരുതെന്നു മാത്രം. ഭാവിപൗരരെ (ഇന്നിന്റെയും) വളർത്തിയെടുക്കേണ്ട ക്യാമ്പസിൽ രാഷ്ട്രീയം പുഷ്ടി പ്രാപിക്കണമെങ്കിൽ വിദ്യാർത്ഥികൾ തന്നെ അച്ചടക്കം ഉണ്ടാക്കിയെടുക്കണം. സംഘടിക്കാം, പ്രതിഷേധിക്കാം. അക്രമമരുത്. തോക്കിനോ, കത്തിക്കോ ഒന്നും പരിഹരിക്കാനാവില്ല.

പുതുതലമുറ കഠിനപ്രയത്നത്തിൽ പിന്നോക്കം നിൽക്കാൻ പാടില്ല. സമയം പാഴാക്കിക്കളയാനുള്ളതല്ല. ദൈവദാനമായ കഴിവുകൾ വിനിയോഗിച്ചാലേ ഉന്നതിയിലെത്തിക്കാനാകൂ. ആഴത്തിലുള്ള വായന മനുഷ്യമനസ്സിനെ ആഴമുള്ളതാക്കും. ക്യാമ്പസൊന്നേ ചെയ്യേണ്ടതുള്ളൂ. തങ്ങളെത്തന്നെ അറിയുക.

Martin K. Mathew
Crime Branch S.P.

"ഹലോ ഡാർലിംഗ്, വർഷമെത്ര?"

മാഗസിൻ പ്രവർത്തകരോട് അദ്ദേഹം പറഞ്ഞുതുടങ്ങി. "ആയിരത്തിത്തൊള്ളായിരത്തി അറുപത്തി ഏഴ്. എന്റെ പ്രീഡിഗ്രിപഠനം തേവരകോളജിൽ. രാഷ്ട്രീയം കലാലയത്തിൽ ആദ്യമായി രംഗപ്രവേശം നടത്തിയത് ഈ വർഷമാണ്. അന്നുമുതൽ എഴുപത്തിരണ്ടിൽ ഞാൻ ഇക്കണോമിക്സ് പഠിച്ചിറങ്ങുംവരെ രാഷ്ട്രീയമത്സരങ്ങൾ ആരോഗ്യപരമായിരുന്നു. സമരങ്ങളും കുറവ്. ഇന്ന് എതിർപാർട്ടിക്കാരൻ 'അപരനും' ശത്രുവുമാണല്ലോ.

ക്യാമ്പസിനെക്കുറിച്ച് കാലാകാലങ്ങളിൽ എല്ലാവരും 'തങ്ങളുടെ കാലമായിരുന്നു നല്ലതെ'ന്നു പറയുന്നു. എങ്കിലും തേവര ക്യാമ്പസിൽ കാലെടുത്തുവച്ചാൽ ഇന്നും ഞാൻ കോരിത്തരിച്ചുപോകും. കലാപ്രകടനങ്ങൾ അരങ്ങേറിയിട്ടുള്ള ഓഡിറ്റോറിയത്തിൽ കോളജിന്റെ ആത്മാവ് ഉറങ്ങുന്നില്ലേ എന്നു ഞാൻ സംശയിച്ചിട്ടുണ്ട്. അത്രയ്ക്കും ഗൃഹാതുരത ഉണർത്തുന്ന ചിത്രപ്പണികളാണ് സ്റ്റേജിനിരുവശവും.

ഇന്ന് ധനചിന്തയും രാഷ്ട്രീയവും മാത്രം മനസുകളെ ധ്വംസിച്ചിരിക്കുന്നുവെങ്കിലും എനിക്ക് ഇതുവരെയുള്ള എന്റെ ജീവിതത്തിൽ, കോളജിൽവച്ച് അനുഭവിച്ചതിലുമധികം സന്തോഷം ഉണ്ടായിട്ടില്ല. കോളജ് ഫുട്ബോൾ ടീമംഗമായിരുന്നപ്പോഴാണ് ഞാൻ തെങ്ങിൽ കയറാൻ പഠിച്ചത്. ആരും കാണാതെ, വേമ്പനാട്ടു കായലിനെ സാക്ഷിനിർത്തി ക്യാമ്പസിലെ തെങ്ങിൽ വലിഞ്ഞുകയറി കരിക്കും തേങ്ങയുമിടാൻ എന്നോളം പോന്നവർ ചുരുക്കമായിരുന്നു."

"ഇന്ന് ഗുണ്ടകൾ ഓടിച്ചാൽ ഓടിക്കയറാൻ എളുപ്പമായി." ഞങ്ങളിലൊരാൾ പറഞ്ഞു. തമാശ രസിച്ച അദ്ദേഹം ഞങ്ങളെ സാകൂതം നോക്കി.

എൻ.സി.സി. യിലായിരുന്നപ്പോൾ പാക്കിസ്ഥാൻ അതിർത്തിയിൽ വെടിവെയ്പിനിടയിൽ പെട്ടതും, അവിടെ ഭക്ഷണം തൃപ്തികരമല്ലാത്തതിനാൽ സമരം നടത്തിയതും ഒക്കെ അദ്ദേഹം ഓർമ്മയിൽ നിന്നും ചികഞ്ഞെടുത്തു. ഡിഗ്രി കഴിഞ്ഞപാടെ പോലീസായതും 137 രൂപയുമായി തിരുവനന്തപുരത്ത് ഇന്റർവ്യൂനെത്തി എസ്.ഐ. ആയതും വിയർപ്പൊഴുക്കിത്തന്നെ. ഇന്ന് വിദ്യാർത്ഥികളും പോലീസും തമ്മിലുള്ള "സമരം തടയൽ" ബന്ധത്തെക്കുറിച്ചു ചോദിച്ചു. "പോയി പോയി പിറകോട്ട് മതിലുവരെയേ പോകാനാവൂ." കൊച്ചിയിലെ തന്നെ ഒരു കോളേജിൽ വച്ച് കിട്ടിയ കല്ലേറിന്റെ പാട് നെറ്റിയിൽ തൊട്ടുകാണിച്ചുകൊണ്ടദ്ദേഹം പറഞ്ഞു.

കൈകളിൽ വച്ചുതന്ന ഇളനീർ ഞങ്ങൾ നുണഞ്ഞുതുടങ്ങിയപ്പോൾ തേവര ജോളേജിൽ ഇലക്ഷന് സ്വതന്ത്രനായി നിന്ന് ചെയർമാനായ മകനെക്കുറിച്ചദ്ദേഹം പറഞ്ഞു. പേര് വിനോദ്. ഏതു വർഷമായിരുന്നു എന്ന് ഞങ്ങൾക്ക് അറിയണം. ഭാര്യ ഇതൊക്കെ കൃത്യമായി ഓർത്തിരിക്കും. ഉടനെ വീട്ടിലേയ്ക്ക് വിളിച്ചു.

"ഹലോ ഡാർലിംഗ്, വിനോദ്..."

രണ്ടായിരത്തിനാലിൽ മികച്ച സേവനത്തിന് രാഷ്ട്രപതി മെഡൽ നേടിയ ഏക കേരളീയനായിരുന്നു അദ്ദേഹം. രസകരമായ ഒരു മാജിക്കു കാണിച്ച് ഞങ്ങളെ അമ്പരപ്പിക്കാനും മറന്നില്ല.

"സാമൂഹ്യബോധം, സ്വഭാവശുദ്ധി, പരോപകാരം എന്നിവയെ മുൻനിറുത്തിയായിരിക്കണം വിദ്യാഭ്യാസം.നിങ്ങളിലാണ് നാളെയുടെ നന്മകൾ വിടരേണ്ടത്." അദ്ദേഹം നിറുത്തി.

എ.സി. യുടെ കുളിർമയിൽ നിന്നും പുറത്തേക്കിറങ്ങിയ ഞങ്ങളോട് ഊഷ്മളമായ ഒരു ചോദ്യം. മക്കളെവിടുന്നാ? "തേവരക്കോളേജീന്നാ." "ഓ സാറിന്റെ കോളേജല്ലേ." ലേഡി പോലീസിനു മതിപ്പ്!

Divesh Sehara IAS
Meerut, U.P.

"S.H. , a source of strength"

"I am one of those few North Indians who has been privileged to study at Sacred Heart College, Thevara. I was a student of B.A. Economics during 1996-1999. This 'God's own country', it really enchants me, just as I relish today the most cherished memories of my college days."

A gem of a 'Vidhyarthi' and pride of Sacred Heart's reputation, Divesh Sahara, was the 81st in the 2005 IAS batch. He is from Meerut, Uttar Pradesh and is settled in Delhi. It is more worth the praise when we know that Mrs. Deepa Divesh is also a former student of this college.

This industrious man would certainly inspire the students of S.H. to repolish and energise their attitude towards Civil Service.

Divesh says that it is S.H. College from which he has drawn enough strength to be bold to realities and successful in the face of any challenge. The teachers, he remembers them with high pride. A pride that shines in its simplicity and excellence.

P.H. Ashraff
Asst. Police Commissioner

"ഖസാക്കിന്റെ ഇതിഹാസകാലം നഷ്ടമായി."

എന്റെ വിദ്യാലയമുറ്റത്ത് ഞാൻ പിച്ചവച്ചുനടന്നു. തേവര കലാലയാങ്കണത്തിലോ? അവിടെ ഞാൻ പകുതയുടെ പടവുകൾ താണ്ടി കൃതാർത്ഥനായി. 1971 മുതൽ 1973 വരെ പ്രീഡിഗ്രി ചെയ്ത ഞാൻ പിന്നീട് 1976 ൽ കെമിസ്ട്രിബിരുദം ഇവിടെത്തന്നെ പൂർത്തിയാക്കി. സാഹിത്യത്തിലെ 'വിക്ടോറിയൻ ഈറ' എന്നതുപോലെ ഫാ. വിക്ടോറിയൻ പ്രിൻസിപ്പളായിരുന്ന ഈ കാലഘട്ടവും ആ പേരിൽ അറിയപ്പെട്ടിരുന്നു. അർപ്പണമനോഭാവമുള്ള അന്നത്തെ പ്രഗൽഭരായ അദ്ധ്യാപകർ ഞങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

സമരങ്ങളൊക്കെ അന്ന് വളരെ ശക്തമായിരുന്നു. പക്ഷേ ഗുരുശിഷ്യബന്ധം പുരാതനകാലത്തെ ഗുരുകുലബന്ധത്തെ ഓർമ്മപ്പെടുത്തും വിധം ദൃഢമായിരുന്നു. വിദ്യാർത്ഥിരാഷ്ട്രീയം ഇല്ലാതാകുമ്പോൾ സംഘടിതപ്രയത്നങ്ങളാണ് ഒരുപരിധിവരെ ഇല്ലാതാവുന്നത്. അക്രമാസക്തമാകാത്ത രാഷ്ട്രീയം ക്യാമ്പസിന് ഒരാവശ്യം തന്നെയാണ്. രാഷ്ട്രീയത്തിലൂടെ വിദ്യാർത്ഥികളുടെ ഇടയിൽ വളർന്നുവന്നിരുന്ന ഒത്തൊരുമ ഇന്ന് നഷ്ടമാകുകയല്ലേ!

'മയ്യഴിപ്പുഴയുടെ തീരങ്ങൾ' എനിക്കു സമ്മാനിച്ചത് ക്യാമ്പസാണ്. 'ഖസാക്കിന്റെ ഇതിഹാസകാലം' നഷ്ടമായതിന്റെ നേരിയ ദു:ഖം മനസ്സിലുണ്ട്. ചിന്തിക്കുന്ന ക്യാമ്പസിനെ കണ്ടുവളർന്ന എനിക്ക് സേക്രഡ് ഹാർട്ട് കോളജെന്നാൽ എന്റെ ചിന്തകളെ ഇന്നും നയിക്കുന്ന ശക്തിസ്രോതസ്സാണ്.

സ്വാർത്ഥമനസ്ക്കരും, മാതാപിതാക്കളോട് ഉത്തരവാദിത്വമില്ലാത്തവരും ആയ 'ടെക്നോവിദ്യാർത്ഥി'കളെയാണ് ഇന്ന് അധികവും കാണാനാവുന്നത്. പഠിക്കാനും ഉയർന്നമാർക്കു കരസ്ഥമാക്കുവാനും മിടുക്കരായ വിദ്യാർത്ഥികൾക്കിന്ന് എന്തിനാണു സമയം? സമയത്തെ പണമാക്കി മാറ്റാൻ പ്രിയ വിദ്യാർത്ഥികളേ, നിങ്ങളെങ്ങോട്ടാണ് ധൃതിപിടിച്ചു പായുന്നത്? ഒന്നോർക്കുക, നിങ്ങൾ ഏതൊരവസ്ഥയിലായിരുന്നാലും അപരർക്ക് ഉപയോഗമുള്ളവരായിരിക്കണം. എന്റെ ജോലിയിൽ ഞാൻ തികച്ചും തൃപ്തനാണ്. പാവപ്പെട്ടവരടക്കം ധാരാളം പേരെ സഹായിക്കാൻ കഴിയുന്നുണ്ട്. നിങ്ങൾക്കും തിരിഞ്ഞുനോക്കുമ്പോൾ സംതൃപ്തിയും സന്തോഷവുമുണ്ടാകണമെങ്കിൽ ആത്മാർത്ഥപ്രയത്നം അനിവാര്യമാണ്.

C.C. Jacob
Former Kerala Football Captain

"എന്റെ കോളജിന് ഒരിക്കലിണി വലിയ മുത്തം !"

പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയ ഞാൻ 1970ൽ ആണ് തേവര കോളേജിൽ കൊമേഴ്സ് ബിരുദവിദ്യാർത്ഥിയായി എത്തിയത്. ഒരു പടപ്പുറപ്പാടിനുള്ള ഭാവങ്ങളൊന്നും അന്ന് സേക്രഡ് ഹാർട്ട് കോളേജി നില്ലായിരുന്നു. കായലിനോടു ചേർന്ന് ഗാംഭീര്യത്തോടെ തലയുയർത്തി നിൽക്കുന്ന ക്യാമ്പസിന്റെ മുഖം എന്നെയിന്നും മത്തുപിടിപ്പിക്കുന്നു. എം.കെ. എബ്രഹാം സാറ് എനിക്കേറെ പ്രചോദനമായിരുന്നു.

ഫുട്ബോളിനെ ഞാനെന്നും ഒരു വികാരമായി നെഞ്ചിലേറ്റി നടന്നിരുന്നു എന്നത് കലാലയജീവിതകാ ലത്തുതന്നെ എന്നെ പ്രശസ്തനാക്കി. കോളജ് ഫുട്ബോൾടീമിന്റെ ക്യാപ്റ്റൻ പദവിയിൽ നിന്ന് കേരളടീമി ലേക്കുള്ള എന്റെ ജൈത്രയാത്രയ്ക്ക് കോളജിലെ അദ്ധ്യാപകരും സുഹൃത്തുക്കളും വഹിച്ച പങ്ക് ചില്ലറയല്ല. സന്തോഷ് ട്രോഫിയിൽ 1973ൽ കേരളം ആദ്യമായി ജയിച്ച ടീമിലെ അംഗമായിരുന്നുവെന്നത് എന്റെ മികവി നംഗീകാരമായി ഞാൻ കരുതുന്നു. കേരളം വീണ്ടും സന്തോഷ് ട്രോഫിയിൽ മുത്തമിട്ടപ്പോൾ ഞാൻ കേര ളടീമിന്റെ കോച്ചായിരുന്നു.

ഒരിക്കലും മറക്കാനാവാത്ത ഓർമ്മകളാണ് സേക്രഡ് ഹാർട്ട് കോളജെനിക്കു തന്നത്. എന്റെ ജീവി തത്തെ ത്രസിപ്പിച്ചിട്ടുള്ള കാലഘട്ടമായിരുന്നു അത്. കോളേജ് സ്പോർട്സ് ചാമ്പ്യനായപ്പോഴും ആരവ ങ്ങളും അഭിനന്ദനങ്ങളും ജീവിതയാത്രയിൽ ഇപ്പോൾ ഏറ്റുവാങ്ങുമ്പോഴുമൊക്കെ ആവേശത്തോടെ എന്നാൽ സമചിത്തതയോടെ,ആഹ്ലാദത്തോടെ എന്നാൽ അഹങ്കാരമില്ലാതെ,എല്ലാം ഈശ്വരകൃപ എന്നറിയാൻ എന്നെ പ്രാപ്തനാക്കിയത് എന്റെ കലാലയമാണ് - എന്റെ പ്രിയപ്പെട്ട തേവര കോളജ്.

കേരളത്തിലെയെന്നല്ല, ഇന്ത്യയിലെ തന്നെ മുൻനിര കോളജുകളിലൊന്നാണ് സേക്രഡ് ഹാർട്ട് കോളജ്. ആത്മാർത്ഥതയുള്ള അദ്ധ്യാപകരെ ഞാൻ അനുഭവിച്ചറിഞ്ഞതിവിടെയാണ്. രാഷ്ട്രീയം രാഷ്ട്രത്തെ നഷ്ട ത്തിലാക്കുന്ന പ്രവണത വളർന്നാൽ ക്യാമ്പസിനെ അതു സാരമായി ബാധിക്കും. ക്യാമ്പസുകളിലെ രാഷ്ട്രീയം മിക്കവാറും അക്രമാസക്തം തന്നെ എന്നതുകൊണ്ട് വേണ്ട എന്നതാണ് എന്റെ അഭിപ്രായം.

ഉത്തമരായ വിദ്യാർത്ഥികൾക്കു പഞ്ഞമില്ലെങ്കിലും ബഹുമാനവും ആദരവും ഒക്കെ പുതുതലമുറകൾക്കു നഷ്ടമാകുന്നുവോ എന്ന സംശയം അസ്ഥാനത്തല്ലെന്നു കരുതുന്നു. അത് ദോഷം ചെയ്യും. സ്നേഹവും, വിശ്വാസവും, ആദരവും കൈമുതലായുണ്ടെങ്കിൽ വിദ്യയോടൊപ്പം നാമെന്തെങ്കിലുമൊക്കെ നേടി എന്നു പറയാം. പണം കൊണ്ടു നേടാനാവത്തതു സൗഹൃദം കൊണ്ടു നേടാനാവുമെന്നത് മിഥ്യയല്ല.

With best compliments from :

Anjana Clinic

H.I.G. 30, Panampilly Nagar, Cochin - 682 036

Primary Care centre for the whole family where 80% of all Patients can be managed at a fraction of expense in any hospital for the same.

For Details :
Ph : 0484 - 2313464, 4012074
Mob : 93888 18909

Dr. P.K. Jayaprakash has more than 20 years experience in this field in U.K.

With best compliments from :

Dr. M.K.SUDHARMIKAN
Dr. MEENA

Ph : 0484-5590899
Mob : 98464 31424

P.H. CLINIC

KUMARAN VAIDYAR MEMORIAL BUILDING
MATTAMMAL, THEVARA, KOCHI-682013
KERALA STATE

ചിമിഴ്

പതിനാലു ജില്ലകളിൽ നിന്നും ശേഖരിച്ചത്

സഹായം : ശ്രീമതി മീര, റിട്ട. മലയാളം അദ്ധ്യാപിക,
മോഡൽ ജി.എച്ച്.എസ്. ഫോർ ഗേൾസ്, ആലപ്പുഴ.

കോളേജിലെ വിദ്യാർത്ഥികൾ ഒന്നടങ്കം ചേർന്ന് രൂപപ്പെടുത്തിയ കേരളത്തിന്റെ നാട്ടുഭാഷാനിഘണ്ടു.

അകിവുക	-	കരയുക	ഇരുത്തി	-	ഇരുപ്		
അപ്പാമ്പ്	-	വൃത്തിയുള്ള സ്ഥലം	ഇരുന്നാളി	-	നിങ്ങൾ ഇരിക്കൂ		
അപ്പൊട്ടേല്	-	അടുത്ത വീട്ടിൽ	ഇല്ലൂ	-	ഉള്ളൂ		
അമ്പട്	-	അപ്പൊട്ട്	ഇശ്ശി	-	കുറച്ച്		
അമ്പി	-	ഏടത്തി	ഇഷ്ടാ	-	കൂട്ടുകാരാ		
അമ്മേര	-	അച്ഛന്റെ ചേച്ചി/അച്ഛന്റെ അമ്മ	ഇളിച്ചവായൻ	-	വിഢ്ഢി		
അടത്ത്	-	അടുത്ത്	ഇർത്തുക	-	നിർത്തുക		
അല്ലാറുക്ക	-	കൈതച്ചക്ക	ഈക്ക്	-	മുഷിഞ്ഞ വസ്ത്രം		
അമ്പൊരു ആള	-	അമ്പിരാവിലെ	ഈടാ	-	ഇവിടെ		
അനക്ക്	-	നിനക്ക്	ഉഞ്ഞാലേ	-	ഉഴിയുക		
അപം	-	കഫം	ഉണ്ണിച്ചി	-	ചെറുത്		
അപ്പ	-	അവർ	ഉമ്മറം	-	പൂമുഖം		
അപ്പന്റെ	-	അവന്റെ	ഉമ്മാപ്പാ	-	അറിയില്ല		
അമ്മാൻ	-	അമ്മാവൻ	ഉസ്വാസ്	-	സംശയം		
അമ്മാത്ത്	-	അമ്മവീട്	ഉള്ളുസ്	-	കൊതുക്		
അമ്മുടയറ്	-	അമ്മിയുടെ ഭാര്യ	ഊരുപെട്ട വഴി	-	ഒരുപാട് സ്ഥലങ്ങൾ		
അയക്കുടി	-	അയൽവാസി	ഊര്	-	നാട്		
അയിലെ	-	അതിലെ	എടാ	-	അവിടെ		
അയ്മ്പത്	-	അൻപത്	എട്	-	എണീക്കൂ		
അഴുംബ്ളിക്കുക	-	കരയുക	എണിക്ക്	-	എഴുന്നേൽക്ക്		
അലമ്പ്	-	ശല്യം	എശവ്	-	ജാട		
അല്ലുമ്മാങ്ങി	-	ഒന്നിനും കൊള്ളാത്തവൾ	എമ്പ്	-	അവധി		
അവകള്	-	അവ	എങ്ങിനെ	-	എന്താണ്		
അശ	-	അഴ	എന്തണെ	-	എന്താണ്		
അശപെശ	-	സങ്കീർണ്ണം	എന്തെയ്ത്തു	-	എന്താണ്		
അറാംപിറമ്പ്	-	വികൃതി	എന്തോരം	-	എത്ര		
അറക്കുക	-	മുറിക്കുക	എന്ത് ര്ത്ത്	-	എന്താണ്		
അന്തി	-	രാത്രി/സന്ധ്യ	എമ്പാട്	-	കുറെ /അധികം		
ആട	-	അവിടെ	ഏക്കം	-	വലിവ്		
ആയി	-	ശരി	ഏഴി	-	ചേച്ചി		
ആള	-	തൊഴുത്ത്	ഏടിയാറ്റെ	-	എവിടെയാണാവോ		
ആർക്കട	-	ആരുടെ	ഏട്ടുത്തു	-	എവിടെ		
ഉങ്ങള്	-	നിങ്ങള്	ഏത്തട്ട്	-	തർക്കുത്തരം		
ഉരുല്ക്ക്	-	ഇതുപോലെ	ഏപ്രാശി	-	തെറിഞ്ഞ		
ഉഞ്ഞ്	-	നീ	ഏട്ടൻ	-	ആശ്ചൻ		
ഉഞ്ഞി	-	ഇനി	എട്ടി	-	ആശ്ചത്തി		
ഉഡിഷൽ	-	തടിയൻ	ഒക്കെ	-	കൂടെ		
ഉത്തിരി	-	കുറച്ച്	ഒടയോറ്	-	ഇന്നി		
ഉച്യ	-	ഉവർ	ഒത്തിച്ച	-	ബുദ്ധിമുട്ട്		
ഉങ്ങടെ, ഉൗട	-	ഉവിടെ	ഒത്തോരം	-	കൊഞ്ചൽ		
ഉബ്ട്ത്തോര്	-	ഉവിടെയുള്ളവർ/ഗൃഹനാഥൻ	ഒരം	-	ധിക്കാരം		
ഉന്നിശോ	-	ഉനിയിശോൾ	ഒരിസം	-	ഒരു ദിവസം		
ഉമ്മാതിരി	-	ഇതുപോലെ	ഒരൂട്ടം	-	ഒരു കാര്യം		
ഉമ്മേര	-	അമ്മയുടെയോ അച്ഛന്റെയോ ഉടയ സഹോദരി	ഓടി	-	എവിടെ		
			ഓട്ടൂ	-	എവിടെ		
ഉയിരേ	-	ഉതിരേ	ഓട്ട	-	ഊറ്റ, ദ്വാരം		

ഭാതർക്കം	-	ഉത്താർ
ഭാനിമ്	-	അവൻ
ഭേരിമ്	-	ചേർച്ച
ഭാമ്	-	അയാൾ, അദ്ദേഹം
ഭാമ്	-	അവൾ/അവൾ
ഭാൽ	-	അവൻ
കടായില്	-	വയ്യാതെ
കച്ചി	-	പശുക്കുട്ടി
കഷാകള്	-	കാന്താരി മുളക്
കള്ളിരുട്ട് ഒട്ടക്ക്	-	മണ്ണ് തണ്ണിയിട്ട് തൊടുന്നു
കന്നാലി	-	പശു
കഷി	-	കുറവ്
കയില്	-	തവി
കയിത്തല	-	കഴുത്തിലെ
കയ്പക	-	പാവക്ക
കയ്ച്ചിനി	-	കഴിച്ചു
കയു	-	വയ്യ
കയ്യല	-	പറ്റില്ല
കരയ്ക്ക	-	തൊഴുത്ത്
കരിചക്കാരി	-	ഗർഭിണി
കലമ്	-	വഴക്ക്
കല്ലുൽ വിരൽ	-	തള്ളവിരൽ
കല്ലുമ്പംകളി	-	തമാശ
കസാര	-	കണ്ണട
കങ്കം	-	ഹാമ്, കഷ്ണം
കത്ത്	-	പിശുക്ക്
കർജൂസ	-	പഴയ
കായ്	-	കാശ്
കാറൽ	-	ശർദ്ദി
കാമിനോ	-	കയറിത്തോ
കാളി	-	കാള
കിയൂട്ട്	-	ഇറങ്ങട്ടേ
കിളുമ്പുക	-	വെറുതെ കഷ്ടപ്പെടുക
കിയുക	-	ഇറങ്ങുക
കിടാവ്	-	കുട്ടി
കുടികൂടൽ	-	ഗൃഹപ്രവേശനം
കുനിയ്ക്കുക	-	ഇടിക്കുക
കുപായം	-	ഷർട്ട്, ബ്ലൗസ്
കുമ്പ്	-	കുമ്പൻ
കുത്തി	-	ഇടിച്ചു
കുത്തിരുന്നാ	-	ഇരിക്കൂ
കുയി	-	കുഴി
കുട്ടൻ	-	കാളക്കുട്ടി
കുറ്റൂശ	-	വീട് പാർക്കൽ ചടങ്ങ്
കുരുവോള്	-	കുട്ടികൾ
കുർത്തം	-	പരിചയം, അടയാളം
കൂട്ടംകൂടുക	-	സംസാരിക്കുക
കൂളി	-	ചെകുത്താൻ
കെണി	-	സൂത്രം
കെരകം	-	കംമ്പിടം
കൊമിത	-	ഗ്രഹിച്ച
കൊള	-	കിടങ്ങ്
കൈയ്യുട്ടകം	-	ബാഹു മൂലത്തിന്റെ പിൻവശം
കൊച്ച	-	കൊക്ക്
കൊഴിക്കോലം കെട്ടാ	-	വേഷം കാണിക്കുക
കൊടുത്തു	-	തന്നു
കൊത്തമ്പാലടി	-	മല്ലി
കൊത്തുക	-	കിളയ്ക്കുക
കൊരയ്ക്കുക	-	ചുരക്കുക
കൊളത്ത്	-	പരകണ്ടി
കൊള്ളി	-	കമ്പ
കൊട്ട	-	പ്ലാസ്റ്റിക് കവർ
കൊട്ട	-	കശുവണ്ടി
കോരി	-	സ്പൂൺ
കോരിക്കിടി	-	സ്പൂൺ
ഗടി	-	കൂട്ടുകാരൻ
ഗൊടങ്ങ്	-	രണ്ടിൽ
ങ്ങട്	-	ഇങ്ങോട്ട്
ങ്ങള്	-	നിങ്ങൾ
ങ്ങ്	-	പുകയില, ഇല
ങ്ങായി	-	കൂട്ടുകാരൻ
ചമ്പാ	-	കണ്ണിലെ പീള
ചളയിടുക	-	വെറുതെ ഇരിക്കുക
ചങ്	-	കഴുത്ത്
ചാത്തണ	-	അരി വേവിച്ചു കഴിഞ്ഞാൽ വെള്ളം വേർതിരിച്ചെടുക്കുന്നു
		വസ്തു
ചാടുക	-	കളയുക
ചാട്ടിക്കള	-	എറിഞ്ഞുകളയുക
ചാണ	-	കഷണ്ടി
ചായ	-	കുടിൽ

ചായ്	-	മണിയറ/പുരുഷം
ചിക്കിനി	-	മണ്ണെണ്ണ
ചിക്കിനിക്കുപ്പ്	-	മണ്ണെണ്ണ വിളക്ക്
ചിക്ക്	-	എക്കണി
ചിറ്റി	-	ചുങ്ക്
ചിറ്റുക	-	വട്ടം കറക്കുക
ചിറ്റുളി	-	വെള്ളുത്തുള്ളി
ചീനം	-	ക്ഷീണം
ചീരാച്	-	ജലദോഷം
ചീർപ്	-	ചീപ്
ചുങ്കൻ വിരൽ	-	തള്ള വിരൽ
ചുട്ട	-	ചൂട്
ചൂളി	-	നേരിയ തൊലി
ചെനവ്	-	ചീര
ചെട്ട	-	നല്ല
ചേമ്പ	-	ചേർച്ച
ചൊരിക്	-	ചൂല്
ചൊക്ക്	-	കുസൃതി
ചൊടി	-	പിണക്കം
ചൊട്ട	-	പൊട്ട്
ചൊത്ത	-	ചീത്ത
ചൊറ	-	ശല്യം
ചോക്കുത്തി	-	മണ്ണാത്തി
ചോർച്	-	കുനിയൽ
ജാസ്തി	-	കൂടുതൽ
ജുടൽച്	-	അഹങ്കാരം
ജോർ	-	കേമം
ഞമ്മടെ	-	നമ്മുടെ
ഞാക്ക്	-	ഞങ്ങൾക്ക്
ഞാള്	-	ഞാൻ
ഞാളെ	-	ഞങ്ങളെ
ഞാന്നോക്കില്ല	-	ഞാൻ പോകാറില്ല
ഞെങ്ങോൽ	-	കാള പൂട്ടുമ്പോൾ രണ്ട് കാലുകളെയും കഴുത്തിൽ വെച്ച് കെട്ടുന്ന മരം
ടാപ്	-	വേലത്തരം
തല്ലു	-	തല്ലി
തടുപ	-	മുറം
തന്നേങ്ങ്	-	തുമ്മുന്നത്
തഞ്ചാർന്നിനി	-	അമ്മുടി മികി
തഞ്ചം	-	അവസരം
താണാറ്	-	മുടി
താത്ത	-	ചേച്ചി
താറുക	-	കണ്ണം നിരപ്പാക്കുക
തുമ്മാൻ	-	മുറുക്കാൻ
തുളസി	-	കഞ്ഞിവെള്ളം
തെളി	-	കഞ്ഞിവെള്ളം
തേച്ച്	-	തികച്ച്
തൊക്കിള്	-	കക്ഷം
തൊങ്ങനെ	-	ഏറെ
തൊങ്ങൻ	-	അവിവേകി
തൊടക്	-	തൊടി
തൊഞ്ചിര്	-	രോമം
തൊഞ്ൻ	-	ഞ്ഞിരി
തൊയ്രം	-	സമാധാനം
തൊണ്ണൻ	-	വൃദ്ധൻ
തൊണ്ടി	-	വൃദ്ധ
തോല്	-	ചവറ് (പച്ചില)
ദീനം	-	അസുഖം
ദുനിയാവ്	-	ലോകം
നട്ടി	-	പച്ചക്കറി
നമ്പുക	-	വിശ്വസിക്കുക
നമ്മ/നമ്മന്റെ	-	എന്റെ
നാട്ടിഞ്ഞി	-	ഞാറ് നടീൽ
നായ്ക്കോളം	-	ബുദ്ധിമുട്ട്
നാസ്ത	-	പ്രാതൽ
നിശ്ചം	-	തീർച്ച
നിയ്	-	നീ
നിരം	-	പൊക്കം
നിറായി	-	അടുക്കള
നൂർച്ച	-	കൊന്ത്ത്
നൂറ്	-	ചുണ്ണാമ്പ്
നെഞ്ഞിര	-	ഓഡിൽ
നെറയെ	-	നിറയെ, മുഴുവൽ
നൊയ്ല്	-	വട്ട്
നൊമ്പലം	-	വേദന
നോക്കൊ	-	നോക്കൂ
പക്കം	-	വശം
പച്ചി	-	പക്ഷി
പടിഞ്ഞാറ്	-	പൂജാമുറി
പഠിക്കുക	-	വായിക്കുക
പതക്കുക	-	തിളയ്ക്കുക
പയക്കം	-	വഴക്
പയ്ക്കുക	-	വിശക്കുക
പയ്റ്റടി	-	നാല് മണി
പയ്യു	-	പശു
പറഞ്ഞിനാ	-	പറഞ്ഞിരുന്നാ
പാവ	-	പുമ്പാറ്റ
പാട്ട	-	വയറ്
പാടുള്ള്	-	മുടക്
പാറെ	-	പറയരുതോ
പാക്ക്	-	സഞ്ചി

പാണ് - മൺകൂടം, മേഗി
പാത്ത് - ഓടി
പാനി - മൺകൂടം
പിഞ്ഞാണം - പാത്രം
പിന്ന - കൃത്രിമം
പിലായില - പ്ലാവില
പിള്ളാകത്തി - കത്തി
പീട്ടയ്ക്കൽ - പീടികയുടെ അടുത്ത്
പീന് - അസൂയ
പീറ്റാറ് - മണവാട്ടി
പുള്ള് - പൂവ്
പുടമുറി - കല്യാണം
പുയ്യാപ്ല - മണവാളൻ
പുയ്യ് - പുഴു
പുയ്യെണ്ണ് - മണവാട്ടി
പുരുവോൻ - ജന്മനാവ്
പുളുക്കുക - കള്ളം പറയുക
പൂതാരണ - ചെറുനാരങ്ങ
പൂമ - കഷ
പൂള് - ആപ്പ്
പെരുത്ത് - വളരെയധികം
പേക്കൻ - തവള
പേയ് - ദ്രോഹി
പൈപ്പ് - വിശപ്പ്
പൊന്തസ് - പൊങ്ങച്ചം
പൊങ്ങരംഗലം - ഗർഭിണിയെ ഏഴാം മാസത്തിൽ കൂട്ടിക്കൊണ്ടുപോകുന്ന ചടങ്ങ്
പൊന്ത് - നുണ
പൊര - വീട്
പൊലം - ശ്രദ്ധ
പൊറാള പറയുക - കുറ്റം പറയുക
പോകലായി - പോവുകയാണ്
പോന്നോളി - വരൂ
പോയിക്കോളി - പോയ്ക്കോളൂ
പോയ്നി - പോയി
മകായ - പപ്പായ
മണ്ടാൻ - എട്ടുകാലി
മടം - പടം
മടക്കാരൻ - പാചകക്കാരൻ
മയക്കുക - അരിയുക
മയില് - പുറകിൽ
മയ്യെത്തുക - പിൻതുടരുക
മാട്ടിയെ - മീൻപുളിക്കറി
മുത്തം - വേഗം
മ്പോൽ - കുരുത്തംകെട്ടവൻ

ബല്ല - വെല്ല
ബള - വള
ബഞ്ചി - വഞ്ചി
ബാക്കത്തി - വാക്കത്തി
ബാച്ചം - ചുംബനം
ബായിൽ - വായിൽ
ബുരി - കിംവദന്തി
ബെക്കം - വേഗം
ബെടക്ക് - മോശം
ബെട്ടപ്പട്ടി - പടക്കം
ബെമ്പാട് - പരിഭ്രമം
ബെയിച്ചിനാ - കഴിച്ചോ
ബെയ്ക്കുക - ഉണ്ണുക
ബെരുത്തം - രോഗം
ബേങ്ക - വേണ്ട
ബൈകി - വൈകി
ബൈരം - കരച്ചിൽ
ബൈരംകൊടുക്കുക - നിലവിളിക്കുക
മക്കാറാക്കുക - കളിയാക്കുക
മംഗലം - വിവാഹം
മച്ചുനൻ - മുറച്ചെറുക്കൻ
മച്ചുനച്ചി - മുറപ്പെണ്ണ്
മദം - നിഗളം
മട്ടൽ - പീലൽ
മണങ്ങുക - കുനിയുക
മനിശമ്മാർ - മനുഷ്യൻമാർ
മയിന്ത് - സന്ധ്യ
മറന്നാങ്ങോ - മറന്നാൽ
മങ്കണം - മൺകലം
മങ്കി - ഓടി
മാച്ചില് - ചൂൽ
മാപ്പിള - മുസ്ലീം / ക്രിസ്ത്യാനി
മാങ്ങ - വേണ്ട
മിങ്ങാട്ടം - സംസാരം
മീട് - മുഖം
മിത്തെ - മുകളിൽ
മുക്കാളി - പലക
മുക്കി - പറിച്ചു
മുഞ്ഞി - മാവ്
മുന്നാമ്പുറം - വരാന്ത
മുയ്മൻ - മുഴുവൻ
മുരടൻ - പരുക്കൻ
മൂടിയിരിക്ക് - അടഞ്ഞിരിക്ക്
മൂത്തമ്മുക്കൻ - നന്ദ്യാർ സ്ത്രീ
മൂർച്ച - കൊയ്ത്ത്

തൃശൂർ - കാസർഗോഡ് മൂഞ്ചി

മൂഞ്ചി	-	മുഖം
മെരട്ടുക	-	വിരട്ടുക
മെക്ക്	-	ശരീരം
മേങ്ങുക	-	വാങ്ങുക
മേഞോട്ട്	-	മുകളിലോട്ട്
മേല്	-	ശരീരം
മൈക്കില്ല	-	തരക്കേടില്ല
മൈമ്പ്	-	ഇരുട്ട്
മൊയന്ത്	-	വിഡ്ഢി
മൊയ്യ	-	മീൻകാരി
മൊര	-	കൂടുതൽ
മൊന്ത	-	കുറ്റിക്കാട്
മോങ്ങുക	-	കരയുക
മോട്ടോറ്റ്ല	-	ഓട്ടോറിക്ഷ
മോത	-	മുഖം
മോന്തി	-	സന്ധ്യ
മോന്തുക	-	കുടിക്കുക
രണ്ട് ഉടി	-	രണ്ട് തവണ
രാക്കൊഞ്ഞ	-	അതിരാവിലെ
രക്ഷിക്കുക	-	രക്ഷിക്കുക
വക്കാണം	-	വഴക്ക്
വട്ടു	-	വയർ
വന്നിക്കില്ല	-	വന്നിട്ടില്ല
വാങ്ങിനാ	-	വാങ്ങിയോ
വായഴയം	-	വായഴയം
വാളുക	-	വിതയ്ക്കുക
വാളംഗി	-	വളഞ്ഞ
വിഴുങ്ങ	-	വീഴുങ്ങ
വിശർപ്പ്	-	വിയർപ്പ്
വെണ്ണപ്പെട്ടി	-	വിഡ്ഢി
വെള്ളിര്	-	ചാരം
വെല്ലം / ബെല്ലം	-	ശർക്കര
വെള്ളം ചോർന്നിനി	-	വെള്ളം ഒഴിച്ചു
വേശാറാക്കുന്നു	-	പരിഭ്രമിക്കുന്നു
ശിംശാനം	-	ശ്മശാനം
സഞ്ചോള	-	സവാള
സൽക്കീട്ട്	-	യാത്ര
സാച്ചി	-	സാക്ഷി
സാള	-	നടുത്തളം
സീമ്മ	-	സിനിമ
സുലൈമാനി	-	കട്ടൻചായ
സൂക്കേട്	-	രോഗം
സ്രാമ്പി	-	മുസ്ലീം നമസ്കാര സമയം
ഹങ്ക്	-	ഗുഹ്യൻ
ാങ്ക്	-	വാറ്റുചാരായം
ംക	-	ചന്ദനം
രാത്ക്കുരാമനം	-	അടിപൊളി, പെട്ടന്നു തന്നെ
വെക്കം	-	വേഗം
കയ്യല	-	കഴിവില്ല
കഷിച്	-	ദേഷ്യം

എറണാകുളം-തിരുവനന്തപുരം കിട്ടുകേല

അങ്ങോര്	-	അദ്ദേഹം
അച്ചായൻ	-	ചേട്ടൻ
അച്ചിങ്ങ	-	പയർ
അണ്ണൻ	-	ചേട്ടൻ
അഷാടെ	-	മുഴുവൻ
അഷി	-	കുട്ടി
അയനത്ത്	-	പറമ്പ്
അവുക്കുക	-	അഴിക്കുക
അവുത്തോല്	-	അതിൻതോൽ
അർക്കീസ്	-	ചിരുക്കൻ
അൻസാരി	-	അനുബന്ധവസ്തുക്കൾ
അന്തിക്കട	-	സന്ധ്യയ്ക്ക് കൂടുന്ന ചന്ത
ആച്ചി	-	ചേച്ചി
ആഞ്ഞോ	-	ആഞ്ഞോ
ആവത്ത്	-	പറ്റുന്നത്
ആറടി	-	ചെറിയവഴി
ആറുകാപ്പുര	-	ചെറിയവീട്
ഇമ്പിച്	-	മയൂരം
ഇഷിണി	-	കുറച്ച്
ഇരുമ്പ്	-	കത്തി
ഇല്ലിയോ	-	ഇല്ലേ
ഇസ്കി	-	ഷോഷ്ടിച്ചു.
ഊത്ത്	-	ഒഴുക്ക്
ഊട്ട	-	ഓട്ട
എന്തരാ/എന്തിര്	-	എന്താണ്
എന്തരടേ	-	എന്താടോ
ഒക്കത്തില്ല/ഒക്കില്ല	-	പറ്റില്ല
ഒടക്ക്	-	വഴിക്ക്
ഒതോല്	-	പുല്ല്
ഒത്തൻ	-	തോരൻ
ഒറ്റി	-	പത്തിരി
ഓശാരം	-	കിന്നാരം
കടാപ്പുറം	-	കടപ്പുറം
കടാറ	-	ചെറിയകട
കടുവൻ	-	ആണ്
കന്നാരപ്പുക്ക	-	കൈതച്ചക്ക
കഷങ്ങ	-	കപ്പങ്ങ
കബൂറാക്കുക	-	വിഡ്ഢിയാക്കുക
കരോട്ട്	-	മുകളിൽ
കള്ളം	-	നുണ
കാഞ്ഞവെള്ളം	-	ചൂടുവെള്ളം
കായുക	-	ചൂടാവുക
കിടായ്	-	മുട്ടനാട്
കിഴിക്കുക	-	കുറക്കുക
കിട്ടുകേല	-	കിട്ടില്ല

കിഴുത്ത - ഓട്ട
കുടി - വീട്
കുമിഞ്ചാൽ - കുമ്പിരിക്കം
കൂട്ടാ - കൂട്ടുകാർ
കെടാ - കിണർ
കെട്ട് - വൃക്ഷൻ
കെട്ടിയോൻ - ഭർത്താവ്
കേക്കുക - ചോദിക്കുക
കേറി - കയറി
കേൾക്കത്തില്ല - കേൾക്കില്ല
കൊരങ്ങി - ചെറുപ്പക്കാരി
കൊഴപ്പം - പ്രശ്നം
കൈലി - കള്ളിമുണ്ട്
കൈൽ - തവി
ഖാണാവ് - ജയിൽ
ചക്കളി - നുറുക്ക്
ചക്രം - കാശ്
ചട്ടെന്ന് - പെട്ടെന്ന്
ചള - കുടിൽ
ചാച്ചൻ - ചേട്ടൻ, അച്ഛൻ
ചാമ്പി - വീണു
ചാല് - മീനുകളെ വളർത്താൻ പ്രത്യേകം സജ്ജമാക്കിയ സ്ഥലം
ചാവി - താക്കോൽ
ചിരകി - ചിരണ്ടി
ചിറി - ചുണ്ട്
ചീനി - പഞ്ചസാര
ചീരുട് - അനാവശ്യമായി രേഖയും വരയും
ചുമ്മാ - വെറുതെ
ചുക്കിലി - മാറാമ്പൽ
ചൂലി - ഗർഭിണി
ചെമ - കവിൾത്തടം
ചെയ്ത്തുല - ചെയ്തില്ല
ചെറുമുര - ഓലയിൽ തീർത്ത വീട്
ചേര് - കീശ
ചേല് - ചന്തം
ചോന്ന - ചുവന്ന
ഞങ്ങ - ഞങ്ങൾ
ഞായം - കാര്യം
തച്ചു - തല്ലി
തന്നെ - ശരിയാണോ
തവുൽ - അച്ഛൻ
തള്ള - അമ്മ
തഞ്ച - അച്ഛൻ
തഞ്ചം - അവസരം
തിന്നാ - കഴിച്ചോ

തിരക്കുക - അന്വേഷിക്കുക
തെല്ല - അല്പം
തെല്ലെത്ത് - വക്കത്ത്
തെളിച്ചം - സന്തോഷം
തേരി - കേറ്റം
തൊള്ള - വെ
തൊളി - ചെളി
തൊര - മുൾ
തോനോളം - യാരാളം
നല്ലമുളക് - കുരുമുളക്
നല്ലവില - വിലക്കുറവ്
നിങ്ക - നിങ്ങൾ
നീയ്ക്കസ് - മാരകമായ രോഗം
നീറ് - ഒരുതരം ഉറുമ്പ്
നുങ്ക - നങ്കൾ
നൂരെ - നേരെ
നെഗളിപ്പ് - അഹങ്കാരം
നെരി - കയറ്റം
പക്കി - പ്രാണി
പരങ്ക - പഴയ
പയല് - ആൺകുട്ടി
പർപടകം - പടം
പാക്ക് - അടക്ക
പാടില്ല - സുഖമില്ല
പീയണിക്ക - മത്തങ്ങ
പീറ - വൃത്തികെട്ട
പൂർത്തിച്ചക്ക - കൈതച്ചക്ക
പെട്ട - പെണ്ണ്
പെരവാസ്തോലി - ഗൃഹപ്രവേശം
പെശക് - പ്രശ്നം
പേരന്ത - വല്യമ്മ
പേരച്ചൻ - വല്യച്ചൻ
പൊറ്റ - ഉയർന്നതരിശാല സ്ഥലം
പോക്രിത്തരം - കുസൃതിത്തരം
പോള - പുല്ല്
പോണ് - പോകുന്നു
പോണ്ട - പോകേണ്ട
പോഞ്ചി - നാരങ്ങവെള്ളം
മച്ചമ്പി - അളിയൻ
മടയടി - തോട്ടുവരമ്പ്
മടിസി - ചേടത്തി
മരപ്പീസി - കള
മലക്കറി - പച്ചക്കറി
മലിവ് - ദൗർലഭ്യം
മുട്ട - ഓലമടൽ
മുണ്ട - മുകളിൽ

എറണാകുളം-തിരുവനന്തപുരം മാതിരി

മാടക്കട	-	പെട്ടിക്കട
മാതിരി	-	പോലെ
മുക്ക്	-	കവല
മുന്നുക്ക്	-	ഇടവഴി
മെല്ലെ	-	പതുക്കെ
മേല	-	വയ്യ
മേല്	-	ശരീരം
മോറുക	-	തേച്ച് കഴുകുക
വയ്ക്കുക	-	വഴക്കുക
വട്ട്	-	ഗോലി
വരുത്തൻ	-	മറുനാട്ടിൽനിന്ന് വന്നയാൾ
വർത്താനം	-	വർത്തമാനം
വായ്ക്കോട്ട	-	കോട്ടുവായ
വായ്പാക്കുക	-	വായ്നോക്കുക
വാരുക	-	ചീകുക
വാളി	-	വെള്ളംകോരുന്ന തൊട്ടി
കുടപ്പൻ	-	വാഴച്ചുണ്ട്
വാറുവാൽ	-	ചെറിയ ചാളി
വെക്ക	-	ആവി, ചൂട്കുരു
വെള്ളം	-	ശർക്കര
വെള്ളങ്ങൾ	-	വെള്ളം
വെറ്റയിടിക്കാൻ	-	മുറുക്കാൻ
വേല	-	ജോലി
വേണ്ടായോ	-	വേണ്ടേ
ശൊന്ന്	-	പെട്ടെന്ന്
ശേഷമാറൻ	-	അനന്തരവൻ
ഹെര	-	ചെറുത്

നിഘണ്ടുവിലേക്ക് 'വാക് ശേഖരണ' മത്സരത്തിൽ സമ്മാനർഹരായവർ

ഒന്നാം സമ്മാനം

Divya V. Pai
II BSc Comp. App.

രണ്ടാം സമ്മാനം

Neethu Das
I BSc Physics

മത്സരത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ !

(Nigandu Editors)

Shenahz K.M.
Soumya N.
Eldho T. } II B.A. Copy Editors

Ajeethan K. — II BSc. Ind. Chemistry

Chimizh (Section Title) : Sujitha Devi K.S., I B.Com

വിവിധ ഡിപ്പാർട്ട്മെന്റുകളെ പ്രതിനിധീകരിച്ച് പതിനഞ്ച് പേർ ചേർന്നെഴുതിയ
മലയാളത്തിലെ മൂന്നാമത്തെ ക്യാമ്പസ് നോവൽ

മലയാളത്തിലെ മൂന്നാമത്തെ ക്യാമ്പസ് നോവൽ.

വിദ്യാർത്ഥികൾ തന്നെ എഡിറ്റു ചെയ്ത് ആദ്യ നോവൽ !

കേരളത്തിലെ വിവിധ ക്യാമ്പസുകളെ മുൻനിറുത്തി വിവിധ ജില്ലക്കാരാ വിദ്യാർത്ഥികൾ ഒന്നായെഴുതിയത്.

സമർപ്പണം: കേരളത്തിലെ എല്ലാ ക്യാമ്പസുകളിലെയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും.

പതിനഞ്ചുപേരുടെ ഉദ്യമം.
തേവര കോളേജിന്റെ മാഗസിനുവേണ്ടി തയ്യാറാക്കിയത്.

ക്യാമ്പസിലെ ചി കൾ നർമ്മത്തിൽ പൊതിഞ്ഞ നൈവേദ്യമായി നമുക്കു മുമ്പിലെത്തുമ്പോൾ ഒന്നോർക്കുക. ആദ്യമായി പേന കയ്യിലെടുത്തവരും ഇക്കൂട്ടത്തിലുണ്ട്.

അവർ പറയുന്നു: "ഈ നോവൽ ആർക്കുവേണ്ടിയാണ്? മറിച്ച്, എല്ലാവർക്കും വേണ്ടിയാണ്."

പരിമിതമായ ഈ നോവലിനെക്കുറിച്ച് വേറെന്തു പറയാനാകും.

വായിച്ചാസ്വദിച്ച് വിലയിരുത്തുക.

എളിമയോടെ തുടങ്ങട്ടെ...

'ജീവിതത്തിന്റെ ഉപമ' (ആദ്യ ക്യാമ്പസ് നോവൽ) ഞങ്ങൾ കോളേജു ലൈബ്രറിയിൽ നിന്നു പരതിയെടുത്തപ്പോഴും 'അടയാർത്ഥികളുടെ ലോകത്ത്' (രണ്ടാമത്തെ ക്യാമ്പസ് നോവൽ) ഓടിക്കിതച്ചെത്തിയപ്പോഴും മനസിൽ കുറിച്ചിട്ടു. ഈ നോവലുകൾ തേവര ക്യാമ്പസിന് "*ഒരു പ്രചോദനമാകട്ടെ*" - ആദ്യനോവലിന്റെ അവസാനകുറിപ്പിൽ ഇടശ്ശേരി അവാർഡു ജേതാവായ പ്രൊഫ.അംബികാസുതൻ മാങ്ങാട് പറഞ്ഞു വച്ചത്. ഞങ്ങൾ മൂന്നാമത്തെ ക്യാമ്പസ് നോവലായി പരിവർത്തനം ചെയ്തു.

"വളരും വളർന്നു വലിയ ആളാവും."
എം. ടിയുടെ 'നാലുകെട്ടി'ന്റെ തുടക്കം അങ്ങനെയാണ്.
"ആരോടെങ്കിലും എനിക്കു കയർക്കണം. അത്രയ്ക്കു വേദനയുണ്ട്."
ബഷീറിന്റെ 'ശബ്ദങ്ങളു'ടെ തുടക്കം അങ്ങനെയാണ്.

പ്രതികൂലസാഹചര്യങ്ങളിലും വളരാനും വലിയ ആളാകാനും കഴിയുന്നവരുണ്ട്. വേദനയിൽ ജീവിച്ച് എഴുത്തുകൊണ്ടു പ്രതിഷേധിച്ചവരുമുണ്ട്. ഇവ രണ്ടിനെയും കോർത്തിണക്കണമെന്നു തോന്നി, ഈ ക്യാമ്പസ് നോവലിൽ.

വേദനിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നതിനൊപ്പം, വിവേകത്തിന്റെയും അതുവഴിയുള്ള വളർച്ചയുടേയും വഴിയെ നീങ്ങുന്ന തലമുറ, അതാണ് ഈ ക്യാംപസ് നോവലിൽ.
"പാഴായേക്കാവുന്ന അവസരമാണ് ജീവിതം. ഒരിക്കലും തിരിച്ചു വരാത്തത്."
ക്യാമ്പസ് നോവലിന്റെ തുടക്കമിതാണ്.
"ഒരു വാതിലടഞ്ഞാലും പ്രതീക്ഷയുടെ അനേകം വാതിലുകൾ ജീവിതത്തിൽ തുറക്കപ്പെടുന്നു."
ആദ്യ ഖണ്ഡികയ്ക്കു വിരാമം!

'നാദം നിലയ്ക്കാത്ത തംബുരു,'
'ബെട്രീസ കരയുന്നുവോ!'

നോവലിനായി നിർദ്ദേശിക്കപ്പെട്ട ഈ രണ്ടു പേരുകളേയും കടത്തിവെട്ടി
'നോവും നിലാവും', നോവലിൽ ഉടനീളം
കാണുന്ന വെളിച്ചവും വേദനയുമായിരിക്കുകയാണ്.
ഒന്നും അതിൽ കൂടുതലും അദ്ധ്യായങ്ങൾ ഏറ്റെടുത്ത് രൂപം കൊടുത്ത വിദ്യാർത്ഥികൾ,
കേരളത്തിലെ എല്ലാ ക്യാമ്പസുകളേയും അറിഞ്ഞെഴുതുന്നു.
കൊച്ചിയുടെ ഹൃദയഭാഗത്തെ ഈ ക്യാമ്പസ് പ്രതീക്ഷയിലാണ്.

എഡിറ്റർ

പാഴായേക്കാവുന്ന അവസരമാണു ജീവിതം. തിരിച്ചുവരാത്തത്. എത്ര കടുംപിടുത്തം പിടിച്ചാലും തിരിച്ചുവരാത്തത്. പാഴാക്കുന്ന അവസരങ്ങളെ ക്രിയാത്മകമാക്കാൻ മനസ്സിന്റെ ചെറിയ മന്ത്രണം... ഇങ്ങനെയും ചിന്തിക്കാം - ഒരു വാതിലടഞ്ഞാലും പ്രതീക്ഷയുടെ അനേകം വാതിലുകൾ ജീവിതത്തിൽ തുറക്കപ്പെടുന്നു.

അദ്ധ്യായം 1

കോളജിന്റെ ഗേറ്റ് മലർക്കെ തുറന്നുകിടക്കുന്നതായി സുനിത കണ്ടു. പ്രേമവും, പിണക്കവും, ചിന്താസ്വാദനങ്ങളും മൈക്ക ഉള്ളിലേക്കോടിക്കയറി. മറ്റൊരദ്ധ്യയനവർഷം കൂടി ഇതാ പിറന്നുകഴിഞ്ഞു. തന്റെ ബിരുദപഠനത്തിന്റെ അവസാനവർഷവും കടന്നുപോകാനൊരുങ്ങി നിൽക്കുകയാണ്.

ബഹളം കേട്ടാലറിയാം. അവിടെ എന്തൊക്കെയോ നടക്കുന്നുണ്ട്. കോളജിലെ ചെറിയ ഒരു നിറവ്യത്യാസം, ശബ്ദവ്യത്യാസം എല്ലാം സുനിത തൊട്ടറിയും. അത്രയേറെ അവൾ ആ കലാലയത്തെ അറിയുന്നു. പെട്ടെന്നാണ് ഓർമ്മ വന്നത്. ഇന്ന് ഒന്നാം വർഷ ബിരുദവിദ്യാർത്ഥികൾ വരുന്ന ദിവസമാണ്. അവരെ സ്വീകരിക്കുന്നതിനുള്ള ഒരുക്കങ്ങളും കോലാഹലങ്ങളുമാണ്. അവൾക്ക് ആവേശമടക്കാനായില്ല. ക്ലാസ്സിലേക്കു ധൃതിയിൽ നടന്നു.

അദ്ധ്യായം – 2

ബെട്രീസയേയും കനേഷിനേയും ക്ലാസ്സിൽ കണ്ടില്ല. എവരും പുത്തൻകൂട്ടുകാരെ പരിചയപ്പെടാൻ പോയിരിക്കുകയാണ്. രാവിലെ തന്നെ കറുത്ത പെട്ടിയിലൂടെ പതിവന്ന അനൗൺസ്മെൻറിന് ചിലരെ മാത്രമേ തടയാനായുള്ളൂ. സുനിത വേഗത്തിൽ ഒന്നാം വർഷ ക്ലാസ്സിലേക്കു നടന്നു. വഴിയിൽ പലരെയും കണ്ടു. ഒരിടവേളക്കു ശേഷം കാണുന്ന പഴയ മുഖങ്ങൾ. അമ്പരപ്പുള്ള പുതിയ മുഖങ്ങൾ. വാതിലില്ലാത്ത ഒരു പെട്ടിപോലെ തോന്നി ഒന്നാം വർഷ ക്ലാസ് മുറി. ഒറ്റനോട്ടത്തിൽ തന്നെ പരിഷ്ക്കാരിയെന്നു തോന്നിക്കുന്ന ഒരു കുട്ടിയെ കൈകാട്ടി വിളിച്ചു.

" എയ്, ഇവിടെ വാടോ. " " എന്താ തന്റെ പേര് ? ".

" മിലൻ ഐസക്ക്. "

" മിലനെവിടെ നിന്നു വരുന്നു ?"

" ഫ്രം കല്ലാർ."

" മിലനെന്താ മലയാളമറിയില്ലേ ?"

" സോറി, എനിക്ക് മലയാളം അത്ര ഫ്ളൂവന്റല്ല. "

" എന്നാ ഇനി ഫ്ളൂവന്റാവണം കെട്ടോ, ഞാനിടയ്ക്കന്വേഷിക്കും."

" ഓകെ, ഞാൻ ട്രൈ ചെയ്യാം. "

" എന്നാൽ പോയിരുന്നോ. മിലന്റെ അടുത്തിരിക്കുന്ന ആൾക്കെന്താ ഇത്ര ചിരി. താനിങ്ങോട്ടൊന്നു വന്നേ. വേഗം നടന്നു വാ കൊച്ചേ. നേരമില്ല. ങാ, എന്താ കിലുക്കാംപെട്ടിയുടെ പേര്? "

" മാധുരി. "

" ഓ നല്ല പേര്. മാധുരി പാട്ടുപാടുമോ? "

" ഇല്ല. എനിക്കു പാടാനൊന്നുമറിയില്ല. "

'' അങ്ങനെ പറയാതെ. ഇത്രേം നല്ല പേരുണ്ടായിട്ട് ഒരു പാട്ടെങ്കിലും പാടണ്ടെ? നേരം കളയാതെ വേഗം പാട്. എനിക്ക് ക്ലാസ്സുള്ളതാ. ''

'' എനിക്കറിയില്ല ചേച്ചീ. ''

'' ശരി, എന്റെ പേര് സുനിത. ഫൈനൽ ഇയറാ. നിങ്ങൾക്കെന്താവശ്യമുണ്ടെങ്കിലും എന്നോട് പറയാം. പിന്നെ, നാളെ ഒരു നല്ല പാട്ട് പഠിച്ചിട്ട് വന്നേക്കണം. ഇപ്പോൾ പോയിരുന്നോ.'' സുനിത വെറുതെയൊന്നു ഗൗരവപ്പെട്ടു. അപ്പുറത്തെ ക്ലാസ്സിലേക്ക് പോയ പീറ്റർ സാറ് ആ ഗൗരവം കാണാതിരുന്നില്ല. ഒന്നു രണ്ടു പേരോടു കൂടി സംസാരിച്ചിട്ട് ആ ക്ലാസ്സിൽ നിന്നിറങ്ങി പോരുമ്പോൾ മാധുരിയെ നോക്കിയിട്ട് സുനിത കുസൃതിയോടെ ചിരിച്ചു.

.

അദ്ധ്യായം – 3

അന്ന് കോളേജിലെത്തിയ സുനിതയെ എന്തൊക്കെയോ കാത്തിരിപ്പുണ്ടായിരുന്നു. തന്റെ ഉള്ളിലുള്ള ഒരു പാടു ദുഃഖങ്ങൾ അവൾ കോളേജിലെത്തുമ്പോഴാണ് മറക്കുന്നത്. ഇപ്പോൾ ഈ കലാലയവും തനിക്ക് ദുഃഖങ്ങൾ സമ്മാനിക്കുകയാണോ? പ്രത്യേക അറിയിപ്പിലൂടെ തന്നെ താത്ക്കാലികമായ് കോളേജിൽ നിന്നും പുറത്താക്കിയിരിക്കുന്നു. കാരണമന്വേഷിച്ചിട്ട് അവൾക്കൊരെത്തും പിടിയും കിട്ടുന്നില്ല. അപ്രതീക്ഷിതമായ ഈ പുറത്താക്കൽ അവൾക്ക് താങ്ങാനാവുന്നതല്ലായിരുന്നു. 'പേരെന്താ?....കുട്ടി പാടുമോ?' എന്നൊക്കെ ചോദിച്ച് റാഗിങ്ങു നടത്തിയതിനാണത്രെ. പീറ്റർ സാറിന്റെ മുഖം അവളുടെ മനസ്സിലൂടെ മിന്നിമറഞ്ഞു. ഏയ് സാറൊന്നും ചെയ്തതായിരിക്കില്ല. സുനിതയെ അത്ര ഇഷ്ടമല്ലായിരുന്നു സാറിന്.

എന്തു ചെയ്യണമെന്നറിയാതെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നതിനിടയിൽ നോട്ടീസ് ബോർഡിൽ ഫീസ് അടയ്ക്കാത്തവരുടെ ലിസ്റ്റിൽ 'സുനിത എൻ.' എന്ന പേരു കണ്ടു. കഴിഞ്ഞ വർഷത്തേത് ഒരു തവണയേ അടച്ചിരുന്നുള്ളൂ. ... അതോർത്തപ്പോൾ ശ്വാസം പിടിക്കുന്നതുപോലെ തോന്നി സുനിതയ്ക്ക്. കലാലയത്തിന്റെ ഒച്ചയും ബഹളവുമൊന്നും പിന്നീടവൾ കേട്ടില്ല. അവൾ ആരെയും കണ്ടില്ല. ഇനി എന്ത്? എല്ലാം നിശ്ശബ്ദമായതുപോലെ. ആ നിശ്ശബ്ദതയിൽ നിന്നു പുറത്തു വരാൻ അവളാഗ്രഹിച്ചു. പക്ഷേ, കഴിഞ്ഞില്ല. വിശാലമായ കോളേജിലെ ഒരുപാട് വരാന്തകളും ഇടനാഴികളും താണ്ടി അവൾ നടന്നു.

അച്ഛന് അസുഖമായതിനാൽ ട്യൂഷനെടുത്താണ് അവൾ പഠനച്ചെലവു വഹിച്ചിരുന്നത്. ഇപ്പോൾ ഹോസ്പറ്റലിലായതിനാൽ അതും മുടങ്ങി.

രണ്ടു ദിവസത്തിനകം നോട്ടീസ് ബോർഡിൽ വീണ്ടും 'സുനിത എൻ ' എന്ന പേരു വന്നു. സസ്പന്റ് ചെയ്തിരിക്കുന്നു. ജൂനിയർ വിദ്യാർത്ഥിനിയെ റാഗു ചെയ്ത കുറ്റത്തിനാണത്രെ! പീറ്റർ സാറ് ഒരു കൊള്ളിയാൻ പോലെ മനസ്സിൽ... ഫീസടയ്ക്കാത്തതിന് റാഗിങ്ങെന്ന വ്യാജേന... അവളുടെ മനസ്സു തേങ്ങി. നിരാശയോടെ സുനിത ലൈബ്രറിയുടെ അകത്തളങ്ങളിൽ താൽക്കാലികാശ്രയം പ്രാപിച്ചു.

'' ഇപ്പോൾ, പ്രിൻസിപ്പാൾ മാഡം ഉച്ചയൂണു കഴിക്കാൻ പോയിട്ടുണ്ടാവണം. പതിവാക്കിയ 'കര കര' ശബ്ദം കേൽക്കുന്നില്ലല്ലോ. മാഡം ആ പരുക്കൻ കാലുകൾ ഷൂസിനകത്തു തിരുകും. മാർദ്ദവത്വം കൊതിക്കുന്നില്ലേ ഷൂ? അതു കൊണ്ടാവണം മാഡം നടക്കുമ്പോൾ കര കര ശബ്ദത്തോടെ അതു തന്റെ അലോസരത വെളിപ്പെടുത്തുന്നത്.

കോളേജു ലൈബ്രറിയിലെ ഇരുണ്ട അലമാരകളിലൊന്നിൽ നിന്നു ലഭിച്ച ''ഒ.വി. വിജയന്റെ സമ്പൂർണ്ണ കൃതികൾ '' എന്ന പുസ്തകം തുറന്ന് സുനിത വായന തുടങ്ങി.

'' അപ്പോൾ ബോധ്വരനുമനസ്സിലായി, താൻ എന്തുകൊണ്ട് ആത്മഹത്യ ചെയ്യുന്നില്ല എന്ന്. ജീവിതകാലം മുഴുവൻ താൻ മരിക്കുകയായിരുന്നു. അവസാനം മരണത്തിന്റെ നിമിഷത്തിൽ ബാക്കി വരുന്നത് ജീവിതമാണ്.'' ആദ്യം തമാശയായി ചിരിച്ചു. വീണ്ടും ചിരിച്ചു. പിന്നിടൊരിക്കലും ഇതോർത്തു ചിരിക്കാനവൾക്കായില്ല.

സ്വന്തം ജീവിതത്തിലേക്കു നോക്കാനാണ് ആ വാചകം അവളെ പ്രേരിപ്പിച്ചത്. തന്റെ ജീവിതവും ഒരു മരണമായിരുന്നോ എന്നാണവൾ ചിന്തിച്ചത്.

അവൾ ഏകയായി ലൈബ്രറിയിൽ നിന്നു പുറത്തേക്കു വന്നു. അകത്ത് ബോധ്വരതനു മനസ്സിലായ കാര്യം. പുറത്ത് മഴയുടെ കോലാഹലം. എല്ലാം കൊണ്ടും അവളിപ്പോൾ സന്തോഷിച്ചു.

മഴ പണ്ടേ ഇഷ്ടമുള്ള കാര്യമാണ്. എത്ര സമയം വേണമെങ്കിലും അവൾ മഴ നോക്കിനിൽക്കും. അന്നവൾ മഴയെ ശ്രദ്ധിക്കാതെ നടന്നു. പക്ഷേ, കാതുകളിൽ മുഴുവൻ മഴയുടെ ശബ്ദമാണ്. അതിനെ വെല്ലുന്ന വിദ്യാർത്ഥികളുടെ ശബ്ദം അവളറിയുന്നില്ല. മനസ്സിലെ പെരുമഴയെ അല്പമെങ്കിലും അടക്കിനിർത്താൻ അവൾ ശ്രമിച്ചു.

തന്റെ ക്ലാസ്സ് ലക്ഷ്യമാക്കി അവൾ നടന്നു. സമയം 9.45. സ്ലൈഡു കയറിയപ്പോൾ തനിക്കു ഭാരമുണ്ടാക്കുന്ന ബാഗിനെപ്പറ്റി ചിന്തിച്ചു. പുറത്താക്കപ്പെട്ട തനിക്കിനിയിതാവശ്യമുണ്ടാകുമോ?

ക്ലാസ്സിലെത്തിയപ്പോൾ കൂട്ടുകാരി ബെട്രീസിയയുണ്ട്. അവളെക്കണ്ടാൽ സുനിത എല്ലാം മറക്കും. ബെട്രീസിയയെ സന്തോഷിപ്പിക്കാൻ പിന്നെ പലതും പറയും. നുണ പറയും. സ്വയം കോമാളിയാകും. ഭാവിയെക്കുറിച്ചുള്ള ആശകൾ മറക്കും. വർത്തമാനവും ഭൂതവും മറക്കും.

അദ്ധ്യായം 4

കയ്യിൽ കുറെ പുസ്തകങ്ങളുമായി കായൽത്തീരത്തെ കാറ്റിനോട് കിന്നാരം പറഞ്ഞിരിക്കുകയാണവർ. സാഹിത്യമാണ് ഇന്നത്തെ ടോപിക്. കനേഷും കൂട്ടരും തന്നെ. പാവപ്പെട്ട തവളയെ കുരുതി കൊടുക്കാനുള്ള മടികൊണ്ട് ക്ലാസ്സും കട്ടു ചെയ്താണിരുപ്പ്.

"എടാ ഈ നിരോധിതമേഖലയിൽ തന്നെ ഇരിക്കണോ? ആ വാച്ച്മാൻ ഇവിടെ ചുറ്റിത്തിരിയുന്നുണ്ടാകും."
രവിയുടേതാണു സംശയം. രാവിലത്തെ സ്പെഷൽ അവർ കട്ടു ചെയ്യേണ്ടിയിരുന്നില്ല എന്നവനു തോന്നി.

"നമ്മൾ ആർക്കും ഒരു ശല്യവും ചെയ്യാതെ ഇരിക്കുകയല്ലേ? പിന്നെന്താ? "
കനേഷിന്റെ ന്യായം.

"എന്താ സോഫിയ മുഖത്തൊരു വാട്ടം? "

"എയ്, ഒന്നുമില്ല കനേഷ്. "

" ഒന്നുമില്ലാതെയൊന്നുമല്ല കനേഷ്. കാര്യം ഞാൻ പറയാം. ഇന്ന് ഞാനും സോഫിയയും ക്ലാസ്സിനുമുന്നിലെ വരാന്തയിൽവച്ച് നമ്മുടെ മീറ്റിംഗിനെക്കുറിച്ചു പറയുകയായിരുന്നു. അപ്പോഴാണ് ആ കുഞ്ഞസുസാറിന്റെ വരവ്. തുറിച്ചൊരു നോട്ടവും കൂടെ ഒരു കമന്റും. സോഫിയ ദേ ഫ്ളാറ്റ്. പിന്നെ എന്നോടൊന്നു മിണ്ടിയിട്ടില്ല. "

"രവി പറഞ്ഞതു ശരിയാണോ സോഫിയ ? അതിനാണോ നീയിങ്ങനെ ഡെസ്പ് ആയിരിക്കുന്നത്. നമ്മളെ നമുക്കറിയില്ലേ, പിന്നെന്താ? അതൊക്കെ പോട്ടെ. നിങ്ങൾ ആ മീറ്റിംഗിന്റെ കാര്യമെന്തു തീരുമാനിച്ചു?"

"അതു നടക്കുമെന്നു തോന്നുന്നില്ല കനേഷ്. ഉച്ചകഴിഞ്ഞ് തോമസ് മാഷ് സമ്മതിച്ചെങ്കിലും ഇംഗ്ലീഷുകാരിക്ക് ഒരു മയവുമില്ല. ക്ലാസ്സ് ടൈമിൽ ഇത്തരം പ്രഹസനങ്ങൾ പാടില്ലത്രെ. വേണമെങ്കിൽ മാധ്യത്തിനോടു പെർമിഷൻ വാങ്ങിവരാൻ പറഞ്ഞു. "

"ഛെ, എന്തു കഷ്ടമാണിത്. ആ ഹൈസ്കൂൾ സ്റ്റാൻഡേർഡിൽ ക്ലാസ്സെടുക്കുന്ന മിസ്സല്ലേ. അവരിൽ നിന്നും ഇതിൽക്കൂടുതലൊന്നും പ്രതീക്ഷിക്കണ്ട. നമുക്കു വേറെ വഴി നോക്കാം. "

"കനേഷേ സുനിതയുടെ കാര്യം ആകെ പ്രശ്നമായിരിക്കുകയാണ്. ആ മീറ്റിംഗ് മാറ്റിവയ്ക്കാതെ തരമില്ല."

"നമുക്കു വഴിയുണ്ടാക്കാം ജോയ്"

"രവി ഈ ലക്കം കൗമുദിയിലെ സാനുമാഷിന്റെ പ്രസംഗരീതിയിലുള്ള ലേഖനം വായിച്ചോ."

"ഓ ഒരു തുറന്ന യുദ്ധം പോലെയുണ്ട്, സബാഷ് !"

"കനേഷേ, ഇന്നു നമ്മുടെ എച്ച്.ഒ.ഡി. ലീവാ. ആ ഫിലിം ഫെസ്റ്റിവൽ ഒന്നു കണ്ടു വന്നാലോ. തോമസ് മാഷ് ഇന്നലെയും പോയിരുന്നു. ലോക ക്ലാസ്സിക്കുകളാണെല്ലാം" .

"എന്നാൽ ഉച്ചകഴിഞ്ഞുപോയേക്കാം. രണ്ട് പടം കാണാലോ. നമ്മളെന്തോ അപരാധം ചെയ്യുന്നെന്നാ എച്ച്.ഒ.ഡി. യുടെ വിചാരം. പുസ്തകപ്പുഴുക്കൾ മാത്രം മതിയെന്നാകും."

"പത്മരാജന്റെ നല്ല സിനിമകളൊക്കെ കുട്ടികൾ കണ്ടുകൂടാ എന്ന നിബന്ധന വയ്ക്കുന്ന ഫാമിലിയിലെ സോഫിയ ഞങ്ങളുടെ കൂടെ വരുന്നുണ്ടോ എന്തോ?"

"കളിയാക്കണ്ട. ഞാനുമുണ്ട്."

"സത്യത്തിൽ നമ്മുടെ ജീവിതമെന്തു ജീവിതമാടാ". നിത്യജീവിതത്തിൽ പ്രയോജനമില്ലാത്ത വികയങ്ങളെയും ചുമന്ന് ഊരാക്കുടുക്കിൽ പെട്ടിരിക്കുകയാണ് "നാമെല്ലാം." കനേഷ് പദ്യവിച്ചു.

"ശരിയാടാ എന്റെ കാര്യം തന്നെ നോക്ക്. താല്പര്യം സാഹിത്യത്തോട്. പഠിക്കുന്നതോ സുവോളജി."

"പറഞ്ഞിട്ടു കാര്യമില്ല. വീട്ടുകാരെ ആശ്രയിച്ചുകഴിയുമ്പോൾ അവർ പറയുന്ന വിഷയം തന്നെ എടുത്തുപഠിക്കേണ്ടിവരും."

"പോടാ രവീ, വേദാന്തം പറയാതെ".

"ജോയീ നീ ദാശൂവാനാണെടാ. നിന്നെപ്പോലെയായിരുന്നെങ്കിലെന്ന ഞാനെപ്പോഴും ആഗ്രഹിക്കാറുണ്ട്."

"പണക്കാർക്ക് അക്കരപ്പച്ച പാടില്ല. രവീ, ഇതക്കരപ്പച്ചയാ. രാത്രിയിൽ ഓട്ടോ ഓടിക്കുന്നതിന്റെ സുഖം പറഞ്ഞാ നിനക്ക് മനസ്സിലാവില്ല. മൂന്നുവയറു കഴിയണ കാര്യമായതുകൊണ്ടാ. ങാ, വരുന്നിടത്തുവച്ചു കാണാം. അത്രതന്നെ.
പിന്നെ ഒരു സംഭവമുണ്ടായെടാ. ഒരു ദിവസം തോമസ് മാഷ് രാത്രിയിൽ എന്റെ വണ്ടി സവാരിക്കു വിളിച്ചു. മാഷിന്റെ വീടിനു മുന്നിൽ മാഷിനെ ഇറക്കിയിട്ടു ഞാൽ വിട്ടുപോന്നു. ആളറിഞ്ഞില്ലെന്നാ ഞാൻ കരുതിയത്. പിറ്റേന്ന് ഡിപാർട്ടുമെന്റിൽ അസൈൻമെന്റ് വയ്ക്കാൽ ചെന്നപ്പോൾ ഇരുപതുരൂപ എനിക്ക് പോക്കറ്റിൽ ഇട്ടുതന്നു, തോളിലൊന്നു തട്ടി. അപ്പനില്ലെന്ന് എനിക്കപ്പോൾ തോന്നിയതേ ഇല്ല. മാഷാണെടാ എന്റെ കഴിഞ്ഞ തവണത്തെ ഫീസടച്ചത്. മനസ്സാക്ഷിയുള്ള അദ്ധ്യാപകർക്ക് നടുവിലാണ് നമ്മളിപ്പോഴും കഴിയുന്നത് എന്നതാണ് ഏക ആശ്വാസം."

"അതു ശരിയാ. നമ്മളെ പോലുള്ള ഗ്രൂപ്പുകൾ ക്ലാസ്സും കട്ടുചെയ്ത് മറ്റു വഴികളിലേക്കു തിരിയാതിരിക്കുന്നത് തോമസ് മാഷിനെയും പരമു മാഷിനെയും പോലുള്ളവരുടെ സ്നേഹം തേടിവരുന്നതുകൊണ്ടാ."

ഗേറ്റിനരികെ സമയം തെറ്റി പൂത്ത പാലപ്പൂക്കളെ നോക്കിയവർ നടന്നു.

'അല്ലെങ്കിലും ഈ ക്യാമ്പസിലെന്താണ് സമയത്ത് നടക്കുന്നത്...' കനേഷ് ഓർത്തു.

"കനേഷേ, എനിക്കൊരു പാർട്ടൈം ജോലി വേണാർന്നു. അതിനോടൊപ്പം പഠിക്കുന്നതൊരു ത്രില്ലാ."

"അതിന്റെ ആവശ്യമുണ്ടോ രവീ. വീട്ടിൽ പൂത്ത കാശില്ലേ."

"എടാ അതൊരു കൈവിലങ്ങു തന്നെയാ. എന്തിനും വീട്ടുകാരോടു കൈ നീട്ടാൻ വയ്യ. അഹങ്കാരം എന്നാണവരിതിനെ വിളിക്കുന്നത്. ആഗ്രഹത്തെ അഹങ്കാരമെന്നു വിളിക്കുന്ന കാലം!

"സോഫിയാ, രവീ, ജോയീ, എല്ലാവരും വാ. ദാ നാടകത്തിന്റെ തിരശ്ശീലവീണ് ബെല്ലടിച്ചു. ക്യാമ്പസ്ക്കൂട് തുറന്നു. നമുക്കു നടക്കാം!"

അദ്ധ്യായം 5

ഇളം ചൂടുള്ള സൂര്യരശ്മികൾ കണ്ണുകളെ സ്പർശിച്ചപ്പോഴാണ് അവൾ ഞെട്ടിയുണർന്നത്. വെളുപ്പിന് ആറരയ്ക്കാണ് ബസ് എത്തിയത്. കുറച്ചുനേരം സുനിത ബസ്റ്റോപ്പിൽതന്നെ ഇരുന്നു. ശരീരവും മനസും ക്ഷീണത്താൽ തളർന്നിരുന്നു. അവൾ ചുറ്റുംനോക്കി.

'ഹൊ! ഭാഗ്യം. കഴുകൻമാർ വട്ടമിട്ടു പറക്കാത്തത് ദൈവാധീനം... ഇങ്ങനെയൊക്കെ ചിന്തിക്കാതെ എന്തുചെയ്യും. കൊച്ചുകേരളത്തിൽ പകൽസമയം പോലും ഇറങ്ങിനടക്കാൻ പറ്റാത്ത അവസ്ഥയല്ലേ. ഓരോ ദിവസോം കേൾക്കണ വാർത്ത ഭയാനകം തന്നെ.

'കടവന്തെത്തണമെങ്കിൽ കുറച്ചു കൂടി നടക്കണം. കടത്തുവഞ്ചി വന്നിട്ടുണ്ടാകുമോ ആവോ. ഇല്ലെങ്കിൽ പൂഹോ....യ്, എന്നൊരു നീട്ടിവിളിയാണു പതിവ്. ആ വിളിയിൽ ആരെങ്കിലുമായിട്ടു വഞ്ചികൊണ്ടുവരും.'

തണുത്ത കാറ്റും നിശ്ശബ്ദമായ അന്തരീക്ഷവും അവളുടെ ശരീരത്തെയും മനസ്സിനെയും ആകമാനം സ്പർശിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും ദുർഗന്ധം നിറഞ്ഞ ടൗണിൽനിന്നും സുഗന്ധഭരിതമായ കാറ്റുമാത്രം വീശുന്ന ഗ്രാമത്തിന്റെ ഊഷ്മളതയിലേക്ക് അലിഞ്ഞുചേരുന്നതുപോലെ.

'അച്ഛനെന്നെ പെട്ടെന്നുകാണുമ്പോൾ സന്തോഷമാകും. മുൻകൂട്ടി അറിയിച്ചിരുന്നെങ്കിൽ വെളുപ്പിനുതന്നെ കടവത്ത് വന്ന് നിന്നേനെ.പാവം! അച്ഛനോടു കാര്യങ്ങൾ തുറന്നുപറയാനുള്ള ശക്തി തരണേ ദേവീ'

പോകുന്ന വഴിയിൽ ധാരാളം പരിചയക്കാരെ കണ്ടു. മീനാക്ഷിചേച്ചിയുടെ ചിരിയൽതന്നെ കുറെ ആശ്വാസം കിട്ടി. ചായം പൂശിയ ചുണ്ടുകൾ മലർത്തിക്കൊണ്ടുള്ള കാപട്യത്തിന്റെ ചിരി കണ്ടുമടുത്തു.

"അല്ല! ഇതാര് സുനിതക്കുട്ടിയോ? നീയെന്താ മോളേ അറിയിക്കാതെ വന്നത്. നാരായണേട്ടൻ പറഞ്ഞ് കേട്ടില്ല."

"ഒന്നുല്ല, ചുമ്മാ..." "എന്തുപറ്റി മോളേ... നിന്റെ ശബ്ദം വല്ലാണ്ടിരിക്കുന്നല്ലോ. ആ, നീ വീട്ടിലേക്കു ചെല്ല്. ഞാൻ വൈകിട്ടങ്ങോട്ടുവരാം."

നികന്നുതുടങ്ങിയ പാടങ്ങളെ നോക്കിനെടുവീർപ്പിട്ടുകൊണ്ട് സുനിത നടന്നു.

"എയ് ഒരാളുകൂടെ അക്കരയ്ക്കുണ്ടേ..."

"എന്താ കുട്ടീ ഇത്ര രാവിലെ?" "രാത്രി വണ്ടിക്കു പോന്നെ"

"വഞ്ചിയിൽ നിന്നിറങ്ങിയതും അവൾ ധൃതിയിൽ വീട്ടിലേക്കു നടന്നു."

"അച്ഛാ... അച്ഛാ... ഇവിടില്ലെ.....അനക്കമൊന്നുമില്ലല്ലോ.....

" വാതിൽ തുറന്ന് അവൾ അകത്തു കയറി.

" എന്തുപറ്റിയച്ഛാ.....കോലം കെട്ടല്ലോ..... ഒന്നും കഴിക്കാറില്ലേ.....അയ്യോ.....വല്ലാതെ പനിക്കുന്നുണ്ടല്ലോ.....

"വായ്ക്കൊന്നും രുചിയില്ല മോളേ. നീയെന്താ അറിയിക്കാതെ വന്നത്. പറഞ്ഞിരുന്നെങ്കിൽ ഞാൻ ബസ്റ്റോപ്പിൽ വരില്ലായിരുന്നോ?"

"അച്ഛൻ ഒന്നും കഴിച്ചില്ലല്ലോ. ഞാൻ ഇപ്പോൾതന്നെ ചൂടുകഞ്ഞിവച്ചു തരാം. അതു കുടിക്കുമ്പോൾ ആശ്വാസം കിട്ടും."

അവൾ അച്ഛനോടു പറയാനിരുന്നതൊക്കെ ചൂടാറിപ്പോയതുപോലെ, വിങ്ങിവന്നതൊക്കെ ഉള്ളിലൊതുക്കി അവൾ അടുക്കളയിലേക്കു പോയി. ഈയിടെ കഞ്ഞി വെച്ചതായേ തോന്നിയില്ല. എല്ലാ പാട്ടകളും തുറന്നു നോക്കി. ഒരു മണി അരിപോലും കിട്ടിയില്ല. "ഇങ്ങനെയുള്ള സാഹചര്യത്തിൽ അച്ഛനോടു കാശു ചോദിക്കുന്നതു ചിന്തിക്കാൻ കൂടെ വയ്യ." അവൾ സുബൈദാത്തയുടെ വീട്ടിന്ന് അരിവാങ്ങി കഞ്ഞിവച്ച് അച്ഛനടുത്തുവച്ചു.

** ** ** **

"എന്താ നിനക്കു പറ്റിയത്, എനി പ്രോബ്ലം?"

"ഉണ്ണീ, സുനിതയുടെ കാര്യത്തിൽ നമുക്കിനി എന്തു ചെയ്യാൻ പറ്റും? പ്രതിഷേധത്തിനൊന്നും ഒരു മറുപടിയുമില്ലല്ലോ? അവളിന്നലെ വീട്ടിലേക്കു പോയി. നിന്നോടു കാശു മേടിച്ചത് അതിനാ. ഹോസ്റ്റൽ ഫീസടയ്ക്കാത്തതിനാൽ വാർഡനും പുറത്താക്കി."

"ഛെ, ഇതു വലിയ കഷ്ടമായിപ്പോയല്ലോ ബെട്രീസ . ട്രൂഷൻ ഫീസുണ്ടായിരുന്നില്ലേ?"

"മൂന്നു മാസത്തെ കൊടുത്തു. ബാക്കി കൊടുക്കാൻ തികഞ്ഞില്ല. അവൾക്ക് വേറെ കടങ്ങൾ വീട്ടാനുണ്ടായിരുന്നത്രെ."

എല്ലാവരുടെയും ആവേശം അവിടെ നിലച്ചു. എന്തു ചെയ്യണമെന്നറിയാതെ അവർ നിന്നു.

"വാടാ, തോമസ് മാഷിന്റെ ക്ലാസ്സാണ്. അല്പമെങ്കിലും ആശ്വാസം കിട്ടും."കനേഷ് മുന്നിൽ. ഓരോരുത്തരായ് നടന്നുനീങ്ങി. "ഉച്ചയ്ക്കു ഭക്ഷണം കഴിക്കാൻ നേരത്തെ എത്തണേ." ബെട്രീസ വിളിച്ചു പറഞ്ഞു.

പതിവുപോലെ സൂര്യൻ ഓടിയൊളിച്ചു. ദാരിദ്ര്യവും മനോവിഷമവും നിറഞ്ഞ ഒരു ദിവസം കൂടി പിന്നിട്ടു. അമ്മയുടെ വലിയ ആഗ്രഹമായിരുന്നു അവളെ പഠിപ്പിച്ച് ഒരു ഉദ്യോഗസ്ഥയാക്കണമെന്ന്. അമ്മ മരിച്ചതിനുശേഷമാണ് ഡിഗ്രിക്കു പഠിപ്പിക്കാൻ വേണ്ടി ജോസുകുട്ടിമുതലാളിക്ക് കിടപ്പാടം പണയത്തിനു കൊടുത്തത്. അതിന്റെ പലിശ കുമിഞ്ഞുകൂടുന്നു. വിദ്യാഭ്യാസലോണുകൾക്കു വേണ്ടി കുറേ പരക്കം പാഞ്ഞെങ്കിലും ഒന്നും നടന്നില്ല. അതിരാവിലെ ഉണരുന്ന ശീലം സുനിതയ്ക്ക് ബെട്രീസയിൽ നിന്നു കിട്ടിയതാണ്. അവൾ ഉമ്മറത്തുവന്നു പറമ്പിലേക്കു നോക്കി നിന്നു. തികട്ടിവരുന്ന സങ്കടത്തെ നിയന്ത്രിക്കാനവൾ പാടുപെടുന്നുണ്ടായിരുന്നു.

"നിന്റെ മുഖത്തെന്താ മോളേ ഒരു വാട്ടം? ഞാൻ ഇന്നലെ മുതൽ ശ്രദ്ധിക്കുന്നതാ."

സുനിത ഓടിച്ചെന്ന് അച്ഛനെ കെട്ടിപിടിച്ചു കരയാൻ തുടങ്ങി താൻ പുറത്താക്കപ്പെട്ട കാര്യം അവൾ പറഞ്ഞു.

"മോള് കരയാതെ. നമുക്ക് ജോസുകുട്ടി മുതലാളിയെ പോയി കണ്ട് കുറച്ച് രൂപ കൂടി ചോദിച്ചു നോക്കാം. ഫീസടയ്ക്കണ്ടേ?"

"ഞാൻ പഠിത്തം നിർത്തുവാ അച്ചാ. എന്തിനാ ഇനി കടം കേറ്റണെ."
"അയ്യേ, എന്തു വിഡ്ഢിത്തമാ എന്റെ കുട്ടി പറയുന്നത്? വാ, അച്ഛന്റെ കൂടെ."

അവർ നേരെ ജോസുകുട്ടി മുതലാളിയുടെ അടുത്തേക്കു പോയി

"അല്ല , ഇതാര് നാരായണനോ? നിനക്കെന്തോ അസുഖമാണെന്നോ, കിടപ്പാണെന്നോ ഒക്കെ കേട്ടല്ലോടാ? "
"ഇപ്പം ലേശം ദേഭംണ്ട്. മുതലാളി ഒന്ന് സഹായിക്കണം."
"നിന്റെ അസുഖം മാറാനാ?"
"അല്ല, ഇയ്യിരി പണത്തിന് ആവശ്യമുണ്ടാർന്ന്."
"എന്താ, നീ ഇപ്പോ അത്യാവശ്യത്തിൽ വിമാനത്തിൽ പോകുവാ?"

പരിഹാസങ്ങളും ദ്രോഹങ്ങളും പക്ഷെ നാരായണൻ കുറേ നാളായി സഹിക്കുന്നു. എല്ലാം തന്റെ മോൾക്കുവേണ്ടി. ഇപ്പോ അവളുടെ മുന്നീ വച്ചും... അയാൾ ദേഷ്യം പുറത്തു കാണിച്ചില്ല.
"എന്റെ മോൾടെ ഫീസടയ്ക്കാനാ അങ്ങുന്നേ."

"എന്നിട്ടെന്താ നിന്റെ മോളങ്ങു മാറി നിക്കുന്നേ..."
"മോളേ, ഇങ്ങു വാ."
"നിന്റെ മോളങ്ങ് വളർന്ന് പന്തലിച്ചല്ലോടാ! നീ എന്തിനാ ഇവളെ ഇനീം പഠിപ്പിക്കുന്നേ. എന്താ പഠിപ്പിച്ച് മജിസ്ട്രേറ്റാക്കാനാ? എടാ, നീ അവളെ ഇങ്ങോട്ട് പണിക്ക് വിട്ടേക്ക്. നല്ല ശമ്പളം തരാം. ഒരു വർഷത്തിനുള്ളിൽ മണിമണി പോലൊരു ചെക്കനേം ഒപ്പിക്കാം. എന്തു പറയുന്നു നീയ് ?"

തന്നെ നോക്കി വഷളൻ ചിരി തുടർന്ന ആ പെൺകോന്തന്റെ മുമ്പിൽ നിസ്സഹായതയോടെ നിന്നതേയുള്ളൂ സുനിത.
"എത്ര രൂപിക വേണം ഇപ്പോ? ങാ, എത്രയാണേലും ഞാനങ്ങ് എത്തിക്കാം. നിന്റെ മോൾടെ ആവശ്യമായിപ്പോയില്ലേ? ങാ, പിന്നെ, ഇവിടിത്തിരി പണീണ്ട്. നീ ഒന്നു നോക്കീട്ടു പോ."
"ഞാൻ ചെയ്തോളാം മുതലാളീ. നന്ദിയുണ്ട്."
"അച്ചാ, പനി ശരിക്ക് മാറീട്ടു പോരെ?"
"സാരമില്ല. മോള് വീട്ടിലേക്കു പൊക്കോ. അച്ഛനിഷം വന്നേക്കാം."

തലേന്നത്തെ ഉറക്ക ക്ഷീണം കാരണം സുനിത ഒന്നു കിടന്നു. മുറ്റത്ത് കാൽ പെരുമ്പും കേട്ട് അവൾ വാതിൽ തുറന്നു.

"മുതലാളിയോ? ഇവിടെ... അച്ഛൻ വന്നില്ലല്ലോ?"

"ഓ....ന്നൊല്ല. ഈ പണം തരാനായിരുന്നു. നാരായണൻ വരാനിത്തിരി വൈകും. തോട്ടത്തി പോയിരിക്കുവാ. സുനിമോൾക്ക് ഒറ്റക്കിരിക്കാൻ പേടിയുണ്ടോ? പിന്നെ..ഫീസടയ്ക്കേണ്ട കാര്യമായതുകൊണ്ട് ഞാനോടി വന്നത്...പണം തരാൻ. ."
"നന്ദിയുണ്ട് മുതലാളീ."
"നന്ദി മാത്രമേയുള്ളോ?"

വല്ലാത്തൊരു ചിരിയുമായി അയാൾ സുനിതയുടെ അടുത്തേക്കു ചെന്നു. പരുന്തിന്റെ നിഴലാട്ടം കണ്ട കോഴിക്കുഞ്ഞിനെപ്പോലെ അവൾ ഓടിയൊളിക്കാൻ ശ്രമിച്ചു.
പെട്ടെന്നായിരുന്നു മുതലാളി അവളുടെ കയ്യിൽ കയറി പിടിച്ചത്. ആ കൈ തട്ടിമാറിയിട്ട് ഓടാൻ മുന്നോട്ടാഞ്ഞതും പടിയിൽ തലയടിച്ച് സുനിത വീണു. ഇതും കണ്ടാണ് നാരായണൻ ഓടിക്കയറി വന്നത്.

"അയ്യോ മോളേ! എന്തു പറ്റി ? മുതലാളീ, നിങ്ങൾ...?"
"അല്ല! കുഞ്ഞ് പെട്ടെന്ന് പേടിച്ചു പോയി. എന്നെക്കണ്ട് തട്ടിവീണതാ. ഞാൻ..പിന്നെ ... ഫീസ്.... അല്ല പണം..തരാനായി...."
"ഞങ്ങൾക്ക് പണവും വേണ്ട ജോലീം വേണ്ട. മാനം മതി. മുതലാളി പോ."

അദ്ധ്യായം – 6

ക്ലാസ്സ് റൂമിലേക്കു കടന്നുവന്ന ബെട്രീസയ്ക്കുചുറ്റും പൊട്ടിച്ചിരികളും വർത്തമാനവും കേൾക്കാമായിരുന്നു. സുനിതയുടെ ഇപ്പോഴത്തെ അവസ്ഥയെല്ലാം മനസിലടക്കിക്കൊണ്ട് ബെട്രീസ ക്ലാസ്സിലിരുന്നു.

"ദേ എക്സാം പേപ്പറുമായി സാറു വരുന്നുണ്ട്." ആരോ പറഞ്ഞു. ക്ലാസ് നിശ്ശബ്ദം.
"ഗുഡ്മോണിംഗ് സർ."

"ഗുഡ്മോണിംഗ്."

വന്നവരുടെയും വരാത്തവരുടെയും കണക്കെടുപ്പു തീർന്നു.

"എക്സാമിന് എത്ര മാർക്കാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്?"

മൗനം മാത്രമാണു മറുപടി.. സാറ് മാർക്കുകൾ ഉച്ചത്തിൽ വായിച്ചു. കടലാസു വിതരണം പൂർത്തിയാക്കി പീറ്റർ സാർ കവാത്തു തുടങ്ങി. സോഫിയ, അമ്പതിൽ '47' എന്നെഴുതിയ തന്റെ ഉത്തരപേപ്പർ അന്ധാളിപ്പോടെ ബെട്രീസയെ കാണിച്ചു. തന്റെ പേപ്പറിൽ 17 എന്ന അപരിചിത അക്കം കണ്ട് ബെട്രീസയുടെ മുഖം വിളറിപ്പോയിരുന്നു. പിന്നിടതു ചുവന്നു തുടുത്തു. പീറ്റർ സാറതു കാണാതിരുന്നില്ല.

"സാർത്ഥം " മാത്രം പോര. പഠിക്കണം. സാറുമ്മാരെ ഭയിച്ചു നടന്നിട്ട് കാര്യമില്ല. നെറ്റിലായോ? "

സുനിതയെ തിരിച്ചെടുക്കാനുള്ള പ്രതിഷേധത്തിൽ മുൻപന്തിയിൽ നിന്ന ബെട്രീസക്ക് നൽകിയ സമ്മാനമായിരുന്നു ആ ഇന്റേണൽ.!
"സോറി സർ, ന്യായമായതിനു വേണ്ടിയേ ഞാൻ വാദിച്ചിട്ടുള്ളൂ. അതിനെന്റെ മാർക്കു കുറയ്ക്കുത്."
ബെട്രീസയുടെ സ്വരം ക്ലാസ്സിൽ ഒരിക്കൽക്കൂടി മുഴങ്ങി.
"മാർക്ക് അർഹതപ്പെട്ടവർക്കു നൽകുന്ന ദാനമാകൊച്ചേ.

"ക്ലാസ്സൊന്നാകെ ബഹുമാനിച്ചിരുന്ന ബെട്രീസ കുറ്റവാളിയാകുന്നതു കണ്ടു കണ്ണീരു ചുമ്മാതിരിക്കാനായില്ല.

"ഇത് കലാലയമാണോ സർ? കലയെ ചങ്ങലയിൽ പൂട്ടിയിടുന്ന ഒരു മാനസികാലയമല്ലേ?."
സോഫിയക്കാണ് ഏറ്റവും സങ്കടം വന്നത്.

അദ്ധ്യായം 7

"സർ, എനിക്ക് 47 മാർക്ക് ഉണ്ട്. ഞാൻ എല്ലാം ബെട്രീസയുടേത് നോക്കിയാണെഴുതിയത്. ഈ കുറ്റത്തിന് എന്നെ സസ്പൻഡ് ചെയ്തോളൂ. ഈ മാർക്കിനർഹ തീർച്ചയായും ബെട്രീസ തന്നെയാണ്."
"അധികം സംസാരിക്കണ്ട. മൂന്നുപേരും ക്ലാസ്സിൽ നിന്നിറങ്ങിക്കോളൂ."
"സർ...."
"ഗെറ്റ് ഔട്ട് ഫ്രം ദ ക്ലാസ്സ്."

'സർ' ആണെന്ന ബഹുമാനത്തിൽ തിളയ്ക്കുന്ന രക്തത്തോടെ നിശ്ശബ്ദമായി കനേഷ് പുറത്തേക്കു നടന്നു. സോഫിയയും ബെട്രീസയും പിറകെ.

"നാം തടവറയിലാണ്."ബെട്രീസ പറഞ്ഞു.

"എല്ലാ ക്ലാസ്സും നമ്പാടൻ മാഷിന്റേതു പോലെ "ആയിരുന്നെങ്കിൽ ..."

"സങ്കടപ്പെടേണ്ട" സോഫിയ. നമുക്കിനിയും നല്ല അദ്ധ്യാപകരുണ്ടല്ലോ."
"കലകൾക്കും സ്വാതന്ത്ര്യത്തിനും വിലക്കുകൾ സമ്മാനിക്കുന്ന ഈ കലാലയത്തിൽ

നിൽക്കുമ്പോൾ എനിക്കോർമ്മ വരുന്നത് ഫ്രഞ്ചു വിപ്ലവകാരിയായിരുന്ന റൂസ്സോയുടെ വാക്കുകളാണ്."

കനേഷിന് ആവേശം കൂടിവരുന്നത് ബെട്രീസ ശ്രദ്ധിച്ചു. അവൻ തുടർന്നു. "മനുഷ്യൻ സ്വതന്ത്രനായി പിറന്നു വീഴുന്നു. എന്നാൽ അവൻ എവിടെയും ചങ്ങലകളിലാണ്."

"ഇന്നത്തെ കലാലയങ്ങൾ വിദ്യാഭ്യാസ ഫാക്ടറികളാകുകയാണോ ?"

കനേഷും കൂട്ടുകാരും ലാബിൽ നിന്നിറങ്ങുമ്പോഴാണ് ഒരു കൂട്ടം വിദ്യാർത്ഥികൾ ചിരിച്ചുകളിച്ച് പോകുന്നത് കണ്ടത്. ജോയിക്കതു കണ്ട് സഹതാപം തോന്നി.
"എത്ര നാളത്തേക്കുണ്ടാകുമെടാ ഇവരുടെ ഈ സന്തോഷം ?"
"അടുത്ത അനൗൺസ്മെന്റ് വരെ മാത്രം." ഉടനെത്തി കനേഷിന്റെ ഉത്തരം.
"ഇനിയെന്ത് അനൗൺസ് ചെയ്യാനാ. ഇപ്പോൾത്തന്നെ ഇവിടെ ഒരു പട്ടാളക്യാമ്പിന്റെ അച്ചടക്കമുണ്ടല്ലോ?"
ടോണിയുടെ വാക്കുകളിൽ രോഷം നിറഞ്ഞിരുന്നു.
"എടാ ടോണീ, ഉള്ള നിയമങ്ങൾ വീണ്ടും വായിച്ചാൽ ആവർത്തനവിരസതയുണ്ടാകും. അതുകൊണ്ട് മാഡം ഗവേഷണം നടത്തി എന്തെങ്കിലും പുതിയ നിയമങ്ങൾ കണ്ടുപിടിക്കാതിരിക്കില്ല."

"കനേഷേ, അങ്ങോട്ടു നോക്കിക്കേ. കാമ്പസിലതാ പുതിയ ഒരു പ്രണയജോഡി കൂടി പിറക്കുന്നു."
"എന്താടാ ആ പയ്യൻ?"
"പയ്യനെ വിട്. കൂടെ ആരാണെന്നു നോക്കിയേ, ഫസ്റ്റിയറിലെ ആ സ്ലിം ബ്യൂട്ടി."
"ടോണിക്കെന്താ തീരെ സഹിക്കുന്നില്ലേ ?"
"ഓ ഞാനിവിടിരുന്ന് വിഷമിച്ചിട്ടെന്തു കാര്യം. മണ്ണുചാരിനിന്നവൻ പെണ്ണും കൊണ്ടു പോയി."

"എടാ ഇവളാ ആദ്യം കനേഷിന്റെ ബയോഡാറ്റ അന്വേഷിച്ച് നടന്നത്. പിന്നെ എന്തു പറ്റിയോ ആവോ ?"
"ആദ്യം വീട്, കാശ്, അച്ഛന്റെ ജോലി, പിന്നെ പ്രേമം. ഇതാടാ ഇപ്പോഴത്തെ ട്രെന്റ്." കനേഷിന്റെ മറുപടി.

"കണ്ണിൽക്കണ്ടവയൊക്കെ നിരോധിച്ചകൂട്ടത്തിൽ ഇനി പ്രണയവും നിരോധിക്കുമോ എന്തോ ആർക്കറിയാം!"
അപ്പോഴാണ് ബെട്രീസ അവരുടെ അടുത്തേക്കു വന്നത്. കായൽ തീരത്തേക്കു നടക്കാൻ തുടങ്ങുകയായിരുന്നു അവൾ.

"എന്താ ബെട്രീസ ഒറ്റയ്ക്കാണോ?"
"ങാ, നിങ്ങളിവിടെയുണ്ടായിരുന്നോ?"
"കൂട്ടിനാരെങ്കിലും വരണോ ബെട്രീസാ." ടോണിയുടെ കമന്റ്.
"എടാ, അവൾടടുത്ത് താരക്കു പോലും നിന്റെ കളിയൊന്നും വേണ്ട. അതു കല്ലാ, കല്ല്."

ജോയി കാര്യം പറഞ്ഞു. ബെട്രീസ നടന്നു കഴിഞ്ഞിരുന്നു. സുനിതയില്ലാത്തതു കൊണ്ട് അവൾ ഒറ്റയ്ക്ക് കായൽത്തീരത്തു ചെന്നിരുന്നു, ആർദ്രമായ മനസ്സുമായി. ജോയിയുടെ വാക്കുകൾ മനസ്സിലിട്ടു വായിക്കുകയായിരുന്നു അവൾ.

"എടാ അതു കല്ലാ, കല്ല്." പക്ഷേ, ഈ കല്ലിൽ വീണ് പതഞ്ഞൊഴുകുന്ന പ്രവാഹമാരും കാണുന്നില്ല.

എന്നാലും, തന്റെ മനസ്സിനെ കുളിരണിയിച്ചുകൊണ്ടൊഴുകുന്ന പ്രവാഹത്തെ അവളറിയുന്നുണ്ട്....അവൾ മാത്രം. അതെ, ബെട്രീസക്കെന്നും ഈ ശിലാരൂപം തന്നെയാ നല്ലത്.

കായൽക്കാറ്റടിക്കുവന്ന് അവളോട് മന്ത്രിക്കും.

"എല്ലാം തുറന്നു പറഞ്ഞുകൂടെ" എന്ന്.

"വേണ്ട, ബെട്രീസ എന്നും ഇങ്ങനെ തന്നെയിരുന്നാൽ മതി. അല്ലെങ്കിലത് ബെട്രീസയല്ലാതാവും." അവൾ സ്വയം ആശ്വസിച്ചു. "പലനാൾ ഞാനതു കേട്ടില്ലയെന്നു നടിച്ചു. പിന്നെയെപ്പോഴോ ഞാനീ മന്ത്രങ്ങളിൽ അലിഞ്ഞു പോയി - ഞാൻ പോലുമറിയാതെ. ഇതിനെ സ്നേഹിക്കുവാൻ തുടങ്ങി, വ്യർത്ഥമാകുന്ന ചിന്തകളെന്നോണം. സ്വപ്നങ്ങളുടെ ലോകത്തു നിന്ന് കരകയറാനാഗ്രഹിച്ചിട്ടും കഴിയുന്നില്ല."

അവൾ എഴുന്നേറ്റു പുൽപ്പരപ്പിലൂടെ, അറ്റമില്ലാത്ത ആകാശത്തെയും നോക്കി നടന്നു ക്ലാസ്സിലേക്ക്.

അദ്ധ്യായം 8

"ദാ ഷേക്സ്പിയർ വന്നു. എന്താ മോനേ നീയിത്ര വൈകിയത് ?"

ജാക്സനെ കാത്തിരിക്കുകയായിരുന്ന ജിജോയ്ക്കു പരിഭവം. പുതിയൊരു ഇര വീണു കിട്ടിയിട്ടുണ്ടവന്. അതിനൊരു ലെറ്ററെഴുതണം. ജാക്സൺ എഴുതിയാൽ ആരും വീണു പോകുമെന്നത് പരസ്യമായ രഹസ്യം. ജിജോയുടെ ആദ്യ മൂന്ന് ഡൈവോഴ്സ് കേസുകളും ഇപ്പോൾ ജാക്സനു പുറകെയാണെന്നതു മറ്റൊരു രഹസ്യം. പേരെഴുതി ഒപ്പിട്ടു കഴിഞ്ഞപ്പോഴേക്കും ക്യൂ വലുതായിട്ടുണ്ടായിരുന്നു. അതെല്ലാം നിസ്സാര കേസാണ് - ലീവ് ലെറ്റർ. അതില്ലാതെ സൂപ്പർമാൻ ക്ലാസ്സിൽ കയറ്റില്ല എന്നത് പ്രധാന കാര്യം. അങ്ങനെ എത്രയോ പേർക്ക് താനച്ഛനായിട്ടുണ്ട്. ജാക്സനോർത്തു. ദാവിയിൽ മൊഴിമാറ്റം നടത്തി അവരവകാശവാദവുമായി വന്നേക്കരുതേ എന്ന പ്രാർത്ഥനയോടെ ജാക്സൺ എഴുതിത്തുടങ്ങി.

Sir,
My son,.....

കനേഷും സംഘവും ചൂടുപിടിച്ച ചർച്ചയിലാണ്. നിരോധിച്ച രാഷ്ട്രീയം തന്നെ വിഷയം. അറിയാനും അറിയിക്കാനുമുള്ള തങ്ങളുടെ അവകാശത്തെ ചോദ്യം ചെയ്യാൻ ഒരു ശക്തിക്കുമാവില്ല. എന്ന നിലപാടിലാണ് കനേഷ്. അവന്റെ വാക്കുകളെ താങ്ങാനാകാതെ ബെട്രീസ കണ്ണടച്ചിരുന്നു.

സിന്ധു കുറേക്കൂടി പുറകിലേക്കു മാറിയിരുന്നു. ഇന്നു കുറേയേറെ പഠിക്കാനുണ്ടത്രെ. ആർത്രോപോഡും മൊളസ്കസും മൊക്കെച്ചേർന്ന് അവളുടെ തലയിൽ പടുത്തുയർത്തിയ പുകച്ചുരുൾ അനങ്ങാതെ നിന്നു. ലൈബ്രറിയിൽ നിന്ന് ഒരു കെട്ടു പുസ്തകങ്ങളുമായി സ്റ്റോർ റൂം ദിനേശ് അവൾക്കരികിൽ ചെന്നിരുന്നു. അവൻ ചിരിച്ചു. അവൾ തിരിച്ചും.

"ദാണ്ടെ, വരുന്നൊടാ, വരുന്ന്."

ആരാണെന്നു ചോദിച്ചില്ല. അറിയാം, സൂപ്പർമാൻ തന്നെ. ഭീമാകാരനായ അദ്ദേഹത്തിന് ക്യാമ്പസ് കനിഞ്ഞു നൽകിയ പേരാണത്.

"പുരിമുറുകി വളഞ്ഞ മീശ, ചെന്നീ-
പ്പൊരി ചിതറും മിഴി, വട്ടമൊത്ത താടി
ഹരി,ഹരി! യമനും നടുങ്ങുമാറി-
ക്കരിമലയന്റെ കരാളമായ വേഷം."
വള്ളത്തോൾ വലിയൊരു സത്യമാ പാടിയത്. ജിജോ ജാക്സനോടു പറഞ്ഞു.

അവനതു കേട്ടില്ല. തന്റെ കത്തുകളുടെ പ്രകാശനം കാത്തിരിക്കുകയാണ് അവൻ.

ആദ്യം കടന്നുവന്നത് അദ്ദേഹത്തിന്റെ കുടവയറാണ്. എല്ലാവരും എഴുന്നേറ്റു നിന്ന് എന്തൊക്കെയോ പറഞ്ഞു. ഓ, അതു ഗുഡ്മോണിംഗ് ആയിരുന്നോ? പേരിൽ മാത്രമേ 'കുരുവിള'യുള്ളൂ എന്നാണ് സോഫിയയുടെ ഭാഷ്യം. ആള് 'വിളഞ്ഞ വിത്താണ'ത്രെ. ബെട്രീസ തന്നെ തിരുത്തിച്ചിരിച്ചു.
"എന്താ ?" കുരു കണ്ണുരുട്ടി.
"ഏയ് ഒന്നുമില്ല." നല്ല ഉത്തരം.

"കുരുവിളയുമെന്നു കേട്ടു
'കുരു' വിളയെന്നു നിനച്ചേൻ."

രണ്ട് ഉണക്കല്ലുകൾ വന്ന് ആ രഹസ്യ സംഭാഷണത്തെ അവർത്തിക്കളഞ്ഞു.

അറ്റൻഡൻസ് എന്ന മഹാമാരി കഴിഞ്ഞപ്പോഴേക്കും സൂപ്പർമാൻ ബോർഡുമായുള്ള യുദ്ധം തുടങ്ങിക്കഴിഞ്ഞു. നിന്നു വളഞ്ഞു വികൃതമായ മീശയിൽ തട്ടി വികൃതമായ വാക്കുകൾ പുറത്തേക്കു വന്നു കൊണ്ടിരുന്നു. അവയിൽ ചിലത് ബോർഡിനെ കൂടുതൽ വികൃതമാക്കി.

'ഞറ്റോമികാരം' താരതമ്യേന കൂടുതലുള്ള പിൻബഞ്ചുകാർ ഉറക്കം പിടിച്ചു തുടങ്ങി. സൂപ്പർമാന്റെ ബൂട്ട്സുകൾക്കടിയിൽ പെട്ട് എന്തൊക്കെയോ ഞെരിഞ്ഞമർന്നു. രവി മുഖം കുനിച്ചിരുപ്പായി. ചുവരിലെ സ്കെൽറ്റൺ അവരെ സഹതാപത്തോടെ നോക്കി. നിയാണ്ടർത്താൽ മനുഷ്യന്റെ ചുണ്ടുകൾക്കിടയിൽ വിരിഞ്ഞ പുച്ഛഭാവം കനേഷ് വായിച്ചെടുത്തു.

"സർ" കനേഷിന്റെ വിളികേട്ട് കുരുവിള സാർ തിരിഞ്ഞു നോക്കി.
"മനസ്സിലായില്ല." "വാട്ട് ?"

"ഇതു മാത്രമല്ല സർ, ഒന്നും എനിക്കു മാത്രമല്ല, ആർക്കും."

അതൊരു തുടക്കം മാത്രമായിരുന്നു. കനേഷ് കത്തിപ്പടർന്നു. വാക്കുകളുടെ ചൂട് ഹെഡ് എന്ന ഹെഡ് വെയ്റ്ററിന് താങ്ങാവുന്നതിലപ്പുറമായിരുന്നു. അദ്ദേഹത്തിന്റെ മീശ വിറച്ചു. കണ്ണുകൾ ചുവന്നു കലങ്ങി. ക്ലാസ്സിൽ നിന്നും ഇറങ്ങിപ്പോയി.

കനേഷിന് ഇനിയും എന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു. അവനിലൂടെ പലർക്കും.

"കനേഷ്, സാറിനോടിതൊക്കെ നേരിട്ടു പറഞ്ഞാൽ മതിയായിരുന്നു." ബെട്രീസയിലെ ആദർശമുണർന്നു. "ക്ലാസ്സിൽ വച്ച് ഇങ്ങനെയൊക്കെ....."

കനേഷിന്റെ മുഖം ചുവന്നുതന്നെയിരുന്നു. അവൻ പറഞ്ഞതൊന്നും തെറ്റല്ലല്ലോ എന്നാശ്വസിച്ച് ബെട്രീസ പിന്നൊന്നും പറഞ്ഞില്ല.

അദ്ധ്യായം - 9

എന്തുകൊണ്ടോ, രാവിലെതന്നെ ബെട്രീസയ്ക്കൊരുത്സാഹവും തോന്നിയില്ല. നിത്തടീച്ചറുടെ ക്ലാസ്സിൽ ഒരു നിർജ്ജീവ സാന്നിദ്ധ്യമായി അവളിരുന്നു. സമയം പ്രയാസപ്പെട്ടു നീങ്ങിത്തുടങ്ങി ലഞ്ചു ബ്രേക്കിനായി അവൾ പടികളിറങ്ങി. ഇന്നൊറഞ്ഞക്കാവാമെന്നു കരുതി.

"ഹായ് ബെട്രീസ, എങ്ങോട്ടാ?"

'ബീനയാണ്. ഒരു മറുപടിക്കു പോലും കാത്തുനിൽക്കാതെ അവൾ പാഞ്ഞുമറഞ്ഞു. എന്തൊരു തിരക്കാണെല്ലാർക്കും. ആർക്കും കാത്തുനിൽക്കാൻ സമയമില്ല. ഇവിടെ വരുന്നത് പാഠം പഠിക്കാൻ മാത്രമല്ല. ജീവിതം പഠിക്കാനും കൂടെയാണെന്ന് ഇവരെന്നു മനസ്സിലാക്കും?' ബെട്രീസ സ്വയം പരിഭവിച്ചു.

ജീമയും വിനോദും എൽ.സി.യിലേക്കു പോകുന്നതു കണ്ടു. എൽ.സി - ലവേഴ്സ് കോർണർ. പണ്ടവിടെ പ്രണയം പൂത്തുലഞ്ഞു നിന്നിരുന്നത്രെ. പിന്നീടങ്ങോട്ട് ആരും പോകാതെയായി. ഇപ്പോൾ സ്വൈര്യമായി ഇരിക്കാൻ വേറെയിടമില്ലാത്തതിനാൽ അങ്ങോട്ടു പോകുന്നെന്നു മാത്രം.

എതിരെ വന്ന പരമു മാഷിനെ നോക്കിയവൾ പുഞ്ചിരിച്ചു.

"ആഹ, ബെട്രീസ!" അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് സ്റ്റാഫ്റൂമിലേക്കു കയറിപ്പോയി. എല്ലാവർക്കും ഒരാശ്വാസമാണ് പരമുമാഷ്. കഴിഞ്ഞ മാസം നടന്ന ഫിലിം ഫെസ്റ്റിവൽ കാണാൻ അവസരമൊരുക്കിയത് അദ്ദേഹമാണ്. കാര്യമറിഞ്ഞപാടെ തോമസ് മാഷ് അറ്റൻഡൻസിന്റെ കാര്യം ഓക്കെയാക്കി.

"പിള്ളേരിതൊക്കെ കണ്ടുതന്നെ വളരട്ടെ, അല്ലേ മാഷേ." പരമുമാഷ് ചോദിച്ചു.
"അതെയതേ.അവര് പഠനത്തിലും ഇതേ ആവേശമൊക്കെ കാണിച്ചാൽ നന്ന്."

തന്നെക്കുറിച്ചും കനേഷിനെക്കുറിച്ചുമൊക്കെ കോളേജിലെ മിക്ക അദ്ധ്യാപകർക്കും മതിപ്പാണെന്ന് ബെട്രീസയ്ക്കറിയാം.

"അതു ദുരുപയോഗപ്പെടുത്തരുത്." സുനിതയ്ക്കുവേണ്ടി പ്രതിഷേധവുമായി നടന്നപ്പോൾ തോമസ് മാഷ് ബെട്രീസയോടു പറഞ്ഞതാണ്.

പള്ളിയിൽ മുട്ടു കുത്തുമ്പോൾ തന്റെ നല്ല അദ്ധ്യാപകർക്കു വേണ്ടി പ്രാർത്തിക്കാൻ ബെട്രീസയിന്നുവരെ മറന്നിട്ടില്ല.

തന്നെ മനസ്സിലാക്കുന്ന അദ്ധ്യാപകരുടെ എണ്ണം കുറയുന്തോറും വിദ്യാർത്ഥികളിൽ അക്രമസ്വാഭാവവും, നിഷേധവും കൂടും" എന്ന് പണ്ട് ജോണി സാറു പറഞ്ഞത് ബെട്രീസ പലപ്പോഴും ഓർക്കാറുണ്ട്.

കായൽക്കരയിലെത്തിയത് അവളിപ്പോഴാണറിഞ്ഞത്. പണ്ടിവിടെയൊരു കുട്ടിയുണ്ടായിരുന്നു. 'പ്രതീക്ഷ.' അവളീ കായലിൽ ചാടി മരിച്ചത്രെ. പ്രണയനൈരാശ്യമാവാം കാരണം. അവൾ കായൽക്കാറ്റായി ഉയിർത്തെഴുന്നേറ്റു. എന്നും ഒരു മണിയാകുമ്പോൾ അവൾ കായലോരത്ത് കൂട്ടുകാരെ കാത്തിരിക്കും. അവരുടെ സംസാരവും പൊട്ടിച്ചിരിയും കേൾക്കാൻ. കനേഷിന്റെ നുണക്കഥയാണെങ്കിലും പ്രതീക്ഷ എന്ന കായൽക്കാറ്റ് ബെട്രീസയെ ചിന്തിപ്പിച്ചു. ആ പേരിനു തന്നെ ഒരു സൗന്ദര്യമില്ലേ? പ്രണയത്തിനു വേണ്ടി ജീവൻ ത്യജിച്ച പ്രതീക്ഷ ഒരു കൗതുകമായി അവളിൽ നിറഞ്ഞു.

മരിക്കൽ ഒരു ക്ലാസ്സ്മേറ് തന്നോടു ചോദിച്ചതവളോർത്തു.

"ബെട്രീസ പ്രണയിച്ചിട്ടുണ്ടോ?"

അവളതിന് ഉത്തരമൊന്നും കൊടുത്തില്ല. എന്നാൽ ആ ചോദ്യം അവൾ പലയാവർത്തി തന്നോടുതന്നെ ചോദിച്ചു. "ഞാൻ പ്രണയിച്ചിട്ടുണ്ടോ? എന്റെ മനസ്സിലെ തോന്നലുകളെ പ്രണയമെന്നു വിളിക്കാമോ... അവനിന്നുമീ ക്യാമ്പസിലുണ്ടെന്നൊരു തോന്നൽ! ആദ്യമിത് വെറും കൂട്ടിത്തമായി തോന്നി. കാലമത് മായ്ക്കുമെന്നും. പക്ഷേ, ഇപ്പോൾ തനിക്കതു വിവേചിച്ചെടുക്കാനാവുന്നില്ല.

"ഒന്നിനുമല്ലാതെ എന്തിനോ തോന്നിയൊരിഷ്ടം...."

ഇതിനെ ഞാനെന്താ വിളിക്ക - പ്രേമമെന്നോ? നോ, ഇറ്റ്സ് ഇംപോസിബ്ൾ. അതോ വെറും അട്രാക്ഷൻ മാത്രമാണോ? ഇന്നും എനിക്കത് മനസ്സിലാകുന്നില്ല. ഞാൻ എന്തിനാ ഇതെല്ലാം ചിന്തിച്ചുകൂട്ടുന്നേ. എനിക്കെന്താ പറ്റിയേ. ആ, അറിയില്ല. ഈ കുറുമ്പി കാറ്റു കണ്ടോ, എന്നെ വെറുതെ ചിന്തിപ്പിച്ചു കൂട്ടുന്നു. ഇനി ഞാനിവിടെ നിന്നാൽ എന്റെ ചിന്തകൾ കാടു കയറും. ഇറ്റ്സ് ഡെയ്ഞ്ചറസ്. ഞാൻ പോകുവാ, ഗുഡ് ബൈ. നീ ശരിയല്ല. കുറുമ്പിക്കാറ്റ്."

മനസിലെ താളത്തെ നിയന്ത്രിച്ചുകൊണ്ട് ബെട്രീസ നടന്നു തുടങ്ങി. പെട്ടെന്ന് തിരിഞ്ഞുനിന്ന് കാറ്റിനോട്,

"മനസ്സുണ്ടായിട്ടു പോണതല്ല കുറുമ്പി. ക്ലാസ്സ് കട്ടു ചെയ്യാൻ പറ്റില്ല, പോട്ടെ".

അദ്ധ്യായം 10

കനേഷിന്റെ നടപ്പിന് വേഗത കുറഞ്ഞു. "നീയെന്താ പുല്ലിന്റെ തലയെണ്ണാൻ വന്നതാണോ?"
"അതല്ലെന്നേ, ആകെയൊരു ശ്വാസം മുട്ടലാണീ ക്യാമ്പസിൽ. ആ ജോണിസാറും നമ്പാടൻ മാഷുമൊക്കെ എത്ര നന്നായി ക്ലാസ്സെടുക്കുന്നു. എല്ലാവർക്കും ഈ ആത്മാർത്ഥത കാണിച്ചാലെന്താ?"
"ആ കനേഷേ, കഴിഞ്ഞ ദിവസം ബെട്രീസ പറഞ്ഞതോർക്കുന്നുണ്ടോ, പാഠമെന്നത് പുസ്തകത്തിലൊതുങ്ങി നിൽക്കരുതെന്ന്!"
"എന്റെ രവീ, അതു ബെട്രീസേടെ തിരുമൊഴിയൊന്നുമല്ല. ദെറീദ പണ്ടു പറഞ്ഞതാ."
"ഇതൊക്കെപറഞ്ഞിട്ടെന്താ കാര്യം. വായന ദരിദ്രമാകുന്നുവെന്ന് പ്രഖ്യാപിക്കുകയും പി.ജി.ക്കാരുടെ ലൈബ്രറി അവറിൽ സ്പെഷൽ ക്ലാസ്സ് വയ്ക്കുകയും ചെയ്യുന്ന കുരുവിളസാറിന്റെ വാൾ എന്നും നിന്റെ തലയ്ക്കു മുകളിൽ തന്നെയാണ് കനേഷ്."

"ഇന്നെന്താ കനേഷേ ശനിയാഴ്ചയായിട്ടും വീട്ടിലിരിക്കില്ലേ?" നമ്പാടൻ മാഷ് തട്ടിവിട്ടു.
"അല്ല സർ നമ്മുടെ ആർട്ട്സ് ഡേയുടെ കാര്യം..."
"ഓ അതടുത്ത മാസല്ലേ. പിന്നെ ഇന്റേണൽ എക്സാം ഇങ്ങടുത്തു കേട്ടോ."
"ഇതൊന്നും പഠനത്തെ ബാധിക്കാതെ നോക്കിക്കൊള്ളാം സർ."
കനേഷും രവിയും പഠനത്തിൽ മിടുക്കരാണെങ്കിലും മാഷിനെന്തു പറയണമെന്നറിയില്ലായിരുന്നു. ഇതൊക്കെ ഒരു പൊല്ലാപ്പായി കാണുന്നവരാണധികവും. മാഡം സമ്മതിക്കുമെന്നുറപ്പാ. എങ്കിലും....
"പിള്ളേർക്കിതെന്തിന്റെ സൂക്കേടാ. പഠിപ്പുമായി കഴിഞ്ഞാൽ പോരേ?"

മാഷിന്റെ വാക്കിൽനിന്നു തന്നെ ആർട്ട്സ് ഡേ നടക്കില്ലെന്ന് കനേഷിനുറപ്പായി. അല്പനേരം കൂടി സംസാരിച്ചിട്ട് അവർ യാത്രപറഞ്ഞിറങ്ങി.

"കനേഷേ, ഒരു കുടയുമായിട്ടു വന്നു കൂടാർന്നോ. പൊള്ളുന്ന വെയിലല്ലേ."

സ്റ്റാഫ് റൂമിന്റെ ജനനിലൂടെ നമ്പാടൻ മാഷ് ചോദിച്ചു. അവർ നടന്നകന്നു കഴിഞ്ഞിരുന്നു.

"മാഷാളു കൊള്ളാം. പാവം പിള്ളേര്.അവരോടിങ്ങനെ സ്നേഹമുണ്ടായാൽ മാത്രം പോര. നിങ്ങളല്ലേ അവരെയിതിനൊക്കെ ഒരുക്കിയിരുന്നത്. അവർക്കു നിങ്ങളോടു സ്നേഹമുള്ളതോണ്ടാ എപ്പഴും ഈ വലിഞ്ഞു കേറിവരുന്നത്. ഞാനൊന്നും പറയുന്നില്ല."

പരമുമാഷിന് തന്റെ പരിഭവം പറയാതിരിക്കാനായില്ല.

അദ്ധ്യായം 11

തികളാഴ്ച ക്യാമ്പസ് വീണ്ടുമുണർന്നത് ഒരു ദുരന്തവാർത്തയുമായാണ്.
ഒന്നാം വർഷക്കാരി സനുഷ വിഷം കഴിച്ചു!
കൂട്ടുകാരെന്തോ തമാശ പറഞ്ഞു കളിയാക്കിയതാണു കാരണം. ഭാഗ്യത്തിനാണു രക്ഷപെട്ടത്.
പിറ്റേന്നു രാവിലെ കോളേജിനു മുമ്പിൽ ഒരു ബോർഡ്, **"ക്യാമ്പസിൽ തമാശ പാടില്ല!"**
ബോർഡ് കണ്ടവർ കാണാത്തവർക്കായി മാറിക്കൊടുത്തു. എല്ലാവരും അന്തം വിട്ടു നിൽക്കുകയാണ്.
"ബെട്രീസാ,അപ്പോൾ എല്ലാവരും ഇനിമുതൽ ക്ലാസ്സിൽ 'അവാർഡു പടങ്ങ'ളായി വിഹരിക്കണം. ക്യാമ്പസ് നിർജ്ജീവമായതു തന്നെ."

നമ്പാടൻ മാഷ് ക്ലാസ്സിൽ എന്തോ ഫലിതം പറഞ്ഞു. വിദ്യാർത്ഥികളാരും കിലുക്കാം പെട്ടികളാകാൻ തയ്യാറായില്ല. ഊതിവീർപ്പിച്ച ബലൂൺ പോലെ ഇരിക്കുന്ന അവരെ നോക്കി അദ്ദേഹം നെടുവീർപ്പിട്ടു. ഉടനെ വന്നു മാഷിന്റെ വിധി.
"ക്ലാസ്സിൽ തമാശ പറയാം. പെം ശ്വാസോച്ഛ്വാസവുമാകാം. ഇങ്ങനെ വടിപോലെയിരിക്കണ്ട."
"അല്ല സർ, ഇപ്പറഞ്ഞ നിയമം ബോർഡിൽ കണ്ടില്ല. ഇനി ക്ലാസ്സിൽ മാത്രം ചിരിച്ചേക്കാം."
"ഓ. അതുശരി. നിങ്ങളുടെ പടക്കം പൊട്ടുന്ന ചിരി ആ നിയമത്തിൽ കുരുങ്ങിക്കിടക്കുകയാണല്ലേ?."
സാറോടോ പടക്കത്തിന് തീ കൊളുത്ത്. ഞങ്ങൾ ചിരിച്ചോളാം."
അന്നു മുതൽ നമ്പാടൻ മാഷ് മേൽപറഞ്ഞപേരിൽ അറിയപ്പെടാൻ തുടങ്ങി." "പടക്കം!"
സത്യത്തിൽ തന്റെ പുതിയ പേര് അദ്ദേഹത്തിനു തന്നെ പിടിച്ചു.

അദ്ധ്യായം 12

സമയം രാത്രി പത്തുമണി. പതിവുപോലെ ബെട്രീസയുടെ മുറിയിൽ തകൃതിയായ ചർച്ച നടക്കുകയാണ്. കോളേജിൽനിന്നും പുറത്താക്കപ്പെട്ട സുനിത തിരിച്ചുവന്നിരിക്കുന്നു. അവളുടെ ഭാവികാര്യങ്ങളെക്കുറിച്ചുള്ള ചർച്ചതന്നെ.

"ഈ സുനിത തെറ്റൊന്നും ചെയ്തിട്ടില്ലെന്ന് നമുക്കറിയാം. ഇവൾ ഒരു വിദ്യാർത്ഥിനിയോട് പാട്ടു പാടുമോ എന്നു ചോദിച്ചത് ഇത്ര വലിയ കുറ്റമാണോ? നമുക്കാർക്കും കിട്ടാത്ത ശിക്ഷ, മാഡം സുനിതയ്ക്കു കൊടുത്തു. അവൾ മുഴുവൻ ഫീസടയ്ക്കാത്തതാണു കാരണം. നിങ്ങളുമതറിയണം."

ബെട്രീസയുടെ ശബ്ദത്തിൽ ആധികാരികത കലർന്നിരുന്നു.

"സിറ്റി കോളേജില് പഠിച്ചുവന്ന ആളല്ലേ മാഡം. സുനിതയ്ക്കെന്തുകൊണ്ട് അവർ ചെറിയ തുക എന്നു പറയുന്ന ഈ ഫീസടയ്ക്കാനാവുന്നില്ല എന്നന്വേഷിച്ചിട്ടുണ്ടോ? ഇല്ല. പത്തുരൂപയെ അഞ്ഞൂറുരൂപയെന്നപോലെ സൂക്ഷിച്ചുപയോഗിക്കുന്നവരാണ് ഈ കോളേജിലധികവും എന്ന് മാഡത്തിനറിയില്ലല്ലോ!" ദാരിദ്ര്യമറിഞ്ഞിട്ടില്ലെങ്കിലും സ്നേഹലത തനിക്കറിയാവുന്നതു പറഞ്ഞു.

സമയം അതിരു കടന്നപ്പോൾ വാർഡൻ വരാന്തയിൽ പ്രത്യക്ഷപ്പെട്ടു നൊടിയിടയിൽ എല്ലാവരും അവരവരുടെ മുറികളിലേക്ക് അപ്രത്യക്ഷരായി.

ബെട്രീസ ജനലിലൂടെ നിലാവിനെ നോക്കി പല്ലിളിച്ചുകാട്ടി. കാമ്പസിനകത്ത് പ്രവേശനമില്ലാത്ത കായൽകാറ്റ് ഹോസ്റ്റൽ ഗേറ്റിനരികെ വന്ന് വിളിച്ചുപറഞ്ഞു.

"ഗുഡ് നൈറ്റ്!"
ഉറക്കം വരാതെ തൊട്ടടുത്തു നിൽക്കുന്ന സുനിതയെ നോക്കി ബെട്രീസ പുഞ്ചിരിച്ചു.
"ഞാൻ നിനക്കൊരു ഭാരമാകും." സുനിത സങ്കടപ്പെട്ടു.
"നീ വിഷമിക്കണ്ട. നീ എനിക്കൊരിക്കലും ഒരു ഭാരമാവില്ല. എന്റെ കയ്യിലുണ്ടായിരുന്ന കുറച്ചുരൂപയെടുത്ത് നിന്റെ ഹോസ്റ്റൽ ഫീസടച്ചിട്ടുണ്ട്. എന്റെ ഡാഡിക്കതിൽ സന്തോഷമാവത്തേയുള്ളൂ. ഇവിടിരുന്നു പഠിക്ക്. നമുക്കു പരീക്ഷയെഴുതിയപ്പോരെ." സുനിത ബെട്രീസയെ കെട്ടിപിടിച്ച് എങ്ങിക്കരഞ്ഞു. "അയ്യേ, ഇങ്ങനെ കരഞ്ഞാലേ, ഞാനും കരയും. വന്നു കിടക്കാൻ നോക്ക്."

സുനിതയ്ക്ക് ഉറക്കം വന്നില്ല. വീട്ടിലേക്കു തിരിക്കുന്നതിനൊക്കെ മുമ്പ്, ലൈബ്രറിയിലിരുന്ന് വായിച്ച പുസ്തകത്തിലെ ബോധവ്രതനെക്കുറിച്ച് അവൾ ഓർമ്മിച്ചു.... 'താൻ എന്തുകൊണ്ട് ആത്മഹത്യം ചെയ്യുന്നില്ല എന്ന്... 'പതിയെ മയക്കം വീണ കണ്ണുകൾ അവളുടെ ഓർമ്മകൾക്കു വിരാമമിട്ടു.

അദ്ധ്യായം 13

ബെട്രീസ ലൈബ്രറിയിലേക്കു നടന്നു. വായടച്ചുപിടിച്ചിരിക്കുന്ന തത്വശാസ്ത്രങ്ങളും, ജന്തുശാസ്ത്രങ്ങളും, രസതന്ത്രങ്ങളുമെല്ലാം ശ്വാസം വലിച്ചുപിടിച്ച് അറ്റൻഷനായി നിലകൊണ്ടു. ഷേക്സ്പിയറുമായി മൗനയുദ്ധം പ്രഖ്യാപിച്ചുകൊണ്ടു നിൽക്കുന്ന കനേഷിനെ കണ്ട് അവൾ ചിരിച്ചുപോയി. അവൾ സാഹിത്യമൂലയിലേക്കു നടന്നു. ബോധവ്രതൻ തലയുയർത്തി നോക്കി. എന്തോ ഓടിയൊളിക്കുന്ന ചിന്തികൾക്ക് അടഞ്ഞിരിക്കുന്ന പുസ്തകങ്ങളുടെ മണമുണ്ടായിരുന്നു.
ഈ വീർപ്പുമുട്ടലിൽ നിന്നൊരു രക്ഷയെന്നോണം കാറ്റെത്തി... ഒരു തലോടൽ... ഈശ്വരാ, കാറ്റ്... ഇന്നലെ ഹോസ്റ്റൽ ഗേറ്റുവരെ വന്ന് ഗുഡ്നൈറ്റ് പറഞ്ഞ കുസൃതിക്കാറ്റ്. പക്ഷേ, കാറ്റിന് ക്യാമ്പസിലേക്കു കടക്കാൻ അനുവാദം വേണം. ഈ വരവ് അനുവാദമില്ലാതെയാണ്. അപകടം മുന്നിൽകണ്ട ബെട്രീസ പറഞ്ഞു.
"കാറ്റേ, നീ തിരിച്ചുപോ!"

ക്യാമ്പസിനകത്തെത്തിയാൽ കണ്ണവരെയെല്ലാം അടിമുടി തഴുകുന്ന അച്ചടക്കമില്ലാത്ത കാറ്റിനെ മാഡം അഴിയെണ്ണിക്കും, തീർച്ച. അവൾക്ക് കൂടുതൽ പറയാൻ കഴിയുന്നുണ്ടായിരുന്നില്ല.

"നിന്നോടു സൊറ പറഞ്ഞാൽ ഞങ്ങൾ ചീത്തയാകുമെന്നാണ് പറയുന്നേ. ആരെങ്കിലും കാണുംമുമ്പ് നീ തിരിച്ചുപോ."

'ഫ്രീ അവറുകളിൽ പോലും നിഷിദ്ധമാണ് കായൽതീരം. പലരും പറഞ്ഞു അവിടം ക്യാമ്പസിനനുഗ്രഹമാണെന്ന്. ആണോ, ആവോ!'

ബെട്രീസയുടെ വീർപ്പുമുട്ടൽ കണ്ട് വിഷമിച്ചുനിൽക്കുന്ന കാറ്റിന് കനേഷിന്റെ എയർമെയിലെത്തി,

"പോയിട്ട് നീ ലഞ്ച്ബ്രേക്കിനു വരൂ!"

അദ്ധ്യായം 14

തക്കതായ കാരണം കൂടാതെ ഇന്റേണലിൽ തന്റെ മാർക്ക് കുറച്ചതിന്റെ വേദനയും വിദ്വേഷവും കടിച്ചമർത്തിക്കൊണ്ട് നിൽക്കുകയായിരുന്നു കനേഷ്. വിവരമറിഞ്ഞ് ക്ലാസിലുള്ളവർ വണ്ടറടിച്ചുനിന്നു. കനേഷ് തങ്ങൾക്കുവേണ്ടി പ്രതിഷേധിച്ച് പ്രതിഷേധിച്ച് 'ഭാണ്ടെ കിടക്കുന്നു ചട്ടീം ചോറും' എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ എന്നവർക്ക് മനസ്സിലായി.
കനേഷും ഒന്നു രണ്ടു കൂട്ടുകാരും വകുപ്പുമേധാവിയുടെ അടുക്കലെത്തി.
"ഊം, എന്താ എല്ലാവരും കൂടി?" കുരുവിളസാർ ഗൗരവത്തിൽ തന്നെ.
"സർ, എന്റെ മാർക്ക്." "തന്റെ മാർക്കിനെന്താ?"
"സർ, ഇത്ര കുറയാൻ കാരണം?"
"അതെന്നോടാണോ അന്വേഷിക്കുന്നത്. കയ്യിലിരിപ്പു നന്നാകണം, കോളേജ് നന്നാക്കാൻ നടക്കുകയല്ലേ. കൂടെ അദ്ധ്യാപകരേയും. നടക്കട്ടെ, നടക്കട്ടെ."
"സർ, ഞാനതിന്..."
"ഫ്രീ അവറുകളിൽ ലൈബ്രറി നിരങ്ങിനടന്നാൽ മാർക്ക് കൊട്ടപടി കിട്ടുമെന്നു കരുതിയോ?"

കാര്യത്തിൽ നിന്നൊഴിഞ്ഞുമാറാൻ, മൂടന്തൻ ന്യായത്തിന്റെ ഭാവത്തിൽ ചരിത്രപ്രസിദ്ധമാകേണ്ടിയിരുന്ന ചോദ്യവും കൂടെയെത്തി. കനേഷ് എന്തോ പറയാനാഞ്ഞു. കൂട്ടുകാരനവനെ ആംഗ്യം കൊണ്ടു വിലക്കി. അവർ തിരിഞ്ഞുനടന്നു.

കനേഷ് തോമസ് മാഷിന്റെ അടുത്തേക്കാണ് നേരെ പോയത്. ആരോ മാഷിന്റടുത്ത് സംസാരിച്ചിരിക്കുന്നതുകണ്ട് കാത്തുനിന്നു. സംസാരം വ്യക്തമായവൻ കേൾക്കുന്നുണ്ട്.
"ഛേ, താനെന്തിനാടോ ഇത്ര സെന്റിമെന്റലാകുന്നത്? അമ്മയ്ക്കൊരു കുഴപ്പവും വരില്ല. ഇങ്ങനെയായാൽ അനിയത്തിയേയും അനിയനെയുമൊക്കെ ആരാ ആശ്വസിപ്പിക്കുക. അവർക്ക് താനല്ലേ ഉള്ളൂ. ഇവിടെ നിന്നു കരയുന്നതാരും കാണണ്ട. ചെല്ല്, അമ്മയോടു ധൈര്യമായിരിക്കാൻ പറയ്." ആ കുട്ടി പുറത്തേക്കിറങ്ങി.

കനേഷ് വാതിലിനടുത്തു നിന്നു മാറിക്കളഞ്ഞു. കുറച്ചുസമയം കഴിഞ്ഞ് അവൻ മാഷിനടുത്തെത്തി നടന്ന കാര്യങ്ങൾ പറഞ്ഞു പുറത്തുതട്ടി ആശ്വസിപ്പിച്ചിട്ടദ്ദേഹം പറഞ്ഞു.
"കനേഷ്, നീ നല്ല കുട്ടിയാണ്. പക്ഷേ അബദ്ധങ്ങളിൽ ചെന്നുചാടുന്ന പ്രായമാ ഇത്. എടുത്തുചാട്ടം കുറച്ചുകൂടി സൂക്ഷിച്ചുകൂടെ? ഈ ആവേശമൊക്കെയോർത്ത്, കൂട്ടുകാരോടൊത്ത് ഇതൊക്കെ ചിരിച്ചുതള്ളുന്ന ഒരു സമയമുണ്ടാകും, വർഷങ്ങൾ കഴിയുമ്പോൾ. നോക്കിക്കോ!"

അദ്ധ്യായം 15

കനേഷും ബെട്രീസയും മറ്റു കൂട്ടുകാരുമായി കാന്റീനിലേക്കു നടന്നു.

സോഫിയയും, ഒവിന്ദറും, ജോണുമൊക്കെ വിശപ്പു സഹിക്കാതെ അങ്ങോട്ടോടിക്കയറി. ഇരിപ്പിടത്തിലുറക്കാതെ സോഫിയ അസ്വസ്ഥയായി.

"ഇന്നെന്താ കാന്റീൻ സെപ്ഷൽ കാണാത്തത്?" സാധാരണ എന്നും ചോറിനൊപ്പം ഉച്ചിനെ കിട്ടുക പതിവാണ്. ഉച്ചയൂണിന് ഉച്ചിലില്ലെങ്കിൽ ഒരു ഉത്സവവുമില്ലാത്ത സ്ഥിതിയായതുപോലായ്.

"വല്ല സാമ്പാറിലോ, തോരനിലോ സർച്ച് ചെയ്യാം. എന്തെങ്കിലും കാണാതിരിക്കില്ല."

ജോൺ പ്രതീക്ഷ വെടിഞ്ഞില്ല. പറഞ്ഞു തീർന്നില്ല. ദാ, അവൻ വെണ്ടക്കയിൽ അമർന്നു കിടക്കുന്നു.

"പിടിയവനെ!"

കനേഷിന്റെ ആക്രോശം.

ഇരയെ പരിശോധിക്കുമ്പോഴാണ് സുവോളജിയിലെ ഓമനക്കുട്ടൻസാറിന്റെ വരവ്. റിസേച്ചിനാവശ്യമായ സ്പെസിമെൻ ശേഖരിക്കാനാവും. ഇവിടാണെങ്കിൽ സുവോളജിക്കാർ ഗവേഷണം തുടങ്ങിക്കഴിഞ്ഞു. പേരുകൾ കണ്ടുപിടിച്ചു വരുന്നതേയുള്ളൂ. മെഡിസിനു പഠിക്കണമെന്നാഗ്രഹമുണ്ടായിരുന്ന രമണനുമുണ്ട്.

[redacted]

മാങ്ങ, നാരങ്ങ അച്ചാറുകളിടങ്ങിയ കാന്റീൻ സ്പെഷലുകൾ വിദ്യാർത്ഥികൾ കഴിച്ചാൽ എന്തൊക്കെ ഗുണം കിട്ടുമെന്നറിയാനാണവർ രമണനെ വരുത്തിയത്.

"വിറ്റമിൻ, പ്രോട്ടീൻ തുടങ്ങിയ പോഷകഘടകങ്ങൾ വിദ്യാർത്ഥികൾക്കെത്തിച്ചുകൊടുക്കാൻ ഈ സ്പെസിമെൻ കൊണ്ടു കഴിയുന്നുണ്ട്."
കനേഷ് വാചാലനായി.

മുഖം നോട്ടക്കാരിയെന്നു രഹസ്യഖ്യാതിയുള്ള സോഫിയ പുതിയ നമ്പറിട്ടു.
"എന്താ രമണാ നിന്റെ മുഖത്ത് ചില വെളുത്ത പാടുകൾ?"
"ഓ, അതു വിറ്റമിൻ ഡെഫിഷ്യൻസിയെന്നാ ഡോക്ടറു പറഞ്ഞേ".
"എന്നാ, ആ കാന്റീൻ സ്പെഷൽ അവനു കൊട്. മെഡിസിനു പോകാൻ കഴിയാത്ത വിഷമം ഇനി വേണ്ട രമണാ. നീ തൽക്കാലം ഇതിനോടൊക്കെ കുശലം പറഞ്ഞിരിക്ക്."

ഊണിനുശേഷം ബില്ലടയ്ക്കാനായി പോക്കറ്റിൽ കയ്യിട്ടു. കാശ് ഭദ്രമായുണ്ട്. ഒരു ധൈര്യമാണാദ്യം കൊടുത്തത്.

"ഇതാ കാശ്."
"ഒരു ഊണിന് 15. വില കൂടി."
"എന്തിനാ ചേട്ടാ ഈ ബില്ല്. അടുക്കളയിൽ നിന്ന് ഒരു കത്തി കൊണ്ടുവാ."
"ഓസിനല്ലല്ലോ, നല്ല ഊണല്ലേ?"
"അതെയതെ, ന്യൂട്രിഷസ്! കാശ് കൊട്, വാടാ പോകാം."

അദ്ധ്യായം 16

നോൺവെജ് കഴിച്ച പ്രതീതിയോടെ കാന്റീനിൽ നിന്ന് മടക്കയാത്ര ആരംഭിച്ചുകഴിഞ്ഞു. തറയിൽ നിന്നും പത്തടി ഉയരത്തിലുള്ള മാർബിൾ പാകിയ നാല്ക്കാലി കരിങ്കൽ മണ്ഡപം കടന്നുവേണം ക്ലാസ്സിലേക്കുപോകാൻ. തൂണുകളിൽ ധാരാളം കൊത്തുപണികൾ. ക്യാമ്പസിനെ ആശ്ചര്യത്തിൽ പൊതിയുന്ന ഈ മണ്ഡപത്തിനുള്ളിൽ കയറുകയെന്നാൽ, അനുഭൂതി ഒന്നുവേറെ തന്നെ. ഇളംകാറ്റിൽ ഒന്നു മയങ്ങാൻ, ഇവിടെയിരുന്നു സ്വയം മറക്കാൻ, കായൽതീരത്തെ വെല്ലുന്ന വശ്യതയുണ്ടീ മണ്ഡപത്തിന്. വെറുതെയല്ല, മുസിത് ലവേഴ്സ് കോർണറായിരുന്നത്.
ജോൺ ഒരു നിമിഷം ചിന്തയിലാണ്ടു.

'ഇന്നിതൊരു സ്മരകമാണ്, നന്ദനന്റെ. ക്യാമ്പസ് രാഷ്ട്രീയത്തിന്റെ ക്രൂരമുഖം അപഹരിച്ചത് അവന്റെ ജീവനായിരുന്നു. എതോ പകപോക്കലിന്റെ കലുഷിതമുഖം. ആ കൽത്തൂണുകളിലേക്കു സൂക്ഷിച്ചുനോക്കിയാൽ കാണാം രക്തക്കറകൾ. ആ സംഭവത്തനുശേഷമാണ് ക്യാമ്പസിൽ രാഷ്ട്രീയം നിരോധിച്ചത്.'

പരിസരബോധം വന്നപ്പോൾ ചുറ്റും നോക്കിയ ജോണി ലെനിനെ മാത്രമേ കണ്ടുള്ളൂ. എല്ലാവരും പോയിരിക്കുന്നു. അവനും ചിന്തിച്ചുനിൽക്കുകയായിരുന്നു. 'ലെനിൻ', ക്യാമ്പസ് അവനു നൽകിയ പേര്. ജോണിയുടെ ഉറ്റസുഹൃത്താണ്. രാഷ്ട്രീയം പറഞ്ഞുതുടങ്ങിയാൽ രണ്ടുപേരും രണ്ടു തട്ടിലാണെന്നുമാത്രം. അപക്വമായ തീരുമാനങ്ങളിലൂടെ മാധ്യം വിദ്യാർത്ഥികളെ അടിച്ചമർത്താൻ ശ്രമിക്കുകയാണെന്ന് ലെനിൻ ജോണിയോടു പറഞ്ഞു. എന്തൊക്കെയോ നടക്കുന്നതായി ജോണിയും കേട്ടിരുന്നു.

"പ്രതികരിക്കണം." ലെനിൻ പറഞ്ഞു.

വൈകുന്നേരമായി. വാർത്ത ബെട്രീസയുടെ ചെവിയിലെത്തി. ലെനിൻ അങ്ങനെയെന്തെങ്കിലും പറഞ്ഞാൽ എന്താ നടക്കുക എന്ന് എല്ലാവർക്കുമറിയാം. കാരണമില്ലാതെ അവനൊന്നും പറയാറുമില്ല. അവളുടനെ ലെനിനടുത്തെത്തി. എല്ലാവരും കായൽതീരത്തേക്കു വച്ചടിക്കുമ്പോൾ, ലെനിൻ മണ്ഡപത്തിലേക്കാണു വരുന്നതെന്നറിയാവുന്നതുകൊണ്ട് ബെട്രീസ അവനെയും കൂട്ടി അങ്ങോട്ടുനടന്നു. "ലെനിൻ," ബെട്രീസ എന്തോ പറയാൻ ഭാവിച്ചു."അന്യായമാണിത്. ശക്തമായി പ്രതികരിക്കണം." ലെനിൻ പറഞ്ഞു. ബെട്രീസയ്ക്കു കാര്യങ്ങളേതാണ്ടൊക്കെ മനസ്സിലായി.

"ശരിയാണ്. പ്രതികരിച്ചോളൂ. ശരിയായ വഴിയിൽ. രാഷ്ട്രീയത്തിന്റെ പേരിൽ മാനേജ്മെന്റുമായി ബഹളമരുത്. അത് വിദ്യാർത്ഥികളോടുള്ള ബന്ധശത്രുതയ്ക്കു വഴിയൊരുക്കും. കൺസ്ട്രക്റ്റീവ് രാഷ്ട്രീയത്തിന്റെ ഓർമ്മയായിരുന്നു നമുക്കീ കൽമണ്ഡപം. ഇതിലെ രക്തപ്പാടുകൾ അതിനെ നശിപ്പിച്ചിരിക്കുന്നു. ഇനിയും അതു വേണോ?"

"എപ്പഴും ഇതൊക്കെത്തന്നെയല്ലേ എന്നോടു പറയാറ്. സ്നേഹമുള്ള അദ്ധ്യാപകരുമില്ലേ എന്നൊക്കെ. പിന്നെ, ഈ കായല്, കവിത, സാഹിത്യം എന്നൊക്കെപ്പറഞ്ഞ് പഴഞ്ചനാകാൻ എന്നെക്കിട്ടത്തില്ല. എന്റെ അമ്പിലോടുന്നത് ചുടുരക്തമാ."

"എന്നോടുതന്നെ വേണോ ശ്യാം പ്രസംഗം! അന്യായങ്ങൾക്കെതിരേ ശരിയായ വഴിയിൽ പ്രതികരിച്ചോളൂ. പിന്നെ പാർട്ടിക്കു വേണ്ടി സ്വീകരിച്ച പേര് മറന്നേക്ക്. 'ശ്യാം' എന്ന പേരു തന്നെയാ നല്ലത്. ഞാൻ പോകുന്നു. ക്ലാസ് തുടങ്ങാറായി."

ലെനിൻ ചിന്താമൂകനായി. "പാർട്ടിക്കായി സ്വീകരിച്ച..." ബെട്രീസയുടെ വാക്കുകൾ അവനെ അലട്ടി. ജോണിയേയും ബെട്രീസയേയും മാത്രമേ അവനിന്നുവരെ കണ്ണടച്ചു വിശ്വസിച്ചിട്ടുള്ളൂ. അവർക്കു രാഷ്ട്രീയമില്ല. അവരോടവനെന്തും പറയും. അവനൊരു തീവ്രവാദിയായിട്ടില്ലെങ്കിൽ അതവരുടെ മിടുക്കാണെന്നവനറിയാം. അവൻ കൽമണ്ഡപത്തിലേക്കു നോക്കി. ഇവിടുത്തെ രാഷ്ട്രീയ സംസ്കാരം വരുത്തിവച്ച ചോരപ്പാടുകൾ ഇപ്പോൾ തനിക്കും ശരിക്കു കാണാം. "ബെട്രീസ ഒരു മാലാഖയാണോ?" അവളുടെ വാക്കുകൾ അവനെ വിട്ടുമാറുന്നില്ല. "ശരിയായിരിക്കും. ബെട്രീസ മാലാഖ തന്നെ. എന്റെ, ക്യാമ്പസിന്റെ!"

രണ്ടുവർഷം മുമ്പ്, രാഷ്ട്രീയം സജീവമായിരുന്ന ആ ഇലക്ഷൻകാലത്താണ് അവനാദ്യമായി അനുഭവപ്പെട്ടത്. അവൻ പഴയ ഓർമ്മകളിലൂടെ സഞ്ചരിച്ചു.

രാത്രി വൈകിയിട്ടും, ആ വീട്ടിൽ വെട്ടം കാണാതായിരുന്നു. ഒരു കൊച്ചു വീട്. അതിന്റെ ഒരു ജനൽ മാത്രം ഉറങ്ങാതെ കണ്ണും ചിമ്മി ഇരിക്കുന്നു. കുറച്ചു നേരം കൂടി കഴിഞ്ഞാൽ ജനൽവെളിച്ചം നിഷ്പ്രഭമാകും. പക്ഷേ, അതുവരെയും ആ ജനൽ പ്രകാശിക്കുമെന്നാണു തോന്നുന്നത്. യുവത്വത്തിന്റെ ശക്തിയും ചിന്തയുമാണ് അതിന് ഊർജ്ജം പകരുന്നത്.

"ശ്യാം, ശ്യാം!"

അമ്മ വാതിൽ തള്ളിത്തുറന്നു.

"ആ, വെളുക്കും മുമ്പേ പോയോ? പാതിരയ്ക്കാ വന്നത്, രാത്രി മുഴുവൻ എഴുത്തായിരുന്നു. ഊണുമില്ല, ഉറക്കോമില്ല വല്ല ലെനിനാണെന്നാ ഭാവം. ഈ ചെറുക്കനെ കൊണ്ടുതോറ്റു."

നെടുവീർപ്പിട്ടുകൊണ്ട്, കയ്യിലിരുന്ന ചായഗ്ലാസുമായി അമ്മ അടുക്കളയിലേക്കു പോയി.

"എന്നും മുദ്രാവാക്യം വിളിച്ചുനടക്കാനും, നാലുതല്ലുകൊള്ളാനും, എന്നും തൊഴിലാളിയായിരിക്കാനും എന്റെ അച്ഛനെപ്പോലുള്ളവർ കാണും. പാർട്ടിയിൽ സ്ഥാനങ്ങളും സൗകര്യങ്ങളും എനിക്കും അവകാശപ്പെട്ടതാണ്. സ്വന്തം സേവനങ്ങളുടെ കണക്ക് സൂക്ഷിക്കാൻ തുടങ്ങിയത് അങ്ങനെയാണ്."

ശ്യാം അമ്മയോടൊരിക്കൽ പറഞ്ഞു. അവന്റെ സ്വായങ്ങൾ അമ്മയവരെ അങ്ങുതപ്പെടുത്തിയിട്ടുണ്ട്.

ലാഭനഷ്ടങ്ങളുടെ പുതിയ രാഷ്ട്രീയകച്ചവടതന്ത്രം അവനെ പഠിപ്പിച്ചതും ആ കലാലയമാണ്. ആയിടക്ക് അവന്റെ ഒരു സുഹൃത്തിനെ ആരോ വെട്ടി പരിക്കേല്പിച്ചു. വോട്ടു നേടാനുള്ള പുതിയ കച്ചവടതന്ത്രം, സ്വന്തം സംഘടന തന്നെ അവനെ കാണിച്ചുകൊടുക്കുകയായിരുന്നു. സഹതാപ തരംഗമായിരുന്നു ലക്ഷ്യം.

ഗുരുതരമായി പരിക്കേറ്റ കൂട്ടുകാരന്റെ തളർന്നുപോയ കൈയ്ക്ക് മുന്നിൽ തളർന്നുപോയത് അവന്റെ മനസ്സായിരുന്നു. പിന്നീട്, ഒന്നിനുമില്ലാതെ ആരോടും മിണ്ടാതെ നടന്ന തനിയ്ക്ക് വീണ്ടും ഉണർവേകിയത് ബെട്രീസയാണ്. അവനോർത്തു.

ഇപ്പോഴിതാ അവൾ വീണ്ടും. ഇത്തിരി മുമ്പ് മുഴങ്ങിയ ബെട്രീസയുടെ ശബ്ദം അവന്റെ കാതുകളിൽ പ്രതിധ്വനിക്കുന്നുണ്ടായിരുന്നു. ഇനി, തനിക്ക് ശ്യാമെന്ന പേരു മാത്രം മതി. ലെനിൻ വേണ്ട. അവൻ തീരുമാനിച്ചുകഴിഞ്ഞു.

അദ്ധ്യായം 17

ശ്യാമും കൂട്ടരും മുന്നിട്ടിറങ്ങി. ബെട്രീസയും വിട്ടുനിന്നില്ല. അവർ എല്ലാ അദ്ധ്യാപകരേയും ചെന്നുകണ്ടു. സുനിതയെ തിരിച്ചെടുക്കണം. അവർക്കതേ പറയാനുണ്ടായിരുന്നുള്ളൂ. സാമ്പത്തികശേഷിയില്ലാത്തവരെ സഹായിക്കുന്ന കോളജുകളുടെ കാര്യം പറഞ്ഞപ്പോൾ മാഡം തട്ടിക്കയറി. എല്ലാം വെറുതെയായതുപോലെ. സുനിത ഹോസ്റ്റലിലിരുന്ന് പഠനം തുടർന്നു.

"സുനിത, ഇന്ന് ഓഡിറ്റോറിയത്തിൽ എതോ അസോസിയേഷന്റെ ഉദ്ഘാടനച്ചടങ്ങുണ്ട്. ഇങ്ങനെ റൂമിൽ ചടഞ്ഞിരിക്കാതെ വാ. നമുക്ക് അവിടംവരെ ഒന്നുപോകാം."

"ഓ. നിങ്ങടെ കോളേജിലേക്ക് ഞാനില്ല."

കുസൃതി പറഞ്ഞെങ്കിലും അവൾ ബെട്രീസയോടൊപ്പം നടന്നു. നീണ്ട ഒരു വർഷത്തിനുശേഷമുള്ള ആദ്യപരിപാടിയാണ് ഓഡിറ്റോറിയത്തിൽ. ഇനിയിങ്ങനെ ഒന്നുണ്ടാവുമോ എന്നു നിശ്ചയമില്ല. പാടാനും ആടാനും പോലും വേദിയില്ലാത്ത ക്യംപസിനെയോർത്തവർ വിഷമിച്ചു.

രണ്ടുപേരും മദ്ധ്യനിരയിലെ കസേരകളിലിരുന്നു.

"എന്താ ബെട്രീസ, പ്രസംഗവും ഉദ്ഘാടനവും കഴിഞ്ഞ് കോഫീ തികയ്ക്കാൻ മാത്രമായി ഒരു പാട്ട്!"

ബെട്രീസ ചിരിച്ചു.

'കലയില്ലാത്ത കലാലയം. ഓഡിറ്റോറിയത്തിൽ നൂറിനാലാമത്തെ ചിലന്തിയും വലതെയ്ത്തു പൂർത്തിയാക്കിയത്രെ!' ആരോ പറയുന്നതു കേട്ടു.

സുനിത കണ്ടു, 'വലകൾക്കിടിയൽ കിടന്നു പിടയുന്ന ചിലന്തികൾ!'

ബെട്രീസയ്ക്കു ശ്വാസം മുട്ടുന്നതായി തോന്നി. മറ്റുള്ളവർ എഴുന്നേറ്റപ്പോൾ അവരോടൊപ്പം രണ്ടുപേരും പുറത്തേക്കൊഴുകി.

"ക്യാമ്പസിനു പുറത്ത് റോസ്ദളങ്ങൾ സുഗന്ധം പരത്തുന്നുവോ!"

ബെട്രീസയ്ക്കു സംശയം.

അദ്ധ്യായം 18

സൂര്യന്റെ ചൂടിനു കാഠിന്യം കൂടിയോ? അതോ, മനസ്സിലെ ചിന്തകൾക്കു തീ പിടിക്കുന്നതാണോ? രാത്രിയും പകലും പോലെ സുഖദുഃഖങ്ങൾ കടന്നുവന്ന് മനസ്സ് വിങ്ങുമ്പോൾ ഒരു സാന്ത്വനം പോലെ, ദുഃഖത്തിന്റെ വീർപ്പുമുട്ടലുകൾ മുഖത്തു ചാലുകീറുമ്പോൾ ഒരു സ്പർശം പോലെ, ഇത്രയും മതിയായിരുന്നു മനസിനെ തണുപ്പിക്കാൻ. അതെല്ലാം തനിക്കുതന്നത് തന്റെ കലാലയമാണെന്ന് കനേഷിനറിയാം. തന്റെ മനസ്സിലെ ഭാരം ഓരോ ദിവസവും കൂടുകയാണ്. എല്ലാം ഇറക്കിവച്ച് ഒന്നു ചിരിക്കണം. മനസ്സുനിറയെ.

ഇന്നാരെങ്കിലും വരുമോ? പൊതുവെ അവധിദിവസം തന്റെ സൗഹൃദങ്ങളൊഴിച്ച് ആരുംതന്നെ ഇവിടേക്ക് എത്തിനോക്കാറില്ല. വരുമായിരിക്കും. അവന്റെ ചിന്തകൾക്കു കടിഞ്ഞാണിട്ടുകൊണ്ട് ബസിലെ കിളി ഡോറിൽ തട്ടിവിളിച്ചു പറഞ്ഞു.

"കോളജ്, കോളജ്."

അവനെ മാത്രം ഉപേക്ഷിച്ച് ബസ് കടന്നുപോയി. മുന്നിൽ തന്റെ സ്വപ്നങ്ങളുടെ കലാലയം ശാന്തമായുറങ്ങുന്നു. അവനതിൽ പുതുമയൊന്നും തോന്നിയില്ല. അവധിദിനങ്ങളിൽ ക്യാമ്പസ് ഒരു നിശ്ചലചിത്രം പോലെയാണ്. ചിരിയും തമാശയുമില്ലാതെ. ഇന്നെന്തോ ഒരു പ്രത്യേകത. സെക്യൂരിറ്റി പോലുമില്ല. കനേഷിനു വല്ലായ്മതോന്നി. ചെയ്യും ബഹളവും വറ്റിയപ്പോൾ മൃതിയടയുന്ന ഭാരതപുഴയെ ഓർക്കാതിരിക്കാൻ അവന് കഴിഞ്ഞില്ല. അവന്റെ മനസ്സ് മന്ത്രിച്ചു. 'ദൈവമേ! എന്റെ കലാലയം മരണക്കിടക്കയിലാണോ?'

മുകളിൽ നിന്നുള്ള ചിരിതമാശകൾ ചാറ്റൽമഴയത്തു മുങ്ങിയ ഗസലുപോലെ അവന്റെ കാതുകളിൽ പതിച്ചു. അവൻ മുകളിലേക്കുള്ള ചവിട്ടുപടികൾ കയറി. ഭാഗ്യം, തന്റെ ക്ലാസ്സിൽനിന്നാണ് ശബ്ദം. അവന്റെ മുഖത്ത് പ്രതീക്ഷയുടെ തിരി തെളിഞ്ഞു. സാധാരണ അവിടെയാണ് എല്ലാവരും ഒത്തുകൂടുന്നത്. ക്ലാസ്സിലേക്കു കയറിയ കനേഷ് ആകപാടെ ഒന്നു പതറി. ചന്തി വിളറിയ മുഖവുമായി അവൻ തരിച്ചുനിന്നു. അവൻ പ്രതീക്ഷിക്കാത്ത ചിലർ, അപരിചിതരായ കുറച്ച് പെൺകുട്ടികൾ. മിക്കവരും കുട്ടിനിക്കറും ബനിയനുമാണ് ധരിച്ചിരിക്കുന്നത്.

"ആരാ എന്തുവേണം?"

അവരിലാരോ അവനോടു ചോദിച്ചു.

"ബെട്രീസ, സോഫിയ....."

എന്തോ തിരിച്ചുപറയണമെന്നു തോന്നിയെങ്കിലും വേറൊന്നും പുറത്തുവന്നില്ല. അപ്രതീക്ഷിതമായി നേരിടേണ്ടിവന്ന വേഷഭൂഷാദികൾ അവനെ പിന്നിലേക്കുവലിച്ചു.

"ഇങ്ങനെയുണ്ടോ പെൺകുട്ടികൾ !"

അവൻ പിറുപിറുത്തുകൊണ്ട് പടികളിറങ്ങി. പച്ചപുല്ലുനിറഞ്ഞ പുറകുവശത്തെ പൂന്തോട്ടത്തിൽ ചെന്നപ്പോഴാണ് മുകളിൽ കണ്ട

കത്തിവേഷങ്ങളുടെ സജ്ജാവസ്ഥ മനസ്സിലായത്. അവിടെ സിനിമാഷൂട്ടിംഗ് നടക്കുകയാണ്. അവൻ അവിടേക്കുനടന്നു. കുറെ ആളുകൾക്ക് നടുവിൽ പണ്ടെങ്ങോ കണ്ടിട്ടുള്ള മദാമ്മയെപോലുള്ള പെൺകുട്ടി. അവരോടൊപ്പം, അവളെല്ലാം മറന്ന് ചടുലമായ താളത്തിനൊത്ത് ആ പുൽത്തകിടിയെ ചതച്ചരയ്ക്കുകയാണ്. ഇതെല്ലാം പകർത്തുവാൻ, ക്യാമറയെന്ന അത്ഭുതയന്ത്രവുമായി താടിയും മുടിയും നീട്ടി പരിഷ്കൃതനെന്നു സ്വയം തോന്നിപ്പിക്കുന്ന അപരിഷ്കൃതനായ ഒരു ജന്തുവിനെയും കാണാം. ഇതുകണ്ട് കനേഷ് ശരിക്കും ചിരിച്ചുപോയി.

പലരും അവനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവൻ അവരുടെ അടുത്തേക്ക് കുറച്ചുകൂടി നീങ്ങി, അവരുടെ ബസിൽ ചാരിനിന്നു. കുറച്ചു കഴിഞ്ഞപ്പോൾ, അവനെ കണ്ടിട്ടെന്നവണ്ണം എല്ലാവരും ബസിനുനേരെ ഓടിവന്നു. ആദ്യം അവനൊന്നമ്പരന്നു. പിന്നീടാണ് മനസിലായത്, ആ ബസിലാണ് ചായയും പലഹാരങ്ങളും കൊടുക്കുന്നത്. ഷൂട്ടിംഗുകാരുടെ ചായയുടെ അവശിഷ്ടങ്ങൾ പുല്ലിൽ ചിതറിവീണു.

ഇടയ്ക്കെപ്പോഴോ, താടിയും മുടിയും നീട്ടിവളർത്തിയ രൂപം ഒരു കഷ്ണം പത്രക്കടലാസുമായി കുലുങ്ങിചിരിക്കുന്നത് കണ്ടു. അത് എല്ലാവരും മാറിമാറി വായിച്ചു. അവസാനം അത് കനേഷിന്റെ കാൽചുവട്ടിലും എത്തി. പലഹാരം പൊതിഞ്ഞ് എണ്ണയിൽ കുതിർന്ന പേപ്പറിൽ, ക്യാമ്പസുകളിൽ സിനിമാറ്റിക്ക് ഡാൻസ് നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവിനെക്കുറിച്ചുള്ള വാർത്തയായിരുന്നു.

പക്ഷേ, അയാൾ ചിരിച്ചതിന്റെ അർത്ഥമെന്തെന്ന് കനേഷിന് അപ്പോഴും മനസ്സിലായില്ല. എങ്കിലും ആ ചിരിയിലെ പരിഹാസം, വിദ്യാർത്ഥിയായ തന്നെ കുത്തിനോവിക്കുന്നതുപോലെ അവനു തോന്നി. കനേഷിന് അയാളോട് ശരിക്കും വെറുപ്പു തോന്നി. ദേഷ്യം നുരഞ്ഞുപൊങ്ങി. സൂര്യന്റെ പ്രകാശംപോലെ അത് ആഴക്കടലിലേക്ക് താഴ്ന്നുപോകുന്നുവോ!

മനസ്സിൽ ഇരുട്ടു പരക്കാൻ തുടങ്ങിയപ്പോൾ അവൻ ഭൂമിയിലേക്ക് തിരിച്ചു. അടുത്ത ദിവസത്തിനുവേണ്ടി.

അദ്ധ്യായം 19

ലഞ്ച്ബ്രേക്കിനുമാത്രം തന്റെ തണൽ പറ്റാനനുവദിക്കപ്പെട്ട വിദ്യാർത്ഥികളെയും കാത്തിരിക്കുകയാണ് കായൽതീരം. ഒരു മണിക്കൂർകൂടി കഴിയുമ്പോൾ, അവരുടെ തമാശകൾക്കും പൊട്ടിച്ചിരികൾക്കും വേണ്ടി കാതോർത്തുറങ്ങാൻ അവൾ വീണ്ടും നിശ്ശബ്ദയാകും. ഉച്ചയ്ക്കു ബെല്ലടിച്ചപ്പോൾ തന്നെ കനേഷും കൂട്ടുകാരും അവിടെയെത്തി. കായൽതീരത്തെ മരച്ചുവടുകളിൽ, കൂടുകൂട്ടുന്നവർ സ്ഥലം കയ്യടക്കിയിരുന്നു.

"കനേഷ്, ഇവരുടെയൊക്കെ പ്രേമം ഒടെം-ടേബിൾ വച്ചായിരിക്കും അല്ലേ?" രമണൻ.

"അതുശരിയാ, രാവിലെ സെതുമുതൽ പത്തുവരെ കോളേജ് ഗേറ്റ്, ഉച്ചയ്ക്ക് ഒന്നുമുതൽ രണ്ടുവരെ കായൽത്തീരം, വൈകിട്ട് നാലുമുതൽ അഞ്ചുവരെ ഐസ്ക്രീം പാർലർ, കോഴ്സുകഴിഞ്ഞാൽ ബൈ ബൈ."

ബെട്രീസ മിണ്ടാതെ നിന്നതേയുള്ളൂ.

"രമണാ, വിനയചന്ദ്രൻസാറിന്റെ കവിതപോലെ പ്രണയം ഒരു മഴച്ചാറ്റലൊന്നുമല്ല. കൂടെ മഴനനയാൻ ആരെയും കിട്ടുകയില്ല. പണ്ടത്തെ പ്രണയം മഴച്ചാറ്റലാണെങ്കിൽ ഇന്നത്തേത് കൊടുങ്കാറ്റോ പേമാരിയോ ആവും."

ബെട്രീസ ചുറ്റും നോക്കി. മനോഹരമായ കായൽതീരം. മനസ്സുകളിൽ ഇളം കാറ്റു വീശി തലയാട്ടിനിൽക്കുന്ന തെങ്ങുകൾ. ചെറുവഞ്ചികൾ, ചിന്തകളുടെ ഓളങ്ങളിൽപെട്ട് നിശ്ശബ്ദരായിരിക്കുന്നു. അവൾ പരിസരം ശ്രദ്ധിച്ചു. കുറെ പെൺകുട്ടികൾ പാർട്ടിക്കു പോകുന്ന ഭാവത്തിൽ പോകുന്നു. അടുത്തുള്ള ഐസ്ക്രീം പാർലറിൽ തങ്ങളുടെ ഡെബിറ്റ് കാർഡിന്റെ ശക്തി കാണിച്ച് ഉച്ച തണുപ്പിക്കാൻ വരുന്നവർ, കായൽക്കീരത്തേക്ക് തിരിഞ്ഞുനോക്കാറില്ല. പുതിയ ഫാഷൽ ട്രെൻഡുകൾ ക്യാമ്പസിൽ പ്രദർശിപ്പിക്കുന്ന മാസ്സ് വ്യക്തികൾ സത്യത്തിൽ ക്യാംപസിനെ അറിയുന്നില്ല. വെറുതെപോലും ക്ലാസ്സിൽ കയറി അദ്ധ്യാപകർക്കൊരു ബുദ്ധിമുട്ടുണ്ടാക്കില്ലവർ.

മണി കിലുങ്ങി. കൂട്ടിൽ കയറാനുള്ള സമയമായി. ബെട്രീസയും മറ്റും എഴുന്നേറ്റു. കായൽത്തീരം വിജനമാവാൻ തുടങ്ങി.

എന്താണെന്നറിയില്ല. അവൾ പഴയ കാര്യങ്ങൾ ഓർത്തു... കൂട്ടുകാരോട് സംസാരിക്കുമ്പോൾ തന്റെ കണ്ണുകൾ അവനെ തേടിയിരുന്നു. എന്തിനെന്നു ചോദിച്ചാൽ അറിയില്ല. ഒരു ദിവസം അവനെ കണ്ടില്ലെങ്കിൽ എന്തോപോലെ. സ്ക്കൂളിൽ പഠിച്ചിരുന്നപ്പോഴത്തെ നാണം കുണുങ്ങിയല്ല അവനിപ്പോൾ. 'ഹീ ഈസ് ആക്റ്റിവ് ആൻഡ് മോർ അട്രാക്റ്റിവ്.'

തന്റേത് കല്ലുപോലുള്ള ഹൃദയമാണെങ്കിലും, ഈ കൊച്ചുകിളിക്കൂട്ടിൽ ഇന്നുമവനുണ്ട്. കൂട്ടുകാരുടെ കൂടെ നടക്കുമ്പോൾ അവൻ തന്നെ നോക്കാറുണ്ടായിരുന്നോ? ഒരുപക്ഷേ, പറയാനുള്ളതു പറഞ്ഞുകഴിഞ്ഞുവോ? ആവോ എനിക്കറിയില്ല...

പക്ഷേ,

"പറയാത്ത വാക്കുകൾ തന്നാഴത്തിൽ മുങ്ങിപ്പോയ്
പറയുവാനാശിച്ചതെല്ലാം, നിന്നോടു പറയുവാനാശിച്ചതെല്ലാം".

അവൾ ചിന്തകളെ അവസാനിപ്പിച്ചുകൊണ്ട് കായലിനോടു യാത്ര പറഞ്ഞ് മറ്റുള്ളവരോടൊപ്പം ക്ലാസ്സിലേക്കു നടന്നു.

അദ്ധ്യായം 20

വരാന്തയിലൂടെ നടന്നുനീങ്ങവേ തോമസ് മാഷിന്റെ ശബ്ദം കേട്ടു. ഞാൻ സർക്കാർക്ക് മലയാളം സ്പെഷൽ പീരിയഡാണ്. ബെത്തു മണിക്കു തുടങ്ങിയതായിരിക്കണം. ഇന്റേണലിനുള്ള തയ്യാറെടുപ്പു തന്നെ. ജോണി കരുതി.

ജോൺ ബർഗറിന്റെ വാചകങ്ങൾ മാഷാവാർത്തിക്കുന്നതുകേട്ട്, പിറകെ വന്ന കനേഷും ബെട്രീസയും ജോണിയോടൊപ്പം ഹാൾട്ട്!

"ഓരോ വ്യക്തിയും സമൂഹവും, തങ്ങൾ കാണുന്നതിൽനിന്നാണ് യാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നതും സൃഷ്ടിക്കുന്നതും."

ക്ലാസ്സിനുപുറത്ത് നിന്ന് മൂന്നുപേർ തന്റെ ക്ലാസ്സ് ശ്രദ്ധിക്കുന്ന കാര്യം തോമസ് മാഷ് അറിഞ്ഞില്ല. അദ്ദേഹം തുടർന്നു.

"അങ്ങനെയെങ്കിൽ ഇനിപ്പറയുന്നതിനു വിലയേറും. നിങ്ങൾ മനസ്സിലാക്കുകയും സൃഷ്ടിക്കുകയും ചെയ്യേണ്ട കാര്യങ്ങളാണവ. കേട്ടോളൂ.

'പാദവിദ്യ ഗുരുമുഖേ
പാദവിദ്യ സ്വതീർത്ഥ്യ
പാദം ഗ്രന്ഥപാരായണാത്
പാദവിദ്യ കാലാന്തരേ.' "

"കേട്ടോ ബെട്രീസാ, 'പാദവിദ്യ കാലാന്തരേ.' വിദ്യയുടെ കാൽഭാഗം കാലത്തിന്റെ അന്തരത്തിനൊപ്പം പഠിക്കേണ്ടതാണെന്ന്. പാവം സുനിത. അവൾക്ക് വിദ്യയുടെ മൂരിഭാഗവും 'കാലാന്തരേ' ആണെന്നാ തോന്നുന്നേ.

"ഇനി സംസാരിച്ചുനിന്നിട്ടു കാര്യമില്ല ദേവീ. പ്രവർത്തിക്കാനുള്ള സമയമായി. വാ, നമുക്കാലോചിക്കാം".

ജോണി പറഞ്ഞു.

മാഡം വന്നുകയറിയപ്പോൾതന്നെ ആൾക്കൂട്ടവും ബഹളവും. അവരതൊന്നും ശ്രദ്ധിക്കാതെ റൂമിലേക്കുനടന്നു.

"എന്താടോ, പിള്ളേർക്കൊരിളക്കം".

"ആ പെണ്ണിനെ തിരിച്ചെടുക്കണമെന്ന്. അവര് വാന്നാരെയെല്ലാം കണ്ട് അപേക്ഷ കൊടുത്തിരുക്കുവാ. പ്രശ്നമാകുന്ന മട്ടാണ്." ലോനപ്പൻചേട്ടൻ മൂന്നറിയിപ്പു കൊടുത്തു.

"ഏത്, ആ ഫീസ് പ്രശ്നമോ? എനിക്കിഷ്ടമുള്ളതു ഞാൻ ചെയ്യും. അല്ലെടോ. എന്താ ഇപ്പോ പിള്ളേരുടെ ഭാവം. മണി പത്തു കഴിഞ്ഞല്ലോ?"

"അവര് ക്ലാസിൽ കയറുമെന്നു തോന്നുന്നില്ല. മാഡം. ആ കൊച്ചാണെങ്കി, പാവപ്പെട്ട..."

"വായടയ്ക്ക്. ഊം, ആ കനേഷും കൂട്ടരുമാവും അല്ലേ? വൈകിക്കണ്ട. അവരെ താനൊന്നു വിളിക്ക്."

വിശാലമായ എ.സി. മുറിയുടെ മദ്ധ്യത്തിൽ കനേഷും കൂട്ടുകാരും. വിധി കൽപിക്കാൻ ഒരുകൂട്ടം അദ്ധ്യാപകർ. നടുവിൽ വിധിയാളുടെ ക്രൂരമായ പുഞ്ചിരിയുമായി മിസിസ് സിൻഡ്രെ സീപാൾ. അദ്ധ്യാപകർക്കിടയിൽ നസ്രാടൻ മാഷിനെക്കണ്ടപ്പോൾ അവർക്കാശ്വാസമായി. മാഷ് തങ്ങളുടെ കൂടെയേ നിൽക്കൂ. കനേഷ് ആശ്വസിച്ചു. ന്യായമായ കാര്യത്തിനു വേണ്ടിയാ തങ്ങളിതൊക്കെ... മുഴുമിച്ചില്ല. മുൻവിധികളെ മാറ്റിമറിച്ചുകൊണ്ട് മാഷിന്റെ ചോദ്യം.

"ഈ പിള്ളേർക്കിതെന്തിന്റെ സൂക്കേടാ?"

കനേഷിന്റെ ദയനീയമായ നോട്ടത്തെ അവഗണിച്ചുകൊണ്ട്, നസ്രാടൻ മാഷ് ചുമരിലെ ചിത്രങ്ങൾ നോക്കിനിന്നു. തോമസ് മാഷും പരുമാഷും ജോണിസാറുമൊന്നും അവരുടെ മൗനം ഭഞ്ജിക്കാൻ തയ്യാറായില്ല. മറ്റദ്ധ്യാപകരൊക്കെ എന്തൊക്കെയോ സംസാരിക്കുന്നുണ്ടായിരുന്നു.

മാഡത്തിന്റെ മുടന്തൻ ന്യായങ്ങളെ വഹിച്ചുകൊണ്ട് വിദ്യാർത്ഥികൾ മുറിവിട്ടിറങ്ങി. കനേഷിന്റെ ക്ലാസ്സിലുള്ളവർക്കായിരുന്നു ഏറ്റവും സങ്കടം. തങ്ങളെ വഞ്ചിച്ച നസ്രാടൻ മാഷിന്റെ രൂപമായിരുന്നു അവരുടെ മനസ്സിൽ.

അടുത്ത അവർ അദ്ദേഹത്തിന്റേതു തന്നെ, രാമൻ ഉറഞ്ഞിച്ചു. ഒരു മൂളിപ്പാട്ടുമായി മാഷ് ക്ലാസ്സിലേക്കു കയറി. ആരും ഒന്നും മിണ്ടിയില്ല. എഴുന്നേറ്റു, ഇരുന്നു. അത്രതന്നെ.

'ഠോ!'

ഒരു വലിയ ശബ്ദം. പുകയുമുണ്ട് ! പടക്കമാണ്. മാഷ് മിണ്ടിയില്ല. കുട്ടികളും.

പടക്കമെന്നറിയപ്പെടുന്ന നസ്രാടൻമാഷിന്റെ തമാശകളാണ് അവിടെ കുത്തിനോവിക്കപ്പെട്ടത്. ആ സ്വീകരണം തന്നെ സ്നേഹിക്കുന്നവരുടെ ശിക്ഷയാണെന്നു കരുതി മാഷ് ക്ലാസ് വിട്ടിറങ്ങി,കാർമേഘം തിങ്ങിയ മനസുമായി ആ തമാശ മറ്റാരുമറിഞ്ഞതുമില്ല.

അദ്ധ്യായം 21

കണ്ണുനീർത്തുള്ളികൾ ഇറ്റിറ്റുവീണു.

"കാറ്റേ, നീ കരയുവാണോ!"

ബെട്രീസയ്ക്കും സങ്കടം വന്നു. കായൽത്തീരത്ത് ഉണങ്ങിയ പുല്ലുകളവൾ കണ്ടു. പച്ചപ്പുല്ലിന്റെ നാമ്പെടുത്ത് ജോയി ചവയ്ക്കുന്നതും നോക്കിയിരിക്കുകയാണ് സോഫിയ. ജോണിയും, ദേവിയും, ജിതേഷും കനേഷിന്റെ അടുത്തുപോയിരുന്നു. ശേഖർ, കൃഷ്ണകുമാർ, നയന, റാണി, റഷീദ....ഇന്ന് എല്ലാം കൂടുതലുണ്ട്. പുതിയ ഒരു കൂട്ടായ്മയിലൂടെ സുനിതയ്ക്കുവേണ്ടി 'ഇനിയെന്ത്?' എന്നാലോചിക്കുകയാണവർ.

'പ്രശ്നമുണ്ടോ?' ബോട്ടിൽ കയറി ലഞ്ചിനുപോകും മുമ്പ് മാഡം ഒന്നു ചരിഞ്ഞുനോക്കി.

'എയ് ഇത്തിരിപോന്ന പിള്ളേർ. അതും പത്തുപതിനഞ്ചുപേർ. അതുകൊണ്ട് പ്രശ്നമൊന്നുമുണ്ടാകില്ല. അല്ലെങ്കിൽതന്നെ ഈ പിള്ളേർ എന്തു പ്രശ്നമുണ്ടാക്കാനാണ്?'

ആത്മാർത്ഥതയും സത്യസന്ധതയുമുള്ളവരാണ്, ബെട്രീസയും കനേഷും ജോണിയുമൊക്കെ എന്ന് മാഡത്തിനു നന്നായി അറിയാം. അതാണവരുടെ വലിയ ആശ്വാസം.

ബോട്ട് പതിയെ നീങ്ങിത്തുടങ്ങി. ശേഖറാണവരെ ആദ്യം കണ്ടത്.

"മാഡം നോക്കുന്നുണ്ട്." "അതേയതെ, മിസിസ് സിൻഡ്രെ സീപാൾ. കിടിലൻ പേരു തന്നെ." സോഫിയ എറ്റുപിടിച്ചു.

"ഈ പിഞ്ചുകുഞ്ഞുങ്ങൾ കായൽക്കാറ്റിന്റെ താരാട്ടിൽ സുഖമായി ഉറങ്ങിക്കൊള്ളും എന്നു വിചാരിച്ചുകൊണ്ടാകും മാഡം പോയത്. ജയിലഴികൾ മാത്രമാണ് ആ മനസിൽ." ബെട്രീസയുടെ കവിഹൃദയമുണർന്നു.

വികൃതം വരുമ്പോഴുള്ളതാണ് ഈ ഉണർവ്. നൊശുസിപിക്കാനെന്ന വണ്ണം അവന്റെ ഓർമ്മകളും കടന്നുവരും.

'കായൽത്തീരത്തിരിക്കുമ്പോൾ ഈ കുറുമ്പികാറ്റ് എന്തിനാ തന്നെയിങ്ങനെ ഓരോന്നു ചിന്തിപ്പിക്കുന്നത്?'

ബെട്രീസയോർത്തു. അവൻ കോളേജിൽനിന്നു പോകുന്നതിന് രണ്ടുദിവസം മുമ്പ്, അവൾ ഓടി കായൽതീരത്തെത്തി. ഞാൻ വർഷക്കാരിയുടെ ചമ്മലന്ന് മുഖത്തില്ലായിരുന്നു.

"കുറുമ്പിക്കാറ്റേ, അവനിവിടുന്നു പോകുവാ, ഞാൻ എന്താ ചെയ്യ? അവനോട് ഞാൻ എന്റെ എല്ലാ ഇഷ്ടങ്ങളും പറയണോ? അതോ, ഞാൻ എല്ലാം മനസ്സിൽ തന്നെ മൂടണോ? അറിയില്ല. ഞാനിങ്ങനെ തന്നെ നിൽക്കുന്നതാ നല്ലത് അല്ലേ? ഈ കല്ലുപോലുള്ള മനസുമായി! കാറ്റേ, നീ പറ ഞാൻ എന്താ ചെയ്യേ ?"

രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. ഇന്ന്, വിരഹത്തിന്റെ ഹൃദ്യമായ ആർദ്രതയാണവളുടെ മനസു നിറയെ. പ്രതീക്ഷയുടെ കിളിക്കൂടൊരുക്കി ബെട്രീസ നോക്കി നിന്നു.

അദ്ധ്യായം 22

മാഡത്തിന്റെ ബോട്ടു പോയതിന്റെ ഓളങ്ങൾ കരദിത്തിയിൽ തട്ടി തിരിച്ചുപോയി.

കനേഷ് പതിവില്ലാതെ നിശബ്ദനായിരുന്നു. വീട്ടിലെ അവസ്ഥയെക്കുറിച്ചാണവന്റെ ചിന്ത. ശനിയാഴ്ചകളിൽ കോളജിലേക്കു വെറുതെ വന്നതുകൊണ്ടുമാത്രം, ഇനി തന്റെ ദു:ഖങ്ങൾ തണുപ്പിക്കപ്പെടാൻ പോകുന്നില്ലെന്നവനറിയാം.

"നിനക്കെന്തുപറ്റി കനേഷ്?"

"ഒന്നുമില്ല. ഞാൻ ഇന്നുകൂടിയേ ഇവിടെ കാണൂ."

"എന്താ, എന്തുപറ്റി. നാട്ടിലേക്കത്യാവശ്യമായി പോകണോ?"

"പോകണം. പക്ഷേ, ഇനി അത്യാവശ്യം കഴിഞ്ഞ് ഞാൻ തിരിച്ചുവന്നെന്നു വരില്ല."

"ഛെ! എന്തു വിഡ്ഢിത്തമാ നീയീ പറയുന്നത്? അതിനുമാത്രം എന്തു സംഭവിച്ചു?"

ജിതേഷിനെന്തോ പന്തികേടുതോന്നി. ബെട്രീസയ്ക്കിതൊന്നും വിശ്വസിക്കാനാകുന്നില്ല.

ബെട്രീസയ്ക്കും സോഫിയയ്ക്കും ബഹുമാനം തോന്നിയിട്ടുള്ള ചുരുക്കം ചിലരിലൊരാളാണ് കനേഷ്. കനേഷിനും മറിച്ചായിരുന്നില്ല. അവരോടു മാത്രമായി പറയാതാഗ്രഹിച്ചിരുന്നതൊക്കെ...

എന്തോ പ്രതീക്ഷിക്കുന്നതുപോലെ അവരെല്ലാം കനേഷിനുചുറ്റുമിരുന്നു. ബെട്രീസ തൊട്ടടുത്തിരിപ്പുണ്ട്. അവൻ പറഞ്ഞുതുടങ്ങി, ആരെയും അറിയിക്കാതിരുന്നത്.

കൂട്ടുകാരോടു മനസ്സുതുറന്നുതുടങ്ങിയ കനേഷിന്റെ മുഖം വിവർണ്ണമായി.

*** *** ***

"ലീലേ, നിന്റെ മോനെ വലിയ കോളേജില് പഠിക്കാനാക്കീന്നറിഞ്ഞല്ലോ. ശരിയാണോ?"

"സെനു, നിന്നോടു പറയാൻ മറന്നതാ. കഴിഞ്ഞയാഴ്ചയായിരുന്നു."

"ഒരുപാടു കാശായിക്കാണുമല്ലോ."

"ങാ... ഹോസ്റ്റല്, ഭക്ഷണം, ഫീസ്, പുസ്തകങ്ങള് - ആധാരം പണയം വച്ചു. നന്നായി പഠിച്ചാല്, അവന് നല്ല ജോലി വാങ്ങിത്തരാമെന്ന് അവിടെയൊരു തോമസ് മാഷ് പറഞ്ഞിട്ടുണ്ട്. ആദ്യമായിട്ടാ അവനീ വീടു വിട്ടു നിക്കണത്. പിന്നെ, എല്ലാഴ്ചയും കത്തയയ്ക്കാമെന്നു പറഞ്ഞു കേട്ടോ. ആകെയുള്ള സമാധാനമതാണ്."

*** *** ***

പ്രിയപ്പെട്ട അച്ചനും അമ്മയും വായിച്ചറിയുന്നതിന്,

എനിക്കിവിടെ സുഖം. രാധിക നന്നായി പഠിക്കുന്നുണ്ടല്ലോ, അല്ലേ. എനിക്കിനിയും ഒരുപാടു പുസ്തകങ്ങളും നെക്കോഡു ബുക്കുമൊക്കെ വാങ്ങാനുണ്ട്. അച്ഛന്റെ കയ്യിൽ കാശുണ്ടാവ്വോ, ഒരു പാന്റ്സും ഷർട്ടും വാങ്ങാമായിരുന്നു. മഴക്കാലമല്ലേ, മുണ്ടു ജോഡി കൊണ്ട് പറ്റുന്നില്ല. രാത്രി ഉറക്കമിളച്ചിരുന്നു പഠിക്കാൻ മാത്രമുണ്ട്...

സ്നേഹപൂർവ്വം
കനേഷ്."

"ഞങ്ങളോടിതൊന്നും പറയാതിരുന്നതെന്താ കനേഷ്?"

കണ്ണു തുടച്ചുകൊണ്ട് സോഫിയ ചോദിച്ചു. കനേഷ് ബെട്രീസയെ നോക്കി. പിന്നെ മുഖം തിരിച്ച് സോഫിയയെ.

'എന്തിനാവും കനേഷ് തന്നെ നോക്കിയത്. ദൈവമേ, താനൊരു കോടീശ്വരന്റെ മകളായിട്ടും കനേഷിനെ സഹായിക്കാനായില്ലല്ലോ.'

ബെട്രീസയ്ക്ക് തല പെരുക്കും പോലെ തോന്നി.

തന്റെ നോട്ടം ബെട്രീസയിൽ വരുത്തിയ മാറ്റം കണ്ട കനേഷ്, മുമ്പൊക്കെയെന്നപോലെ മുഖത്ത് പ്രസന്നത വരുത്തിയിട്ട് അവളെനോക്കി പുഞ്ചിരിച്ചു. വിളിച്ചുവരുത്തിയ ആ പുഞ്ചിരി കണ്ട് അവളുടെ ഉള്ള് കൂടുതൽ വേദനിച്ചതേ ഉള്ളൂ.

കനേഷ് തുടർന്നു.

*** *** ***

അദ്ധ്യായം 23

"ഹീലേ, നമുക്കു പാലിനു പശുവുണ്ടല്ലോ. ആടിനെ നമുക്ക്..."

"ആർക്കു വേണമെങ്കിലും വിറ്റോളൂ. അതിനെ കൊല്ലരുത്. നമ്മുടെ മോനു വേണ്ടിയല്ലേ. അവനു ജോലി കിട്ടിയാൽ ഈ കടങ്ങളും കഷ്ടപ്പാടും തീരുമല്ലോ. കൃഷ്ണാ, നീ തന്നെ തുണ."

*** *** ***

"കാശിനുവേണ്ടി ഞാനടുത്ത കത്ത് വീട്ടിലേക്കയച്ചപ്പോൾ, അവിടെ വീടുപണിയാൻ കടം മേടിച്ചതിന്റെ പലിശപോലും അടച്ചിട്ടില്ലാര്ന്നെന്ന് ഞാനറിഞ്ഞിരുന്നില്ല. അച്ഛനോട് പറയാതെ, അമ്മ മണിക്കുട്ടിയേം വിറ്റു. രാധിക പഠിത്തം നിറുത്തിയത് എനിക്കുവേണ്ടിയാ. എല്ലാം ഞാനറിഞ്ഞത് വൈകിയാണ്."

കുഞ്ഞുപെങ്ങളുടെ ഗതിയോർത്ത് കനേഷ് വിങ്ങി.

രവി കനേഷിന്റെ അടുത്തുവന്നിരുന്നു. സോഫിയയും.

"സാരമില്ല കനേഷ്, എല്ലാം ശരിയാവും. മഴമേഘങ്ങൾ നീങ്ങി ഇളംവെയിൽ വരില്ലേ? "

സോഫിയ ചോദിച്ചു.

"ഇല്ല സോഫീ, ഒന്നും ശരിയാവില്ല. ഇതു കണ്ടോ?"

പോക്കറ്റിൽനിന്നും ഒരു കത്തെടുത്ത് അവൻ അവൾക്കുനേരെ നീട്ടി. എല്ലാവർക്കും അമ്പരപ്പായി.

"പ്രിയപ്പെട്ട മോന്,

നീ വേഗം ഇങ്ങു വരണം. പലിശക്കാരൻ മത്തായിച്ചനും മറ്റുള്ളവരും ചേർന്ന്, നെച്ചുവന്ന് കാശു ചോദിച്ചപ്പോൾ അച്ഛന് നെഞ്ചുവേദന വന്നു. കൂടുതലാ. ഞാനും രാധേം മാത്രമേയുള്ളൂ. ഞങ്ങൾക്കു പേടിയാകുന്നു. നീ വേഗം വരില്ലേ.

എന്ന് അമ്മ."

കനേഷിനെക്കുറിച്ച് കൂടുതലറിഞ്ഞു കഴിഞ്ഞപ്പോൾ, ഇതുവരെ കണ്ട ക്യാമ്പസിന്റെ നിറം മാറിയതുപോലെ മറ്റുള്ളവർക്കു തോന്നി. രവിയെയാണ് അതേറെ സ്പർശിച്ചത്. താൻ കാണുന്ന ജീവിതമൊന്നുമല്ല പലർക്കുമുള്ളത് എന്നവനു മനസ്സിലായി. തന്റെ ഫ്ളാറ്റുജീവിതത്തിൽ അല്ലലൊന്നും അറിയേണ്ടതില്ല.

സുനിതയെക്കുറിച്ചു ചിന്തിച്ചപ്പോൾ ആർക്കും ഒരെത്തും പിടിയും കിട്ടുന്നില്ല. തങ്ങളുടെ പ്രതിഷേധമൊക്കെ വിഫലമായതിന്റെ വാശി ബാക്കിയുണ്ട്. ബെട്രീസയുടെ സ്വാധീനം കൊണ്ട് പ്രതിഷേധം അതിരു കവിഞ്ഞതായിരുന്നില്ല. എങ്കിലും ഇപ്പോൾ എല്ലാവരുടെയും മനസ്സിൽ എന്തൊക്കെയോ കുമിഞ്ഞുകൂടുന്നുണ്ടായിരുന്നു. ഓഫീസിനുമുമ്പിൽ കൂടി വേണം ക്ലാസ്സിലേക്കു പോകാൻ. അവർ പടികൾ കയറി.

"ബെട്രീസാ, ഇനി സുനിത തിരിച്ചുവരില്ലേ?"

"എനിക്കറിയില്ല സോഫിയ, എനിക്കൊന്നുമറിയില്ല. പാവം, അതെന്റെ റൂമിൽ കുത്തിയിരുന്നു കരച്ചിലാ. എന്നെക്കൊണ്ടാൽ തുടങ്ങും" .

"ദാ, ഇവൻ ഇനി കോളജിൽ വരില്ലെന്നാ പറയുന്നത്."

"എന്താ കനേഷ്, നമുക്കുമാത്രം ഇങ്ങനെ? ഈ ലോകം ഇത്ര ഇടുങ്ങിയതാണോ?"

"മതിയായി, ക്യാമ്പസിന് തീ പിടിക്കുന്ന അവസ്ഥ, നമ്മുടെയൊക്കെ മനസ്സിനും. എല്ലാം കൂടി പുകച്ച് പുകച്ച് അവസാനം..."

രവി ഭ്രാന്തു പിടിച്ചതു പോലെയായി. അവന്റെ ഭാവമാറ്റം എല്ലാവരും ശ്രദ്ധിച്ചു. അധികമൊന്നും സംസാരിക്കുന്ന കൂട്ടത്തിലായിരുന്നില്ല അവൻ.

"എന്താ രവീ ഇങ്ങനെ, നിനക്കെന്തുപറ്റി?"

"മടുത്തു. ഈ ലോകം തന്നെ മടുത്തു. പിന്നെങ്ങനാ..."

എന്തോ അനൗൺസ് ചെയ്യാനായി മൈക്കു റെഡിയാക്കുന്നത് പെട്ടെന്നാണ് രവി കണ്ടത്. അവനങ്ങോട്ടോടി. മൈക്കു പിടിച്ചുവാങ്ങി. ഒരു നിമിഷകവിതയുടെ പൊടിപൂരമായിരുന്നു പിന്നെ. ഇത്രയും നാൾ പിടിച്ചുവച്ചതൊക്കെ അണപൊട്ടിയൊഴുകിയതുപോലെ! ഇനിയെങ്കിലും ക്യാമ്പസ് ജീവിക്കണം...

"പകലിനെ കുത്തിമലർത്തി പടിഞ്ഞാറ്
പടയണിക്കോലങ്ങളൊത്തുകൂടി..!
ഇരവിന്റെ മാളത്തിലെന്നെപ്പാർത്തവർ
ഇരുളിന്റെ സന്തതികളാർത്തുപാടി...!

അലമുറയിട്ടുകരയുന്ന സാഗരം
അലമാല കൈകളുയർത്തി വീശി
കുളിരല പേറുന്ന കാറ്റിന്റെ ഗദ്ഗദം
കരളിലെ നൊമ്പരമായിരുന്നു...!

.....

...ഇനിയെത്ര പാട്ടുകൾ പാടണം പാണനാർ
തുടികൊട്ടി നമ്മെ തുയിലുണർത്താൻ!

അതുവരെയീക്കാളരാത്രിതൻ തടവറയിൽ
അടിമകളായിക്കഴിഞ്ഞുകൂടാം...
അരയും തലയും മുറുക്കിയൊരുങ്ങിടാം
അങ്കക്കലി പൂണ്ടുയർത്തെണീക്കാൻ...! "

വാക്കുകളെവിടെ നിന്നാണു വന്നതെന്നറിയില്ല. വരികൾക്കെവിടെ നിന്നീ ശക്തി കിട്ടിയെന്നറിയില്ല. കായൽക്കാറ്റിനെപ്പോലും നിശ്ശബ്ദമാക്കിയ ശബ്ദം തന്റേതാണോയെന്നു പോലുമറിയില്ല. പക്ഷേ, രവി പാടി. ക്യാമ്പസ് മുഴുവൻ നിശ്ചലമായി അതുകേട്ടു. കറുത്ത

ബോക്സുകൾ ആവുന്നത്ര ശബ്ദിച്ചു. പാടിക്കഴിഞ്ഞിട്ടും രവിയുടെ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ണുകളിൽ നിറഞ്ഞുനിന്നത് ആരെങ്കിലും വായിച്ചെടുക്കും മുമ്പ്, അവൻ മൈക്ക് വലിച്ചെറിഞ്ഞിട്ട് പോയി. ഒന്നുമൊന്നും പറയാനാവാതെ, ബെട്രീസയും കനേഷും മറ്റുള്ളവരും അവിടെത്തന്നെ നിന്നു. ഒരു നിമിഷത്തെ നിശ്ചബ്ദതയ്ക്കുശേഷം, അവർക്കു ചുറ്റും ക്യാമ്പസ് വീണ്ടും ചലിക്കാൻ തുടങ്ങി.

'ഇതു ക്യാമ്പസല്ലല്ലോ' എന്നു കരുതി, 'ക്യാമ്പസെവിടെ?' എന്നന്വേഷിച്ചുകൊണ്ട്, ഒരു പറ്റം വിദ്യാർത്ഥികൾ കോളേജിനു പുറത്തേക്ക് അലസമായി നടന്നുനീങ്ങുന്നതായി സോഫിയ ഭാവനയിൽ കണുകയായിരുന്നു!

മാഡം ദേഷ്യത്തോടെ മുറിയിലൂടെ നടന്നു.

"എന്താ ഇവിടെ നടക്കുന്നത്, മൈക്കിലൂടെ തുള്ളലും കൂത്തും?.

കണ്ണടച്ചുവിട്ടാൽ ശരിയാവില്ലിത്. ഞാനൊന്നാലോചിക്കട്ടെ. "

"എല്ലാത്തിനേം പിടിച്ചങ്ങു പുറത്താക്കണം മാഡം."

കുരുവിള സർ വിധിച്ചു.

"അതിനി എന്തു പ്രശ്നം വിളിച്ചുവരുത്തുമെന്നറിയില്ലല്ലോ. ആദ്യം അവരുടെ പേരന്റ്സിനെ വിളിച്ചൊന്ന് വാൺ ചെയ്യാം. എന്താ?"

കുരുവിളസർ അത്യുത്സാഹനായി അതിനോടനുകൂലിച്ചു.

അദ്ധ്യായം 24

കായൽത്തീരത്തവർ ഒരുമിച്ചു ചേർന്നു. ഒരുപക്ഷേ, കനേഷുമൊത്തുള്ള അവസാനത്തെ സായാഹ്നം.

"എനിക്കിപ്പോൾ ഒട്ടും പേടി തോന്നുന്നില്ല. എന്തും വരട്ടെ."

"എങ്കിലും രവീ... നീ?"

"എല്ലാ ബന്ധനങ്ങളും പൊട്ടിച്ചെറിയാൻ ഒരു സമയംവരും ബെട്രീസാ. ചിലപ്പോൾ അതടുത്തുകാണും."

"കനേഷെന്താ ഒന്നും മിണ്ടാത്തെ?" സോഫിയ ചോദിച്ചു.

"നിങ്ങളൊക്കെ പറയുന്നതു കേൾക്കുവായിരുന്നു ഞാൻ. കായു നിറച്ച്."

അവന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. ആർക്കും സംസാരിക്കാനായില്ല.

"കനേഷ്, ചിലപ്പോൾ നമ്മുടെ ഈ കൂട്ടായ്മ ഇവിടെ നിലയ്ക്കേക്കാം. പക്ഷേ, ഈ ക്യാംപസ് ഇനിയും പുതിയ പ്രഭാതങ്ങളെ വരവേൽക്കും."

"ഇതൊരിക്കലും അവസാനിക്കില്ല രവീ. കനേഷ് വരും. ഇനിയും തെരിവ് തെരിവ് കനേഷുമാർ ഈ ക്യാംപസിലേക്കു കടന്നുവരും."

"ബെട്രീസാ, സുനിതയുടെ കത്തു വല്ലതും?"

"അതു പറയാൻ മറന്നു. അവൾ മുതലാളിയുടെ വീട്ടിൽ പണിക്കുപോയിത്തുടങ്ങി."

ബെട്രീസ നിസംഭാവമായി പറഞ്ഞു.

എല്ലാവരുടേയും കണ്ണുകൾ ഈറനണിഞ്ഞു.

"നാളെ പൂഹായി വിരിയേണ്ട മൊട്ടിന് ഇന്നേ പൂഴുക്കുത്തലേറ്റു അല്ലേ?" രവി സങ്കടപ്പെട്ടു.

അതുകേട്ട് ബെട്രീസ പൊട്ടിക്കരഞ്ഞു. ആർക്കും അവളെ വിലക്കാൻ തോന്നിയില്ല. കായൽക്കാറ്റുമാത്രം അവളെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു. മനസിന്റെ ഏതോ കോണിൽ, അവൾ പോലുമറിയാതെ ഉറങ്ങിക്കിടന്ന പ്രതീക്ഷയുടെ നാമ്പുകൾ അവളെ നോക്കി കണ്ണുചിമ്മി. അവസാനത്തെ മണി കിലുങ്ങി. കനേഷ് എഴുന്നേറ്റു.

എല്ലാവരും ഗേറ്റു കടന്നിറങ്ങി.

കനേഷ് കുനിഞ്ഞൊരു പാലപ്പൂ വെടുത്തു. ക്യാമ്പസിൽ നിന്നും എടുക്കാൻ അതുമാത്രമേ അവനു ശേഷിച്ചുള്ളൂ. കൂട്ടുകാരുടേയും കുറച്ചധ്യാപകരുടേയും സ്നേഹവും.

എല്ലാവരും പോയി. ബെട്രീസ ഹോസ്റ്റലിലേക്കു നടന്നു. അത്താഴം കഴിഞ്ഞ് അവൾ മുറിയിൽ വന്നിരുന്നു. ലൈറ്റിട്ടില്ല.

'മനസിൽ ഇരുട്ടു നിറഞ്ഞിരിക്കെ, തന്റെ ശരീരം മാത്രം എന്തിനു വെളിച്ചത്തിരിക്കണം.'

അവൾ ജനൽ തുറന്നു. എന്നും രാത്രി, തന്നോടു ഗുഡ്നൈറ്റ് പറയാറുള്ള കാറ്റിനെയും ഇന്നുകണ്ടില്ല. അവൾ കട്ടിലിൽ വന്നിരുന്നു. സുനിതയുടെ കട്ടിലിലേക്കുനോക്കി.

'അതാ സുനിത...'

അവൾ ഓടി ആ കട്ടിലിനരികിലെത്തി. പക്ഷേ ആ ശ്വാസത്തിന് റോക്ക് മ്യൂസിക്കിന്റെ താളദോഷങ്ങൾ! അന്തരീക്ഷത്തിൽ ഡിയോഡറിന്റെയും ക്രീമിന്റെയും ഗന്ധം.

'അല്ല, ഇതു സുനിതയല്ല. ബെട്രീസ സൂക്ഷിച്ചുനോക്കി. പുല്ലൂക്കാരൻ ഫിലിപ്പോസിന്റെ ഏകമകൾ റീത്ത പുല്ലൂക്കാരൻ. സുനിതയുടെ കട്ടിലിന്റെ പുതിയ അവകാശി.'

'സുനിത.... അവൾക്കുവേണ്ടിയായിരുന്നു എല്ലാം. എന്നിട്ടൊടുവിൽ അവൾ.....'

സുനിതയിൽ നിന്നും കനേഷ് മറ്റൊരു വേദനയായി ബെട്രീസയുടെ ഉള്ളിൽ പടർന്നു. ബെട്രീസ കണ്ണുകളിറുക്കിയടച്ചു. കണ്ണുനീർച്ചാലുകൾക്ക് മഴച്ചാറലിന്റെ കുളിരുണ്ടായിരുന്നു. നഷ്ടപ്പെടലിന്റെ വിങ്ങലുണ്ടായിരുന്നു.

.. ..

"കണ്ണീരുണങ്ങിയോ? അല്ല! താൻ കരഞ്ഞുവോ?"

ബെട്രീസ കട്ടിലിൽ നിന്നും ചാടിയെണീറ്റു.

"നിലച്ചു! എല്ലാം കഴിഞ്ഞെന്നോ ? ഇല്ല, ഒരിക്കലുമില്ല. ഒന്നു പുലർന്നിരുന്നെങ്കിൽ! കേളേജിലെത്തണം. ക്യാംപസിന്റെ ഹൃദയതന്ത്രികൾ മീട്ടണം. കൂട്ടുകാരോട് ഉത്സുകരായിരിക്കാൻ പറയണം...
"ഇനിയെത്ര യാമം കഴിയണം പുലരാൻ
അരുണോദയം കണി കണ്ടുണരാൻ..."

തേവര

സമൂഹവും സംസ്കാരവും

And a report on

Sacred Heart College as Part of this culture

ചരിത്രവും സംസ്കാരവും

തേവരയ്ക്കൊരു ചരിത്രമുണ്ട്. അതിനോടൊപ്പം മാന്യമായ സംസ്കാരവും. ചരിത്രത്തെ, ഭൂതകാലത്തെ, എന്തിനു ചികഞ്ഞെടുക്കണം എന്നാകും സംശയം. സംസ്കാരമാണെങ്കിൽ അത് മാറിക്കൊണ്ടിരിക്കുന്നതുമാണ്. ഞങ്ങൾ തമ്മിലും ഈ സംശയങ്ങൾ ഉന്നയിക്കാതിരുന്നില്ല. പക്ഷേ, തേവര കോളേജിന്റെ സ്പന്ദനമറിഞ്ഞു തുടങ്ങിയ അന്നു മുതൽ ഞങ്ങളിലുണർന്ന ത്വരയാണ് ഈ നാടിനെ അറിയുക എന്നത്. ഈ ത്വരയ്ക്കൊരു പരിവേഷമുണ്ട്. കേരളത്തിന്റെ നാനാഭാഗത്തു നിന്നുമുള്ളവരാണ് ഞങ്ങൾ എന്നതു തന്നെ. വീട്ടിലേയ്ക്കുള്ള വഴി നിശ്ചയമായിരിക്കണമല്ലോ അതിനാലാണ് തേവര കോളേജിന്റെ ചരിത്രം തേടുന്നതിനു മുമ്പ് തേവര നാടിന്റെ കഥയന്വേഷിച്ച് ഞങ്ങളിറങ്ങിയത്.

തേവരയെന്ന പേര്

'തേവര' എന്ന പേരിന്റെ ഉത്ഭവത്തെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ട്. തോണിയുടെ കരയെന്നറിയപ്പെടുന്ന ഉരിടെ പിന്നിട് ദേവർകരയാകുകയും, അതു ലോപിച്ച് തേവര ആയതെന്നുമാണ് അഭിമതം.

കായലിനു തടുവിൽ തേവര പോലെ കാണപ്പെട്ട ഈ പ്രദേശം, തോണി ആണി ലിരിക്കുന്നതുപോലെ കാണപ്പെട്ടതാണ് രണ്ടാമത്തേത്. മട്ടങ്കൽ കണ്ണാർ കുളങ്ങര ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠയായ ദേവിയുടെ അഭിമതനിരതിനു തേവാരം എന്നാണ് പേര്. ഇതു ലോപിച്ച് തേവരയായി എന്നും പറയാറുണ്ട്.

പ്രബലപ്പെട്ടു നിൽക്കുന്ന മറ്റൊരു കഥ കൂടി ഇതിനുണ്ട്. കൊച്ചി രാജാവിന്റെ അരയന്മാരുടെ വടുതലയും, തെക്കേയറ്റം തെക്കുതലയുമായിരുന്നു. ഈ തെക്കുതലയാണത്രെ ഇന്ന് തേവരയിലിരിന്നത്. ഈ പേരിനെക്കുറിച്ച് വ്യത്യസ്തമായ രേഖകളിലെങ്കിലും, തേവരയെ അടിയാൻ വകയിൽ പറഞ്ഞവ തന്നെ താരാളം.

ഭൂമി ശാസ്ത്രം

കൊച്ചിക്കായലിനോടു ചേർന്നുകിടക്കുന്ന ചതുരുനിലമായിരുന്നു ഈ പ്രദേശം. ഭൂമിയുടെ മധ്യഭാഗം ഉയർന്നും പടിഞ്ഞാറുഭാഗം കായലിലേക്ക് ചരിഞ്ഞും ആയിരുന്നു. കിഴക്കുഭാഗം പൊതുവിൽതന്നെ താഴ്ന്നതായിരുന്നു. ഭൂമിയുടെ ഈ ഘടനയും ജനപ്പെരുപ്പവും കൂടുതൽ നിരപ്പുള്ളതാക്കി തോടെ, ചരിവുമുണ്ടാക്കിയതായിരിക്കണം വരിഭാഗത്തിലെ തേവര കോളേജിന്റെ കായൽ നികത്തി ഉണ്ടാക്കിയ ഭാഗമൊഴിച്ചുള്ള പ്രദേശങ്ങൾ പണികഴിപ്പിച്ചത് 1963 ലാണ്. പണി 1965 ൽ തന്നെ പൂർത്തി

തായിരുന്നു. തിരുക്കൊച്ചി സംസ്ഥാനത്തിലെ പി എസ്. സെക്രട്ടറിയാ യിരുന്ന രാമവർമ്മ തമ്പുരാന്റെ കാർ വരു ന്നതിനു വേണ്ടിയാണ് തേവര ചാലം പണി ത്. കേളേജിനടുത്തു തന്നെയായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്.

തേവരക്കായലിനു സമീപം യാത്രാ ബോട്ടുകൾ അടുപ്പിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നതായി, അവി ടത്തെ പഴമക്കാർ പറയുന്നു. പഴകിദ്രവിച്ച കഴ്ണങ്ങളും ചലകകളും, ജെട്ടിപോലെ തോന്നിക്കുന്ന കടവുകളിൽ ഇന്നും അവ ശേഷിച്ചിട്ടുണ്ട്.

കേരളത്തിലെ ഏറ്റവും നീളംകൂ ടിയ പാലമായ കുണ്ടന്നൂർ പാലത്തിനും, ദക്ഷിണമേഖല നേവി ആസ്ഥാനം ഫോർട്ടു കൊച്ചി, മട്ടാഞ്ചേരി എന്നീ ഭാഗങ്ങളിലേക്ക് പോകുന്ന വെണ്ടുരുത്തി പാലത്തിനും മധ്യേയുള്ള കായൽഭാഗത്തിന്റെ കര യാണ് തേവര എന്നും വേണമെങ്കിൽ പറ യാം. ഇതിന്റെ ഒത്ത നടുക്കായാണ് തേവര സേക്രഡ് ഹാർട്ട് കോളജ് സ്ഥിതിചെയ്യു ന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഔദ്യോഗിക സംസ്ക്കാരം തേവര യിൽ പച്ചപിടിക്കാൻ കാരണമായത് ഇവി ടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യ ക്ഷമതയാണ്. സേക്രഡ് ഹാർട്ട് കോളജ് തേവരയുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്. സി. എം. ഐ. സഭ വനായിരുന്ന ഫാ. ഫ്രാൻസിസ് സാലസിന്റെ നേതൃത്വത്തി ലാണ് കോളജ് തുടങ്ങിയത്.

1944 ജൂൺ 16 ന് പ്രവർത്തനമാ രംഭിച്ച കോളജിന്റെ ആദ്യത്തെ മാനേജർ ഫാ. ഫ്രാൻസിസ് സാലസും പ്രഥമ പ്രിൻസി പ്പൽ ഫാ. പീറ്റർ തോമസും ആയിരുന്നു. തേവര എന്ന സ്ഥലത്തേക്ക് ഉന്നിത്രമാത്രം പ്രചാരം നേടിയതിൽ എസ്.എച്ച്. കോള ജിന്റെ പങ്ക് വളരെ വലുതാണ്.

തേവരയുടെ വിദ്യാഭ്യാസ പാര മ്പര്യം പത്തൊമ്പതാം നൂറ്റാണ്ടിലും ശക്ത മായിരുന്നു എന്നതിനു തെളിവാണ്, 1880 ൽ സ്ഥാപിതമായ സെന്റ് ആൽബീസ് പ്രൈമറി സ്കൂൾ. ഇന്നത് സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർന്നിരിക്കു കയാണ്.

1939 ലാണ് പെൺകുട്ടി കൾക്കായുള്ള സെന്റ് തോമസ് യു.പി. സ്കൂൾ ആരംഭിച്ചത്. മോൺ. ജോർജ് വല്യാറമ്പത്തിന്റെയും ഫാ. ഫിലിപ് കാനാ ട്ടിന്റെയും സഹകരണത്തോടെ, എറണാ കുളം അതിരൂപത സ്ഥലത്താണ് സ്കൂൾ കെട്ടിടമുയർത്തിയത്. 1964 ൽ ഇത് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു.

ആരാധനാലയങ്ങൾ

" വിഭിന്ന മതവും ജാതിയുമാകും

നമ്മുടെ മലയാളം...

വിശിഷ്ടമുറ്റൊരവാടത്രെ —"

നാല് വിവിധ മതവിശ്വാസികളെ ഒരുമിപ്പിക്കുന്ന, മത സഹിഷ്ണതയുടെ പര്യായ മാണ് തേവര പ്രദേശം. കൊച്ചിയിലെങ്ങും വിഭിന്ന മതവിശ്വാസികളെ കണ്ടെത്താനാ വുമെങ്കിലും, ഇത്രയും വൃത്യസ്തതയും ഒപ്പം ഒത്തൊരുമയും വേറെയെവിടെയെ ങ്കിലും കാണാനാവുമെന്നു തോന്നുന്നില്ല.

തീവരസമുദായംഗങ്ങൾക്ക് പ്രാർത്ഥനാസൗകര്യമൊരുക്കുന്നതിനു വേണ്ടിയാണ്, മട്ടക്കൽ സുന്ദർമ്മ സൂര്യോ ദയ വക കണ്ടനാർ കുളങ്ങര ക്ഷേത്രം സ്ഥാപിക്കപ്പെട്ടത്.

തേവര ആശ്രമദേവാലയത്തി ലാണ് കേരളത്തിലാദ്യമായി തിരുഹൃദയ ത്തോട് ആരംഭിച്ചത്. 1879-ൽ സ്ഥാപിതമായ ഈ കത്തോലിക്ക ദേവാലയമാണ്, തിരു ഹൃദയത്തിന്റെ നാമത്തിലുണ്ടായ ആദ്യ ദേവാലയം. തേവര ജുമാ മസ്ജിദ്, പള്ളി മുക്കു മുതൽ ദേശീയ പാതയിലെ അരൂർ വരെയുള്ള ഇസ്ലാം മതവിശ്വാസികൾക്കു വേണ്ടി 1980 ലാണ് പണികഴിക്കപ്പെട്ടത്.

സെന്റ് ജോസഫ് പള്ളി 1952 ൽ പണി കഴിഞ്ഞിച്ചു. 1961 ൽ അവിടെ ആരംഭിച്ച ഡി.യൂദാസ് തദേവൂസിന്റെ തിരുനാൾ (നൊവേന) ഇന്നുമൊരേപോലെതുടരുന്നു.

മട്ടക്കൽ ശ്രീ. സുബ്രഹ്മണ്യ ക്ഷേത്രം സ്ഥാപിച്ചത് ശ്രീ. അമ്പാൽ ടൈറ്റർ ആണ്. ശ്രീ. സുബ്രഹ്മണ്യ സ്വാമിയുടെ

ചിത്രം വച്ച് ആരാധിച്ചിരുന്ന ഒരു ജനതയ മായാണ് ഇതിന്റെ തുടക്കം.

ശിക്ക് ഗുരുദ്വാരയുടെ നിർമ്മാണം, 1950 നവംബർ 22ന് ശ്രീമതി രാജ് കർണി ദേവി തുടക്കം കുറിച്ചു. കേര ളത്തിലെ ഈ ഏക ഗുരുദ്വാര, ഉത്തരേന്ത്യ യിൽ നിന്നു വന്നവർക്കായി തുടങ്ങിയ താണ്. ഗുരുദ്വാര ശ്രീ ഗുരുസിംങ്ങ് സഭ ഇന്ന് നാനാ ജാതി-മതസ്ഥരെയും ഒരു പോലെ സ്വീകരിക്കുകയും അവർക്ക് വേണ്ടി പൊതുവായ ആരാധന നടത്തു

കയും ചെയ്യുന്നു. തായറാഴ്ചകളിലെ പൊതുഭക്ഷണമാണ് മറ്റൊരു പ്രത്യേകത.

പെരുമാനൂർ മൂർത്ത് പള്ളി സ്ഥാപിക്കപ്പെട്ടത്, പാലയ്ക്കാപ്പള്ളിഷാവിൽ താമസിച്ചിരുന്ന ചേറുവിനും ഭാര്യയ്ക്കുമുണ്ടായ മക്കളായാണ്. 1979 ഏപ്രിൽ ഒന്നിനാണ് പള്ളി പണി ആരംഭിച്ചത്. 1984 മുതൽ ദേവാലയ കർമ്മങ്ങൾക്കു തുടക്കമായി.

ഇന്നു തേവരയെന്നാൽ, പഴയയുടെ പൊലിമയിൽ സ്വയം മറന്നു നിൽക്കുന്ന ഒരു നാട്ടുപ്രദേശമല്ല. കൊച്ചിയുടെ ഹൃദയത്തിലേയ്ക്കിറങ്ങിയുന്ന, വിദ്യാഭ്യാസ-കായിക-സാംസ്കാരിക രംഗങ്ങളിലും സാമൂഹ്യ മാധ്യമരംഗങ്ങളിലും, വാണിജ്യ വ്യവസായ തലങ്ങളിലും, ആതുര സേവനത്തിലും ഒക്കെ പ്രതിഭ തെളിയിച്ച ഒട്ടനവധി വ്യക്തികൾ നിറഞ്ഞു ജീവിക്കുന്ന സന്നിധി. അതോടിനൊപ്പം തേവര കൊച്ചിയുടെ വികസന പാതയിലെ തേവര സ്ഥാനം പിടിച്ചു കഴിഞ്ഞു. വിനോദകേന്ദ്രങ്ങളായ ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി, തുറമുഖം, നേവി ആസ്ഥാനം, കപ്പൽ നിർമ്മാണ ശാല തുടങ്ങിയവയുടെയൊക്കെ മണമേറ്റുകിടക്കുന്ന തേവരയിലെ ജനങ്ങൾ കൃതാർത്ഥരാണ്.

തേവര തേവൽ ജെട്ടി, ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി, പള്ളുരുത്തി ഭാഗത്തിലേക്ക് യാത്രക്കുള്ള വെള്ളുരുത്തി പാലം.

How many faces are Mr. Mask hiding ?

Guess the age of the woman in the picture !

Prepared by

Jaison Jose
Alappuzha

Alex Pavianose Neeliswaran

Jeny Varghese Thevera

II. B.A. English
Copy Editors

The Benign Fountain of Divine Wisdom

(Benign= Gentle/to be permanent)

The Sacred Heart, keeping its dreams high, is recognized nationally by UGC as a centre with potential for excellence.

This academic year marked the 60th anniversary of the founding of the college. It was founded in 1944 as the first CMI centre for higher education.

Thevara is in the heart of Cochin city, midway between Travancore and Malabar, placing it in an enviable location. It is just on the foreshore, facing the great and flourishing harbour of Cochin. The longline of backwater frontage adds odes to the simple, clear, forceful design of the Thevara College buildings. The college, meant for synthesis of theory and practice, has the interest of the country's youth at heart.

The infrastructural development is at its peak. The central library is modernized. A modern conference hall, a well equipped computer lab, the refurnished college canteen etecetera provide priced facilities. We have twelve undergraduate and ten postgraduate programmes. Six of our departments organised lectures, seminars and orientation programmes during the course of the year. They were as endowments, memorials and UGC sponsored.

All the departments, clubs and other organizations tried to be at their best.

The department of Mathematics secured 100% pass for the seventh consecutive year.

Dr. Thomas Thundt, a former student of department of Physics, who has seventeen patents to his credit, visited our college. He is at present, group leader of Oak Ridge National Laboratory USA.

The department of Aquaculture and Fish processing came out first in the International Aquarium Show conducted by the state/central agencies at Cochin.

A rally was organized by the department of Sociology, as part of AIDS conscientization campaign.

There is a Chemistry gallery, which exhibits rare instruments, glassware, models and materials in the department. Our students came second in the eighth Prof. P.J. Joseph Memorial All Kerala Intercollegiate Science Quiz.

The manuscript magazine "HALLYON", prepared by the Zoology Association, won the first position in 'Zoofest' organized by the Zoology society of Kerala at Thiruvalla.

The parade team of NCC bagged the first position in the Republic Day Parade at Maharaja's Ground, for 7(k) National Unit NCC. Santhosh Sebastian attended UN AIDS camp held at New Delhi.

The National Service Scheme (NSS) had a ten day special camp at Thaikkattukara of Choornikkara Panchayat in December.

The zonal secretary of AICUF, Tessmol Vithayathil and Silpa, attended the National Women's convention at St. Xavier's College in Gujarat. The AICUF celebrated their Christmas with the members of the Old Age Home in Thevara.

It was the speakers Forum that conducted the Sargapadham-2004. Nineteen colleges participated in this eighth All Kerala Literary Festival.



One of the quiz teams of the Tourism club won the first position, in the district level tourism quiz. It was conducted by the District Tourism Promotion Council. The club visited Pullanedu tribal colony and supplied dress and rice to the poor tribals.

The vermin compost pot established by the Primrose Nature club gained praise from all quarters.

An eight member team of our college had the singular distinction of being part of the MGU contingent, in the South zone interuniversity Youth Festival at Vishakapatanam and won laurels for the University.

The Jesus Youth, Youth Red Cross Society, Women's cell, Dance Club and Theatre Club are also quite active. The college also has a carrier guidance centre and a college counselling centre. The college co-operative society helped seven students through the 'Vidhyarthi Kshemanidhi, which is constituted to help the poor students of this college.

The college's overall performance indicates its potential for excellence. The only place where each student enters atleast once a day is the renovated library. The rack arrangements, seating pattern and innovative cubicular tables, help to enhance the privacy and efficiency of the library user. When the windows allow the sweet breeze to come in from the backwaters, one is enthused.

The college spends its afternoons and evenings at the backwaters. Those thousands passing through the Venduruthy and Kaundannoor bridges wonder and envy the position of the college[1]. It is a study centre so harmoniously blended with nature.

The academic and non academic activities go very much hand in hand. We have more than a dozen of rank holders to glory about. The excellence it has proven, makes it the benign fountain of divine wisdom.

(Foot note)

1. The bridges are situated on either sides of the backwater frontage of College.

Prepared by :
Deepthi, Saritha, Shehnaz
II B.A. Copy Editors

Sajith Varma
III B.A. Copy Editor

(മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്)

അക്ഷരമുറ്റത്തു വീണ്ടും അംഗീകാരത്തിന്റെ തിളക്കം

കായൽക്കരയിലെ കാറ്റിന്റെ തലോടലറിഞ്ഞവരാണ് തേവര സേക്രഡ് ഹാർട്ട് കോളജിൽ പഠിച്ചവർ. പഴമയുടെ പ്രൗഢി നിറഞ്ഞ സുന്ദര കാഴ്ചകളെക്കുറിച്ച് അവരോടു പറയേണ്ട. നാഴികക്കല്ലുകളോരോന്നായി പിന്നിട്ട അക്ഷരസാമ്രാജ്യം അറുപത്തൊന്നാം വയസിലെത്തി നിൽക്കുമ്പോൾ മറ്റൊരംഗീകാരം തേടിയെത്തിയിരിക്കുകയാണ്. ഉന്നതനിലവാരമുള്ള കോളജുകൾക്കായി യു.ജി.സി. ഏർപ്പെടുത്തിയ പ്രത്യേക ഗ്രാന്റ് ലഭിക്കുന്ന എറണാകുളം ജില്ലയിലെ ഏകസ്ഥാപനമായി എസ്.എച്ച്. മാറി. വിദ്യാഭ്യാസത്തിനു പുറമെ എല്ലാ മണ്ഡലങ്ങളിലും കോളജ് കാഴ്ചവെച്ച മികവാണ് അംഗീകാരമായെത്തിയത്. ഭാവിയിൽ യു.ജി.സി. യുടെ പ്രത്യേക പരിഗണനയും കോളജിനു ലഭിക്കും.

ആകാശത്തേക്കു കൈകളുയർത്തി നിൽക്കുന്ന ക്രിസ്തുവിന്റെ രൂപവും കാലഘട്ടത്തിന്റെ സാക്ഷിയായ ഭൂതനാഥന്റെ ശിൽപവും പ്രൗഢമായ സൗന്ദര്യമാണു കോളജിനു നൽകുന്നത്. വിദ്യാഭ്യാസം പൂർത്തിയാക്കി മടങ്ങുന്ന കുട്ടികളുടെ മനസ്സിൽ നേട്ടങ്ങളെ വെട്ടിപ്പിടിക്കാനുള്ള ആർജവം പകരുന്നത് ഇത്തരം കാഴ്ചകളാണ്. ഇന്ത്യയിലെ 47 കോളജുകൾക്കു ലഭിച്ച ഗ്രാന്റ് എസ്.എച്ചിനു സ്വന്തമായതും, കോളജിന്റെ അപൂർവ്വതകളിലേക്കു വിരൽ ചൂണ്ടുന്നു. ഒരു കോടി രൂപയാണു ഗ്രാന്റ് തുക. ഫാ. ജോസഫ് പുണേലി പ്രിൻസിപ്പലായിരുന്നപ്പോഴാണ് ഗ്രാന്റിനായി അപേക്ഷിച്ചത്.

സി.എം.ഐ. സഭയുടെ ആദ്യത്തെ കോളജായി 1944ലാണ് തേവര എസ്.എച്ച്. പ്രവർത്തനം തുടങ്ങിയത്. ആരംഭത്തിൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നെങ്കിലും പിന്നീടതു കേരളസർവകലാശാലയുടെ കീഴിലായി. പിന്നീട്, എം.ജി. യൂണിവേഴ്സിറ്റി നിലവിൽ വന്നപ്പോൾ എസ്.എച്ചും അതിനു കീഴിലായി. 1975 വരെ ആൺകുട്ടികൾക്കു മാത്രമായിരുന്നു വിദ്യാഭ്യാസം നൽകിയിരുന്നത്. പെൺകുട്ടികൾക്കും വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത മാനിച്ച് പിന്നീടു നടത്തിയ പ്രവർത്തനങ്ങൾ, കോളജിന്റെ തിളക്കം വർധിപ്പിക്കുകയായിരുന്നു.

പന്ത്രണ്ട് ബിരുദകോഴ്സുകളും പത്തു പി.ജി. കോഴ്സുകളുമുള്ള കോളജിൽ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കോപ്പി എഡിറ്റിങ് എന്നിവയുൾപ്പെടെ അഞ്ചോളം തൊഴിലധിഷ്ഠിത കോഴ്സുകളും നടക്കുന്നു. വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനത്തിനായി പ്രവർത്തിക്കുന്ന സ്പീക്കേഴ്സ് ഫോറം, നേച്ചർ ക്ലബ്, എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയവയും കോളജിന്റെ അഭിമാനമാണ്. മികച്ച കോളജിനുള്ള ആർ. ശങ്കർ പുരസ്കാരം രണ്ടുതവണ നേടിയ കോളജിന് നാഷനൽ അസസ്മെന്റ് ആൻഡ് അക്രഡിഷൻ കൗൺസിലിന്റെ ഫൈവ് സ്റ്റാർ പദവിയും ലഭിച്ചിട്ടുണ്ട്. അധ്യയനത്തിലെന്നപോലെ കലാകായിക രംഗത്തും എസ്.എച്ചിലെ കുട്ടികൾ എന്നും മുന്നിലാണ്.

മുൻ പ്രിൻസിപ്പലായ ഫാ. ഫ്രാൻസിസ് സാലസിന്റെ ദീർഘവീക്ഷണമാണു കോളജിന്റെ നേട്ടങ്ങൾക്കും പിന്നിലെന്ന് പ്രിൻസിപ്പൽ ഫാ. എ.ജെ. സാവിയൻസ് പറഞ്ഞു. എന്നാൽ കോളജിന്റെ വളർച്ചയ്ക്കു സാവിയൻസച്ചൻ നടത്തിയ പ്രവർത്തനങ്ങളിൽ ആവേശഭരിതരാണ് വിദ്യാർത്ഥികൾ. വിദ്യാർത്ഥികൾക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുവാനും, ഇ-ലേണിങ്ങ് സംരംഭം ശക്തമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുവാനും അധ്യാപകരെ നിയോഗിക്കുമെന്ന് ഫാ. സാവിയൻസ് അറിയിച്ചു.

A Fine Sprinkling of Aesthetic Excess

The magazine-2005 has been made available to us. How it come about to be is a story of just seven months! That makes it the 'fastest' college magazine, ever. It was quite difficult, having no UNION to support. But Fr. Savians, Our Principal, the staff advisors, the college council and the magazine committee copiously marched with an undying spirit with us and wished that this progeny be the satisfaction of this campus. Let us proudly boast that this is the nonpareil creation with a fine sprinkling of aesthetic excess!

1. 1997 and 1999 - college won the R. Sankar Award instituted by the Govt. of Kerala for the best college in the State.
2. 1997, 2000 and 2003 - secured M.G. University overall Championship in Sports (Manorama Trophy)
3. 2000 - The college was accredited by NAAC with Five Star Status.
4. 2004 - UGC identified the college with **Potential for Excellence.**
5. 2004-2005 - The diamond Jubilee year of the college.

കൈപിടിച്ചുയർത്തിയവരെ മറക്കുന്നില്ലൊരിക്കലും

തിരുഹൃദയ കലാലയത്തിന്റെ ഉയർച്ചയ്ക്കായി ആത്മാർത്ഥ പ്രയത്നം ചെയ്ത് കടന്നു പോയ പുരോഹിതർ ഏറെയുണ്ട്. അവരിൽ ചിലരെ കുറിച്ച് പറഞ്ഞു വയ്ക്കട്ടെ.

ഫാ. എസ്.എച്ച്. ആന്റണി

ആയിരത്തിതൊള്ളായിരിത്തി അമ്പത്തിരണ്ടുമുതൽ അമ്പത്തിമൂന്നുവരെ കോളേജിനെ നയിച്ച അദ്ദേഹം ഇപ്പോൾ ചെത്തിപ്പുഴ സി.എം.ഐ ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്നു.

ഫാ. ജോർജ് കല്ലറയ്ക്കൽ

ആയിരത്തി തൊള്ളായിരത്തി എൺപത്തി അഞ്ചുമുതൽ എൺപത്തിഎട്ടുവരെയാണ് അദ്ദേഹം കോളേജിലെ പ്രിൻസിപ്പാൾ ആയിരുന്നത്. സോഷ്യോളജി വിഭാഗം തലൻ ഫാ. എബ്രഹാം കല്ലറയ്ക്കലിന്റെ ബന്ധു കൂടിയാണദ്ദേഹം.

ഫാ. സക്കറിയാസ് പായിക്കാട്ട്

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറുമുതൽ തൊണ്ണൂറ്റിഒന്നുവരെ എസ്.എച്ചിനെ നയിച്ചു. ലാളിത്യപരമായ പെരുമാറ്റം കൊണ്ട് വിദ്യാർത്ഥികളുടേയും സഹപ്രവർത്തകരുടേയും സ്നേഹം പിടിച്ചുപറ്റാനായത് അച്ചന്റെ സേവനങ്ങൾക്ക് മിഴിവേകി.

ഫാ. വർഗീസ് പാലമറ്റം

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റിഒന്നുമുതൽ തൊണ്ണൂറ്റിഅഞ്ചുവരെ ദീർഘവീക്ഷണത്തോടെ മുന്നേറിയ അച്ചന്റെ കാലത്താണ് കോളേജ് സുവർണ്ണജൂബിലി ആഘോഷിച്ചത്. അഖിലകേരളതലത്തിൽ ഇതിനോടകം ശ്രദ്ധപിടിച്ചുപറ്റിയ സർഗപഥം എന്ന സാഹിത്യപ്രസ്ഥാനത്തിന്റെ അണിയറശില്പിയാണദ്ദേഹം.

ഫാ. ജോസ് കുറിയേടത്ത്

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ചുമുതൽ തൊണ്ണൂറ്റി എട്ടുവരെയായിരുന്നു അദ്ദേഹത്തിന്റെ സേവനം. കോളേജ് യൂണിവേഴ്സിറ്റി കലോത്സവത്തിൽ രണ്ടാംസ്ഥാനം നേടിയത് ഈ കാലത്താണ്. കൃത്യനിഷ്ഠയും കാർക്കശ്യവും മുഖമുദ്രയാക്കിയിരുന്ന അദ്ദേഹം പാഠ്യേതരവിഷയങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും ഏറെ പ്രോത്സാഹനം നൽകിയിരുന്നു.

ഫാ. ജോൺ തേരേഴത്ത്

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റിഎട്ടുമുതൽ രണ്ടായിരം വരെ കോളേജിനെ വലിയ പാടവത്തോടെ നയിച്ച അച്ചൻ, രണ്ടാമതൊരിക്കൽകൂടി സംസ്ഥാനത്തെ മികച്ച കളേജിനുള്ള ആർ. ശങ്കർ അവാർഡ് നേടിയെടുത്തു. ആദർശത്തേക്കാൾ പ്രവർത്തനത്തിനു പ്രാധാന്യം നൽകിയിരുന്ന ഈ ഗണിതശാസ്ത്രാധ്യാപകന് കണക്കുകളിൽ കൃത്യതയും കൃത്യനിഷ്ഠയും നിഷ്ക്കർഷിച്ചിരുന്നു.

ഫാ. ജോർജ് കോയിക്കര

രണ്ടായിരം മുതൽ രണ്ടായിരത്തിരണ്ടുവരെയായിരുന്നു അച്ചൻ കോളേജിനെ നയിച്ചത്. ശുചിത്വം ദൈവികതയ്ക്കൊത്തതാണ് (cleanliness is next to Godliness) എന്ന തത്വം ക്യാമ്പസിലും ക്ലാസ്മുറികളിലും പ്രാവർത്തികമാക്കുന്നതിനുള്ള സംവിധാനം നിലവിൽ വരുത്തിയത് അദ്ദേഹമാണ്. Five Star പദവിയോടുകൂടിയ NAAC അംഗീകാരം കോളേജിനെ തേടിയെത്തിയതും ഈ കാലയളവിലാണ്.

ഫാ. ജോസഫ് പൂണേലി

രണ്ടായിരത്തിരണ്ടുമുതൽ രണ്ടായിരത്തിനാലുവരെ തന്റെ ലളിതജീവിതം കൊണ്ട് ക്യാമ്പസിന്റെ ശ്രദ്ധ പിടിച്ചുപറ്റി ഐക്കഫിന്റെ ജീവനായിരുന്ന അദ്ദേഹം വിദ്യാർത്ഥികളുടെ മൂല്യബോധത്തിലും, ആദ്ധ്യാത്മികതയിലും മറ്റാരെക്കാളും ശ്രദ്ധാലുവായിരുന്നു. ഇപ്പോൾ അദ്ദേഹം ആലുവ സെന്റ് ആന്റണീസ് മോണസ്ട്രിയിൽ സേവനമനുഷ്ഠിക്കുന്നു.

നിന്റെ സാരഥി

ഫാ. എ.ജെ. സാവിയാൻസ്

രണ്ടായിരത്തിനാല് ജൂൺമാസം മുതൽ സേക്രഡ് ഹാർട്ടിന്റെ സ്പന്ദനങ്ങൾക്ക് ഈണമേകുകയും പ്രഭാവത്തിന് ചാരുത കൂട്ടുകയും ചെയ്തുകൊണ്ടിരിക്കുകയാണ് അദ്ദേഹം. വിദ്യാർത്ഥികളോടും സഹപ്രവർത്തകരോടും അടുത്തിടപഴകിയിരുന്ന അദ്ദേഹം പ്രിൻസിപ്പാളിന്റെ തിരക്കുകൾ കയ്യിൽ വന്നെത്തിയിട്ടും മുഖത്തെ പുഞ്ചിരി എല്ലാവർക്കും സമ്മാനിക്കാൻ മറന്നിട്ടില്ല. കോളേജ് ലൈബ്രറി, കാന്റീൻ, ക്യാമ്പസ് ഇവയൊക്കെ ആധുനീകരിക്കുന്നതിൽ അദ്ദേഹം വിജയം കണ്ടെത്തിക്കഴിഞ്ഞു. യൗവനസഹജമായ കർമകുശലതയും സർവാദിഗമ്യമായ പ്രസാദഭാവവും കൈമുതലായുള്ള ഒരു വ്യക്തി. ആയ ഒരു വ്യക്തി എന്ന നിലയിൽ കോളേജിന്റെ അറുപതാം ജൂബിലി വർഷത്തിൽ അതിന്റെ സാരഥിയായിരിക്കെ, ഒരു വിദ്യാർത്ഥി സുഹൃത്തുകൂടിയാണ്. ഈ കാലത്തുതന്നെയാണ് രാഷ്ട്രീയം ക്യാമ്പസിൽ പാടെ നിരോധിച്ചത്. പുത്തനുണർവുകൾ ഈ കാലയളവിൽ ഉണ്ടാകട്ടെ എന്നാശംസിക്കുന്നു.

തയ്യാറാക്കിയത്:

ജെയ്സൺ ജോസ്



Blessed Chavara Kuriakose Elias
Founder C.M.I.

റവ. ഫാ. ചെറിയാൻ തി.എം.

തിരുവനന്തപുരം 2005-ൽ ഷഷ്ടിപൂർത്തിയുടെ ദീപ്തദിനങ്ങളോട് വിട പറയുകയാണ്. സി.എം.ഐ. സഭയുടെ ക്രാന്തദർശികളായ സ്ഥാപകപിതാക്കൾ വിഭാവനം ചെയ്ത ഒരു കലാലയപദ്ധതിക്ക്, കർമ്മയോഗികളായ സാരഥിസച്ചന്റേയും ചെയർമാൻസച്ചന്റേയും അശ്രാന്തപരിശ്രമം, 1944ൽ അങ്കുരിതാവഹമായ വേഗതയിൽ സാക്ഷാത്കാരം കണ്ടെത്തുകയായിരുന്നു. യു.ജി.സി. യുടെ പരമോന്നത ബഹുമതിയായ *College With Potential For Excellence (NAAC Acreditation)* ഷഷ്ട്യബ്ദസമ്മാനമായി നാം ഏകാ അഭിമാനത്തോടെ ഏറ്റുവാങ്ങി. വൈവിധ്യമാർന്ന പാഠ്യപദ്ധതികളുടെ പുരോഗതിക്കനുസൃതമായി, ആധുനികസങ്കേതങ്ങളും നമ്മുടെ കലാലയത്തിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഈ ചരിത്രമുഹൂർത്തത്തിന്റെ ധന്യതയിൽ പങ്കുചേരുന്ന, കലാലയകുടുംബത്തിലെ ഓരോരുത്തരെയും അഭിവാദ്യം ചെയ്യാൻ ഈ അവസരം ഉപയോഗിക്കട്ടെ. തിരുഹൃദയ ചൈതന്യത്തിന്റെ വരപ്രസാദത്തിനായി പ്രാർത്ഥിച്ചുകൊണ്ട്,

പ്രിൻസിപ്പൽ
ഫാ. എ.ജെ. സാവിയാൻസ്

Doyil Joy
II BSc Chemistry

Jesline P. Joseph
Mamangalam
II B.A. Sociology



Alwin Jose
Kannur
I MSc Chemistry

Sports

Anaz H.
Mr. M.G. University
I B.A. Economics

M.G. University
Yoga Winners

M.G. University Table Tennis
Winners

M.G. University Shuttle
Badminton Winners

Volly Ball Winners : All Kerala Volly Ball Tournment
at Vykkom & Perumbalam.
Fr. Bertholomew T., Christ Colloge V.B.T.,
Bishop Tharayil V.B.T., Nirmala Colllege V.B.T.,

Judo Winners : M.G. University Championship
Ernakulam District Overall Championship

Rank Holders

1st Rank
Preeti Sreenivas
M.A. English

1st Rank
Deepa J.
MSc Chemistry (Applied)

1st Rank
Parvathy M.R.
MSc Physics

1st Rank
Anila N.
MSc Botany

1st Rank
Mimilia P.J.
MSc Zoology

1st Rank
Kundan Singh
Industrial Chemistry

2nd Rank
Rahul B. Nair
Industrial Chemistry

2nd Rank
Reena Vijayaraghavan
M.Sc Chemistry (Applied)

2nd Rank
Mary Hamitha Joseph
M.Sc Zoology

2nd Rank
Raji P.S.
B.Com

2nd Rank
Lane Elizabeth Jacob.
M.Sc Chemistry (Applied)

3rd Rank
Girish V.M.
M.Sc Botany

2nd Rank
Srilakshmi B.
M.Sc Zoology

2nd Rank
Remya M.
Industrial Chemistry

3rd Rank
Sonia M.H.
B.A. Economics

3rd Rank
Sindhu Issac
M.Sc Chemistry (Pure)

3rd Rank
Reshmy R.Nath
M.Sc Chemistry (Applied)

3rd Rank
Divya Soman
M.Com

Phd
Manju Varghese
M.Sc Zoology

1st Rank
Geetha Devi T.
2nd B.Sc Botany
Hindi Pre-Test

1st Rank
Anshu Kumari
1st B.Com
Hindi Pre-Test

2nd Rank
Anjana Shetty
1st B.Com
Hindi - Pre Test

Best Sahitya Sevi Award
Dr. K.K. Paulose
Dept of Hindi

Best Publisher Award
Prof. M.P. Sebastian
Dept. of Mathematics

Editor

Sub editor
Joseph Varghese
II B.A. Copy Editor

Sub editor
Jerson Jose
II B.A. Copy Editor

Sub editor
Prasanth K.P.
II B.A. Sociology

Ebby Thomas
II B.A. Copy Editor

Alex Pavanose
II B.A. Copy Editor

Ajeshan K
I B.Sc. Int. Chemistry

Krishna Kumar
I B.Sc. Physics

Sudhish Xavier
I B.A. Sociology

Chandini Jayaprakash
II B.A. Copy Editor

Riya Baby
I B.Sc Maths

Jyothi Ajithkumar
II B.A. Copy Editor

Namitha S.
II B.A. Copy Editor

Clara Neethu
I B.A. Economics

Sandra
II B.A. Copy Editor

Divya V. Pai
I B.Sc. Comp. App.

Chitra Mukundan
I B.Sc. Chemistry

Jaseela K.M.
II B.A. Copy Editor

Aswathy A.N.
II B.Sc.

Soumya N.
II B.A. Copy Editor

Prof. T.T. Joseph
Dept. of English

Prof. K.G. Narayanan
Dept. of Malayalam

Dr. K.K. Paulose
Dept. of Hindi

Staff Advisors

Jeshna P. Joseph
II B.A. Sociology

Sagar Prakash
I B.A. Copy Editor

Vivin Raphel
I B.A. Economics

Prasanth K.P.
II B.A. Sociology

Jinto Thomas
II B.A. Copy Editor

Sketches

Welcome to the new Principal
Fr. A.J. Saviance

Diamond Jubilee Inauguration of the college

The stage backdrop designed by
Prasanth K.P.

Set sail on the Kerala Coast

With ABAD

ABAD GROUP OF HOTELS

HOTEL ABAD, FORT COCHIN • HOTEL ABAD PLAZA, COCHIN
ABAD ATRIUM, COCHIN • ABAD METRO, COCHIN
ABAD AIRPORT HOTEL, NEDUMBASSERY • ABAD COPPER CASTLE, MUNNAR
ABAD PALMSHORE, KOVALOM • WHISPERING PALMS, KUMARAKOM

HOTEL ABAD PLAZA

M. G. Road, Cochin 682 035, Kerala, India Phone: 0484-2381122 Fax: 0484-2364383
E-mail: abad@vsnl.com Website: www.abadhotels.com

CHANGE THE WAY YOU LOOK AT THINGS

- Digital Wedding Photography
- Marriage Portfolio
- Musical Video CD
- Index Photos, CD Format
- Designer Speciality Albums
- Theme Albums
- Low Light Digital Photography
- CD DVD Conversion
- Superior Quality Photo Prints
- Life size Prints
- Framing & Lamination
- PVC ID Cards

aruns

STUDIO + COLOR LAB

M.G.ROAD, COCHIN-16, PH:3012277, 9447188348
S.A.ROAD, COCHIN-16, PH:3018566,9447188354
Near V MART, VYTTILA, PH: 3949081, 9447703019
E-mail: arunsfoto@eth.net
www.arunsonline.com

SACRED HEART COLLEGE COMPUTER CENTRE

THEVARA , KOCHI – 682013, PHONE : 2663991,2664935

FOR OUTSIDE CANDIDATES
'O'LEVEL (DOEACC) (1 YEAR)
PGDCA / DCA (2 SEMESTER)

FOR COLLEGE STUDENTS
LEVEL I (6 MONTHS –SEMESTER I)
LEVEL II (6 MONTHS –SEMESTER II)
LEVEL III (6 MONTHS –SEMESTER III)

SHORT TERM PACKAGES
* Ms - Office
* Office Automation
* Oracle, Developer 2000
* Visual Basic / Power Builder
* C,C++,VC++
* Java Programming
* E-Commerce
* Admission to all courses open to both outside candidates and students

Start learning computer from degree 1st year onwards. Become a computer professional before you leave SH college.

With best compliments from :

Diet

S.H. College Canteen

for Veg. & Non veg., Chinese
Cool Drinks & Ice Cream

Ph : 2664360

We serve on

Emergency Medical Assistance

Torture Prevention Cell

Social Welfare Service

Art & Cultural Promotion

Helpline

0484 5573737

KERALA AUXILIARY FORCE

Reg No: ER - 407 / 04

Human Rights Protection Organisation

Registered Office

Flat No. 20, Star Homes

Cheruparambath Road

Kochi - 682 020, Kerala.

Email: kerala_auxiliary@yahoo.com



With best compliments from :

imc International Marketing Co.

innovative technology

39/6833, 1st Floor, Ravipuram Junction, Ernakulam, Cochin - 682 016

Phone : 2372656, 2355638, 2383749, 2383750, 3018068, 3018069

E-mail : imc@asianetonline.net

Dealers in Computers, Peripherals, Network Solutions

K.K. Gafoor

Mob:9895334100
9847241024

SILMI MOBILE
THEVARA JN, NEAR PETROL PUMP
KOCHI - 15

BSNL Idea BPL RIM Airtel TATA indicom

Sales Service & Accessories

music world

M.K.V. Buildings, 40/8950, M.G. Road,
Ernakulam , Cochin - 682 035
Phone : 2355632, 2382499
E-mail : musicworldcok@eth.net

Available :
CDs, Music Cassettes, VCDs DVDs CD ROMs Accessories, MP3 Players.

GREENLAND TRAVELS

Near S.H. College
Opp. WaterTank

N4U Campus

Chackola Jn.
Perumanoor

Fastest Internet
Project Works / Data Collection
Laser Print outs, Spiral Binding etc.

A tradition of excellence in eyecare & optics since 1949

Vithayathil Opticals
SINCE 1949

Computerised Eye Clinic & Contact Lens Centre

- Cannon Shed Road, Ernakulam, Cochin - 11.
  PH : 0484-2369 081, 2355 393
- Jos Jn., M.G. Road, Ernakulam, Cochin -16.
  PH : 0484-2376 941, 2376 912

www.vithayathil.com eyeva.vithayathil.com

ESSILOR
VARILUX

Cooperative Society

S.H. College, Thevera

+ **We undertake Spiral Binding, Project Work etc.**
+ **College Stationery**
+ **Snacks & Cool Drinks**

DECLARATION

Statement of Ownership & Particulars of Publication

SACRED HEART COLLEGE MAGAZINE

Form IV

(SEE RULE-8)

1. **Place of Publication**	:	Thevara
2. **Periodicity of Publication**	:	Annual
3. **Printer's Name**	:	Rev. Fr. A.J. Saviance CMI
Nationality	:	Indian
Address	:	Principal, S.H. College, Thevara
4. **Publisher's Name**	:	Rev. Fr. A.J. Saviance CMI
Nationality	:	Indian
Address	:	Principal, S.H. College, Thevara
5. **Editor's Name**	:	Jinto Thomas Vadakkemundaniyil
Nationality	:	Indian
Address	:	Editor, S.H. College, Thevara

I, Fr. A.J. Saviance CMI hereby declare that the particulars given above are true to the best of my knowledge and belief.

പര്യവസാനം

വിമർശനകുരമ്പുകൾ ക്ഷതമേല്പിക്കുന്നില്ല. അവ ആവേശമേകുന്നതേയുള്ളൂ.
പ്രതിഷേധത്തിന്റെ മാറ്റൊലി തന്മയത്വം കൊണ്ടല്ലേ നേരിടാനാവൂ.
അനുനയസ്വരം സമാധാനത്തിന്റെ വഴി തുറക്കാതിരിക്കില്ല.
സഹായിച്ചവർക്കും സ്നേഹിച്ചവർക്കും നന്ദിയിൽ ചാലിച്ചെടുത്ത സ്നേഹത്തിന്റെ നറുമലരുകൾ.

ജാനീ മാഗസിനെ അറിഞ്ഞുവായിച്ചപ്പോൾ, അനർഘനിർഗളങ്ങളായ സംഗീതധാര, അഭൗമികമായ താളലയങ്ങളോടെ കർണ്ണപുടങ്ങളെ പുളകമണിയിച്ചുകൊണ്ടിരുന്നു. ആരുമെഴുതാത്ത പാട്ടിൻവരികൾപോലെ, ആരും വർണ്ണിക്കാത്ത വർണ്ണാഭസൗന്ദര്യം പോലെ, എങ്കിലും മനസ്സിതുവരെ കേൾക്കാൻ കൊതിച്ചിരുന്ന, കാണാൻ കാത്തിരുന്ന, അനുഭവിക്കാൻ ആറ്റുനോറ്റിരുന്ന അനശ്വരതയുടെ സ്വരലയം. അതെന്നെ ശരീരത്തിൽനിന്ന് രക്ഷിച്ച് നിത്യഹരിതപുഷ്പവർണ്ണപ്രപഞ്ചസത്യം തഴച്ചുവളരുന്ന പുഴത്തീരത്തേക്കാനയിച്ചു. നമുക്കിടയിലെ ആ പുഴയിൽ എന്നെയത് ഇറക്കിനിർത്തിയിട്ട് മന്ത്രിച്ചു: "വേഗമാകട്ടെ, miles to go before you really know." തിരിച്ചറിവ്!

"ഇത്രയും പഠിച്ചെന്ന അഹങ്കാരം അറിവിനുണ്ടായിരിക്കാം. പക്ഷേ ഇത്രമാത്രമേ അറിയാൻ കഴിഞ്ഞുള്ളല്ലോ എന്ന വിനയമാണ് വിവേകത്തിന്."

(വില്ല്യം കൂപ്പർ)

ദി എഡിറ്റ്

"ഓടുന്നതിക്കായലെന്റെ രക്തത്തിലി-
ക്കാറ്റുമെന്നെ ഭ്രമിപ്പിക്കുന്നു സദാ.
വാടുന്നതെൻ മനം ഓർമ്മ വരുമ്പോൾ,
പിരിയണം നിന്നെ ഞാൻ എൻ പ്രിയ ക്യാമ്പസേ!
ആടിത്തിമർത്തു ഞാൻ മുറ്റമേ കോൾമയിർ
കൊള്ളുന്നു, കൂട്ടുകാരെത്ര വരദാനം.
അക്ഷരമുറ്റത്തെ ഗുരുജനങ്ങളേ
വന്ദനം വന്ദനം വന്ദനം നിത്യവും."

എഡിറ്റർ

Your Dream Home in the Heart of Kochi

SOORYA ENCLAVE

THREE BEDROOM LUXURY APARTMENTS

KADAVANTHARA

Only few more apartments available

Aakash Heights

TWO BEDROOM LUXURY APARTMENTS

GANDHI NAGAR ■ KADAVANTHARA

For more details contact :

BLUE DOT
Constructions (P) Ltd.

A1, GCDA Quarters, Opp. Central School,
Gandhi Nagar, Cochin - 682 020
Ph : 98471 06707, 98460 59774,
0484 - 2207515, 2372310, 2367327
E-mail : bluedotltd@satyam.net.in

A Joint Venture Project with GCDA



Just fiction

BOOK STORE

www.justfiction.net

Diamond Towers
Opposite St. Thomas Girls H.S.
Perumanur, Cochin - 682 015
Ph : 2665974

Carefully Chosen
Selection of good books
-fiction and nonfiction.
Good books for children.

He who adds not to his
learning diminishes it

- Talmud